# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

**2017 ആഗസ്റ്റ് 18, വെള്ളി**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168- നമ്പർ 8

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 18, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

387/20

# മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി : ശ്രീ. പിണറായി വിജയൻ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക
സമുദായക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പുമന്ത്രി : ശ്രീ. എ. കെ. ബാലൻ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി : ശ്രീ. ഇ. ചന്ദ്രശേഖരൻ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി : ഡോ. കെ. ടി. ജലീൽ

വൈദ്യുതി വകുപ്പുമന്ത്രി : ശ്രീ. എം. എം. മണി

ജലവിഭവ വകുപ്പുമന്ത്രി : ശ്രീ. മാത്യു ടി. തോമസ്

മത്സ്യബന്ധനവും ഹാർബർ
എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

വ്യവസായവും സ്പോർട്സും യുവജനകാര്യവും
വകുപ്പുമന്ത്രി : ശ്രീ. എ. സി. മൊയ്തീൻ

വനവും മൃഗസംരക്ഷണവും മൃഗശാലകളും
വകുപ്പുമന്ത്രി : ശ്രീ. കെ. രാജു

തുറമുഖവും മ്യൂസിയവും പുരാവസ്തു
സംരക്ഷണവും വകുപ്പുമന്ത്രി : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി : ശ്രീ. റ്റി. പി. രാമകൃഷ്ണൻ

വിദ്യാഭ്യാസ വകുപ്പുമന്ത്രി : പ്രൊഫ. സി. രവീന്ദ്രനാഥ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി : ശ്രീ. ജി. സുധാകരൻ

കൃഷി വകുപ്പുമന്ത്രി : ശ്രീ. വി. എസ്. സുനിൽ കുമാർ

സഹകരണവും വിനോദസഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി : ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി : ശ്രീ. പി. തിലോത്തമൻ

ഗതാഗത വകുപ്പുമന്ത്രി : ശ്രീ. തോമസ് ചാണ്ടി

ധനകാര്യവും കയറും വകുപ്പുമന്ത്രി : ഡോ. ടി. എം. തോമസ് ഐസക്

# ഉള്ളടക്കം

പേജ്

## I ചോദ്യോത്തരങ്ങൾ


1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....31

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....31

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....66


## II ശ്രദ്ധക്ഷണിക്കൽ


1. പ്രധാന റോഡുകൾ ഏറ്റെടുക്കൽ

– ശ്രീ. ടി. എ. അഹമ്മദ് കബീർ ...404


## III സബ്മിഷൻ


1. കുടിവെള്ള ക്ഷാമം

– ശ്രീ. എം. സ്വരാജ് ....407

2. റോഡ് പുനർനിർമ്മാണവും ടോൾ പിരിവ് നിർത്തലാക്കലും

– ശ്രീ. മുഹമ്മദ് മുഹസിൻ. പി. ....412

3. റെയിൽ പാത

– ശ്രീ. ഐ. സി. ബാലകൃഷ്ണൻ ....413

4. റെയിൽവേ മേൽപ്പാലം

– ശ്രീ. കെ. ജെ. മാക്സി ....415

5. എക്സൈസ് റേഞ്ച് ഓഫീസ്

– ശ്രീ. ഡി. കെ. മുരളി ....417

6. സർക്കാർ കോളേജ്

– ശ്രീ. ആന്റണി ജോൺ ....418

7. സ്പെഷ്യൽ സ്കൂൾ

– ശ്രീ. വി. ടി. ബൽറാം ....419

8. അരുവിക്കരയിൽ സർക്കാർ കോളേജ്

– ശ്രീ. കെ. എസ്. ശബരീനാഥൻ ....422

## IV റിപ്പോർട്ട് സമർപ്പണം

(1) 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് ....424

(2) 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മറ്റി V-ന്റെ റിപ്പോർട്ടും കമ്മിറ്റിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ....423

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് ... 424

(2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) ഐ. ടി. മേഖലയിലെ പ്രതിസന്ധി

– ശ്രീ. കെ. എസ്. ശബരീനാഥൻ ....425

(2) റെയിൽവേയുടെ സ്വകാര്യവൽക്കരണം

– ശ്രീ. മുരളി പെരുനെല്ലി ....437

(3) ദളിത് പീഡനം

– ശ്രീ. അൻവർ സാദത്ത് ....448

## VI ക്രമപ്രശ്നം

ഭേദഗതികൾ നിരാകരിക്കണമെന്നത് സംബന്ധിച്ച്

– ശ്രീ. വി. ഡി. സതീശൻ ...452

**റൂളിംഗ്**

– മി. സ്പീക്കർ ...453

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം (തുടർച്ച)

(4) ജൈവ സമ്പത്ത് സംരക്ഷിക്കൽ

– ശ്രീമതി ഇ. എസ്. ബിജിമോൾ ...464

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 18, വെള്ളി*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2017 ആഗസ്റ്റ് മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *241

### നവീന സാങ്കേതിക വിദ്യകളും നിർമ്മാണരീതിയും

1 (*241) ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. എം. നൗഷാദ്:

ശ്രീ. എസ്. രാജേന്ദ്രൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നവീന സാങ്കേതികവിദ്യകളും നിർമ്മാണരീതിയും എന്തെല്ലാമാണ്;

(ബി) വകുപ്പിലെ അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) തകർന്നുകിടക്കുന്ന റോഡുകൾ സത്വരമായി നവീകരിച്ച് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പാട്ടത്തിന് നൽകുകയും പിന്നീട് അന്യാധീനപ്പെടുകയും ചെയ്ത കുറ്റാലം, മൂന്നാർ, ആലുവ എന്നിവിടങ്ങളിലെ റസ്റ്റ് ഹൗസുകൾ തിരികെ പിടിക്കാനുള്ള ശ്രമം ഫലം കണ്ടിട്ടുണ്ടോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ,

(എ) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഓൺലൈൻ സമ്പ്രദായമായ PRICE (Project Information and Cost Estimate)-ഉം ഇ-ടെണ്ടറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. ഇ-പേയ്മെന്റും ഇ-ഫയലിംഗും നടപ്പിലാക്കാൻ പോവുകയാണ്. Ministry of Road Transport and Highways (MoRTH) Specification പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയത് കൂടുതൽ പ്രയോജനം ചെയ്തിട്ടുണ്ട്. പരിസ്ഥിതി വിഭാഗം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ റോഡുകളിലും പാലങ്ങളിലും NRMB (Natural Rubberised Modified Bitumen) ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വേസ്റ്റ് പ്ലാസ്റ്റിക്കിനെ ഷ്രെഡഡ് പ്ലാസ്റ്റിക്കാക്കി ഉപയോഗിക്കുന്നുണ്ട്. ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ റോഡിന്റെ അടിസ്ഥാന ആവശ്യമായ കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റ് പരിസ്ഥിതി സൗഹൃദമാക്കുന്നതിനുവേണ്ടി കേന്ദ്ര ഭരണ പ്രദേശങ്ങളിലുള്ള റോഡുകളിൽ 10 കി.മീ. പരീക്ഷണാടിസ്ഥാനത്തിൽ വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ട്. കേരളത്തിൽ നേരത്തെ തന്നെ ഇത് ആരംഭിച്ചുകഴിഞ്ഞു. അത് ഹൈവേയിലും പരീക്ഷിക്കുന്നതായിരിക്കും. ഈ ഗവൺമെന്റ് നടപ്പിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഒരു നടപടി, അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയ പാതയുടെ ഉപരിതലം പൊളിച്ച് നിർമ്മിക്കുക എന്നതാണ്. ഇന്ത്യയിൽ രണ്ട് സ്ഥലങ്ങളിൽ മാത്രമേ ഇപ്രകാരം ചെയ്തിട്ടുള്ളൂ. അതൊന്നും ദേശീയപാതയിലല്ല. കേരളത്തിൽ ഇത് ആദ്യമായിട്ടാണ്. പാതിരാപ്പള്ളി മുതൽ പുറക്കാട് വരെയുള്ള 21 കി. മീ. റോഡ് പെട്ടെന്ന് തകരുന്നതായിരുന്നു. അവിടെ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് പ്രോഗ്രാം ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മഴയായതു കൊണ്ട് അത് തല്ക്കാലം നിർത്തിവച്ചു. നിലവിലുള്ള റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുന്നതോടൊപ്പം മെറ്റീരിയൽസ് പാകപ്പെടുത്തി അവിടെ നിക്ഷേപിച്ച് റോഡ് നിർമ്മിക്കുന്ന വളരെ വിജയകരമായ ഒരു

പദ്ധതിയാണിത്. ധാരാളം ജനങ്ങളെ ആകർഷിച്ചതാണ്. ശബ്ദമില്ല, പുകയില്ല, ലോറികളിൽ സാധനം എത്തിക്കേണ്ട, അങ്ങനെയുള്ള സാങ്കേതികവിദ്യയാണ്. ബിറ്റുമിനും സിമന്റും ഒക്കെ തരാതരം ചേർത്ത് ഉപരിതലം നിർമ്മിക്കുകയാണ് ചെയ്യുന്നത്. ജർമ്മൻ മെഷീനാണ് ഇതിന് ഉപയോഗിക്കുന്നത്. കോൺട്രാക്ടർ 10 കോടി രൂപ വിലയുള്ള ജർമ്മൻ മെഷീൻ ഇറക്കുമതി ചെയ്താണ് ഈ പണി ചെയ്തുകൊണ്ടിരിക്കുന്നത്. കൂടാതെ പഴയ രൂപത്തിലുള്ള ആർ.സി.സി. റീടെയിനിംഗ് വാൾ തുടങ്ങിയവയ്ക്ക് പകരം ജിയോ ടെക്സ്റ്റൈൽസ്, ആർ. ഇ. പാനൽസ് എന്നിവ ഉപയോഗിച്ചുവരുന്നു.

(ബി) ക്വാളിറ്റി ഓഡിറ്റിംഗ് നിലവിൽ കൊണ്ടുവന്നിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം ഉറപ്പാക്കിവരുന്നു. വളരെ മോശമായ തരത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. അത് മെച്ചപ്പെടുത്തിവരുകയാണ്. പി.ഡബ്ല്യു.ഡി. വിജിലൻസിനെ പുനഃസംഘടിപ്പിക്കുകയും കാര്യക്ഷമമായി പ്രവർത്തിച്ചുവരികയുമാണ്. ആദ്യമായിട്ടാണ് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയത്. അത് വ്യാപകമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്ത്യയിൽ ആദ്യമായി ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു മെയിന്റനൻസ് വിംഗ് ക്യാബിനറ്റ് അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു എ.ഇ. (അസിസ്റ്റന്റ് എഞ്ചിനീയർ) എന്ന കണക്കിന് 140 എ.ഇ.-മാരെ ഇതിനുവേണ്ടി നിയമിക്കുന്നുണ്ട്. റോഡുകൾ പണിയുമ്പോൾ ത്തന്നെ പ്രത്യേകം പരിശോധിക്കാനും അവ പണിഞ്ഞുകഴിഞ്ഞാൽ അതിന്റെ ഉറപ്പ് നിലനിൽക്കുമെന്ന് ഉറപ്പുവരുത്താനുമുള്ള മെയിന്റനൻസ് വിംഗ് അവരുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. Two-tier Quality Control System നിലവിൽ വന്നിട്ടുണ്ട്. എല്ലാ എഞ്ചിനീയർമാരും സൂപ്പർവൈസർമാരും കഴിഞ്ഞ ഒരു വർഷക്കാലത്തെ അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചോ എന്ന് പരിശോധിക്കാനുള്ള ആഭ്യന്തര പരിശോധനയും റിപ്പോർട്ടും ഉണ്ടായിരിക്കുന്നതാണ്. പി.ഡബ്ല്യു.ഡി.-യുടെ ഡിസൈൻ വിഭാഗത്തെ ശക്തിപ്പെടുത്താൻ എറണാകുളത്തും കോഴിക്കോട്ടും ഓരോ മേഖലാ ഓഫീസുകൾ ആരംഭിക്കുവാൻ ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. അത് ഉടൻതന്നെ നടപ്പിൽവരുന്നതാണ്. അതുപോലെ സി.ടി.ഇ. (ചീഫ് ടെക്നിക്കൽ എക്സാമിനർ) യുടെ പ്രവർത്തനവും ശക്തിപ്പെടുത്തുന്നതാണ്.

(സി) തകർന്നുകിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനു വേണ്ടി 286 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ അംസബ്ലി മണ്ഡലത്തിലെയും റോഡുകളുടെ ദൈർഘ്യംകൂടി കണക്കിലെടുത്താണ് തുക അനുവദിച്ചിട്ടുള്ളത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിൽ എല്ലായിടത്തും അറ്റകുറ്റപ്പണി നടത്താനുള്ള പണം അനുവദിച്ചിട്ടുണ്ട്.

(ഡി) കുറ്റാലം റസ്റ്റ്ഹൗസ് പാട്ടത്തിന് നൽകിയിട്ടില്ല. അതിന്റെ നടത്തിപ്പിൽ ധാരാളം അപാകതകളുണ്ട്. കുറ്റാലം തമിഴ്നാട്ടിലാണെന്നുള്ളത് പറയേണ്ട കാര്യമില്ല. അതിന്റെ നടത്തിപ്പ് മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലതന്നെ മൂന്നാർ, ആലുവ റസ്റ്റ് ഹൗസുകൾ മുമ്പ് വാടകയ്ക്ക് കൊടുത്തതാണ്. വാടകയ്ക്ക് കൊടുത്ത വൈക്കം ഗസ്റ്റ് ഹൗസൊക്കെ തിരിച്ച് കിട്ടിയിട്ടുണ്ട്. അവിടെ ചില പ്രശ്നങ്ങളൊക്കെയുണ്ട്. അതിന്മേൽ കോടതിയിൽ കേസ്സുണ്ട്. കേസ് നിയമാനുസൃതം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. പിണറായി ഗവൺമെന്റ് വന്നതിനു ശേഷം അടിസ്ഥാന സൗകര്യ വികസനത്തിലും പൊതുമരാമത്ത് റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും പ്രവർത്തനത്തിലും മൊത്തത്തിൽ മാറ്റം വന്നിട്ടുണ്ട്. "പുതിയ കാലം, പുതിയ നിർമ്മാണം" എന്ന മുദ്രാവാക്യമാണ് മുന്നോട്ടുവച്ചിട്ടുള്ളത്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ഒരുകാലത്ത് പൊതുമരാമത്ത് വകുപ്പ് കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും മുഖമുദ്രയായിരുന്നു. അഴിമതിക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് പുതിയ നിർമ്മാണ സംസ്കാരം കേരളത്തിൽ കൊണ്ടുവന്നതിന് പൊതുമരാമത്ത് വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും പ്രത്യേകം അഭിനന്ദിക്കുകയാണ്. ശബരിമല തീർത്ഥാടകർ ഉപയോഗിക്കുന്ന, മലയോര മേഖലയേയും തീരദേശ മേഖലയേയും ബന്ധിപ്പിക്കുന്ന പാതയാണ് അമ്പലപ്പുഴ-തിരുവല്ല പാത. കഴിഞ്ഞ ആറുവർഷമായി ജനങ്ങളുടെ ദുരിതത്തിന് പരിഹാരം കാണുന്നതിനായി 69 കോടി രൂപ മുടക്കി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അതിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഊരാളുങ്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ആ വർക്ക് ഏറ്റെടുത്തിരിക്കുന്നത്. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ആ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകുന്നുണ്ട്. ഇപ്പോൾ അതിനുതാഴെ യൂഡിസ്മാറ്റ്-ന്റെ ഭാഗമായിട്ടുള്ള പൈപ്പ് ലൈൻ വന്നിട്ടുണ്ട്. വലിയ അഴിമതി അവിടെ നടന്നിട്ടുണ്ടെന്നാണ് പറയുന്നത്. അവിടെ ഒരു അന്വേഷണം നടത്തിക്കൊണ്ട്, ജലസേചന വകുപ്പുമന്ത്രിയെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് അവിടെ ഇട്ടിരിക്കുന്ന പൈപ്പ് പൊട്ടാതെ ഏറ്റവും നല്ലരീതിയിൽ, റോഡ് ഭംഗിയായി പൂർത്തീകരിച്ച് ജനങ്ങൾക്ക് നൽകാനായി അങ്ങ് ഇടപെടുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, മാതൃകാ റോഡാക്കാൻ വേണ്ടി കിഫ്ബിയുടെ സഹായത്തോടുകൂടി ക്യാബിനറ്റ് ആദ്യമായി തെരഞ്ഞെടുത്ത ഒരു റോഡാണ് അമ്പലപ്പുഴ-തിരുവല്ല റോഡ്. ശബരിമല സീസൺകാലത്താണ് അത് എടുത്തത്. ഏറ്റെടുത്ത ആ റോഡിന്റെ വർക്ക് പ്രസിദ്ധമായ ഊരാളുങ്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയ്തുവരികയാണ്. അവിടെ ഇപ്പോൾ നാല് ആധുനിക

സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ട്. കുട്ടനാട്ടിൽ അധികവും ചെളിയാണ്. പെട്ടന്ന് റോഡ് താഴ്ന്നപോകും. ആയതിനാൽ അവിടെ ജിയോ ടെക്സ്റ്റയിൽസ്, സ്വാഭാവിക റബ്ബർ, ഷ്രെഡഡ് വേസ്റ്റ് പ്ലാസ്റ്റിക്, സിമെന്റ്, ടൈൽസ് തുടങ്ങിയവ ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം ഉപയോഗിച്ച് 69 കോടി രൂപ ചെലവിൽ ഒരു ആധുനിക റോഡ് നിർമ്മിച്ചുവരികയാണ്. ആ നിർമ്മാണത്തെ തടസ്സപ്പെടുത്തുന്നതിനു വേണ്ടി തെറ്റായി പ്രവർത്തിക്കുന്ന കരാറുകാരുടെ സംഘം (46 കരാറുകാർ) ഹൈക്കോടതിയിൽ പോവുകയും പ്രോപ്പറായി നമ്മുടെ കാര്യം അവിടെ പറയാൻ ആ ദിവസം കഴിയാതെ വന്നതിനാൽ സ്റ്റേ അനുവദിക്കുകയും പിന്നീട് ഡിപ്പാർട്ട്മെന്റ് ഇടപെട്ട് സ്റ്റേ നീക്കുകയും ചെയ്തു. രണ്ടാമത് കോടതി നിർദ്ദേശപ്രകാരം ദർഘാസ് ക്ഷണിച്ച് അവർക്കുതന്നെ വർക്ക് ലഭിക്കുകയും അത് നല്ല രീതിയിൽ ചെയ്തുവരികയുമാണ്. വാട്ടർ പൈപ്പിന്റെ കാര്യം എല്ലായിടത്തും പ്രശ്നമാണ്. അവിടെ വെള്ളം കൊടുക്കാതിരിക്കാൻ കഴിയില്ല. കുറെ പ്രശ്നങ്ങൾ ഇപ്പോഴും ബാക്കിയുണ്ട്. റോഡിന്റെ രണ്ട് സൈഡിലും പൈപ്പ് ഇടണമെന്നുള്ളതാണ് ഒരു വിഷയം. തീർച്ചയായും ഇത്രയും മൂല്യമുള്ള റോഡ് ആയതിനാൽ പി.ഡബ്ല്യു.ഡി.-യും ഇറിഗേഷൻ വകുപ്പും യോജിച്ചാണ് അവിടെ പൈപ്പ് ഇടുന്നത്. ശ്രീ. മാത്യു ടി. തോമസും ഞാനുംകൂടി ചേർന്ന് ധാരാളം തീരുമാനങ്ങളെടുത്തിട്ടുണ്ട്. ആ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഒരു പ്രശ്നവുമില്ല. അത് എപ്പോഴും ഗവൺമെന്റിന്റെ ശ്രദ്ധയിൽത്തന്നെയുണ്ട്. ഖജനാവിൽനിന്നുള്ള പണം ഉപയോഗിച്ചാണ് ഗവൺമെന്റ് റോഡുകൾ നിർമ്മിക്കുന്നത്. അത് നിലനിൽക്കണം, അതിന് സഹായകരമായ പരസ്പര ധാരണ എല്ലാ ഭാഗത്തുനിന്നുമുണ്ടാകണം. തിരുവല്ല-അമ്പലപ്പുഴ റോഡ് ഒരു മാതൃകാ റോഡാണ്. ഇതിനെതിരെ പത്തനംതിട്ട ജില്ലയിൽ തെറ്റായ കാമ്പയിൻ നടന്നു. എന്നിട്ട് പത്രത്തിൽ എഴുതി, ഇത് അമ്പലപ്പുഴയിലാണെന്ന്. അമ്പലപ്പുഴയിൽ ഈ റോഡ് 5 കി. മീ. മാത്രമേയുള്ളൂ. ബാക്കി കുട്ടനാട്ടിലും തിരുവല്ലയിലുമാണ്. ഈ നിർമ്മാണം നടത്തുന്ന ഊരാളുങ്കൽ സൊസൈറ്റി ആർക്കും പത്തുപൈസ കൈക്കൂലി കൊടുക്കില്ല. അവരെ വിലയ്ക്കെടുക്കാൻ കഴിയില്ല. അക്കാര്യങ്ങളൊക്കെ എല്ലാർക്കും അറിവുള്ളതാണ്. ഞാൻ പറയേണ്ടതില്ല. ആ റോഡിന്റെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്താൻ തെറ്റായ പത്രവാർത്ത കൊടുക്കുകയാണ്. 5 കി. മീ. മാത്രമേ അമ്പലപ്പുഴയിലുള്ളൂ. അമ്പലപ്പുഴ എന്താ മോശപ്പെട്ട സ്ഥലമാണോ? തിരുവല്ല കെ.എസ്.ടി.പി. എടുക്കാത്ത സ്ഥലത്തുൾപ്പെടെ ചെയ്യുകയാണ്. അപ്പോൾ തെറ്റായ പത്രവാർത്ത കൊടുത്ത് ഇത്തരം നൂതനമായ നിർമ്മാണ പ്രവൃത്തികളെ തടസ്സപ്പെടുത്തി ഇരുപത്തൊന്നാം നൂറ്റാണ്ടിലേയ്ക്ക് കേരളം കടക്കുന്നതിനുള്ള മാർഗ്ഗങ്ങളെ തടയുന്നത് ദയവായി മാധ്യമ പ്രവർത്തകർ അവസാനിപ്പിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഏകദേശം 386 കോടി രൂപയുടെ അറ്റകുറ്റപ്പണികൾ ഇപ്പോൾ കേരളത്തിൽ പൂർത്തിയായിട്ടുണ്ട്. മൂന്നുവർഷംകൊണ്ട് ഇന്ത്യയിൽ ഏറ്റവും മികച്ച റോഡുകളുള്ള സംസ്ഥാനമായി കേരളം മാറുമെന്ന കാര്യത്തിൽ നമുക്കാർക്കും സംശയമില്ല. പക്ഷെ റോഡിന്റെ സൈഡുകളിലുള്ള അനധികൃത പാർക്കിംഗ് ഉൾപ്പെടെയുള്ള ഒട്ടനവധി പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. കേരളത്തിൽ ഇതുവരെ റ്റോയിംഗ് മെഷീൻസ് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ട്രാഫിക്കുമായി ബന്ധപ്പെട്ട് റ്റോയിംഗ് വെഹിക്കിൾ ഇറക്കിക്കൊണ്ട് അത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, വളരെ നല്ലൊരു നിർദ്ദേശമാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ വർഷമെടുത്ത ഒരു തീരുമാനം, പാർലമെന്റ് പാസ്സാക്കിയ ദേശീയപാത നിയമം നടപ്പിലാക്കുക എന്നതാണ്. അത് ഇവിടെ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. പക്ഷെ ഞാനത് കാര്യമായി എൻഫോഴ്സ് ചെയ്തില്ല. കാരണം നടപ്പിലാക്കിക്കഴിഞ്ഞാൽ റോഡിൽ അനാവശ്യമായി വാഹനം പാർക്ക് ചെയ്യാൻ സാധിക്കില്ല; ആവശ്യത്തിനാകാം. അതുപോലെ ഒരു കച്ചവടവും നടത്താൻ പറ്റില്ല. റോഡ് സഞ്ചരിക്കാനുള്ളതാണ്, കച്ചവടത്തിനുള്ളതല്ല. പലരും റോഡ് കച്ചവടം നടത്തുന്നതിനുകൂടിയുള്ളതാണെന്ന് പരസ്യമായി പ്രഖ്യാപിക്കുകയാണ്. പെട്ടെന്ന് ഇത് നടപ്പിലാക്കാൻ സാധിക്കില്ല. റ്റോയിംഗ് മെഷീനടക്കം പരിശോധിച്ച് സാമൂഹ്യവും രാഷ്ട്രീയവുമായ തീരുമാനം കൈക്കൊണ്ട് സഞ്ചരിക്കാനുള്ള റോഡ് സഞ്ചാരയോഗ്യമാക്കുകയും അപകടങ്ങളൊഴിവാക്കി ഖജനാവിൽനിന്നും മുടക്കുന്ന പണം ജനങ്ങൾക്ക് അനുഭവവേദ്യമാക്കാനും കുറച്ചുപേർക്ക് മാത്രമായി അത് സൗകര്യപ്പെടാതിരിക്കാനുമുള്ള പൊതുതാല്പര്യ പ്രകാരമുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കും. റ്റോയിംഗ് മെഷീന്റെ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പരിസ്ഥിതി സൗഹൃദമായ റോഡ് എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? റോഡ് നിർമ്മാണമെന്നുപറഞ്ഞാൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് മാത്രമാണോ; റോഡരികിലുള്ള മരങ്ങളെല്ലാം വെട്ടിമാറ്റുകയാണ് ആദ്യം ചെയ്യുന്നത്. അത് അനിവാര്യമാണെന്നാണ് പറയുന്നത്. വെട്ടിമാറ്റുന്ന മരങ്ങൾക്ക് പകരം വേറെ മരങ്ങൾ വച്ചുപിടിപ്പിക്കുമോ; പരിസ്ഥിതി സൗഹൃദ റോഡ് എന്നുള്ളത് ഹരിതറോഡുകൾ എന്ന സങ്കൽപ്പത്തിലേയ്ക്ക് വികസിപ്പിക്കാൻ പറ്റുമോ; അതിനെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. ജി. സുധാകരൻ: സർ, പരിസ്ഥിതി സൗഹൃദ റോഡ് എന്നത് കേരള സംസ്ഥാനത്തിന്റെ സാഹചര്യത്തിനനുതകുന്ന റോഡുകൾ എന്നാണ് അർത്ഥമാക്കുന്നത്. ഗ്രാമങ്ങളിൽക്കൂടിയാണ് റോഡുകൾ കൂടുതലും കടന്നു പോകുന്നത്. മഴവെള്ളം വീണാണ് റോഡുകൾ മുഴുവൻ നശിക്കുന്നത്. റോഡിന്റെ സൈഡിൽനിൽക്കുന്ന മരങ്ങളൊന്നും നമുക്ക് പ്രയോജനമുള്ളവയല്ല. ആലപ്പുഴയിലാണെങ്കിൽ മുഴുവൻ ശ്മശാന മരങ്ങളാണ്. ശ്മശാനത്തിൽ മാത്രം നിൽക്കേണ്ട മരങ്ങളാണ് നട്ടുപിടിപ്പിച്ചിരിക്കുന്നത്. മനുഷ്യൻ മരിക്കുന്നു, പരിസ്ഥിതി അങ്ങനെയല്ല. മനോഹരമായ മരങ്ങൾ നട്ടുപിടിപ്പിക്കണം. അതിനുള്ള സാവകാശവും സിവിൽ സെൻസും കേരളത്തിനുണ്ടാകണം. പരിസ്ഥിതി എന്നുപറഞ്ഞാൽ നടേണ്ട മരം നടുക, നിൽക്കേണ്ട മരം നിലനിർത്തുക എന്നതാണ്. ഒരു ഫലവുമില്ലാത്ത, നാറുന്നതും ഒടിഞ്ഞുവീഴുന്നതുമായ മരങ്ങൾ, റോഡ് മുഴുവൻ തകർക്കുന്ന മരങ്ങൾ ഇവ പരിസ്ഥിതി സൗഹൃദമല്ല. ദേശീയപാത നാലുവരിയാക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുകയാണെങ്കിൽ അതിന്റെ രണ്ടുവശവും മരങ്ങൾ വച്ചുപിടിപ്പിക്കാം. ഏതായാലും റോഡ് കാണാൻ ഭംഗി വേണം. റോഡിന്റെ പ്രതലം മാത്രമല്ല ചുറ്റുപാടും ഭംഗിവേണം. റോഡ് നിർമ്മാണത്തിൽ ഇതൊക്കെ ഉറപ്പുവരുത്താൻ തീരുമാനിച്ചിട്ടുണ്ട്. കെട്ടിടങ്ങളിൽ പ്പോലും ഗ്രീൻ കൺസെപ്റ്റാണ് ഇപ്പോൾ ഞങ്ങൾ ഫോളോ ചെയ്യുന്നത്. എല്ലാം നടന്നുവെന്നല്ല, നമ്മുടെ എൻജിനീയർമാരെ മാറ്റിയെടുക്കണം, ജനങ്ങളെ മാറ്റിയെടുക്കണം. ആ ഒരു കൺസെപ്റ്റാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

ശ്രീ. എം. നൗഷാദ്: സർ, സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും സംരക്ഷണത്തിനുമാത്രമായി പൊതുമരാമത്ത് പുതുതായി രൂപീകരിച്ച റോഡ് മെയിന്റനൻസ് വിംഗ് (ആർ.എം.ഡബ്ല്യൂ.)-ന്റെ പ്രവർത്തനങ്ങളും അധികാരങ്ങളും വിശദീകരിക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, റോഡ് മെയിന്റനൻസിന് ഒരു ചീഫ് എൻജിനീയറും ഒരു പ്രത്യേക വിഭാഗവുമുണ്ട്. ഇത് അമേരിക്കൻ സ്റ്റേറ്റ്സ് ഉൾപ്പെടെയുള്ള പാശ്ചാത്യരാജ്യങ്ങളിലെ ഫലപ്രദമായ ഒരു തീരുമാനമാണ്. ഇത്തവണ ഇത് നടപ്പിലാകുന്നുണ്ട്. ഇതിന് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറെ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. ഒരു അസംബ്ലി മണ്ഡലത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറെവീതം ഇക്കാര്യങ്ങൾ നോക്കാൻ പ്രത്യേകം നിയമിച്ചിട്ടുണ്ട്. പ്രോപ്പറായാണോ റോഡ് നിർമ്മാണം നടക്കുന്നതെന്ന് പണി നടക്കുമ്പോൾത്തന്നെ ഇവർ പ്രത്യേകം പരിശോധിക്കണം. റോഡ് നിർമ്മിച്ചുകഴിഞ്ഞാൽ ശരിയായ രീതിയിലും നിശ്ചിത കാലാവധിക്കുള്ളിലും പണി നടന്നോ എന്ന് പരിശോധിക്കുകയും കേടുപാടുണ്ടായാൽ അതിന് ഉത്തരവാദികളെ കണ്ടെത്തുകയും അവരെക്കൊണ്ടുതന്നെ അറ്റകുറ്റപ്പണി നടത്തിക്കുകയും വേണം. ജനങ്ങളിൽനിന്ന് പരാതി ലഭിക്കാതെതന്നെ റോഡുകൾ നിർമ്മിക്കുന്നതിനും റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനും നേതൃത്വം നൽകുന്ന ഒരു പ്രത്യേക വിംഗ് ആണ്. ഇത് നടപ്പായാൽ വളരെ ഫലപ്രദമായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് നിലവിൽ വന്നിട്ടുണ്ട്.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. യു. ആർ. പ്രദീപ്: സർ, പൊതുമരാമത്ത് വകുപ്പിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻവേണ്ടി എഞ്ചിനീയർമാർക്കും മറ്റ് ജീവനക്കാർക്കും നടപ്പാക്കുന്ന സ്ഥിരം തുടർപരിശീലന പദ്ധതി ഏതുവരെ ആയിട്ടുണ്ട്, അതിനെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, നമുക്ക് ഹൈവേ റിസർച്ച് സെന്ററുണ്ടെങ്കിലും അത് വളരെ പരിതാപകരമായ അവസ്ഥയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ ആരംഭിച്ചു. അഞ്ച് തവണ ദേശീയ നിലവാരത്തിലുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് വളരെ പ്രസിദ്ധവും പ്രയോജനപ്രദവുമായ മേഖലകളിൽ സെമിനാറുകളും ചർച്ചകളും വർക്ക്ഷോപ്പുകളും നടത്തി. നല്ലൊരു വർക്ക്ഷോപ്പ് നടന്നതിന്റെ ഫലമായിട്ടാണ് ശബരിമല റോഡ് കഴിഞ്ഞതവണ ഏറ്റവും ഭംഗിയാക്കാനായത്. ഇത്തവണയും അത് നടത്തുന്നുണ്ട്. തീരദേശ ഹൈവേയും മലയോര ഹൈവേയും ഫലപ്രദമാക്കാൻ വർക്ക്ഷോപ്പിന് കഴിഞ്ഞു. ഇതെല്ലാം പ്രാവർത്തികമാക്കാൻ എഞ്ചിനീയർമാരെ നിരന്തരം ബോധവത്കരിക്കേണ്ടതുണ്ട്. യുവതീ-യുവാക്കളായ എഞ്ചിനീയർമാർക്ക് പൂർണ്ണ സ്വാതന്ത്ര്യം കൊടുത്തിരിക്കുകയാണ്. തീർച്ചയായിട്ടും ആ വിംഗ് നല്ല രീതിയിൽ പ്രവർത്തിക്കും.

മി. സ്പീക്കർ: നിരവധിപ്പേർ ഉപചോദ്യങ്ങൾ ആവശ്യപ്പെടുന്നുണ്ട്. പെട്ടെന്ന് ചോദിച്ചാൽ എല്ലാവർക്കും അവസരം കിട്ടും. 15-20 മിനിട്ടിൽ കൂടുതൽ ഒരു ചോദ്യത്തിന് സമയം ചെലവഴിക്കാൻ നിർവ്വാഹമില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകതകൾ വരുന്നുണ്ട്. തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റ് പ്രകാരം ചിലപ്പോൾ ആവശ്യത്തിന് പണം തികയാതെവരും അല്ലെങ്കിൽ അധികമാകും. ഹൈക്കോടതിയുടെ സമീപത്തുള്ള ഗോശ്രീ റോഡിനെക്കുറിച്ച് ഞാൻ താങ്കളോട് കഴിഞ്ഞ ദിവസം സൂചിപ്പിച്ചതാണ്. വേണ്ടത്ര ഡ്രെയിനേജ് സംവിധാനത്തെക്കുറിച്ച് ആലോചിക്കാതെ എസ്റ്റിമേറ്റ് പ്രിപ്പറേഷനിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ ശാസ്ത്രീയമായ എന്തെങ്കിലും രീതി നിലവിലുണ്ടോ? ഇത് വലിയ അഴിമതിക്ക് വഴിവയ്ക്കുന്നുണ്ട്. മാത്രമല്ല എത്ര തവണ റോഡ് പണിതാലും നിലനിൽക്കില്ല. കൂടുതൽ മരങ്ങളുള്ള റോഡുകളാണെങ്കിൽ അവിടെ അതനുസരിച്ച് ടൈലിംഗോ മറ്റെന്തെങ്കിലും പുതിയ സാങ്കേതികവിദ്യയോ ഉപയോഗിക്കണം. ഇക്കാര്യത്തിൽ ശാസ്ത്രീയമായ പരിഷ്കാരങ്ങൾ വരുത്താനും അഴിമതി അവസാനിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇതിനുള്ള നടപടികൾ നിലവിൽ വന്നുകഴിഞ്ഞു, അതിനാണ് PRICE (Project Information and Cost Estimate) നടപ്പിലായിരിക്കുന്നത്. വ്യക്തിപരമായ താല്പര്യങ്ങൾ മാറ്റിനിർത്തി വസ്തുനിഷ്ഠമായ രീതിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. എങ്കിലും ചില പ്രശ്നങ്ങളുണ്ട്, അതെല്ലാം ചർച്ചയിലൂടെ പരിഹരിക്കാനുള്ള സമ്പ്രദായം ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. എ. എം. ആരിഫ്: സർ, നിർമ്മാണ രീതികളിൽ ധാരാളം നൂതന ആശയങ്ങൾ അങ്ങയുടെ വകുപ്പിൽ നിർവ്വഹിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നിർമ്മാണത്തിന് ബലവും ഉറപ്പും കാലദൈർഘ്യവും എല്ലാ മേന്മകളും ഉണ്ടാകുന്നുണ്ട്. എന്നാൽ നമ്മുടെ റോഡുകളും വിദേശരാജ്യങ്ങളിലെ റോഡുകളും തമ്മിലുള്ള വ്യത്യാസം പരിശോധിക്കണം. റോഡുകളുടെ മിനുസം മാത്രമല്ല ഇരുസൈഡുകളിലും വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ടൈൽ പാകൽ, മനോഹരമായ രീതിയിൽ shrubs വച്ചുപിടിപ്പിക്കൽ എന്നിവ ചെയ്താൽ ഒരു aesthetic ambiance നമുക്ക് കാണാൻ കഴിയും. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഇത്തരത്തിൽ അരൂർ മുതൽ വടക്കോട്ടുള്ള ഭാഗങ്ങളിൽ മീഡിയനും സൈഡുമൊക്കെ വളരെ മനോഹരമായ നിലയിൽ നിർമ്മിച്ചിട്ടുണ്ട്. അത് കാണാൻ നല്ല ഭംഗിയാണ്. അങ്ങ് ഒരു കവിയും കാവ്യഭാവനയുള്ള ഒരാളുമാണ്. തീർച്ചയായും ആ താളവും ലയവുമൊക്കെ അങ്ങയുടെ കാർമികത്വത്തിൽ നടക്കുന്ന നിർമ്മാണങ്ങളിലും പ്രതിഫലിക്കണം. അങ്ങും ടൂറിസം വകുപ്പുമായി സഹകരിച്ച് ഒരു പ്ലാൻ തയ്യാറാക്കിയാൽ അത് യാഥാർത്ഥ്യമാക്കാൻ കഴിയും. അപ്രകാരമൊരു പ്രോജക്ട് ഞാൻ അരൂർ മണ്ഡലത്തിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിഗണിച്ച് കാണാൻ ഭംഗിയുള്ള, പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന റോഡുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ആ കാര്യം പരിഗണിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുമായി ചർച്ച നടത്താവുന്നതാണ്. ഇപ്പോൾ നാഷണൽ ഹൈവേ നാലുവരിയാക്കിയപ്പോഴാണ് എറണാകുളത്തുനിന്നും വടക്കോട്ടുള്ള ഭാഗങ്ങൾ മനോഹരമാക്കിയത്. തെക്ക് ഭാഗങ്ങളിലും അതുപോലെ തന്നെ ചെയ്യും. പി.ഡബ്ല്യൂ.ഡി. റോഡുകളിലും അങ്ങനെതന്നെ ചെയ്യാം. കൊല്ലം കോർപ്പറേഷന്റെ ആവശ്യപ്രകാരം ചർച്ച നടത്തി, കോർപ്പറേഷൻ ഏരിയയിലുള്ള റോഡുകളും ചിന്നക്കട റൗണ്ടും സൗന്ദര്യവത്കരിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. എം. ഷാജി: സർ, സ്ഥല ലഭ്യത നമ്മുടെ റോഡുകളുടെ സൗന്ദര്യവത്കരണത്തിന് പ്രശ്നമാണ്. ലഭ്യമായ സൗകര്യമനുസരിച്ച് റോഡുകളുടെ സൗന്ദര്യവത്കരണം നടപ്പാക്കാമെന്നതിന് ഉദാഹരണമാണ് തിരുവനന്തപുരം ഭാഗങ്ങളിലെ റോഡുകൾ. ഇത്തരത്തിൽ കേരളത്തിലെ എല്ലാ നഗരങ്ങളിലും മാറ്റംവരുത്താനും ഒരു മണ്ഡലത്തിൽ ഒരു ഏരിയ എങ്കിലും മോഡൽ റോഡായി കൊണ്ടുവരാനുമുള്ള ശ്രമവും സഹായവും അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, തിരുവനന്തപുരം സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. കോഴിക്കോട് ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഒരു നഗരവികസനവും റോഡുവികസനവും നടക്കാത്ത ജില്ലയാണ് ആലപ്പുഴ. ആലപ്പുഴ ജില്ലയിൽ ടെണ്ടർ നടപടികളിലേക്ക് പോകുകയാണ്. കൊല്ലം ജില്ലയും കണ്ണൂർ ജില്ലയും ടേക്കപ്പ് ചെയ്തിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളും റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് റോഡ് ഫണ്ട് ബോർഡിൽ ചെയ്തുവരുകയാണ്. ഓരോ മണ്ഡലത്തിലെയും റോഡുകളെപ്പറ്റി പഠിച്ച് ആധുനികവത്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് എല്ലാ നിലയിലും പൂർത്തിയാക്കുന്നതാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ജി.എസ്.ടി. വന്നതിനുശേഷം പല കോൺട്രാക്ടർമാരും കോൺട്രാക്ട് എടുത്ത് എഗ്രിമെന്റവച്ച്, ടെണ്ടർ വിളിച്ച വർക്കുകളൊന്നും പല സ്ഥലത്തും ചെയ്യുന്നില്ല. ജി.എസ്.ടി.-യുംകൂടി അതിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ അവർ വർക്ക് ചെയ്യില്ലെന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. പുനലൂരിൽ ഒരാൾ ആത്മഹത്യ ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാനാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇറിഗേഷൻ കോൺട്രാക്ടർ ആത്മഹത്യ ചെയ്തത് ജി.എസ്.ടി വന്നതുകൊണ്ടല്ല. പണ്ടും ഇത്തരം സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. പതിബൽ കമ്പനിയെന്ന് പറയുന്ന ലോക പ്രസിദ്ധമായ ജാപ്പനീസ് കമ്പനിയുടെ ഉടമസ്ഥൻ ആത്മഹത്യ ചെയ്തില്ലേ? അദ്ദേഹമാണ് ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പണി ചെയ്തത്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ജി.എസ്.ടി.-യുടെ കാര്യം ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് പരിഹാര മാർഗ്ഗങ്ങളിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ സംബന്ധിച്ച് പറയാനുള്ളത്, ഫണ്ടിൽനിന്നും അധികത്തുക സർക്കാർ കൊടുക്കും. ജി.എസ്.ടി. വന്നതുകൊണ്ട് കോൺട്രാക്ടർമാർ വിഷമിക്കേണ്ടതില്ല. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ മന്ത്രിയുമായി ആലോചിച്ച് നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, പല കോൺട്രാക്ടർമാരും ലോ കോസ്റ്റിന് വർക്ക് ഏറ്റെടുത്ത് ടെണ്ടർ ചെയ്ത് കുറച്ചുദിവസം കഴിയുമ്പോൾ പണി ആരംഭിക്കാത്ത സാഹചര്യമാണുള്ളത്. വർക്ക് എടുത്തശേഷം ഞങ്ങൾക്കിത് നഷ്ടമാണെന്ന് പറഞ്ഞ് വർക്ക് പൂർത്തിയാക്കാത്ത അവസ്ഥയുണ്ട്. ഇത് എങ്ങനെ നിയന്ത്രിക്കാൻ സാധിക്കും; പല വർക്കുകളും ലാഗ് ചെയ്യുന്നതുകാരണം ഫണ്ടിന്റെ കാര്യത്തിൽ വലിയ പ്രശ്നമുണ്ടാകാറുണ്ട്. ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, പ്രശസ്തിയും നിർമ്മാണത്തിൽ ആത്മാർത്ഥതയും ഉള്ള പല കോൺട്രാക്ടർമാരും ലോ കോസ്റ്റിനാണ് വർക്കെടുക്കുന്നത്. എസ്റ്റിമേറ്റ് ഇത്രയും ആവശ്യമില്ലെന്ന് അവർതന്നെ തെളിയിക്കുന്നു. കഴിഞ്ഞ ശബരിമല മണ്ഡലകാലത്തിനുമുമ്പ് അടൂർ മണ്ഡലത്തിൽ പന്തളത്ത് ഒരു പാലം പുതുക്കിപ്പണിയുകയുണ്ടായി. ആ കോൺട്രാക്ടർ 2016 ഫെബ്രുവരി 14-ന് മണ്ഡലകാലത്തിനുമുമ്പുതന്നെ പാലം പുതുക്കിപ്പണിയുകയും 74 ലക്ഷം രൂപ തിരിച്ചുതരികയും ചെയ്തു. അദ്ദേഹം ഒരു എം.ബി.എ.-ക്കാരനായ എഞ്ചിനീയറാണ്. അങ്ങനെ പലരും ചെയ്യുന്നുണ്ട്. വർക്ക് ഏറ്റെടുത്തശേഷം അത് ഇഴയ്ക്കുന്നത് നിയമ വിരുദ്ധമാണ്. അങ്ങനെ ചെയ്യുന്നത് എഞ്ചിനീയർമാരുടെ അറിവില്ലായ്മയാണ്. അങ്ങനെ ചെയ്യുന്നതായി കണ്ടെത്തിയാൽ അപ്പോൾത്തന്നെ അയാളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയാണ്. ഇതൊക്കെ പണ്ടുമുതലേ നടക്കുന്ന പരിപാടിയായതുകൊണ്ട് കണ്ടുപിടിക്കാൻ സമയം വേണ്ടിവരും. തീർച്ചയായും ഇത്തരം കാര്യങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. അങ്ങനെ ചെയ്യുകയാണെങ്കിൽ അയാൾ തുടർന്ന് കോൺട്രാക്ടർ ആകേണ്ട ആവശ്യമില്ല. അക്കാര്യത്തിൽ വിട്ടുവീഴ്ചയില്ല.

ശ്രീ. രാജു എബ്രഹാം: സർ, ഒരു കെട്ടിടത്തിന്റെ ഡ്രോയിംഗ് ഈ സർക്കാരിന്റെ കാലത്ത് സമർപ്പിച്ചാൽ അത് ആർക്കിടെക്ചർ വിംഗിലും DRIQ ബോർഡിലും പോയി തിരികെവരുന്നത് അടുത്ത സർക്കാരിന്റെ കാലത്തായിരിക്കും. വളരെ പഴഞ്ചൻ നടപടിക്രമങ്ങളിലൂടെയാണ് ആർക്കിടെക്ചർ വിംഗ് മുന്നോട്ടുപോകുന്നത്. ഒരു കെട്ടിടം നിർമ്മിക്കുമ്പോൾ അവിടത്തെ പാർക്കിംഗിന് ആവശ്യമായ സംവിധാനമുണ്ടാവില്ല. പി.ഡബ്ല്യു.ഡി. റോഡുകളാണ് പല കെട്ടിടങ്ങളുടെയും പാർക്കിംഗ് ഏരിയ. ആർക്കിടെക്ചർ വിംഗ് പൊളിച്ചുപണിയുന്നതിന് അങ്ങ് നേതൃത്വം നൽകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഡിസൈനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് എല്ലാപേരും തിരുവനന്തപുരത്ത് വരണമെന്ന രീതിക്ക് മാറ്റംവരണം. എറണാകുളത്തും കോഴിക്കോടും ഓരോ ആർക്കിടെക്ചർ വിംഗ് ആരംഭിക്കുന്നതിന് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ട്. അതിനുള്ള സ്ഥലസൗകര്യങ്ങൾ നോക്കുകയാണ്. അത് ആരംഭിക്കുന്നതോടുകൂടി കുറേക്കൂടി വികേന്ദ്രീകരിക്കപ്പെടും. ഇതൊക്കെ മാറ്റുന്നതിനാണ് പുതിയകാലം പുതിയ നിർമ്മാണം എന്ന് നമ്മുടെ ഗവൺമെന്റ് പറയുന്നത്. ഇതൊന്നും തീരെ ഉൾക്കൊള്ളാത്തവരെ ചിലപ്പോൾ നിർബന്ധിത പെൻഷൻ കൊടുത്തു പറഞ്ഞുവിടേണ്ടിവരും. നമ്മൾ അങ്ങനെയൊന്നും ചെയ്യുന്നില്ല. പണിയില്ലെങ്കിലും ശമ്പളം കൊടുക്കുന്നു, അത് പറ്റില്ല. പി.ഡബ്ല്യു.ഡി. മാനുവലും സർവ്വീസ് ചട്ടവുമൊക്കെ പരിശോധിച്ച് അവരെ നിർബന്ധിതമായി അവധിയെടുപ്പിക്കാം. അല്ലെങ്കിൽ അവരെ സർവ്വീസിൽനിന്ന് ഒഴിവാക്കണം. അങ്ങനെയൊക്കെ ചിന്തിക്കേണ്ടിവരും. അതുമാത്രമേ പറയാനുള്ളൂ. നമ്മൾ ജനങ്ങൾക്കുവേണ്ടിയാണ് നിലകൊള്ളുന്നത്. എല്ലാ ഉദ്യോഗസ്ഥരും അതുപോലെ പ്രവർത്തിച്ചേ പറ്റൂ. ഏത് വകുപ്പിലാണെങ്കിലും പണിയെടുക്കാത്ത ഉദ്യോഗസ്ഥർക്ക് സ്ഥാനമുണ്ടാകരുത്. പി.ഡബ്ല്യൂ.ഡി.-യുടെ കാര്യം ഞാൻ പറയും. പഴയതുപോലെ ഇനി കേരളത്തിൽ പ്രവർത്തിക്കാൻ കഴിയില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, പൊതുമരാമത്തു വകുപ്പിൽ സാധാരണഗതിയിൽ വരേണ്ട ബഡ്ജറ്റ് ഹൈക്ക് കഴിഞ്ഞ പ്രാവശ്യം ഉണ്ടായിരുന്നില്ല, പല പ്രാവശ്യവും അതുണ്ടാകാറില്ല. ഇപ്രാവശ്യം അത് പരിഹരിക്കുന്നതിനുവേണ്ടി കിഫ്ബിയിൽ പണം അനുവദിച്ചിട്ടുണ്ടെന്നുപറഞ്ഞ് കുറേ പ്രഖ്യാപനങ്ങൾ വന്നു. കിഫ്ബിയിൽ പ്രഖ്യാപിച്ചത് ഒരിഞ്ചുപോലും നീങ്ങുന്നില്ല. അതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ അറിയുന്നത്, പ്രത്യേക ഡി.പി.ആർ. വേണം, അത് തയ്യാറാക്കേണ്ട പി.ഡബ്ല്യൂ.ഡി. അനുബന്ധ നടപടി സ്വീകരിച്ചിട്ടില്ല എന്നൊക്കെയാണ്. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിന് ഇനി ഏഴുമാസമേയുള്ളൂ. അങ്ങ് പ്രത്യേകം ശ്രദ്ധിച്ച് ഇങ്ങനെ പ്രഖ്യാപിച്ച പദ്ധതികൾ കാലാവധിക്കുള്ളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അങ്ങ് ഇവിടെ പ്രഖ്യാപിച്ച ചില ജില്ലാ തലസ്ഥാനങ്ങൾ നന്നാക്കുന്നതിൽ നാല് ജില്ലകളെക്കുറിച്ച് പറഞ്ഞു. ജില്ലാ തലസ്ഥാനങ്ങളെന്നു പറയുന്നത് ഒരു ജില്ലയുടെ ഫെയ്സ് ആണ്. ആ ഫെയ്സ് ലിഫ്റ്റ് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ജില്ലാ കേന്ദ്രങ്ങൾ എന്നുപറയുമ്പോൾ മിക്കവാറും മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ ആയിരിക്കും. അവിടെയെല്ലാം റോഡ് ഫണ്ട് വികസന പദ്ധതിയിൽപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. (നേരത്തെ ആരംഭിച്ചതും ഇപ്പോൾ ഈ ഗവൺമെന്റ് കൊണ്ടുവന്നതും) കിഫ്ബിയുടെ കാര്യമാണ് പിന്നീട് പറഞ്ഞത്. അതിൽ കുറച്ച് സാങ്കേതിക പ്രശ്നങ്ങളുണ്ട്. പി.ഡബ്ല്യൂ.ഡി.-യാണ് ഡി.പി.ആർ. തയ്യാറാക്കിക്കൊടുക്കേണ്ടത്. അത് ലോഡ് ചെയ്തുകഴിഞ്ഞാൽ ബാക്കിയെല്ലാം അവിടെയാണ്. എഞ്ചിനീയർമാരുടെ കുറവുണ്ടെങ്കിലും നിർമ്മാണം നടത്തുന്നതിന് ഒരു ചീഫ് എഞ്ചിനീയറേയും രണ്ട് എസ്.ഇ.-മാരടക്കം 30 എഞ്ചിനീയർമാരേയും റോഡ് ഫണ്ട് ബോർഡിന്റെ കൺട്രോളിൽ വിട്ടുകൊടുത്തിരിക്കുകയാണ്. ഇതെല്ലാം ചെയ്തിട്ടുണ്ട്. പ്രശ്നമെന്നു പറയുന്നത്, ഇൻവെസ്റ്റിഗേഷൻ നടത്തണം. ടെണ്ടർ ചെയ്യുന്നതിന് പണം വേണം. 2017 മേയ് മാസത്തിൽ മാത്രമാണ് ഇൻവെസ്റ്റിഗേഷന്റെ തുക കൊടുക്കാൻ ഓർഡർ ഇറങ്ങിയത്; അത് ആരും അറിയുന്നില്ല. ഇതുപോലുള്ള നിരവധി സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചാൽ വൻകിട പ്രവർത്തനങ്ങൾക്ക് ഏറ്റവും നല്ലത് കിഫ്ബിയാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ചെറുകിട പ്രവർത്തനം പി.ഡബ്ല്യൂ.ഡി. ഭംഗിയായി നടത്തുകയും ചെയ്യും.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, തീരദേശ മേഖലയിലെ ഏറ്റവും വലിയ പ്രശ്നം ഉപ്പുവെള്ളവും ഉപ്പുകാറ്റുമാണ്. അടുത്തകാലത്തായി പണിയുന്ന പാലങ്ങൾക്കും റോഡുകൾക്കും മറ്റ് കെട്ടിടങ്ങൾക്കുമൊക്കെ ഉപ്പുകാറ്റിനെ അതിജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതികവിദ്യ പ്രയോഗിക്കാൻ കഴിയുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇതിനെല്ലാം പരിഹാരമായ സാങ്കേതിക വിദ്യകളുണ്ട്. നമ്മൾ അതൊന്നും നടപ്പിലാക്കിയിട്ടില്ല. അതെല്ലാം ആധുനികമായിട്ടുള്ളതും ശാസ്ത്രീയമായിട്ടുള്ളതും ചെലവേറിയതുമാണ്. അതെല്ലാം പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യാം.

## കശുമാവ് കൃഷി വ്യാപന പദ്ധതികൾ

2 (T*242) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കശുമാവ് കൃഷി വ്യാപനത്തിനായി നിലവിൽ നടന്നുവരുന്നതും പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് അനുയോജ്യമായ സ്ഥലം ആവശ്യത്തിന് ലഭ്യമല്ല എന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ, ഏത് സംസ്ഥാനത്ത്, ഏത് സ്ഥലത്ത്, എത്ര ഏക്കർ ഭൂമി എന്നും ആയത് ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്), പൊതുമേഖലയിലും മറ്റും തരിശ്ശായികിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ), 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) ഇങ്ങനെ ആകെ 8.5 ലക്ഷം കശുമാവിൻ തൈകൾ വിതരണം ചെയ്ത് ഇത്തരത്തിൽ കൃഷി വികസിപ്പിക്കാൻ ആലോചിച്ചിട്ടുണ്ട്.

കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകംതന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ.)-യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തികസഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തികസഹായവും നൽകിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ കൃഷി, വനം, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്. കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി, മറ്റ് വ്യവസായ ആവശ്യങ്ങൾക്കായി നീക്കിവച്ച വനഭൂമിയിലും തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിൽ ഉൾപ്പെടെയുള്ള ഭൂമിയിലും കശുമാവ് കൃഷി ചെയ്യാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും, കശുവണ്ടി വികസന വകുപ്പുമന്ത്രിയും ചേർന്ന് 24-5-2017 തീയതിയിൽ നടന്ന മീറ്റിംഗിൽ വച്ച് മുന്നൂറിലധികം ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യാൻ സമ്മതിച്ച്; കൃഷി ആരംഭിച്ചിട്ടുണ്ട്. വരുന്നവർഷം ഏകദേശം 5000 ഹെക്ടറിലാണ് കൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) കരുതുന്നുണ്ട്.

(സി&ഡി) സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. അതിന്റെ ഭാഗമായി ആന്ധ്ര സർക്കാരുമായി ബന്ധപ്പെട്ടിരുന്നെങ്കിലും ആന്ധ്ര സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം സ്വീകാര്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ ഉള്ളതുകൊണ്ടാണ് ഈ ചോദ്യം ചോദിക്കുന്നത്. വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കേരളാ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ലീസിന് കശുമാവ് കൃഷി ചെയ്തിരുന്നു. ക്രമക്കേടിന്റെ ഭാഗമായി ആ കൃഷി നശിപ്പിക്കപ്പെട്ടു. അത് മുഴുവൻ വെട്ടിമാറ്റി റബ്ബർ വയ്ക്കുന്നതിന് വനം വകുപ്പ് അനുവദിക്കുന്നില്ല. ആ സ്ഥലത്ത് വീണ്ടും ഹൈബ്രീഡായ കശുമാവിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, വനം-കൃഷി വകുപ്പുകളുമായി ചർച്ച ചെയ്തുകൊണ്ടാണ് കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നത്. ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃഷി വകുപ്പുമന്ത്രിയുമായി ആലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ അങ്ങ് പറഞ്ഞ എസ്റ്റേറ്റിൽ ഉൾപ്പെടുന്ന സ്ഥലത്ത് ഹൈബ്രീഡ് കശുമാവിൻ തൈകൾ വയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കശുവണ്ടി വികസന കോർപ്പറേഷൻ വനം വകുപ്പിന്റെയും മറ്റും സ്ഥലത്ത് കൃഷി ചെയ്യുന്നുവെന്ന് പറഞ്ഞു. ലോക പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ കൊടുക്കുന്നതുപോലെ ഒന്നോ രണ്ടോ കശുമാവിൻ തൈകൾ കൊടുത്താൽ 5 സെന്റ് സ്ഥലമുള്ളിടത്ത് ആളുകൾ അത് നടും. ഹൈബ്രീഡ് തൈകൾ ഉല്പാദിപ്പിക്കാൻ ഏത് ഏജൻസിയെയാണ് വകുപ്പ് തെരഞ്ഞെടുത്തിരിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഒരു ഏജൻസിയെ ഏല്പിക്കുകയല്ല. കേന്ദ്ര ഗവൺമെന്റിന്റെ ഗവേഷണ സ്ഥാപനമായ പുത്തൂർ യൂണിവേഴ്സിറ്റി സെന്ററിൽ നിന്നും ഓർഡർ കൊടുത്ത് ലക്ഷക്കണക്കിന് തൈകൾ വാങ്ങുന്നുണ്ട്. കാർഷിക ഗവേഷണ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് മാടക്കത്തറയിൽനിന്നും ആവശ്യമായ തൈകൾ ലഭിക്കുന്നുണ്ട്. കൂടാതെ ആറളം ഫാം തുടങ്ങിയ സ്ഥലങ്ങളിൽ കൃഷി വികസന ഏജൻസിതന്നെ ഉയർന്ന മൂല്യമുള്ള ഗ്രാഫ്റ്റ് തൈകൾ ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികളും കേരളത്തിൽ നല്ല നഴ്സറികൾ നടത്തുന്നുണ്ട്. ടെണ്ടർ ചെയ്ത് ക്വാളിറ്റി ഉറപ്പാക്കി അവരുടെ കയ്യിൽ നിന്നും തൈകൾ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കേരളത്തിലെ കശുമാവ് കൃഷി തകരുന്നുവെന്ന് മാത്രമല്ല ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അതിന് കാരണം റബ്ബറിന്റെ വിലയായിരുന്നു. റബ്ബറിന് നല്ല വില കിട്ടിയപ്പോൾ എല്ലാവരും കശുമാവ് മാറ്റി റബ്ബർ കൃഷിയിലേയ്ക്ക് തിരിഞ്ഞു. എന്നാൽ ഇന്ന് റബ്ബറിന് വിലയില്ലാതായപ്പോൾ വീണ്ടും കശുമാവ് കൃഷിയിലേയ്ക്ക് തിരിച്ചുപോകുന്നതിനുള്ള ആലോചനയിലാണ്. കേരളത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മാത്രമാണ് ഇപ്പോൾ കശുമാവ് കൃഷിയുള്ളത്. അതിനെ പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പും കശുവണ്ടി വികസന കോർപ്പറേഷനും സഹായിക്കുമോ; കാസർഗോഡ് ജില്ലയിൽ നിലവിലുള്ള കശുമാവ് കൃഷി നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. പണ്ട് എല്ലാ വീടുകളിലും കശുമാവ് ഉണ്ടായിരുന്നു. റബ്ബറിന്റെ വില വർദ്ധിച്ചപ്പോൾ കശുമാവ് കൃഷി ഉപേക്ഷിച്ചു. ഇപ്പോൾ റബ്ബർ ആദായകരമല്ലാതായപ്പോൾ വലിയ ഇൻവെസ്റ്റ്മെന്റ് ഇല്ലാതെതന്നെ ആദായം കിട്ടുന്ന പ്ലാന്റേഷനായി കാശുമാവ് കൃഷി മാറിയിട്ടുണ്ട്. അതുകൊണ്ടാണ് എ.പി.കെ. തന്നെ സന്നദ്ധമായി വരുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളാണ് ഏറ്റവും നല്ലയിനം കശുവണ്ടി ലഭ്യമാകുന്ന പ്രദേശം. നമുക്ക് കാഷ്യൂ വികസന ഏജൻസി തന്നെയുണ്ട്, സബ്സിഡി കൊടുക്കുന്നുമുണ്ട്. വളരെ ആസൂത്രിതമായി കൃഷി വികസിപ്പിക്കുന്നതിനുള്ള നടപടിയാണ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കശുവണ്ടി വ്യവസായത്തെ സംബന്ധിച്ച് പറയുമ്പോൾ കശുമാങ്ങയുടെ ജ്യൂസ് വളരെയേറെ ആരോഗ്യപ്രദമാണ്. മണ്ണാർക്കാട് പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാങ്ങ ജ്യൂസ് പാർലർ ഉണ്ട്. അവിടെ നല്ല തിരക്കാണ്. ഞാൻ ആ ജ്യൂസ് കുടിച്ചിട്ടുണ്ട്. ദഹനത്തിനൊക്കെ അത് നല്ല എഫക്ടീവാണ്. ഒരു ചെറിയ ഷെഡ്ഡിലാണ് ആ ജ്യൂസ് പാർലർ പ്രവർത്തിക്കുന്നത്. കശുവണ്ടിയെപ്പോലെതന്നെ കശുമാങ്ങയിൽനിന്നും വരുമാനം ലഭിക്കുന്ന സാഹചര്യമാണുള്ളത്. കശുമാങ്ങയിൽനിന്നും സ്ക്വാഷും ജാമും ഉണ്ടാക്കാൻ കഴിയും. ഈ രീതിയിൽ ഇത് വികസിപ്പിക്കാൻ സർക്കാർ ചിന്തിക്കുന്നുണ്ടോ; എന്തെങ്കിലും പരിശ്രമം നടത്തുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇപ്പോൾ ഇത് നിലവിലുണ്ട്. കാർഷിക സർവ്വകലാശാലതന്നെ ഇതിനാവശ്യമായ ടെക്നോളജി വികസിപ്പിക്കുകയും അതിന്റെ ഉപോല്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. കശുമാങ്ങ കളക്ട് ചെയ്യുന്ന രീതിയിലുള്ള പ്രശ്നം കാരണം ലാർജ് സ്കെയിലിൽ ചെയ്യുക ബുദ്ധിമുട്ടാണ്. ഗോവയിൽ 'ഫെനി' വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യുന്നതാണ്. ഇവിടെ വ്യാവസായികാടിസ്ഥാനത്തിൽ ചെയ്യുന്നതിന് കശുമാങ്ങ കേടുകൂടാതെ കളക്ട് ചെയ്യുന്നതിനുള്ള സിസ്റ്റമാണ് നമുക്കാവശ്യം. ടെക്നോളജി ഇല്ലാത്തതുകൊണ്ടല്ല, അത് കൃത്യമായി വികസിപ്പിക്കേണ്ടതുണ്ട്. കൃഷി വകുപ്പുമന്ത്രി ഇക്കാര്യം സംബന്ധിച്ച് അത്യാവശ്യ കാര്യങ്ങൾ പറയും.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ നടത്തിയ പഠനത്തിൽനിന്നും ഒരു വർഷം പതിനായിരം മെട്രിക് ടൺ കാഷ്യു ആപ്പിൾ പാഴായിപ്പോകുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അത് പൂർണ്ണമായും യൂട്ടിലൈസ് ചെയ്യുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുകയാണ്. കശുമാങ്ങ മാത്രമല്ല ചക്ക ഉൾപ്പെടെയുള്ള കേരളത്തിലെ പഴവർഗ്ഗങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബൃഹത്തായ പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കശുമാങ്ങയിൽനിന്നും ചക്കയിൽനിന്നും വൈൻ ഉൾപ്പെടെ ഉല്പാദിപ്പിക്കുന്നതിനു വേണ്ടി എക്സൈസ് വകുപ്പുമന്ത്രിയുമായി കഴിഞ്ഞ ദിവസം ചർച്ച നടത്തുകയുണ്ടായി. അതുസംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻതന്നെ നയപരമായ തീരുമാനമെടുത്തുകൊണ്ട് ഈ രംഗത്ത് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, കൊല്ലം ജില്ലയിൽ പത്തനാപുരത്തിന്റെ കിഴക്കൻമേഖലയായ കുരിയോട്ടുമലയിലെ ഏക്കർ കണക്കിന് ഭൂമിയിൽ കശുമാവ് കൃഷി ആരംഭിച്ചിരുന്നെങ്കിലും അത് പൂർണ്ണതയിലെത്തിയില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ കശുമാവ് കൃഷി ചെയ്യുന്ന ജില്ലകളാണ് കാസർഗോഡും കണ്ണൂരും. അവിടെ ഉല്പാദിപ്പിക്കുന്ന ടൺ കണക്കിന് കശുവണ്ടി അന്യസംസ്ഥാനങ്ങളിലേയ്ക്കാണ് പോകുന്നത്. ഇവിടെത്തന്നെ അത് പ്രോസസ്സ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കുരിയോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമാണ്. അവിടെ കശുമാവ് കൃഷി വികസിപ്പിക്കാൻ കഴിയില്ല. അതിന്റെ വികസനം മൃഗസംരക്ഷണ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. അവിടെ പുല്ലിന്റെ കൃഷിയാണ് പ്രധാനം. പ്രായോഗികമായി കശുമാവിലേയ്ക്ക് പോകാൻ കഴിയില്ല. നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി നമുക്ക് ലഭ്യമാകുന്നില്ല എന്നൊരു പ്രശ്നമുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് പ്ലാന്റേഷൻ കോർപ്പറേഷൻ കൃത്യമായി കശുവണ്ടി വികസന കോർപ്പറേഷനുതന്നെ തോട്ടണ്ടി നൽകണമെന്ന് നിർദ്ദേശിച്ചത്. കഴിഞ്ഞ പ്രാവശ്യം വലിയ വെല്ലുവിളിയാണ് നേരിട്ടത്. ഇപ്രാവശ്യം പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്ന് കാഷ്യു വികസന കോർപ്പറേഷൻ തോട്ടണ്ടി എടുക്കുകവഴി അവർക്ക് ഇരട്ടി ലാഭം ലഭിക്കുകയാണ്. കഴിഞ്ഞ വർഷം രണ്ട് കോടി രൂപയ്ക്ക് വിറ്റ തോട്ടണ്ടി ഈ വർഷം നാല് കോടി രൂപയ്ക്കാണ് വിറ്റത്. പ്ലാന്റേഷൻ കോർപ്പറേഷൻ കാഷ്യു ആപ്പിൾ സംഭരിക്കുന്നതിനുള്ള നടപടി ഇപ്പോൾത്തന്നെ ആരംഭിച്ചാൽ തോട്ടണ്ടി നമുക്ക് ലഭിക്കുകയും കാഷ്യു ആപ്പിൾ മൂല്യവർദ്ധിത ഉല്പന്നത്തിന് ഉപയോഗിക്കുകയും ചെയ്യാം. കള്ളക്കടത്ത് നടത്തി നശിപ്പിച്ചുകളയാതെ കാഷ്യു ആപ്പിളും തോട്ടണ്ടിയും സംഭരിക്കാൻ ഈ വർഷം ഒക്ടോബർ-ഡിസംബർ മാസങ്ങളിൽത്തന്നെ പ്ലാന്റേഷൻ കോർപ്പറേഷനും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൃത്യമായ മെക്കാനിസം തയ്യാറാക്കേണ്ടതുണ്ട്. അങ്ങനെ വന്നാൽ കശുമാവ് കൃഷി വളരെ ആദായകരമാവുകയും തൊഴിലാളികൾക്ക് തോട്ടണ്ടി ലഭ്യമാവുകയും ചെയ്യും. തീർച്ചയായും കൃഷി വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്.

## പരീക്ഷാ ജോലികൾ

3(*243) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്ക് പരീക്ഷാ ജോലികൾ നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) യു.ജി.സി. നിയമ പ്രകാരം മൂല്യനിർണ്ണയം ജോലിയുടെ ഭാഗമാണോ എന്നറിയിക്കുമോ; എങ്കിൽ മൂല്യനിർണ്ണയത്തിന് പണം നൽകുന്ന രീതി ശരിയാണോ; വ്യക്തമാക്കുമോ;

(സി) സ്വകാര്യ രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെയും സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും പരീക്ഷാ മൂല്യനിർണ്ണയത്തെ അദ്ധ്യാപകരുടെ നിസ്സഹകരണം ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഉണ്ട്. 21-12-1999 തീയതിയിലെ സ.ഉ. (പി) 171/99/ഉ.വി.വ. പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്.

(ബി) യു.ജി.സി. സ്കീം 1998 പ്രകാരവും 3-1-2001 തീയതിയിലെ സ.ഉ. (പി) നമ്പർ 5/2001/ഉ.വി.വ. പ്രകാരവും റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ പേപ്പർ മൂല്യനിർണ്ണയം ജോലിയുടെ ഭാഗമാക്കി ഉത്തരവായിട്ടുണ്ട്. ആയതിന് പ്രത്യേക പ്രതിഫലം നൽകേണ്ടതില്ല.

(സി) ഉണ്ട്. ചില അദ്ധ്യാപകരുടെ നിസ്സഹകരണംമൂലം മൂല്യനിർണ്ണയം വൈകുകയും ആയതിന്റെ ഫലമായി പരീക്ഷാഫലങ്ങൾ താമസിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, കേരളത്തിലെ യൂണിവേഴ്സിറ്റി പരീക്ഷകൾക്ക് ഒരു ഏകീകൃത കലണ്ടർ അധ്യയന വർഷത്തിൽത്തന്നെ നടപ്പിലാക്കിയാലേ അനിശ്ചിതമായി പരീക്ഷകൾ നടക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തി അത്തരം കലണ്ടർ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം നടപ്പിലാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിലെ ഇത്തവണത്തെ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അദ്ധ്യാപകരും ജീവനക്കാരുമായി ചർച്ച ചെയ്ത് നിഗമനത്തിലെത്തിയതാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ചില അദ്ധ്യാപകരുടെ നിസ്സഹകരണംമൂലം മൂല്യനിർണ്ണയം താമസിക്കുകയും അതിന്റെ ഫലമായി പരീക്ഷാഫലങ്ങൾ വൈകുകയും ചെയ്തുവെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകിയത്. കണ്ണൂർ സർവ്വകലാശാലയിലെ ആർട്സ് ആന്റ് സയൻസ് വിഭാഗത്തിൽ ബിരുദ/ബിരുദാനന്തര പരീക്ഷകൾ കൃത്യസമയത്ത് നടക്കുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. പരീക്ഷാഫലങ്ങൾ വൈകുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കഴിഞ്ഞ പരീക്ഷയുടെ വാല്യുവേഷൻ സമയത്ത് ചില അദ്ധ്യാപകർ നിസ്സഹകരിച്ചു. എങ്കിലും അവർ ആവശ്യപ്പെട്ട കാര്യങ്ങൾ പിന്നീട് സർക്കാർ ചെയ്തുകൊടുത്തതുകൊണ്ട് അതിൽനിന്നും അദ്ധ്യാപകർ പിന്മാറി. അദ്ധ്യാപകരുമായി ചർച്ച ചെയ്ത് ഇത്തവണത്തെ പരീക്ഷാ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. തുടർന്നുവരുന്ന പരീക്ഷകളിൽ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പൂർണ്ണ സഹകരണമുണ്ടാകും, ഈ പ്രാവശ്യത്തെപ്പോലെ വൈകില്ല. വൈകിയെങ്കിലും ഇത്തവണ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ മുഴുവൻ ഫലങ്ങളും മേയ് 29-ന് തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി ശ്രീ. ആർ. രാമചന്ദ്രൻ : സർ, എഞ്ചിനീയറിംഗ് കോഴ്സുകളുടെ പരീക്ഷാ പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതിന് നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരുടെ പാനൽ തയ്യാറാക്കി ആ പാനലിൽ നിന്ന് അദ്ധ്യാപകരെ നിർദ്ദേശിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോൾ അങ്ങനെ തന്നെയാണ് നടന്നുവരുന്നത്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പേപ്പറുകൾ വാല്യു ചെയ്യുന്നത് സർക്കാർ/എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർ തന്നെയാണ്. അവർ അതിന് യോഗ്യരാണ്. യോഗ്യതയുള്ളവരുടെ പാനൽ തയ്യാറാക്കി ത്തന്നെയാണ് എഞ്ചിനീയറിംഗ് കോളേജുകളിലെ പേപ്പർ വാല്യു ചെയ്യുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേരളത്തിലെ മിക്കവാറും യൂണിവേഴ്സിറ്റികളിലും കോളേജുകളിലും മൂല്യനിർണ്ണയം വൈകുന്നതു കാരണം റിസൾട്ട് വളരെ താമസിക്കുകയാണ്. റിസൾട്ട് വൈകുന്നതിനനുസരിച്ച് വിദ്യാർത്ഥികളുടെ അക്കാദമിക് വർഷം നഷ്ടപ്പെടുന്നു. കേരളത്തിന് പുറത്തുള്ള പല

ഹയർ എഡ്യൂക്കേഷണൽ സ്ഥാപനങ്ങളിലും അപ്പ്രൈ ചെയ്യാൻ അവർക്ക് സാധിക്കില്ല. മാത്രമല്ല അടുത്തവർഷം ഇരട്ടി ആളുകളോട് മത്സരിച്ചാണ് അവർക്ക് അഡ്മിഷൻ നേടേണ്ടിവരുന്നത്. ഇത്തരത്തിൽ വാല്യുവേഷൻ വൈകുന്നത് തടയാൻ നിയമനിർമ്മാണം കൊണ്ടുവരാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തെ സൂചിപ്പിച്ച, മഹാത്മാഗാന്ധി സർവ്വകലാശാലയടക്കം ജൂൺ 1-ന് മുമ്പുതന്നെ റിസൾട്ട് പബ്ലിഷ് ചെയ്തതാണ്. ചെറിയ നിസ്സഹകരണം ഒഴിവായിരുന്നെങ്കിൽ അതിനുമുമ്പുതന്നെ റിസൾട്ട് പബ്ലിഷ് ചെയ്യാൻ സാധിക്കുമായിരുന്നു. മറ്റ് സർവ്വകലാശാലകളിലെ റിസൾട്ട് നേരത്തെതന്നെ പബ്ലിഷ് ചെയ്തിട്ടുണ്ട്. അവിടെ ചെറിയ താമസമുണ്ടാകാനുള്ള കാരണം, ആ നിസ്സഹകരണം മാത്രമാണ്. അത് ഒഴിവാക്കാനുള്ള എല്ലാ നീക്കങ്ങളും സർക്കാർ നടത്തിയിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ട്. ഏൺഡ് ലീവ് സറണ്ടർ ആയിരുന്നു അവരുടെ പ്രധാനപ്പെട്ട ആവശ്യം. അത് അംഗീകരിച്ചിട്ടുണ്ട്. ഈ വർഷം റിസൾട്ട് വൈകാനിടവരുത്താത്ത രീതിയിൽ കൃത്യമായ കലണ്ടർ ഇപ്പോൾത്തന്നെ സർവ്വകലാശാല പ്രസിദ്ധീകരിച്ചുകഴിഞ്ഞു. അതിന് കൃത്യമായ മോണിറ്ററിംഗുള്ളതുകൊണ്ട് എല്ലാ സർവ്വകലാശാലകളിലും ഈ അക്കാദമിക് വർഷം കഴിഞ്ഞ അക്കാദമിക് വർഷത്തേക്കാൾ നേരത്തെ റിസൾട്ട് പബ്ളിഷ് ചെയ്യാനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. രാജൻ: സർ, പരീക്ഷയും മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട ചോദ്യമാണെന്നുള്ളതുകൊണ്ട് അതിന് സമാനമായ ഉത്തരങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. പക്ഷെ വിശാലമായ ഒരു അർത്ഥതലം, ഇതുമായി ബന്ധപ്പെട്ട് ഈ സഭയ്ക്ക് മുമ്പാകെ അവതരിപ്പിക്കാനുണ്ട്. ചില അദ്ധ്യാപകരുടെ നിസ്സഹകരണംമൂലം മൂല്യനിർണ്ണയം വൈകുകയും ആയതിന്റെ ഫലമായി പരീക്ഷാഫലങ്ങൾ വൈകുകയും ചെയ്യുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി (സി) പിരിവായി നൽകിയ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിലെ സർവ്വകലാശാലകളിൽ മൂല്യനിർണ്ണയത്തിന് പണം കൊടുക്കുന്നതിനെ സി.&എ.ജി. വിമർശിച്ചതുമായി ബന്ധപ്പെട്ട ഒരു പ്രശ്നം നേരത്തെ പത്രമാധ്യമങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇത് കേവലം മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ടോ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടോ ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമല്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് അങ്ങ് പത്രമാധ്യമങ്ങളിലൂടെ പറഞ്ഞത് ശ്രദ്ധിക്കാനിടയായി. കേരളത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികളിലേയ്ക്ക് ഞങ്ങളെ ഇറക്കിവിടാൻ അങ്ങ് ശ്രമകരമായ പരിശ്രമം നടത്തുകയും

ഞങ്ങളെല്ലാവരും അത് ഏറ്റെടുക്കുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ഒരു അക്കാദമിക് മാസ്റ്റർ പ്ലാനും; പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് നമ്മൾ നേരത്തെ സ്കൂളുകളിൽ ഇടപ്പെട്ടതുപോലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടപെട്ട് 'പഠനം മുതൽ പരീക്ഷ വരെ' എന്ന ഒരു മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട് വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും കോ-ഓർഡിനേറ്റ് ചെയ്യാവുന്ന ഒരു പൊതുപരിപാടിക്കും നേതൃത്വം നൽകാൻ ഈ ഗവൺമെന്റിന് സാധിക്കുമോ? അതിനെ സംബന്ധിച്ച് എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ഇവിടെ ചോദിച്ചത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണം കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് തുടർച്ചയായി; പരസ്പര പൂരകമായി മാറ്റങ്ങളുണ്ടാക്കാനാണ് വിദ്യാഭ്യാസ വകുപ്പ് പരിപാടികൾ തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി ഈ വർഷം പരീക്ഷകൾ കൃത്യസമയത്ത് തന്നെ നടക്കും. റിസൾട്ടും അതാത് സമയം തന്നെ പ്രസിദ്ധീകരിക്കാൻ കഴിയും. അതോടൊപ്പം നേരത്തെ സൂചിപ്പിച്ചതുപോലെ അക്കാദമിക് രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കേണ്ടതായിട്ടുണ്ട്. ഈ വർഷം എല്ലാ സർക്കാർ കോളേജുകൾക്കും 8.5 കോടി രൂപ വീതം നൽകിയിട്ടുണ്ട്. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ എല്ലാ കോളേജുകൾക്കും ഒരു വർഷം 8.5 കോടി രൂപ വീതം നൽകുന്നത്. ഈ പണമുപയോഗിച്ചുകൊണ്ട് അവരോട് കേവലം ഒരു ഇൻഫ്രാസ്ട്രക്ചർ മാസ്റ്റർ പ്ലാനുണ്ടാക്കാനല്ല പറഞ്ഞിട്ടുള്ളത്, മറിച്ച് ഒരു അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കാനാണ് പറഞ്ഞിട്ടുള്ളത്. അതുപോലെ എല്ലാ സർവ്വകലാശാലകൾക്കും അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കാനുള്ള ശ്രമം ആരംഭിച്ചു. മറ്റ് സർവ്വകലാശാലകളും ഉടൻതന്നെ അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കാനുള്ള ശ്രമം നടത്തും. മാത്രമല്ല, ഈ അക്കാദമിക് മാസ്റ്റർ പ്ലാനുണ്ടാക്കുകയും അതിന്റെ പൂർത്തീകരണത്തിലൂടെ ഒരു കോളേജിലെ ഒരു ഡിപ്പാർട്ട്മെന്റെങ്കിലും അന്താരാഷ്ട്ര നിലവാരമുള്ള സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാനുമാണ് വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നത്. അതുപോലെ കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും ചുരുങ്ങിയത് ഒരു വകുപ്പെങ്കിലും അന്താരാഷ്ട്ര തലത്തിലുള്ള സെന്റർ ഓഫ് എക്സലൻസാക്കണമെന്നും ഉദ്ദേശിക്കുന്നു. ഇതിന്റെ പരസ്പര പൂരകമായി അന്താരാഷ്ട്ര തലത്തിൽ ഒരു ജേർണൽ ഇന്നുവരെ കേരളത്തിനില്ല. അന്താരാഷ്ട്ര തലത്തിൽ ഇതിന്റെ ഖ്യാതി എത്തുന്നതിനുവേണ്ടി ഒരു ഇന്റർനാഷണൽ ജേർണൽ കേരളത്തിൽ നിന്നുണ്ടാകണമെന്നാണ് വിദ്യാഭ്യാസ വകുപ്പ് പ്ലാൻ ചെയ്തിട്ടുള്ളത്.

ഡോ. എൻ. ജയരാജ്: സർ, ഒരു അദ്ധ്യാപകൻ എന്ന നിലയിൽ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് അങ്ങ് നേതൃത്വം നൽകുന്നുണ്ട്. വാല്യുവേഷന്റെ പ്രധാനപ്പെട്ട പ്രശ്നം, അതിന്റെ അക്കൗണ്ടബിലിറ്റി കുറവാണെന്നുള്ളതാണ്. എക്സ്പെർട്ട് വാല്യുവേഷനകത്ത് ഒരു കുട്ടിക്ക് ആദ്യം കിട്ടിയത് 21 മാർക്ക്, റീ വാല്യുവേഷനിൽ കിട്ടിയത് 70 മാർക്ക്. വാല്യുവേഷനിൽ പലപ്പോഴും അക്കൗണ്ടബിലിറ്റി കാണിക്കുന്നില്ലെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. എം.ജി. യൂണിവേഴ്സിറ്റിയിലാണെങ്കിൽ അദ്ധ്യാപകരുടെ പോർട്ടലുണ്ട്. അദ്ധ്യാപകനെടുക്കുന്ന വിഷയം ഏതാണെന്ന് കൃത്യമായി അറിയാൻ സാധിക്കും. പക്ഷെ ആ അദ്ധ്യാപകൻ പഠിപ്പിക്കാത്ത വിഷയം വാല്യു ചെയ്യണമെന്ന് പറയുമ്പോൾ അത് വാല്യുവേഷന്റെ ക്രെഡിബിലിറ്റിയെ ബാധിക്കുന്നതാണ്. രണ്ടാമത്തെ കാര്യം, റെഗുലർ കുട്ടികളുടെ കാര്യത്തിൽ കുഴപ്പമില്ല. പക്ഷെ പ്രൈവറ്റായും സ്വാശ്രയ കോളേജുകളിലും പഠിക്കുന്ന കുട്ടികളുണ്ട്. ഈ ഉത്തരവിൽപോലും അക്കാര്യത്തിൽ ഒരു വ്യക്തതയില്ല. വലിയ ജോലിഭാരം അദ്ധ്യാപകരിലേയ്ക്കെത്തുമ്പോൾ വാല്യുവേഷന്റെ ക്വാളിറ്റി തന്നെ കുറയാൻ സാധ്യതയുണ്ട്. ഇക്കാര്യത്തിന്മേൽ അക്കൗണ്ടബിലിറ്റി യുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്. അക്കാദമിക് മാസ്റ്റർ പ്ലാൻ എന്ന് ഒറ്റ വാക്കിൽ ഞാൻ പറഞ്ഞുവെന്നേയുള്ളൂ, അതിന്റെ ലക്ഷ്യമിതുതന്നെയാണ്. കൃത്യമായ മോണിറ്ററിംഗും എടുക്കുന്ന വിഷയം എങ്ങനെ ഇവാല്യുവേറ്റ് ചെയ്യണം, കണ്ടിന്യുവസ് ഇവാല്യുവേഷൻ, ടേർമിനൽ എക്സാമിനേഷൻ ഇവാല്യുവേഷൻ എന്നിവ വളരെ ശാസ്ത്രീയമാക്കുന്നതിനും അതിനുവേണ്ട പരിശീലനം നൽകുന്നതിനും; അത് ഏത് രീതിയിൽ കൂടുതൽ അക്കാദമിക് എക്സലൻസുള്ളതാക്കി മാറ്റാമെന്നുമുള്ള പ്ലാനിനെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നുപറയുന്നത്. തീർച്ചയായും ഇപ്പറയുന്ന അക്കൗണ്ടബിലിറ്റി അതിലുണ്ടാക്കിയെടുക്കും. അതിന്റെ ഭാഗമായി മാത്രമേ ഈ അക്കാദമിക് എക്സലൻസുണ്ടാക്കാൻ കഴിയൂ എന്ന കൃത്യമായ ബോധ്യമുണ്ട്. അത് പൂർണ്ണമായും നടപ്പിലാക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിലെ ഓട്ടോണമസ് കോളേജുകൾ പലതും പുതിയ കോഴ്സുകൾ ഓഫർ ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം പല കോഴ്സുകളും പി.എസ്.സി. അംഗീകരിക്കുന്നില്ല. പലപ്പോഴും രക്ഷിതാക്കളും വിദ്യാർത്ഥികളും ഇതിന്റെ പേരിൽ വലിയ വിഷമം സഹിക്കുകയാണ്. ഇതിനായി എന്തെങ്കിലും മുൻകരുതലെടുക്കാൻ സർക്കാരിനാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങനെ ഒരു പ്രശ്നമുണ്ടെങ്കിൽ പരിശോധിക്കാം. അതിന്റെ സിലബസ്സിലാണോ; ഏത് ഇഷ്യുവെന്ന് കൃത്യമായി പറഞ്ഞില്ല. സിലബസ്സിൽ എന്തെങ്കിലും പ്രശ്നമുണ്ടായതുകൊണ്ടോ പി.എസ്.സി. നിരാകരിക്കുന്നതെന്ന് പരിശോധിച്ച് അത് അംഗീകരിക്കത്തക്ക രീതിയിൽ ആ കോഴ്സിനെ മാറ്റിയെടുക്കാൻ ശ്രമിക്കും. പഠിക്കുന്ന കുട്ടികൾക്ക് ഇത്തരമൊരു പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള പോസിറ്റീവായിട്ടുള്ള ശ്രമം സർക്കാർ സ്വീകരിക്കും.

ശ്രീ. എം. ഉമ്മർ: സർ, ഇപ്പോൾ ഏത് കടലാസ് സംഘടനകളും ഹർത്താൽ പ്രഖ്യാപിച്ചാൽ ഉടൻ തന്നെ പരീക്ഷകൾ മാറ്റിവയ്ക്കുകയാണ്. ഒരു വർഷം തന്നെ പല പരീക്ഷകളും മാറ്റിവയ്ക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. പാൽ വിതരണം, മരണം, കല്യാണം തുടങ്ങിയവയെ ഒഴിവാക്കിക്കൊണ്ടാണ് സംഘടനകൾ ഹർത്താൽ പ്രഖ്യാപിക്കുന്നത്. അതുപോലെ പരീക്ഷ മാറ്റിവയ്ക്കില്ല എന്ന ഒരു തീരുമാനമെടുക്കണം. അത്തരം ഒരു ധാരണയിലെത്തി മുന്നോട്ടുപോകാൻ ഗവൺമെന്റ് ശ്രമിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും എല്ലാവരും ഒന്നിച്ചുചേർന്ന് ഇത്തരമൊരു ആശയം പറയുകയാണെങ്കിൽ നടപ്പിലാക്കാം, ഒരു സംശയവുമില്ല. പക്ഷെ ഹർത്താൽ പ്രഖ്യാപിച്ച് ഏതെങ്കിലുമൊരു കുട്ടിക്കെങ്കിലും പരീക്ഷയെഴുതാൻ സാധിക്കാതായാൽ അത് ആ കുട്ടിയോട് ചെയ്യുന്ന അനീതിയാണെന്നുള്ളതുകൊണ്ടാണ് പരീക്ഷ മാറ്റിവയ്ക്കുന്നത്. എല്ലാവരും ഒത്തുചേർന്ന് പരീക്ഷ തടയില്ലെന്ന് തീരുമാനിക്കുകയാണെങ്കിൽ അങ്ങ് പറഞ്ഞതുപോലെ നടപ്പിലാക്കാൻ കഴിയും. ഇക്കാര്യത്തിൽ ഒരു കൺസൻസസാണ് വേണ്ടത്.

ശ്രീ. റ്റി. വി. രാജേഷ് : സർ, വിവിധ കോളേജുകളിൽ നടക്കുന്ന പല കോഴ്സുകളും കാലഹരണപ്പെട്ടതാണ്. വേണ്ടത്ര ഗൃഹപാഠമില്ലാതെ ആരംഭിച്ച പല കോഴ്സുകളും പഠിച്ചാൽ ഉപരിപഠന സാധ്യതയും പി.എസ്.സി.യുടെ അംഗീകാരവും ലഭിക്കാറില്ല. കേരളത്തിലെ പല കോളേജുകളിലും relevant അല്ലാത്ത കോഴ്സുകളാണുള്ളത്. ഈ കോഴ്സുകൾ പരിഷ്കരിക്കുന്നതിനും ചില കോഴ്സുകൾ ഒഴിവാക്കുന്നതിനും ലയിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; അതിനുവേണ്ടി പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, കഴിഞ്ഞ ദിവസം സഭയിൽ മറ്റൊരു തരത്തിൽ ഈ ചോദ്യത്തിനുള്ള ഉത്തരം പറഞ്ഞതാണ്. കേരളത്തിൽ നിരവധി കോഴ്സുകൾ പഠിക്കാൻ കുട്ടികളില്ലാത്ത അവസ്ഥയുണ്ട്. അശാസ്ത്രീയമായ സിലബസുള്ള പല കോഴ്സുകളുമുണ്ട്. ഇത്തരത്തിൽ പ്ലസ് ടു മുതൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരെ നിരവധി കോഴ്സുകളുണ്ട്. അതുകൊണ്ട് കേരളത്തിലെ എല്ലാ മേഖലയിലുമുള്ള കോഴ്സുകളെ സംബന്ധിച്ച് വളരെ വിശദമായി പഠിച്ച് കോഴ്സുകൾ എങ്ങനെ റീസ്ട്രക്ച്ചർ ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള ശ്രമത്തെപ്പറ്റി കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതാണ്. അതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന് വളരെ വിശദമായ പഠനം ആവശ്യമാണ്. പല കോഴ്സുകളും പി.എസ്.സി. അംഗീകരിക്കാതെയുണ്ട്. സിലബസ്സുകൾ പരിഷ്കരിച്ച് കോഴ്സുകൾ ഒന്നിൽനിന്നും മറ്റൊന്നിലേയ്ക്ക് റീ അറേഞ്ച് ചെയ്യണമോ വേണ്ടയോ എന്നുള്ളത് കൃത്യമായി പഠിച്ച് കോഴ്സുകളുടെ റീസ്ട്രക്ചറിംഗ് അടക്കമുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുകയാണ്.

## സബർബൻ ട്രെയിൻ സർവ്വീസ്

4(*244) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ഡോ. എം. കെ. മുനീർ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ്, പ്രയോജനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന വസ്തുത പരിഗണിച്ച് പദ്ധതി എത്രയും വേഗം നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപ്പിഡ് റെയിൽ ട്രാൻസിസ്റ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ഇത് സംബന്ധിച്ച ചർച്ചകൾ കേന്ദ്രസർക്കാരുമായി നടത്തിവരികയുമാണ്.

(ബി) തുടക്കത്തിൽ ഏകദേശം 3,100 കോടി രൂപയാണ് പദ്ധതിച്ചെലവായി കണക്കാക്കിയിരുന്നത്. എന്നാൽ റെയിൽവേ ഓവർ ബ്രിഡ്ജ്, അണ്ടർ ബ്രിഡ്ജ് തുടങ്ങിയവയുടെ നിർമ്മാണം ഒഴിവാക്കിയതിനുശേഷമുള്ള പദ്ധതിച്ചെലവ് ഏകദേശം 1,943.87 കോടി രൂപ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ഒരു കിലോമീറ്റർ ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടിവരുന്നത് 15.48 കോടി രൂപ മാത്രമാണ്. ഭൂമി ഏറ്റെടുക്കൽ തുലോം കുറവാണെന്നുള്ളതും ഈ പദ്ധതിയുടെ സവിശേഷതയും ഗുണവുമാണ്. ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ്, പ്രയോജനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്ന വസ്തുത പരിഗണിച്ച് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരികയാണ്.

ശ്രീ. പി. ബി. അബ്ദുൾ റസ്സാക്കിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, സബർബൻ റെയിലുകൊണ്ട് ഉദ്ദേശിക്കുന്നത് economical mode of transport ആണ്. ഹൈവേകളിലെ തിരക്ക് കുറയ്ക്കാനും, അപകടങ്ങൾ ഒഴിവാക്കാനും ഈ പദ്ധതി യാഥാർത്ഥ്യമായാൽ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി Special Purpose Vehicle (SPV) ഉണ്ടാക്കാൻ തീരുമാനിച്ചിരുന്നു. സംസ്ഥാനവും റെയിൽവേയും തമ്മിലുള്ള ജോയിന്റ് വെഞ്ച്വറാണിതെന്ന് മനസ്സിലാക്കുന്നു. സംസ്ഥാന സർക്കാർ ഇതിനുവേണ്ടി എത്ര പണം വകയിരുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ : സർ, ഇതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളൊക്കെ ഉണ്ടാക്കും. കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതി ഇതുവരെ അംഗീകരിച്ചിട്ടില്ല. ഇതിന്റെ ചെലവ് കുറവും പ്രയോജനം കൂടുതലുമാണ്. ഇക്കാര്യങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അടങ്കൽ തുക തീരുമാനിച്ച ശേഷം കേന്ദ്രത്തിന്റെ നിർദ്ദേശം ലഭിച്ചാലേ അനുപാതം നിശ്ചയിക്കുകയുള്ളൂ. അനുപാതം എത്ര ആയാലും സംസ്ഥാനം അതിന്റെ പങ്കുവഹിച്ചിരിക്കും.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, സബർബൻ റെയിൽ കോറിഡോർ പോലെ പ്രതീക്ഷ നൽകുന്ന മറ്റൊരു പദ്ധതിയാണ് ഹൈ സ്പീഡ് റെയിൽ കോറിഡോർ. അത് തിരുവനന്തപുരത്തുനിന്ന് മംഗലാപുരത്തേയ്ക്കുള്ള അതിവേഗ റെയിൽപാതയാണ്. കാസർഗോഡ് ഒഴിവാക്കി കണ്ണൂർവരെ മാത്രമേയുള്ളൂ എന്ന വാർത്ത ഇടയ്ക്കുണ്ടായിരുന്നു. അക്കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം സബർബൻ ട്രെയിനെപ്പറ്റിയാണ്. അതിവേഗ റെയിൽപാതയെപ്പറ്റി പരിശോധിച്ചതിനുശേഷം പിന്നീട് ആലോചിക്കാവുന്നതാണ്.

ഡോ. എം. കെ. മുനീർ : സർ, വിദേശരാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗപ്പെടുത്തുന്നതാണ് സബർബൻ റെയിൽ. കാരണം, റോഡിന് മുകളിലുള്ള പ്രഷർ കുറയ്ക്കുന്നതിന് ഏറ്റവും നല്ലത് സബർബൻ റെയിലുകളാണ്. കേന്ദ്രവുമായി ഡിസ്കഷനിലേയ്ക്ക് പോകുന്ന സാഹചര്യത്തിൽ, പ്രിലിമിനറി വർക്കുകളായ ഇതിന്റെ ഡി.പി.ആർ., ഇ.ഐ.ആർ.ആർ., പരിസ്ഥിതി ആഘാത പഠനം ഇവയൊക്കെ നേരത്തെ തയ്യാറാക്കിയാൽ കേന്ദ്രാനുമതി ലഭിച്ചാലുടനെ പണി ആരംഭിക്കാൻ സാധിക്കും. അതിനുള്ള സാഹചര്യം സൃഷ്ടിച്ചുകൂടെ?

ശ്രീ. ജി. സുധാകരൻ : സർ, അക്കാര്യത്തെ സംബന്ധിച്ച് വിശദമായ ചർച്ച വേണം. റെയിൽവേയുടെയും സെൻട്രൽ ഗവൺമെന്റിന്റെയും പ്രോജക്ടാണിത്. കേരളംപോലുള്ള സംസ്ഥാനത്ത് ഇത്തരം കാര്യങ്ങൾക്ക് അധികം തുക മുടക്കി ആരംഭിച്ചാൽ അവസാനം കേന്ദ്ര ഗവൺമെന്റ് സമയത്തിന് തുക തന്നില്ലെങ്കിൽ ബുദ്ധിമുട്ടാകും. അങ്ങനെ നിരവധി വിഷയങ്ങളുള്ളതുകൊണ്ട് ചർച്ച ചെയ്തതിനു ശേഷം തീരുമാനിക്കാം. ഇക്കാര്യത്തിൽ ചർച്ച ആവശ്യമാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, സബർബൻ റെയിലിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാമെന്ന് അങ്ങ് പറഞ്ഞു. കേരളം സ്ഥലമെടുത്ത് കൊടുത്താൽ നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ എളുപ്പത്തിൽ ചെലവുകുറഞ്ഞ രൂപത്തിൽ നടപ്പാക്കാൻ പറ്റുമെന്ന് ശ്രീ. ഇ. ശ്രീധരന്റെ പ്രസ്താവനയുണ്ടായിരുന്നു. പ്രസ്തുത റെയിൽപാത തുടങ്ങുന്നതിനെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്; അക്കാര്യത്തിൽ എന്ത് തീരുമാനമെടുക്കാൻ സാധിക്കുമെന്ന് പറയുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഈ സഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്ത വിഷയമാണ് നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത. നിസ്സംശയമായും അവിതർക്കിതമായും ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീ. ഇ. ശ്രീധരന്റെ കയ്യിലെന്നല്ല ആരുടെ കയ്യിലും അതിനുള്ള സൂത്രവിദ്യയില്ല. ഗവൺമെന്റ് അതിനുവേണ്ടി നിലകൊള്ളുകയാണ്, ബദൽ മാർഗ്ഗങ്ങൾ തേടാൻ തീരുമാനിച്ചിട്ടുണ്ട്. കടുവ, പുലി തുടങ്ങിയ മൃഗങ്ങളുടെ കാര്യം കളഞ്ഞിട്ട് ബദൽ മാർഗ്ഗങ്ങൾ തീരുമാനിക്കാം. കർണ്ണാടക ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. ചർച്ച നടക്കുകയാണ്, പ്രതീക്ഷയോടെ തന്നെ നീങ്ങുകയാണ്. ഇക്കാര്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്കുവേണ്ടി ശ്രീ. പി. ഉബൈദുള്ള : സർ, സബർബൻ ട്രെയിൻ തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ സർവ്വീസ് നടത്തുന്നതിനുവേണ്ടി കേന്ദ്രസർക്കാരിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മലബാറിൽ നിന്നുള്ള യാത്രക്കാർ വലിയ ദുരിതം അനുഭവിക്കുകയാണ്. മംഗലാപുരത്തുനിന്നും നിലമ്പൂരിൽ നിന്നുമുള്ള ട്രെയിനുകളിൽ ആർ.സി.സി.യി.-ലേയ്ക്ക് ചികിത്സയ്ക്ക് വരുന്ന ക്യാൻസർ രോഗികളും അവരെ പരിചരിക്കാൻ വരുന്നവരും ടിക്കറ്റ് കിട്ടാതെ വിഷമിക്കുകയാണ്. എം.എൽ.എ.-മാർക്കും അവരുടെ

പി.എ.-മാർക്കും യഥാർത്ഥത്തിൽ ടിക്കറ്റ് കിട്ടുന്നില്ല. സെക്കന്റ് എ.സി.-യിൽ ടിക്കറ്റെടുത്ത എം.എൽ.എ.-യും കുടുംബവും കഴിഞ്ഞ ദിവസം സ്ലീപ്പറിൽ യാത്ര ചെയ്യേണ്ടിവന്നു. അത്രയും ദുരിതം മലബാറിലെ യാത്രക്കാർ അനുഭവിക്കുകയാണ്. സെക്കന്റ് എ.സി.-ക്ക് ടിക്കറ്റെടുത്തിട്ട് സ്ലീപ്പറിൽ യാത്ര ചെയ്യേണ്ടിവരുമ്പോൾ ക്ലപ്പണായതുകൊണ്ട് റീഫണ്ട് കിട്ടില്ല. ഇതുവഴി എം.എൽ.എ.മാർക്കും സ്റ്റാഫിനും സാധാരണക്കാരായ ആളുകൾക്കും വലിയ സാമ്പത്തികനഷ്ടം ഉണ്ടാവുകയാണ്. റീഫണ്ട് ചെയ്യാൻ മാർഗ്ഗമുണ്ടോ എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ എന്നറിയില്ല. സബർബൻ ട്രെയിൻ സർവ്വീസ് മലബാറിലേയ്ക്ക് ദീർഘിപ്പിക്കാനാവശ്യമായ സർവ്വേ നടപടിക്ക് ഇപ്പോൾത്തന്നെ ഗവൺമെന്റ് രൂപം നൽകുമോ എന്നാണ് എന്റെ ചോദ്യം?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, സബർബൻ റെയിൽവേ സാധാരണ റെയിൽവേ പോലെ ദീർഘിപ്പിക്കാൻ പറ്റില്ല. അവിടെ വേറൊരു സബർബൻ റെയിൽവേയാണ് ആലോചിക്കേണ്ടത്. തലശ്ശേരി-മൈസൂർ പാതയ്ക്ക് ടോപ് പ്രയോറിറ്റി കൊടുത്ത് അത് പ്രാവർത്തികമാക്കാനുള്ള സാധ്യതയിലാണ്. നഞ്ചൻകോടിന്റേത് കർണ്ണാടകംകൂടി അനുവദിച്ച് ബദലുണ്ടായാൽ അതുമാകും. ഇതെല്ലാം നടക്കുന്ന കാര്യമാണ്. ഇവിടെ യാതൊരു തടസ്സവുമില്ല. കർണ്ണാടകത്തിന്റെ നിലപാടിൽ മാറ്റംവരുത്തണം. മലബാറിൽ സബർബൻ റെയിൽവേ സംബന്ധിച്ച പ്രൊപ്പോസലൊന്നും എന്റെ മുന്നിൽ വന്നിട്ടില്ല. റെയിൽവേ ഉദ്യോഗസ്ഥരും സംവിധാനങ്ങളുമാണ് ബുക്കിംഗുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടാക്കുന്നത്. അത് സംബന്ധിച്ച് പരാതി തന്നാൽ അധികൃതർക്ക് അയയ്ക്കുന്നതാണ്. അത്തരം കാര്യങ്ങളിൽ കർശന നടപടി അവർ സ്വീകരിക്കും. അത് ഉറപ്പാണ്.

<u>മി. സ്പീക്കർ</u> : റെയിൽവേ റിസർവേഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പലപ്പോഴായി നൽകിയ പരാതി ശ്രദ്ധയിലുണ്ട്. ഇക്കാര്യം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽ രണ്ടുമൂന്ന് പ്രാവശ്യം കൊണ്ടുവന്നതാണ്. വീണ്ടും ഗൗരവമായി ശ്രദ്ധയിൽപ്പെടുത്താം. റീ-ഇംപേഴ്സ്മെന്റുമായി ബന്ധപ്പെട്ട കാര്യവും ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, തിരുവനന്തപുരം-ചെങ്ങന്നൂരുമായി ബന്ധപ്പെട്ട കാര്യത്തെ സംബന്ധിച്ചാണ് അംഗങ്ങൾ ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളത്. എറണാകുളം ഒറിജിനൽ ഓൾഡ് റെയിൽവേ സ്റ്റേഷൻ കേന്ദ്രമാക്കിക്കൊണ്ട് എറണാകുളം-തൃശ്ശൂർ, എറണാകുളം-കോട്ടയം, എറണാകുളം-ആലപ്പുഴ എന്നീ റൂട്ടുകളിലേയ്ക്ക് സബർബൻ റെയിൽവേ ഓടിക്കുന്നതുമായി ബന്ധപ്പെട്ട മറ്റൊരു പ്രൊപ്പോസലുണ്ടായിരുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, അക്കാര്യം ചർച്ചാവിഷയമായി നിൽക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ സജീവ ചർച്ചാവിഷയമാക്കാം.

## അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി

5(*245) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ലക്ഷക്കണക്കിന് ഏക്കർ ഭൂമി ഏറ്റെടുക്കണമെന്ന് രാജമാണിക്യം റിപ്പോർട്ടിൽ ശിപാർശ നൽകിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയണമെന്ന് നിയമവകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണ്;

(സി) ഈ റിപ്പോർട്ട് തള്ളിക്കളയണമെന്ന നിയമവകുപ്പ് ശിപാർശ അംഗീകരിച്ചാൽ, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന വാഗ്ദാനം എപ്രകാരമാണ് നടപ്പിലാക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഉണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് നിയമ വകുപ്പിൽനിന്നും സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. പത്മാകരൻ സി.കെ.യെ ചുമതലപ്പെടുത്തി 22-5-2017-ലെ G.O. (Rt.) 2332/2017/RD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് Andhrapradesh Land Grabbing Prohibition Act, Indian Independence Act, Foreign Exchange Regulation Act, Land Reforms Act എന്നിവയുടെ അടിസ്ഥാനത്തിലും അനധികൃത കയ്യേറ്റത്തിലുള്ള ആൾക്കാർക്ക് (Tresspass) എതിരായുള്ള നിയമനടപടി സംബന്ധിച്ച് വിവിധ കോടതികളുടെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും പരിശോധിച്ച് പുതിയ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പ് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശംവയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്ര നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് നിയമവകുപ്പിൽ നിന്നും സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. പത്മാകരൻ സി.കെ.-യെ ചുമതലപ്പെടുത്തി 22-5-2017-ലെ G.O. (Rt.) 2332/2017/RD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കമ്പനികളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സംസ്ഥാനതല സ്പെഷ്യൽ ഓഫീസറുടെ നടപടിക്രമങ്ങൾക്കെതിരെ എച്ച്.എം.എൽ. കമ്പനിയും മറ്റ് കമ്പനികളും ഫയൽ ചെയ്ത വിവിധ റിട്ട് ഹർജികൾ രണ്ടംഗ ഡിവിഷൻ ബഞ്ചിലേയ്ക്ക് റഫർ ചെയ്തുകൊണ്ട് 25-11-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതും ഈ വിഷയം നിലവിൽ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലുള്ളതുമാണ്. ആയതിനാൽ ടി കേസുകളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, 28-2-2013-ൽ WPC No. 1425/12, 213/13 എന്നീ നമ്പർ കേസ്സുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികളും കമ്പനികളും കൈവശംവച്ചിരിക്കുന്ന അനധികൃത ഭൂമികൾ ഒഴിപ്പിച്ചെടുക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇപ്പോഴത്തെ സ്ഥിതി എന്താണ്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അതിനാവശ്യമായ നടപടികൾക്ക് തുടക്കംകുറിച്ചിരിക്കുകയാണ്. കോടതിവിധിയെത്തുടർന്നുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, പലപ്പോഴും സ്വകാര്യ കമ്പനികളുടെ കേസ്സിൽ ഗവൺമെന്റ് വക്കീലന്മാർ സമയത്തിന് ഹാജരാകാത്തതിന്റെ ഫലമായി പല കേസ്സുകളിലും ഗവൺമെന്റ് തോൽക്കുന്നതാണ് വർഷങ്ങളായി കാണുന്ന സ്ഥിതിവിശേഷം. അത് അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അഡ്വക്കേറ്റ് ജനറൽ ഉൾപ്പെടെയുള്ളവർക്ക് സർക്കാരുമായി ബന്ധപ്പെട്ട, പ്രത്യേകിച്ച് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ വരുമ്പോൾ അതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഗവൺമെന്റ് പ്ലീഡർമാർ ഹാജരാകാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും അക്കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്തരുതെന്നും പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : ഓർഡർ... ഓർഡർ... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നെൽവയൽ തണ്ണീർത്തട സംരക്ഷണം

6 (*246) ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലഘട്ടത്തിലെ സർക്കാർ, നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനായി കൊണ്ടു വന്ന നിയമം ദുർബലപ്പെടുത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി തിരുത്തി തണ്ണീർത്തട സംരക്ഷണത്തിനായി കൈക്കൊണ്ട നടപടികൾ അറിയിക്കാമോ;

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് രൂപീകരണം പൂർത്തിയായോ; നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) വർഷങ്ങൾക്കു മുൻപ് നികത്തപ്പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതു കൊണ്ട് ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ നടപടിയെടുക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഇല്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽവന്ന തീയതിക്കുമുമ്പ്, അന്ന് നിലവിലുണ്ടായിരുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയലുകൾ നികത്തിയിട്ടുണ്ടെങ്കിൽ ആയത് ക്രമവത്കരിക്കുന്നതിനായി ടി നിയമത്തിൽ 3 എ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതാണ്. പ്രസ്തുത ഭേദഗതി ഉത്തരവ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെട്ട ഭൂമിക്ക് ബാധകമാകുന്നതല്ല.

(ബി) ഡാറ്റാ ബാങ്ക് രൂപീകരണത്തിന് വേണ്ട നടപടികൾ കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സ്വീകരിച്ചുവരുന്നു.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിനുമുമ്പ് നികത്തപ്പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്.

വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഇല്ലാത്തവർക്ക് അത്തരം ഭൂമിയിൽ വീട് വയ്ക്കുന്നതിന് 5 സെന്റ് വരെ പരിവർത്തനപ്പെടുത്താൻ അനുമതി നൽകാവുന്നതാണെന്ന് 5-2-2002-ലെ ജി.ഒ.(ആർ.റ്റി.) 157/2002/എ.ഡി. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ 22-12-2016-ലെ 46848/പി1/2016/ റവന്യൂ നമ്പർ സർക്കുലർ പ്രകാരം ഭൂവിനിയോഗ ഉത്തരവിന്റെ പരിധിയിൽ വരുന്ന ഭൂമിയിൽ വീട്‌വയ്ക്കുന്നതിന് പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റും പരിവർത്തനപ്പെടുത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

ആയതിനാൽ അപ്രകാരം ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത സാഹചര്യമില്ല.

**രജിസ്ട്രേഷൻ വകുപ്പിലെ പുതിയ സേവനങ്ങളും സൗകര്യങ്ങളും**

7 (*247) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലം പുതിയ സേവനം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതോ ഏർപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളതോ ആയ പുതിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) രജിസ്ട്രാർ ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും വ്യാപകമായുണ്ടെന്ന് ആക്ഷേപിക്കപ്പെടുന്ന അഴിമതി ഇല്ലാതാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വസ്തുകൈമാറ്റം നടത്താൻ ഉദ്ദേശിക്കുന്നവർ, നോട്ടുനിരോധനംമൂലം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ വിശദീകരിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) പുതിയ കാലം പുതിയ സേവനം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി സേവനം നൽകുന്നതിന്റെ ഭാഗമായി പല പരിഷ്കാരങ്ങളും വകുപ്പിൽ നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്ത് 315 സബ്‌രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ സംവിധാനം

വ്യാപിപ്പിച്ചു. കൂടാതെ രജിസ്ട്രേഷൻ ഫീസ് നേരിട്ട് നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കി ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കി. വകുപ്പിൽ ഇ-സ്റ്റാമ്പിംഗ്, ഇ-പേമെന്റ് സംവിധാനങ്ങളും പാർട്ണർഷിപ്പ് ഫേം, ചാരിറ്റബിൾ സൊസൈറ്റി എന്നിവ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുകയുണ്ടായി. ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ വകുപ്പിൽ ഏർപ്പെടുത്തുന്നതിനും ചിട്ടി രജിസ്ട്രേഷൻ കമ്പ്യൂട്ടർവത്കരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനായി 280 സ്കാനർ വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2010-11 സാമ്പത്തിക വർഷം മുതൽ രജിസ്ട്രേഷൻ വകുപ്പിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ ഓഫീസുകളിലും സബ്‌രജിസ്ട്രാർ ഓഫീസുകളിലുമുൾപ്പെടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 315 സബ്‌രജിസ്ട്രാർ ഓഫീസുകളിൽ 208 ഓഫീസുകൾ സർക്കാർ കെട്ടിടത്തിലും 107 ഓഫീസുകൾ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. അടുത്ത നാല് വർഷത്തിനുള്ളിൽ ബാക്കി ഓഫീസുകളുംകൂടി സർക്കാർ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രജിസ്ട്രേഷൻ വകുപ്പിൽ രജിസ്ട്രേഷൻ ഫീസ് അടവാക്കുന്നതിനായി ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 1960-ലെ കേരള മുദ്രപത്രചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 1 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള മുദ്രപത്രങ്ങൾ ആവശ്യമുള്ള ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനവും ഏർപ്പെടുത്തുകയുണ്ടായി. സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നും നൽകുന്ന സേവന പ്രദാനങ്ങൾക്ക് വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് പരമാവധി സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേയ്ക്ക് മാറ്റുകയുണ്ടായി. പൊതുജനങ്ങൾക്ക് സബ്‌രജിസ്ട്രാർ ഓഫീസിൽ പോകാതെതന്നെ ബാധ്യതാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സൗകര്യം നിലവിൽ ലഭ്യമാണ്. അതിലേയ്ക്കായി വകുപ്പിലെ ആയിരത്തോളം ജീവനക്കാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സബ്‌രജിസ്ട്രാർ ഓഫീസിൽ ഒടുക്കേണ്ട തുക ഡിമാന്റ് ഡ്രാഫ്റ്റ് മുഖേനയോ, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേനയോ ഒടുക്കുന്നതിനുള്ള സൗകര്യമുള്ളതിനാൽ നോട്ട് നിരോധനംമൂലം പൊതുജനങ്ങൾക്ക് വസ്തുകൈമാറ്റത്തിൽ ബുദ്ധിമുട്ട് നേരിടുകയുണ്ടായില്ല.

## റോഡുകൾ സംരക്ഷിച്ച് സുരക്ഷിതയാത്ര സാധ്യമാക്കുന്നതിന് നിയമം

8 (*248) ഡോ. എൻ. ജയരാജ് :
ശ്രീ. സി. എഫ്.തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ സംരക്ഷിക്കുന്നതിനും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും നിലവിൽ ഏതെങ്കിലും നിയമങ്ങൾ പ്രാബല്യത്തിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമത്തിന്റെ നിർവഹണച്ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്;

(സി) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ റോഡുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നിയമം കൂടുതൽ കർശനമാക്കുമോ എന്ന് വെളിപ്പെടുത്താമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ&ബി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകളെ സംരക്ഷിക്കുന്നതിനും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനായും സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16/പൊമവ. തീയതി 3-9-2016 പ്രകാരം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്.-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ അതോറിറ്റിയായി എക്സി. എഞ്ചിനീയർ (എൻ.എച്ച്.)-നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സി. എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും)-നേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ റോഡുകളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലാതലത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ കീഴിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായുള്ള റോഡ് സുരക്ഷാ കൗൺസിലുകളും രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ റോഡുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിയമം കൂടുതൽ കർശനമായി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സി. എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## കൃത്രിമപ്പാര് നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കൽ

9 (*249) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്രിമപ്പാര് കടലിൽ നിക്ഷേപിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ശാസ്ത്രീയമായ പഠനങ്ങൾ ഏതെങ്കിലും ഏജൻസി നടത്തിയിരുന്നോ; വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ പരമ്പരാഗത മത്സ്യമേഖലയുടെ അനുഭവ സമ്പത്ത് സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയുണ്ടായോ; എങ്കിൽ എവിടെയൊക്കെ നിക്ഷേപിച്ചു എന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ഉണ്ട്. 1994-95 വർഷത്തിൽ സി.എം.എഫ്.ആർ.ഐ. (സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകളിൽ അണ്ടർ വാട്ടർ വീഡിയോ ക്യാമറ ഉപയോഗപ്പെടുത്തി പഠനം നടത്തിയിട്ടുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് തീരദേശ വികസന കോർപ്പറേഷൻ 2012 മാർച്ചിൽ പുതിയതുറ, കരിംകുളം, പൂവ്വാർ എന്നിവിടങ്ങളിൽ നിക്ഷേപിച്ച കൃത്രിമപ്പാരുകളിൽ 2016-ൽ അണ്ടർ വാട്ടർ വീഡിയോ പഠനം നടത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ടുകൾ പ്രകാരം കൃത്രിമപ്പാരുകൾ നിക്ഷേപിച്ച സ്ഥലങ്ങളിൽ കടൽ മത്സ്യങ്ങളുടെയും മറ്റ് ജീവജാലങ്ങളുടെയും ലഭ്യതയും അവയുടെ ആവാസ സ്ഥലങ്ങളും പുനർ നിർമ്മിക്കപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നത് ടി സ്ഥലത്തുള്ള മത്സ്യഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ, ഫിഷറീസ് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനത്തിലെ പ്രതിനിധികൾ, പ്രസ്തുത സ്ഥലം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി, തീരദേശ വാർഡ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ഒരു ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ മേൽനോട്ടത്തിലാണ്.

(സി) തിരുവനന്തപുരം ജില്ലയിൽ ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2011-12, 2014-15, 2016-17 വർഷങ്ങളിൽ പുതിയതുറ, അടിമലത്തുറ, തുമ്പ, പുല്ലുവിള, കരിംകുളം, പൂവ്വാർ, മര്യനാട് എന്നീ സ്ഥലങ്ങളുടെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുണ്ട്.

## ജി.എസ്.ടി. മത്സ്യബന്ധന മേഖലയിലുണ്ടാക്കിയ പ്രത്യാഘാതം

10 (*250) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. പ്രാബല്യത്തിലായത് മത്സ്യബന്ധന മേഖലയെ ഏതെല്ലാം തരത്തിൽ ബാധിച്ചുവെന്ന് വിശദമാക്കുമോ;

(ബി) വല, ചൂണ്ട, റോപ് എന്നിവയുടെ വിലവർദ്ധനവ്മൂലം പ്രതിസന്ധിയിലായ മത്സ്യബന്ധന മേഖലയിലെ തൊഴിലാളികളുടെ ജീവിതത്തെ, ഇവയ്ക്ക് മേൽ നികുതിയേർപ്പെടുത്തിയത് എത്രത്തോളം സാരമായി ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഉണക്ക മത്സ്യത്തിന് നികുതി ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) വലയ്ക്കും റോപ്പിനും 12% നികുതി ഏർപ്പെടുത്തുകയുണ്ടായി. വലയ്ക്ക് നികുതിയുണ്ടായിരുന്നില്ല. വള്ളങ്ങളിൽ ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് നിലവിൽ ജി.എസ്.ടി.-യിൽ 28% നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. എഞ്ചിനുകൾക്ക് നിലവിലുണ്ടായിരുന്ന 14.5% നികുതി (VAT) 28% ആയി ഉയർത്തിയതുവഴി നികുതിയിൽ 13.5%-ന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് തീരദേശ വികസന കോർപ്പറേഷൻ മുഖേന ചെയ്യുന്ന മരാമത്ത് പണികൾക്ക് 18% ജി.എസ്.ടി. അധികമായി കരാറുകാർക്ക് നൽകേണ്ടിവരുന്നുണ്ട്.

(ബി) വല, ചൂണ്ട, റോപ്പ് എന്നിവയ്ക്ക് ജി.എസ്.ടി. ഏർപ്പെടുത്തിയതുമൂലം പ്രത്യക്ഷത്തിൽ വില വർദ്ധനവ് അനുഭവപ്പെടുന്നുണ്ട്. എന്നാൽ വല, ചൂണ്ട, റോപ്പ് തുടങ്ങിയവ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ വാങ്ങുന്ന ഘട്ടത്തിൽ നൽകേണ്ടിവരുന്ന ടാക്സ് അന്തിമ ഘട്ടത്തിലുള്ള ഉത്പന്നത്തിന് ചുമത്തിയ ടാക്സിൽനിന്നും കുറവ് ചെയ്യുന്നതാണ് ജി.എസ്.ടി.-യുടെ രീതി. ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ തുടക്കമായതിനാൽ അന്തിമ

ഉത്പന്നങ്ങളിന്മേലുള്ള നികുതി കുറവുചെയ്യുന്നതിന് സ്വാഭാവികമായും കാലതാമസം വരുന്നതാണ്. നിലവിൽ നികുതി കുറവ് ചെയ്യാതെയാണ് വില്പന നടത്തിവരുന്നത്. ഇത് താത്കാലികമായ വിലവർദ്ധനവിന് ഇടയാക്കുന്നുണ്ട്. എന്നാൽ പിന്നീട് ബില്ല് ഹാജരാക്കുന്ന മുറയ്ക്ക് ഉപഭോക്താക്കൾക്ക് അധികമായി നൽകിയ നികുതി അവകാശപ്പെടാവുന്നതാണ്.

(സി) ഉണക്ക മത്സ്യത്തിന് 5% നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തീരമൈത്രി പദ്ധതിയിൽ ഗ്രൂപ്പുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളെ സംസ്ഥാന ഗവൺമെന്റ് പോയിന്റ് ഓഫ് സെയിലിൽ നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

11 (*251) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ മാർക്കറ്റുകൾ നവീകരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ;

(സി) മൂല്യ വർദ്ധിത മത്സ്യ ഉല്പന്നങ്ങളുടെ പ്രചാരത്തിനായി മുൻകൈയെടുക്കുമോ; കഴിക്കാൻ പാകത്തിൽ തയ്യാറാക്കിയ മത്സ്യവിഭവങ്ങൾ (Ready to eat fish food products) വിപണനം നടത്തുന്നതിനായി എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ട്; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയും കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയും KIIFB-യുടെ ധനസഹായത്തോടെയും മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീരദേശ കോർപ്പറേഷൻ മുഖേന, പിടിക്കുന്ന മത്സ്യം കേടുകൂടാതെ കരയിൽ എത്തിക്കുന്നതിനായി വള്ളങ്ങളിൽ ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി, ലാന്റിംഗ് സെന്ററിൽ എത്തുന്ന മത്സ്യം വൃത്തിയുള്ള സാഹചര്യത്തിൽ ലേലം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും ശീതീകരണ സംവിധാനമുള്ള ലേലഹാളുകൾ, പുതുമ നഷ്ടപ്പെടാതെ മത്സ്യം ഉപഭോക്താക്കളിലെത്തിക്കുന്നതിനായി ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ, ശുചിത്വവും വൃത്തിയും ഉറപ്പുവരുത്തുന്നതിനും ശീതീകരണ സൗകര്യങ്ങൾ ഉള്ളതുമായ ആധുനിക മത്സ്യമാർക്കറ്റുകളുടെ ശൃംഖല എന്നിവ നടപ്പിലാക്കിവരുന്നു.

(സി) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങളും ലഭ്യമാക്കുക എന്നീ ലക്ഷ്യത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊല്ലത്ത് ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിൽ കോമൺ പ്രോസസിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് മൂല്യവർദ്ധിത ഉണക്കമത്സ്യ ഉത്പന്നങ്ങളും 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യവിഭവങ്ങളും മത്സ്യത്തൊഴിലാളി സ്ത്രീകളെ ഉൾപ്പെടുത്തി തയ്യാറാക്കി വിപണനം നടത്തിവരുന്നു. മൂല്യവർദ്ധിത ഉത്പന്നങ്ങളായ അച്ചാറുകൾ, മീൻ കട്ലറ്റുകൾ, Ready to eat, Ready to cook ഉത്പന്നങ്ങൾ എന്നിവ മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് വഴി ഉണ്ടാക്കി മത്സ്യഫെഡ് ഫിഷ് ബൂത്തുകൾവഴി വിപണനം ചെയ്തുവരുന്നു. സാഫ് മുഖേന മൂല്യവർദ്ധിത മത്സ്യഉത്പന്നങ്ങൾ മത്സ്യത്തൊഴിലാളി വനിത ഗ്രൂപ്പുകൾവഴി ഉണ്ടാക്കി വിപണനം ചെയ്തുവരുന്നു. സാഫ് നടപ്പാക്കിവരുന്ന സീ ഫുഡ് കിച്ചൺ പദ്ധതിയിൽ കഴിക്കാൻ പാകത്തിലുള്ള മത്സ്യ വിഭവങ്ങൾ (Ready to eat fish food products) ലഭ്യമാണ്. സീ ഫുഡ് കിച്ചൺ യൂണിറ്റ് ആരംഭിക്കുന്നതിന് 6 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങിയ ഗ്രൂപ്പിന് 6 ലക്ഷം രൂപവരെ ധനസഹായവും മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന യൂണിറ്റുകൾ ആരംഭിക്കാൻ ഒരംഗത്തിന് പരമാവധി 50000 രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതിയും സാഫ്വഴി നടപ്പിലാക്കിവരുന്നു.

## സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതി

12 (*252) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് സർവ്വകലാശാലകൾക്ക് നൽകാനുദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ സർവ്വകലാശാലകളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ 'ഇന്റർനാഷണൽ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29-4-2017-ലെ സ.ഉ. (സാധാ) 807/2017/ ഉ.വി.വ പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

മറ്റ് സർവ്വകലാശാലകളെ 'ഇന്റർനാഷണൽ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പദ്ധതികൾക്കാണ് നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ളത്. മറ്റ് സർവ്വകലാശാലകളിൽനിന്നുകൂടി വിശദമായ പദ്ധതി രേഖ ലഭിച്ചതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളെയും മികവിന്റെ കേന്ദ്രങ്ങളാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നടപടി

13 (*253) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകളും ഗുണനിലവാരമില്ലായ്മയും കണ്ടുപിടിക്കുന്നതിന് വിജിലൻസ് വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ&ബി) പൊതുമരാമത്ത് വകുപ്പിലെ മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടു കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാരം first time ചെയ്യുന്നതിന് ജോലി പുരോഗമിക്കുന്ന വേളയിൽ സൈറ്റിൽ ലാബ് കരാറുകാരൻതന്നെ ഉണ്ടാകണമെന്ന് നിർബന്ധമാക്കിയിരുന്നു. രണ്ടാംഘട്ട ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും വകുപ്പിന്റെ നേതൃത്വത്തിൽ ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റുകൾ ലഭിച്ചാൽ മാത്രം ബിൽ പാസ്സാക്കുന്നതും നിർബന്ധമാക്കിയിട്ടുണ്ട്. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരിശോധനകൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി 2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ മൂന്ന് തരത്തിലുള്ള പരിശോധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധന നിർമ്മാണ പ്രവൃത്തികളുടെ ചുമതലയുള്ള ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും രണ്ടാംഘട്ട ഗുണനിലവാര

പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാന്റമായി പരിശോധിക്കുകയും പരിശോധനാ റിപ്പോർട്ട് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. ഇതുകൂടാതെ 5 കോടി രൂപയ്ക്ക് മുകളിലുള്ള നിർമ്മാണ പ്രവൃത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ധരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നു. ജി.ഒ. (എം.എസ്.) 24/2017/പൊമവ. തീയതി 10-4-2017 പ്രകാരം തിരുവനന്തപുരം ജില്ലയിൽ റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബ് രൂപീകരിക്കുവാനും അംഗീകാരം നൽകിയിട്ടുണ്ട്. എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ ലാബുകൾ നിലവിലുണ്ട്. മൂന്ന് റീജിയണൽ ലാബുകളിലും ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തെ സംബന്ധിച്ചിടത്തോളം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ടൂ-ടയർ ക്വാളിറ്റി കൺട്രോൾ (two tier quality control) സിസ്റ്റം നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷനിൽ പ്രവർത്തിച്ചുവരുന്ന അസി. എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തിയുടെ ഗുണനിലവാര പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കുകയും ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. പരിശോധനാഫലം ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും ചെയ്യാറുണ്ട്.

ദേശീയപാത വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രോക്യൂമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കൂടാതെ ഇ.പി.സി. വ്യവസ്ഥയിൽ നടത്തിവരുന്ന പ്രവൃത്തികളുടെ പരിപാലന കാലയളവ് നാല് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വില്ലേജ് ഓഫീസുകളെ ജനകീയ പങ്കാളിത്തത്തോടെ ജനസൗഹൃദമാക്കാൻ നടപടി

14 (*254) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ പങ്കാളിത്തത്തോടെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ കാര്യാലയങ്ങളാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കുമോ;

(ബി) റവന്യൂവകുപ്പിൽനിന്ന് നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അഴിമതി നടത്തിയതിന്റെ പേരിൽ എത്ര വില്ലേജ് ഓഫീസ് ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്തത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) നിലവിൽ ഇ-ഡിസ്ട്രിക്ട് സംവിധാനംവഴി റവന്യൂ വകുപ്പിൽനിന്നും അനുവദിക്കുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നുണ്ട്. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഉൾപ്പെടെ വകുപ്പിൽനിന്നും നൽകി വരുന്ന ബാക്കി സർട്ടിഫിക്കറ്റുകൾകൂടി ഘട്ടംഘട്ടമായി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം അഴിമതി നടത്തിയതിന്റെ പേരിൽ 46 ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## മത്സ്യവിത്തിന്റെ ഗുണനിലവാരം

15 (*255) ശ്രീ. എം. നൗഷാദ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി മത്സ്യ വിത്തുകേന്ദ്രം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) തദ്ദേശീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശീയ മത്സ്യകുഞ്ഞുല്പാദനത്തിന് പ്രത്യേക ഹാച്ചറികൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊതുമേഖലയിൽ മത്സ്യത്തീറ്റ നിർമ്മാണശാല ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ഉണ്ട്. 2014-ലെ കേരള മത്സ്യവിത്ത് ആക്ട് (2015-ലെ 4-ാം ആക്ട്) പ്രകാരം കൊല്ലം ആസ്ഥാനമായി സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ധനും ആറ് അംഗങ്ങളും ചേർന്നതാണ് സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം.

(ബി) തദ്ദേശീയ മത്സ്യവിത്തുത്പാദനത്തിന് മാത്രമായി പ്രത്യേകം ഹാച്ചറികൾ സ്ഥാപിച്ചിട്ടില്ല. തദ്ദേശീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യവിത്തുത്പാദനത്തിന് ഉതകുന്ന രീതിയിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർ (344 ലക്ഷം), പത്തനംതിട്ട ജില്ലയിലെ പോളച്ചിറ (500 ലക്ഷം), തൃശ്ശൂർ ജില്ലയിലെ പീച്ചി (284 ലക്ഷം), കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ (393 ലക്ഷം), കോട്ടയം ജില്ലയിലെ പള്ളം (203 ലക്ഷം) എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വരാൽ, മുഷി, കാരി, അനബാസ് (കറൂപ്പ്), കരിമീൻ എന്നീ തദ്ദേശീയ മത്സ്യഇനങ്ങളുടെ ഉത്പാദനത്തിന് പ്രാപ്തമാക്കുകയും ഇവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രജനനവും മത്സ്യവിത്തുത്പാദനവും വിജയകരമായി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിത്തുത്പാദനം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയാണ്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം 25-11-2016- ലെ സ.ഉ.(സാധാ) നമ്പർ 828/2016/മതുവ. ഉത്തരവ് പ്രകാരം ആയിരംതെങ്ങിൽ ഒരു മത്സ്യത്തീറ്റ നിർമ്മാണശാല കേരള ജലകൃഷി വികസന ഏജൻസി (അഡാക്ക്) വഴി സ്ഥാപിക്കുന്നതിന് 583 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## വസ്തുക്കരം ഓൺലൈനായി അടയ്ക്കുന്നതിലെ പ്രശ്നങ്ങൾ

16 (*256) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തുകരം ഫ്രണ്ട്സ്, അക്ഷയ കേന്ദ്രങ്ങൾ എന്നിവവഴി അടയ്ക്കുമ്പോൾ ഉണ്ടാകുന്ന സോഫ്റ്റ് വെയർ പ്രശ്നം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കാമോ; പ്രസ്തുത വിവരങ്ങൾ യഥാസമയം വില്ലേജ് രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) വില്ലേജ് ഓഫീസുകൾവഴി ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതുമായ പ്രവർത്തനങ്ങൾ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ തടസ്സപ്പെടുന്ന കാര്യം പരിശോധിക്കുമോ;

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ നടപ്പിലാക്കിയിരിക്കുന്നത് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനാണ്. പ്രസ്തുത സോഫ്റ്റ്വെയറിന്റെ പരിപാലനവും പുതുക്കലും പ്രശ്നപരിഹാരവും നിർവ്വഹിക്കുന്നതും ടി സ്ഥാപനം തന്നെയാണ്. 2012 മുതൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾവഴി വസ്തുക്കരം സ്വീകരിക്കുന്നില്ല. ആയതിന് പകരമായി റവന്യൂ വകുപ്പ് നടപ്പിലാക്കിവരുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതിയുടെ ഭാഗമായി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയ വില്ലേജുകളിൽ ഓൺലൈനായി ഭൂനികുതി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സൗകര്യം റവന്യൂ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ഒടുക്കുന്ന നികുതി തത്സമയം ബന്ധപ്പെട്ട വില്ലേജ് രജിസ്റ്ററിലും ഓൺലൈനായി അപ്ഡേറ്റ് ചെയ്യപ്പെടും. ഇതിനായി ഉപയോഗിക്കുന്ന റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ്വെയറിൽ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടാകുന്നപക്ഷം ആയത് പരിഹരിക്കുന്നതിന് ടി സോഫ്റ്റ്വെയർ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു.:-

| | | |
|---|---|---|
| വില്ലേജ് ഓഫീസർ | - | 1 |
| സ്പെഷ്യൽ വില്ലേജ് ഓഫീസർ | - | 1 |
| വില്ലേജ് അസിസ്റ്റന്റ് | - | 1 |
| വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | - | 2 |
| പി.റ്റി.എസ്. | - | 1 |

അധിക ജോലിഭാരമുള്ള കസബ ഗ്രൂപ്പ് വില്ലേജുകളിൽ ആവശ്യമുള്ളപക്ഷം മേൽപ്പറഞ്ഞതിൽനിന്നും അധികമായി ഒരു എസ്.വി.ഒ. അല്ലെങ്കിൽ വി.എ. തസ്തികയിലുള്ള ജീവനക്കാരെ നിയമിച്ച് വില്ലേജിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും അടിയന്തര സ്വഭാവമുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാനുമുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഒരു പഠനം നടത്തുകയും വില്ലേജുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ടെത്തി ജോലിഭാരം കൂടുതലുള്ള വില്ലേജുകളിൽ അധികമായി ഒരു തസ്തിക സൃഷ്ടിക്കാൻ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒമ്പതാം ശമ്പള പരിഷ്കരണ കമ്മീഷൻ വില്ലേജുകളിൽ ഒരു എസ്.വി.ഒ./വി.എ. തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യതകളുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

## റീസർവ്വേ നടപടികളുടെ പുരോഗതി

17 (*257) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ സർവ്വെ നടപടികൾ പകുതി പോലും പൂർത്തിയാകാത്ത സാഹചര്യത്തിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് സ്വകാര്യ ഏജൻസികളുടെ സഹായം തേടുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് ആസൂത്രണബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ റീ സർവ്വെ നടപടികൾ എത്ര വില്ലേജുകളിൽ പൂർത്തിയായെന്ന് വ്യക്തമാക്കാമോ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ആരംഭിച്ച റീ സർവ്വെ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) റീ സർവ്വെ സംബന്ധിച്ച് ലഭിച്ച പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ സ്വകാര്യ ഏജൻസികളുമായി പങ്കുവയ്ക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഇല്ല.

(ബി) 885 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളിൽ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്., ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് പൂർണ്ണ ജനപങ്കാളിത്തത്തോടെ കുറ്റമറ്റരീതിയിൽ ഫീൽഡ് ജോലികൾ പൂർത്തിയാക്കി ജൂൺ മാസത്തിൽ സർവ്വെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. ഇതുസംബന്ധിച്ച പരാതികൾ ഭൂവുടമകളിൽനിന്ന് സ്വീകരിച്ച് അത് പരിശോധിച്ച് നടപടികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. റീസർവ്വേ കഴിഞ്ഞ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ താലൂക്കുകളിൽ എൽ.ആർ.എം. സംവിധാനംവഴി നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഇല്ല.

**പാലങ്ങളുടെ വിവരശേഖരണവും സാങ്കേതിക പരിശോധനയും**

18 (*258) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏനാത്ത് പാലം തകർന്നതിനെത്തുടർന്ന് സംസ്ഥാനത്തെ പാലങ്ങളുടെ വിവരശേഖരണവും സാങ്കേതിക പരിശോധനയും നടത്തിയിരുന്നോ; വിശദാംശം നൽകുമോ; ഇതിനായി വിദഗ്ദ്ധരുടെ സ്ഥിരം സംഘത്തെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സാങ്കേതിക പരിശോധനയിൽ അപകടാവസ്ഥയിലാണെന്ന് കണ്ടെത്തിയിട്ടുള്ള പാലങ്ങൾ എത്രയാണെന്നും അവ അടിയന്തരമായി പൊളിച്ചുമാറ്റി പുനർനിർമ്മിക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇവയിൽ നിർമ്മാണത്തകരാറുകൊണ്ട് അപകടാവസ്ഥയിലായവയുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) നിരവധി സ്ഥലങ്ങളിൽ ഗതാഗതക്കുരുക്കിന് കാരണം വീതികുറഞ്ഞ പാലങ്ങളായതിനാൽ അവയുടെ വീതികൂട്ടുന്നതിന് നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) ഏനാത്ത് പാലത്തിനുണ്ടായ ബലക്ഷയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പാലങ്ങളുടെ സ്ഥിതി സംബന്ധിച്ചുള്ള വിവരശേഖരണവും സാങ്കേതിക പരിശോധനയും നടത്തിയിട്ടുണ്ട്. പ്രാഥമിക പരിശോധന അതാത് പൊതുമരാമത്ത് വകുപ്പ് ബ്രിഡ്ജസ് വിഭാഗം നടത്തി. ഇതിനെത്തുടർന്ന് ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ചെയർമാനായി പാലങ്ങളുടെ നിർമ്മാണത്തിൽ പ്രാഗത്ഭ്യമുള്ള സർക്കാർ സർവ്വീസിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുകയും ഈ കമ്മിറ്റികൾ വീണ്ടും പാലങ്ങളുടെ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിലുള്ള പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പാലങ്ങളും ആറ് മാസത്തിലൊരിക്കൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തലത്തിലും വർഷത്തിലൊരിക്കൽ എക്സിക്യൂട്ടിവ് എഞ്ചിനീയർമാരുടെ തലത്തിലും പരിശോധന നടത്തി ഉറപ്പ് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു സ്ഥിരം സംഘത്തെ നിയമിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കേരളത്തിന്റെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടെയും ഇൻവെന്ററി സർവ്വേയും പ്രീ മൺസൂൺ ആന്റ് പോസ്റ്റ് മൺസൂൺ കണ്ടീഷൻ സർവ്വേയും നടത്താൻ എസ്.എൻ. ബോബ് ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടന്റുമായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ സർവ്വേ പ്രകാരം ലഭിച്ച വിവരങ്ങൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് കീഴിലുള്ള IBMS എന്ന സംവിധാനത്തിലൂടെ ആവശ്യമായ റേറ്റിംഗ് നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പാലങ്ങൾക്കാവശ്യമായ പുനരുദ്ധാരണം, പുതിയ നിർമ്മാണം എന്നിവ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) സാങ്കേതിക പരിശോധനയിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ വരുന്ന 2249 പാലങ്ങളിൽ 158 പാലങ്ങൾ പുനർനിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പൊളിച്ചുപണിയേണ്ട പാലങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാലങ്ങളുടെ പരിശോധന നടത്തിയതിൽ നിർമ്മാണ തകരാറുകൊണ്ട് അപകടാവ സ്ഥയിലായവ ഉണ്ടെന്ന് കണ്ടെത്തിയിട്ടില്ല.

സംസ്ഥാനത്ത് ദേശീയപാതകളിൽ 246 പാലങ്ങളാണ് നിലവിലുള്ളത്. പ്രസ്തുത സാങ്കേതിക പരിശോധന പ്രകാരം ദേശീയപാത 49 (പുതിയ എൻ.എച്ച്. 85)-ലെ പെരുമറ്റം പാലം അടിയന്തരമായി പുനരുദ്ധാരണം നടത്തേണ്ടതുണ്ട്. പ്രസ്തുത പാലത്തിന്റെ പുനരുദ്ധാരണം ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണ തകരാർകൊണ്ട് അപകടാവസ്ഥയിലായ പാലങ്ങൾ ഒന്നുംതന്നെയില്ല.

(സി) നിരവധി സ്ഥലങ്ങളിൽ ഗതാഗതക്കുരുക്കിന് കാരണം ഒരു പരിധിവരെ വീതി കുറഞ്ഞ പാലങ്ങളാണ്. അവയുടെ വീതി കൂട്ടുന്നകാര്യം പരിശോധിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിൽ പുതുതായി നിർമ്മിക്കുന്ന പാലങ്ങൾ വീതി കൂട്ടിയാണ് നിർമ്മിച്ചുവരുന്നത്.

ദേശീയപാത 208 (പുതിയ എൻ.എച്ച്. 744)-ലെ മുരുകൻ പാഞ്ചാൽ, കഴുത്തുരുത്തി പാലങ്ങൾ വീതി കുറഞ്ഞവയായതിനാൽ ഇവ വീതി കൂട്ടുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ദേശീയപാതകളുടെ വീതി കൂട്ടുന്നതനുസരിച്ച് സമാന്തരപാലങ്ങളുടെ നിർമ്മാണവും നടത്താറുണ്ട്. പുതിയതായി പ്രഖ്യാപിക്കുന്ന ദേശീയപാതകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും ബ്രിഡ്ജ് എക്സ്പർട്ടിന്റെ അഭിപ്രായപ്രകാരം വേണ്ടുന്ന ഭാഗങ്ങളിൽ പാലങ്ങൾ പുനർനിർമ്മിക്കുകയോ വീതി കൂട്ടുകയോ ചെയ്യാറുണ്ട്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ ഒരു ഡസനോളം പാലങ്ങൾ വീതി കൂട്ടി പണിയുന്നുണ്ട്. അമ്പലപ്പുഴ-തിരുവല്ല റോഡിലെ ഒരു ഡസനിലേറെ പാലങ്ങളും വീതി കൂട്ടി പണിതുവരുന്നു. സംസ്ഥാനത്തൊട്ടാകെ പടിപടിയായി ഇങ്ങനെ നിരവധി പാലങ്ങൾ പുനർനിർമ്മിക്കേണ്ടതുണ്ട്. അടിയന്തരമായി പുനർനിർമ്മിക്കേണ്ട 158 പാലങ്ങളും 300-ൽപ്പരം കലുങ്കുകളും ഉണ്ട്. അതിനായി 5000 കോടി രൂപ ആവശ്യമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം

19 (*259) ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ ദുരന്തങ്ങളുണ്ടായാൽ അടിയന്തരമായി പ്രതികരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കുമോ;

(ബി) ദുരന്തം നേരിടുന്നതിനുള്ള പ്രതിരോധ-പ്രതികരണശേഷി വർദ്ധിപ്പിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട മേൽനോട്ട കമ്മിറ്റി (Crisis Management Committee for Natural Hazards), മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട മേൽനോട്ട കമ്മിറ്റി (Crisis Management Committee for Anthropogenic Hazards), ക്വാറികളിൽ ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുന്നതിന് അടിയന്തരഘട്ട മേൽനോട്ട കമ്മിറ്റി (Crisis Management Committee for Mitigation of Disasters in Mines), സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ, വരൾച്ചാ നിരീക്ഷണ സെൽ, ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ഉൾക്കൊള്ളിച്ച എമർജൻസി സപ്പോർട്സ് ഫങ്ഷൻസ് പ്ലാൻ (Emergency Supports Functions Plan), സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സ് (Standard Operating Procedures), ദേശീയ ദുരന്ത പ്രതികരണ സേനയുടെ (National Disaster Response Force) പ്രാദേശിക പ്രതികരണ കേന്ദ്രം എന്നിവ പ്രവർത്തിച്ചുവരുന്നു. അംഗപരിമിതർക്കും ഭിന്നശേഷിക്കാർക്കും ദുരന്ത പ്രതികരണത്തിൽ പ്രത്യേക പരിശീലനത്തിനായി ഇന്ത്യയിൽത്തന്നെ ആദ്യമായി കൈപ്പുസ്തകം, ബ്രയിൽ ലിപിയിൽ ഉള്ള ബ്രോഷറുകൾ, ആംഗ്യ ഭാഷയിലുള്ള വീഡിയോ ബ്രോഷറുകൾ എന്നിവ സൃഷ്ടിക്കുകയും പരിശീലകർക്കുള്ള പരിശീലനം നടത്തുകയും ചെയ്തു.

സംസ്ഥാനതലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, സാധ്യമായവയുടെ മുന്നറിവ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ റവന്യൂ - ദുരന്ത നിവാരണ വകുപ്പിന് കീഴിൽ സംസ്ഥാന അടിയന്തര ഘട്ട കാര്യനിർവ്വഹണ കേന്ദ്രം നിർവ്വഹിച്ചുവരുന്നു. ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. വയനാട്, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും ദേശീയ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി സാറ്റലൈറ്റ് ഫോൺ വഴി ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ദേശീയതലത്തിൽ തന്നെ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പ്രധാനപ്പെട്ട രണ്ട് ശില്പശാലകൾ കേരളത്തിൽ നടത്തി. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി കേരളത്തിൽവച്ച് ദേശീയ ജനക്കൂട്ട നിയന്ത്രണ മാനദണ്ഡ പരിഷ്കരണ ശില്പശാല (11-12 July 2017) സംഘടിപ്പിക്കുകയുണ്ടായി. കുഴലീകൃത മണ്ണൊലിപ്പ് (Soil Piping) സംബന്ധിച്ച് കേന്ദ്ര ഭൗമ ശാസ്ത്ര പഠനകേന്ദ്രവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് ഒരു ദേശീയ ശിൽപ്പശാല 4-5 July 2017-ന് സംഘടിപ്പിച്ചു. ഈ ശിൽപ്പശാലയിൽ 24 സംസ്ഥാനങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ പങ്കെടുത്തു. ജനപ്രതിനിധികളുടെ ദുരന്ത തയ്യാറെടുപ്പ്-പ്രതിരോധ-പ്രതികരണശേഷി വർദ്ധിപ്പിക്കുന്നതിനായി നിയമസഭയിൽ 14-3-2017-നും മറ്റ് തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലും അവബോധ പരിപാടികൾ സംഘടിപ്പിച്ചു. ദേശീയ ദുരന്ത പ്രതികരണ സേനയുടെ പങ്കാളിത്തത്തോടെ കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ മോക്ക്ഡ്രിൽ സംഘടിപ്പിച്ചു.

(സി) ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ ഓരോ ജില്ലയിലും ഒരു സാങ്കേതിക വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രത്യേക അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കി. നിലവിൽ വയനാട്, കോഴിക്കോട്, എറണാകുളം, കൊല്ലം ജില്ലകളിൽ ഓരോ സാങ്കേതിക വിദഗ്ദ്ധരും സംസ്ഥാന അതോറിറ്റിയിൽ മൂന്നുപേരും ഈ പദ്ധതി പ്രകാരം സേവനം നൽകിവരുന്നു. മറ്റ് സംസ്ഥാനങ്ങൾക്ക് ചില ജില്ലകളിൽ മാത്രം അനുവദിച്ച ഈ പദ്ധതി കേരളത്തിൽ മാത്രമാണ് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ അനുമതി ലഭിച്ചത്. ഇതിനായി 94.4 ലക്ഷം രൂപ ലഭ്യമാക്കി. 2011-2017 കാലഘട്ടത്തിൽ ഏകദേശം 7.05 കോടി രൂപ ദുരന്ത തയ്യാറെടുപ്പ് പ്രവർത്തികൾക്കായി മാത്രം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ അതോറിറ്റികൾക്ക് നൽകിയിട്ടുണ്ട്. നഗര

കേന്ദ്രീകൃത ദുരന്ത പ്രതികരണ ശേഷി വർദ്ധിപ്പിക്കുവാൻ നഗരസഭകളുടെ ശാക്തീകരണത്തിനായി 57,99,000 രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ധനസഹായം അനുവദിച്ചു. കേന്ദ്ര സഹായത്തോടെ 'അപതാ മിത്ര' എന്ന പ്രോജക്ട് കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹ്യാധിഷ്ഠിത ദുരന്ത ലഘൂകരണസേന രൂപീകരിക്കുവാനായി 22 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ കൂടാതെ വില്ലേജുതല പദ്ധതികളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്.

## കേരളത്തിന്റെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്ന നടപടികൾ

20 (*260) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ കേരളത്തോട് കാണിക്കുന്ന അവഗണനയുടെ പ്രതിഫലനമെന്നോണം 2008-ൽ പ്രഖ്യാപിച്ചതും സംസ്ഥാന സർക്കാർ പൂർണ്ണമായും സ്ഥലം ഏറ്റെടുത്ത് നൽകിയതുമായ കോച്ച് ഫാക്ടറി കഞ്ചിക്കോട് നിന്നും ഹരിയാനയിലേക്ക് മാറ്റാനുള്ള നീക്കത്തിൽനിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽനിന്ന് റെയിൽവേ പിൻമാറിയതിനെ തുടർന്ന് സംസ്ഥാന സർക്കാർ റെയിൽവേയുമായി ചേർന്ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സംയുക്ത സംരംഭം ആരംഭിച്ചെങ്കിലും, വികസന കാര്യത്തിൽ തീരുമാനമെടുക്കേണ്ട ഓഫീസുകൾ മറ്റ് സംസ്ഥാനങ്ങളിലായതിനാൽ പശ്ചാത്തല സൗകര്യവികസനരംഗത്തും അവഗണന നേരിടേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) കോഴിക്കോട് റെയിൽവേ സ്റ്റേഷൻ സ്വകാര്യവത്കരിക്കാൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കം തടയാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. ഏകദേശം 1215 കോടി രൂപ ചെലവിൽ പാലക്കാട് ജില്ലയിൽ 430.59 ഏക്കർ സ്ഥലത്ത് പദ്ധതി തുടങ്ങാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ 28-1-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 35/2012/റവ നമ്പർ പ്രകാരം ഉത്തരവായിരുന്നു. നാഷണൽ അലുമിനിയം കമ്പനി (NALCO)-യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്കുവേണ്ടിയുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തവും ഉണ്ടാകണമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. PPP മോഡൽ വഴിയായി 26% ഓഹരി പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്ന് പിന്നീട് റെയിൽവേ അധികാരികൾ അറിയിച്ചു. പാലക്കാട് കോച്ച് ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച മറ്റ് ഫാക്ടറികൾ പ്രവർത്തിച്ചു തുടങ്ങിയ സാഹചര്യത്തിലും ഹരിയാനയിലെ 161.48 ഏക്കർ സ്ഥലത്തേയ്ക്ക് പ്രസ്തുത ഫാക്ടറി മാറ്റാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും കഞ്ചിക്കോടിലെ റെയിൽവേയ്ക്ക് കൈമാറിയ സ്ഥലത്തെപ്പറ്റിയുള്ള അവ്യക്തതകൾ നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി.

(ബി) ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്), തലശ്ശേരി-മൈസൂർ പാത, അങ്കമാലി-ശബരി പാത, ഗുരുവായൂർ-തിരുനാവായ പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്നീ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിക്കും ഇതുസംബന്ധിച്ച് കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിക്ക് ഇതുസംബന്ധിച്ച് കത്തയച്ചിട്ടുണ്ട്.

(സി) പി.പി.പി. മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവേ

സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് 8-2-2017-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 51/2017/ഗതാ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യവത്കരിക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത നീക്കം പാർക്കിംഗ് ചാർജ്ജിലെ വർദ്ധനവുൾപ്പെടെ സാധാരണക്കാരെ ചൂഷണം ചെയ്യുന്ന കാര്യങ്ങൾക്ക് ഇടയാക്കുമെന്നതിനാൽ ആയത് ഒഴിവാക്കണെമെന്നും ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

## സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

21 (*261) ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി പ്രകാരം ഇതിനകം എത്ര സ്കൂളുകൾക്ക് സഹായം അനുവദിച്ചു;

(ബി) എന്തൊക്കെ ഭൗതിക സൗകര്യങ്ങളാണ് പ്രസ്തുത സ്കൂളുകളിൽ ഏർപ്പെടുത്തുന്നത്;

(സി) ഇരുനൂറ് വർഷം പിന്നിട്ട ഏഴ് പൈതൃക സ്കൂളുകൾക്ക് എന്തൊക്കെ പ്രത്യേക പരിഗണനകളാണ് നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) കിഫ്ബിയിൽനിന്നും ഈ പദ്ധതിക്ക് ഇതിനകം എന്തുതുക ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വിവിധ സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിവരുന്നു. ആയതിന് 'കിഫ്ബി'യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ധനസഹായം അനുവദിക്കുന്നതാണ്.

(ബി) ഓരോ സ്കൂളും സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുകൂടി പരിഗണിച്ചുകൊണ്ട് തയ്യാറാക്കുന്ന ശാസ്ത്രീയമായ മാസ്റ്റർ പ്ലാനിന്റെയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ആവശ്യകതയ്ക്കനുസരിച്ച് കെട്ടിടങ്ങളുടെ നവീകരണം/നിർമ്മാണം, ലബോറട്ടറി/ലൈബ്രറി കെട്ടിടങ്ങളുടെ നവീകരണം/നിർമ്മാണം, കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിനായി കളിസ്ഥലത്തിന്റെ ലഭ്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, പഠനം കൂടുതൽ അനുഭവവേദ്യമാക്കുന്നതിലേയ്ക്കായി ഡിജിറ്റൽ ക്ലാസ് മുറികൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യമൊരുക്കുക, ശുചിമുറികൾ നിർമ്മിക്കുക തുടങ്ങിയ ഭൗതിക സാഹചര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) 200 വർഷം പിന്നിട്ട ഏഴ് പൈതൃക സ്കൂളുകൾക്ക് പ്രസ്തുത സ്കൂളുകളുടെ പൈതൃക സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ ഓരോ സ്കൂളും സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുകൂടി പരിഗണിച്ചുകൊണ്ട് ആവശ്യകത മുൻനിർത്തി തയ്യാറാക്കുന്ന ശാസ്ത്രീയമായ മാസ്റ്റർപ്ലാനിന്റെയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിവിധ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ടി പദ്ധതിക്കായി നിലവിൽ 'കിഫ്ബി'യിൽനിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

**കോവളം കൊട്ടാരവും അനുബന്ധ ഭൂമിയും കൈമാറിയ നടപടി**

22 (*262) <u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കൊട്ടാരവും അനുബന്ധഭൂമിയും ഐ.റ്റി.ഡി.സി.-ക്ക് കൈമാറുമ്പോൾ ഉടമസ്ഥാവകാശം കൈമാറിയിരുന്നോ; കൈമാറ്റ വ്യവസ്ഥ നിശ്ചയിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) നിയമപരമായി ഉടമസ്ഥാവകാശം കൈമാറാതിരുന്ന ഭൂമി, നിയമവിരുദ്ധമായി പോക്കുവരവ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിൽ അതു റദ്ദുചെയ്യുന്നത് സംബന്ധിച്ച നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഉടമാവകാശം നിയമാനുസൃതം സർക്കാർ കൈമാറാത്ത ഭൂമിയും കൊട്ടാരവും ഐ.റ്റി.ഡി.സി. ഡിസ്ഇൻവെസ്റ്റ് ചെയ്തപ്പോൾ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന ഉടമാവകാശത്തെക്കുറിച്ച് കേന്ദ്ര സർക്കാരിനെ സംസ്ഥാനസർക്കാർ അറിയിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) 18-7-1970-ലെ G.O.(MS) 242/1970/PD പ്രകാരം (അനുബന്ധമായി ചേർക്കുന്നു*) കോവളം കൊട്ടാരവും അനുബന്ധ ഭൂമിയും അതിന്റെ കൈമാറ്റ വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കുന്നതാണെന്ന നിബന്ധനയിൽ കൈവശാവകാശം കേന്ദ്ര സർക്കാരിന്റെ വിനോദ സഞ്ചാര വകുപ്പിന് കൈമാറി നൽകുകയായിരുന്നു. ഇതിനെത്തുടർന്ന് 22-10-1970-ലെ G.O.(MS) 357/1970/PD (അനുബന്ധമായി ചേർക്കുന്നു*), 18-4-1972-ലെ G.O.(MS) 145/72/PD (അനുബന്ധമായി ചേർക്കുന്നു*) എന്നീ ഉത്തരവുകൾ പ്രകാരം ചുറ്റുമുള്ള പുറമ്പോക്ക് ഭൂമികൾക്കുകൂടി വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കാമെന്ന നിബന്ധനയിൽ കേന്ദ്ര സർക്കാരിന്റെ വിനോദ സഞ്ചാര വകുപ്പിന് കൈവശാവകാശം നൽകി.

(ബി) വിഴിഞ്ഞം വില്ലേജിലെ റീസർവ്വെ പൂർത്തിയാക്കിയതിനുശേഷം ഐ.റ്റി.ഡി.സി.-യുടെ അപേക്ഷ പരിഗണിച്ച് വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിനും Land Acquisition award-കൾ പ്രകാരം ഭൂമി കൈമാറ്റം ചെയ്ത തീയതി മുതൽ കരം സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം തിരുവനന്തപുരം ജില്ലാ കളക്ടർ 23-5-2000-ലെ കെ4-30636/2000 നമ്പർ നടപടിക്രമം പ്രകാരം നൽകുകയും നെയ്യാറ്റിൻകര അഡീഷണൽ തഹസീൽദാർ ഐ.റ്റി.ഡി.സി. പേരിൽ പോക്കുവരവ് നടപടികൾ ചെയ്തിട്ടുള്ളതുമാണ്. ജില്ലാ കളക്ടറുടെ ഈ നടപടിക്രമം ഇതുവരെയും അസ്ഥിരപ്പെടുത്തിയിട്ടില്ല.

നിയമവിരുദ്ധമായി പോക്കുവരവ് ചെയ്തിട്ടുണ്ടെങ്കിൽ 1966-ലെ പോക്കുവരവ് ചട്ടങ്ങളിലെ ചട്ടം 18,19,20 എന്നിവ പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥന്/സർക്കാരിന് പ്രസ്തുത ഉത്തരവ് സ്വമേധയാലോ അല്ലെങ്കിൽ മറ്റ് വിധത്തിലോ പുതുക്കുകയോ റദ്ദ് ചെയ്യുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

(സി) വിവരം ലഭ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കെ.എസ്.ടി.പി. പദ്ധതി

23 (*263) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) കെ.എസ്.ടി.പി. റോഡുകളുടെ നിർമ്മാണത്തിൽ അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) തെരഞ്ഞെടുക്കപ്പെട്ട പ്രധാന സ്റ്റേറ്റ് ഹൈവേകളെ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിന് ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി 1998-ൽ സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് കെ.എസ്.ടി.പി.. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള ധനസഹായം 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയിലാണ് ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി ഗതാഗത സമയം, മെയിന്റനൻസ് ചെലവ്, അപകട നിരക്ക് എന്നിവ കുറയ്ക്കാൻ സാധിക്കുമെന്നാണ് വിഭാവന ചെയ്തിരിക്കുന്നത്. ആയതിന്റെ ഒന്നാം ഘട്ടമായി കെ.എസ്.ടി.പി. ഫേസ് -1 -ന്റെ പ്രവർത്തനങ്ങൾ 1999-ൽ ആരംഭിച്ചു. ഇതിൽ രണ്ട് ഘട്ടങ്ങളിലായി 578 കി.മീ. റോഡുകളുടെ നവീകരണമാണ് ലക്ഷ്യമിട്ടിരുന്നത്. കെ.എസ്.ടി.പി. ഫേസ് -1-ൽ ആകെ 254 കി. മീ.-ൽ 9 റോഡുകളുടെ നവീകരണം പൂർത്തിയാക്കി. 2002-ൽ നിർമ്മാണം ആരംഭിച്ച കെ.എസ്.ടി.പി.-1 പദ്ധതി 2010-ൽ പൂർത്തീകരിച്ചു.

കൂടാതെ കെ.എസ്.ടി.പി. 1-ാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 73 കി.മീ. ഉൾനാടൻ ഗതാഗത പാതയുടെ നവീകരണം നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ ഇല്ലാതെ 1200 കി.മീ. റോഡുകളുടെ ഹെവി മെയിന്റനൻസ് നടത്തുകയുണ്ടായി. ബൃഹത്തായ റോഡ് സുരക്ഷാ പദ്ധതി നടപ്പിലാക്കി. ഇതിൽ ഉൾപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ശക്തിപ്പെടുത്തലിന്റെ ഭാഗമായി RBDCK, KRFB, KRSA ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ PPU, IT Cell, Road Safety Cell, Social and Environment Cell തുടങ്ങിയവയുടെ രൂപീകരണം നടത്തി.

വർഷങ്ങൾക്കുശേഷം പൊതുമരാമത്ത് വകുപ്പ് മാന്വൽ പുതുക്കി.

കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിന്റെ വിജയകരമായ പൂർത്തീകരണത്തിനു ശേഷം പദ്ധതിയുടെ തുടർച്ചയായി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഒന്നാംഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയ റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന രണ്ടാംഘട്ട പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 363 കി.മീറ്ററിൽ, 8 സംസ്ഥാന പാതകളുടെ നവീകരണം, റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ, പൊതുമരാമത്ത് വകുപ്പിന്റെ ശക്തിപ്പെടുത്തൽ എന്നിവ ഉൾപ്പെടെ പ്രസ്തുത പദ്ധതികൾക്ക് ലോകബാങ്ക് വായ്പയായി അനുവദിച്ചത് 2403 കോടി രൂപയാണ്.

പൊതുമരാമത്ത് വകുപ്പിന്റെ ശക്തിപ്പെടുത്തലിന്റെ ഭാഗമായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തി ഒരു സെന്റർ ഓഫ് എക്സലൻസാക്കുന്നതിനും 2013-ലെ പുതിയ ലാന്റ് അക്വിസിഷൻ ആക്ട് നടപ്പാക്കുന്നതിന് റവന്യൂ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ സജ്ജമാക്കുന്നതിനും കെ.എസ്.ടി.പി.-ക്കും പൊതുമരാമത്ത് വകുപ്പിന്റെയും പ്രവർത്തനങ്ങൾ സുതാര്യവും ജനകീയവുമാക്കുന്നതിന്റെ ഭാഗമായി പബ്ലിക് ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം ഉണ്ടാക്കുന്നതിനും കെ.എസ്.ടി.പി. റോഡുകളുടെ നിർമ്മാണ രീതികളും പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള അനുഭവങ്ങളെയും അപാകതകളെയും മറ്റുമുള്ള അഭിപ്രായം അറിഞ്ഞ് തിരുത്തലുകളുംമറ്റും വരുത്തുന്നതിനുവേണ്ടിയുള്ള അഭിപ്രായ സർവ്വേ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) കെ.എസ്.ടി.പി. പദ്ധതിയിൽപ്പെട്ട ചില റോഡ് നിർമ്മാണങ്ങളിൽ സാരമായ അപാകതകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിലും കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽപ്പെട്ട ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡിൽപ്പെട്ട നീലിമംഗലം പാലത്തിൽ ചെറിയ വിള്ളൽ കണ്ടെത്തിയതിനെത്തുടർന്ന് ലോകബാങ്കിന്റെ നിർദ്ദേശമനുസരിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ഈ റിപ്പോർട്ട് തൃപ്തികരമല്ലെന്ന കാരണത്താൽ വീണ്ടും ഒരു സ്വതന്ത്ര ഏജൻസിയെ ക്കൊണ്ട് പരിശോധന നടത്താൻ നിർദ്ദേശിക്കുകയും അതിനുള്ള തുടർനടപടികൾ പുരോഗമിക്കുകയുമാണ്. കൂടാതെ തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിൽ ഡി.പി.ആർ.-ൽ ഉണ്ടായ ചില സാങ്കേതിക തകരാറുകൾ കാരണം ഡിസൈനിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. പൊൻകുന്നം-തൊടുപുഴ റോഡ്, ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് നിർമ്മാണത്തിനുള്ള പാറപൊട്ടിക്കൽ പ്രവൃത്തിയിൽ ക്വാണ്ടിറ്റി വർദ്ധനവുണ്ടായതിനെത്തുടർന്ന് ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം തേടുകയുണ്ടായി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന ന്യൂനതകൾ പരിഹരിക്കാൻ കൺസൾട്ടന്റ് എഞ്ചിനീയർക്കും കോൺട്രാക്ടർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡുകളുടെ ലിസ്റ്റും പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിൽ 3(എ) 3(ബി) പ്രവൃത്തികൾ 31-5-2016, 10-6-2016 എന്നീ തീയതികളിൽ മാത്രമേ തുടങ്ങിയിട്ടുള്ളൂ. പുനലൂർ-പൊൻകുന്നം പി.പി.പി. മോഡലിൽനിന്നും ഐറ്റം റേറ്റ് കോൺട്രാക്ടിലേയ്ക്ക് മാറ്റണമെന്ന നിർദ്ദേശം ലോക ബാങ്ക് മുമ്പാകെ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ ഭൂമിയുടെ വിസ്തൃതി

24 (*264) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധീനതയിലുള്ള ഭൂമിയുടെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭൂമി നഷ്ടം ഒഴിവാക്കാൻ എന്തെങ്കിലും നടപടി നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഉണ്ട്.

(ബി) 1964-ലെ ഭൂമി പതിവ് നിയമം, 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് നിയമവും ചട്ടവും എന്നിവയനുസരിച്ച് കാർഷികാവശ്യങ്ങൾ, വീട് നിർമ്മാണം, അയൽ വസ്തുക്കളുടെ ഗുണപരമായ വിനിയോഗം എന്നീ കാരണങ്ങൾക്കായി സർക്കാരിന്റെ സേവന വകുപ്പുകളല്ലാത്ത മറ്റ് ഏജൻസികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവയുടെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി പതിച്ചു നൽകാറുള്ളതിനാൽ സർക്കാർ അധീനതയിലുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നുണ്ട്.

(സി) 1957-ലെ കേരള ഭൂ സംരക്ഷണ നിയമം, 1958-ലെ ഭൂസംരക്ഷണ ചട്ടങ്ങൾ എന്നിവ അനുസരിച്ച് സർക്കാർ ഭൂമി കയ്യേറ്റക്കാരിൽനിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമികളിലെ കയ്യേറ്റം തടയുന്നതിനായി ജി.ഒ. (പി) 191/16/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്/ മുനിസിപ്പൽ സെക്രട്ടറിമാർക്കുകൂടി മജിസ്റ്റീരിയൽ അധികാരം ഒഴികെയുള്ള 1957-ലെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള കളക്ടറുടെ അധികാരം നൽകിയും സംസ്ഥാനത്തെ നിലവിലെ എല്ലാ കയ്യേറ്റങ്ങളും തടയുന്നതിനും ഭൂമി തിരികെ പിടിച്ചെടുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

## പ്രീ സ്കൂളുകളെ ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റാൻ ഇടപെടൽ

25 (*265) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾ, പ്രീ-കെ.ജി., എൽ.കെ.ജി, യു.കെ.ജി. തുടങ്ങിയ വിവിധതരം പ്രീ-സ്കൂളുകളെ ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റാൻ വേണ്ട ഇടപെടൽ നടത്തുമോ;

(ബി) അങ്കണവാടി ഒഴികെയുള്ള ഇത്തരം സ്ഥാപനങ്ങളിൽ പ്രവേശന പരീക്ഷ നടത്തുകയും കനത്ത ഫീസ് വാങ്ങുകയും ചെയ്യുന്നത് അവസാനിപ്പിക്കാൻ കർശന നടപടി ഉണ്ടാകുമോ;

(സി) കളികളിലൂടെയുള്ള ആശയവിനിമയം, കൂട്ടായി പ്രവർത്തിക്കാനുള്ള അവസരങ്ങൾ, ചുറ്റുപാടുകളെ നിരീക്ഷിച്ച് മനസ്സിലാക്കാനുള്ള സാഹചര്യം, മാതൃഭാഷയിൽ ആശയവിനിമയം നടത്താനുള്ള ശിശുക്കളുടെ അവകാശം എന്നിവ അങ്കണവാടി ഒഴികെയുള്ള ഇത്തരം സ്ഥാപനങ്ങൾ നിഷേധിക്കുന്നതിനാൽ അവയെ കർശന നിയന്ത്രണത്തിന് വിധേയമാക്കാൻ വിദ്യാഭ്യാസവകുപ്പ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) എല്ലാ പ്രീ-കെ.ജി., എൽ.കെ.ജി., യു.കെ.ജി. പ്രീ സ്കൂളുകളെയും ശിശു സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റാൻവേണ്ട നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) വിദ്യാഭ്യാസ നിയമപ്രകാരം പ്രവേശന പരീക്ഷ നടത്തുന്നതിനോ ഫീസ് വാങ്ങുന്നതിനോ പാടില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(സി) കളികളിലൂടെയുള്ള ആശയവിനിമയം, കൂട്ടായി പ്രവർത്തിക്കാനുള്ള അവസരങ്ങൾ, ചുറ്റുപാടുകളെ നിരീക്ഷിച്ച് മനസ്സിലാക്കാനുള്ള സാഹചര്യം, മാതൃഭാഷയിൽ ആശയവിനിമയം നടത്താനുള്ള ശിശുക്കളുടെ അവകാശം എന്നിവ പരിഗണിച്ചുകൊണ്ട് എസ്.സി.ഇ.ആർ.ടി. പ്രീസ്കൂൾ പാഠ്യ പദ്ധതിയും അതിനെ അടിസ്ഥാനമാക്കി അദ്ധ്യാപകർക്കുള്ള പ്രവർത്തന പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്. ശിശുക്കളുടെ അവകാശങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം സ്ഥാപനങ്ങളെ സർക്കാർ കർശന നിയന്ത്രണത്തിന് വിധേയമാക്കുന്നതാണ്.

## റവന്യൂ വകുപ്പിന്റെ പൗരാവകാശ രേഖ

26 (*266) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂവകുപ്പ് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിന്റെ കോപ്പി എല്ലാ വില്ലേജ് ഓഫീസുകളിലും എത്തിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) വില്ലേജ് ഓഫീസുകളിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന കരം ഒടുക്കൽ, പോക്കുവരവ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ കംപ്യൂട്ടറൈസ്ഡ് സംവിധാനത്തിലാക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ;

(സി) വില്ലേജ് രേഖകൾ കംപ്യൂട്ടറൈസ് ചെയ്യുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല. സ.ഉ.(സാധാ) 4611/2010/റവ, തീയതി 11-10-2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് റവന്യൂ വകുപ്പിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(ബി) കരം ഒടുക്കൽ, പോക്കുവരവ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഇപ്പോൾത്തന്നെ കമ്പ്യൂട്ടറൈസ്ഡ് സംവിധാനത്തിലൂടെ ഓൺലൈനായി നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ 1243 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവും ഓൺലൈനായി കരം ഒടുക്കുന്നതിനുള്ള സൗകര്യവും നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും ഓൺലൈനായി വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (ബി.റ്റി.ആർ.), തണ്ടപ്പേർ രജിസ്റ്ററുകൾ (റ്റി.പി.ആർ.) എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1243 വില്ലേജുകളിൽ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. കൂടാതെ, പ്രസ്തുത വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഇ-പേമെന്റ് എന്നിവയ്ക്കുള്ള സംവിധാനങ്ങൾ പൂർത്തിയായിട്ടുണ്ട്. വില്ലേജ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ബി.റ്റി.ആർ. ഡിജിറ്റൈസേഷൻ, റ്റി.പി.ആർ. ഡിജിറ്റൈസേഷൻ എന്നിങ്ങനെ ഘട്ടംഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ബി.റ്റി.ആർ. ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ 1243 വില്ലേജുകളിൽ 450 എണ്ണത്തിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഇതിനോടകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്.

## മത്സ്യകൃഷി രംഗത്തെ നൂതന രീതികൾ

27 (*267) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷി രംഗത്തെ നൂതന രീതികളായ ടാങ്കുകളിലെ ആർ.എ.എസ്. കൃഷി, കൂടുകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; കടലിൽ കൂടുകൃഷി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ജനകീയ മത്സ്യകൃഷിയെന്ന പേരിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(സി) സംയോജിത മത്സ്യകൃഷി പ്രോത്സാഹനത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) 2016-2017 സാമ്പത്തിക വർഷത്തിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മത്സ്യകൃഷി രംഗത്തെ നൂതന രീതികളായ ടാങ്കുകളിലെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്.) കൃഷി, ഓരുജല മത്സ്യങ്ങളുടെ കൂടുകൃഷി, റിസർവ്വോയറുകളിലെ കൂടുകൃഷി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ബ്ലൂറവല്യൂഷൻ പദ്ധതി 2016-17-ൽ ഉൾപ്പെടുത്തി ഓരുജലാശയങ്ങളിലെ കൂടുകൃഷി, കടലിലെ കൂടുകൃഷി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ ബ്ലൂറവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ടാങ്കുകളിലെ ആർ.എ.എസ്. കൃഷി, ഓരുജല മത്സ്യങ്ങളുടെ കൂടുകൃഷി എന്നീ പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2016-17-ൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ 'കടലിലെ കൂട് കൃഷി' നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ടി പദ്ധതി നടപ്പിലാക്കുന്നത് മുഖേന മത്സ്യോത്പാദനം 4500 കി.ഗ്രാം/ഹെക്ടർ എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം നിലവിലുള്ള ഉത്പാദനം ഇരട്ടിയാക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിക്ക് 2338 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് അഡാക്ക് മുഖേന കൈപ്പാട് പൊക്കാളി നിലങ്ങളിൽ 25 കോടി രൂപ അടങ്കൽ തുക വരുന്ന സംയോജിത മത്സ്യ-നെൽകൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയിലുൾപ്പെടുത്തി 3000 ഹെക്ടർ പാടശേഖരങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കൈപ്പാട്-പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻ/മത്സ്യ/നെൽകൃഷി 2017-2020 വർഷങ്ങളിൽ നടപ്പിലാക്കുന്നതിനായി 305.70 കോടി രൂപ അടങ്കൽ തുക വരുന്ന പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

**സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എ.ഐ.സി.ടി.ഇ. അനുമതി**

28 (*268) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ പതിനാല് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എ.ഐ.സി.ടി.ഇ. അനുമതി നിഷേധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ഏതെല്ലാം കോഴ്സുകൾക്കാണ് അനുമതി നിഷേധിച്ചിട്ടുള്ളത്; അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കോഴ്സുകളുടെ അംഗീകാരം റദ്ദാക്കിയതുമൂലം സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുവാൻ സത്വരനടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>) :

(എ) ഇല്ല.

(ബി&സി) (എ) പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**മത്സ്യത്തൊഴിലാളി മേഖലയിലെ ജീവിത നിലവാരം**

29 (*269) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളിമേഖലയിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സാമ്പത്തിക സഹായങ്ങളുമാണ് ഈ മേഖലയിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ&ബി) സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളായ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, മത്സ്യബോർഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നിവ മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി, ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമിയും വീടും നൽകുന്ന പദ്ധതി, കടലോരത്ത് കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി, ശുചിത്വമുള്ള ശൗചാലയ നിർമ്മാണ പദ്ധതി, മത്സ്യത്തൊഴിലാളി കോളനി പുനരുദ്ധാരണം, സമ്പാദ്യ സമാശ്വാസ പദ്ധതി, സൗജന്യ റേഷൻ, മത്സ്യത്തൊഴിലാളി ബോധവത്കരണ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ്, പി.എസ്.സി./ബാങ്ക് ടെസ്റ്റ്, മെഡിക്കൽ എൻട്രൻസ്, സിവിൽ സർവ്വീസ് കോച്ചിംഗ് നൽകുന്ന പദ്ധതികൾ, മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി, തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം പദ്ധതി, സംസ്ഥാനത്തെ പത്ത് റീജിയണൽ ഫിഷറീസ് സ്കൂളുകളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ, അക്ഷര സാഗരം പദ്ധതി, മെഡിക്കൽ ക്യാമ്പ്, മത്സ്യത്തൊഴിലാളി ഭവന വൈദ്യുതീകരണം, മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ എന്നീ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം വർദ്ധിപ്പിക്കൽ, തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്റൂം, തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്ന പദ്ധതി, ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം, തീരപ്രദേശത്ത് അങ്കണവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും, കുടിവെള്ള പദ്ധതികൾ, തീരദേശത്തെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന സ്കൂളുകളിലെ അടുക്കളപ്പുര നവീകരണ പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മത്സ്യത്തൊഴിലാളി വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ സ്വയംപര്യാപ്തരാക്കുന്നതിനുമായി ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിനും സംസ്ഥാനത്തെ തീരദേശ ജില്ലകളിലും ഉൾനാടൻ ജില്ലകളിലുമായി തീരമൈത്രി എന്ന ജീവനോപാധി പദ്ധതിയും പ്ലസ് ടു മുതൽ വിദ്യാഭ്യാസം നേടിയിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് സാങ്കേതിക വൈദഗ്ദ്ധ്യത്തിൽ ഊന്നൽ നൽകി  തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ തീരനൈപുണ്യ പദ്ധതിയും സാഫ് മുഖേന നടപ്പിലാക്കിവരുന്നു.

മത്സ്യഫെഡ് മുഖേന മണ്ണെണ്ണ സബ്സിഡി, മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പാ പദ്ധതി, എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയ സംയോജിത മത്സ്യവികസന പദ്ധതി, ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം, ഉത്പാദന ബോണസ് പദ്ധതി, നാടൻ വള്ളങ്ങളുടെ യന്ത്രവത്കരണം, മത്സ്യഫെഡ് ഉപകരണ സുരക്ഷ പദ്ധതി, ബാങ്ക് വായ്പയ്ക്കുള്ള സബ്സിഡി, അപകട ഇൻഷ്വറൻസ് പദ്ധതി, വലകൾക്കുള്ള സബ്സിഡി, ഫിഷ് മാർട്ടുകൾ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെയും ബോർഡ് മുഖേന നേരിട്ടും വിവിധ പദ്ധതികളിലൂടെ ആനുകൂല്യങ്ങൾ നൽകിവരുന്നു. മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, മത്സ്യത്തൊഴിലാളി സാമ്പത്തിക താങ്ങൽ പദ്ധതി, മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി/ വിധവ പെൻഷൻ വിതരണ പദ്ധതി തുടങ്ങിയ പദ്ധതികൾ ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെയും ബോർഡ് നേരിട്ടും ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു.

(സി) മത്സ്യമേഖലയിൽ അനുവദിച്ചിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അനധികൃത നിലംനികത്തൽ തടയുന്നതിന് നടപടി

30 (*270) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃത നിലംനികത്തൽ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനധികൃത നിലംനികത്തൽ തടയുന്നതിന് ജില്ലാ, താലൂക്ക് തലങ്ങളിൽ സ്ക്വാഡുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള വയൽ നികത്തൽ പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് പൊതുജനപിന്തുണ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അനധികൃതമായി നികത്തിയ വയലുകൾ പൂർവ്വസ്ഥിതിയിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) അനധികൃത നിലംനികത്തൽ തടയുന്നതിനായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 7,12,13,18,19,20,22 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അനധികൃത നിലംനികത്തൽ തടയുന്നതിനായി ജില്ലാ/താലൂക്ക് തലത്തിൽ പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) വയൽ നികത്തൽ തടയുന്നതിന് പ്രത്യക്ഷമായ പൊതുജന പിന്തുണയോടെയുള്ള നടപടികൾ 2008-ലെ നിയമത്തിൽ പ്രതിപാദിക്കുന്നില്ല. എന്നാൽ സെക്ഷൻ 5-ൽ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി രൂപീകരിക്കുന്ന പ്രാദേശികതല നിരീക്ഷണ സമിതിയിൽ നെൽകർഷകരുടെ 3 പ്രതിനിധികളെ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുള്ളതും അപ്രകാരമുള്ള സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതുമാണ്. കൂടാതെ സെക്ഷൻ 9(2) പ്രകാരം രൂപീകൃതമായിട്ടുള്ള ജില്ലാതല അധികൃത സമിതിയിലും ബന്ധപ്പെട്ട ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന 3 നെൽകർഷകർ അംഗങ്ങളാണ്.

(ഡി) അനധികൃതമായി നികത്തിയ വയലുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ടി നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡുകളിലെ അപകടാവസ്ഥ ഇല്ലാതാക്കാൻ നടപടി

1 (2570) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാതയോരങ്ങളിലെയും പൊതുമരാമത്ത് റോഡുകളുടെ ഓരങ്ങളിലേയും കുഴികളിൽ/എഡ്ജുകളിൽ വീണ് ഇരുചക്ര വാഹനയാത്രക്കാരും മറ്റും അപകടത്തിൽപ്പെടുന്നതും മരണപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാതയോരങ്ങൾ ടാർ ചെയ്യുന്നതോടൊപ്പം എഡ്ജുകൾ/കുഴികൾ കൂടി മണ്ണിട്ട് റോഡ് നിരപ്പാക്കി അപകടാവസ്ഥ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ പല സ്ഥലങ്ങളിലും റോഡുകൾ പൂർണ്ണമായും ടാർ ചെയ്യുന്നത് മൂലം കാൽനട യാത്രക്കാർക്ക് സഞ്ചരിക്കാനുള്ള സ്ഥലം ഇല്ലാതാകുന്നതിനാൽ ഇത്തരം റോഡുകൾ ടാർ ചെയ്യുമ്പോൾ കാൽനടയാത്രക്കാർക്കുള്ള പാതകൂടി അടയാളപ്പെടുത്താനും അല്ലെങ്കിൽ ടൈൽ പാകി പ്രത്യേകം തിരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ ഓരങ്ങളിൽ/ എഡ്ജുകളിൽ വീണ് ഇരുചക്ര വാഹന യാത്രക്കാരും മറ്റും അപകടത്തിൽ പ്പെടുന്നത് ശ്രദ്ധയിൽപ്പട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓരങ്ങൾ ടാർ ചെയ്യുന്നതോടൊപ്പം എഡ്ജുകൾ/കുഴികൾകൂടി മണ്ണിട്ട് റോഡ് നിരപ്പാക്കാറുണ്ട്. മഴമൂലം റോഡ് എഡ്ജിലുള്ള മണ്ണ് ഒലിച്ചുപോകാറുണ്ട്. ഇത് മണ്ണിട്ട് നിരപ്പാക്കി അപകടാവസ്ഥ ഇല്ലാതാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. തുടർന്നും ഇത്തരം നടപടി സ്വീകരിക്കുന്നതാണ്.

(സി) പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് കാൽനട യാത്രക്കാർക്കുള്ള ഫുഡ്പാത്തുകൂടി നിർമ്മിച്ചു വരുന്നുണ്ട്. വീതി കൂടുതലായി ടാർ ചെയ്യുന്ന ഭാഗത്ത് വാഹനങ്ങൾക്കുള്ള കാര്യേജ് വേ എഡ്ജ് ലൈൻ വരച്ച് വ്യക്തമാക്കുന്നുണ്ട്.

## വടവന്നൂർ, ചൂളക്കടവ് പാലങ്ങളുടെ നിർമ്മാണം

2 (2571) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു മരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വടവന്നൂർ പാലം (പ്രൈസ് നമ്പർ 2017/3799) പണിക്ക് ഭരണാനുമതിയ്ക്കായുള്ള നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വ്യക്തമാക്കാമോ;

(ബി) ചൂളക്കടവ് പാലം (ഡി 1 4059/ബ്രിഡ്ജ്/12) നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വടവന്നൂർ പാലം നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചൂളക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് 151.92 മീറ്റർ നീളത്തിലുള്ള പാലം ഡിസൈൻ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പുഴ ദേശീയ ജലപാതയുടെ ഭാഗമാണെന്ന് ഇൻലാന്റ് നാവിഗേഷൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ മാനദണ്ഡ പ്രകാരമുള്ള താൽക്കാലിക ഡിസൈൻ ഡ്രിക് ബോർഡ് തയ്യാറാക്കിയിരുന്നെങ്കിലും നിലവിലുള്ള സ്ഥല പരിമിതിമൂലം ഡിസൈൻ സൈറ്റിൽ അനുയോജ്യമായിരുന്നില്ല. എന്നാൽ ഇപ്പോൾ ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം പാലത്തിന്റെ വെർട്ടിക്കൽ ക്ലിയറൻസ് 6.00 മീറ്ററാക്കി കുറച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രിക് ബോർഡ് പാലത്തിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കിവരുന്നുണ്ട്. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## റോഡുകളുടെ മെയിന്റനൻസിന് പുതിയ വിഭാഗം

3 (2572) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി പുതിയ ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ടോ; ഈ സംവിധാനത്തിന്റെ ഘടന എന്താണ്; വ്യക്തമാക്കുമോ;

(ബി) ഇത്തരം സംവിധാനം ഇല്ലാതിരുന്ന സമയത്ത് കേരളത്തിലെ റോഡുകളുടെ കുഴികൾ അടയ്ക്കുന്നതിന് പി.ഡബ്ള്യൂ.ഡി റോഡ്സ് വിഭാഗം ജാഗ്രത കാണിച്ചിരുന്ന കാര്യം പരിശോധിക്കുമോ;പുതിയ സംവിധാനം ഒഴിവാക്കി പഴയ സംവിധാനം തുടരുവാൻ നടപടി സ്വീകരിക്കുമോ;

(സി) മെയിന്റനൻസ് വിഭാഗത്തിൽ എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്; ഇത് വരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഘടന തയ്യാറാക്കിവരുന്നു.

(ബി) ഇത്തരം സംവിധാനം ഇല്ലാതിരുന്ന സമയത്ത് കേരളത്തിലെ റോഡുകളുടെ കുഴികൾ അടയ്ക്കുന്നതിന് പി.ഡബ്ല്യൂ.ഡി. റോഡ്സ് വിഭാഗം ജാഗ്രത കാണിച്ചിരുന്നു. എന്നാൽ റോഡ് പരിപാലന നയത്തിന്റെ ഭാഗമായി റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് കൂടുതൽ പ്രാധാന്യം നൽകി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് പുതുതായി ചീഫ് എഞ്ചിനീയറെ നിയമിച്ചത്. പുതിയ സംവിധാനം ഒഴിവാക്കി പഴയ സംവിധാനം തുടരുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) മെയിന്റനൻസ് വിഭാഗത്തിൽ ചീഫ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. 29-6-2017-ൽ രൂപീകരിച്ച മെയിന്റനൻസ് വിഭാഗത്തിന് തുകയൊന്നും അനുവദിച്ചിട്ടില്ല.

**കാസർഗോഡ് മണ്ഡലത്തിലെ ചെർക്കള ടൗണിൽ നടത്തിയ വികസന പ്രവൃത്തി**

4 (2573) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് കാസർഗോഡ് മണ്ഡലത്തിലെ ചെർക്കള ടൗണിൽ നടത്തിയ വികസന പ്രവൃത്തിയുടെ ഭാഗമായി നിർമ്മിച്ച സർക്കിൾ ഉചിതമല്ലാത്തതും അശാസ്ത്രീയമാവുമായ നിർമ്മാണമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നും ആരെല്ലാമാണ് പരാതിക്കാരെന്നും വ്യക്തമാക്കുമോ;

(സി) പരാതികളിൽ കഴമ്പുണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) മുകളിൽ പറഞ്ഞ സർക്കിളിൽ അശാസ്ത്രീയത ഉണ്ടെന്ന് നേരിട്ട് കണ്ടു ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർക്കിൾ ഉടൻ പൊളിച്ചുമാറ്റുമെന്ന് കാസർഗോഡ് ഒരു പൊതു യോഗത്തിൽ മന്ത്രി പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) സർക്കിൾ പൊളിച്ചു മാറ്റുകയാണെങ്കിൽ അത് മൂലമുണ്ടാകുന്ന നഷ്ടം ആരിൽ നിന്ന് ഈടാക്കാനാണുദ്ദേശിക്കുന്നത്;

(എഫ്) സർക്കിൾ ഡിസൈൻ ചെയ്തവർക്കും അവധാനതയും കാഴ്ചപ്പാടുമില്ലാതെ പ്രസ്തുത പ്രവൃത്തികൾ ചെയ്യാൻ സാഹചര്യമൊരുക്കിയ എഞ്ചിനീയർമാർക്കുമെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ ചെർക്കള ജംഗ്ഷനിൽ നിർമ്മിച്ച ട്രാഫിക് ഐലന്റ്, റൗണ്ട് എബൗട്ട് ഡിവൈഡർ തുടങ്ങിയവയുടെ രൂപകല്പനയനുസരിച്ച് നിർമ്മാണം പൂർണ്ണമാകാത്തതും ഡ്രൈവർമാർ ഇത്തരം ജംഗ്ഷനിൽ പാലിക്കേണ്ട ട്രാഫിക് നിയമങ്ങൾ പാലിക്കാതെ യാത്ര ചെയ്യുന്നതുംകൊണ്ടുള്ള ആശയക്കുഴപ്പം കാരണം അപകടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണത്തിന്റെ ഭാഗമായി പ്രവൃത്തിയുടെ ഫയൽ വിജിലൻസിന്റെ കൈവശമാണ്. ഫയൽ വിജിലൻസിന് കൈമാറിയശേഷം ഇതുമായി ബന്ധപ്പെട്ട് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് (ചെർക്കള വാർഡ് കമ്മിറ്റി), ചെർക്കള വികസന സമിതി എന്നിവർ പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ സർക്കിളിനുവേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന് സ്ഥലം സർവ്വേ ചെയ്ത് റോഡ് സേഫ്റ്റി സെല്ലിന് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സർക്കിൾ പൊളിച്ചുമാറ്റുന്നതിന് ഉത്തരവ് നൽകുകയും ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ഉത്തരമേഖലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഇ) പി.ഡബ്ല്യൂ.ഡി. നിയമങ്ങൾ പാലിക്കാതെ നിർമ്മാണത്തിന് ഉത്തരവാദികളായവരിൽനിന്ന് തുക ഈടാക്കുന്നതാണ്.

(എഫ്) ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ടി.പി. രണ്ടാംഘട്ട പ്രവൃത്തികൾ

5 (2574) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി രണ്ടാം ഘട്ട പദ്ധതിയുടെ 365 കിലോമീറ്റർ സ്റ്റേറ്റ് ഹൈവേ ഉദ്ധാരണ പ്രവൃത്തികൾക്ക് വേഗത പോരെന്ന് വേൾഡ് ബാങ്ക് മിഷൻ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ടി.പി രണ്ടാം ഘട്ട പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലോക ബാങ്കിൽനിന്നും വായ്പ തുക സമയബന്ധിതമായി പിൻവലിക്കാത്തതുകൊണ്ട് പദ്ധതികളുടെ നടത്തിപ്പ് മെല്ലെപ്പോക്കാണെന്ന് ലോകബാങ്ക് പരാമർശിച്ചിരുന്നു. എന്നാൽ നാളിതുവരെ തുടങ്ങിവച്ച പ്രവൃത്തികൾ (2016-17-ൽ തുടങ്ങിയ മൂന്ന് പ്രവൃത്തികൾ ഒഴിച്ച്) എല്ലാംതന്നെ അവസാന ഘട്ടത്തിലാണ്. ഈ വർഷം അവസാനത്തോടെ ഇവ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട പുനലൂർ-പൊൻകുന്നം റോഡ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ഇതിനുള്ള ആദ്യ ദർഘാസിൽ മതിയായ രീതിയിൽ പ്രതികരണം ഇല്ലാതിരുന്നതിനാൽ വീണ്ടും പ്രീ ക്വാളിഫിക്കേഷൻ ദർഘാസ് ചെയ്യുകയും ലോകബാങ്കിന്റെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിന്റെ അടുത്ത നടപടിയായ തെരഞ്ഞെടുത്ത കരാറുകാരിൽനിന്നും ആന്വറ്റി ലഭ്യമാക്കുന്നതിനുള്ള RFP പ്രമാണങ്ങൾ ലോകബാങ്ക് അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിലുൾപ്പെട്ട പൊൻകുന്നം-തൊടുപുഴ റോഡ്, പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ ഉപരിതലം പുതുക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മറ്റ് റോഡ് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് പിലാത്തറ-പാപ്പിനിശ്ശേരി റോഡ് | ഡിസംബർ 2017 |
| 2 | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് | നവംബർ 2017 |
| 3 | ഏറ്റുമാനൂർ- മൂവാറ്റുപുഴ റോഡ് | ഒക്ടോബർ 2017 |
| 4 | തിരുവല്ല ബൈപ്പാസ് | ഡിസംബർ 2018 |
| 5 | തലശ്ശേരി-കളറോഡ് | ജൂൺ 2018 |
| 6 | കളറോഡ്-വളവുപാറ റോഡ് | സെപ്റ്റംബർ 2018 |

പ്രസ്തുത പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള പുനലൂർ-പൊൻകുന്നം റോഡ് പ്രവൃത്തി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കഴക്കൂട്ടം-അടൂർ മാതൃകാ റോഡ് സുരക്ഷാപദ്ധതിയുടെ പണി ആരംഭിച്ചു. 2018 ഏപ്രിലിൽ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## കെ.എസ്.ടി.പി. പ്രവൃത്തികൾ സംബന്ധിച്ച അന്വേഷണം

6 (2575) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന്റെയും അധിക ചെലവിന്റെയും കാരണങ്ങൾ സംബന്ധിച്ച സമഗ്രമായ അന്വേഷണം നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ടി.പി. പ്രവൃത്തികൾക്ക് കൺസൾട്ടന്റുമാരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; നിലവിൽ കൺസൾട്ടന്റുമാരുണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കെ.എസ്.ടി.പി.-II പദ്ധതിയിൽ പല അപാകതകളും സാമ്പത്തിക വ്യതിയാനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എങ്കിലും കെ.എസ്.ടി.പി.-IV പാക്കേജിൽപ്പെട്ട (ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ്) നീലിമംഗലം പാലത്തിൽ ചെറിയ വിള്ളൽ കണ്ടെത്തിയതിനെത്തുടർന്ന് ലോകബാങ്കിന്റെ നിർദ്ദേശമനുസരിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ഈ റിപ്പോർട്ട് തൃപ്തികരമല്ല എന്ന കാരണത്താൽ വീണ്ടും മറ്റൊരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പരിശോധന നടത്താൻ നിർദ്ദേശിക്കുകയും അതിനുള്ള തുടർനടപടികൾ പുരോഗമിക്കുകയുമാണ്.

തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണത്തിൽ ഡി.പി.ആർ.-ൽ ഉണ്ടായ ചില സാങ്കേതിക തകരാറുകൾ കാരണം ഡിസൈനിൽ ചില മാറ്റങ്ങൾ വേണ്ടിവന്നു. ആയതിന്റെ നിർമ്മാണ പൂർത്തീകരണത്തിന് അധിക ചെലവ് വേണ്ടി വരുന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി വിശദമായ ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്. പൊൻകുന്നം-തൊടുപുഴ റോഡിൽ അംഗീകരിച്ച ഡി.പി.ആർ.-ൽനിന്നും നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് പാറപൊട്ടിക്കുന്ന ക്വാണ്ടിറ്റി അധികമായി ചെയ്യേണ്ടിവന്നു. അതിനാൽ അംഗീകരിച്ച കരാർ തുകയിൽ 25% വർദ്ധനവും ഉണ്ടായി. ബാക്കി എല്ലാ പദ്ധതികളും അംഗീകരിച്ച കരാർ തുകയ്ക്കുള്ളിൽതന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. ലോകബാങ്കുമായി ആലോചിച്ച് ഒരു സമഗ്രാന്വേഷണം വിശ്വാസമുള്ള ഏജൻസിയെക്കൊണ്ട് നടത്താൻ ആലോചിക്കുന്നു.

(ബി) ലോകബാങ്കിന്റെ Procurement Procedure അനുസരിച്ചാണ് കെ.എസ്.ടി.പി.-ക്ക് ആവശ്യമായ കൺസൾട്ടന്റുകളെ തെരഞ്ഞെടുക്കുന്നത്. Quality and Cost Based Selection (QCBS), Quality Based Selection (QBS), Least Cost Selection (LCS), Selection based on the Consultant Qualification (CQS), Single Source Selection (SSS), Fixed Budget Selection മുതലായ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്. ഓരോ പ്രവൃത്തിക്കും മുകളിൽ പറഞ്ഞ ഏത് മാർഗ്ഗം സ്വീകരിക്കണമെന്നത് അതിന് ചെലവാകുന്ന തുക, അതിന് വേണ്ടിവരുന്ന ഗുണനിലവാരം എന്നിവ അടിസ്ഥാനമാക്കിയാണ്. ഒരു കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിന്റെ മുഖ്യമായ മാനദണ്ഡങ്ങൾ ആ സ്ഥാപനത്തിന്റെ രൂപരേഖ, അനുയോജ്യമായ പ്രവൃത്തി പരിചയം, അനുയോജ്യമായ ഉദ്യോഗസ്ഥ സഞ്ചയം എന്നിവയെ അടിസ്ഥാനമാക്കിയാണ്. നിലവിലുള്ള കൺസൾട്ടന്റുമാരുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഠാണ-ചന്തക്കുന്ന് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

7 (2576) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലെ ഠാണ-ചന്തക്കുന്ന് റോഡിൻെറ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ റോഡിന്റെ വീതി 17 മീറ്ററിൽ നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഠാണ-ചന്തക്കുന്ന് റോഡ് 14 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനായി 11-2-2014-ലെ സ.ഉ.(സാധാ) നമ്പർ 209/2014/പൊ.മ.വ. പ്രകാരം 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. 17 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**പഴയ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

8 (2577) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ മട്ടാഞ്ചേരി കോടതി കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആഭ്യന്തര വകുപ്പ് 18-9-2015-ൽ 570 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നതും പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ആർക്കിയോളജിക്കൽ സർവ്വെ സ്റ്റോപ്പ് മെമ്മോ നൽകിയതിനെ തുടർന്ന് നിർത്തിവെച്ചതുമായ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിലെ തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം മാത്രമേ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂ. ആയതിലേയ്ക്ക് ആവശ്യമായ അനുമതി ലഭ്യമാക്കുവാൻ ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. അനുവാദം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതാണ്.

## റോഡ് വികസനത്തിന് ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളിയുടെ ഭൂമി ഏറ്റെടുത്തതിന് നഷ്ടപരിഹാരം

9 (2578) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡ് വികസനത്തിന്റെ ഭാഗമായി ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളിയുടെ ഭൂമി ഏറ്റെടുത്തതിന് പൊതുമരാമത്ത് വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പ് ഫയൽ നമ്പർ 687527/ഡി2/2016 പ്രകാരം പ്രസ്തുത വിഷയം എസ്.എൽ.ഇ.സി.-യുടെ പരിഗണനയ്ക്ക് വച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; കോട്ടയം ജില്ലാകലക്ടർ വിശദമായ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്ന് അറിയിക്കാമോ; ബന്ധപ്പെട്ട ഫയൽ നമ്പർ കൂടി വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) 46 മീറ്റർ സ്ക്വയർ ഭൂമി ഏറ്റെടുത്തതിന് പൊതുമരാമത്ത് വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കി 9 മീറ്റർ സ്ക്വയർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ എസ്.എൽ.ഇ.സി അംഗീകാരത്തിനായി 2-2-2017-ൽ കോട്ടയം ജില്ലാ കളക്ടർ റവന്യൂ വകുപ്പിന് സമർപ്പിക്കുകയുണ്ടായി. (പകർപ്പ് അനുബന്ധമായി* ചേർക്കുന്നു) എന്നാൽ ഈ വിഷയം സംബന്ധിച്ച്, സിവിൽ കേസ് നിലനിൽക്കുന്നതിനാൽ അതിന്റെ വിധിന്യായം വന്നതിനുശേഷം തുടർ നടപടി സ്വീകരിക്കാമെന്ന് റവന്യൂ വകുപ്പ് അറിയിക്കുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത ഫയൽ (PWD/D2/160/2016-PWD) ഗവൺമെന്റിന്റെ പരിഗണനയിലാണ്. ട്രസ്റ്റി സിവിൽ സ്യൂട്ട് ഫയൽ ചെയ്തുകൊണ്ട് കോടതി വിധി വന്നതിനു ശേഷം മാത്രമേ അനന്തര നടപടി ഉണ്ടാവൂ എന്ന് ഗവൺമെന്റിൽ നിന്നും കെ.എസ്.ടി.പി.-ക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

## കരമന-കളിയിക്കാവിള ദേശീയപാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ

10 (2579) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-കളിയിക്കാവിള ദേശീയപാതയ്ക്ക് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ഭാഗത്ത് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടപടി ആരംഭിക്കാൻ കഴിഞ്ഞോ ; പ്രസ്തുത സ്ഥലത്തിന്റെ ഡിസൈനിംഗ് പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള ദേശീയപാതയുടെ വീതി കൂട്ടുന്നതിന് ടെൻഡർ നടപടി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കരമന-കളിയിക്കാവിള ദേശീയപാതയിൽ കടകൾ നടത്തി ഉപജീവനം നടത്തിയിരുന്നവർക്കും, അവിടെ പണി ചെയ്തിരുന്ന തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ 2017-ൽ തന്നെ നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

### ഉത്തരം

(എ) ദേശീയപാത-47 ലെ കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡ് വീതികൂട്ടി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി. മീ. ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിന് ആദ്യത്തെ 5 കി.മീറ്ററിന് 266.87 കോടി രൂപയുടെയും ശേഷിക്കുന്ന 1.5 കി. മീറ്ററിന് 98.10 കോടി രൂപയുടെയും ഭരണാനുമതി

നൽകിയിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി.മീ. ഭാഗത്തെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ 95 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് 31-നകം ടി നടപടികൾ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗത്തെ സ്ഥലമേറ്റെടുക്കൽ പുതിയ RFCTLARR 2013 ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) കരമന-കളിയിക്കാവിള നാലുവരിപ്പാത വികസനത്തിന്റെ രണ്ടാം ഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ വികസനത്തിനായി വിശദമായ പദ്ധതി രൂപരേഖ പൊതുമരാമത്ത് പ്രോജക്ട് പ്രിപ്പറേഷൻ വിഭാഗം തയ്യാറാക്കിവരുന്നു. ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) കരമന-കളിയിക്കാവിള ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള 6.5 കി.മീ. ഭാഗത്തിന്റെ വികസനത്തിനായി കിഫ്ബി മുഖേന 153 കോടി രൂപയ്ക്ക് 18-11-2016-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി. മീ. ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആഗസ്റ്റ് 31-നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗത്തെ സ്ഥലം ഏറ്റെടുപ്പ് പുതിയ RFCTLARR 2013 അക്വിസിഷൻ ആക്ട് പ്രകാരമാണ് നടത്തേണ്ടത്. പദ്ധതി നടത്തിപ്പിലുള്ള കാലതാമസം ഒഴിവാക്കാൻ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി.മീ. ഭാഗം ആദ്യഘട്ടമായി വികസിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കരമന-കളിയിക്കാവിള റോഡ് വികസനവുമായി ബന്ധപ്പെട്ട് ഒഴിപ്പിക്കപ്പെടുന്ന കട നടത്തിയിരുന്നവർക്കും തൊഴിലാളികൾക്കും 15-11-2011-ലെ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) 419/2011 ആർ.ഡി. പ്രകാരമുള്ള പുനരധിവാസ പാക്കേജ് അനുസരിച്ച് ആനുകൂല്യങ്ങൾ നൽകിവരുന്നു. ആയത് ഈ വർഷംതന്നെ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

## മാതൃകാ റോഡ്-സുരക്ഷാ റോഡ് പദ്ധതി

11 (2580) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മാതൃക റോഡ്-സുരക്ഷാ റോഡ്' പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതിയനുസരിച്ച് റോഡുകളിൽ എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) സംസ്ഥാനത്തെ കൂടുതൽ റോഡുകളിൽ പദ്ധതി വ്യാപിപ്പിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി.-II പദ്ധതിയിൽ ഉൾപ്പെട്ട റോഡ് സുരക്ഷാ നിർവ്വഹണത്തിന്റെ ഭാഗമായി മാതൃക റോഡ്- സുരക്ഷാ റോഡ് പദ്ധതി 2016 ഡിസംബറിൽ ആരംഭിച്ചു. പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി 2018 ഏപ്രിൽ ആണ്. റോഡിന്റെ ഉപരിതലം പുതുക്കൽ ഉൾപ്പെട്ട റോഡ് സുരക്ഷയ്ക്ക് ഊന്നൽ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ പടിയായി കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ. റോഡ് ഈ പദ്ധതി പ്രകാരം വികസിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) റോഡിന്റെ വികസനത്തിനും സുരക്ഷയ്ക്കും ഊന്നൽ നൽകിക്കൊണ്ട് ഏറ്റവും കാര്യക്ഷമമായ രീതിയിൽ മാതൃക സുരക്ഷാ പാതയായി വികസിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. റോഡ് സുരക്ഷയുടെ ഭാഗമായി റോഡിന്റെ അടിസ്ഥാന വികസനം, അപകടരഹിതമായ പാത ഒരുക്കലിന്റെ ഭാഗമായുള്ള സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കാനായി ഇരുചക്ര വാഹനക്കാർ, കാൽനടക്കാർ, സൈക്കിൾ സവാരിക്കാർ എന്നിവരുടെ ബോധവത്കരണം, നിർവ്വഹണ ഏജൻസികളുടെ മോഡണൈസേഷൻ, ആരോഗ്യ പരിപാലനം, സാമൂഹിക ബോധവത്കരണം എന്നിവയാണ് മറ്റ് ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കഴക്കൂട്ടം-അടൂർ റോഡിൽ 65 കി.മീ. ദൂരം ഉപരിതലം പുതുക്കൽ, പ്രധാന ജംഗ്ഷനുകളുടെ വികസനം, ചടയമംഗലം പാലത്തിന്റെ വീതികൂട്ടൽ, റോഡ് സുരക്ഷാ ക്രമീകരണങ്ങളായ റോഡ് മാർക്കിംഗ്, ദിശ സൂചനാ ബോർഡുകൾ, വേഗത നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ, നടപ്പാതകൾ, കൈവരികൾ, മീഡിയനുകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പുമായി സഹകരിച്ച് അപകടത്തിൽപ്പെടുന്നവരെ ചികിത്സിക്കുന്നതിനായി ട്രോമാ കെയർ സെന്ററുകളും വിഭാവന ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാംതന്നെ അന്തർദ്ദേശീയ നിലവാരമുള്ള രീതിയിലായിരിക്കും നടപ്പിലാക്കുക.

(ഡി) മാതൃക സുരക്ഷാ പാത നടപ്പാക്കുന്നതിൽനിന്നും പഠിച്ച പാഠങ്ങൾ തെരഞ്ഞെടുത്ത മറ്റ് 10 റോഡുകളിൽക്കൂടി നടപ്പാക്കുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ സഹായിക്കുന്നതിനുള്ള പരിപാടിയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആസൂത്രണത്തിൽ റോഡ് സുരക്ഷാ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പിന്റെ റോഡ് സുരക്ഷാ സെല്ലും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ സഹായിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**പുതിയ റോഡ് നിർമ്മാണ രീതികൾ**

12 (2581) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റോഡ് നിർമ്മാണ രീതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ രീതികൾ അനുസരിച്ച് എവിടെയൊക്കെയാണ് റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തിയത് വിവരിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന് എന്തെല്ലാം സാമഗ്രികളാണ് ഉപയോഗിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ പുതിയ നിർമ്മാണ രീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി

ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ചുള്ള റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയ പ്രവൃത്തികളിൽ NRMB (Natural Rubberized Modified Bitumen)-ഉം പ്ലാസ്റ്റിക്കും റോഡിന്റെ അടിത്തറ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ അടിത്തറ ഉറപ്പിക്കുന്നതിനായി കയർ ഭൂവസ്ത്രം ഉപയോഗിക്കുക തുടങ്ങിയ വ്യവസ്ഥകൂടി ഉൾപ്പെടുത്തി അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആധുനിക സുരക്ഷാ സംവിധാനങ്ങൾ, റോഡ് മാർക്കിംഗ്, സൈൻബോർഡുകൾ, ക്രാഷ് ബാരിയറുകൾ തുടങ്ങിയവ കൊടുക്കാറുണ്ട്.

ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണത്തിൽ റബ്ബറൈസ്ഡ് ടാർ, കയർ ഭൂവസ്ത്രം എന്നിവ ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ കോൾഡ് ഇൻ പ്ലെയിസ് റീസൈക്ലിംഗ് എന്ന നൂതന സാങ്കേതികവിദ്യയും ഉപയോഗിച്ചുവരുന്നുണ്ട്. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്ന ജംഗ്ഷനുകളിൽ stone matrix asphalt ഉപയോഗിച്ചുള്ള ഉപരിതലമാണ് നിർമ്മിച്ചിട്ടുള്ളത്. ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകൾക്ക് കൂടുതൽ ഈടും ഉറപ്പും ഉണ്ടാകുമെന്നതുകൊണ്ടാണ് ഈ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചത്.

(ബി) റോഡ് നിർമ്മാണത്തിനായി ശുദ്ധീകരിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. ദൂരം വരുന്ന റോഡുകളിൽ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക് കൂടി 20 എം.എം. ചിപ്പിംഗ് കാർപ്പെറ്റ് ഉപരിതല പ്രവൃത്തിയിൽക്കൂടി മിശ്രണം ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശ പ്രകാരം ബി.എം.&ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് ഒരു കി.മീ. ദൂരം വരുന്ന ബി.സി ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഈ റോഡുകളിൽ എല്ലാംതന്നെ സുരക്ഷാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

ദേശീയപാത വിഭാഗത്തിൽ ആലപ്പുഴ ജില്ലയിൽ പാതിരപ്പള്ളി മുതൽ പുറക്കാട് വരെ നവീന സാങ്കേതിക വിദ്യയായ കോൾഡ് ഇൻ പ്ലെയിസ് റീസൈക്ലിംഗ് രീതി അനുസരിച്ചാണ് റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നത്. കൂടാതെ കുറ്റിപ്പുറം മുതൽ ചമ്രവട്ടം വരെയുള്ള പുതിയ ദേശീയപാതയുടെ നിർമ്മാണത്തിൽ കയർ മാറ്റ് ഉപയോഗിച്ചിട്ടുണ്ട്.

കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽപ്പെട്ട എല്ലാ ജംഗ്ഷനുകളിലും ഈ സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ നഗര റോഡ് വികസന പദ്ധതിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന 47 കി.മീ. റോഡുകളുടെ ഉപരിതലം stone matrix asphalt ഉപയോഗിച്ചാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നിർമ്മാണത്തിനായി ഉപയോഗശൂന്യമായ, ശുദ്ധീകരിച്ച് ചെറുകഷണങ്ങളാക്കിയ ഷ്രെഡഡ് പ്ലാസ്റ്റിക് ചൂടാക്കിയ ടാർ മിശ്രിതത്തോടൊപ്പം ചേർത്താണ് റോഡ് നിർമ്മാണം നടത്തിയിട്ടുള്ളത്.

കോൾഡ് ഇൻ പ്ലെയിസ് റീസൈക്ലിംഗ് എന്ന നൂതന സാങ്കേതിക വിദ്യയിൽ നിലവിലുള്ള ടാർ പ്രതലം ഇളക്കി പൊടിച്ച് അതിലേയ്ക്കാവശ്യമായ അളവിൽ മെറ്റലും സിമന്റും കൂടാതെ ഫോം ബിറ്റുമിനും ആണ് ഉപയോഗിക്കുന്നത്. കയർമാറ്റ് ഉപയോഗിച്ചുള്ള പ്രവൃത്തി നടത്തുമ്പോൾ മുള, കയർമാറ്റ്, മെറ്റൽ എന്നിവ ഉപയോഗിക്കാറുണ്ട്.

ബാച്ച് മിക്സിംഗ് പ്ലാന്റിൽ ഉണ്ടാക്കിയ മിശ്രിതം സെൻസർ പേവർ ഉപയോഗിച്ച് നിരത്തിയശേഷം വൈബ്രേറ്ററി റോളർ ഉപയോഗിച്ച് ഉറപ്പിച്ചാണ് ഇത്തരം റോഡുകൾ നിർമ്മിക്കുന്നത്. റോഡ് നിർമ്മാണത്തിനായി വി ജി -30 ബിറ്റുമിൻ, ഗ്രേഡഡ് മെറ്റൽ, ചുണ്ണാമ്പ്, പെല്ലെറ്റൈസ്ഡ് സെല്ലുലോസ് ഫൈബർ എന്നിവയാണ് ഉപയോഗിക്കുന്നത്.

**മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ**

13 (2582) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മുതൽ കാസർഗോഡ് വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാനാകും എന്ന് വ്യക്തമാക്കാമോ;

(ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നാറ്റ്പാക്ക് അലൈൻമെന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ഓരോ ജില്ലയിലും മലയോര ഹൈവേ കടന്നുപോകുന്ന റൂട്ട് ഏതാണെന്നും അതിനോടനുബന്ധിച്ചു നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല മുതൽ കാസർഗോഡ് വരെ നീളുന്ന മലയോര ഹൈവേയുടെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) നമ്പർ 942/2017/ പിഡബ്ല്യുഡി തീയതി 10-7-2017 പ്രകാരം കേരള റോഡ് ഫണ്ട്

ബോർഡിനെ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആക്കി കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ച് മലയോര ഹൈവേ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മലയോര ഹൈവേ അലൈൻമെന്റിൽ വിശദമായ പരിശോധന നടത്തിയതനുസരിച്ച് 749.29 കി.മീ. ദൂരം 13 ജില്ലകളിലെ 27 റീച്ചുകളിലായി 2017-18 വർഷത്തിൽ നവംബർ മാസത്തോടെ ഏറ്റെടുത്ത് തുടങ്ങാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജൂലൈ 11, 12 തീയതികളിൽ തിരുവനന്തപുരത്തുവച്ച് ഇതുമായി ബന്ധപ്പെട്ട യോഗം പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു.

(ബി) മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നാറ്റ്പാക് അലൈൻമെന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് നന്ദാരപടവ് മുതൽ തിരുവനന്തപുരത്ത് പാറശ്ശാല വരെയുള്ള മലയോര ഹൈവേയുടെ അലൈൻമെന്റ് ജി.ഒ.(എം.എസ്) നമ്പർ 44/2009/പിഡബ്ല്യുഡി തീയതി 6-7-2009 പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്.

(സി) ഓരോ ജില്ലയിലും മലയോര ഹൈവേ കടന്നുപോകുന്ന റൂട്ട് സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു. ആദ്യഘട്ടമായി നിർമ്മാണം നടത്തുവാനുദ്ദേശിക്കുന്ന റീച്ചുകളുടെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

## വഴയില മുതൽ നെടുമങ്ങാട് വരെ നാലുവരിപ്പാത

14 (2583) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വഴയില മുതൽ നെടുമങ്ങാട് വരെ നാലുവരിപ്പാതയാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പണി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സൈൻ ബോർഡുകൾ

15 (2584) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള സൈൻ ബോർഡുകൾ, കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് മൂലവും മറവുകൾ ഉള്ളത് മൂലവും വായിക്കാൻ പറ്റാത്തവയാണെന്നത് പരിഗണിച്ച് ഇവ ശരിയാക്കി സ്ഥാപിക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ?

### ഉത്തരം

കേരളത്തിലെ വിവിധ പൊതുമരാമത്ത് റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള സൈൻ ബോർഡുകൾ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുമൂലവും മറവുകൾ ഉള്ളതുമൂലവും വായിക്കാൻ പറ്റാത്തവയാണെന്നത് പരിഗണിച്ച് ഇവ ശരിയാക്കി സ്ഥാപിക്കുന്നതിനായി എല്ലാ സാമ്പത്തിക വർഷവും പദ്ധതി-പദ്ധതിയേതര ഫണ്ടുകളുടെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയപാത വിഭാഗത്തെ സംബന്ധിച്ചിടത്തോളം കേടുപാടുകൾ സംഭവിക്കുന്ന സൈൻ ബോർഡുകൾ ഉടൻ മാറ്റി സ്ഥാപിക്കുന്നുണ്ട്. മരച്ചില്ലകൾമൂലമോ മറ്റ് കാരണങ്ങളാലോ സൈൻ ബോർഡുകൾക്ക് മറവ് സംഭവിച്ചാൽ ഉടൻ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

നഗര റോഡ് വികസന പദ്ധതി പ്രകാരം സ്ഥാപിക്കപ്പെട്ട സൈൻ ബോർഡുകൾ യഥാസമയം കേടുപാടുകൾ തീർത്ത് മറവുകൾമാറ്റി പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള കൺസഷണർ പരിപാലിച്ചുവരുന്നുണ്ട്.

## പുതിയ റോഡ് നിർമ്മാണത്തിനായി ഒഴിവാക്കപ്പെട്ട റോഡുഭാഗങ്ങൾ

16 (2585) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഉപയോഗയോഗ്യമല്ലാതാവുകയും ഗതാഗതം ഇല്ലാതാവുകയും ചെയ്യുന്ന പൊതുമരാമത്ത് വകുപ്പിന്റെ പഴയ റോഡുകൾ ഉപയുക്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആലോചനയിൽ ഉണ്ടോ;

(ബി) പ്രസ്തുത റോഡുകൾ സംബന്ധിച്ച കണക്കുകൾ പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഉണ്ടോ; വിശദമാക്കാമോ;

(സി) ഈ റോഡുകൾ അനുയോജ്യമായ പ്രവൃത്തികൾ നടത്തുന്നതിനായി പഞ്ചായത്തുകൾക്ക് കൈമാറുവാൻ ആലോചിക്കുമോ?

ഉത്തരം

(എ-സി) റോഡുകൾ റീ അലൈൻമെന്റ് ചെയ്യുമ്പോഴോ, പുതിയ ബൈപ്പാസുകൾ നിർമ്മിക്കുമ്പോഴോ നിലവിലുണ്ടായിരുന്ന പഴയ റോഡുകളുടെ ഭാഗം സ്വാഭാവികമായി സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതാണ്. ദേശീയപാതകളുടെ കാര്യത്തിലും ഇക്കാര്യം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ No. NH III/P9/77 തീയതി 31/11/1977 - ലേയും National Highways 1-40 (1) 68 തീയതി 01/05/1969-ലേയും ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. ഇങ്ങനെ സർക്കാരിൽ നിക്ഷിപ്തമാകുന്ന റോഡുകൾ സംസ്ഥാന പൊതുമരാമത്ത് വകുപ്പിനോ സർക്കാർ നിർദ്ദേശിക്കുന്ന വകുപ്പുകൾക്കോ കൈമാറുകയാണ് പതിവ്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പഴയ റോഡുകൾ ഉപയുക്തമാക്കാൻ പദ്ധതികൾ ഉണ്ടാകുന്നതുവരെ പരിപാലിക്കും. റോഡുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ അതാത് സെക്ഷൻ ഓഫീസുകളിൽ ഉണ്ട്.

## മുക്കം പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് നിർമ്മാണം

17 (2586) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കത്ത് പി.ഡബ്ള്യൂ.ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(സി) മുക്കത്ത് പി.ഡബ്ള്യൂഡി റസ്റ്റ് ഹൗസ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

## സീബ്രാ ലൈനുകളും ട്രാഫിക് സിഗ്നലുകളും വ്യക്തമായി കാണാൻ പറ്റാത്ത സ്ഥിതി

18 (2587) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല റോഡുകളിലും വ്യക്തമായ രീതിയിൽ സീബ്രാലൈൻ പ്രദർശിപ്പിക്കാത്തതിനാലും ഗതാഗത കുരുക്ക് വ്യാപകമായുള്ള ചില പ്രദേശങ്ങളിൽ ഇവ ഇല്ലാത്തതിനാലും കാൽനടയാത്രക്കാരായ ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സീബ്രാ ലൈനുകളും ട്രാഫിക് സിഗ്നലുകളും വ്യക്തമായ രീതിയിൽ പ്രദർശിപ്പിച്ച് കാൽനടയാത്രക്കാരുൾപ്പെടെയുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സീബ്രാ ലൈനുകളും ട്രാഫിക് സിഗ്നലുകളും വ്യക്തമായ രീതിയിൽ പ്രദർശിപ്പിച്ച് കാൽനടയാത്രക്കാരുൾപ്പെടെയുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിൽ എല്ലാ സാമ്പത്തിക വർഷവും പദ്ധതി ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ ഏറ്റെടുക്കൽ

19 (2588) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ ഏറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ റോഡുകളുടെ തെരഞ്ഞെടുപ്പിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏറ്റെടുക്കുന്ന റോഡുകളുടെ നിലവാരമുയർത്തുന്നതിനുള്ള പദ്ധതിയുണ്ടോ; എങ്കിൽ അതിനുള്ള ഫണ്ട് ഏതുവിധത്തിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ ഏറ്റെടുക്കുന്നതിന് നിലവിൽ പദ്ധതിയില്ല.

(ബി) ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ റെസല്യൂഷൻ ആവശ്യമാണ്. ടി റോഡുകൾ എട്ട് മീറ്റർ വീതിയുള്ളതും കുറഞ്ഞത് രണ്ട് പഞ്ചായത്തുകൾ വഴി കടന്നുപോകുന്നതും രണ്ട്

പൊതുമരാമത്ത് റോഡുകളെ ബന്ധിപ്പിക്കുന്നതും റെഗുലർ ആയി ബസ് സർവ്വീസ് ഉള്ളതുമായിരിക്കണം.

(സി) നിലവിൽ പദ്ധതി ഇല്ല.

**മലയോര ഹൈവേയുടെ പ്രവൃത്തി**

20 (2589) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലൂടെ കടന്ന് പോകുന്ന മലയോര ഹൈവേയുടെ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ പദ്ധതി സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മലയോര ഹൈവേയുടെ വീതി എത്രയെന്നും, പ്രസ്തുത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രത്യേകതകൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) മലയോര ഹൈവേ പദ്ധതിക്ക് സർക്കാർ ഉത്തരവ് (സാധാ). നമ്പർ 942/2017/പൊ.മ.വ. തീയതി 10-7-2017 പ്രകാരം കിഫ്ബി വഴി 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നെൻമാറ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ നിർമ്മാണത്തിന് വേണ്ടിയുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(സി) മലയോര ഹൈവേയുടെ വീതി കുറഞ്ഞത് 12 മീറ്ററാണ്. പ്രസ്തുത റോഡിൽ പാതയ്ക്ക് ഇരുവശങ്ങളിലായി ഓട, ബസ്ബേ, ജംഗ്ഷൻ വിപുലീകരണം, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, കേബിൾ ഡക്ട് എന്നിവയാണ് വിഭാവന ചെയ്യുന്നത്.

**വൈക്കം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

21 (2590) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17- ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അക്കരപ്പാടം-കുട്ടുങ്കൽ പാലം, മൂലേക്കടവ് പാലം, ചെമ്പ് വാലയിൽ പാലം, വൈക്കം-വെച്ചൂർ റോഡ് വികസനം എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2016-17- ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാക്കേത്തറ-കല്ലറ-കപിക്കാട് റോഡ് നിർമ്മാണം ഏത് ഘട്ടത്തിലെന്ന് വിശദമാക്കുമോ;

(സി) വൈക്കത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) വൈക്കം മുറിഞ്ഞപുഴ ആറിന് കുറുകെയുള്ള പാലത്തിൽ ഏർപ്പെടുത്തിയ ടോൾ പിരിവ് എന്ന് നിർത്തലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കരപ്പാടം-കുട്ടുങ്കൽ പാലം-എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

മൂലേക്കടവ് പാലം - ജനറൽ ഡ്രോയിംഗ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചെമ്പ് വാലയിൽ പാലം - ഡി.പി.ആർ. കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

വൈക്കം-വെച്ചൂർ റോഡ് വികസനം - ഇൻവെസ്റ്റിഗേഷൻ നടക്കുന്നു.

(ബി) വാക്കേത്തറ – കല്ലറ – കപിക്കാട് റോഡ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(സി) വൈക്കത്ത് അഞ്ച് നിലകളുള്ള മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വൈക്കം മുറിഞ്ഞപുഴ ആറിന് കുറുകെയുള്ള പാലത്തിൽ ഏർപ്പെടുത്തിയ ടോൾ പിരിവ് എന്ന് നിർത്തലാക്കാമെന്ന തീരുമാനം കൈക്കൊണ്ടിട്ടില്ല.

**മാവൂർ റോഡ് നിർമ്മാണം**

22 (2591) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ റോഡ് നിർമ്മാണത്തിന് വിലയ്ക്കെടുത്തിരിക്കുന്നതും റോഡിന് ആവശ്യമില്ലാത്തതുമായ സ്ഥലങ്ങൾ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സ്ഥലം സർക്കാരിന്റെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവൂർ റോഡിലെ പി.ഡബ്ല്യൂ.ഡി പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിര് തിരിച്ച് സംരക്ഷിക്കുന്നതിന് നിരത്ത് വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഭാവിയിൽ നടക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ഉപയോഗപ്പെടുത്താമെന്നതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള ഭൂമി മറ്റ് വകുപ്പുകൾക്ക് വിട്ടുനൽകാനാവില്ല.

## ഗ്രാമീണ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് വൺ ടൈം മെയിന്റനൻസ് ഗ്രാന്റ്

23 (2592) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് വൺ ടൈം മെയ്ന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി അനുവദിച്ച തുക എത്ര വീതമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തൊട്ടാകെ എത്ര കിലോമീറ്റർ റോഡ് ഇങ്ങനെ ഏറ്റെടുത്തിട്ടുണ്ട്; ഏതൊക്കെ റോഡുകളാണ് ഇങ്ങനെ ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കൂടുതൽ ഗ്രാമീണ റോഡുകൾ ഇങ്ങനെ ഏറ്റെടുക്കുന്നതിന് തയ്യാറാകുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് വൺ ടൈം മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്തെ ഗ്രാമീണ റോഡുകളൊന്നും ഏറ്റെടുത്തിട്ടില്ല.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ആലപ്പുഴ ജില്ലയിലെ റസ്റ്റ് ഹൗസുകൾ

24 (2593) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എവിടെയെല്ലാമാണ് പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നതെന്നും ഓരോന്നിന്റെയും നടത്തിപ്പ് ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റസ്റ്റ്ഹൗസുകളിൽ നിലവിൽ എത്രയെണ്ണം പാട്ടത്തിന് കൊടുത്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) പാട്ടത്തിന് നൽകിയിട്ടുള്ളവയുടെ കരാർ കാലാവധി എന്നെല്ലാമാണ് അവസാനിക്കുന്നതെന്നും കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നത് :

1. ചേർത്തല
2. ആലപ്പുഴ
3. ഹരിപ്പാട്
4. കായംകുളം
5. ചെങ്ങന്നൂർ
6. മാവേലിക്കര
7. കുറ്റാനം.

ആലപ്പുഴ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് പ്രസ്തുത റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നത്.

(ബി) ആലപ്പുഴ ജില്ലയിൽ റസ്റ്റ് ഹൗസുകൾ ഒന്നുംതന്നെ പാട്ടത്തിന് നൽകിയിട്ടില്ല.

(സി) ബാധകമല്ല.

## ഈസ്റ്റ് ഒറ്റപ്പാലം, കണ്ണിയംപുറം പാലങ്ങൾ നിർമ്മിക്കുന്നതിന് നടപടി

25 (2594) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ്റ്റ് ഒറ്റപ്പാലം,കണ്ണിയംപുറം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; എന്നാണ് ഭരണാനുമതി നൽകിയത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പാലക്കാട് - കുളപ്പുള്ളി കെ.എസ്.റ്റി.പി. റോഡിലെ ഒറ്റപ്പാലം ടൗണിന്റെ ഇരുഭാഗത്തുമുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലവും കണ്ണിയംപുറം പാലങ്ങളും പുനർനിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പാലങ്ങൾ അടിയന്തരമായി നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈസ്റ്റ് ഒറ്റപ്പാലം-കണ്ണിയംപുറം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിന് 2016-17 വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 31-10-2016-ലെ ഉത്തരവ് നമ്പർ ജി.ഒ. (ആർ.റ്റി.) നമ്പർ 1496/2016/പൊ.മ.വ. പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പാലക്കാട് - കുളപ്പുള്ളി കെ.എസ്.റ്റി.പി. റോഡിലെ ഒറ്റപ്പാലം - ടൗണിന്റെ ഇരുഭാഗത്തുള്ള ഈസ്റ്റ് ഒറ്റപ്പാലം പാലത്തിന് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കണ്ണിയാംപുറം പാലത്തിന് സ്ഥലം ലഭ്യമായതിനാൽ പുനർനിർമ്മിക്കുന്നതിന് തടസ്സങ്ങളൊന്നുംതന്നെ ഇല്ല.

(സി) ഈസ്റ്റ് ഒറ്റപ്പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**ഗ്രീൻ കൺസെപ്റ്റ് നിർമ്മാണരീതികൾ**

26 (2595) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിൽ ഗ്രീൻ കൺസപ്റ്റ് നിർമ്മാണരീതികൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കെട്ടിടങ്ങൾക്കാണ് പ്രസ്തുത രീതി നിർബന്ധമാക്കാനുദ്ദേശിക്കുന്നത്; എന്നുമുതലാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 7-3-2013-ലെ സ.ഉ. (എം.എസ്.) നമ്പർ 28/2013/പൊ.മ.വ. പ്രകാരം ഹരിത നിർമ്മാണ നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഉത്പാദിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെയും ശുദ്ധജലത്തിന്റെയും നല്ലൊരു ശതമാനം കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ഉപഭോഗത്തിനുമായാണ് വേണ്ടിവരുന്നത്. അതുപോലെതന്നെ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ധാരാളം പ്രകൃതിജന്യ വസ്തുക്കൾ ഉപയോഗിക്കപ്പെടുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ മേഖല വലിയ തോതിൽ അന്തരീക്ഷ മലിനീകരണത്തിനും കാരണമാകുന്നു. ഇവയ്ക്കെല്ലാം ഒരു പരിധിവരെ പരിഹാരം കാണുവാനാണ് ഹരിത നിർമ്മാണ രീതി അവലംബിക്കുകവഴി ലക്ഷ്യമിടുന്നത്. ഇങ്ങനെ 40 ശതമാനത്തോളം ഊർജ്ജത്തിന്റെയും 40 ശതമാനത്തോളം ജലത്തിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുക വഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് പരിമിതപ്പെടുത്തുവാൻ കഴിയും. മഴവെള്ള സംഭരണവും പുനർചാക്രീകരണവും കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന സംസ്കരണ പദ്ധതികളും ഹരിത നിർമ്മാണ രീതിയിൽ അവലംബിക്കുന്നു. ഊർജ്ജ ഉപയോഗം കുറയ്ക്കുവാനായി എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ [ECBC] വ്യവസ്ഥകൾകൂടി പാലിക്കുവാൻ ഹരിത നിർമ്മാണ നയത്തിൽ നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട സ്ഥലത്തോട് ഇണങ്ങുന്ന നിർമ്മാണ രീതി അവലംബിക്കാനും ഹരിതാഭയും വൃക്ഷലതാദികളും പരമാവധി നിലനിർത്തുകയും ചെയ്തുകൊണ്ട് ഹരിത ഗൃഹവാതകങ്ങളുടെ (green house gases) പുറന്തള്ളൽ പരമാവധി കുറച്ചുകൊണ്ടുള്ള നിർമ്മാണ രീതിയാണ് ഹരിത നിർമ്മാണത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) തുടക്കമെന്ന നിലയിൽ രണ്ട് കെട്ടിടങ്ങൾ, നേമത്ത് നിർമ്മിക്കുവാനുദ്ദേശിക്കുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ ഹെഡ് ഓഫീസും പത്തനംതിട്ട ജില്ലാ കളക്ടർക്ക് വേണ്ടി നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഔദ്യോഗിക വസതിയും ക്യാമ്പ് ഓഫീസും ഹരിത നിർമ്മാണ രീതി അവലംബിച്ച് രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഈ കെട്ടിടങ്ങൾ ഹരിത നിർമ്മാണങ്ങൾ കൈകാര്യം ചെയ്യുന്ന GRIHA (Green Rating for Integrated Habitat Assessment) കൗൺസിലിൽ സമർപ്പിച്ചിട്ടുണ്ട്.

## പട്ടുവം പഞ്ചായത്തിലെ അരിയിൽ മന്ന റോഡ്

27 (2596) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടുവം പഞ്ചായത്തിലെ അരിയിൽ മന്ന റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടുവം ഗ്രാമപഞ്ചായത്തിലെ അരിയിൽ മന്ന റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഗ്രാമീണറോഡുകൾക്ക് പൊതുമരാമത്ത് ഫണ്ട്**

28 (2597) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തിന് കീഴിലുള്ള ഗ്രാമീണ റോഡുകൾ ഏറ്റെടുത്ത് അഭിവൃദ്ധി പ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് ഒറ്റത്തവണ ഫണ്ട് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പുന്നൂർ പാലത്തിന്റെയും ഠൗണിന്റെയും നവീകരണ പ്രവൃത്തി**

29 (2598) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പുന്നൂർ പാലത്തിന്റെയും ടൗണിന്റെയും നവീകരണത്തിന് 10 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തുകൊണ്ടാണ് കാലതാമസം നേരിട്ടത് ; വ്യക്തമാക്കാമോ ;

(ബി) ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) പാലം നവീകരണത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പുന്നൂർ അങ്ങാടി നവീകരണത്തിന് എന്തൊക്കെ പ്രവൃത്തിയാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ഉത്തരം

(എ) പുന്നൂർ പാലത്തിന്റെയും ഠൗണിന്റെയും നവീകരണത്തിന്

31-10-2016-ലെ G.O. (Rt) No. 1496/2016/PWD നമ്പർ ഉത്തരവ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയാൽ മാത്രമേ വിശദമായ ഡി.പി.ആർ.-ന് സാങ്കേതികാനുമതി നൽകാൻ കഴിയുകയുള്ളൂ. ആയതിനാലാണ് പ്രസ്തുത പ്രവൃത്തി തുടങ്ങാൻ കാലതാമസം നേരിടുന്നത്.

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) പുന്നൂർ അങ്ങാടിയുടെ വികസനത്തിന് ഉതകുന്ന ഡ്രെയിനേജ്, ഫുട്പാത്ത്, ബസ് സ്റ്റോപ് മുതലായവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്.

## വൈലോങ്ങര - ഒറോടം പാലം ബൈപ്പാസിന്റെ നിർമ്മാണം

30 (T2599) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്ന വൈലോങ്ങര - ഒറോടം പാലം ബൈപാസിന്റെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുള്ള കിറ്റ്കോ ഇത് സംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ ഡി പി ആർ 2017-ൽ തന്നെ കിഫ്ബി ബോർഡിൽ അവതരിപ്പിച്ച് ഭരണാനുമതി വാങ്ങുവാൻ സാധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 27-9-2016-ലെ സ.ഉ. (സാധാ) നമ്പർ 1324/2016/പൊ.മ.വ. പ്രകാരം പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യെ ആണ് ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത റോഡിനുവേണ്ടിയുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി 2017-ൽ തന്നെ കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ദേശീയപാത വികസനം

31 (T2600) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇതിന്റെ സർവ്വേ നടപടി ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം പ്രദേശങ്ങളിൽ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ സർവ്വേ നടപടികൾ റവന്യൂ വകുപ്പ് മുഖാന്തരം നടന്നുവരുന്നു. ദേശീയ പാത 766-ൽ കി.മീ. മുതൽ 5/000 മുതൽ 40/000 വരെയും കി.മീ. 40/000 മുതൽ 117/000 വരെയും ഷോൾഡർ ഉൾപ്പെടെ രണ്ട് വരി പാതയായി ഉയർത്തുന്നതിനുവേണ്ടിയുള്ള പഠനം നടത്തുന്നതിനുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു.

പ്രസ്തുത സർവ്വേ നടപടികൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ. (എൻ.എച്ച്.) കോഴിക്കോടിന്റെ പരിധിയിലാണ്.

കോഴിക്കോട് ദേശീയപാത ബൈപ്പാസ് 66-ലെ 28.124 കി.മീ. നവീകരണത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വിശദമായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ദേശീയപാത 66-ൽ കോഴിക്കോട് ജില്ലയിലെ മറ്റ് ഭാഗങ്ങളിലെ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനു വേണ്ടി 20-6-2017-ൽ 3 (എ) നോട്ടിഫിക്കേഷന്റെ കാലാവധി കഴിഞ്ഞതിനാൽ എൽ.എ. (എൻ.എച്ച്.)-ന്റെ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ, 3 (എ) നോട്ടിഫിക്കേഷന്റെ പുതുക്കിയ ഡ്രാഫ്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

## മലപ്പുറം ഫ്ലൈഓവർ നിർമ്മാണം

32 (2601) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മലപ്പുറം ഫ്ലൈഓവർ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ദേശീയപാത 966-ലാണ് ഫ്ലൈഓവർ നിർമ്മിക്കുന്നതെന്നതിനാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിരാക്ഷേപപത്രം ആവശ്യമുണ്ടോ; എങ്കിൽ അതു ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ദേശീയപാത എഞ്ചിനീയറിംഗ് വിഭാഗത്തിന് അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) പൊതുമരാമത്ത് ദേശീയ പാതയിൽ വരുന്ന മലപ്പുറം പോലീസ് സ്റ്റേഷൻ കിഴക്കേത്തല ചെത്തുപാടം ഫ്ലൈ ഓവറിന്റെ നിർമ്മാണത്തിന് 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിക്ക് 10-7-2017-ലെ G.O. (Rt.) No. 942/2017/PWD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയി ആർ.ബി.ഡി. സി.കെ.-യെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഡി.പി.ആർ. ആർ.ബി.ഡി.സി.കെ. തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ കേന്ദ്ര ഗതാഗത മന്ത്രാലയത്തിലേയ്ക്ക് നിരാക്ഷേപ പത്രത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

## റെയിൽവേ വികസനത്തിന് പുതിയ കോർപ്പറേഷൻ

33 (2602) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റയിൽവേ വികസനത്തിന് പുതിയ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) റെയിൽവേ വികസനത്തിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് കോർപ്പറേഷൻ നടത്തിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റെയിൽവേ വികസനത്തിനായി തിരുവനന്തപുരം ആസ്ഥാനമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ 2017 ജനുവരി 3-ന് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

(ബി) കേരളത്തിന് അനുയോജ്യമായ റെയിൽ പദ്ധതികൾ തെരഞ്ഞെടുത്ത് നടത്തുന്നതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി തിരുവനന്തപുരം ആസ്ഥാനമായി 2017 ജനുവരി 3-ാം തീയതി രജിസ്റ്റർ ചെയ്തു. സംയുക്ത സംരംഭക കമ്പനിയുടെ നിർദ്ദേശിക്കപ്പെട്ട നിക്ഷേപാനുപാതം 51:49, അതായത് കേരള സർക്കാർ 51 ശതമാനവും റെയിൽവേ മന്ത്രാലയം 49 ശതമാനവുമാകുന്നു. ഇതിലുപരിയായി വരുന്ന ധനസമാഹരണം സംയുക്ത സംരംഭക കമ്പനി സ്വദേശി/വിദേശി ബാങ്കുകളിൽനിന്നോ ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ കണ്ടെത്തും. സംസ്ഥാനത്തെ റെയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിലേക്കായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സംയുക്ത സംരംഭ കമ്പനി (ജോയിന്റ് വെഞ്ചർ കമ്പനി-JVC) പദ്ധതി അധിഷ്ഠിത SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കും. SPV-യുടെ 26% ഇക്വിറ്റി ഷെയർ ക്യാപിറ്റൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന JVC-യുടെ വകയായിരിക്കും. പദ്ധതി അധിഷ്ഠിത SPV-യുടെ സ്റ്റേക്ക് ഹോൾഡേഴ്സിനും പങ്കാളിത്തം അനുവദിക്കും. കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഇതിനോടകംതന്നെ ആരംഭിച്ചുകഴിഞ്ഞു.

(സി) സംസ്ഥാനത്തെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് യുക്തമായ നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചുവരുന്നു:

ഒന്നാംഘട്ടം

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)

2. തലശ്ശേരി-മൈസൂർ റെയിൽവേ പാത

3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

4. കൊച്ചി വിമാനത്താവളത്തിലേക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്ക് നീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ

5. വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം തിരുവനന്തപുരം-കന്യാകുമാരി ലൈൻ ബന്ധിപ്പിക്കുന്ന വിഴിഞ്ഞം-ബാലരാമപുരം പുതിയ ബ്രോഡ്ഗേജ് ലൈൻ.

രണ്ടാംഘട്ടം

1. എരുമേലി-പുനലൂർ നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽനിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത

2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ-നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

മൂന്നാംഘട്ടം

നിലമ്പൂർ-നഞ്ചൻകോട് നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവെ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

## ദേവികുളം മണ്ഡലത്തിലെ മൂന്നാറിൽ പ്രവർത്തിക്കുന്ന റസ്റ്റ് ഹൗസ്

34 (2603) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ പ്രവർത്തിക്കുന്ന പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് 'മെർമേഡ്' എന്ന പേരിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ പേരുമാറ്റം സർക്കാരിന്റെ അറിവോടെയാണോയെന്ന് വ്യക്തമാക്കാമോ;

(സി) അല്ലെങ്കിൽ ആയത് പരിശോധിച്ച് ആവശ്യമായ അനന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 27-12-2002-ലെ എഗ്രിമെന്റ് പ്രകാരം മൂന്നാർ റസ്റ്റ് ഹൗസ് മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡ്, മെർമേയ്ഡ് കോംപ്ലക്സ്, കണിയാപുഴ റോഡ്, വൈറ്റില, കൊച്ചിൻ എന്ന സ്ഥാപനത്തിന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം ആണ് റസ്റ്റ് ഹൗസിന് മെർമെയ്ഡ് എന്ന പേര് നൽകിയിരിക്കുന്നത്.

(ബി&സി) സർക്കാരിന്റെ അറിവോടുകൂടിയാണ് മെർമേയ്ഡ് എന്ന പേര് നൽകിയിരിക്കുന്നത്.

## പോലീസിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് പി.ഡബ്ല്യൂ.ഡി.-യുടെ കീഴിലുള്ള ക്വാർട്ടേഴ്സുകൾ നൽകുന്ന നടപടി

35 (2604) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് പോലീസ് ക്വാർട്ടേഴ്സിൽ നിശ്ചിത ശതമാനം ക്വാർട്ടേഴ്സുകൾ സംവരണം ചെയ്തിരിക്കെ അവർക്ക് ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ അനുവദിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നതുമൂലം സാധാരണ സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരത്ത് സർക്കാർ ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് നൽകിയിട്ടുള്ള ഈ പ്രത്യേക ആനുകൂല്യം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 28.02.2006-ലെ സ.ഉ. (കൈ) നമ്പർ 11/2006/പൊ.മ.വ. പ്രകാരം ക്വാർട്ടേഴ്സിന് അർഹരായ ജീവനക്കാർക്ക് മാത്രമാണ് ക്വാർട്ടേഴ്സ് അനുവദിക്കുന്നത്. ആയതിനാൽ ഏതെങ്കിലും ഒരു വിഭാഗം ജീവനക്കാർക്ക് ആനുകൂല്യം ലഭിക്കുന്ന സാഹചര്യം നിലവിലില്ല.

## തിരുവല്ല-കന്നന്താനം-പായിപ്പാട്-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് പുനർനിർമ്മിക്കുന്നതിന് നടപടി

36 (2605) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല,മല്ലപ്പള്ളി എന്നീ താലൂക്ക് ആസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന തിരുവല്ല- കന്നന്താനം-പായിപ്പാട്-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് തകർന്നുകിടക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കുവാനായി 2016-17 സാമ്പത്തികവർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 20-8-2016-ലെ സ.ഉ. (സാധാ) നമ്പർ 1192/2016/പൊ.മ.വ. പ്രകാരം KIIFB മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് RICK മുഖാന്തരം ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ഡി.പി.ആർ. പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് സമർപ്പിക്കുവാൻ സാധ്യമാകൂ.

**ശംഖുമുഖം വേളി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ**

37 (2606) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിരുന്ന. തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ ശംഖുമുഖം-വേളി റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) പ്രവൃത്തി എപ്പോഴത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ശംഖുമുഖം-വേളി റോഡ് തീരദേശ പാതയിൽ ഉൾപ്പെട്ടതാണ്. 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം തീരദേശ പാതയുടെ നിർമ്മാണത്തിന് കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 6500 കോടി രൂപയും ശംഖുമുഖം-വേളി റോഡിന് 30 കോടി രൂപയും തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതും പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ (KRFB) ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ശംഖുമുഖം-വേളി റോഡിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി-ക്ക് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

## കാരേറ്റ്-കല്ലറ-പാലോട് റോഡ്

38 (2607) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ കാരേറ്റ്-കല്ലറ-പാലോട് റോഡ് ശോച്യാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് റീടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിന്റെ 7/000 മുതൽ 12/500 വരെയുള്ള ഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനായി ഏഴ് കോടി രൂപയുടെ ഒരു പ്രവൃത്തി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. കൂടാതെ 0/000 മുതൽ 7/000 വരെയും 12/500 മുതൽ 21/050 വരെയുമുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്ക് കിഫ്ബി മുഖാന്തരം (വാമനപുരം-ചിറ്റാർ റോഡ്) ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിന് 1-11-2016-ലെ സ.ഉ. (സാധാ) നമ്പർ 1502/2016/പൊ.മ.വ. പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുള്ളതുമാണ്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## തുരുത്തി-കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി

39 (2608) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2016-2017 ബഡ്ജറ്റിൽ അനുവദിച്ച കണ്ണൂർ-കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന തുരുത്തി-കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഇതോടനുബന്ധിച്ചുള്ള തുരത്തി മുക്ക് -കരിയാട് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(സി) ഇരു പാലങ്ങളുടെയും പണി പൂർത്തീകരിച്ച് എന്നത്തേക്ക് ഉദ്ഘാടനം നടത്താൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതും കിഫ്ബി വഴി നടപ്പിലാക്കാൻ നിർദ്ദേശിച്ചതുമായ തുരുത്തിമുക്ക്-കരിയാട് തുരുത്തി-കരിയാട് പാലങ്ങളുടെ നിർമ്മാണത്തിന് 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മയ്യഴിപ്പുഴയ്ക്ക് കുറുകെ, കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മണ്ഡലത്തിൽപ്പെട്ട പാനൂർ മുനിസിപ്പാലിറ്റിയെയും കോഴിക്കോട് ജില്ലയിലെ വടകര മണ്ഡലത്തിൽപ്പെട്ട ഏറാമല പഞ്ചായത്തിനേയും നാദാപുരം മണ്ഡലത്തിൽപ്പെട്ട എടച്ചേരി പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ട് പാലങ്ങളും കൂട്ടിച്ചേർത്ത്

ഏകദേശം 'Y' ആകൃതിയോട് കൂടിയ ഒരു പാലത്തിനാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗതിയിലാണ്. അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പരിശോധന പുരോഗമിക്കുകയാണ്. പരിശോധനാ റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

(സി) പാലത്തിന്റെ ഡിസൈൻ ലഭ്യമായതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനു ശേഷമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേ

40 (2609) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പ്രോജക്ടിന്റെ ഭാഗമായുള്ള പുനലൂർ-മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയുടെ ഒന്നാം റീച്ചിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള 82 കി.മീ. റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിനുള്ള പ്രീക്വാളിഫിക്കേഷൻ കഴിഞ്ഞതിനുശേഷമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരെ പ്രീക്വാളിഫൈ ചെയ്തതിനുശേഷം ലോകബാങ്കിന്റെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും അംഗീകാരം വാങ്ങിയിട്ടുണ്ട്. ഫിനാൻഷ്യൽ ബിഡ് പ്രീക്വാളിഫിക്കേഷൻ യോഗ്യരായ കോൺട്രാക്ടർമാർക്ക് കൊടുക്കുവാനുള്ള RFP (Request for Proposal) ലോക ബാങ്ക് അംഗീകാരത്തിന് അയച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായതിനുശേഷമാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. പിപിപി പ്രോജക്ടിന്റെ ഭാഗമായി RFP നൽകുന്ന കരാറുകാരിൽനിന്ന് യോഗ്യരായ കരാറുകാരെ തെരഞ്ഞെടുക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിന് ചുരുങ്ങിയത് ആറ് മാസമെങ്കിലും വേണ്ടിവരും. ഇതോടൊപ്പംതന്നെ പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിന് കെ.എസ്.ടി.പി.-യെ സഹായിക്കുന്നതിനുള്ള സ്വതന്ത്ര എഞ്ചിനീയറെ തെരഞ്ഞെടുക്കുന്നതിനുള്ള ദർഘാസും വിളിക്കേണ്ടതുണ്ട്.

പ്രവൃത്തി തീർക്കുവാനുള്ള കാലാവധി 30 മാസമായതിനാൽ 2020-ാമാണ്ട് ആദ്യത്തോടെ മാത്രമേ ഈ നടപടികൾ എല്ലാം തീർത്ത് പണി പൂർത്തിയാക്കാൻ കഴിയൂ. ഇതിനായി ലോകബാങ്കിന്റെ 2019 ഏപ്രിൽ മാസം തീരുന്ന ലോൺ കാലാവധി ഏകദേശം ഒന്നര വർഷത്തേക്കെങ്കിലും നീട്ടേണ്ട ആവശ്യം വന്നുചേരും.

ഇതിനായി കേന്ദ്ര സർക്കാരിലെ സാമ്പത്തികകാര്യ വകുപ്പിന്റെയും ലോക ബാങ്കിന്റെയും അംഗീകാരം ആവശ്യമാണ്.

**ബേപ്പൂർ-ചെറുവണ്ണൂർ റോഡിന്റെ നവീകരണ പ്രവൃത്തികൾ**

41 (2610) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ബേപ്പൂർ - ചെറുവണ്ണൂർ റോഡിന്റെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ബേപ്പൂർ-ചെറുവണ്ണൂർ റോഡിന്റെ നവീകരണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. കരാറുകാരന് 28-7-2016-ന് ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

**അരേങ്ങാട് പാലം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ**

42 (2611) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അരേങ്ങാട് പാലം നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അരേങ്ങാട് പാലം നിർമ്മാണത്തിനുള്ള പ്രൊപ്പോസലുമായി ബന്ധപ്പെട്ട തുടർനടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അരേങ്ങാട് പാലത്തിന്റെ നിർമ്മാണം മുഴുവനായും പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണം ഇപ്പോൾ അന്തിമഘട്ടത്തിലാണ്.

**പാലക്കാട് കോടതി സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതി**

43 (2612) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് കോടതി സമുച്ചയ നിർമ്മാണം സംബന്ധിച്ചുള്ള പുരോഗതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

പാലക്കാട് കോടതി സമുച്ചയ നിർമ്മാണത്തിനുള്ള ഭരണാനുമതി ആഭ്യന്തര വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസനം**

44 (2613) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത 45 മീറ്ററായി വികസിപ്പിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത ദേശീയപാത വീതി കൂട്ടുമ്പോൾ പുതുതായി നിർമ്മിക്കേണ്ടി വരുന്ന പാലങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത 45 മീറ്റർ ROW-യിൽ നാല് വരിപ്പാതയായി വികസിപ്പിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ്. ഇതിനായുള്ള പാതയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നിയമിച്ച കൺസൾട്ടൻസി വഴി തയ്യാറാക്കിയ അലൈൻമെന്റിന് കേരള സർക്കാർ പൊതുവായി അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ റോഡിന്റെ മധ്യഭാഗം അടയാളപ്പെടുത്തൽ പൂർത്തിയാക്കുകയും ചെയ്തു. സ്ഥലമെടുപ്പ് തുടങ്ങുന്നതിനായി കേന്ദ്ര മന്ത്രാലയത്തിൽനിന്നും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ഉത്തരവ് ലഭിക്കേണ്ടതുണ്ട്. അത് കിട്ടുന്ന മുറയ്ക്ക് മാത്രമേ സ്ഥലമെടുപ്പ് തുടങ്ങുകയുള്ളൂ.

(ബി) നിലവിലെ രണ്ട് വരിപ്പാതയിലുള്ള പാലങ്ങൾക്ക് സമാന്തരമായി പുതിയ പാലങ്ങൾ നിർമ്മിച്ച് നാല് വരി മാനദണ്ഡങ്ങൾക്ക് അനുയോജ്യമാക്കുന്നതായിരിക്കും. ഈ പ്രവൃത്തി നാല് വരിപ്പാതയുടെ നിർമ്മാണത്തിനൊപ്പമായിരിക്കും നടപ്പാക്കുക.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

45 (2614) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന് പ്രഖ്യാപിച്ച പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം - ഇളംകാട് - വാഗമൺ, ഭരണങ്ങാനം - പാറത്തോട്, അരുവിത്തുറ-പൂവത്തോട്, ഈരാറ്റുപേട്ട - വാഗമൺ, ഈരാറ്റുപേട്ട-പൂഞ്ഞാർ എന്നീ റോഡുകളുടെ പുനരുദ്ധാരണ പണികൾ എത്രയും വേഗം നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

മുണ്ടക്കയം - ഇളംകാട് - വാഗമൺ, ഭരണങ്ങാനം - പാറത്തോട്, അരുവിത്തുറ-പൂവത്തോട്, ഈരാറ്റുപേട്ട-പൂഞ്ഞാർ എന്നീ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തലത്തിൽ തയ്യാറാക്കി വരുന്നു. വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് RICK മുഖാന്തരം ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ഡി.പി.ആർ. പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് സമർപ്പിക്കുവാൻ സാധ്യമാകുകയുള്ളൂ.

## ഇടപ്പള്ളി റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മാണം

46 (2615) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. എ. ഡി. എസിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഇടപ്പള്ളി റയിൽവേ അണ്ടർ ബ്രിഡ്ജിന് 1.16 കോടി രൂപ അനുവദിക്കുവാൻ നിർദ്ദേശിച്ചിരുന്നുവോ;

(ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും നിലവിലെ അവസ്ഥ എന്താണെന്നും വിശദീകരിക്കാമോ?

### ഉത്തരം

(എ) പ്രസ്തുത പദ്ധതിക്കായി ശ്രീ. പി. ടി. തോമസ്, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 1.26 കോടി രൂപയും ശ്രീ. ഹൈബി ഈഡൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് 1.16 കോടി രൂപയും

പ്രൊഫസർ കെ. വി. തോമസ് എം.പി.-യുടെ പ്രാദേശിക ഫണ്ടിൽനിന്നും 99 ലക്ഷം രൂപയും അനുവദിക്കാൻ പ്രസ്തുത ജനപ്രതിനിധികൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ടി പദ്ധതി കോസ്റ്റ് ഷെയറിംഗ് അടിസ്ഥാനത്തിൽ നടത്തുവാൻ റെയിൽവേ സമ്മതിച്ചിട്ടുണ്ട്. റെയിൽവേ സമർപ്പിച്ചിട്ടുള്ള 4,64,27,058 രൂപയുടെ ടി പദ്ധതിയുടെ പുതുക്കിയ വിശദമായ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

## റോഡുകളിലെ വളവുകൾ നിവർത്താൻ നടപടി

47 (2616) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉയർന്ന നിലവാരമുള്ള പല പ്രധാന റോഡുകളിലും വലിയ വളവുകൾ ഉള്ളതിനാൽ അവിടെ അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിന്റെ വളവുകൾ നിവർത്തുന്നതിന് സൗജന്യമായി സ്ഥലം നൽകുന്നവർക്ക് വളവുകൾ നിവർന്ന് കഴിയുമ്പോൾ അധികമായി ലഭിക്കുന്ന സ്ഥലം കൊടുക്കുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ;

(സി) ഇങ്ങനെ ഒരു അനുകൂല ഉത്തരവിറക്കിയാൽ കേരളത്തിലെ പ്രധാന റോഡുകളിലെ കൊടും വളവുകൾ നിവർത്തിയെടുത്ത് അപകടങ്ങളും മറ്റും ഇല്ലാതാക്കാമെന്ന കാര്യം പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കേരളത്തിലെ ഉയർന്ന നിലവാരമുള്ള പല പ്രധാന റോഡുകളിലും വലിയ വളവുകൾ ഉള്ളതിനാൽ അവിടെ അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവ ഡ്രൈവർമാരെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി അപകട സൂചനാ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. റോഡുകളുടെ വീതി കൂട്ടുന്ന പദ്ധതികളിൽ ഇപ്രകാരമുള്ള അപകടകരമായ വളവുകൾ സ്ട്രെയിറ്റൻ ചെയ്യുന്നതിനുവേണ്ടി പദ്ധതികൾ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ (ഡി.പി.ആർ.) ഉൾപ്പെടുത്താറുണ്ട്.

(ബി) ഇത് നയപരമായി തീരുമാനിക്കേണ്ട വിഷയമാണ്. എങ്കിലും ആലോചിക്കാവുന്നതാണ്.

(സി) പരിഗണിക്കും.

## പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിലെ പുതിയ ഓഡിറ്റോറിയം

48 (2617) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിലെ പുതിയ ഓഡിറ്റോറിയം നിർമ്മാണം സംബന്ധിച്ചുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിന്റെ പുതിയ ഓഡിറ്റോറിയം നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. പ്രവൃത്തികൾ

49 (2618) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകളും പാലങ്ങളും/കെട്ടിട വിഭാഗങ്ങൾ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഏതെങ്കിലും ഉണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ അവ മുടങ്ങിക്കിടക്കുന്നതിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകളും പാലങ്ങളും/കെട്ടിട വിഭാഗങ്ങൾ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികളിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

(ബി) ബാധകമല്ല.

## വൈപ്പിൻ-പള്ളിപ്പുറം തീരദേശപാത വീതികൂട്ടി പുനർനിർമ്മാണം

50 (2619) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ-പള്ളിപ്പുറം തീരദേശപാത വീതികൂട്ടി പുനർനിർമ്മിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടാണെന്നും എന്നത്തേക്ക് ഡി.പി.ആർ. തയ്യാറാക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

വൈപ്പിൻ-പള്ളിപ്പുറം തീരദേശ പാത 12 മീറ്റർ വീതിയിൽ ROW കണക്കാക്കി ഡി.പി.ആർ. തയ്യാറാക്കി അലൈൻമെന്റ് പരിഗണിക്കുന്ന വേളയിൽ, 12 മീറ്റർ വീതിയിൽ പ്രസ്തുത റോഡ് നിർമ്മിച്ചാൽ കൂടുതൽ വീടുകളെ ബാധിക്കുമെന്നതിനാൽ 10 മീറ്റർ വീതിയിൽ പുതിയ ഡി.പി.ആർ. അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗതിയിലാണ്.

**ശാസ്തമംഗലം-വെള്ളയമ്പലം റോഡ്**

51 (2620) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ശാസ്തമംഗലം - വെള്ളയമ്പലം റോഡ് മാതൃകാ റോഡായി കേരളാ റോഡ് ഫണ്ട് ബോർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതിലൂടെ ഉദ്ദേശിക്കുന്നത് എന്തെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ ശാസ്തമംഗലം ഭാഗത്തെ വികസന പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(സി) ഈ റോഡിലെ നടപ്പാതകൾ പലയിടങ്ങളിലും പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ റോഡിന്റെ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി നട്ടിട്ടുള്ള മരങ്ങളും ചെടിച്ചട്ടികളിലെ ചെടികളും പലയിടത്തും കൃത്യമായ പരിപാലനമില്ലാത്തതു കാരണം മോശമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മാതൃകാ റോഡിന്റെ നിലവാരത്തിലേക്കുയർത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ റോഡ് ഫണ്ട് ബോർഡ്, വെള്ളയമ്പലം-ശാസ്തമംഗലം റോഡിനെ മാതൃകാ റോഡായി പ്രഖ്യാപിച്ചിട്ടില്ല. ട്രാഫിക്, പാർക്കിംഗ് പരിഷ്കാരങ്ങളുടെ ഭാഗമായി വെള്ളയമ്പലം-ശാസ്തമംഗലം റോഡ് ട്രാഫിക് പോലീസ് മാതൃകാ റോഡായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ശാസ്തമംഗലം ജംഗ്ഷനിൽ രണ്ട് പെട്ടിക്കടകൾ ഇതുവരെയും ഒഴിപ്പിച്ചെടുക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത ഭാഗത്തെ നടപ്പാതയുടെ പ്രവൃത്തി ഒഴിച്ചുള്ള ബാക്കിയെല്ലാ പ്രവൃത്തികളും 2012-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വെള്ളയമ്പലം-ശാസ്തമംഗലം റോഡിൽ പ്രതിരോധ വകുപ്പിന് കേബിൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി., എയർടെൽ എന്നീ യൂട്ടിലിറ്റി ഏജൻസികളുടെ യൂട്ടിലിറ്റി ലൈനുകൾ ഇടുന്നതിനുമായി അനുമതി നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി പ്രസ്തുത റോഡിൽ ചില സ്ഥലങ്ങളിൽ ടൈലുകൾ മാറ്റി യൂട്ടിലിറ്റി സ്ഥാപിക്കുകയും അവ തീരുന്ന മുറയ്ക്ക് പദ്ധതിയുടെ കൺസഷണർ കമ്പനിയായ ടി.ആർ.ഡി.സി.എൽ. പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിൽ ഇപ്പോൾ ഒരു മാൻഹോളിന്റെ പ്രവൃത്തികൾ നടന്നുവരികയാണ്. ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പാതയുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതാണ്.

(ഡി) ഉണ്ട്. സോഷ്യൽ ഫോറസ്ട്രി വകുപ്പ് ഈ റോഡിൽ കുറേ ചെടിച്ചട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ പലതും ഉണങ്ങുകയോ, ചട്ടികൾ പൊട്ടുകയോ, ചെടികൾ കൂടുതലായി വളരുകയോ, പരിപാലനക്കുറവുമൂലം മോശമായ അവസ്ഥയിലോ ആണ്. ഇവ ഇവിടെനിന്നും നീക്കം ചെയ്യുന്നതിനായി സോഷ്യൽ ഫോറസ്ട്രി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) വെള്ളയമ്പലം-ശാസ്തമംഗലം റോഡിന്റെ നടപ്പാതയുടെ ടൈലുകൾ ഏറെക്കുറെ പുനഃസ്ഥാപിച്ചുകഴിഞ്ഞു. സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി സഹകരിച്ച് ഈ റോഡിൽ നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങളും ചെടികളും കൃത്യമായി പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പേരിശ്ശേരി-ചെങ്ങന്നൂർ സമാന്തര പാതയുടെ പ്രാരംഭ പ്രവർത്തനങ്ങൾ**

52 (2621) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരിശ്ശേരി - ചെങ്ങന്നൂർ സമാന്തര പാതയുടെ പ്രാരംഭ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഈ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പാതയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സംക്ഷിപ്ത റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേരിശ്ശേരി ലെവൽ ക്രോസ് മുതൽ ചെങ്ങന്നൂർ റെയിൽവേ ഓവർ ബ്രിഡ്ജ് വരെ സമാന്തര പാത നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടി ക്രമങ്ങൾക്കുള്ള ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിനാവശ്യമുള്ള 3.3 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇല്ല. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സംക്ഷിപ്ത റിപ്പോർട്ട് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ**

53 (2622) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽവരുന്ന നാല് പ്രവൃത്തികൾ എഗ്രിമെന്റ് വച്ച് ആരംഭിച്ചിട്ടുണ്ട്.

നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ കെട്ടിട വിപുലീകരണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ സംയോജിപ്പിച്ച് നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർക്കിനുവേണ്ടിയുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറായിട്ടുണ്ട്. മണ്ണ് പരിശോധനയ്ക്കുള്ള ദർഘാസ് നടപടി പൂർത്തിയായിവരുന്നു.

രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിൽ പുതിയ കെട്ടിടത്തിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ശാരദാമന്ദിരം കോളേജിനു വേണ്ടിയുള്ള സ്ഥലം ലഭ്യമായിട്ടില്ല.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. കെട്ടിട വഭാഗത്തിലെ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഓച്ചിറയിലെ സിഗ്നൽ ലൈറ്റുകൾ

54 (2623) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറയിൽ നിലവിലെ ദേശീയപാതയും പഴയ ദേശീയപാതയും ചേരുന്ന ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചുമതല ഏത് വകുപ്പിനാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കാത്തതുമൂലം ഈ ഭാഗത്ത് അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിച്ച് ഈ പ്രദേശം അപകടരഹിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) ഓച്ചിറയിൽ നിലവിലെ ദേശീയ പാതയും പഴയ ദേശീയപാതയും ചേരുന്ന ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചുമതല പോലീസ് വകുപ്പിനാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ പ്രദേശത്ത് നിലവിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനോടൊപ്പം ഉപയോഗ ശൂന്യമായ സിഗ്നൽ ലൈറ്റുകൾ പ്രസ്തുത സ്ഥലത്തുനിന്നും നീക്കം ചെയ്ത് പകരം പുതിയ സോളാർ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് റോഡ് സേഫ്റ്റിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയതിന് അനുമതി ലഭിക്കുന്നമുറയ്ക്ക് മാത്രമേ ട്രാഫിക് സിഗ്നൽ സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

## റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ

55 (2624) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് 2017-18 വർഷത്തിൽ ആകെ എത്ര തുക അനുവദിച്ചുവെന്ന് വിശദീകരിക്കുമോ; വർഷകാലപൂർവ്വ പ്രവർത്തനങ്ങൾക്ക് എത്ര തുക അനുവദിച്ചു വെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത കാലയളവിലേക്ക് സ്പെഷ്യൽ റിപ്പയർ, ഓടകളുടെ നിർമ്മാണം എന്നിവയ്ക്കായി എത്ര തുക അനുവദിച്ചുവെന്ന് വിശദീകരിക്കുമോ;

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ റോഡുകളുടെ ഓർഡിനറി റിപ്പയർ, സ്പെഷ്യൽ റിപ്പയർ എന്നീ വിഭാഗങ്ങളിൽ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കുമോ; ആയതിന്റെ വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് 2017-18 വർഷത്തിൽ വർഷകാല പൂർവ്വ പ്രവർത്തനങ്ങൾക്കായി 1737.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിലേക്ക് സ്പെഷ്യൽ റിപ്പെയറിനായി 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓടകളുടെ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടില്ല.

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ റോഡുകളുടെ ഓർഡിനറി റിപ്പെയറിനായി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേ വികസനം**

56 (2625) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന് അനുമതി ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ജില്ലയിൽ മലയോര ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഇനി എത്ര കിലോമീറ്റർ റോഡ് അഭിവൃദ്ധിപ്പെടുത്താനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) മലയോര ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 942/2017/പൊ.മ.വ. തീയതി 10-7-2017 പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹിൽ ഹൈവേ പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകളുടെ സാങ്കേതികാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുന്നതിനുള്ള നിർദ്ദേശം എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജില്ലയിൽ ആകെയുള്ള 127.295 കി.മീ. മലയോര പാതയിൽ 53.9 കിലോമീറ്ററോളം വിവിധ പദ്ധതികളിൽ ബി.എം., ബി.സി. നിലവാരത്തിൽ ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഭാഗങ്ങളിലെല്ലാം 5.50 മീറ്റർ വീതിയിലാണ് ബി.എം., ബി.സി. ചെയ്തിട്ടുള്ളത്. പുതിയ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പ്രകാരം ഈ ഭാഗങ്ങൾ ഏഴ് മീറ്റർ വീതിയിൽ ടാറിംഗ് ലഭിക്കത്തക്ക വിധത്തിലാണ് ഡി.പി.ആർ. തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്.

**റോഡുകളുടെ വികസനത്തിന് ചെലവാക്കിയ തുക**

57 (2626) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ വികസനത്തിന് ചെലവാക്കിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ചെലവാക്കിയത് ഏതെല്ലാം റോഡുകളുടെ വികസനത്തിനാണെന്ന വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ ശബരിമല വർക്കുകൾ ഉൾപ്പെടെ നോൺ പ്ലാൻ ഇനത്തിൽ 950 ലക്ഷം രൂപയും പ്ലാൻ ഇനത്തിൽ 839.23 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

58 (2627) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം; ഈ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ സുപ്രധാന റോഡുകളായ മുചുകുന്ന്-മൂടാടി ഹിൽബസാർ റോഡ്, മേലടി-ബീച്ച് റോഡ്, പൂക്കാട്-തോരായിക്കടവ് റോഡ് എന്നിവ നവീകരിക്കാൻ സമർപ്പിച്ച എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ അകലാപ്പുഴ പാലം, തോരായിക്കടവ് പാലം, കോരപ്പുഴ പാലം പുനർനിർമ്മാണം, മുരാട് പാലം പുനർ നിർമ്മാണം എന്നിവയുടെ പുരോഗതി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇവയുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഓഫീസിലാണ് പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ജില്ലാ കളക്ടറുടെ യോഗത്തിനുശേഷം എത്രമാത്രം മുന്നോട്ട് പോയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും, ദേശീയപാത, കെട്ടിട വിഭാഗങ്ങളിലെ വിശദാംശങ്ങൾ അനുബന്ധം 1, 2, 3 ആയി ചേർത്തിരിക്കുന്നു.*

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കൊയിലാണ്ടിനിയോജക മണ്ഡലത്തിലെ മുചുകുന്ന്-മൂടാടി ഹിൽബസാർ റോഡ്- പൂക്കാട്-തോരായിക്കടവ് റോഡ് കി.മീ. 0/000 മുതൽ 1/300 വരെ പുനരുദ്ധാരണ പ്രവൃത്തി, മേലടി-ബീച്ച് റോഡ് 0/000 മുതൽ 1/300 വരെ പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു.

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ അകലാപ്പുഴ പാലം, തോരായിക്കടവ് പാലം എന്നിവയുടെ റിവൈസ്ഡ് ഡ്രോയിംഗ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കോരപ്പുഴ പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ഡി) ഉള്ളൂർക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ജില്ലാകളക്ടറുടെ യോഗത്തിനുശേഷം എൽ.എ. തഹസിൽദാർ 35,97,906 രൂപ ആവശ്യപ്പെട്ടതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയതിനുള്ള ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പനത്തുതാഴം - സി.ഡബ്ല്യൂ.ആർ.ഡി.എം. ചെത്തുകടവ് റോഡ്

59 (2628) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനത്തുതാഴം - സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡിന്റെ തുടർച്ചയായ സി.ഡബ്ല്യൂ.ആർ.ഡി.എം മുതൽ ചെത്തുകടവ് വരെയുള്ള പ്രവൃത്തി നടത്തുന്നതിന് റോഡ് ഫണ്ട് ബോർഡ് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എൻ.എച്ച് 212-ലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ബൈപ്പാസായി വികസിപ്പിക്കാൻ അനുയോജ്യമായ ഈ റോഡിന്റെ പ്രവൃത്തി നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പനത്തുത്താഴം-സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡിന്റെ തുടർച്ചയായ സി.ഡബ്ല്യൂ.ആർ.ഡി.എം. മുതൽ പെരിങ്ങളം വരെയുള്ള 795 മീറ്റർ റോഡിന്റെ സാധ്യതാപഠനം കേരള റോഡ് ഫണ്ട് ബോർഡ് നടത്തിയിട്ടുണ്ട്. പെരിങ്ങളം മുതൽ ചെത്ത് കടവ് വരെയുള്ള റോഡിന്റെ സാധ്യതാപഠനം നടത്തിയിട്ടില്ല.

(ബി) പനത്തുത്താഴം മുതൽ സി.ഡബ്ല്യൂ.ആർ.ഡി.എം. വരെയുള്ള റോഡിന്റെ നിർമ്മാണം നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി പൂർത്തിയായിവരുന്നു. സി.ഡബ്ല്യൂ.ആർ.ഡി.എം. മുതൽ പെരിങ്ങളം വരെയുള്ള റോഡ് വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് ലഭിക്കുന്ന മുറയ്ക്ക് ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതാണ്.

## പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ മെച്ചപ്പെടുത്താൻ ഭരണാനുമതി

60 (2629) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ മെച്ചപ്പെടുത്തൽ (പ്രൈസ് നമ്പർ 2017/2281) പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടിക്രമങ്ങൾ ഏതുവരെയായി; വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 30 ലക്ഷം രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പുഴയ്ക്കൽ പാലം പുതുക്കിപണിയുന്നതിനുള്ള നടപടി**

61 (2630) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയിലെ തകർന്നു വീണ പുഴയ്ക്കൽ പാലം പുതുക്കി പണിയുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) പുഴയ്ക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാതയിലെ തകർന്നുവീണ പുഴയ്ക്കൽ പാലം പുതുക്കിപണിയുന്നതിനുള്ള സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കോതമംഗലത്ത് ചേലാട് സ്റ്റേഡിയം നിർമ്മാണ ജോലികൾ**

62 (2631) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് ചേലാട് സ്റ്റേഡിയം നിർമ്മാണ ജോലികൾ സ്തംഭനാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-17 ബഡ്ജറ്റിൽ സ്റ്റേഡിയത്തിനു വേണ്ടി കിഫ്ബിയിൽ അനുവദിച്ച 10 കോടി രൂപയും മുൻവർഷങ്ങളിൽ അനുവദിച്ച് ബാക്കി കിടക്കുന്നതുമായ തുകയും ഉപയോഗിച്ച് സ്റ്റേഡിയം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദീകരിക്കുമോ;

(സി) തടസ്സങ്ങൾ നീക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) സ്റ്റേഡിയം നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റേഡിയം നിർമ്മാണത്തിനാവശ്യമായ സ്ഥലം പൂർണ്ണമായി വിട്ടുകിട്ടിയിട്ടില്ല. ആയതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽനിന്നും ഒഴിവാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി&ഡി) ആവശ്യമായ ഭൂമി ഏറ്റെടുത്ത് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

## മൂവാറ്റുപുഴ കോടതി സമുച്ചയത്തിലെ പ്രവൃത്തികൾ

63 (2632) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കോടതി സമുച്ചയത്തിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിവരം, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) മൂവാറ്റുപുഴ കോടതി സമുച്ചയത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. അഗ്നിശമന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇലക്ട്രിക്കൽ ജോലികൾ കെ.എസ്.സി.സി. മുഖേന പുരോഗമിക്കുന്നു. പ്രസ്തുത ജോലിയുടെ 15 ശതമാനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ വിമുഖത കാണിക്കുന്നു.

(ബി) കോടതി സമുച്ചയത്തിലെ അധിക നിലകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. എന്നാൽ ഫിനിഷിംഗ് പണികൾ ഉൾപ്പെടെയുള്ള അവശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആഭ്യന്തര വകുപ്പിൽ സ്വീകരിച്ചു വരുന്നു. വൈദ്യുതീകരണ പ്രവൃത്തികൾ 3 മാസത്തിനകം പൂർത്തിയാക്കുന്നതാണ്. റെയിൻ ഷെഡ്ഡുകളുടെ നിർമ്മാണം ഒക്ടോബർ 31-ന് പൂർത്തിയാക്കുന്നതാണ്.

## മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കുളിക്കടവ് പാലം നിർമ്മാണം

64 (2633) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-2-2011-ലെ സ.ഉ. (സാധാ) നമ്പർ 385/2011/പൊതുമരാമത്ത് ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കുളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം കുളിക്കടവ് പാലം നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കുളിക്കടവ് പാലത്തിന് 28-2-2011-ലെ സ.ഉ(സാധാ) നമ്പർ 385/2011/പൊ.മ.വ ഉത്തരവ് പ്രകാരം 450.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 4-2-2012-ൽ 3.70 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി

നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും പാലത്തിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഡീറ്റെയിൽഡ് ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൂളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മട്ടന്നൂർ ഭാഗത്ത് അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായി വരുന്ന അധിക സ്ഥലം എത്രയുംപെട്ടെന്ന് ഏറ്റെടുത്ത് നൽകാമെന്ന് മട്ടന്നൂർ മുനിസിപ്പാലിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് റിവൈസ്ഡ് ഡിസൈൻ ലഭ്യമാക്കിയതിനുശേഷം പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചാൽ മാത്രമേ പാലത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണം

65 (2634) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് നാളിതുവരെയായി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ബൈപ്പാസ് റോഡിന്റെ ഭരണാനുമതി എന്ന് ലഭിച്ചതാണെന്നും ഈ പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

### ഉത്തരം

(എ&ബി) സ.ഉ. (സാധാ) നമ്പർ 1045/2009/പൊ.മ.വ. തീയതി 14-7-2009 പ്രകാരം കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിലവിൽ ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പിന് ആവശ്യമായ തുകയായ 10,57,20,000 രൂപ (പത്തു കോടി അൻപത്തിയേഴ് ലക്ഷത്തി ഇരുപതിനായിരം രൂപ) യുടെ 25 ശതമാനമായ 2,64,30,000 രൂപ (രണ്ട് കോടി അറുപത്തി നാല് ലക്ഷത്തി മുപ്പതിനായിരം രൂപ) കെട്ടിവയ്ക്കാൻ സ്പെഷ്യൽ തഹസിൽദാർ ആവശ്യപ്പെട്ട പ്രകാരം ടി തുക അനുവദിക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. ആയത് പരിശോധിക്കുകയും കൊല്ലങ്കോട് ബൈപ്പാസിനുള്ള സ്ഥലമേറ്റെടുക്കുന്നതിന് നിശ്ചിത തുക വകയിരുത്തി നടപ്പ് സാമ്പത്തിക വർഷത്തിൽ പുതുക്കിയ ശിപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ തുകയ്ക്ക് ഭരണാനുമതി നൽകി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച ശേഷം മാത്രമേ ബൈപ്പാസ് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## കാസർഗോഡ് ബൈപ്പാസ് റോഡ് നിർമ്മാണം

66 (2635) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബൈപ്പാസ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിയുടെ ഡി. പി. ആർ., അനുമതിക്കായി ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ബൈപ്പാസ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയ്ക്കുവേണ്ടിയുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബിയുടെ അനുമതിയ്ക്ക് സമർപ്പിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

## നെടുമങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

67 (2636) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. വട്ടപ്പാറ-കുറ്റിയാണി - പോത്തൻകോട് റോഡ് - 5.62 കോടി - എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടിണ്ട്

2. വേങ്കോട് - സൺനഗർ - മുളമുക്ക് റോഡ് - 3.77 കോടി - എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

3. 2016-17 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി വഴയില – പഴക്കുറ്റി - കച്ചേരി നട – പതിനൊന്നാം കല്ല് റോഡ് നാലുവരി പാതയാക്കുന്നത് - 50 കോടി - വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

4. 2016-17 ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി നെടുമങ്ങാട് - അരുവിക്കര – വെള്ളനാട് റോഡ് - 41.6 കോടി രൂപയ്ക്ക് കിഫ്ബി മുഖേന ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ 2017-18 ബഡ്ജറ്റ് സ്പീച്ചിൽ പഴക്കുറ്റി - വെമ്പായം - മംഗലപുരം റോഡ് വികസനത്തിനായി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട് - ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ദേശീയപാത വിഭാഗത്തിന് കീഴിൽ പ്രവൃത്തികളൊന്നും തന്നെയില്ല.

## വെട്ടിയതോട്ടുപാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി

68 (2637) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെട്ടിയതോട്ടുപാലത്തിൻെറ ഭൂമി ഏറ്റെടുക്കൽ നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിൻെറ ഭൂമി സർവേ നടപടികൾ എവിടെവരെ ആയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വെട്ടിയതോട് പാലത്തിന്റെ റിവൈസ്ഡ് അലൈൻമെന്റ് പ്രകാരം അതിർത്തി കല്ലുകൾ പുനഃസ്ഥാപിക്കേണ്ടതുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

(ബി) അതിർത്തി കല്ലുകൾ സ്ഥാപിച്ചശേഷമേ ഭൂമി സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ.

## പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

69 (2638) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പുതുക്കിയ ഡിസൈൻ, അലൈൻമെന്റ് എന്നിവ സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രസ്തുത പാലത്തിന് 14-1-2015-ലെ സ.ഉ.(സാധാ) നമ്പർ 68/2015/പൊ.മ.വ. പ്രകാരം 16,90,00,000 രൂപയ്ക്ക് ഭരണാനുമതിയും തുടർന്ന് 26-2-2016-ൽ ഈ തുകയ്ക്ക് തന്നെ സാങ്കേതികാനുമതിയും നൽകുകയുണ്ടായി. പാലത്തിന്റെ ഡിസൈൻ പ്രകാരം മൂന്ന് സ്പാനുകളാണ് ഉണ്ടായിരുന്നത്. ബാക്കി ഭാഗം കായലിലൂടെ അപ്രോച്ച് റോഡായിട്ടാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കായലിലൂടെ അപ്രോച്ച് നിർമ്മാണം നടത്തുന്നത് ഭാവിയിൽ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ടെന്ന വിദഗ്ദ്ധ നിർദ്ദേശം പരിഗണിച്ച് ഡിസൈൻ ചീഫ് എഞ്ചിനീയറോട് പുതുക്കിയ ഡിസൈൻ നൽകാൻ ആവശ്യപ്പെടുകയുണ്ടായി. ഇതിനെ തുടർന്ന് ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും 29-5-2017-ന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ എറണാകുളം റസ്റ്റ് ഹൗസിൽ ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം പുതിയ ഡിസൈൻ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അതിൻപ്രകാരം ഡിസൈൻ വിഭാഗത്തിൽ ഡിസൈൻ പൂർത്തീകരിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) ഡിസൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അംഗീകരിച്ച പുതുക്കിയ ഡിസൈൻ അനുസരിച്ചുള്ള ഡ്രോയിംഗ് ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പുതുക്കിയ ഡിസൈൻ ഡ്രോയിംഗ് ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കാസർഗോഡ് അസംബ്ലി മണ്ഡലത്തിലെ റോഡുകളും പാലങ്ങളും

70 (2639) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ തീരുമാനിച്ച കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളും പാലങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകളുടെയും പാലങ്ങളുടെയും ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) മൊഗ്രാൽപുത്തൂർ ചേരങ്കൈ കടപ്പുറം ലൈറ്റ് ഹൗസ് പള്ളം റോഡ്, മധൂർ-പട്ള-കൊല്ലങ്കാന റോഡ്, മുള്ളേരിയ-നാട്ടക്കൽ-അർളപദവ് റോഡ് എന്നീ മൂന്ന് റോഡുകൾ എത്ര ദൈർഘ്യമുള്ളതാണെന്നും ഗതാഗതയോഗ്യമാണോ എന്നും ഇവയുടെ പുനർനിർമ്മാണത്തിന് എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഇ) കാസർകോട് മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള മറ്റുറോഡുകൾ ഏതാണെന്നും അവയുടെ പുനർനിർമ്മാണത്തിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് നിയോജക മണ്ഡലത്തിൽ 2016-17-ൽ കിഫ്ബി-യിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. കല്ലടുക്ക – ചെർക്കളറോഡ്

   കി.മി.33/000 മുതൽ 52/194

2. ഓടങ്കല്ല് പാലം

കാസർഗോഡ് നിയോജകമണ്ഡലത്തിൽ 2017-18-ൽ കിഫ്ബി-യിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് :

1. ബദിയടുക്ക – ഏത്തടുക്ക സൂളപ്പദവ് റോഡ്

കി.മി. 0/000 മുതൽ 20/000 വരെ

2. നെക്രാംപാറ – അറളട്ക – പുണ്ടൂർ - നാരമ്പാടി ഏത്തടുക്ക റോഡ് കി.മി.0/000 മുതൽ 11/600 വരെ

3. കുമ്പണൂർ പാലം നിർമ്മാണം

(ബി) ഓടങ്കൽ പാലത്തിന് ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്.

(സി) മേൽ പ്രവൃത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം മാത്രമേ സാങ്കേതികാനുമതി നൽകുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) 1. മൊഗ്രാൽപുത്തൂർ - ചേരങ്കൈ - കടപ്പുറം ലൈറ്റ് ഹൗസ് പള്ളം റോഡ് 10.1 കി.മി.

കി.മി. 0/500 മുതൽ 3/500 വരെ ഗതാഗതയോഗ്യമല്ല. പ്രസ്തുത ഭാഗം എസ്.എൽ.റ്റി.എഫ്. പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. മധൂർ - പട്‌ള – കൊല്ലങ്കാന റോഡ് 10.8 കി.മി.

ഈ റോഡിൽ കി.മി.0/000 മുതൽ 3/000 വരെ സുഗമമായ ഗതാഗതത്തിന് യോഗ്യമല്ല. ഈ ഭാഗത്ത് ബി.എം. & ബി.സി പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ച് പ്രവൃത്തി പുരോഗമിക്കുന്നു. കി.മി. 3/000 മുതൽ 9/000 വരെ സുഗമമായ ഗതാഗതത്തിന് യോഗ്യമല്ല. ഈ ഭാഗം എസ്.എൽ.റ്റി.എഫ്. പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. മുള്ളേരിയ – നാട്ടക്കൽ - അർലപ്പദവ് റോഡ് - 13/000 കി.മി.

ഗതാഗതയോഗ്യമാണ്.

(ഇ) ചെർക്കള – ജാൽസൂർ റോഡ് കി.മി.16/000 മുതൽ 39/000 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി.

പ്രസ്തുത പ്രവൃത്തി എസ്.എൽ.റ്റി.എഫ്. പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

71 (2640) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്ന പ്രധാന റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് 2016-17 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച തളിപ്പറമ്പ്-പട്ടുവം-ചെറുകുന്ന് റോഡിന്റെയും ശ്രീസ്ഥ-നെരുവമ്പ്രം-ഏഴോം-കോട്ടക്കീൽ-വെള്ളിക്കീൽ-ഒഴക്രോം-കണ്ണപുരം റോഡിന്റെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നല്കുമോ?

ഉത്തരം

തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ് കി.മി.0/000 മുതൽ 10/070 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് മുന്നോടി യായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചന്തപ്പുര – പരിയാരം-- ശ്രീസ്ഥ – നെരുവമ്പ്രം - ഏഴോം - കോട്ടക്കീൽ - വെള്ളിക്കീൽ - ഒഴക്രോം - കണ്ണപ്പുരം റോഡ് കി.മി. 0/000 മുതൽ 29/000 വരെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് 40 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് അംഗീകാരത്തിനായി കിഫ്ബി-യിൽ സമർപ്പിച്ചിട്ടുണ്ട്.

## കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ റോഡുകൾ

72 (2641) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ദേശീയപാത എഞ്ചിനീയറിംഗ് വിഭാഗം നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള റോഡുകൾ ഏതൊക്കെയാണ് ;

(ബി) വളാഞ്ചേരി റോഡ് വികസനവുമായി ബന്ധപ്പെട്ട് ദേശീയപാത വിഭാഗം ഏതെങ്കിലും റോഡിന്റെ സർവ്വെ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ;

(സി) അർബൺ ലിങ്കുമായി ബന്ധപ്പെടുത്തിയ ഏതെങ്കിലും പദ്ധതികൾ വളാഞ്ചേരിയിൽ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ, കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രെപ്പോസലുകൾ 2016-17, 2017-18 വർഷത്തിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള റോഡുകൾ ഒന്നുംതന്നെയില്ല.

(ബി) വളാഞ്ചേരി റോഡ് വികസനവുമായി ബന്ധപ്പെട്ട് ദേശീയപാത വിഭാഗം ഒരു റോഡിന്റെയും സർവ്വെ നടത്തിയിട്ടില്ല.

(സി) അർബൺ ലിങ്കുമായി ബന്ധപ്പെടുത്തിയ പദ്ധതികൾ വളാഞ്ചേരിയിൽ നിലവിലില്ല.

(ഡി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും 2016-17-ൽ വളാഞ്ചേരി റോഡ് വികസനത്തിനും വട്ടപ്പാറ വളവ് നിവർത്തുന്നതിനുള്ള രണ്ട് പ്രൊപ്പോസലുകൾ ലഭിക്കുകയുണ്ടായി. അതിൽ വളാഞ്ചേരി റോഡ് വികസനത്തിന് 2017-18-ലെ കേന്ദ്ര വാർഷിക പദ്ധതിയിലെ റോഡ് സുരക്ഷാ പദ്ധതിയിൽ 7 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. വട്ടപ്പാറ വളവിന്റെ വികസനത്തിനുള്ള പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം നിർമ്മാണം**

73 (2642) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-7-2009- ലെ സ.ഉ.(സാധാ) നമ്പർ 1044/09/പൊതുമരാമത്ത് നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മണക്കായി കടവ് പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം മണക്കായി കടവ് പാലം നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) മണക്കായി കടവ് പാലം 22.32 മീറ്റർ വീതമുള്ള 4 സ്പാനോട് കൂടിയാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ആയതിൽ ഒരു സ്പാനിന്റെ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന ഭാഗത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പഴശ്ശി റിസർവോയർ ഏരിയ ആയതിനാലും വർഷകാലമായതിനാലും ബാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കാലവർഷം കഴിയുന്നതോടുകൂടി മാത്രമേ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

## കാഞ്ഞങ്ങാട് - പാണത്തൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം

74 (2643) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്-പാണത്തൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രഖ്യാപനത്തിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിട്ടുണ്ടോ;

(സി) ഈ റോഡിലെ പൈനിക്കര പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കാഞ്ഞങ്ങാട് - പാണത്തൂർ റോഡ് (ഹോസ്ദുർഗ്ഗ് - പാണത്തൂർ റോഡ്) ദേശീയ പാതയായി കേന്ദ്രസർക്കാർ തത്വത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് കി.മി. 15/000 മുതൽ 24/000 വരെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ബഡ്ജറ്റ് പ്രവൃത്തിക്കായി കുദ്രോളി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (Agreed PAC 11,66,59,938/-) 9 മാസമാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. ലെവൽസ് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പൈനിക്കര പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ റോഡിന്റെ പ്രവൃത്തി പുരോഗമിക്കുന്നു.

## പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട അഴിമതിക്കേസ്സുകൾ

75 (2644) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണക്കാലയളവിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട എത്ര അഴിമതിക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച, ശ്രീ. വിൻസെന്റ് എം. പോൾ -ന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് 32 അഴിമതിക്കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 28 അഴിമതിക്കേസ്സുകൾ വിജിലൻസ് ഡയറക്ടർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത 28 കേസ്സുകളുടെ വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഏറ്റുമാനൂർ റിംഗ് റോഡ് നിർമ്മാണം

76 (2645) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏറ്റുമാനൂർ റിംഗ് റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത റിംഗ് റോഡ് നിർമ്മാണം കാലവിളംബം കൂടാതെ പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അലൈൻമെന്റ് അനുസരിച്ചുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് അന്തിമഘട്ടത്തിലാണ്.

(ബി) ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ പൂർത്തിയായശേഷമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പയ്യന്നൂരിലെ റോഡ് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ

77 (2646) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പുതിയ പുഴക്കര-ഏഴിമല റെയിൽവേ സ്റ്റേഷൻ റോഡ് (Price No.2016/4179),കാങ്കോൽ-ചീമേനി റോഡ് (Price No.2016/3989), ചെറുപുഴ-മുതുവം റോഡ് (Price No.2016/4050),വെള്ളോറ-കക്കറ റോഡ് (Price No.2016/4128) എന്നീ റോഡ് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഏതുവരെ യായെന്ന് വിശദമാക്കാമോ?

ഉത്തരം

2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാങ്കോൽ-ചീമേനി റോഡ് കി.മീ. 0/000 മുതൽ 10/280 വരെയുള്ള റോഡ്, പുന്നക്കടവ്-പുതിയ പുഴക്കര-ഏഴിമല റെയിൽവേ സ്റ്റേഷൻ ഏഴിലോട് റോഡ് കി.മീ. 0/000 മുതൽ 9/500 വരെയുള്ള റോഡ്, വെള്ളോറ -കക്കറ റോഡ്, ചെറുപുഴ-മുതുവം റോഡ് എന്നീ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റുകളിൽ ആവശ്യമായ ചില തിരുത്തലുകൾ വരുത്തി എത്രയും വേഗം സമർപ്പിക്കുവാൻ കണ്ണൂർ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലയിൻകീഴിൽ സിവിൽ സ്റ്റേഷൻ നിർമ്മാണം**

78 (2647) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴിൽ മേപ്പൂക്കട കേന്ദ്രമായി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴിൽ, മേപ്പൂക്കട കേന്ദ്രമായി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് കെട്ടിട വിഭാഗം ഉദ്യോഗസ്ഥരും വാസ്തുശില്പ വിഭാഗത്തിലെ ഉദ്യോഗസ്ഥരും പഞ്ചായത്ത് അധികാരികളും ചേർന്ന് സ്ഥലം പരിശോധിച്ചു. റോഡ് വികസനത്തിന് ആവശ്യമായ എട്ട് സെന്റ് സ്ഥലം വിട്ടുകൊടുത്തതിന് ശേഷമുള്ള സ്ഥലത്തിന്റെ സ്കെച്ചും അനുബന്ധ രേഖകളും പഞ്ചായത്ത് അധികാരികൾ ലഭ്യമാക്കുന്നത നുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ**

79 (2648) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ വ്യാപകമായ കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കയ്യേറ്റങ്ങൾ എവിടെയെല്ലാമാണ് കണ്ടെത്തിയിട്ടുള്ളതെന്നും ആയത് ഒഴിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) കോടതി വ്യവഹാരങ്ങളിൽ കുരുങ്ങി ഒഴിപ്പിക്കാൻ കഴിയാതെ വന്നിട്ടുള്ള കയ്യേറ്റങ്ങൾ എവിടെയെല്ലാമാണുള്ളത്; ആയത് നിയമപരമായി ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം റോഡുകളുടെ ഹൈവേ അതോറിറ്റിയായി അതത് എക്സിക്യൂട്ടിവ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്. അനധികൃത കയ്യേറ്റം കണ്ടെത്തിയാൽ കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പോലീസിന്റെ സഹായത്തോടെ ഒഴിപ്പിക്കുകയും ചെയ്യുന്നതാണ്. വീഴ്ച പറ്റിയാൽ ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ പേരിൽ നടപടിയെടുക്കാൻ നിയമത്തിൽ അനുശാസിക്കുന്നുണ്ട്.

## കോട്ടിക്കുളം റെയിൽവേ മേൽപ്പാലം

80 (2649) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 16-5-2017-ലെ APR-1/76/2017/KIIFB ഉത്തരവ് പ്രകാരം കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. സ്ഥലമേറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലമെറ്റെടുക്കുന്ന നടപടികൾ പൂർത്തിയായിക്കഴിഞ്ഞ് സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പൊതുമരാമത്ത് വകുപ്പിലെ കെടുകാര്യസ്ഥത

81 (2650) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിലെ അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ട് കോടി രൂപയിൽ കൂടുതൽ തുകയ്ക്കുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന first time ചെയ്യുന്നതിന് സൈറ്റിൽത്തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാം തരം (second time) ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം

നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്. അഴിമതി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പൊതുമരാമത്ത് വകുപ്പിൽ ജീവനക്കാരുടെ കുറവ്**

82 (2651) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ ഒഴിവുണ്ടോ; എങ്കിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒഴിവുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ടാം ഗ്രേഡ് ഓവർസിയർ, മൂന്നാം ഗ്രേഡ് ഓവർസിയർ എന്നീ തസ്തികകളിൽ പി.എസ്.സി.-യിൽനിന്നുള്ള നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സ്ഥാനക്കയറ്റം മുഖേന നികത്തപ്പെടേണ്ടതായ ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

## ചങ്ങനാശ്ശേരി ബൈപ്പാസിൽ ഫ്ലൈ ഓവർ

83 (2652) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിഫ്ബി' ധനസഹായം നൽകി ചങ്ങനാശ്ശേരി ബൈപ്പാസിൽ റെയിൽവേ ജംഗ്ഷനിൽ നിർമ്മിക്കുന്ന ഫ്ലൈ ഓവറിന്റെ നിർവ്വഹണ ഏജൻസിയായി ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ചങ്ങനാശ്ശേരി ബൈപ്പാസിൽ റെയിൽവേ ജംഗ്ഷനിൽ നിർമ്മിക്കുന്ന ഫ്ലൈ ഓവറിന്റെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കുന്നത്തൂർ മണ്ഡലത്തിലെ റോഡ് നിർമ്മാണം

84 (2653) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തൂർ മണ്ഡലത്തിലെ ചിറ്റുമല-മാലുമ്മേൽ കടവ് റോഡ്, വെറ്റമുക്ക്-താമരക്കുളം റോഡ്, മുളവന-മൺറോ തുരുത്ത് റോഡ് എന്നിവ ഓരോന്നിന്റെയും നിർമ്മാണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

20-8-2016-ലെ സ.ഉ. (സാധാ) നമ്പർ 1192/2016/പൊ.മ.വ. പ്രകാരം കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി പ്രസ്തുത റോഡ് പ്രവൃത്തികൾക്ക് (ക്രമ നമ്പർ 60 & 74) ഭരണാനുമതി നൽകിയിട്ടുള്ളതും ടി പ്രവൃത്തികളുടെ ഡി.പി.ആർ., ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

## വടക്കാഞ്ചേരി സർക്കാർ ഓഫീസ് കെട്ടിട സമുച്ചയത്തിൽ നഗരസഭാ ഓഫീസിന് സ്ഥലം

85 (2654) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി സർക്കാർ ഓഫീസ് കെട്ടിട സമുച്ചയത്തിനകത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് അനുവദിച്ച സ്ഥലമോ അല്ലെങ്കിൽ ഇതേ കെട്ടിടത്തിനകത്ത് മറ്റേതെങ്കിലും സ്ഥലമോ വടക്കാഞ്ചേരി നഗരസഭാ ഓഫീസിന് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കേണ്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് മറ്റെവിടെയെങ്കിലും സ്ഥലം അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി സർക്കാർ ഓഫീസ് കെട്ടിട സമുച്ചയത്തിനകത്ത് രണ്ടാം നിലയിൽ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഫുഡ് ഇൻസ്പെക്ടറുടെ കാര്യാലയം എന്നീ ഓഫീസുകൾക്ക് അനുവദിച്ചിരുന്ന ഓഫീസ് മുറികൾ താൽക്കാലികമായി വടക്കാഞ്ചേരി നഗരസഭാ കാര്യാലയം പ്രവർത്തിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കേണ്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് വടക്കാഞ്ചേരി ഓട്ടുപാറ ബസ് സ്റ്റാന്റിനടുത്ത് വടക്കാഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ഒന്നാം നിലയിൽ മുറി അനുവദിച്ചിട്ടുണ്ട്.

## മനയ്ക്കച്ചിറ കലുങ്കിന്റെ പുനർ നിർമ്മാണം

86 (2655) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി.-യുടെ ചുമതലയിലുള്ള ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ പെരുന്നയ്ക്ക് സമീപമുള്ള മനയ്ക്കച്ചിറ കലുങ്കിന്റെ പുനർ നിർമ്മാണം നടക്കാത്തതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പുനർ നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, നിർമ്മാണം ആരംഭിക്കാൻ എത്രയുംവേഗം നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കെ.എസ്.ടി.പി.-യുടെ കീഴിൽ വരുന്ന ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിൽ മനയ്ക്കച്ചിറ ഭാഗത്ത് നിലവിലെ കലുങ്ക് പുതുക്കി നിർമ്മിക്കാത്തതിനാൽ ഈ ഭാഗത്ത് മഴക്കാലത്ത് വെള്ളം ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മനയ്ക്കച്ചിറ കലുങ്ക് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി, രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും വർക്ക് നടത്തുന്നതിനായി കരാറുകാരനെ കണ്ടെത്തുവാൻ സാധിച്ചില്ല. എന്നാൽ ഇതിനിടയിൽ അപ്രോച്ച് റോഡുകളിൽ ക്രമാതീതമായ താഴ്ച ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ആദ്യം സമർപ്പിച്ച എസ്റ്റിമേറ്റ് പുതുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ പുതുക്കിയ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (റോഡ്സ്) പരിശോധിച്ചുവരുന്നു.

(സി) ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പൊതുമരാമത്ത് നിർമ്മിച്ച കെട്ടിടങ്ങളുടെയും പാലങ്ങളുടെയും സംരക്ഷണം

87 (2656) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച കെട്ടിടങ്ങളും പാലങ്ങളും ഇതര നിർമ്മിതികളും യഥാസമയം അറ്റകുറ്റപ്പണിയും വൃത്തിയാക്കലും കൃത്യമായ മേൽനോട്ടവും ഇല്ലാത്തതുകാരണം വളരെ വേഗം നാശത്തിലേക്ക് നീങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിടങ്ങൾ, പാലങ്ങൾ തുടങ്ങിയവയിലൊക്കെ ആൽമരങ്ങൾ ഉൾപ്പെടെയുള്ളവ തഴച്ചുവളർന്ന് വർഷങ്ങളായി ആരും ശ്രദ്ധിക്കാതെ അപകടകരമായ അവസ്ഥയിലേക്ക് വന്നുചേരുന്നത് പരിഹരിക്കാൻ പ്രത്യേക സംവിധാനം ഒരുക്കുമോ ;

(സി) നിലവിൽ പൊതുമരാമത്ത് നിർമ്മിച്ചുനൽകുന്ന കെട്ടിടങ്ങളും പാലം ഉൾപ്പെടെയുള്ള ഇതര നിർമ്മിതികളും അറ്റകുറ്റപ്പണി ചെയ്ത് സംരക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പാലങ്ങൾ അറ്റകുറ്റപ്പണികളും വൃത്തിയാക്കലും കൃത്യമായ മേൽനോട്ടവും ഇല്ലാത്തതുകാരണം വളരെ വേഗം നാശത്തിലേക്ക് നീങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച കെട്ടിടങ്ങളും ഇതര നിർമ്മിതികളും നാശത്തിലേക്ക് നീങ്ങുന്ന സാഹചര്യം നിലവിലില്ല.

(ബി) നിലവിലുള്ള പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പാലങ്ങളും ആറ് മാസത്തിലൊരിക്കൽ അസി. എക്സി. എഞ്ചിനീയർമാരുടെ തലത്തിലും വർഷത്തിലൊരിക്കൽ എക്സി. എഞ്ചിനീയർമാരുടെ തലത്തിലും പരിശോധന നടത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. അറ്റകുറ്റപ്പണികളുടെ ഭാഗമായി ആൽമരങ്ങൾ ഉൾപ്പെടെയുള്ളവ നീക്കം ചെയ്യുന്നുണ്ട്.

(സി) നിലവിൽ പൊതുമരാമത്ത് കെട്ടിടങ്ങളും പാലങ്ങളും ഉൾപ്പെടെയുള്ള ഇതര നിർമ്മിതികളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി Defect Liability Period നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വരുന്ന അറ്റകുറ്റപ്പണികൾ അതാത് കരാറുകാർതന്നെ പരിഹരിച്ചുവരുന്നു. കൂടാതെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കായി നോൺ പ്ലാൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് യഥാസമയംതന്നെ അവ പരിഹരിച്ചുവരുന്നു.

## കുറ്റിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി

88 (2657) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡത്തിലെ കുറ്റിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ഡിസൈൻ സംബന്ധിച്ച് ചീഫ് ആർക്കിടെക്ടിന്റെ ഓഫീസിലെ ഫയലിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ രൂപരേഖ (ഡിസൈൻ) എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വിശദമായ ആർക്കിടെക്ചറൽ രൂപരേഖ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സെപ്റ്റംബർ 15-ാം തീയതി ഈ കെട്ടിടത്തിന്റെ ഫൗണ്ടേഷന്റെ ഡിസൈൻ രൂപരേഖ പൂർത്തീകരിക്കുന്നതാണ്.

(സി) ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## തിരുവനന്തപുരം ലൈറ്റ് മെട്രോ

89 (T 2658) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോയ്ക്കായി പള്ളിപ്പുറം മുതൽ കരമന വരെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി പ്രത്യേക യൂണിറ്റിനെ നിയോഗിച്ചിട്ടുണ്ടോ;എത്ര ഏക്കർ സ്ഥലമാണ് ലൈറ്റ് മെട്രോയ്ക്കായി ഏറ്റെടുക്കേണ്ടിവരുന്നത്;

(സി) ഭൂമി ഏറ്റെടുത്ത് എന്നത്തേക്ക് റാപ്പിഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് കൈമാറുവാൻ കഴിയും; ഭൂമി ഏറ്റെടുക്കുന്നതിന് എത്ര കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) അടിയന്തരമായി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ 8-9-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 67/2016/പൊ.മ.വ. പ്രകാരം തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോയുടെ ഭാഗമായി പട്ടം ഉള്ളൂർ, ശ്രീകാര്യം എന്നിവിടങ്ങളിൽ നിർമ്മിക്കേണ്ട മേൽപ്പാലങ്ങൾക്കായി 2.72 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള അഭ്യർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും തുടർ നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴക്കൂട്ടം മുതൽ കേശവദാസപുരം വരെ പാതവികസനത്തിന് ആവശ്യമായ 6.7543 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 16-1-2017-ലെ സ.ഉ. (സാധാ) നമ്പർ 79/2017/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ലൈറ്റ് മെട്രോ ഡിപ്പോ/യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർ ഭൂമിയും അനുവദിച്ച് നൽകിയിട്ടുണ്ട്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ലൈറ്റ് മെട്രോ പദ്ധതിക്കായി പള്ളിപ്പുറം മുതൽ കരമന വരെ സ്ഥലം ഏറ്റെടുക്കുന്നതിനായി 1-6-2017-ലെ സ.ഉ. (സാധാ) നമ്പർ 2504/റവന്യൂ.ബി-2017-ആർ.ഡി. പ്രകാരം ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ, 22 അംഗ പ്രത്യേക എൽ.എ. യൂണിറ്റ് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും പട്ടം, ഉള്ളൂർ, ശ്രീകാര്യം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് 2.72 ഹെക്ടർ സ്വകാര്യ ഭൂമിയും കഴക്കൂട്ടം - കേശവദാസപുരം പാതവികസനത്തിന് 6.7543 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ട്.

(സി&ഡി) ലൈറ്റ് മെട്രോ പദ്ധതിക്കായി അടിയന്തരമായി ഭൂമി ഏറ്റെടുത്ത് കെ.ആർ.ടി.എൽ.-ന് കൈമാറുന്നതിനുവേണ്ടി ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ, 22 അംഗ പ്രത്യേക എൽ.എ. യൂണിറ്റ് രൂപീകരിക്കുന്നതിന് 1-6-2017-ലെ സ.ഉ. (സാധാ) നമ്പർ 2504/റവന്യൂ -2017-ആർ.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്കുള്ള ഭൂമി ഏറ്റെടുക്കലിന് ഏകദേശം 196 കോടി രൂപയും പട്ടം, ഉള്ളൂർ, ശ്രീകാര്യം മേൽപ്പാലങ്ങൾക്കുള്ള സ്ഥലമെടുപ്പിന് 134 കോടി രൂപയും ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എത്രയും വേഗം സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അട്ടക്കുളങ്ങര ഫ്ലൈഓവർ നിർമ്മാണം**

90 (2659) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ അട്ടക്കുളങ്ങര ഫ്ലൈഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) അട്ടക്കുളങ്ങര ഫ്ലൈഓവർ നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 10-7-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 942/2017/പി.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ.-യെ അട്ടക്കുളങ്ങര ഫ്ലൈഓവർ നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിയമിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കാനുള്ള നടപടികൾ ആർ.ബി.ഡി.സി.കെ. സ്വീകരിച്ചുവരുന്നു.

(സി) ഡി.പി.ആർ. തയ്യാറാക്കിയാൽ മാത്രമേ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങൾ

91 (2660) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പഴക്കംചെന്നതും പ്രധാനപ്പെട്ടതുമായ പഴയങ്ങാടിപ്പാലം അറ്റകുറ്റപ്പണി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ കാവിൻമൂനമ്പ് പാലം കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ-പാപ്പിനിശ്ശേരി റോഡിലെ പഴക്കം ചെന്ന പഴയങ്ങാടിപ്പാലം rehabitation work ചെയ്ത് ബലപ്പെടുത്തുന്നതിന് മുന്നോടിയായി നടത്തേണ്ടുന്ന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള പരിശോധന ഘട്ടത്തിലാണ്. പ്രസ്തുത ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചാൽ മാത്രമേ പാലം നിർമ്മാണത്തിന് വേണ്ട ഘടകങ്ങൾ ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കല്ല്യാശ്ശരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉൾക്കൊള്ളിച്ച കാവിൻമൂനമ്പ് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള സൈറ്റ് സർവ്വേ നേരത്തെ പൂർത്തീകരിക്കുകയും അലൈൻമെന്റ് പ്ലാനിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സോയിൽ ഇൻവെസ്റ്റിഗേഷന് വേണ്ടിയുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭഘട്ടത്തിലുമാണ്. സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ലഭിക്കുന്ന വിശദാംശം ഡിസൈൻ തയ്യാറാക്കുന്നതിന് നൽകുന്നതും, ഡിസൈൻ പൂർത്തീകരിക്കുന്ന മുറയ്ക്കു മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാനും കഴിയുകയുള്ളൂ.

## പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് നിർമ്മാണം

92 (2661) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിധത്തിൽ റോഡ് നിർമ്മിക്കുന്നതിനുള്ള പ്ലാസ്റ്റിക്ക് ശേഖരിക്കാൻ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നതു സംബന്ധിച്ച് വിവിധ പഠനങ്ങൾ നടത്തുകയും ആയത് റോഡ് നിർമ്മിക്കുവാൻ യോഗ്യമാണെന്ന് കണ്ടെത്തിയതിനാൽ MORTH SPECIFICATION- ൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തിവരികയും ചെയ്യുന്നു. ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് നിർമ്മാണത്തിന് ഉപയോഗിക്കുന്നതുകൊണ്ട് പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുവാനും പ്ലാസ്റ്റിക് മൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണുവാനും സാധിക്കുന്നതാണ്. പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് അനുപാതികമായി നിശ്ചിത അളവിൽ ബിറ്റുമിൻ ലാഭിക്കുവാനും സാധിക്കുന്നു.

(ബി) നിലവിൽ (ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്ക്) ക്ലീൻ കേരള ലിമിറ്റഡ് കമ്പനിയാണ് പൊതുമരാമത്ത് വകുപ്പിന് ലഭ്യമാക്കുന്നത്. ഇപ്പോൾ ഇത് ആവശ്യത്തിന് ലഭ്യമാകാത്ത സാഹചര്യമുണ്ട്.

## തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ

93 (2662) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ എത്ര പൊതുമരാമത്ത് റോഡുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആകെ എത്ര കിലോമീറ്റർ റോഡുകൾ ഉണ്ടെന്നും ഇവയിൽ തീർത്തും ഗതാഗതയോഗ്യമല്ലാത്ത എത്ര റോഡുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) വാർഷിക അറ്റകുറ്റപ്പണികൾ ഉൾപ്പെടെ പൂർത്തീകരിക്കാത്ത റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിൽ ആകെ 29 റോഡുകളാണ് നിലവിലുള്ളത്.

(ബി) ആകെ 234.93 കി.മി. റോഡുണ്ട്. 6 റോഡുകളിൽ പലയിടങ്ങളിലായി 22 കി.മി. ഗതാഗത യോഗ്യമല്ലാതായിട്ടുണ്ട്.

(സി)

1. പോത്തംകണ്ടം - അരളി - പള്ളിപ്പാറ റോഡ്
2. തൃക്കരിപ്പൂർ - പയ്യന്നൂർ ബൈപ്പാസ് റോഡ്
3. ചെറുവത്തൂർ - ചീമേനി - തളിയൻമാട റോഡ് കി.മി. 0/000 മുതൽ 2/500 വരെ
4. ചീമേനി - പാലാവയൽ - ഓടക്കൊല്ലി റോഡ് കി.മി. 28/000 മുതൽ 30/000 വരെ
5. തൃക്കരിപ്പൂർ - കാരാ - തലിച്ചാലം റോഡ്
6. ചീമേനി - ചാനടുക്കം - കാക്കടവ് റോഡ്
7. ചിറ്റാരിക്കാൽ - കുന്നംകൈ റോഡ്.

## കരുവാറ്റപ്പാലം നിർമ്മാണം

94 (2663) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിനെയും കൊടുവള്ളി മണ്ഡലത്തിനെയും ബന്ധിപ്പിക്കുന്ന കരുവാറ്റപ്പാലം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കിയ റിപ്പോർട്ട് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൂനൂർ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന കരുവാറ്റപ്പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ?

ഉത്തരം

(എ) ബാലുശ്ശേരി മണ്ഡലത്തിനെയും കൊടുവള്ളി മണ്ഡലത്തിനെയും ബന്ധിപ്പിക്കുന്ന കരുവാറ്റപ്പാലം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കിയ റിപ്പോർട്ട് ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരുവാറ്റപ്പാലം നിർമ്മാണത്തിന് സ്ഥലം ലഭ്യമാണെന്ന റിപ്പോർട്ട് സഹിതം ആവശ്യമായ തിരുത്തലുകളോടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പുനർ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്കുമാത്രമേ ഇതു സംബന്ധിച്ച തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## തിരുവനന്തപുരത്ത് നേതാജി നഗറിലുള്ള ഗവൺമെന്റ് ക്വാർട്ടേഴ്സുകളിലെ പ്രവൃത്തികൾ

95 (2664) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നേതാജി നഗറിലുള്ള സി-6, സി-12, സി-13 എന്നീ ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും നടത്തിയ നിർമ്മാണ/അറ്റകുറ്റ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ പ്രസ്തുത ക്വാർട്ടേഴ്സുകളിലെ താമസക്കാർ മാറിയിട്ടുണ്ടോയെന്നും എങ്കിൽ പുതുതായി വന്നവർ ആരെല്ലാമെന്നും അവർ എന്നാണ് താമസത്തിനായി വന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരത്ത് നേതാജി നഗറിലുള്ള സി-6, സി-12, സി-13 എന്നീ ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ പ്രവൃത്തികൾ മറ്റ് ക്വാർട്ടേഴ്സുകളിലെ പ്രവൃത്തികളോടൊപ്പം ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ എസ്റ്റിമേറ്റ് തുകയും ചെലവഴിച്ച തുകയും ആ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ക്വാർട്ടേഴ്സുകളുടെയും ആകെ തുകയാണ്. വിശദ വിവരങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(സി) വിശദവിവരങ്ങൾ അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.*

## തിരുവനന്തപുരത്തെ റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും

96 (2665) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കെ.ആർ.എഫ്.ബി. മുഖേന നിർമ്മിച്ച് പരിപാലിക്കപ്പെടുന്ന നഗരത്തിലെ പ്രധാന റോഡായ എം.ജി.റോഡിൽ സെക്രട്ടേറിയറ്റിനു മുൻവശം മുതൽ സ്പെൻസർ ജംഗ്ഷൻ വരെ പലയിടങ്ങളിലും റോഡിൽ കേബിളിടുന്നതിനായി എടുത്ത കുഴി റീടാർ ചെയ്തത് തകർന്ന നിലയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വാൻറോസ് ജംഗ്ഷനിൽ റോഡിൽ ഒരു കുഴി രൂപപ്പെട്ടത് കാരണം നിരവധി അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത റോഡുകളുടെ പരിപാലനവും അറ്റകുറ്റപ്പണികളും അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കെ.ആർ.എഫ്.ബി. മുഖേന പരിപാലിക്കേണ്ട റോഡുകളുടെ പരിപാലനം യഥാവിധി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. റിലയൻസ് ജിയോ കമ്പനിയുടെ കേബിളുകൾ ഇടുന്നതിനായി കുഴിച്ച കുഴികളിൽ അവർ തന്നെ താത്കാലിക പരിഹാരമായി ചെയ്ത റിപ്പെയർ വർക്കാണ് എം. ജി. റോഡിൽ സെക്രട്ടേറിയറ്റിനു മുൻവശം മുതൽ സ്പെൻസർ ജംഗ്ഷൻ വരെ ചിലയിടങ്ങളിൽ ഇളകിപ്പോയിരിക്കുന്നത്. ഈ കുഴികളിൽ റിപ്പെയർ ചെയ്യുന്നതിനായി റിലയൻസ് ജിയോ കമ്പനി റോഡ് ഫണ്ട് ബോർഡിൽ അടച്ച തുക ഉപയോഗിച്ച് ഈ കുഴികളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായുള്ള വർക്ക് ഓർഡർ കൺസഷണർ കമ്പനിയായ ടി.ആർ.ഡി.സി.എൽ.-ന് നൽകിയിട്ടുണ്ട്.

(ബി&സി) വാൻറോസ് ജംഗ്ഷനു സമീപം വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് പൊട്ടൽ പരിഹരിക്കുന്നതിനായി എടുത്ത കുഴി താൽക്കാലികമായി റിപ്പെയർ ചെയ്തിട്ടുണ്ട്. ഇവിടെ നിന്നും ഇടയ്ക്കിടെ ചോർച്ച അനുഭവപ്പെടുന്നതിനാൽ പൂർണ്ണതോതിലുള്ള അറ്റകുറ്റപ്പണികൾ നടത്താൻ സാധിച്ചിട്ടില്ല. ഈ കുഴി നികത്തുവാനും അറ്റകുറ്റപ്പണികൾ നടത്തുവാനുമുള്ള വർക്ക് ഓർഡർ കൺസ്ഷണർ കമ്പനിയായ ടി.ആർ.ഡി.സി.എൽ.-ന് നൽകിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ അറ്റകുറ്റപ്പണികളും പരിപാലനവും നടത്തുവാനുള്ള വർക്ക് ഓർഡറുകൾ പ്രകാരം പണികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള കർശന നിർദ്ദേശം കൺസഷണർ കമ്പനിയായ ടി.ആർ.ഡി.സി.എൽ.-ന് കേരള റോഡ് ഫണ്ട് ബോർഡ് നൽകിയിട്ടുണ്ട്.

(ഡി) റോഡുകളുടെ പരിപാലനം യഥാവിധി പരിശോധിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. പരിപാലനം നടത്താൻ തടസം ഉണ്ടാക്കുന്നത് ചില സർക്കാർ വകുപ്പുകളും റിലയൻസുമാണ്. റിലയൻസിന്റെ പ്രവർത്തകർ സർവ്വ നിയമങ്ങളും ലംഘിച്ച് അർദ്ധരാത്രിയിൽ ആരും അറിയാതെ റോഡ് വെട്ടിപ്പൊളിക്കുന്ന നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുകാരണം ഇപ്പോൾ റിലയൻസിന്റെ എറണാകുളത്തെ പണികൾ നിർത്തി വെച്ചിരിക്കുകയാണ്.

**ചേലക്കോട്ട്കുളങ്ങര - വലിയതറക്കടവ് പാലം സർവ്വേ നടപടികൾ**

97 (2666) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കോട്ട്കുളങ്ങര - വലിയതറക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലായെങ്കിൽ ഉടനെ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ചേലക്കോട്ട്കുളങ്ങര - വലിയതറക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള അലൈൻമെന്റ് മാറ്റി പുതിയ അലൈൻമെന്റ് പ്രകാരമുള്ള സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്.

**ടിപ്പുസുൽത്താൻ റോഡ് നിർമ്മാണം**

98 (2667) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിലൂടെ പോകുന്ന തീരദേശ ഹൈവേയിലെ പറവണ്ണ മുതൽ താനൂർ വരെയുള്ള ടിപ്പുസുൽത്താൻ റോഡിന്റെ പണി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പറവണ്ണ മുതൽ താനൂർ വരെയുള്ള ഭാഗത്തിന്റെ വികസനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) മേൽ സൂചിപ്പിച്ച തീരപ്രദേശ ഹൈവേ നിർമ്മാണത്തിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ഡി) ടിപ്പുസുൽത്താൻ റോഡ് ഉൾപ്പെട്ട തീരദേശ ഹൈവേ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പറവണ്ണ മുതൽ താനൂർ വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപയുടെ

എസ്റ്റിമേറ്റ് KRFB-യുടെ പരിഗണനയിലാണ്. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധ്യമാകുകയുള്ളൂ.

(സി) തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ കാസർഗോഡ് ജില്ലയിലെ കണ്വതീർത്ഥ (കുഞ്ഞത്തൂർ) വരെയുള്ള തീരദേശ പാതയുടെ നിർമ്മാണത്തിനായി 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരളാ റോഡ് ഫണ്ട് ബോർഡിനെ (KRFB) ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ഡി) തീരദേശ പാതയുടെ ഇൻവെസ്റ്റിഗേഷൻ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയായ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി KIIFB-യ്ക്ക് ഫണ്ട് അനുവദിക്കുന്നതിലേക്കായി സമർപ്പിക്കുന്നതിനുള്ള നടപടികളുമായി വകുപ്പ് മുന്നോട്ടു പോകുന്നു.

**റോഡുനിർമ്മാണത്തിനായി പുതിയ സാങ്കേതിക വിദ്യ**

99 (2668) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകൾ മികച്ച രീതിയിൽ പുതുക്കി പണിയുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) റോഡുനിർമ്മാണത്തിനായി പുതിയ സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പുത്തൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ തകർച്ചയെ അതിജീവിക്കുന്നതായി തെളിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത സാങ്കേതിക വിദ്യ എല്ലാ റോഡുകളിലും നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളിൽ റോഡിന്റെ അടിസ്ഥാനം മുതൽ പുതുതായി നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ

കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാത വിഭാഗത്തിൽ കരാറുകൾ ഇ.പി.സി വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ സാമഗ്രികളും നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ കരാറുകാരന് സ്വതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി നഗര വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ട്. ആലപ്പുഴ, കണ്ണൂർ, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി റോഡുകളുടെ വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) റോഡ് നിർമ്മാണത്തിൽ പുതിയ സാങ്കേതിക വിദ്യ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീറ്റർ റോഡുകൾ 20 എംഎം ചിപ്പിംഗ് കാർപ്പറ്റ് ഉപരിതലം ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം ബി.എം. & ബി.സി. (ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ്) പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയിൽ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് ഒരു കിലോ മീറ്റർ ദൂരം വരുന്ന ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിലും നിർമ്മിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനുശേഷം വേണ്ടുന്ന

അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ബി.എം., ബി.സി., എസ്.എം.എ. മുതലായ നിർമ്മാണ രീതികളിൽ വി.ജി-30 ബിറ്റുമിനും, വൈബ്രേറ്ററി റോളറും സെൻസർ പേവറും ബാച്ച് മിക്സിന്റെ പ്ലാന്റ് ഉപയോഗിച്ച് റോഡ് നിർമ്മാണം നടപ്പിലാക്കിവരുന്നുണ്ട്.

(സി) പുത്തൻ സാങ്കേതിക വിദ്യകൾ റോഡ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി എൻ.ആർ.എം.ബി (Natural Rubberized Modifical Bitumen), ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് (ഷ്രെഡഡ് പ്ലാസ്റ്റിക്) ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണം, റോഡുകളുടെ അടിത്തറ ബലപ്പെടുത്തിയുള്ള റോഡ് നിർമ്മാണം എന്നിവ തകർച്ചയെ അതിജീവിക്കുന്നതായി തെളിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിക്കുന്നതുവഴി പ്രധാന ഘടകങ്ങളായ മെറ്റൽ, ബിറ്റുമിൻ, പാറപ്പൊടി എന്നിവയുടെ അളവിലും അനുപാതത്തിലും കൃത്യത പാലിക്കാൻ കഴിയുന്നതുമൂലം മിക്സിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ മിക്സ് നിരത്തുന്നതിന് ആട്ടോമാറ്റിക് സെൻസർ പേവറും പ്രതലത്തിന് ബലപ്പെടുത്തുന്നതിന് ടാൻഡം റോളർ, വൈബ്രേറ്റർ റോളർ മുതലായവ ഉപയോഗിക്കുന്നതുവഴി മിക്സ് ഡിസൈനിംഗ് നിഷ്കർഷിക്കുന്ന ഡെൻസിറ്റി പ്രതലത്തിന് നേടിയെടുക്കുവാൻ സാധിക്കുന്നു. ഇതുവഴി റോഡ് വളരെക്കാലം ഉറപ്പോടെ സംരക്ഷിക്കാൻ കഴിയുന്നു. കൂടുതൽ ഈടും ഉറപ്പുമുള്ള നിർമ്മാണ രീതിയായതിനാൽ ഇത്തരത്തിലുള്ള റോഡുകൾ മറ്റ് സാധാരണ നിർമ്മാണ രീതിയിൽ നിർമ്മിച്ച റോഡുകളേക്കാൾ തകർച്ചയെ അതിജീവിക്കുന്നുണ്ട്.

(ഡി) പ്രസ്തുത സാങ്കേതിക വിദ്യകൾ എല്ലാ റോഡുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിലെ പുതിയ സേവനങ്ങൾ**

100 (2669) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ' പുതിയ കാലം പുതിയ സേവനം ' എന്ന ആശയം മുൻനിർത്തി പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വകുപ്പിൽ നിലവിൽ ഏതെല്ലാം സേവനങ്ങളാണ് ഓൺ ലൈനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ആധാരങ്ങളിലെ അണ്ടർ വാല്യൂവേഷൻ കേസുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ന് വരെയുള്ള അണ്ടർ വാല്യൂവേഷൻ കേസുകൾക്കാണ് ഈ പദ്ധതി ബാധകമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 'പുതിയ കാലം പുതിയ സേവനം' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി സേവനം നൽകുന്നതിന്റെ ഭാഗമായി പല പരിഷ്കാരങ്ങളും വകുപ്പിൽ നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്ത് 315 സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ സംവിധാനം വ്യാപിപ്പിച്ചു. കൂടാതെ രജിസ്ട്രേഷൻ ഫീസ് നേരിട്ട് നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കി ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി. വകുപ്പിൽ ഇ-സ്റ്റാമ്പിങ്, ഇ-പേയ്മെന്റ് സംവിധാനങ്ങളും പാർട്ണർഷിപ്പ് ഫേം, ചാരിറ്റബിൾ സൊസൈറ്റി എന്നിവ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തുകയുണ്ടായി. ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാകുന്നതിനുമുള്ള നടപടികൾ വകുപ്പിൽ ഏർപ്പെടുത്തുന്നതിനും ചിട്ടി രജിസ്ട്രേഷൻ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനായി 280 സ്കാനർ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ബാധ്യതാ സർട്ടിഫിക്കറ്റ് ഓൺലൈനായി അപേക്ഷിക്കുന്നതിനും തയ്യാറാക്കിയ സർട്ടിഫിക്കറ്റ് ഓൺലൈനായിത്തന്നെ ലഭിക്കുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്. ഇ-സ്റ്റാമ്പിംഗ്, ഇ-പേയ്മെന്റ് സംവിധാനങ്ങളും, ചാരിറ്റബിൾ സൊസൈറ്റി ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആധാര രജിസ്ട്രേഷൻ നടക്കുന്ന മുറയ്ക്ക് തന്നെ പോക്ക് വരവ് നടപടികളും ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം റവന്യൂ വകുപ്പുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു. കൂടാതെ, സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹത്തിന് ഓൺലൈനായി തന്നെ അപേക്ഷിക്കുന്നതിനുള്ള സൗകര്യവും ആധാര രജിസ്ട്രേഷനായി ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനവും നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21-7-2016 ലെ ജി.ഒ. (പി) നമ്പർ 74/2016/റ്റിഡി നമ്പർ ഉത്തരവ് പ്രകാരം അണ്ടർ വാല്യൂവേഷൻ കേസ്സുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. ഫ്ലാറ്റുകളുടെ അണ്ടർ വാല്യൂവേഷൻ കേസ്സുകൾക്ക് 21-7-2016-ലെ ജി. ഒ.(പി) നമ്പർ 75/2016/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. പ്രസ്തുത പദ്ധതി 2017 മാർച്ച് 31-ന് അവസാനിച്ചു.

(ഡി) 2010 മാർച്ച് 31 വരെയുള്ള അണ്ടർ വാല്യൂവേഷൻ കേസ്സുകൾക്കാണ് ഈ പദ്ധതി ബാധകമാക്കിയിരിക്കുന്നത്.

## ഭൂമി രജിസ്ട്രേഷൻ നികുതി

101 (2670) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 2014, 2015, 2016 എന്നീ വർഷങ്ങളിൽ എത്ര തുക സർക്കാരിലേക്ക് നികുതിയിനത്തിൽ ലഭ്യമായി എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ നികുതിയിനത്തിൽ ലഭ്യമായി തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

തുക കോടിയിൽ

| സാമ്പത്തിക വർഷം | സ്റ്റാമ്പ് ഡ്യൂട്ടി | രജിസ്ട്രേഷൻ ഫീസ് | ആകെ |
|---|---|---|---|
| 2014-2015 | 1625.43 | 764.79 | 2390.23 |
| 2015-2016 | 1707.06 | 824.83 | 2531.88 |
| 2016-2017 | 1892.68 | 761.01 | 2653.7 |

## മുക്കം സബ് രജിസ്ട്രാർ ഓഫീസ് മാറ്റം

102 (2671) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സബ് രജിസ്ട്രാർ ഓഫീസ് മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസ് എന്നത്തേയ്ക്ക് മാറ്റി സ്ഥാപിക്കാൻ കഴിയും; വ്യക്തമാക്കുമോ?

ഉത്തരം

(എ) മുക്കം സിവിൽ സ്റ്റേഷനിൽ രജിസ്ട്രേഷൻ വകുപ്പിന് അനുവദിച്ച 279.70 ച.മീ. സ്ഥലത്തിന്റെ 2017-18 ലെ കെട്ടിട നികുതി 31,650 രൂപ ഒടുക്കി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് വാങ്ങി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമായട്ടില്ലാത്തതിനാൽ മുക്കം സബ് രജിസ്ട്രാർ ഓഫീസ് മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിന് കഴിഞ്ഞിട്ടില്ല.

(ബി) വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക്, ഓഫീസ് പ്രവർത്തനത്തിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കി ഓഫീസ് മാറ്റി സ്ഥാപിക്കുന്നതാണ്.

## റോയൽ അഗ്രിക്കൾച്ചറൽ കമ്പനിയുടെ പേരിലുള്ള രജിസ്ട്രേഷൻ

103 (2672) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കൊട്ടക്കാമ്പൂർ വില്ലേജിൽ റോയൽ അഗ്രിക്കൾച്ചറൽ കമ്പനിയുടെ പേരിൽ എറണാകുളം ജില്ലയിലെ പെരുമ്പാവൂർ കുറുപ്പംപടി സബ് രജിസ്ട്രാർ ഓഫീസിൽ 28-6-2004 -ൽ ഷാജി സലിം, ബാബുപോൾ, ഡന്നി ജോസഫ് എന്നിവരുടെ പേരിൽ 15 മുക്ത്യാറുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മുക്ത്യാറുകൾ നിയമാനുസൃതമാണോ യെന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ആരുടെയെല്ലാം പേരിൽ നിന്നാണ് ഈ മുക്ത്യാറുകൾ കരസ്ഥമാക്കിയിട്ടുള്ളത് ; ഇപ്രകാരം ലഭിച്ചിട്ടുള്ള മുക്ത്യാർ അവകാശം ആരെങ്കിലും സ്വന്തം പേരിൽ മാറിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പട്ടികജാതിക്കാരും തമിഴ് ന്യൂനപക്ഷക്കാരുമായ എസ്. മാരി അടക്കമുള്ള നിരക്ഷരരായ 15 വ്യക്തികളുടെ പേരിൽ നടത്തിയ ഗുരുതരമായ ഈ ഇടപാടുകളെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ കുറുപ്പുംപടി സബ് രജിസ്ട്രാർ ഓഫീസിൽ 28-6-2004, 6-7-2004 എന്നീ തീയതികളിലായി 15 മുക്ത്യാറുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മുക്ത്യാറുകൾ നിയമാനുസൃതമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഇക്കാര്യത്തിൽ പരാതി ലഭിക്കുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

**ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം**

104 (2673) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം പണിയുന്നത് സംബന്ധിച്ച പദ്ധതിയിൽ എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയായി ; പ്രസ്തുത പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ വലിയ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നടപടിക്രമങ്ങൾ പരിശോധിച്ച് അടിയന്തര നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ചേമഞ്ചരി പഞ്ചായത്ത് വാഗ്ദാനം ചെയ്തിരുന്ന സ്ഥലം നാളിതുവരെ കൈമാറിക്കിട്ടിയിട്ടില്ല. ആയതിനാൽ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്ഥലം കൈമാറിക്കിട്ടിയാലുടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ്

105 (2674) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കും; തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) മലയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് സ.ഉ.(ആർ.റ്റി.) നമ്പർ 140/17/നിവ. തീയതി 25-2-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ 100 കോടി രൂപയ്ക്ക് മുകളിലുള്ള പ്രൊപ്പോസലിന് മാത്രമേ കിഫ്ബി ഫണ്ട് അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ആയതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിലേക്കായി അതിൽ ഉൾപ്പെടുത്തേണ്ട ഓഫീസുകളുടെ ലിസ്റ്റ് 10-7-2017-ന് പൊതുമരാമത്ത് വകുപ്പ് കെട്ടിടം ചീഫ് എഞ്ചിനീയർക്ക് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൊടുത്തിട്ടുണ്ട്. ആയത് കൂടി ലഭ്യമാക്കി കിഫ്ബി-ക്ക് സമർപ്പിച്ചാൽ മാത്രമേ കെട്ടിട നിർമ്മാണത്തിനുള്ള അംഗീകാരം ലഭിക്കുകയുള്ളൂ. കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കുവാൻ കഴിയുന്നതാണ്.

## രജിസ്ട്രേഷൻ വകുപ്പിലെ പരിഷ്കാരങ്ങൾ

106 (2675) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഈ സർക്കാർ വരുത്തിയതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം പുതിയ സേവനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ പരിഷ്കാരങ്ങൾമൂലം വകുപ്പിലെ ഇടനിലക്കാരുടെ ഇടപെടലിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിൽ നിന്നും ഓൺലൈനായി നൽകുന്ന സേവനങ്ങൾക്ക് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. 7-4-2017 ലെ 690-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ 1960-ലെ കേരള മുദ്രപത്ര ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള മുദ്രകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) ഇ-സ്റ്റാമ്പിംഗ്, ഇ-പേയ്മെന്റ് സംവിധാനങ്ങളും പാർട്ട്ണർഷിപ്പ് ഫേം, ചാരിറ്റബിൾ സൊസൈറ്റി എന്നിവയും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയുണ്ടായി.

(സി) മുൻകാലങ്ങളിൽ ആധാര പകർപ്പുകൾക്കും ബാധ്യതാ സർട്ടിഫിക്കറ്റുകൾക്കും വലിയ കാലതാമസം നേരിട്ടിരുന്ന അവസ്ഥയിൽനിന്നും ഇന്റർനെറ്റ് അധിഷ്ഠിത സേവനപ്രദാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസുകളിൽ പോകാതെ തന്നെ സേവനം എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ആധാരം രജിസ്റ്റർ ചെയ്യേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ടോക്കൺ എടുക്കാവുന്ന രീതി നടപ്പിലാക്കിയതുമൂലം സബ് രജിസ്ട്രാർ ഓഫീസുകളിലെ ജനബാഹുല്യം നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ പരിഷ്കാരങ്ങൾമൂലം ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കുന്നതിന് ഏറെക്കുറെ സാധിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിലെ സസ്പെൻഷൻ നടപടികൾ**

107 (2676) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ ഇതുവരെ എത്ര ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; അന്വേഷണം നടത്തിയതിൽ ഇതിൽ എത്ര പേർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(ബി) കോട്ടയം ജില്ലയിലെ പുതുപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ ഭിന്നശേഷിക്കാരനായ കെ. ജെ. വർഗീസ് എന്ന ജീവനക്കാരന്റെ സസ്പെൻഷൻ സംബന്ധിച്ച കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) രേഖാമൂലം ലഭിച്ച പരാതിയിന്മേലാണോ ടിയാനെതിരെ അന്വേഷണം നടത്തി നടപടിയെടുത്തതെന്ന് വിശദമാക്കാമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിലെ 13 ജീവനക്കാരെ പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് കണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടുപേർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കി കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒരു ജീവനക്കാരൻ വകുപ്പുമായി ബന്ധപ്പെട്ട കാര്യത്തിനല്ല സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത് എന്നതിനാൽ ടിയാനെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടില്ല. ഒരാളെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കേസ് രജിസ്റ്റർ ചെയ്തതിനാലാണ് സസ്പെന്റ് ചെയ്തിരുന്നത്. ബാക്കിയുള്ള ജീവനക്കാർക്കെതിരായ അച്ചടക്ക നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.818/2017 നമ്പർ ഹർജിയിലെ 10-5-2017-ലെ ഉത്തരവനുസരിച്ച് 20-7-2017-ൽ പരാതിക്കാരനെ നേരിൽ കേട്ടിട്ടുള്ളതും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്തുവരുന്നു.

(സി) രേഖാമൂലം ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി ദക്ഷിണ മദ്ധ്യമേഖല രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചത്.

## പ്രധാന റെയിൽവേ പദ്ധതികൾ

108 (2677) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രധാന റെയിൽവേ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട ശബരി റെയിൽ പാതയ്ക്ക് എത്ര കോടി രൂപയാണ് കേന്ദ്രം നിലവിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇന്ത്യൻ റയിൽവേയുമായുള്ള സംയുക്ത കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപറേഷൻ എന്നാണ് രൂപീകരിച്ചത് എന്നറിയിക്കാമോ?

ഉത്തരം

(എ) കായംകുളത്ത് നിന്നും എറണാകുളത്തേക്കുള്ള പാത കോട്ടയം വഴിയും ആലപ്പുഴ വഴിയും ഇരട്ടിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. അങ്കമാലി - ശബരി പാതയുടെ പണിയും പുരോഗമിച്ചുവരുന്നു. കൂടാതെ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി നിലമ്പൂർ - നഞ്ചൻകോട് പാത, തലശ്ശേരി - മൈസൂർ പാത, സബർബൻ പ്രോജക്ട് എന്നിവ ഉൾപ്പെടെ മൂന്ന് ഘട്ടങ്ങളിലായി 8 പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ അറുപത്തിയഞ്ച് റെയിൽ മേൽപ്പാതകൾ (ROB)/റെയിൽ അടിപ്പാതകൾ (RUB) പങ്കാളിത്ത അടിസ്ഥാനത്തിൽ ചെയ്യുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ശബരി റെയിൽ പാതയ്ക്ക് 2017-18 ബജറ്റിൽ 113.59 കോടി രൂപയും എക്സ്ട്രാ ബഡ്ജറ്ററി റിസോഴ്സ് (EBR)(P) ആയിട്ട് 100 കോടി രൂപയും കേന്ദ്രം നിലവിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 2017 ജനുവരി മൂന്നാം തീയതി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

**ഫറോക് റെയിൽവേ സ്റ്റേഷനിലെ രണ്ടാമത്തെ പ്ലാറ്റ്ഫോം**

109 (2678) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് റെയിൽവേ സ്റ്റേഷനിൽ രണ്ടാമത്തെ പ്ലാറ്റ്ഫോമിന് വേണ്ടത്ര നീളം ഇല്ലാത്തതിനാൽ യാത്രക്കാർക്ക് അപകടം പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ ഫറോക് റെയിൽവേ സ്റ്റേഷനിലെ രണ്ടാമത്തെ പ്ലാറ്റ്ഫോമിന്റെ നീളം 90 മീറ്ററും കൂടി വർദ്ധിപ്പിക്കുന്നതിന് 2016-17, 2017-18 വർഷങ്ങളിലെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതിനായി ഡിവിഷണൽ റെയിൽവേ മാനേജർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് അനുമതി ലഭിച്ചില്ല. 2018-19 വർഷത്തേയ്ക്കുള്ള വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത പ്രൊപ്പോസൽ വീണ്ടും സമർപ്പിച്ചിട്ടുള്ളതായി ഡിവിഷണൽ റെയിൽവേ മാനേജർ അറിയിച്ചിട്ടുണ്ട്.

**എളവള്ളി ട്രെയിൻ ഹാൾട്ട് സ്റ്റേഷൻ**

110 (2679) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ - തൃശ്ശൂർ റെയിൽ പാതയിൽ എളവള്ളി എന്ന സ്ഥലത്ത് ട്രെയിൻ ഹാൾട്ട് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

റെയിൽവേ തീരുമാനം അറിയിച്ചിട്ടില്ല. ഈ ആവശ്യം നിലനിൽക്കുന്നു. വീണ്ടും ഒരു കത്തുകൂടി ഈ മാസം തന്നെ അയയ്ക്കുന്നതാണ്.

**അങ്കമാലി - എരുമേലി റെയിൽ പദ്ധതി**

111 (2680) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലയ്ക്ക് കൂടി ഏറെ പ്രയോജനം ചെയ്യുമായിരുന്ന അങ്കമാലി-എരുമേലി റെയിൽ പദ്ധതി റെയിൽവേ മന്ത്രാലയം ഉപേക്ഷിച്ചതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചതിനുശേഷം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അനിശ്ചിതത്വം ഉണ്ടായതിന്റെ കാരണം വിശദമാക്കുമോ;

(സി) ഏരുമേലിക്കടുത്ത് പുതിയ വിമാനത്താവളം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ അങ്കമാലി - എരുമേലി റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏരുമേലിയിൽനിന്നും നിർദ്ദിഷ്ട ശബരി റെയിൽ പാത പുനലൂരുമായി ബന്ധപ്പെടുത്തിയാൽ അത് മലയോര മേഖലയുടെ വൻ വികസനത്തിന് കളമൊരുക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റെയിൽവെ ലൈൻ പുനലൂർ വരെ ദീർഘിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) റെയിൽവെ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സംസ്ഥാന സർക്കാർ റെയിൽവേ ബോർഡുമായി ഒപ്പിട്ട കരാറിൽ ഈ റെയിൽ പദ്ധതി കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകളിൽനിന്നും എതിർപ്പുകൾ ഉണ്ടായത് പദ്ധതിയുടെ നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്.

(സി) അങ്കമാലി-എരുമേലി റെയിൽ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട റെയിൽവേ ലൈൻ എരുമേലിയിൽ നിന്നും പുനലൂരിലേക്ക് നീട്ടുന്നത് സംബന്ധിച്ച് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രാരംഭ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ഇ) സംസ്ഥാന സർക്കാരിന്റെയും റെയിൽ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായി രൂപീകരിക്കപ്പെട്ട കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഈ പദ്ധതി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**റെയിൽവേ വികസനത്തിന് ജോയിന്റ് വെഞ്ച്വർ കമ്പനി**

112 (2681) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി റെയിൽവേയുമായി സഹകരിച്ച് ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കമ്പനിയുടെ ഓഹരി ഘടന എങ്ങനെയാണെന്ന് തീരുമാനിച്ചിട്ടുണ്ടോ, വിവരിക്കുമോ;

(ഡി) സംസ്ഥാനത്ത് നടത്തുന്ന റെയിൽവേ വികസനത്തിന് ഈ കമ്പനി എത്ര മാത്രം ഗുണപ്രദമാകുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ താഴെപ്പറയുന്ന പ്രോജക്ടുകൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഒന്നാം ഘട്ടം

1. റാപിഡ് റെയിൽ ട്രാൻസിസ്റ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്).

2. തലശ്ശേരി-മൈസൂർ റെയിൽവേ പാത.

3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

4. കൊച്ചി വിമാനത്താവളത്തിലേക്ക് ത്രികോണ റെയിൽ ലൈൻ വലിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്കുനീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ.

5. വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖം തിരുവനന്തപുരം - കന്യാകുമാരി ലൈൻ ബന്ധിപ്പിക്കുന്ന വിഴിഞ്ഞം-ബാലരാമപുരം പുതിയ ബ്രോഡ് ഗേജ് ലൈൻ.

രണ്ടാംഘട്ടം

1. എരുമേലി-പുനലൂർ-നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ - നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

മൂന്നാം ഘട്ടം

നിലമ്പൂർ-നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണ്ണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

(ബി) റെയിൽവേയുമായി സഹകരിച്ച് ജോയിന്റ് വെഞ്ച്വർ കമ്പനി 2017 ജനുവരി മാസം 3-ാം തീയതി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

(സി) കമ്പനിയുടെ ഓഹരി ഘടന – കേരള സർക്കാർ 51 ശതമാനം, കേന്ദ്ര സർക്കാർ (റെയിൽ മന്ത്രാലയം) 49 ശതമാനം.

(ഡി) സംസ്ഥാനത്തിന് ഗുണപ്രദമായ പദ്ധതികൾ ഏറ്റെടുക്കുകവഴി ഈ കമ്പനി സംസ്ഥാന താൽപ്പര്യത്തിന് ഗുണകരമായിരിക്കും.

## തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം

113 (2682) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റെയിൽവേ ഡിവിഷനിലെ നേമം മുതൽ മധുര വരെയുള്ള 164 കി.മീ. പരിധി മധുര ഡിവിഷനിലേക്ക് മാറ്റുകയാണെന്ന വാർത്ത സ്ഥിരീകരിച്ചിട്ടുണ്ടോ; അപ്രകാരം മാറ്റുകയാണെങ്കിൽ വരുമാന നഷ്ടത്തിന്റെ തോതനുസരിച്ച്, പ്രസ്തുത ഡിവിഷനുള്ള ബഡ്ജറ്റ് വിഹിതത്തിലും കുറവുണ്ടാകുമെന്ന കാര്യം വിശദീകരിക്കാമോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് റെയിൽവേ മന്ത്രിക്ക് നിവേദനം നല്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ -കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും കത്തുകൾ അയച്ചിട്ടുണ്ട്. കേരളത്തിന്റെ റെയിൽവേയുടെ ചുമതലയുള്ള പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കും ഇതുസംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ട്. കേരളത്തിലെ റെയിൽവെയുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലവും റെയിൽവേയിൽ നിന്നും ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതുമൂലവും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് 51:49 ഓഹരി അനുപാതത്തിൽ ഒരു സംയുക്ത സംരംഭക കമ്പനി രൂപീകരിച്ചിട്ടുണ്ട്. യഥാകാലം റെയിൽവേ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന് മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചുവരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും കൂടാതെ തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ -കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും അയച്ച കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## ടീച്ചേഴ്സ് ബാങ്ക്

114 (2683) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ സേവനം അനുഷ്ഠിച്ചിരുന്നവരും വിവിധ കാരണങ്ങളാൽ ജോലി നഷ്ടപ്പെട്ടവരുമായ അദ്ധ്യാപകരെ ഉൾക്കൊള്ളിച്ച് ടീച്ചേഴ്സ് ബാങ്ക് രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ടീച്ചേഴ്സ് ബാങ്ക് KER Chapter 14 A Section 5i A-യുടെ അടിസ്ഥാനത്തിലാണോ രൂപീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ പ്രസ്തുത ടീച്ചേഴ്സ് ബാങ്ക് രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെയും മാർഗ്ഗനിർദ്ദേശത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം കാരണങ്ങളാൽ ജോലി നഷ്ടപ്പെട്ട് പുറത്ത് നിൽക്കുന്ന അദ്ധ്യാപകരെയാണ് പ്രസ്തുത ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ലീവ് വേക്കൻസിയിൽ ദീർഘകാലം ജോലി നോക്കുകയും എന്നാൽ ഇപ്പോൾ പുറത്ത് നിൽക്കുന്നതുമായ അദ്ധ്യാപകരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ സ്കൂളുകളിൽ നിന്നും ജോലി നഷ്ടപ്പെട്ട് ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് അതത് മാനേജ്മെന്റുകളുടെ കീഴിലുള്ള എൽ.പി. തലം മുതൽ ഹയർ സെക്കന്ററി തലം വരെ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് യോഗ്യതയുള്ളപക്ഷം നിയമിക്കപ്പെടാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ;

(ഇ) ഇപ്രകാരം കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് കീഴിൽ ഹയർ സെക്കന്ററി തലത്തിൽ നിന്നും ത്രോൺ ഔട്ട് ആയ അദ്ധ്യാപകർക്ക് പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ തുടർന്ന് ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നിയമനത്തിനായി മുൻഗണന നൽകി പരിഗണിക്കപ്പെടുവാൻ KER Chapter 14A Section 51A മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് WA-140/2007 (ജയശ്രീ റ്റി.V/s ഡയറക്ടർ ഓഫ് ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ) എന്ന കേസിൽ 8-4-2009 ൽ വിധി പുറപ്പെടുവിച്ച് തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി നടപ്പിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) പുറത്ത് നിൽക്കുന്ന പ്രസ്തുത പ്രൊട്ടക്റ്റഡ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പുനർ നിയമനത്തിൽ മാനേജ്മെന്റുകൾ മുകളിൽ പറഞ്ഞ കോടതി ഉത്തരവുകൾ ലംഘിക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി ന്യായം മാനിച്ചുകൊണ്ട് തീരുമാനം എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽനിന്ന് തസ്തിക നഷ്ടമായ ജീവനക്കാരിൽ സംരക്ഷണത്തിന് അർഹതയുള്ളവരെ ഉൾപ്പെടുത്തി അദ്ധ്യാപക ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് സംരക്ഷണം അനുവദിക്കുന്നതാണ്:

1. 31-3-2011-ന് നിയമനാംഗീകാരത്തോടെ റെഗുലർ സർവ്വീസിൽ തുടർന്ന അദ്ധ്യാപക/അനദ്ധ്യാപകർ

2. അദ്ധ്യാപക പാക്കേജ്വഴി 1-6-2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപകർ

3. മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും

4. അദ്ധ്യാപക പാക്കേജ്വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അദ്ധ്യാപകർ, തസ്തിക ഇല്ലാതെ തന്നെ അദ്ധ്യാപക പാക്കേജ്വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ

5. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടെയർമെന്റ്, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നീ റെഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടതും 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/2016/ പൊ.വി.വ.-യിലെ ഖണ്ഡിക II-ലെ ഉപഖണ്ഡിക (2)-ലെ അനുപാതപ്രകാരം അംഗീകരിക്കപ്പെട്ടവരും

(സി) അവധി ഒഴിവിൽ ജോലി നോക്കി ഇപ്പോൾ പുറത്തുനിൽക്കുന്ന അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) കോർപ്പറേറ്റ്/വ്യക്തിഗത മാനേജ്മെന്റ് സ്കൂളുകളിൽനിന്ന് തസ്തിക നഷ്ടമായി അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുന്ന അദ്ധ്യാപകർക്ക് അതത് മാനേജ്മെന്റുകളുടെ കീഴിലുള്ള സെക്കണ്ടറിതലം വരെയുള്ള സ്കൂളുകളിൽ കെ.ഇ.ആർ. അദ്ധ്യായം XIV-എ ചട്ടം 43-ന്റെ രണ്ടാമത് പ്രൊവിസോയുടെ വ്യവസ്ഥകൾക്ക് വിധേയമായി പുനർനിയമനത്തിന് അർഹതയുണ്ട്. അദ്ധ്യാപക ബാങ്കിലുള്ള പ്രസ്തുത അദ്ധ്യാപകരെ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഒഴിവുകളിലേക്ക് പരിഗണിക്കാൻ വ്യവസ്ഥകളില്ല.

(ഇ-ജി) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി നോക്കിവരുന്ന അദ്ധ്യാപകർക്ക് ഇതുവരെ ജോലി നഷ്ടപ്പെട്ടിട്ടില്ല. WA-140/07-ന്റെ കേസിന്റെ വിധിപ്പകർപ്പ് നാളിതുവരെയും ലഭ്യമായിട്ടില്ല.

## പുനർവിന്യസിപ്പിക്കപ്പെട്ട അദ്ധ്യാപകർ

115 (2684) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എയിഡഡ് സ്കൂളുകളിൽ നിന്നും സർക്കാർ സ്കൂളുകളിലേക്ക് പുനർ വിന്യസിക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണം എത്ര;

(ബി) ഏതൊക്കെ എയിഡഡ് സ്കൂളിൽ നിന്നുമാണ് സർക്കാർ സ്കൂളിലേക്കാണ് അദ്ധ്യാപകരെ വിന്യസിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(സി) ഇങ്ങനെ പുനർവിന്യസിക്കപ്പെട്ടവർക്ക് എത്ര നാൾ സർക്കാർ സ്കൂളുകളിൽ തുടരാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള പുനർവിന്യാസം, പി. എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ അവസരം നഷ്ടമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) 2017-18 അദ്ധ്യയനവർഷം - 168

(ബി) സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) സർക്കാർ സ്കൂളുകളിൽ പുനർവിന്യസിക്കപ്പെടുന്ന സംരക്ഷിതാദ്ധ്യാപകർക്ക് പ്രസ്തുത വിഷയത്തിൽ പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി വരെ മാത്രമെ അവിടെ തുടരാൻ കഴിയൂ. പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ അന്നുതന്നെ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്കൂളുകളിൽ പുനർവിന്യസിച്ചിരിക്കുന്ന സംരക്ഷിതാദ്ധ്യാപകരെയെല്ലാം തിരികെ വിളിക്കണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള പുനർവിന്യാസം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ അവസരം യാതൊരു കാരണവശാലും നഷ്ടപ്പെടുത്തില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ക്ലാസ് മുറികളിൽ ക്ലാസ്സിന്റെ ചുമതലയുള്ള അദ്ധ്യാപകന്റെ ഫോട്ടോയും വിലാസവും പ്രദർശിപ്പിക്കൽ

116 (2685) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ ക്ലാസ്സ് മുറികളിൽ ക്ലാസ്സിന്റെ ചുമതലയുള്ള അദ്ധ്യാപകന്റെ ഫോട്ടോയും വിലാസവും പ്രദർശിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എസ്.എസ്.എ. സ്റ്റേറ്റ് മിഷൻ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിലാണോ ഈ നിബന്ധന നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രായത്തിന്റെ നിർദ്ദേശമനുസരിച്ച് പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികളിൽ ക്ലാസ്സിന്റെ ചുമതലയുള്ള അദ്ധ്യാപകന്റെ ഫോട്ടോയും വിലാസവും പ്രദർശിപ്പിക്കണ മെന്നുണ്ടെങ്കിലും സംസ്ഥാനം ഇതുസംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല.

## അദ്ധ്യാപകരുടെ വേതനവും എം.ജി.എൽ.സി.കളുടെ പ്രവർത്തനവും

117 (2686) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ഇപ്പോൾ എത്ര രൂപയാണ് വേതനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര എം.ജി.എൽ.സി.-കൾ പ്രവർത്തിക്കുന്നുണ്ടെന്നും, ഈ വിദ്യാലയങ്ങളിൽ ഇരുപത് വർഷമായി തൊഴിലെടുത്തുവരുന്നവരും മറ്റ ജോലിക്ക് പ്രായ പരിതി കഴിഞ്ഞവരുമായ ജീവനക്കാരെ സംരക്ഷിക്കാൻ നടപടികളുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് നിലവിൽ പ്രതിമാസം 10,000 രൂപ നിരക്കിൽ ഓണറേറിയമായി നൽകുന്നു.

(ബി) സംസ്ഥാനത്ത് 285 എം.ജി.എൽ.സി.കൾ പ്രവർത്തിക്കുന്നുണ്ട്. എം.ജി.എൽ.സി. സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിലവിൽ 10,000 രൂപ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളായ ഉത്സവബത്ത, ഹിൽടാക്സ് അലവൻസ്, ആർജ്ജിതാവധി എന്നിവ നൽകിവരുന്നു. ടി അദ്ധ്യാപകരുടെ ഓണറേറിയം 17325 രൂപയായി വർദ്ധിപ്പിച്ചെങ്കിലും ഏത് കാലയളവ് മുതൽ പ്രാബല്യം നൽകണമെന്ന കാര്യത്തിൽ തീരുമാനമാകേണ്ടതുണ്ട്.

## ചികിത്സക്കായി തുക ലഭ്യമാക്കുന്നതിന് കാലതാമസം

118 (2687) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-12-2016-ലെ പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിലെ 4242/2016/ പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി എൽ.എ.ഐ.യു.പി.എസ്.-ലെ ഓഫീസ് അറ്റന്റഡന്റായ ശ്രീ. വിൻസെന്റ് സിമേതിക്ക് ഹൃദയസംബന്ധമായ അസുഖത്തിന്റെ ചികിത്സക്കായി 71626 രൂപ അനുവദിച്ചിട്ടും, പ്രസ്തുത തുക ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ടി തുക എന്നത്തേക്ക് നല്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 71,626 രൂപ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിച്ചുകൊണ്ട് 16-2-2017 തീയതിയിലെ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ നിന്നും സി3/13489/2016 നമ്പർ ഉത്തരവ് പ്രാഥമികാദ്ധ്യാപിക എൽ.എ.ഐ.യു.പി.എസ്. കാട്ടുകുറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ടി 71,626 രൂപയുടെ അലോട്ട്മെന്റ് ഓൺലൈൻ മുഖേന പ്രസ്തുത സ്കൂളിലേക്ക് 12-6-2017-ന് നൽകിയിട്ടുണ്ട്.

## ഐ.റ്റി. അധിഷ്ഠിത പാഠ്യപദ്ധതി

119 (2688) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യയനവർഷം സംസ്ഥാനത്തെ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ ഐ.റ്റി. അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് എത്ര ശതമാനം സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ഇതിനകം നൽകിയിട്ടുണ്ട്;

(സി) ഈ പദ്ധതി നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തെ സർക്കാർ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ;

(ഡി) സർക്കാർ സ്കൂളുകളിലെ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ എത്ര ശതമാനം വിദ്യാർത്ഥികളാണ് കഴിഞ്ഞ അദ്ധ്യയനവർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്. ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലേക്ക് പ്രത്യേക ഐ.സി.ടി. പാഠപുസ്തകം, അദ്ധ്യാപകർക്കുള്ള ഐ.സി.ടി. പരിശീലനം, പ്രൈമറി ക്ലാസ്സുകളിലും സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കൽ, പ്രൈമറിതലം ഉൾപ്പെടെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ്, 'സമഗ്ര' റിസോഴ്സ് പോർട്ടൽ, ഡിജിറ്റൽ ഉള്ളടക്കം തുടങ്ങിയ പ്രവർത്തനങ്ങൾ ഐ.ടി. അധിഷ്ഠിത പാഠ്യപദ്ധതിക്കായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 93 ശതമാനം സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(സി) പരിശോധന ഔദ്യോഗികമായി നടത്തിയിട്ടില്ല.

(ഡി) സർക്കാർ സ്കൂളുകളിലെ ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തെ അപേക്ഷിച്ച് 5.31 ശതമാനം കുട്ടികളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

## എസ്.സി./എസ്.ടി., കെ.പി.സി.ആർ. പ്രകാരമുള്ള വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ഫീസ് ആനുകൂല്യം

120 (2689) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.റ്റി., കെ.പി.സി.ആർ. പ്രകാരമുള്ള വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്ന ഫീസ് ആനുകൂല്യം അതാത് അക്കാഡമിക് വർഷങ്ങളിൽ തന്നെ നൽകാൻ നിലവിൽ സാധിക്കാറുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യം അതാത് അക്കാഡമിക് വർഷങ്ങളിൽ തന്നെ ലഭിക്കാത്തത് വിദ്യാർത്ഥികളുടെ തുടർ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന വിഷയം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) അതാത് അക്കാഡമിക് വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പ്രസ്തുത ആനുകൂല്യം കാലവിളംബം കൂടാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. അർഹരായ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അർഹരായ കെ.പി.സി.ആർ. പ്രകാരമുള്ള വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്ന ഫീസ് ആനുകൂല്യം ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസിൽനിന്നും അനുവദിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രസ്തുത വിദ്യാർത്ഥികൾക്ക് അതത് അദ്ധ്യയന വർഷം തന്നെ നൽകിവരുന്നു.

(ബി) ഉണ്ട്.

(സി) എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സ്കോളർഷിപ്പുകൾ ഒഴിഞ്ഞ് കിടക്കുന്ന സ്ഥിതി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഒന്നാം ക്ലാസ് അഡ്മിഷൻ**

121 (2690) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾക്ക് ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷത്തെക്കാൾ എത്ര വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വർദ്ധനവ് മൂലം ഉണ്ടാകുന്ന അധിക തസ്തികകളിലേക്ക് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ സംരക്ഷിത അദ്ധ്യാപകരിൽ നിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ)

| ജില്ല | സർക്കാർ | എയ്ഡഡ് |
|---|---|---|
| തിരുവനന്തപുരം | 11570 | 6467 |
| കൊല്ലം | 8440 | 6066 |
| പത്തനംതിട്ട | 2875 | 2454 |
| ആലപ്പുഴ | 5646 | 5662 |
| കോട്ടയം | 2958 | 7545 |

| | | |
|---|---|---|
| ഇടുക്കി | 2540 | 4794 |
| എറണാകുളം | 5093 | 10876 |
| തൃശ്ശൂർ | 4595 | 18149 |
| പാലക്കാട് | 7866 | 16740 |
| മലപ്പുറം | 21228 | 34278 |
| കോഴിക്കോട് | 7715 | 21530 |
| വയനാട് | 4391 | 4309 |
| കണ്ണൂർ | 4702 | 19378 |
| കാസർഗോഡ് | 7294 | 6570 |
| ആകെ | ** Expression is faulty ** | ** Expression is faulty ** |

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി സംസ്ഥാനമൊട്ടാകെ ഒന്നാം ക്ലാസ്സിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 12,198 കുട്ടികളുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിത ജീവനക്കാരെ നിയമിക്കണമെന്നാണ് കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(2) -ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ വളരെ കുറച്ച് മാനേജർമാർ മാത്രമേ ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാൻ തയ്യാറായിട്ടുള്ളൂ. ഈ ചട്ടം ഉൾപ്പെടെയുള്ള കെ. ഇ. ആർ. ഭേദഗതിയെ (3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/പൊ.വി.വ.) ചോദ്യം ചെയ്തുകൊണ്ടുള്ള നാല്പതോളം റിട്ട് പെറ്റീഷനുകൾ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുന്ന വിഷയമായതിനാൽ എയ്ഡഡ് സ്കൂളിലെ അധിക തസ്തികകളിലേക്ക് ഡിപ്പാർട്ട്മെന്റ് സ്വമേധയാ

സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യാസിച്ചിട്ടില്ല. ഡിപ്പാർട്ട്മെന്റ് സ്വമേധയാ സർക്കാർ സ്കൂളിലോ എയ്ഡഡ് സ്കൂളിലോ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

## ഹൈടെക് ആക്കി നവീകരിക്കുന്ന വിദ്യാലയങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

122 (2691) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈടെക് ആക്കി നവീകരിക്കുന്നത് സംബന്ധിച്ച മാസ്റ്റർ പ്ലാൻ എത്ര വിദ്യാലയങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതൊക്കെ വിദ്യാലയങ്ങളിലാണ് ഹൈടെക് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്;

(സി) ഹൈടെക് പ്രവൃത്തികൾക്ക് കാലതാമസം ഉണ്ടാക്കുന്ന എന്തെങ്കിലും തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ നല്കുന്ന ഫണ്ടിനു സമാനമായി എം.പി., എം.എൽ.എ., തദ്ദേശസ്ഥാപനങ്ങൾ, എസ്.എസ്.എ., ആർ.എം.എസ്.എ, പി.ടി.എ. മറ്റ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെ ഉപയോഗിച്ച് ധനസമാഹരണം നടത്തുമ്പോൾ, ഇവർക്ക് നൽകേണ്ട മാസ്റ്റർ പ്ലാൻ ലഭ്യമാക്കാൻ എന്ത് സംവിധാനമാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ഈ പ്രവർത്തനങ്ങൾക്ക് മാസ്റ്റർ പ്ലാനിന്റെ ആവശ്യകതയില്ല.

(ബി) ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കി. മറ്റ് മണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ് മുറികളിലേക്കുള്ള ഉപകരണ വിതരണവും മറ്റ് പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കും.

(സി) ഇല്ല.

(ഡി) ഹൈടെക് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

**സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ**

123 (2692) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും നിയോഗിച്ച ജസ്റ്റിസ് ദിനേശൻ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉയർത്തുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം മൂന്ന് അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ എത്ര സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്;

(ഡി) വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ, ഏതെങ്കിലും സ്വാശ്രയ കോളേജുകൾ നിർത്തലാക്കുകയുണ്ടായോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സ്വാശ്രയ മേഖലയിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ.എൻ. കുറുപ്പ്, ഡോ.ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ നാല് മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. 5-8-2017-ലെ സ.ഉ.(കൈ) നമ്പർ 232/2017/ഉ.വി.വ. ഉത്തരവ് പ്രകാരം കമ്മീഷന്റെ കാലാവധി 31-8-2017 വരെ നീട്ടിയിട്ടുണ്ട്.

(സി) സ്വാശ്രയ മേഖലയിൽ ഈ വർഷം 16246 സീറ്റുകൾ ഒഴിഞ്ഞ് കിടപ്പുണ്ട്.

(ഡി) വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ സ്വാശ്രയ കോളേജുകളൊന്നും നിർത്തലാക്കിയിട്ടില്ല.

## ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം

124 (2693) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എത്ര സ്ഥാപനങ്ങൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) നിരവധി ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ട് വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ സ്ഥിരപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. 285 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ബി) എം.ജി.എൽ.സി. സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിലവിൽ 10,000 രൂപ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളായ ഉത്സവബത്ത, ഹിൽട്രാക്റ്റ് അലവൻസ്, ആർജ്ജിതാവധി എന്നിവയും നൽകിവരുന്നു. ടി അദ്ധ്യാപകരുടെ ഓണറേറിയം 17,325 രൂപയായി വർദ്ധിപ്പിച്ചെങ്കിലും ഏതു കാലയളവ് മുതൽ പ്രാബല്യം നൽകണമെന്ന കാര്യത്തിൽ തീരുമാനമാകേണ്ടതുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കൊയിലാണ്ടി വി.എച്ച്.എസ്.എസ്.-ൽ ആർട്ട് ഗ്യാലറി

125 (2694) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികവിന്റെ കേന്ദ്രമായി പരിഗണിക്കപ്പെട്ട കൊയിലാണ്ടി വി.എച്ച്.

എസ്.എസി.-ന്റെ ഡി.പി.ആർ. അംഗീകരിച്ച് പദ്ധതി ആരംഭിക്കുന്നതിന് കിറ്റ്കോ തലത്തിൽ നടക്കുന്ന നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ വിദ്യാലയത്തിൽ ആർട്ട് ഗാലറി കം ആർട്ട് കോംപ്ലക്സ് ഒരുക്കാനായി സമർപ്പിച്ച പദ്ധതിയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്നതിന് പരിഗണിച്ചിട്ടുള്ള കൊയിലാണ്ടി വി.എച്ച്.എസ്.എസ്.-ന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ തയ്യാറാക്കി വരുന്നു.

(ബി) കൊയിലാണ്ടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ആർട്ട് ഗാലറി കം ആർട്ട് കോംപ്ലക്സ് ഒരുക്കുവാനായി ശിപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ മാസ്റ്റർ പ്ലാൻ/പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇ-മാലിന്യ നിർമ്മാർജ്ജനം**

126 (2695) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കെട്ടിക്കിടക്കുന്ന ഇ-മാലിന്യം നിർമ്മാർജനം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ. വിശദാംശം നൽകുമോ;

(ബി) ഏത് സ്ഥാപനത്തെയാണ് പ്രസ്തുത ചുമതല ഏല്പിച്ചതെന്നും പദ്ധതിപ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജനം എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) സ്കൂളുകളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഇ-മാലിന്യ നിർമ്മാർജ്ജനത്തിനായി സർക്കാർ 20-6-2017-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും ഇ-മാലിന്യം തരംതിരിച്ച് വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന് ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സർക്കാർ അധീനതയിലുള്ള 'ക്ലീൻ കേരള' കമ്പനിയെയാണ് ഇ-മാലിന്യ നിർമ്മാർജ്ജനത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. ആദ്യഘട്ടമായി 2010 വരെയുള്ള ഇ-മാലിന്യങ്ങൾ ഈ മാസം മുതൽ സ്കൂളുകളിൽനിന്ന് നിർമ്മാർജ്ജനം ചെയ്തുതുടങ്ങും. ഇ-മാലിന്യ നിർമ്മാർജ്ജനം ഒരു തുടർ പ്രക്രിയയായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## സ്കൂളുകളിൽ നടപ്പാക്കുന്ന വികസന പരിപാടികൾ

127 (2696) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയിഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂളുകളിൽ നടപ്പാക്കുന്ന വികസന പരിപാടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ;

(ബി) നിയോജകമണ്ഡലത്തിലെ ഒരു സർക്കാർ സ്കൂൾ വീതം ഓരോ വർഷവും 10 കോടി രൂപ വരെ നൽകി അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന 2016-17-ലെ ബജറ്റ് പ്രസംഗത്തിലെ പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇതിനോടകം ലഭിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ബാക്കിയുള്ള നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളുടെ കാര്യത്തിൽ ഇത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ ഏജൻസികൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ ഏതൊക്കെ;

(ഇ) ഏത് ഏജൻസി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാലും, അത് വെറ്റ് ചെയ്യുന്നതിനായി കിറ്റ്കോയെ മാത്രമായി ചുമതലപ്പെടുത്തിയതിന്റെ കാരണം വിശദമാക്കാമോ; ഇതിനായി സ്കൂൾ ഒന്നിന് എത്ര രൂപ വീതമാണ് ഇവർക്ക് നൽകുന്നത്;

(എഫ്) വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള സ്കൂളുകളിൽ ഏതൊക്കെ സ്കൂളുകൾക്കാണ് സർക്കാർ തുകയനുവദിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും 'കിഫ്ബി'

ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗീകൃത ഏജൻസികളിൽ നിന്നും EoI (Expression of Interest) ക്ഷണിച്ചിട്ടുണ്ട്. കൂടാതെ അടുത്ത ഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 76 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്കൂളുകളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ധനസഹായത്തിനായി കിഫ്ബി-ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക എന്ന രണ്ടാമത്തെ ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ ഐടി@സ്കൂൾ മുഖേന പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 2016-17 അദ്ധ്യയന വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൈലറ്റായി ആരംഭിക്കുകയും അവ നടപ്പിലാക്കുകയും ചെയ്തു. ബാക്കിയുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

മൂന്നാമത്തെ ഉപഘടകമായ എൽ.പി., യു.പി. ക്ലാസ്സുകളുടെ പ്രസക്തി വീണ്ടെടുക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി 1200 സ്കൂളുകളിൽ 300 ലക്ഷം രൂപ വിനിയോഗിച്ച് ജൈവ വൈവിധ്യ ഉദ്യാനം സ്ഥാപിക്കുന്നതിനും ഏഴുകോടി രൂപ വിനിയോഗിച്ച് 14 ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ജൈവ വൈവിധ്യ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുടെ ആദ്യഘട്ടമായി 761 സ്കൂളുകൾക്ക് 10,000 രൂപ വീതം അനുവദിച്ചു.

കൂടാതെ ലൈബ്രറി, ലബോറട്ടറി നവീകരണ പ്രവർത്തനങ്ങളും കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന വിധത്തിലുള്ള കുട്ടികൾക്കായുള്ള കളിസ്ഥല നിർമ്മാണ പ്രവർത്തനങ്ങളും ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 'അക്കാദമിക മികവ് കൈവരിക്കുക' എന്ന ലക്ഷ്യം സാർത്ഥകമാക്കുന്ന വിധത്തിൽ മികച്ച അദ്ധ്യാപന അദ്ധ്യയന നിലവാരം സ്കൂളുകളിൽ സൃഷ്ടിക്കുന്നതിനുതകുന്ന കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു.

(ബി) നിയോജക മണ്ഡലത്തിലെ ഒരു സർക്കാർ സ്കൂൾ വീതം ഓരോ വർഷവും 5 കോടി രൂപവരെ നൽകി അന്താരാഷ്ട്ര നിലവാരത്തിലാക്കുന്ന 2016-17 ബജറ്റ് പ്രസംഗത്തിലെ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 141 സ്കൂളുകളിൽ 113 സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായി ഇതിനോടകം ഭരണാനുമതി നൽകുകയും അപ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനസഹായത്തിനായി കിഫ്ബി-ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 11 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 6 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 11 |
| 8 | തൃശ്ശൂർ | 11 |
| 9 | പാലക്കാട് | 9 |
| 10 | മലപ്പുറം | 15 |
| 11 | കോഴിക്കോട് | 9 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 8 |
| 14 | കാസർഗോഡ് | 4 |

(സി) ശേഷിക്കുന്ന 28 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ഡി) പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായത്തിനുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുന്നമുറയ്ക്ക് അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഇ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ നിന്നും ഒരു സ്കൂൾ വീതം മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ മാസ്റ്റർപ്ലാൻ വിവിധ ഏജൻസികൾ തയ്യാറാക്കുന്നു. ഇപ്രകാരം തയ്യാറാക്കുന്ന ശാസ്ത്രീയമായ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഒരു സർക്കാർ അംഗീകൃത ഏജൻസിയായതിനാലും വിദ്യാഭ്യാസ മേഖലയിൽ മേൽ പ്രസ്താവിച്ച പ്രകാരമുള്ള ജോലികൾ ചെയ്തിട്ടുള്ള പ്രവൃത്തി പരിചയത്തിന്റെ അടിസ്ഥാനത്തിലും പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായം ലഭ്യമാക്കുന്നതിന് കിഫ്ബി അംഗീകരിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് ഏകീകൃത മാതൃകയിൽതന്നെ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് യോജിപ്പ് അറിയിച്ചതിനാലും പ്രസ്തുത ഏജൻസി ആവശ്യപ്പെട്ട കൺസൾട്ടൻസി ചാർജ് താരതമ്യേന കുറവാണെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലുമാണ് കിറ്റ്കോയെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയത്. ഇതിനായി സ്കൂൾ ഒന്നിന് അഞ്ച് ലക്ഷം രൂപയും സേവന നികുതിയും നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(എഫ്) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ള 113 സ്കൂളുകളിൽ 37 സ്കൂളുകൾക്കാണ് പദ്ധതി നിർവ്വഹണത്തിനായി കിഫ്ബി മുഖേനയുള്ള ധനസഹായത്തിന് അനുമതി ലഭ്യമായിട്ടുള്ളത്. പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കെ.ഇ.ആർ. കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത**

128 (2697) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കെ.ഇ.ആർ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിൽ ഉണ്ടായിരിക്കുന്ന അവ്യക്തതമൂലം അദ്ധ്യാപക നിയമനങ്ങളിലും തസ്തിക നിർണ്ണയത്തിലും നിയമനം അംഗീകരിക്കുന്ന കാര്യത്തിലും കോടതി വ്യവഹാരങ്ങൾ വർദ്ധിക്കുന്നതായ പ്രവണത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കെ.ഇ.ആർ. പ്രകാരമുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കെ.ഇ.ആർ. കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുമ്പോഴൊക്കെ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

(ബി) തസ്തിക നിർണ്ണയത്തിലോ നിയമനങ്ങൾ അംഗീകരിക്കുന്ന കാര്യത്തിലോ ഉള്ള ചട്ടങ്ങളിൽ കെ.ഇ.ആറിൽ അവ്യക്തതകൾ നിലവിലില്ല. നിയമങ്ങൾ പരിഷ്കരിക്കുമ്പോഴും സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമ്പോഴും മാനേജർമാരിൽ ഒരു ചെറിയ വിഭാഗം കോടതിയെ സമീപിക്കുന്നുണ്ട്. ഈ വിഷയങ്ങളിൽ കോടതിയുടെ തീർപ്പിന നസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നുമുണ്ട്.

(സി) കെ. ഇ. ആർ. കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യം ആഴത്തിൽ അപഗ്രഥിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പി.റ്റി.എ.-യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറി ക്ലാസ്സുകൾ

129 (2698) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ പി.റ്റി.എ.-യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രീ - പ്രൈമറി ക്ലാസ്സുകൾക്ക് 2012-ന് ശേഷം അംഗീകാരം കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പി.റ്റി.എ.-യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. 7-12-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതിയതായി പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുവാനോ നിയമനങ്ങൾ നടത്തുവാനോ പാടില്ല.

(ബി) 7-12-2012-നുശേഷം പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഒരു സ്കൂളിൽ ഒന്നിൽ കൂടുതൽ യൂണിഫോമുകൾ

130 (2699) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സ്കൂളിൽ ഒന്നിൽ കൂടുതൽ യൂണിഫോമുകൾ പാടില്ലെന്ന സംസ്ഥാന ബാലാവകാശ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പല സ്വകാര്യ സ്കൂളുകളും ഒരേ വിദ്യാർത്ഥിക്ക് ഒന്നിൽ കൂടുതൽ യൂണിഫോമുകൾ നിഷ്കർഷിക്കുന്നതുമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(സി) ഈ വിഷയത്തിൽ ബാലാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടിയുടെ വിശദാംശം കമ്മീഷന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2017-2018 അദ്ധ്യയന വർഷം മുതൽ ഒരു സ്കൂളിൽ ഒന്നിലധികം യൂണിഫോം പാടില്ല എന്ന നിർദ്ദേശം സർക്കുലർ വഴി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

## ഒരു വിദ്യാർത്ഥിപോലും ഇല്ലാത്ത സ്കൂളുകളുടെ എണ്ണം

131 (2700) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വിദ്യാർഥി പോലും ഇല്ലാത്ത എത്ര സർക്കാർ, എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല /സ്കൂളിന്റെ പേര് /സർക്കാർ സ്കൂൾ/ എയ്ഡഡ്സ്കൂൾ എന്നീ ക്രമത്തിൽ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവർ എത്ര മാസങ്ങളായി വെറുതെ ശമ്പളം വാങ്ങി വരുന്നു എന്നും, വാങ്ങുന്ന ശമ്പളം എത്ര എന്നും വിശദമാക്കാമോ;

(സി) കുട്ടികൾ കൊഴിഞ്ഞു പോകാനുള്ള കാരണം ഓരോ സ്കൂളിന്റെയും സാഹചര്യത്തിൽ വകുപ്പ് തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) കഴിഞ്ഞ പത്ത് വർഷം ടി സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന കുട്ടികളുടെ സ്ഥിതിവിവര കണക്ക് ലഭ്യമാക്കാമോ;

(ഇ) ഇത്തരം സ്കൂളുകളിലെ അധ്യാപകരുടെയും ജീവനക്കാരുടേയും പുനർ വിന്യാസ നടപടികൾ വിശദമാക്കാമോ ; ഒരു വിദ്യാർഥി പോലും ഇല്ലാതെ ഹെഡ് മാസ്റ്റർമാരെ മാത്രം ടി സ്ഥാപങ്ങളിൽ നിലനിർത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങൾ അടച്ച് പൂട്ടാൻ സർക്കാർ നയപരമായ തീരുമാനം എടുക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഒരു വിദ്യാർത്ഥി പോലും ഇല്ലാത്ത നാല് ഗവൺമെന്റ് സ്കൂളുകളും 15 എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ടി സ്കൂളുകളുടെ വിവരങ്ങൾ, ജില്ല, സ്കൂളിന്റെ പേര്, സർക്കാർ സ്കൂൾ, എയ്ഡഡ് സ്കൂൾ എന്നീ ക്രമത്തിൽ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | സ്കൂളിന്റെ പേര് | സർക്കാർ /എയ്ഡഡ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തിരുവനന്തപുരം | ഗവ. എൽ.പി.എസ്. കണ്ണമ്മൂല | സർക്കാർ |
| 2 | | ഗവ. യു.പി.എസ്, ബോണക്കാട് | സർക്കാർ |
| 3 | പത്തനംതിട്ട | എൽ.പി.ജി.എസ്, മുത്തൂർ | എയ്ഡഡ് |
| 4 | | എസ്.എ.എൽ.പി.എസ്. മേപ്രാൽ | എയ്ഡഡ് |
| 5 | | എം.ഡി.എൽ.പി.എസ്, വളഞ്ഞവട്ടം | എയ്ഡഡ് |
| 6 | | പുതുശ്ശേരി സിറിയൻ എം.ഡി.എൽ.പി.എസ് | എയ്ഡഡ് |
| 7 | | എസ്.എ.എൽ.പി.എസ്. ആഞ്ഞിലിത്താനം | എയ്ഡഡ് |
| 8 | | എം.ഡി.എൽ.പി.എസ്. പതിക്കാട് | എയ്ഡഡ് |
| 9 | ആലപ്പുഴ | ഡയറ്റ് യു.പി.എസ്. ചെങ്ങന്നൂർ | സർക്കാർ |
| 10 | | ആർ.കെ.വി.എൽ.പി.എസ്. പാനാട് | എയ്ഡഡ് |

| | | | |
|---|---|---|---|
| 11 | കോട്ടയം | സെന്റ് ജോസഫ് എൽ.പി.എസ്, കുമ്മണ്ണൂർ | എയ്ഡഡ് |
| 12 | | മഞ്ചാടിമറ്റം എൽ.പി.എസ്. മരങ്ങാട് | എയ്ഡഡ് |
| 13 | എറണാകുളം | മാർത്തോമ്മാ എൽ.പി.എസ്. ഐമുറി | എയ്ഡഡ് |
| 14 | തൃശ്ശൂർ | കെ.എം.എം.എൽ.പി.എസ്. വലപ്പാട് | എയ്ഡഡ് |
| 15 | | ഡി.വി.സൗത്ത് എൽ.പി.എസ്.കഴിമ്പ്രം | എയ്ഡഡ് |
| 1 | | 3 | 4 |
| 16 | | സെൻട്രൽ എൽ.പി.എസ്. കൈപ്പമംഗലം | എയ്ഡഡ് |
| 17 | കോഴിക്കോട് | വെള്ളൂർ നോർത്ത് എൽ.പി.എസ് | എയ്ഡഡ് |
| 18 | കണ്ണൂർ | ജി.യു.പി.എസ്. കാനത്തൂർ | സർക്കാർ |
| 19 | | വാണീവിലാസം യു.പി.എസ്. തലശ്ശേരി | എയ്ഡഡ് |

(ബി) വിശദമായ മറുപടി ഇതോടൊപ്പം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) കുട്ടികൾ കൊഴിഞ്ഞുപോകാനുള്ള കാരണം ഓരോ സ്കൂളിന്റെയും സാഹചര്യത്തിൽ വകുപ്പ് തലത്തിൽ പഠനം നടത്തിയിട്ടില്ല. എന്നാൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കിനെപ്പറ്റിയുള്ള വിശദമായ പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു കുട്ടിപോലുമില്ലാത്ത സ്കൂളുകളെപ്പറ്റി പ്രത്യേക പഠനം നടത്തുന്നതാണ്.

(ഡി) കഴിഞ്ഞ പത്ത് വർഷം ടി സ്ഥാപനങ്ങളിൽ ഉണ്ടായിരുന്ന കുട്ടികളുടെ സ്ഥിതിവിവര കണക്കുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) ഇത്തരം സ്കൂളുകളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പുനർവിന്യാസ നടപടികൾ ആലോചിച്ചുവരുന്നു. ഒരു വിദ്യാർത്ഥിപോലുമില്ലാതെ ഹെഡ്മാസ്റ്റർമാരെ മാത്രം ടി സ്ഥാപനങ്ങളിൽ നിലനിർത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങൾ ഒന്നുംതന്നെ എടുത്തിട്ടില്ല.

**നടയറ ഗവ. മുസ്ലീം എച്ച്.എസ്.-ൽ എഫ്.ടി.എം. തസ്തികയിൽ ഒഴിവ്**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

132 (2701) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നടയറ ഗവ. മുസ്ലീം എച്ച്.എസ്സിൽ എഫ്.ടി.എം. തസ്തികയിൽ നിലവിൽ ഒഴിവുണ്ടോ; എങ്കിൽ ഏതു തീയതി മുതലാണ് ഒഴിവ് നിലവിൽവന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവ് നിലവിലുള്ളപക്ഷം ആയത് നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ, എങ്കിൽ ആയതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; ഒഴിവ് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വർക്കല നടയറ ഗവൺമെന്റ് മുസ്ലീം എച്ച്.എസ്സിൽ എഫ്.ടി.എം. തസ്തികയിൽ നിലവിൽ ഒരു ഒഴിവുണ്ട്. 1-12-2015 മുതലാണ് ഈ ഒഴിവ് ഉണ്ടായത്.

(ബി) പി.റ്റി.സി.എം. തസ്തികയിൽ നിന്നുള്ള പ്രൊമോഷൻ മുഖേനയാണ് ടി ഒഴിവുകൾ നികത്തുന്നത്. പ്രൊമോഷനുവേണ്ടി നിലവിൽ പി.റ്റി.സി.എം. ജീവനക്കാർ ആരും തന്നെയില്ല.

(സി) പി.റ്റി.സി.എം. തസ്തികയിൽ നിന്നും എഫ്.റ്റി.എം. തസ്തികയിലേയ്ക്ക് പ്രൊമോഷന് സമ്മതം അറിയിച്ചുകൊണ്ടുള്ള അപേക്ഷകൾ ലഭിക്കാത്തതിനാൽ എഫ്.റ്റി.എം. തസ്തികകളിലെ ഒഴിവ് നികത്തുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്. എഫ്.റ്റി.എം. തസ്തികകളിൽ ഒഴിവ് നിലനിൽക്കുന്നതിനാൽ ജില്ലാ കളക്ടർ നൽകുന്ന ലിസ്റ്റിൽ നിന്ന് ഒഴിവ് നികത്തുന്നുണ്ട്. ടി ഒഴിവ് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്

133 (2702) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ.ടെറ്റ്) പാസ്സായവർ ഏഴുവർഷത്തിനുള്ളിൽ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ സർട്ടിഫിക്കറ്റ്

റദ്ദാകുമെന്ന നിബന്ധന ഉണ്ടോ;

(ബി) സെറ്റ്, നെറ്റ് തുടങ്ങിയ പരീക്ഷകൾക്ക് ഇല്ലാത്ത ഈ നിബന്ധന കെ.ടെറ്റിന് മാത്രം ഉൾക്കൊള്ളിക്കുവാനുണ്ടായ കാരണം എന്താണ്;

(സി) പ്രസ്തുത നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (എൻ.സി.റ്റി.ഇ.) മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനങ്ങളിൽ TET പരീക്ഷ നടത്തുന്നത്. കേരളത്തിൽ കെ-ടെറ്റ് പരീക്ഷയും ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽതന്നെയാണ് നടത്തുന്നത്. 11-2-2011-ലെ കത്ത് നമ്പർ 76-4/2010/NCTE/Acad പ്രകാരം എൻ.സി.റ്റി.ഇ. സെക്രട്ടറി പുറപ്പെടുവിച്ച TET പരീക്ഷാ ഗൈഡ് ലൈനിലെ ഖണ്ഡിക 11-ൽ പറയുന്നത് അദ്ധ്യാപക നിയമനങ്ങൾക്കുള്ള TET പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് (Validity period) പരമാവധി ഏഴ് വർഷം എന്നതിന് വിധേയമായി അതത് സർക്കാരുകൾക്ക് തീരുമാനിക്കാം എന്നാണ്. അതിനാലാണ് TET പരീക്ഷാ സർട്ടിഫിക്കറ്റിന്റെ പരമാവധി സാധുതാ കാലയളവായ ഏഴ് വർഷം കെ-ടെറ്റ് സർട്ടിഫിക്കറ്റിനും ബാധകമായത്.

(സി) എൻ.സി. റ്റി.ഇ. പ്രസിദ്ധീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ടെറ്റ് പരീക്ഷ സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് പരമാവധി ഏഴ് വർഷമെന്ന് നിജപ്പെടുത്തിയിട്ടുള്ളതിനാൽ ഈ നിബന്ധന സംസ്ഥാനത്ത് മാത്രമായി ഒഴിവാക്കുന്നത് പ്രായോഗികമല്ല.

## പൊതുവിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടികൾ

134 (2703) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള സർക്കാരിന്റെ യത്നം ഫലപ്രാപ്തിയിലെത്തുന്നതിന് അക്കാദമി ഉള്ളടക്കം നിരന്തരം പരിഷ്കരണ വിധേയമാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അതിനു

വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ;

(ബി) സാമൂഹ്യബോധം സൃഷ്ടിക്കാൻ ഉതകുന്ന രീതിയിൽ സാമൂഹ്യശാസ്ത്ര പഠനവും ശാസ്ത്രചിന്തയും യുക്തിചിന്തയും പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ശാസ്ത്രപഠനവും പ്രയോജനപ്രദമാക്കിത്തീർക്കാൻ വേണ്ട അധ്യയന പരിശീലന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി തലങ്ങളിൽ വിഭാവന ചെയ്യുന്ന പഠന ലക്ഷ്യം നേടാൻ കഴിയുന്നുണ്ടോ എന്നു പരിശോധിക്കാനും അതിന്റെയടിസ്ഥാനത്തിൽ അദ്ധ്യാപകരെയും സ്ഥാപനങ്ങളെയും വിലയിരുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) പൂർണ്ണമായും ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം സാർത്ഥകമാക്കുന്നതിന് ഉതകുന്നതും കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് വിവരസാങ്കേതിക വിദ്യയുടെ ഫലങ്ങൾ പ്രയോജനപ്പെടുത്തുന്ന വിധത്തിലുമുള്ള പാഠ്യപദ്ധതിയാണ് ഇപ്പോൾ തുടർന്നുവരുന്നത്. പാഠ്യപദ്ധതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിലേക്കായി ആയത് നിരന്തരം നിരീക്ഷണ വിധേയമാക്കിവരുകയും ആവശ്യമായ തിരുത്തലുകളും മറ്റും സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി മുഖേന നടത്തിയും വരുന്നു.

(ബി) സാമൂഹ്യബോധം സൃഷ്ടിക്കാൻ ഉതകുന്ന രീതിയിൽ സാമൂഹ്യശാസ്ത്ര പഠനവും ശാസ്ത്രചിന്തയും യുക്തിചിന്തയും പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ശാസ്ത്രപഠനവും പ്രയോജനപ്രദമാക്കിത്തീർക്കാൻ വേണ്ട അധ്യയന പരിശീലന പദ്ധതികൾ ഗണിത ശാസ്ത്ര ക്ലബ്ബുകൾ, ശാസ്ത്രപോഷിണി, സയൻസ് ക്ലബ്ബുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

(സി) പ്രൈമറി, സെക്കണ്ടറി, ഹയർ സെക്കണ്ടറി തലങ്ങളിൽ വിഭാവന ചെയ്യുന്ന പഠന ലക്ഷ്യം നേടാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെയും സ്ഥാപനങ്ങളെയും വിലയിരുത്തുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## എൽ.പി./യു.പി. സ്കൂളുകളിൽ മികവിന്റെ കേന്ദ്രം പദ്ധതി

135 (2704) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എൽ.പി./യു.പി സ്കൂളുകളിൽ മികവിന്റെ കേന്ദ്രം പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ പട്ടിക സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ എൽ.പി./യു.പി സ്കൂളുകളെ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പദ്ധതി സംസ്ഥാനത്തെ ഏതെങ്കിലും സ്കൂളിൽ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ പദ്ധതി ആരംഭിക്കാത്തത്?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ ഒരു എൽ.പി./യു.പി. സ്കൂളെന്ന കണക്കിൽ നിയമസഭാ സാമാജികർ തെരഞ്ഞെടുത്ത് നൽകിയ സ്കൂളുകളുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ബി) ഇല്ല. പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടമായി വിശദമായ പ്രൊപ്പോസൽ നൽകിയ ആറ് സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. മറ്റ് സ്കൂളുകളിൽനിന്നും വിശദമായ പ്രൊപ്പോസൽ യഥാസമയം ലഭ്യമാകാത്തതാണ് ഭരണാനുമതി നൽകുന്നതിനും പദ്ധതി ആരംഭിക്കുന്നതിനും കാലതാമസമുണ്ടാകുന്നതിന് കാരണം.

### ആർ.എം.എസ്.എ. പദ്ധതിപ്രകാരം അനുവദിച്ച ഹൈസ്കൂളുകൾ

136 (2705) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതിപ്രകാരം അനുവദിച്ച ഹൈസ്കൂളുകളിൽ അദ്ധ്യാപക തസ്തികകളുടെ കുറവുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2010-11 മുതൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളാക്കി ഉയർത്തിയ എല്ലാ സ്കൂളുകളും ആർ.എം.എസ്.എ. സഹായത്തോടെയുള്ള സർക്കാർ സ്കൂളുകളായി പുനഃനാമകരണം ചെയ്തും ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കാത്ത സംസ്ഥാന സർക്കാർ ചെലവിൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ച 30 സ്കൂളുകളെയും സർക്കാർ സ്കൂളായിത്തന്നെ കണക്കാക്കുന്നതിനും പ്രസ്തുത സ്കൂളുകളിലേക്കാവശ്യമായ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സർക്കാർ സ്കൂളിലേതുപോലെ തന്നെ പരിഗണിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തി സ്ഥലം മാറ്റവും നിയമനവും നടത്തുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി ഗേൾസ് ഹോസ്റ്റൽ നിർമ്മാണം

137 (2706) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഗവ. ഗേൾസ് ഹൈസ്കൂളിനെ ചാലക്കുടിക്കുവേണ്ടിയുള്ള രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതിയിലുൾപ്പെടുത്തി, സ്കൂളിനോടനുബന്ധിച്ച് ഗേൾസ് ഹോസ്റ്റൽ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) ഗേൾസ് ഹോസ്റ്റൽ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഗവ. ഗേൾസ് ഹൈസ്കൂളിനെ ചാലക്കുടിക്കുവേണ്ടിയുള്ള ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി, സ്കൂളിനോടനുബന്ധിച്ച് ഗേൾസ് ഹോസ്റ്റൽ നിർമ്മാണത്തിന് പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## പ്ലസ് വൺ സീറ്റുകളിൽ മാർജിനൽ ഇൻക്രിമെന്റ്

138 (2707) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയനവർഷം പ്ലസ് വൺ സീറ്റുകളിൽ നേരിയ വർദ്ധനവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനം എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) മുൻ അധ്യയനവർഷം ഇക്കാര്യത്തിലുണ്ടായ ബുദ്ധിമുട്ടുകൾ പരിശോധിക്കുമോ; വിശദമാക്കുമോ;

(ഡി) പ്ലസ് ടു സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നതുമായി ബന്ധപ്പെട്ട കാരണങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെയും പ്ലസ് വൺ സീറ്റുകളിൽ ഇരുപത് ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തി 18-4-2017-ലെ സ.ഉ.(കൈ) നമ്പർ 28/17/പൊ.വി നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. 8-8-2017-ലെ സ.ഉ.(കൈ) നമ്പർ 90/17/പൊ.വി നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയിഡഡ് സ്കൂളുകളിൽ പത്ത് ശതമാനം സീറ്റ് വർദ്ധനവ് കൂടി അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

(ബി) എയ്ഡഡ് സ്കൂളുകൾക്ക് മേൽ ഉത്തരവ് ബാധകമാണ്. എന്നാൽ ടി ഉത്തരവ് അൺഎയിഡഡ് സ്കൂളുകൾക്ക് ബാധകമല്ല.

(സി) മുൻ അദ്ധ്യയനവർഷം ഇക്കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഹയർ സെക്കണ്ടറി/സർക്കാർ/എയ്ഡഡ്/സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ/പോളിടെക്നിക്കുകൾ/ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നീ മേഖലകളിൽ മതിയായ അപേക്ഷകരില്ലാതെ സീറ്റുകൾ/ബാച്ചുകൾ/ അനുവദിച്ച കോഴ്സുകൾ എന്നിവ ഒഴിഞ്ഞുകിടക്കുന്നത് പുനഃക്രമീകരിക്കുന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനായി ഉന്നതവിദ്യാഭ്യാസ സെക്രട്ടറി കൺവീനറായി 11-8-2017-ലെ 1521/2017/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു

കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

## ദേശീയ സ്കൂൾ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുത്ത കായിക താരങ്ങൾക്കുള്ള കാഷ് അവാർഡ്

139 (2708) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുത്ത കായിക താരങ്ങൾക്ക് കാഷ് അവാർഡ് ഇനത്തിൽ എത്ര വർഷത്തെ തുക കൊടുക്കാൻ ബാക്കിയുണ്ട്; എത്ര കുട്ടികൾക്കാണ് കാഷ് അവാർഡ് നൽകേണ്ടത്; കാഷ് അവാർഡിന്റെ തുക എത്രയാണ്; എത്ര തുക ഇതിനായി വേണ്ടി വരും;

(ബി) കായികതാരങ്ങൾക്കുള്ള കാഷ് അവാർഡ് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ദേശീയ സ്കൂൾ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുത്ത കായിക താരങ്ങൾക്ക് കാഷ് അവാർഡ് ഇനത്തിൽ അഞ്ച് വർഷത്തെ തുക കൊടുക്കാൻ ബാക്കിയുണ്ട്. 2012-13-ൽ 309, 2013-14-ൽ 289, 2014-15-ൽ 328, 2015-16-ൽ 321, 2016-17 (തയ്യാറാക്കി വരുന്നു.) ഗോൾഡ് മെഡൽ നേടുന്ന കുട്ടികൾക്ക് 25,000 രൂപ, സിൽവർ മെഡൽ നേടുന്ന കുട്ടികൾക്ക് 20,000 രൂപ, ബ്രോൺസ് മെഡൽ നേടുന്ന കുട്ടികൾക്ക് 15,000 രൂപ എന്ന നിരക്കിലാണ് അവാർഡ് നൽകി വരുന്നത്. 2012-2013 മുതൽ 2015-16 വരെ വേണ്ടി വരുന്ന തുക 2,54,60,000 രൂപയാണ്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകൾ

140 (2709) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിഷയം തിരിച്ച് അറിയിക്കാമോ;

(ബി) എച്ച്.എസ്.എസ്.റ്റി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്ന് അവസാനിക്കുമെന്നും 2016-17 കാലയളവിൽ എത്ര പേർക്ക് നിയമനം നൽകി എന്നും വിഷയം തിരിച്ച് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകളുടെ എണ്ണം, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത എണ്ണം (വിഷയാടിസ്ഥാനത്തിൽ) എന്നിവ അനുബന്ധമായി ചേർക്കുന്നു.*

സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള (ജൂനിയർ) തസ്തികയിലെ ഒഴിവുകളിൽ തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ച ഒഴിവുകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭിക്കാത്ത പ്രശ്നം

141 (2710) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് വർഷമായി ജോലിയിൽ പ്രവേശിച്ച 2500-ൽ പരം ഹയർ സെക്കന്ററി അധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭിക്കാത്ത പ്രശ്നം എങ്ങനെ പരിഹരിക്കാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കുമോ;

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ രണ്ട് പ്രാവശ്യമായി പുതിയ ബാച്ചുകൾ അനുവദിച്ചത് ഒറ്റ ഉത്തരവ് പ്രകാരമാണെങ്കിലും അധ്യാപക തസ്തിക സൃഷ്ടിച്ചിരിക്കുന്നത് സർക്കാർ സ്കൂളുകളിൽ മാത്രമാണ്. എയ്ഡഡ് മേഖലയോടുള്ള ഈ വിവേചനം പരിഹരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സ്ഥിരനിയമനവും തസ്തിക സൃഷ്ടിക്കലും വൈകുന്നതോടെ പ്രായപരിധി കവിഞ്ഞ് നിയമനം നേടാൻ പല അദ്ധ്യാപകർക്കും സാധിക്കാത്തതും പ്രൊമോഷൻ വഴി എച്ച്.എസ്.എ.-യിൽ നിന്നും എച്ച്.എസ്.എസ്.റ്റി.-യിലേക്ക് മറ്റ് അധ്യാപകർ വരുന്നതുമടക്കം ഈ അധ്യാപകർ അഭിമുഖീകരിക്കുന്ന പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) 2014-15 അദ്ധ്യയനവർഷം അനുവദിച്ച എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും/അധിക ബാച്ചുകളിലും തസ്തിക അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) പ്രായപരിധിയിൽ ഇളവുനൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## ദേശീയ വിദ്യാഭ്യാസ നയത്തിലെ അപകടകരമായ നിർദ്ദേശങ്ങൾ

142 (2711) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കരട് ദേശീയ വിദ്യാഭ്യാസ നയത്തിലെ അപകടകരമായ നിർദ്ദേശങ്ങളോടുള്ള സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതി തന്നെ സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് തടസ്സം ഉണ്ടോ; വിശദ വിവരങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) കരട് ദേശീയ പാഠ്യപദ്ധതി സംബന്ധിച്ച് പല വിയോജിപ്പുകളും വിദ്യാഭ്യാസ വിദഗ്ദ്ധർ പ്രകടിപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുന്ന ഘട്ടത്തിൽ വസ്തുനിഷ്ഠമായി വിയോജിപ്പുകൾ അറിയിക്കുന്നതാണ്.

(ബി) ഇല്ല. സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതി തന്നെയാണ് നടപ്പിലാക്കുന്നത്.

## ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം

143 (2712) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം നൽകുന്നതിന് നിലവിൽ കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ ആവശ്യമായ സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം നൽകുന്നതിന് നിലവിൽ കായിക അദ്ധ്യാപകരുടെ സേവനം ലഭ്യമാണ്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ കായിക അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ഹയർ സെക്കണ്ടറിയുടെ ഫിസിക്കൽ എഡ്യൂക്കേഷൻ പീരീഡുകൾ കൈകാര്യം ചെയ്യുന്നതിന് ഹൈസ്കൂൾ വിഭാഗത്തിലെ കായിക അദ്ധ്യാപകരെ ചുമതല പ്പെടുത്തിയിട്ടുള്ളതും ടി ചുമതല വഹിക്കുന്നതിന് ടി അദ്ധ്യാപകർക്ക് സ്പെഷ്യൽ അലവൻസായി 300 രൂപ പ്രതിമാസം നൽകുകയും ചെയ്യുന്നുണ്ട്.

**വൈസ് ചാൻസലറുടെയും പ്രോ വൈസ് ചാൻസലറുടെയും നിയമനം**

144 (2713) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ സർവ്വകലാശാലകളിലാണ് നിലവിൽ വൈസ് ചാൻസലറുടെയും പ്രോ വൈസ് ചാൻസലറുടെയും തസ്തികകൾ ഒഴിവുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വി.സി., പി.വി.സി. നിയമനങ്ങൾക്ക് യു.ജി.സി. മാനദണ്ഡം കർശനമായി പാലിക്കണമെന്ന് ചാൻസലർ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) വി.സി.-മാരെ നിയമിക്കുന്നതിനുള്ള സെർച്ച് കമ്മിറ്റികളിൽ അക്കാഡമിക് പണ്ഡിതൻമാരെ ഉൾപ്പെടുത്തണമെന്ന് യു.ജി.സി. നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇതിന് വിരുദ്ധമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ, സംസ്കൃത സർവ്വകലാശാലകളിൽ വി.സി. മാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെർച്ച് കമ്മിറ്റിയിൽ അക്കാഡമിക് പണ്ഡിതൻമാരല്ലാത്തവരെ ഉൾപ്പെടുത്തിയിരുന്നോ എങ്കിൽ അവർ ആരൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഡി) നിശ്ചിത വർഷം പ്രൊഫസർഷിപ്പ് ഉള്ളവരെയും അക്കാഡമിക്

നിലവാരമുള്ളവരെയും മാത്രം വി.സി., പി.വി.സി. തസ്തികകളിൽ നിയമിക്കുന്നതിന് ശിപാർശ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലകളിൽ വൈസ് ചാൻസിലർമാരുടെയും കുസാറ്റ് മഹാത്മാഗാന്ധി സർവ്വകലാശാലകളിൽ പ്രോ വൈസ് ചാൻസലർമാരുടെയും തസ്തികകൾ ഒഴിവുണ്ട്.

(ബി) ചാൻസിലർ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ WP(C) 4851/2017 കേസ്സിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. മാനദണ്ഡം പാലിക്കുന്നതാണ്.

(സി) വൈസ് ചാൻസിലർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെർച്ച് കമ്മിറ്റിയിൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം ചാൻസിലർക്കാണ്. സർക്കാരിന്റെ പ്രതിനിധിയായി ചീഫ് സെക്രട്ടറിയെ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) യു.ജി.സി. മാനദണ്ഡമനുസരിച്ച് നിയമിക്കപ്പെടുന്ന സെർച്ച് കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് ചാൻസിലറാണ് നിയമനം നടത്തുന്നത്.

## എച്ച്.എസ്.എ.(ഹിന്ദി) തസ്തികയിലെ ഒഴിവുകൾ

145 (2714) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ.(ഹിന്ദി) തസ്തികയിലേക്ക് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനിയും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് പ്രൊമോഷൻ തസ്തികക്കായി നീക്കിവച്ചിരിക്കുന്നത്;

(സി) പ്രൊമോഷൻ തസ്തികയും നേരിട്ടുള്ള നിയമനവും സംബന്ധിച്ച അനുപാതം എത്രയാണ്; വിശദമാക്കുമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷമായി നേരിട്ടുള്ള നിയമനം, പ്രൊമോഷൻ എന്നിവ മുഖേന എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്; പ്രസ്തുത നിയമനത്തിൽ നിശ്ചിത അനുപാതം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ എച്ച്.എസ്.എ. (ഹിന്ദി) തസ്തികയിൽ നിലവിൽ

ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. കേഡർ സ്ട്രെങ്ത് പ്രകാരം 19 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്.

(ബി) 18

(സി) കേഡർ സ്ട്രെങ്ത് അനുസരിച്ച് ആകെ തസ്തികയുടെ 30% വീതമാണ് (പ്രൊമോഷൻ-30%, നേരിട്ടുള്ള നിയമനം-30%, അന്തർജില്ലാ സ്ഥലംമാറ്റം-30%, തസ്തികമാറ്റവും മറ്റുള്ളവയും - 10%)

(ഡി) നേരിട്ടുള്ള നിയമനം - 7

സ്ഥാനക്കയറ്റ നിയമനം - 36 അതാത് കാലയളവിലെ കേഡർ സ്ട്രെങ്ത് പ്രകാരമുള്ള അനുപാതം അനുസരിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

## എയ്ഡഡ് സ്കൂൾ ടീച്ചർമാർക്ക് ശമ്പളവും സർവ്വീസ് സീനിയോറിറ്റിയും

146 (2715) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-നും 2011-നുമിടയിൽ നിയമിതരായ 3600-ഓളം വരുന്ന എയ്ഡഡ് സ്കൂൾ ടീച്ചേഴ്സിന് ഈ കാലയളവിൽ ശമ്പളവും സർവ്വീസ് സീനിയോറിറ്റിയും നല്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കാലയളവിലുള്ള സർവീസ് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അദ്ധ്യാപക പാക്കേജ് വഴി 1-6-2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് അവരുടെ മുൻകാല സർവ്വീസ് അംഗീകരിച്ച് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന കാര്യത്തിൽ സർക്കാർ പൊതുതീരുമാനം കൈക്കൊണ്ടിട്ടില്ല.

## ഗ്രേസ് മാർക്ക്

147 (2716) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് കലാ-കായിക മൽസരങ്ങളിൽ വിജയിക്കുമ്പോൾ ലഭിക്കുന്ന ഗ്രേസ് മാർക്ക്, വിവിധ വിഷയങ്ങൾക്ക് പരീക്ഷയെഴുതി ലഭിക്കുന്ന മാർക്കുമായി ചേർത്ത് സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തരുതെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് തീരുമാനം എടുത്തുവെന്നും, ഏത് വർഷം മുതൽ ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**ഗ്രേസ് മാർക്ക് സമ്പ്രദായ പരിഷ്കരണം**

148 (2717) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയുടെ ഗ്രേസ് മാർക്ക് സമ്പ്രദായം പരിഷ്കരിക്കുന്നതിനായി നിയോഗിക്കപ്പെട്ട പ്രൊഫ. സുധീറിന്റെ നേതൃത്വത്തിലുള്ള സമിതിയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ സെക്രട്ടറിമാരുടെയും വിവിധ വിദ്യാഭ്യാസ ബോർഡ് ചെയർമാൻമാരുടെയും യോഗത്തിൽ കേന്ദ്ര മാനവവിഭവശേഷി വകുപ്പ് സെക്രട്ടറി കേരളത്തിലെ ഗ്രേസ് മാർക്ക് രീതി മാറ്റണമെന്ന് ആവശ്യപ്പെട്ടിരുന്നോ;

(സി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഈ വർഷം എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച വിദ്യാർത്ഥികളിൽ എത്ര പേർക്കാണ് ഗ്രേസ് മാർക്കിന്റെ ആനുകൂല്യം കിട്ടിയതെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്.എസ്.എൽ.സി., ഹയർ സെക്കന്ററി പരീക്ഷകൾക്ക് നൽകുന്ന ഗ്രേസ് മാർക്ക് എഴുത്തു പരീക്ഷയുടെ മാർക്കിനോടൊപ്പം ചേർക്കേണ്ട എന്ന ശിപാർശയിന്മേലുള്ള തീരുമാനം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) 2017 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ച 9,654 വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്കിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(ഡി) തീരുമാനം എടുത്തിട്ടില്ല.

## എയിഡഡ് സ്കൂളുകളിൽ താൽക്കാലികമായി ഉണ്ടാകുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ

149 (2718) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ താല്ക്കാലികമായി ഉണ്ടാകുന്ന അദ്ധ്യാപകരുടെ ഒഴിവിലേയ്ക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അദ്ധ്യാപകർക്ക് എന്ത് ശമ്പളം നൽകുവാനാണ് ഉത്തരവായിട്ടുള്ളത്;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് ഇപ്രകാരമുള്ള നിയമനത്തിൽ മുൻഗണന നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

## സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി

150 (2719) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.) പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷത്തിൽ ഏറ്റെടുക്കുന്ന സിവിൽ വർക്കുകളുടെ പട്ടിക തയ്യാറായിട്ടുണ്ടോ; അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഈ പട്ടികയിൽ ഉൾപ്പെട്ട സ്കൂളുകൾ, പുതിയ കെട്ടിട നിർമ്മാണം, മേജർ റിപ്പയർ വർക്കുകൾ, മറ്റ് സിവിൽ വർക്കുകൾ എന്നിവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഈ സ്കൂളുകളെ തെരഞ്ഞെടുക്കുന്ന രീതി/മാനദണ്ഡം എന്നിവ അറിയിക്കാമോ;

(ഡി) ഈ ഇനത്തിൽ സംസ്ഥാനത്ത് ആകെ ചെലവാക്കുന്ന തുക, ഓരോ ജില്ലയ്ക്കും നീക്കിവച്ച തുക എത്ര എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) എസ്.എസ്.എ.-യുടെ ജില്ലാ പ്രോജക്ട് ഓഫീസർമാർ സർവ്വെ നടത്തി തെരഞ്ഞെടുത്ത വിദ്യാലയങ്ങളുടെ പട്ടിക എം.എച്ച്.ആർ.ഡി.-ക്ക് സമർപ്പിക്കുന്നു. എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരത്തിന് വിധേയമായാണ് അവസാന പട്ടിക തയ്യാറാക്കുന്നത്.

(ഡി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**സ്കൂൾ യൂണിഫോം വിതരണം**

151 (2720) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണം പൂർത്തിയായോ എന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ മലപ്പുറം, കൊണ്ടോട്ടി, അരീക്കോട് സബ് ജില്ലകളിൽനിന്നും യൂണിഫോം പൂർണ്ണമായും ലഭിച്ചിട്ടില്ല എന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് എന്നറിയിക്കാമോ; ആയത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഡി) യൂണിഫോം വിതരണവുമായി ബന്ധപെട്ട് സർക്കാരിന് എത്ര തുക ചെലവായി എന്നറിയിക്കാമോ;

(ഇ) 2015-16 വർഷം യൂണിഫോമിനുള്ള തുക സ്കൂളുകൾക്ക് നൽകിയപ്പോൾ ആകെ ചെലവായ തുക, 2017-18 വർഷത്തിൽ യൂണിഫോം നേരിട്ട് നൽകിയപ്പോൾ ആകെ ചെലവായ തുക എന്നിവ ജില്ല തിരിച്ച് അറിയിക്കാമോ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല. 2017-18 വർഷം പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിന്റെ ഫലമായി പുതുതായി പ്രവേശനം നേടിയ കുട്ടികൾക്കുള്ള യൂണിഫോം വിതരണം പൂർത്തിയായിട്ടില്ല.

(ബി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2017-18 അദ്ധ്യയനവർഷത്തിൽ പുതിയതായി അഡ്മിഷൻ എടുത്ത കുട്ടികൾക്കുള്ള യൂണിഫോം വിതരണം പൂർത്തിയാകാനുണ്ട്. ഇതിനായി തുണി വിതരണം നടത്തുന്നതിന് കൈത്തറി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എയിഡഡ് സ്കൂൾ കുട്ടികൾക്ക് 2017-18 അധ്യായന വർഷത്തെ സ്റ്റൈപ്പ്ന്റ് പ്രകാരം ബാക്കി നൽകാനുള്ള തുക വിരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്കൂളുകളുടെ പേര് വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ഡി)2017-18 വർഷത്തിൽ ഇതുവരെ 130,92,64,642 രൂപ (നൂറ്റിമുപ്പത് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി അറുപത്തിനാലായിരത്തി അറുനൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) എസ്.എസ്.എ. മുഖേന 302, 11, 90,000 രൂപ (മുന്നൂറ്റിരണ്ട് കോടി പതിനൊന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം)

(ഇ) DPI-2015-16-ൽ 77,79, 22,000 (എഴുപത്തിയേഴ് കോടി എഴുപത്തിയൊൻപത് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ മാത്രം)

DPI-2017-18-ൽ 130,92,64,642 (നൂറ്റിമുപ്പത് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി അറുപത്തി നാലായിരത്തി അറുന്നൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) (ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം II-ഉം III-ഉം ആയി ചേർത്തിരിക്കുന്നു.*)

## അവധിക്കാലത്ത് സ്കൂൾ കലോത്സവം

152 (2721) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾതലത്തിൽ ഒരു വർഷം ലക്ഷ്യമിടുന്ന പരമാവധി പ്രവൃത്തി ദിനങ്ങൾ എത്ര; എന്നാൽ ഇപ്പോൾ ലഭ്യമാവുന്ന പരമാവധി പ്രവൃത്തിദിനങ്ങൾ എത്ര;

(ബി) സ്കൂൾ പ്രവൃത്തിദിവസങ്ങൾ പരമാവധി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സ്കൂൾ കലോത്സവം ക്രിസ്തുമസ് അവധിക്കാലത്ത് നടത്തുന്നകാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ എന്നു മുതൽ എന്നുവരെ കലോത്സവം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഈ വർഷം കലോത്സവം ഏത് ജില്ലയിൽ നടത്താനാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തീരുമാനം എന്നറിയിക്കാമോ;

(ഡി) കലോത്സവ തീയതി മാറ്റത്തിലൂടെ കൈവരിക്കാനാകുമെന്ന് കരുതുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇതിനു തടസ്സമായിട്ടുള്ള ഘടകങ്ങൾ എന്തൊക്കെ; അദ്ധ്യാപക സംഘടനകൾ എതിർക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ തലത്തിൽ ഒരു വർഷം ലക്ഷ്യമിടുന്ന പരമാവധി പ്രവൃത്തിദിനങ്ങൾ 200 ആണ്. ഈ അക്കാഡമിക് വർഷം അവസാനിക്കുമ്പോൾ 200 പ്രവൃത്തി ദിനങ്ങൾ ലഭ്യമാകുന്ന തരത്തിലാണ് സ്കൂൾ കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല. ഈ വർഷം സ്കൂൾ കലോത്സവം തൃശ്ശൂർ ജില്ലയിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി&ഇ) ബാധകമല്ല.

## ലൈബ്രറി കൗൺസിൽ അംഗത്വം ഇല്ലാതെ പ്രവർത്തിക്കുന്ന വായനശാലകൾ

153 (T2722) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈബ്രറി കൗൺസിൽ അംഗത്വം നേടാതെ പ്രവർത്തിക്കുന്ന വായനശാലകളും ഗ്രന്ഥശാലകളും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ലൈബ്രറി കൗൺസിൽ അംഗത്വം നേടാതെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന രജിസ്റ്റേഡ് വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും അവശ്യംവേണ്ട ഫർണിച്ചറുകളും, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകി അവയെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

<u>ഉത്തരം</u>

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വം നേടിയ ലൈബ്രറികളുടെ വിവരം മാത്രമേ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ലഭ്യമായുള്ളൂ. അംഗത്വം നേടാതെ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) കേരള പബ്ലിക് ലൈബ്രറീസ് ആക്ട് പ്രകാരം അഫിലിയേഷൻ നേടിയ ഗ്രന്ഥശാലകൾക്ക് മാത്രമേ വികസനത്തിനാവശ്യമായ ധനസഹായം നൽകുവാൻ നിലവിൽ വ്യവസ്ഥയുള്ളൂ.

## പ്രൈമറി സ്കൂളുകളിലെ കായിക വികസനം

154 (2723) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂളുകളിലെ കായിക വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രൈമറി സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) എങ്കിൽ ആഴ്ചയിൽ എത്ര ദിവസമാണ് കായികാദ്ധ്യാപകന്റെ സേവനം ഒരു സ്കൂളിന് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ പ്രൈമറി സ്കൂളുകളുടെ കായിക വികസനത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഇ) എങ്കിൽ ആയത് എത്രയാണെന്നും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നതും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സ്കൂളുകളിലെ അപ്പർ പ്രൈമറി വിഭാഗത്തിൽ കായിക വികസനത്തിനായി കെ.ഇ.ആർ. ചട്ടങ്ങൾക്കനുസൃതമായി സ്ഥിരാടിസ്ഥാനത്തിലും എസ്.എസ്.എ.-വഴി കരാറടിസ്ഥാനത്തിലും കായികാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. പ്രൈമറി സ്കൂൾതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായികക്ഷമതയുള്ളവരാക്കുന്നതിന് ലക്ഷ്യമിട്ട് "പ്ലേ ഫോർ ഹെൽത്ത്" പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) കെ.ഇ.ആർ. ചട്ടങ്ങളനുസരിച്ച് 500 കുട്ടികളുള്ള അപ്പർ പ്രൈമറി വിഭാഗത്തിൽ ആഴ്ചയിൽ അഞ്ച് ദിവസവും കായികാദ്ധ്യാപകരുടെ സേവനം ലഭ്യമാണ്. 100 കുട്ടികളെങ്കിലുമുള്ള അപ്പർ പ്രൈമറി സ്കൂളുകളിൽ എസ്.എസ്.എ. വഴി പാർട്ട്ടൈം കായികാദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലന ക്യാംപുകൾ, ടൂർണമെന്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കായിക യുവജനക്ഷേമ വകുപ്പ് മുഖേന സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്.

(ഇ) 15-6-2013-ലെ സ.ഉ.(കൈ) നമ്പർ 9/13/കാ.യു.വ 17-2-2014-ലെ സ.ഉ.32/14/കാ.യു.വ. എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിപ്രകാരം 38,62,000 രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനുള്ള നടപടി

155 (2724) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നത് സംബന്ധിച്ച് ബാലാവകാശ കമ്മീഷനും, പ്രൊഫ. യശ്പാൽ കമ്മിറ്റിയും നൽകിയ നിർദ്ദേശം എന്താണ്;

(ബി) പ്രസ്തുത നിർദ്ദേശം ഈ അദ്ധ്യയന വർഷം നടപ്പിലാക്കിയോ;

(സി) പാഠപുസ്തകങ്ങൾ ഒന്നിൽ കൂടുതൽ വാല്യമായിട്ടാണോ കുട്ടികൾക്ക് വിതരണം ചെയ്തത്; പാഠപുസ്തകങ്ങളുടെ എല്ലാ വാല്യങ്ങളും ഇതിനകം വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷം ഒറ്റ വാല്യമായി അച്ചടിച്ച പാഠപുസ്തകങ്ങൾ വിതരണം ചെയ്യേണ്ട എന്ന തീരുമാനംമൂലം എത്ര കോടി രൂപയുടെ പുസ്തകങ്ങളാണ് ഉപയോഗ ശൂന്യമായതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാഠപുസ്തകങ്ങൾ 60 പേജിൽ കവിയാതെ ഒന്നിൽ കൂടുതൽ ഭാഗങ്ങളാക്കി പ്രിന്റ് ചെയ്ത് നൽകണമെന്നതാണ് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശം .

(ബി) 2017-18 അദ്ധ്യയന വർഷം നടപ്പിലാക്കിയിട്ടുണ്ട്.

(സി) അതെ. ഒന്നാം വാല്യം വിതരണം ചെയ്തു കഴിഞ്ഞു. രണ്ടാം വാല്യത്തിന്റെ വിതരണം 7-8-2017 മുതൽ ആരംഭിച്ചിട്ടുണ്ട്. രണ്ടാം വാല്യത്തിന്റെ വിതരണം പൂർത്തിയാക്കിയശേഷം മൂന്നാം വാല്യത്തിന്റെ വിതരണം ആരംഭിക്കുന്നതാണ്.

(ഡി) തുക കണക്കാക്കിയിട്ടില്ല.

**സാക്ഷരതാ മിഷൻ നടപ്പാക്കിവരുന്ന തുടർ വിദ്യാഭ്യാസ പദ്ധതി**

156 (2725) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാക്ഷരതാ മിഷൻ നടപ്പാക്കിവരുന്ന തുടർ വിദ്യാഭ്യാസ പദ്ധതിയുടെ വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തുല്യതാ പഠനത്തിനായി എത്തുന്ന പഠിതാക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) സാക്ഷരതാ മിഷൻ നേരിട്ടു നടത്തുന്ന പരിശീലനങ്ങൾക്ക് പുറമേ ഏതെങ്കിലും ഏജൻസികളോ സന്നദ്ധ സ്ഥാപനങ്ങളോ പരിശീലനപരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൻ. ജി. ഒ.-കൾ തുടങ്ങിയവയുടെ സഹായത്തോടെ പദ്ധതി കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പിലാക്കി വരുന്ന തുടർ വിദ്യാഭ്യാസ പദ്ധതികളും തുല്യതാ പരിപാടികളും സർക്കാരിന്റെ അംഗീകാരത്തോടെയാണ് നടത്തിവരുന്നത്. മിഷന്റെ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി ചെയർമാനായുള്ള ജനറൽ കൗൺസിലും വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് വിലയിരുത്തുന്നത്. തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള തുല്യതാ പദ്ധതികൾ പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായുള്ള തുല്യതാ ബോർഡും വിലയിരുത്തിവരുന്നുണ്ട്.

(ബി) കേരള സംസ്ഥാന സാക്ഷരാ മിഷൻ അതോറിറ്റി നടത്തിയ പത്താം തര തുല്യതാ കോഴ്സിന്റെ 10-ാം ബാച്ചിൽ (2015-16) 31, 226 പഠിതാക്കളും 11-ാം ബാച്ചിൽ 36,645 പഠിതാക്കളും രജിസ്റ്റർ ചെയ്യുകയുണ്ടായി. 5419 പഠിതാക്കളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഒന്നാം ബാച്ചിൽ (2015-17) 19,708 പേരും രണ്ടാം ബാച്ചിൽ (2016-2018) 14,934 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരിശോധിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ പ്ലസ് വൺ പ്രവേശനം

157 (2726) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണവും പ്ലസ് വൺ സീറ്റുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽനിന്നും ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ എണ്ണം എത്ര; എത്ര പേർക്ക് അവസാനഘട്ട അലോട്ട്മെന്റ് വരെ പ്ലസ് വൺ പ്രവേശനം ലഭിച്ചു;

(സി) എത്ര പേർ ഐ.ടി.ഐ., പോളിടെക്നിക് തുടങ്ങിയ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജില്ലയിൽ ഇനിയും പ്ലസ് വൺ പ്രവേശനം ലഭിക്കാത്തവരുണ്ടോ; എങ്കിൽ അവരുടെ എണ്ണമെത്ര; 10% സീറ്റ് വർദ്ധിപ്പിച്ചതിലൂടെ എത്ര സീറ്റുകൾ ലഭിച്ചു; അതിലൂടെ എത്ര പേർക്ക് അഡ്മിഷൻ ലഭിച്ചു;

(ഇ) എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും ജില്ലയിൽ തന്നെ തുടർപഠന സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

### ഉത്തരം

(എ)

| ജില്ല | എസ്.എസ്.എൽ.സി പാസ്സായവർ | പ്ലസ് വൺ സീറ്റുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 38,470 | 40312 |

| | | |
|---|---|---|
| കൊല്ലം | 33268 | 36217 |
| പത്തനംതിട്ട | 11927 | 20051 |
| ആലപ്പുഴ | 25009 | 28699 |
| കോട്ടയം | 21714 | 28456 |
| ഇടുക്കി | 12920 | 15338 |
| എറണാകുളം | 35661 | 40859 |
| തൃശ്ശൂർ | 37808 | 41271 |
| പാലക്കാട് | 41359 | 35198 |
| മലപ്പുറം | 79196 | 64825 |
| കോഴിക്കോട് | 45862 | 43172 |
| വയനാട് | 11769 | 11091 |
| കണ്ണൂർ | 35270 | 34817 |
| കാസർഗോഡ് | 19415 | 18393 |

(ബി) മലപ്പുറം ജില്ലയിൽനിന്നും ഈ വർഷം 79,196 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായി. 57,738 പേർക്ക് പ്ലസ് വൺ പ്രവേശനം ലഭിച്ചു. അവസാനഘട്ട അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുന്നു.

(സി) 2017 വർഷത്തിൽ ഐ.ടി.ഐ.കളിലെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.റ്റി.) അഫിലിയേറ്റഡ് ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി.) നിശ്ചയിച്ചിട്ടുള്ളത് 15-8-2017 ആണ്. ടി ട്രേഡുകളിലെ അഡ്മിഷൻ നടപടികൾ (MIS Portal ലെ entry തുടങ്ങിയവ) അവസാനിക്കുന്നത് 31-8-2017-നാണ്. കൂടാതെ ഗവൺമെന്റ് ഐ.ടി.ഐ.കളിൽ നിലവിലുള്ള സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയായി നിലവിൽ നിശ്ചയിച്ചിരിക്കുന്നത് 31-8-2017-നാണ്. ആയതിനാൽ മേൽ പരാമർശിച്ച നടപടികൾ പൂർത്തിയായ ശേഷം മാത്രമേ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളിൽ എത്രപേർക്ക്

ഐ.ടി.ഐ.കളിൽ അഡ്മിഷൻ ലഭിച്ചുവെന്ന വിവരം ലഭ്യമാവുകയുള്ളൂ. മലപ്പുറം ജില്ലയിൽ വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ആറ് ഗവൺമെന്റ് ഐ.ടി.ഐ.കളിലും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള നാല് എസ്.സി.ഡി.ഡി. ഐ.ടി.ഐ.-കളിലും 35 സ്വകാര്യ ഐ.ടി.ഐ.കളിലുമായി 2016 വർഷം 2004 ട്രെയിനികളെ പ്രവേശിപ്പിച്ചിരുന്നു.

2017-18 അദ്ധ്യയനവർഷത്തിൽ പോളിടെക്നിക് കോളേജുകളിലേയ്ക്കുള്ള ഡിപ്ലോമ പ്രവേശനം സംസ്ഥാനതലത്തിലാണ് നടത്തുന്നതെന്നതിനാൽ ജില്ല തിരിച്ച് അപേക്ഷകരുടെ വിവരങ്ങൾ ലഭ്യമല്ല. മലപ്പുറം ജില്ലയിൽ നാല് സർക്കാർ പോളിടെക്നിക്കുകളിലും ഒരു എയ്ഡഡ് പോളിടെക്നിക്കിലും അഞ്ച് സ്വാശ്രയ പോളിടെക്നിക്കുകളിലുമായി മൂന്നാംഘട്ട അലോട്ട്മെന്റ് കഴിയുമ്പോൾ 1795 പേർ പ്രവേശനം നേടിയിട്ടുണ്ട്. (മലപ്പുറം ജില്ലയിൽ ആകെയുള്ള 1963 സീറ്റുകളിൽ 168 സീറ്റുകൾ 11-8-2017 വരെ ഒഴിഞ്ഞു കിടപ്പുണ്ട്.) 2017 ആഗസ്റ്റ് 16, 17, 18 തീയതികളിലായി ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ അതതു സ്ഥാപനങ്ങളിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറിയിൽ ഇതുവരെ പ്ലസ് വൺ പ്രവേശനം ലഭിക്കാത്തവരുടെ എണ്ണം ലഭ്യമല്ല. പത്ത് ശതമാനം സീറ്റ് വർദ്ധനവിലൂടെ 1340 സീറ്റുകൾ മലപ്പുറം ജില്ലക്ക് ലഭിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച സീറ്റിലേക്കുള്ള അഡ്മിഷൻ നടപടികൾ പുരോഗമിക്കുന്നു. വി.എച്ച്.എസ്.ഇ. പ്രവേശനത്തിന് അപേക്ഷിച്ചവരിൽ 2,723 പേർക്ക് പ്രവേശനം ലഭിച്ചിട്ടില്ല.

(ഇ) നിലവിൽ സാധ്യമല്ല.

## ലൈബ്രറി കൗൺസിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ ശോചനീയാവസ്ഥ

158 (T 2727) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന പല ഗ്രന്ഥശാലകളും ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഗ്രന്ഥശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം തരത്തിലുള്ള പദ്ധതികളാണ് നിലവിലുള്ളത്; സർക്കാർ നേരിട്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ധനസഹായം നൽകുന്ന പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ;

(സി) ഇത്തരം ഗ്രന്ഥശാലകളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സർക്കാരോ മറ്റേതെങ്കിലും സ്ഥാപനങ്ങളോ എന്തെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ ദീർഘകാലമായി പ്രവർത്തനരഹിതമായ അംഗ ഗ്രന്ഥശാലകളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിന് ലൈബ്രറി കൗൺസിൽ വഴി പുനരുദ്ധാരണ ഗ്രാന്റ് നൽകുന്നു.

പുനരുദ്ധരിച്ച ഗ്രന്ഥശാലകൾക്ക് മറ്റ് അംഗ ഗ്രന്ഥശാലകൾക്ക് നൽകുന്ന സഹായങ്ങൾ ലഭിക്കുന്നതാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ജില്ലാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും നൽകിവരുന്നു. 3-10-2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 147/16/ധന പ്രകാരം എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയിൽനിന്നും തുക വിനിയോഗിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗത്വമുള്ള ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ എൽ.സി.ഡി. പ്രോജക്ടർ, വൈ-ഫൈ., മൈക്ക് എന്നിവ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## പുതിയതായി അദ്ധ്യാപകരെ നിയമിച്ചതുമായി ബന്ധപ്പെട്ടപരാതി

159 (2728) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കുകീഴിൽ ഹയർ സെക്കണ്ടറി തലത്തിൽ ലീവ് വേക്കൻസിയിൽ ദീർഘകാലം ജോലി ചെയ്യുകയും പുനർനിയമനത്തിന് മുൻഗണനാവകാശമുള്ളതും നിലവിൽ പുറത്തു നില്ക്കുന്നവരുമായ അദ്ധ്യാപകരെ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപക ഒഴിവുകളിൽ നിയമിക്കാതെ പുതുതായി അദ്ധ്യാപകരെ നിയമിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത പരാതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് അപ്രകാരം പുനർ നിയമനാവകാശം സിദ്ധിച്ചിട്ടുള്ളതും പുറത്തുനില്ക്കുന്നതുമായ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് അതാത് കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കുകീഴിൽ ഉണ്ടാകുന്ന ഗസ്റ്റ്ഫാക്വൽറ്റി, ഡെയിലി വേജസ് എന്നീ ഒഴിവുകളിൽ നിയമനത്തിനായി മുൻഗണന നൽകി പരിഗണിക്കണമെന്നും പുനർ നിയമാനാധികാരം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകരെ ഹയർ സെക്കണ്ടറി തലത്തിൽ ആദ്യം നിയമനത്തിനായി പരിഗണിക്കണമെന്നും ഇവരെ കെ.ഇ.ആർ. ചാപ്റ്റർ 14 എ സെക്ഷൻ 51 A അടിസ്ഥാനത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരായി പരിഗണിക്കണമെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് WA-140/2007 എന്ന കേസിൽ പുറപ്പെടുവിച്ച തീർപ്പിന്റെ അടിസ്ഥാനത്തിൽ സർക്കാർ അടിയന്തരമായി നിർദ്ദേശം പുറപ്പെടുവിക്കുമോ;

(സി) പുനർ നിയമനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകരെ നിയമിക്കാതെ പുതുതായി പുറത്തുനിന്നും നിയമിക്കുന്ന അദ്ധ്യാപകർക്ക് സർക്കാർ ഖജനാവിൽ നിന്നും നൽകുന്ന ഗസ്റ്റ് ഫാക്കൽറ്റി വേതനം നൽകുന്നതല്ലെന്ന് പ്രസ്തുത ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം പുനർനിയമനം സിദ്ധിച്ചിട്ടുള്ള അദ്ധ്യാപകർക്ക് മുൻഗണന നൽകി നിയമിക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും സ്പാർക്ക് പെയ്റോളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## സാക്ഷരതാ പ്രേരകന്മാരുടെ ശമ്പളക്കുടിശ്ശിക

160 (2729) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാക്ഷരതാ പ്രേരകന്മാരുടെ ശമ്പളം കുടിശ്ശിക യായിയുണ്ടോ; എത്ര മാസത്തെ കുടിശ്ശികയാണ് അവർക്ക് നൽകുവാനുള്ളത്;

(ബി) സാക്ഷരതാ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്ന പ്രേരകന്മാരുടെ കുടിശ്ശിക ശമ്പളം അടിയന്തരമായി നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ ജില്ലകളിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന സാക്ഷരതാ പ്രേരക്മാരുടെ പ്രതിമാസ ഓണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നൽകുകയും പിന്നീട് സാക്ഷരതാ മിഷൻ തിരികെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ച് വന്നിരുന്നത്. എന്നാൽ 7-1-2017-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 27/2017/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിക്കുകയും പ്രസ്തുത ഓണറേറിയം സാക്ഷതാ മിഷൻ നേരിട്ട് നൽകണമെന്ന സർക്കാർ നിർദ്ദേശപ്രകാരം 2017 ഏപ്രിൽ മുതൽ പ്രേരക്മാരുടെ ഓണറേറിയം സാക്ഷരാ മിഷൻ നേരിട്ട് നൽകിവരുന്നു. ഓണറേറിയം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവിന് 15-7-2016-ലെ സ.ഉ. (സാധാ) നമ്പർ 2128/2016/ത.സ്വ.ഭ.വ.) 2017 മാർച്ച് 31 വരെ കാലാവധിയുള്ളതിനാൽ അതുവരെയുള്ള ഓണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നൽകുകയുമാണ് ഉണ്ടായിട്ടുള്ളത്. സാക്ഷരാ മിഷന്റെ ജില്ലാ കോ-ഓർഡിനേറ്റർമാർ നൽകിവരുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 2017 ഏപ്രിൽ മാസത്തെ ഓണറേറിയം എല്ലാ പ്രേരക്മാർക്കും നൽകിക്കഴിഞ്ഞു. 2017 മേയ് മാസത്തെ ഓണറേറിയം 9 ജില്ലകൾക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്കായി അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം ലഭിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന മാസങ്ങളിലെ ഓണറേറിയം അനുവദിക്കുന്നതാണ്.

## വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന സ്കീം

161 (2730) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന വാമനപുരം നിയോജക മണ്ഡലത്തിലെ കല്ലറ ഗവൺമെന്റ് വി.എച്ച്. എസ്.എസ്., ഭരതന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്., മിതൃമ്മല ഗവൺമെന്റ് ബി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ പ്രസ്തുത സ്കീം നടപ്പാക്കുന്നതിന്റെ പുരോഗതി വിവരങ്ങൾ

അറിയിക്കാമോ;

(ബി) ഇതിനായി മാസ്റ്റർ പ്ലാൻ തുടങ്ങിയവ തയ്യാറാക്കി കഴിഞ്ഞോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള രണ്ടാമത്തെ പൊതു വിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗവൺമെന്റ് വി.എച്ച്.എസ്.എസ്., ഭരതന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. മിതൃമ്മല ഗവൺമെന്റ് ബി.എച്ച്.എസ്.എസ്.-ന്റെ ശാസ്ത്രീയമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി. കിഫ്ബി മുഖേനയുള്ള ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

## പാർട്ട് ടൈം ലാംഗേ്വജ് - ഫുൾടൈം ബെനിഫിറ്റ് ലാംഗേ്വജ് ടീച്ചർമാർക്ക് ജി.പി.എഫ്. അംഗത്വം

162 (2731) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം ലാംഗേ്വജ് ടീച്ചർ, ഫുൾടൈം ബെനിഫിറ്റ് ലാംഗേ്വജ് ടീച്ചർ (ഹിന്ദി, സംസ്കൃതം, അറബ്, ഉറുദു, തമിഴ്, കന്നട) എന്നിവർക്ക് ജി.പി.എഫ്. അംഗത്വം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർക്ക് ജി.പി.എഫ്. ആനുകൂല്യം അനുവദിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് സർക്കാരിൽനിന്നും ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ പാർട്ട് ടൈം സർവ്വീസ്, പെൻഷന് പരിഗണിക്കുന്നത് സംബന്ധിച്ചും സമയബന്ധിത ഗ്രേഡ്, കമ്മ്യൂട്ടഡ് ലീവ് എന്നിവ അനുവദിക്കുന്നത് സംബന്ധിച്ചും അനുഭാവപൂർണ്ണമായ നടപടികൾ സ്വീകരിക്കുമോ; ആയത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹിന്ദി അദ്ധ്യാപകരുടെ പാർട്ട്ടൈം സർവ്വീസ് മുഴുവൻ പെൻഷൻ യോഗ്യകാലമാണ്. മറ്റുള്ള ഭാഷാ വിഷയങ്ങളിലെ അദ്ധ്യാപകരുടെ പാർട്ട് ടൈം സർവ്വീസിന്റെ പകുതി പെൻഷനും യോഗ്യകാലമാണ്. പാർട്ട് ടൈം അദ്ധ്യാപകർക്ക് കമ്മ്യൂട്ടഡ് അവധി നാളിതുവരെ അനുവദിച്ചിട്ടില്ല. അതുപോലെ തന്നെ പാർട്ട് ടൈം സർവ്വീസ് ഗ്രേഡിനും പരിഗണിക്കുന്നില്ല.

(സി) ഇല്ല.

(ഡി) വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കഠിനംകുളം സെന്റ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ കെമിസ്ട്രി ഗസ്റ്റ് ഫാക്കൽറ്റി ഒഴിവിലെ നിയമനം

163 (2732) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കീഴിൽ കഠിനംകുളത്ത് പുതുതായി അനുവദിച്ച സെന്റ് മൈക്കിൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ സർക്കാർ അനുവദിച്ച കെമിസ്ട്രി ഗസ്റ്റ് ഫാക്കൽറ്റി ഒഴിവിൽ, പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും ത്രോൺ ഔട്ട് ആയ പ്രൊട്ടക്ടഡ് അദ്ധ്യാപികയെ മറികടന്ന് പുതുതായി ഗസ്റ്റ് അധ്യാപക നിയമനം നടത്തിയതായുള്ള പരാതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനേജ്മെന്റ് നടത്തിയ പ്രസ്തുത നിയമനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി W.A. No. 140/2007 (ജയശ്രീ Vs ഡയറക്ടർ, ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ) എന്ന കേസിൽ 8-4-2009-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അന്തഃസത്തക്കും കെ.ഇ.ആർ. ചാപ്റ്റർ 14 എ, സെക്ഷൻ 51 എ-യുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ടീച്ചേഴ്സ് ബാങ്കിന്റെ ഉദ്ദേശ്യശുദ്ധിക്കും എതിരാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച പരാതിയിന്മേൽ, കെ.ഇ.ആർ. ചാപ്റ്റർ 14 എ, സെക്ഷൻ 51 എ ഹയർ സെക്കന്ററി വിഭാഗത്തിന് ബാധകമാക്കിക്കൊണ്ടുള്ള

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ വിധിതീർപ്പിന് അനുസൃതമായും അതിന്റെ അടിസ്ഥാനത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ടും തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഠിനംകുളം സെന്റ് മെക്കിൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ കെമിസ്ട്രി ഗസ്റ്റ് ഫാക്കൽറ്റി ഒഴിവിലെ ഗസ്റ്റ് നിയമനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല.

(ബി) ഹയർ സെക്കണ്ടറിയിൽ 51 A Claim-ഉം ടീച്ചേഴ്സ് ബാങ്കും നിലവിലില്ല.

(സി) പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സംരക്ഷണം ഹയർ സെക്കണ്ടറിക്ക് ബാധകമല്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ കഴിയില്ല.

**മികവിന്റെ കേന്ദ്രം പദ്ധതിയിലേക്ക് സ്കൂളുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം**

164 (2733) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള മികവിന്റെ കേന്ദ്രം പദ്ധതിയിലേക്ക് സ്കൂളുകൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തെല്ലാമാണ്; ആരിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് സ്കൂളുകളെ നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഈ മികവിന്റെ കേന്ദ്രം പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന ഏതെങ്കിലും പദ്ധതിയുടെ ഭാഗമാണോ; എങ്കിൽ ഏതെങ്കിലും നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ ഗവ. മോഡൽ എച്ച്.എസ്.എസ്.-നെ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; പെരിന്തൽമണ്ണ നഗരസഭ നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ ഭാഗായിട്ടാണോ ഈ തുക അനുവദിച്ചത്;

(ഡി) ഈ തുക അനുവദിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും സമർപ്പിച്ച ഏജൻസി ഏതാണ്; ഏതെങ്കിലും സ്വകാര്യ ഏജൻസികൾ സമർപ്പിക്കുന്ന മാസ്റ്റർ പ്ലാനിന് ഈ പദ്ധതി പ്രകാരം അംഗീകാരം

നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പരമാവധി വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കുട്ടികൾ കൂടുതലുള്ളതും കെട്ടിടങ്ങൾ നിലവിലുള്ളതുമായ സ്കൂളുകൾക്ക് മുൻഗണന നൽകിക്കൊണ്ട് നിയോജകമണ്ഡലം എം.എൽ.എ.-യുടെ ശിപാർശകൂടി പരിഗണിച്ചുകൊണ്ടാണ് മികവിന്റെ കേന്ദ്രം പദ്ധതിയിലേക്ക് സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) അല്ല.

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ ഗവൺമെന്റ് മോഡൽ ഹയൽ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 5.98 കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പെരിന്തൽമണ്ണ നഗരസഭ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായിട്ടല്ല പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്.

(ഡി) ഈ തുക അനുവദിക്കുന്നതിന് AUS Consortium എന്ന ഏജൻസി തയ്യാറാക്കിയ ശാസ്ത്രീയമായ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസിയായ കിറ്റ്കോ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടുന്ന സ്കൂളുകളുടെ ശാസ്ത്രീയമായ മാസ്റ്റർപ്ലാൻ വിവിധ ഏജൻസികൾ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസിയായ കിറ്റ്കോ തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്.

## നിർബന്ധ മലയാളഭാഷാപഠനം

165 (2734) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളഭാഷാ പഠനം നിർബ്ബന്ധമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് വിദ്യാലയങ്ങളിൽ നടപ്പിലാക്കി തുടങ്ങിയോ;

(ബി) പ്രസ്തുത ഉത്തരവ് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്കും ബാധകമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഹയർ സെക്കണ്ടറിതലത്തിലും മലയാളഭാഷാ പഠനം നിർബ്ബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിത്തുടങ്ങിയിട്ടില്ല. മലയാളം പഠിപ്പിക്കേണ്ടാത്ത സ്കൂളുകളിൽ ഒന്നാംതരം മുതൽ (സ്കൂളിലെ ഏറ്റവും താഴ്ന്ന ക്ലാസ് മുതൽ) ക്രമാനുഗതമായി പത്താം തരംവരെ മലയാളഭാഷ പഠിപ്പിക്കണമെന്നാണ് മലയാള ഭാഷാ പഠന ആക്ട് വിഭാവന ചെയ്യുന്നത്. ഈ ആക്ടിനെ സംബന്ധിച്ച ചട്ടങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ സ്കൂളുകളിൽ മലയാള ഭാഷാപഠനം ആരംഭിക്കാൻ കഴിയൂ.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ എയ്ഡഡ്, അൺഎയ്ഡഡ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്കും മലയാള ഭാഷാപഠന ആക്ട് ബാധകമാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നൽകുന്നതിനുള്ള വിദ്യാഭ്യാസ വകുപ്പിന്റെ സമാഹൃത വിശദാംശങ്ങൾ

166 (2735) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 5-11-2016-ലെ. ഉപ.സി. 3/262/2016 /ഉ.ഭ.പ.വ. നമ്പർ പരിപത്ര പ്രകാരം വിദ്യാഭ്യാസ വകുപ്പ് അദ്ധ്യക്ഷൻ എല്ലാമാസവും തസ്തിക തിരിച്ചുള്ള സമാഹൃത വിശദാംശങ്ങൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നൽകാറുണ്ടോ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസിൽ നിന്നും ലഭിച്ച, 2017 ജനുവരി മുതൽ ജൂൺ വരെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയ പ്രൊഫോർമയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 5-11-2016-ലെ ഉപ.സി. 3/262/2016/ഉ.ഭ.പ.വ. നമ്പർ പരിപത്ര പ്രകാരം സർക്കാരിലേയ്ക്ക് നൽകുന്ന ഒഴിവിന്റെ റിപ്പോർട്ട് ഡിസംബർ മാസംവരെ നൽകിയിട്ടുണ്ട്. 2017 ജനുവരി മാസം മുതൽ 12-01-2017-ലെ ഉപ.സി.3/91/2016/ഉ.പ.ഭ.വ. പരിപത്രപ്രകാരമാണ് ഒഴിവിന്റെ റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകുന്നത്.

(ബി) 5-11-2016-ലെ ഉപ.സി3/262/2016/ഉ.ഭ.പ.വ. നമ്പർ പരിപത്ര പ്രകാരം കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും 2017 ജനുവരി മാസം മുതൽ മേയ് മാസം വരെ ലഭിച്ച പ്രൊഫോർമയുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

## സ്കൂളുകളെ ലയിപ്പിക്കുന്നതിനുള്ള നടപടികൾ

167 (2736) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച വിദ്യാഭ്യാസ സൗകര്യമൊരുക്കുക എന്ന പേരിൽ 30- ൽ താഴെ കുട്ടികളുള്ളതും, പുതുതായി കുട്ടികളെ ലഭിക്കാത്തതുമായ സ്കൂളുകളെ ലയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന്റെ കത്ത് ലഭിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിലെ സ്കൂളുകളെയാണ് ലയിപ്പിക്കാനുദ്ദേശിക്കുന്നതെന്നും പ്രസ്തുത സ്കൂളുകളുടെ സ്ഥിതിയെക്കുറിച്ചും എങ്ങനെയാണ് കേന്ദ്രം വിഭാവന ചെയ്യുന്നതെന്നും അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്

## കോഴിക്കോട് ജില്ലയിൽ പ്രൈമറി അദ്ധ്യാപകരുടെ ക്ഷാമം

168 (2737) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ എൽ .പി .എസ്.എ., യു .പി .എസ്.എ. ഒഴിവുകൾ സബ് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) പി. എസ്. സി. ലിസ്റ്റിൽ നിന്നും സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

| | | |
|---|---|---|
| കോഴിക്കോട് സിറ്റി | എൽ.പി.എസ്.എ -17 | യു.പി.എസ്.എ - 11 |
| കോഴിക്കോട് റൂറൽ | എൽ.പി.എസ്.എ -30 | യു.പി.എസ്.എ - 10 |
| ചേവായൂർ | എൽ.പി.എസ്.എ -15 | യു.പി.എസ്.എ - 8 |
| കുന്ദമംഗലം | എൽ.പി.എസ്.എ -10 | യു.പി.എസ്.എ - 4 |
| ഫറോക്ക് | എൽ.പി.എസ്.എ -56 | യു.പി.എസ്.എ - 39 |
| കൊടുവള്ളി | എൽ.പി.എസ്.എ -22 | യു.പി.എസ്.എ - 6 |
| മുക്കം | എൽ.പി.എസ്.എ -50 | യു.പി.എസ്.എ - 15 |
| താമരശ്ശേരി | എൽ.പി.എസ്.എ -14 | യു.പി.എസ്.എ - 3 |
| ബാലുശ്ശേരി | എൽ.പി.എസ്.എ -7 | യു.പി.എസ്.എ - 7 |
| കൊയിലാണ്ടി | എൽ.പി.എസ്.എ -16 | യു.പി.എസ്.എ - 3 |
| പേരാമ്പ്ര | എൽ.പി.എസ്.എ -7 | യു.പി.എസ്.എ - 7 |
| മേലടി | എൽ.പി.എസ്.എ -4 | യു.പി.എസ്.എ - 7 |
| തോടന്നൂർ | എൽ.പി.എസ്.എ -4 | യു.പി.എസ്.എ - 2 |
| വടകര | എൽ.പി.എസ്.എ -1 | യു.പി.എസ്.എ - 3 |
| ചോമ്പാല | എൽ.പി.എസ്.എ -1 | യു.പി.എസ്.എ - 3 |
| നാദാപുരം | എൽ.പി.എസ്.എ -6 | യു.പി.എസ്.എ - 0 |
| കുന്നുമ്മൽ | എൽ.പി.എസ്.എ -19 | യു.പി.എസ്.എ - 3 |

(സി) സ്വീകരിക്കും.

## സ്കൂളുകൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതി

169 (2738) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയോജകമണ്ഡത്തിലും ഒരു സ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിപ്രകാരം എത്ര സ്കൂളുകളുടെ നിലവാരം ഉയർത്തി എന്നറിയിക്കുമോ ;

(ബി) കിഫ്ബിയിൽനിന്നും കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിക്കുമെന്ന് പ്രഖ്യാപിച്ച 1000 കോടി രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ടോ; ഇതിനകം എത്ര കോടി രൂപയുടെ അനുമതി നൽകി;

(സി) നിലവാരം ഉയർത്തുന്ന സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഉണ്ടാകുന്ന മാറ്റം, പഠനവിധേയമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തി പോരായ്മകൾ പരിഹരിക്കുന്നതിനും, വിദ്യാർത്ഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ഓരോ നിയോജകമണ്ഡലത്തിലും ഒരു സ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിപ്രകാരം വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള നടപടി പുരോഗമിച്ചുവരുന്നു.

അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിവര സാങ്കേതികാധിഷ്ഠിതമായ പരിശീലന പരിപാടികൾ ഇതിനോടകം തന്നെ അദ്ധ്യാപകർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം ശിശു കേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനും ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇത് കാലാനുസൃതമായ മാറ്റങ്ങൾ അദ്ധ്യയന മേഖലയിൽ വരുന്നതിന് സഹായകമാണ്.

(ബി) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിക്കായി 1000

കോടിരൂപ നീക്കിവച്ചിട്ടുണ്ട്. ആയതിൽ 37 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 184.26 കോടി രൂപയും 8 മുതൽ 12 വരെ ക്ലാസ് മുറികൾ ഹൈടെക്കാക്കുന്ന പദ്ധതിക്കായി 493.5 കോടി രൂപയും നിലവിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കുട്ടികളുടെ അക്കാദമിക മികവ് പഠന വിധേയമാക്കാൻ നാഷണൽ അച്ചീവ്മെന്റ് സർവ്വെയുടെ മാതൃകയിൽ സംസ്ഥാനതലത്തിൽ State Achievement survey രൂപപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷം മുതൽ പ്രസ്തുത സർവ്വെ വിപുലപ്പെടുത്തുന്നതാണ്. നടപ്പ് അദ്ധ്യയന വർഷത്തെ നിലവാര പഠനത്തിന്റെ ഫലം താമസംവിനാ പ്രസിദ്ധീകരിക്കുന്നതും ആവശ്യമായ മേഖലകളിൽ തിരുത്തൽ നടപടി സ്വീകരിക്കുന്നതുമാണ്.

## കോഴിക്കോട് തോപ്പയിൽ സർക്കാർ എൽ.പി.എസ്സിലെ പ്രധാന അദ്ധ്യാപനെതിരെയുള്ള നടപടി

170 (2739) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തോപ്പയിൽ സർക്കാർ എൽ.പി.എസ്സിലെ പ്രധാന അദ്ധ്യാപകൻ രാമകൃഷ്ണനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം വിതരണത്തിലെ അപാകത ചൂണ്ടിക്കാണിച്ചതിനാണ് അദ്ദേഹത്തെ സസ്പെന്റ് ചെയ്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളിൽ ഒരു കുട്ടിക്ക് രണ്ട് ജോടി യൂണിഫോമെന്ന രീതിയിൽ ആകെ 140 മീറ്റർ കൈത്തറി തുണിയായിരുന്നോ വിതരണം ചെയ്യേണ്ടിയിരുന്നത് ; പ്രസ്തുത സ്കൂളിൽ എത്ര മീറ്റർ തുണി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. മേലധികാരികളുടെ അനുമതിയില്ലാതെ വസ്തുതാ വിരുദ്ധമായി ചാനൽ പ്രവർത്തകർക്ക് വിവരങ്ങൾ നൽകിയതിന് ശ്രീ. രാമകൃഷ്ണനെ സസ്പെന്റ് ചെയ്തിരുന്നു.

(ബി) ഇല്ല. തെറ്റായ വിവരം ചാനലുകൾക്ക് നൽകിയതിന്റെ ഭാഗമായിട്ടാണ് സസ്പെന്റ് ചെയ്തത്.

(സി) അല്ല. 2016-17 വർഷത്തെ വിദ്യാർത്ഥികളുടെ കണക്ക് പ്രകാരം ആകെ 172 മീറ്റർ തുണി ആവശ്യപ്പെട്ടിരുന്നു. 124 മീറ്റർ വിതരണം നടത്തി. വീതി കൂടിയ തുണിയായതുകൊണ്ട് ലഭ്യമായ തുണി ആവശ്യപ്പെട്ട അളവിൽ തന്നെയുണ്ടായിരുന്നു.

## അൺഎയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

171 (2740) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പ് അദ്ധ്യാപകർക്കായി നടത്തുന്ന പരിശീലനങ്ങളിൽ അൺഎയ്ഡഡ് അദ്ധ്യാപകരേയും പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കുട്ടികൾക്കാവശ്യമായ ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് വരെ പഠിക്കുന്ന സവിശേഷ ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികളെ (CWSN), ബി.ആർ.സി നടത്തുന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ കുട്ടികൾക്കാവശ്യമായ ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കുവാൻ നടപടി സ്വീകരിക്കേണ്ടത് അതാത് മാനേജ്മെന്റുകളാണ്.

(ഡി) സർക്കാർ, സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾക്ക് മാത്രമേ ബി.ആർ.സി. നടത്തുന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നതിനും ധനസഹായം ലഭിക്കുന്നതിനും വ്യവസ്ഥയുള്ളൂ.

## ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ

172 (2741) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 3 കോടി രൂപ വീതം

അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുക അനുവദിച്ച ഹൈസ്കൂളുകളുടെ മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ നിലവാരം ഉയർത്താൻ സർക്കാർ നിർദ്ദേശിച്ച സ്കൂളുകളുടെ പ്രവൃത്തി ഏതെങ്കിലും അംഗീകൃത ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തെ സംസ്ഥാന ബജറ്റിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ബാലുശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിന് 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) കിറ്റ്കോയാണ് അംഗീകൃത ഏജൻസി. ഇതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും മക്കളുടെ വിദ്യാഭ്യാസം

173 (2742) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടേയും, അദ്ധ്യാപകേതര ജീവനക്കാരുടേയും മക്കൾ പഠിക്കുന്നതിന്റെ വിവരം താഴെപ്പറയുന്ന പട്ടിക തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ജില്ല /അദ്ധ്യാപകന്റെ പേര്, അനദ്ധ്യാപകന്റെ പേര് /സ്കൂളിന്റെ പേര് / സർക്കാർ സ്കൂൾ, എയ്ഡഡ് സ്കൂൾ / അൺഎയ്ഡഡ് സ്കൂൾ കുട്ടി പഠിക്കുന്ന സ്കൂൾ, സ്കൂൾ സംബന്ധിച്ച വിവരങ്ങൾ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതിയുടെ പുനരുജ്ജീവനം

174 (2744) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഈ യൂണിറ്റുകളിൽ പലതും പ്രവർത്തനരഹിതമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലയിൽ എത്ര യൂണിറ്റുകളുടെ പ്രവർത്തനമാണ് നിലച്ചത്;

(സി) വകുപ്പിന്റെ ശരിയായ മേൽനോട്ടമില്ലാത്തതാണ് ഈ സ്ഥിതിവിശേഷം ഉണ്ടാക്കിയതെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പ്രവർത്തനം നിലച്ച യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഈ പദ്ധതി വിപുലീകരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 573 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 1 |
| എറണാകുളം | - | 4 |
| തൃശ്ശൂർ | - | 3 |
| കോഴിക്കോട് | - | 2 |
| കണ്ണൂർ | - | 2 |

(സി) സ്കൂൾ അധികൃതരുടെ താല്പര്യക്കുറവും സ്കൂളുകളിൽ കുട്ടികളുടെ എണ്ണക്കുറവുമാണ് എസ്.പി.സി.യൂണിറ്റുകൾ നിർത്തലാക്കാനുള്ള കാരണമായി വിലയിരുത്തുന്നത്. പദ്ധതി വിപുലീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സർക്കാർ സ്കൂളിലെ പുതിയ പ്രവേശനങ്ങൾ**

175 (2745) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ എത്ര പുതിയ

പ്രവേശനങ്ങളാണ് സർക്കാർ സ്കൂളുകളിൽ നടന്നത്; ജില്ല തിരിച്ചുള്ള കണക്കു നൽകുമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വരും വർഷത്തെ പ്രവേശനോത്സവത്തിനു മുൻപ് മെച്ചപ്പെടുത്തുമോ;

(സി) അദ്ധ്യാപക പരിശീലന പരിപാടികളും സമയബന്ധിതമായി പൂർത്തീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ?

<u>ഉത്തരം</u>

(എ) 2017-18 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിൽ കഴിഞ്ഞ വർഷത്തെക്കാൾ 70,026 കുട്ടികൾ പുതുതായി പ്രവേശനം നേടിയിട്ടുണ്ട്. പുതിയ പ്രവേശനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കുട്ടികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5456 |
| കൊല്ലം | 5607 |
| പത്തനംതിട്ട | 838 |
| ആലപ്പുഴ | 2101 |
| കോട്ടയം | 1368 |
| ഇടുക്കി | 1922 |
| എറണാകുളം | 1667 |
| തൃശ്ശൂർ | 7631 |
| പാലക്കാട് | 8519 |
| മലപ്പുറം | 6813 |
| കോഴിക്കോട് | 11373 |
| വയനാട് | 2056 |
| കണ്ണൂർ | 9103 |
| കാസർഗോഡ് | 5572 |

(ബി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വരും വർഷത്തെ പ്രവേശനോത്സവത്തിനുമുമ്പ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടി ആസൂത്രണം ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു പഠനത്തിന് പൊതുവിദ്യാഭ്യാസ

വകുപ്പ് ആരംഭം കുറിച്ചിട്ടുണ്ട്. 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി. ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടി ആരംഭിച്ചു. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റ് ആയി നടപ്പിലാക്കി. മുഴുവൻ വിദ്യാർത്ഥികളെയും മുന്നിൽ എത്തിക്കാനുള്ള പരിഹാര പഠന ബോധന പരിപാടി - ശ്രദ്ധ, 1000 സർക്കാർ സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് എത്തിക്കുക, എല്ലാ സ്കൂളുകളെയും കൂട്ടിയിണക്കുന്ന ബ്രോഡ്ബാന്റ് കണക്ഷൻ, ഒരു ലക്ഷം കുട്ടികളുടെ 'ഹൈസ്കൂൾ കുട്ടിക്കൂട്ടം', കൂട്ടായ്മ, 'സ്കൂൾ വിക്കി'-സ്കൂൾ വിവരങ്ങൾ വിരൽത്തുമ്പിൽ തുടങ്ങി വിവിധ പരിപാടികൾ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന ജനകീയ കൂട്ടായ്മയിലൂടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(സി) സർക്കാർ സ്കൂളിലെ അദ്ധ്യാപക പരിശീലന പരിപാടികളെല്ലാം സമയബന്ധിതമായി തന്നെ പൂർത്തീകരിക്കാറുണ്ട്. ടി പരിപാടികൾക്ക് ഇതുവരെ തടസ്സങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.

## വിദ്യാഭ്യാസ കലണ്ടർ ഏകീകരണം

176 (2746) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിലനിൽക്കുന്ന രണ്ടു തരത്തിലുള്ള വിദ്യാഭ്യാസ കലണ്ടർ സംവിധാനംമൂലം പഠനപ്രവർത്തനങ്ങൾക്ക് പ്രയാസം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ആയത് പരിഹരിക്കുന്നതിനായി സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ കലണ്ടർ ഏകീകരണം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം VII റൂൾ 5(4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിക്കുന്ന വിദ്യാഭ്യാസ കലണ്ടർ അനുസരിച്ചാണ് സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കേണ്ടത്. എന്നാൽ റൂൾ 5(3) പ്രകാരം കലണ്ടറിൽ മാറ്റം വരുത്തുവാനുള്ള അധികാരം ഡയറക്ടർക്കുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികളും അദ്ധ്യാപകരും ഭൂരിഭാഗം മുസ്ലീം സമുദായത്തിൽപ്പെട്ടവരായ സ്കൂളുകൾക്ക് റംസാൻ വ്രത നാളുകൾ അവധിയായി വരുന്ന തരത്തിൽ ക്രമീകരിച്ച് പ്രത്യേക കലണ്ടറിൽ പ്രവർത്തിക്കാൻ അനുമതി നൽകുന്നുണ്ട്. സ്കൂൾ പ്രവർത്തന കലണ്ടർ രണ്ടുതരത്തിലുള്ളതുമൂലം അക്കാദമിക പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവം

ഇല്ലാതാകുന്നുണ്ട് എന്നത് വസ്തുതയാണ്.

(ബി) എല്ലാ സ്കൂളുകളും ജനറൽ കലണ്ടറിൽ പ്രവർത്തിക്കുക എന്നതു തന്നെയാണ് അഭികാമ്യം. ഇതിനായി ബാലാവകാശ സംരക്ഷണ കമ്മീഷൻ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ മുസ്ലീം കലണ്ടറിൽ പ്രവർത്തിച്ചുവന്ന ഏറെ സ്കൂളുകൾ ഇപ്പോൾ ജനറൽ കലണ്ടറിലേയ്ക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്. പ്രാദേശികമായ എതിരഭിപ്രായം ഉണ്ടാകാത്ത സ്കൂളുകളിൽ നിന്നും അപേക്ഷ സ്വീകരിച്ച് കലണ്ടർ മാറ്റത്തിനുള്ള ഉത്തരവ് പൊതു വിദ്യഭ്യാസ ഡയറക്ടർ നൽകിവരുന്നു.

## വിദ്യാഭ്യാസ മേഖലയിൽ പുതിയതായി അദ്ധ്യാപക തസ്തികകൾ

177 (2747) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ മേഖലയിൽ പുതിയതായി എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; കാറ്റഗറി തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 546 പുതിയ അദ്ധ്യാപക തസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

1. സ.ഉ. നമ്പർ 158/2016/പൊ.വി.വ. തീയതി 20-9-2016 പ്രകാരം 19 HSST തസ്തികയും 26 HSST(Jr) തസ്തികയും 2 ലാബ് അസിസ്റ്റന്റ് തസ്തികയും അനുവദിച്ചിട്ടുണ്ട്.
2. സ.ഉ.നമ്പർ 61/2017/പൊ.വി.വ. തീയതി 24-6-2017 പ്രകാരം 232 HSST തസ്തികയും 269 HSST(Jr) തസ്തികയും 47 ലാബ് അസിസ്റ്റന്റ് തസ്തികയും അനുവദിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിൽ 2017-18 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം എയ്ഡഡ് സ്കൂളുകളിൽ ആകെ 3751 അധിക തസ്തികകൾ ഉണ്ടായിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ ആകെ 2452 അധിക തസ്തികകളാണ് ഉണ്ടായിട്ടുള്ളത്. അധിക തസ്തികകളുടെ കാറ്റഗറി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സ്കൂളുകളിലെ താത്കാലിക അദ്ധ്യാപകരുടെ നിയമനവും വേതനവും

178 (2748) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ താത്കാലിക അദ്ധ്യാപകരുടെ നിയമനത്തിന് പുതിയ മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) താത്കാലിക അദ്ധ്യാപകരുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിൽ കൂടുതലുള്ളതും ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ അദ്ധ്യാപക ഒഴിവിലേയ്ക്ക് ജി.ഒ.(സാധാ) നമ്പർ 2079/2017/പൊ.വി.വ. തീയതി 28-6-2017 പ്രകാരവും സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകക്ഷാമം പരിഹരിക്കുന്നതിന് 2-6-2017-ലെ സ.ഉ.(സാധാ) നമ്പർ 1698/2017/പൊ.വി.വ. പ്രകാരവും താത്കാലികമായി അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 28-4-2017-ലെ സ.ഉ.(പി) നമ്പർ 56/2017/ധന ഉത്തരവ് പ്രകാരമാണ് പരിഷ്കരിച്ച വേതനം നൽകുന്നത്.

## മലയിൻകീഴ് വിദ്യാഭ്യാസ സമുച്ചയങ്ങളോട് ചേർന്ന് കലാ-കായിക-സാംസ്കാരിക പാർക്ക് നിർമ്മാണം

179 (2749) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയിൻകീഴ് വിദ്യാഭ്യാസ സമുച്ചയങ്ങളോട് ചേർന്ന് കലാ-കായിക-സാംസ്കാരിക പാർക്ക് നിർമ്മാണത്തിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പാർക്ക് നിർമ്മിക്കുന്നതിനുള്ള തുടർനടപടി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മലയിൻകീഴ് വിദ്യാഭ്യാസ സമുച്ചയങ്ങളോട് ചേർന്ന് കലാ-കായിക-സാംസ്കാരിക പാർക്ക് നിർമ്മാണത്തിനായി, പൊതുവിദ്യാഭ്യാസ വകുപ്പിന് സ്കൂൾ കെട്ടിടങ്ങൾക്കുള്ള നിർമ്മാണത്തിന് പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുകയിൽ ഉൾപ്പെടുത്താൻ കഴിയില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

## സർക്കാർ വിദ്യാലയങ്ങൾ ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങളും സർക്കാരിതര ഫണ്ട് ലഭ്യമാക്കലും

180 (2750) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്നതിന് ചുമതലപ്പെടുത്തിയ കിറ്റ്കോയുടെ കൈവശമുള്ള മാസ്റ്റർ പ്ലാനിൽ നിന്ന്, സർക്കാരിതര ഫണ്ടുകൾക്ക് വേണ്ടി ഡി.പി.ആർ. ലഭിക്കുന്നതിന് നേരിടുന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.പി., എം.എൽ.എ. , എസ്.എസ്.എ., ആർ.എം.എസ്.എ. തുടങ്ങി മറ്റ് ഇതര ഏജൻസികൾ വഴി ലഭ്യമാകുന്ന ഫണ്ടിനുവേണ്ടി ഡി.പി.ആർ. നൽകാൻ എസ്.പി.വി. ആയ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഹൈടെക് സ്കൂളുകളുടെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്കൂളുകളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഐറ്റി@സ്കൂളിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പൂർണ്ണമായും സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ബി) ബാധകമല്ല.

(സി) 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുന്ന പ്രവർത്തനങ്ങൾ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ നടപ്പിലാക്കിക്കഴിഞ്ഞു. ശേഷിക്കുന്ന മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.

(ഡി) മേൽ പ്രവർത്തനങ്ങൾ കഴിയുന്നത്ര വേഗത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## സർക്കാർ സ്കൂളുകളിൽ പ്രവൃത്തി സമയത്ത് രക്ഷകർത്താക്കൾക്ക് കുട്ടികളെ കാണുന്നതിന് വിലക്ക്

181 (2751) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രവൃത്തി സമയത്ത് രക്ഷകർത്താക്കൾക്ക് അവരുടെ കുട്ടികൾ പഠിക്കുന്ന ക്ലാസ് മുറികൾക്ക് മുന്നിലേക്ക് എത്തി ഭക്ഷണപ്പൊതി കൈമാറുന്നതിനോ അനിവാര്യമായ മറ്റ് ആവശ്യങ്ങൾക്ക് കുട്ടിയേയോ അദ്ധ്യാപകനെയോ കാണുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ രക്ഷകർത്താക്കൾക്ക് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് നിയമങ്ങളോ സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(സി) സ്കൂൾ പി.ടി.എ.-യ്ക്കോ പ്രഥമാധ്യാപകനോ സ്കൂൾ അച്ചടക്കത്തിന്റെ ഭാഗമായി ഇത്തരം തീരുമാനങ്ങളെടുക്കാൻ അധികാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ ചില സർക്കാർ സ്കൂളുകളിൽ രക്ഷകർത്താക്കൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലില്ല.

(സി) അധികാരം നൽകിയിട്ടില്ല.

(ഡി) സർക്കാർ സ്കൂളിൽ രക്ഷാകർത്താക്കൾക്ക് വിലക്ക് ഏർപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽ വന്നാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കര ആസ്ഥാനമാക്കി കേന്ദ്രീയവിദ്യാലയം**

182 (2752) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ആസ്ഥാനമാക്കി കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രീയ വിദ്യാലയം പ്രവർത്തിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയത് സംബന്ധിച്ച് വകുപ്പിന് വിവരം ലഭിച്ചിട്ടുണ്ടോ;

വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സമയബന്ധിതമായി തിരികെ കിട്ടും എന്ന വ്യവസ്ഥയിൽ കൊല്ലം ഡയറ്റിൽ (കൊട്ടാരക്കര) ഒഴിഞ്ഞു കിടക്കുന്ന ഹോസ്റ്റൽ കെട്ടിടം കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനായി താൽക്കാലികമായി വിട്ടുനൽകാൻ 28-7-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3079/2015/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഹോസ്റ്റൽ കെട്ടിടം ആവശ്യപ്പെടുമ്പോൾ വിട്ടുനൽകണമെന്ന് കാണിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കൊട്ടാരക്കര ഡയറ്റ് പ്രിൻസിപ്പലിന് കത്തും നൽകിയിട്ടുണ്ട്.

15-7-2016-ന് ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. കേന്ദ്രീയ വിദ്യാലയ ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ കൊട്ടാരക്കര ഡയറ്റ് ഹോസ്റ്റൽ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രീയ വിദ്യാലയത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങളൊന്നും അവിടെ ആരംഭിച്ചതായി അറിയാൻ സാധിച്ചിട്ടില്ല.

## കിഫ്ബിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ വകുപ്പ് ചെയ്യുന്ന പ്രവൃത്തികൾ

183 (2754) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് വിദ്യാഭ്യാസ വകുപ്പ് കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ പ്രവൃത്തി പൂർത്തീകരണത്തിന് എന്തെങ്കിലും നടപടി ക്രമങ്ങൾ ആരംഭിച്ചോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ താഴെ വിവരിക്കുന്ന സ്കൂളുകളെയാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നത്.

1. ചിറക്കര ഗവ. എച്ച്.എസ്.എസ്.

2. ചാവശ്ശേരി ഗവ. എച്ച്.എസ്.എസ്.

3. കതിരൂർ ഗവ. വി.എച്ച്.എസ്.എസ്.

4. വേങ്ങോട് ഇ. കെ. നായനാർ സ്മാരക ഗവ. എച്ച്.എസ്.എസ്

(ബി) ചിറക്കര ഗവ. എച്ച്.എസ്.എസ്.-ന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ മാസ്റ്റർപ്ലാൻ/ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തിക**

184 (2755) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തിക നിർണ്ണയം ഏത് ഘട്ടത്തിലാണ്;

(ബി) വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിൽ നിലവിൽ പ്രിൻസിപ്പലിന്റെ ചുമതല നിർവ്വഹിക്കുന്ന അദ്ധ്യാപകരെ ആ സ്ഥാനത്തുനിന്ന് മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) നിലവിൽ പ്രിൻസിപ്പലിന്റെ ചുമതല നിർവ്വഹിക്കുന്ന സീനിയർ അദ്ധ്യാപകരുടെ സീനിയോറിറ്റി നിർണ്ണയിക്കുന്നത്, സ്റ്റേറ്റ് സീനിയോറിറ്റി പ്രകാരമാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) സീനിയർ അദ്ധ്യാപകനാണ് അധിക ചുമതല നൽകിയിരിക്കുന്നത്. ചില സ്കൂളുകളിൽ യോഗ്യരായ സീനിയർ അദ്ധ്യാപകരുടെ അഭാവത്തിലോ/ അസൗകര്യത്തിലോ മറ്റ് അദ്ധ്യാപകർക്ക് താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്.

**സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക തസ്തിക നിർണ്ണയം**

185 (2756) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഈ വർഷത്തെ അദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര അദ്ധ്യാപക തസ്തികകളാണ് അധികമായി കണ്ടെത്തിയിട്ടുള്ളത്;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 9, 10 ക്ലാസുകളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നിലവിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; കഴിഞ്ഞ വർഷം ഇത് എത്രയായിരുന്നു;

(ഡി) ഐ.ടി. കോർഡിനേറ്റർമാർക്ക് അതിന്റെ മാത്രം ചുമതല നൽകി പഠിപ്പിക്കുന്ന ജോലിയിൽ നിന്നും അവരെ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം സർക്കാർ സ്കൂളുകളിൽ 2459 തസ്തികകളും എയ്ഡഡ് സ്കൂളുകളിൽ 3771 തസ്തികകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ഒൻപതാം തരത്തിൽ 22391 കുട്ടികൾ 2017-18 വർഷം കൂടുതലായി ചേർന്നിട്ടുണ്ട്. എന്നാൽ പത്താം തരത്തിൽ 841 കുട്ടികൾ കുറയുകയാണ് ചെയ്തിട്ടുള്ളത്.

(സി) നിലവിലുള്ള വിദ്യാർത്ഥി-അദ്ധ്യാപക അനുപാതത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം (2016-17) തസ്തിക നിർണ്ണയം നടത്തിയിരുന്നില്ല.

(ഡി) നിലവിലുള്ള സാഹചര്യത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

## സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി

186 (2757) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ അദ്ധ്യയന വർഷം എത്ര കുട്ടികൾക്ക് യൂണിഫോം നൽകുകയുണ്ടായി; സർക്കാർ /എയിഡഡ് മേഖല തിരിച്ച്, ജില്ലാ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിനായി എത്ര തുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ സർക്കാർ/എയിഡഡ് സ്കൂൾ കുട്ടികൾക്കും സൗജന്യമായി യൂണിഫോം നൽകുന്നുണ്ട്. ഇതിൽ സർക്കാർ സ്കൂളുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് എസ്.എസ്.എ. വഴിയാണ് 400 രൂപ നിരക്കിൽ തുക നൽകുന്നത്. 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്ത് 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ ആവശ്യപ്പെട്ടതനുസരിച്ച് കൈത്തറി യൂണിഫോമാണ് വിതരണം ചെയ്തത്. ഇത്തരത്തിൽ ഈ വർഷം വിതരണം ചെയ്തിട്ടുള്ള കൈത്തറി യൂണിഫോമിന്റെയും എയ്ഡഡ് സ്കൂളുകൾക്ക് സൗജന്യ യൂണിഫോമിനായി വിതരണം ചെയ്ത തുകയുടെയും സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്ക് സൗജന്യ യൂണിഫോമിനായി വിതരണം ചെയ്ത തുകയുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* കാണാം. ഇത്തരത്തിൽ ആകെ 19,81,555 കുട്ടികൾക്കാണ് സൗജന്യ യൂണിഫോം അനുവദിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചത്. എസ്.എസ്.എ. മുഖേന സർക്കാർ സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും ബി.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും (ആകെ 755297 വിദ്യാർത്ഥികൾക്ക്) യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* കാണാവുന്നതാണ്. ആകെ 2736852 കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്.

(ബി) യൂണിഫോം വിതരണത്തിനായി എസ്.എസ്.എ. മുഖേന ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

രൂപ ലക്ഷത്തിൽ

| | |
|---|---|
| തിരുവനന്തപുരം | 391.22 |
| കൊല്ലം | 241.21 |
| പത്തനംതിട്ട | 63.45 |
| ആലപ്പുഴ | 154.66 |
| കോട്ടയം | 71.04 |
| ഇടുക്കി | 84.90 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| എറണാകുളം | 134.97 |
| തൃശ്ശൂർ | 145.50 |
| പാലക്കാട് | 278.35 |
| മലപ്പുറം | 647.96 |
| കോഴിക്കോട് | 278.32 |
| വയനാട് | 157.38 |
| കണ്ണൂർ | 153.20 |
| കാസർഗോഡ് | 219.00 |
| ആകെ | 3021.19 |

പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന 100,71,45,642/- (നൂറ് കോടി എഴുപത്തി ഒന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അറുനൂറ്റി നാൽപ്പത്തിരണ്ട് രൂപ) ഇതിനായി ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* കാണാം. ആകെ 130,92,64,642 രൂപ (നൂറ്റിമുപ്പത് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി അറുപത്തിനാലായിരത്തി അറുനൂറ്റിനാൽപത്തിരണ്ട് രൂപ) ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

**മൂക്കർനിക്കര ഗവ. യു.പി. സ്കൂൾ സംരക്ഷണം**

187 (2758) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ മൂക്കർനിക്കര ഗവ. യു.പി. സ്കൂൾ 100 വർഷം പൂർത്തിയാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മൂന്നാമത്തെ സ്കീമിൽ പ്രസ്തുത സ്കൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്കൂളിന്റെ മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ ഇതുവരെ ലഭ്യമായിട്ടില്ല. ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

**മാനേജ്മെന്റ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പുനർനിയമനം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

188 (2759) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ ലീവ് വേക്കൻസിയിൽ ദീർഘകാലം തുടർച്ചയായ സേവനം അനുഷ്ഠിക്കുകയും ലീവ് കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് പുറത്തുപോകേണ്ടിവരുകയും ചെയ്യുന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ പുനർനിയമനം സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെ.ഇ.ആർ. ചാപ്റ്റർ 14A സെക്ഷൻ 51A-യിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് WA-140/2007 എന്ന കേസിൽ പുറപ്പെടുവിച്ച തീർപ്പിന്റെ അടിസ്ഥാനത്തിൽ, ഇപ്രകാരം സേവനം അനുഷ്ഠിച്ച് പുനർനിയമനത്തിന് അവകാശമുള്ള ഹയർ സെക്കണ്ടറി വിഭാഗത്തിലെ അദ്ധ്യാപകർ ജോലി നഷ്ടപ്പെട്ട് പുറത്ത് നിൽക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് കീഴിൽ തുടർന്നുണ്ടാകുന്ന ഗസ്റ്റ് ഫാക്കൽറ്റി, ഡെയിലി വേജസ് എന്നീ ഒഴിവുകളിലേക്ക് അവരെ പരിഗണിക്കാതെ പുതുതായി ഗസ്റ്റ് അദ്ധ്യാപകരെയും ഡെയിലി വേജസ് അദ്ധ്യാപകരെയും നിയമിക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് കീഴിൽ തുടർന്നുണ്ടാകുന്ന ഗസ്റ്റ് ഫാക്കൽറ്റി, ഡെയിലി വേജസ് എന്നീ ഒഴിവുകളിലേക്ക് പുറത്ത് പോകേണ്ടിവന്ന അദ്ധ്യാപകർക്ക് മുൻഗണന നൽകി ആദ്യമേതന്നെ പരിഗണിക്കണമെന്ന് മേൽപ്പറഞ്ഞ WA-140/2007 എന്ന കേസിൽ പുറപ്പെടുവിച്ച തീർപ്പിന്റെ അടിസ്ഥാനത്തിൽ ആയത് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പരീക്ഷാഭവൻ ഡിജിറ്റൽ സംവിധാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി**

189 (2760) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവൻ ഡിജിറ്റൽ സംവിധാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എസ്.എസ്.എൽ.സി. ബുക്കുകളിൽ പേരുവ്യത്യാസം, മാതാപിതാക്കളുടെ പേരിലെ വ്യത്യാസം, ജനനത്തീയതി തിരുത്തൽ തുടങ്ങിയവ ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ഉപയോഗിക്കാവുന്ന തരത്തിൽ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ പരിശോധിക്കുവാനും നടപടി സ്വീകരിക്കുവാനും എത്ര അപേക്ഷകൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പരീക്ഷാഭവനിൽ പൗരാവകാശരേഖ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പരീക്ഷാഭവൻ ഡിജിറ്റൽ സംവിധാനത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. വിവിധ പരീക്ഷകളുടെ അപേക്ഷ സ്വീകരിക്കുന്നത് ഡിജിറ്റൽ സംവിധാനം ഉപയോഗിച്ചിട്ടാണ്. കൂടാതെ പരീക്ഷാ ഭവനിലെ റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) എസ്.എസ്.എൽ.സി. ബുക്കുകളിൽ പേര് വ്യത്യാസം, മാതാ പിതാക്കളുടെ പേരിലെ വ്യത്യാസം, ജനനത്തീയതി തിരുത്തൽ തുടങ്ങിയ നടപടിക്രമങ്ങൾ ഓൺലൈൻ സംവിധാനത്തിൽ ആക്കുന്നതിനുള്ള ആലോചനകൾ നടന്നുവരുന്നു.

(സി) എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകളുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ പൗരാവകാശ രേഖപ്രകാരമുള്ള സമയപരിധിയിൽ തീർപ്പാക്കി നൽകാറുണ്ട്. അടിയന്തര പ്രാധാന്യമുള്ളവ (വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ) വളരെ വേഗത്തിൽ തീർപ്പാക്കി നൽകുന്നു.

(ഡി) പരീക്ഷാഭവനിൽ പൗരാവകാശ രേഖ നിലവിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ഹൈസ്കൂൾ ക്ലാസ്സുകൾ ഹൈടെക് ആക്കുന്ന പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

190 (2761) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ ക്ലാസ്സുകൾ ഹൈടെക് ആക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിനു സ്വീകരിക്കുന്ന മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്ക് 2016-17-ൽ എന്തു തുക ചെലവഴിച്ച എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എട്ട് മുതൽ പന്ത്രണ്ടുവരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നാൽപത്തയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി. ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, പുതുക്കാട് കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി 493.5 കോടിയുടെ പ്രൊപ്പോസലിന് 'കിഫ്ബി'-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ ഐ.ടി.@സ്കൂളിനെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾ സജ്ജമാക്കിയ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനും ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലേക്ക് ഐ.ടി. ഉപകരണങ്ങൾ വിതരണം നടത്തുന്നതിന് മുമ്പ് ക്ലാസ് മുറികൾ സജ്ജമാക്കിയത് സംബന്ധിച്ച പരിശോധന നടത്തുന്നതിന് ഐ.ടി.@ സ്കൂൾ പ്രോജക്ടിന്റെ മാസ്റ്റർ ട്രെയിനർമാർ നേരിട്ട് സ്കൂൾ സന്ദർശനം നടത്തുന്നുണ്ട്. പൈലറ്റ് പദ്ധതി പൂർത്തിയാക്കിയ മണ്ഡലങ്ങൾക്കു പുറമെയുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ്സുകളിലേയ്ക്ക് ഉപകരണ വിതരണവും മറ്റ് പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കുന്നതാണ്.

(ബി) ഹൈടെക്സ്കൂൾ പദ്ധതിയിൽ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള

എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശാനുസരണം ക്ലാസ് മുറികൾ സജ്ജീകരിക്കുന്ന എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, സ്കൂളുകളും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

(സി) ഈ പദ്ധതിക്കായി പൈലറ്റ് ഇനത്തിൽ ഐ.ടി.@സ്കൂളിന്റെ ഫണ്ടിൽ നിന്നും 8 കോടി രൂപയും കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുള്ള തുകയിൽനിന്നും 1.21 കോടി രൂപയും ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

## മക്കരപറമ്പ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റൽ

191 (2762) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുള്ള മക്കരപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് കിറ്റ്കോ തയ്യാറാക്കിയ പ്രൊപ്പോസൽ (ഡി.പി.ആർ.) കിഫ്ബിയിൽ അംഗീകാരത്തിനായി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആദ്യഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ' പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് 'കിറ്റ്കോ' തയ്യാറാക്കിയിട്ടുള്ള മക്കരപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിന് അനുമതിക്കായി 'കിഫ്ബി'-ക്ക് സമർപ്പിച്ചിട്ടുണ്ട്. ധനസഹായത്തിനായി കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത സ്കൂളിനായി തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യകത മുൻനിർത്തി മുൻഗണനാക്രമത്തിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

## വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

192 (2763) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് ദേവികുളം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എതെല്ലാം സ്കൂളുകൾ ആണെന്ന വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് ദേവികുളം നിയോജകമണ്ഡലത്തിലെ കുഞ്ചിത്തണ്ണി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) വിശദമായ പ്രോജക്ട് തയ്യാറാക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകി ധനസഹായത്തിനുള്ള അനുമതിക്കായി കിഫ്ബി മുമ്പാകെ സമർപ്പിക്കുന്നതും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതുമാണ്.

## ഹയർ സെക്കണ്ടറി മേഖല നേരിടുന്ന പ്രശ്നങ്ങൾ

193 (2764) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പല സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപക തസ്തികകൾ ഇല്ലാത്തത് പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നുള്ള കാര്യം പരിശോധിക്കുമോ;

(സി) അദ്ധ്യാപക തസ്തിക ക്രിയേറ്റ് ചെയ്യുന്ന ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഹയർസെക്കണ്ടറി മേഖലയിൽ സ്ഥിരമായി അദ്ധ്യാപകരില്ലാത്ത പ്രശ്നം കുട്ടികളെയും രക്ഷിതാക്കളെയും ആശങ്കയിലാക്കുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ; തസ്തിക അനുവദിച്ചുകൊണ്ടുള്ള ഫയലിൽ ഉടൻ ഉത്തരവ് ഇറക്കുമോ?

ഉത്തരം

(എ-ഡി) ഹയർ സെക്കണ്ടറി മേഖലയിൽ മുൻ സർക്കാർ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ബാച്ചുകൾക്കും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2014-15 അദ്ധ്യയന വർഷം പുതുതായി അനുവദിച്ച സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചുകളിലും 24-6-2017-ലെ സ.ഉ.(കൈ) നമ്പർ 61/17/പൊ.വി.വ . നമ്പർ പ്രകാരം തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2014-15 അദ്ധ്യയന വർഷം അനുവദിച്ച പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചുകളിലും തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**നങ്ങ്യാർകുളങ്ങര സർക്കാർ യു.പി.എസ്.-ന് ശതാബ്ദി സ്മാരക കെട്ടിടം**

194 (2765) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നങ്ങ്യാർകുളങ്ങര സർക്കാർ യു.പി.എസിന് ശതാബ്ദി സ്മാരക കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (സി.ഇ./ബി.എൽ./പി.എൽ.ഐ./ എ.എൽ.പി.വൈ/3463/15 തീയതി 14-3-2016) കത്ത് മുഖാന്തിരം പൊതു വിദ്യഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുള്ള എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേക്ക് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത എസ്റ്റിമേറ്റിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ എൽ.ഡി. ക്ലാർക്ക് തസ്തിക

195 (2766) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ എൽ.ഡി. ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ;

(ബി) ഹയസെക്കണ്ടറി വിദ്യാലയങ്ങളിൽ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന അനദ്ധ്യാപകജീവനക്കാരാണ് നിലവിൽ പ്രവൃത്തിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) എല്ലാ ഹയർസെക്കണ്ടറി വിദ്യാലയങ്ങളിലും ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ടോ; വിദ്യാലയങ്ങളിൽ ലൈബ്രേറിയൻ തസ്തിക അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലെ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിനാവശ്യമായ ക്ലാർക്ക് തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാംകുമാർ മുതൽപേർ ഫയൽ ചെയ്ത WP(C) No. 29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതു വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ 220/2015/ പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിട്ടുണ്ട്.

(ബി) ലാബ് അസിസ്റ്റന്റ് തസ്തികകൾ മാത്രമേ അനദ്ധ്യാപക ജീവനക്കാരായി നിലവിൽ പ്രവർത്തിക്കുന്നുള്ളൂ.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാംകുമാർ മുതൽപേർ ഫയൽ ചെയ്ത WP(C) No. 29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതു വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലർക്ക്, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം

196 (2767) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ സ്ഥലം മാറ്റത്തെത്തുടർന്ന് പല സ്കൂളുകളിലും രണ്ട് പ്രിൻസിപ്പൽമാർ തുടരുന്നത് കൊണ്ട് അധ്യയനം അവതാളത്തിലാണെന്ന സ്ഥിതിവിശേഷത്തിനു കാരണമെന്താണെന്ന് വ്യക്തമാക്കാമോ; എത്ര അദ്ധ്യാപകരെയാണു ഇക്കുറി സ്ഥലം മാറ്റിയതെന്ന് വ്യക്തമാക്കാമോ;

(ബി) ചില സ്കൂളുകളിൽനിന്ന് സ്ഥലംമാറ്റിയ പ്രിൻസിപ്പൽമാർ പുതിയ സ്കൂളുകളിലെത്തിയപ്പോൾ അവിടങ്ങളിൽ പ്രിൻസിപ്പൽമാരെ മാറ്റിയിരുന്നില്ലെന്നതും മാറിവന്ന പ്രിൻസിപ്പൽമാർ ട്രിബ്യൂണലിൽ പരാതി നൽകിയെന്നതും ശരിയാണോ;

(സി) എട്ടു വർഷം പ്രിൻസിപ്പൽമാരായി പ്രവർത്തിച്ചവർ ഇപ്പോൾ അദ്ധ്യാപകരായി മാറിയ സ്ഥിതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിന് സർക്കാർ കാണുന്ന പരിഹാരമാർഗ്ഗങ്ങൾ എന്താണ്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 127 പ്രിൻസിപ്പൽമാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ, സ്ഥലംമാറ്റ ഉത്തരവുകളിൽ ഇപ്രകാരം ചില അപാകങ്ങൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, ചില പ്രിൻസിപ്പൽമാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള അപാകങ്ങൾ പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല.

## ഭിന്നശേഷിക്കാരായ കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർ

197 (2768) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളെ പഠിപ്പിക്കുന്നതിന് എസ്.എസ്.എ.-യുടെ കീഴിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ നിയമനം എപ്രകാരമാണ്; ഇവരിൽ 13 വർഷമായി താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്നവരുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എസ്.എ.-യിൽ 1106 റിസോഴ്സ് അദ്ധ്യാപകർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 795 അദ്ധ്യാപകരുടെ തസ്തികയാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. ബാക്കിയുള്ളവ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് പ്രത്യേക അനുമതിയോടെയാണ് നടത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത അദ്ധ്യാപകരുടെ നിയമനം കരാറടിസ്ഥാനത്തിലുള്ളതാണ്. ഇവരിൽ 13 വർഷമായി താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നവരുണ്ട്. എന്നാൽ 13 വർഷ കാലയളവ് തുടർച്ചയായുള്ള സേവനകാലമല്ല.

(സി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ/ വ്യവസ്ഥകൾ പ്രകാരം ടി അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനാണ് അനുമതിയുള്ളത്. കൂടാതെ താത്കാലിക/കരാർ നിയമനം നൽകിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തരുതെന്നുള്ള സുപ്രീംകോടതി ഉത്തരവും നിലവിലുണ്ട്.

## ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി

198 (2769) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരും, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുമായ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകുന്നത്;

(സി) ഇത്തരം സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച് മുൻ സർക്കാറിന്റെ തീരുമാനം നടപ്പിലാക്കുന്നതിന് ഇത്ര കാലതാമസം ഉണ്ടായതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മാനസിക വെല്ലുവിളികൾ നേരിടുന്ന 100 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 33 സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട് 9-2-2016-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള കാലയളവിൽ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവുകൾ മന്ത്രിസഭാ ഉപസമിതി പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ സ്പെഷ്യൽ റൂൾസ്, സാമ്പത്തിക ബാധ്യത തുടങ്ങിയ വിഷയങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചു വരികയാണ്.

## ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിനായി അദ്ധ്യാപക നിയമനം

199 (2770) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന പിന്തുണയ്ക്കായി എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പ്രോജക്ടുകളിലൂടെ അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ടോ; മുൻപ് നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര അധ്യാപകരെ നിയമിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ഈ നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; 1:5 അനുപാതത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ആർ.എം.എസ്.എ. സ്കൂളുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ സ്കൂളിലും എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ;

(ഡി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ആർ.എം.എസ്.എ. സ്കൂളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.ഐ.ഇ.റ്റി., ഡിജിറ്റൽ ടെക്സ്റ്റ് നിർമ്മാണത്തിനായി എത്ര രൂപ ചെലവഴിച്ചെന്നും അതിനുള്ള പണം കണ്ടെത്തിയത് ഏത് പ്രോജക്ടിൽ നിന്നാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്, കുറവുവരുത്തിയിട്ടില്ല.

(ബി) നിലവിൽ എസ്.എസ്.എ. മുഖേന 1106 റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അദ്ധ്യാപക നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ ഇവയാണ്.

1. ടി.ടി.സി./ബി.എഡ്., സ്പെഷ്യൽ എഡ്യുക്കേഷൻ ഡിപ്ലോമ/ഡിഗ്രി എന്നിവ ഉള്ളവർക്കാണ് പ്രഥമ പരിഗണന.

2. സ്പെഷ്യൽ എഡ്യുക്കേഷൻ ഡിപ്ലോമ/ഡിഗ്രി എന്നിവ ഉള്ളവരെ പരിഗണിക്കുന്നു.

3. എക്സ്പീരിയൻസ്.

4. കാറ്റഗറിക്കൽ റൊട്ടേഷൻ.

5. എസ്.എസ്.എ.-യിൽ ബി.ആർ.സി. തലത്തിലാണ് നിയമനങ്ങൾ നടത്തുന്നത്.

ആർ.എം.എസ്.എ.-ക്ക് 865 റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുവാൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചതിൽ 707 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന 156 അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അദ്ധ്യാപക നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ അനുബന്ധം1* ആയി ചേർത്തിരിക്കുന്നു. സംസ്ഥാനത്തെ സ്കൂളുകളിൽ ഇരുപതിനായിരത്തിലേറെ ഭിന്നശേഷിക്കാരായ കുട്ടികൾ നിലവിലുണ്ട്. ഇവർക്ക് 1:5 അനുപാതത്തിൽ അദ്ധ്യാപകരെ നിയമിക്കണമെങ്കിൽ അയ്യായിരത്തിലേറെ അദ്ധ്യാപകർ ആവശ്യമായിവരും. നിലവിൽ 865 അദ്ധ്യാപകർക്കുള്ള ഫണ്ട് മാത്രമെ ആർ.എം.എസ്.എ.-ക്ക് അനുവദിച്ചിട്ടുള്ളൂ.

(സി) സംസ്ഥാനത്തെ 220 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾക്ക് മേജർ റിപ്പെയറിംഗിനായി എം.എച്ച്.ആർ.ഡി.-യിൽ നിന്ന് അനുവദിച്ച മുഴുവൻ തുകയും ആർ.എം.എസ്.എ.-യിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 953 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകളുടെ ശാക്തീകരണത്തിന് എം.എച്ച്.ആർ.ഡി.-യിൽ നിന്ന് 2010-11, 2011-12 വർഷങ്ങളിൽ അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ 442 സ്കൂളുകളുടെ ശാക്തീകരണത്തിന് (സയൻസ് ലാബ്, കമ്പ്യൂട്ടർ റൂം, ആർട്ട് റൂം, ലൈബ്രറി, അഡീഷണൽ ക്ലാസ്സ് റൂം) 50% തുക ആർ.എം.എസ്.എ.-യിൽ നിന്ന് ഈ വർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ 583 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിന് 1 ലക്ഷം രൂപ വീതവും, 214 ഗവൺമെന്റ് സെക്കണ്ടറി സ്കൂളുകൾക്ക് കുടിവെള്ള സൗകര്യത്തിന് 50,000 രൂപ വീതവും ആർ.എം.എസ്.എ.-യിൽ നിന്ന് അനുവദിച്ചു.

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ആർ.എം.എസ്.എ. സ്കൂളായ ജി.എച്ച്.എസ്. വൻമുഖത്തിന് സ്കൂൾ ഗ്രാന്റ് ഇനത്തിൽ 50,000 രൂപയും, സെൽഫ് ഡിഫെൻസിനായി 9,000 രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആർ.എം.എസ്.എ. യിൽ നിന്ന് 58.12 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഇതിൽ ആദ്യ ഗഡുവായി ഇരുപത് ലക്ഷം രൂപ ഈ വർഷം ആർ.എം.എസ്.എ.-യിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) ഡിജിറ്റൽ ടെക്സ്റ്റ് നിർമ്മാണത്തിനായി SIET മുഖേന തുകയൊന്നും ചെലവഴിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി

200 (2771) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. റ്റി. വി. രാജേഷ് :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളും പഠനരീതിയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ആക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) വിദ്യാഭ്യാസരംഗത്ത് ഇപ്രകാരമുള്ള സമഗ്രമായ മാറ്റം കൊണ്ടു വരുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെയും സമ്പൂർണ്ണ സഹകരണം ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും 'കിഫ്ബി' ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗീകൃത ഏജൻസികളിൽ നിന്നും EoI (Expression of Interest) ക്ഷണിച്ചിട്ടുണ്ട്. കൂടാതെ അടുത്ത ഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 76 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്കൂളുകളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ധനസഹായത്തിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

ഹൈസ്കൂൾ, ഹയർസെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക എന്ന രണ്ടാമത്തെ ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ ഐറ്റി@സ്കൂൾ മുഖേന പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ ഭാഗമായി 2016-17 അദ്ധ്യയന വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി

നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൈലറ്റായി ആരംഭിക്കുകയും അവ നടപ്പിലാക്കുകയും ചെയ്തു. ബാക്കിയുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

മൂന്നാമത്തെ ഉപഘടകമായ എൽ.പി., യു.പി. ക്ലാസുകളുടെ പ്രസക്തി വീണ്ടെടുക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടപടി പുരോഗമിക്കുന്നു.

50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനുള്ള സ്കൂൾ തെരഞ്ഞെടുപ്പ് നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലായി 1200 സ്കൂളുകളിൽ 300 ലക്ഷം രൂപ വിനിയോഗിച്ച് ജൈവ വൈവിധ്യ ഉദ്യാനം സ്ഥാപിക്കുന്നതിനും ഏഴ് കോടി രൂപ വിനിയോഗിച്ച് 14 ഓട്ടിസം പാർക്കുകൾ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ജൈവ വൈവിധ്യ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുടെ ആദ്യഘട്ടമായി 761 സ്കൂളുകൾക്ക് 10,000 രൂപ വീതം അനുവദിച്ചു.

മികച്ച പഠനരീതി ലക്ഷ്യമിട്ടുകൊണ്ട് അക്കാദമിക രംഗത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- ഒന്നുമുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠന പ്രയാസങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ബേസ് ലൈൻ അച്ചീവ്മെന്റ് സർവ്വെ നടത്തി പ്രയാസകരമായ മേഖലകൾ കണ്ടെത്തി പരിഹാര ബോധനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി.

- നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനും ശിശു കേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി.

- സൂക്ഷ്മതല പാഠാസൂത്രണവും അനുബന്ധ സാമഗ്രികളും ഡിജിറ്റൽ വിഭവങ്ങളും എല്ലാ ക്ലാസുകളിലെയും എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനായി ഐറ്റി@സ്കൂളുമായി ചേർന്ന് സമഗ്ര പോർട്ടൽ ആരംഭിച്ചു.

- മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിന്റെ ഭാഗമായി 'ചോദ്യജാലകം' എന്ന സോഫ്റ്റ്‌വെയർ തുടങ്ങി എല്ലാ അദ്ധ്യാപകർക്കും ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യാനുള്ള സംവിധാനം ഒരുക്കി.

ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) 8 മുതൽ 12 വരെ ക്ലാസ്സുകളിലുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ 125 വിദ്യാലയങ്ങളിലും തിരുവനന്തപുരം, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽനിന്ന് തെരഞ്ഞെടുത്ത 7 സർക്കാർ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിലുമായി 1445 ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കി. മറ്റ് മണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

(സി) വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെയും സമ്പൂർണ്ണ സഹകരണം ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടി ചുവടെ ചേർക്കുന്നു:

1. ഹൈടെക് സ്കൂൾപദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ അതാത് സ്കൂളുകൾ സജ്ജീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഹൈടെക് ആക്കുന്നതിന് ക്ലാസ് മുറികൾ സുരക്ഷിതമാക്കുക, ടൈൽ പാകിയ തറ, സീലിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെൽഫ് തുടങ്ങിയ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന സ്കൂളുകളെ മുൻഗണനാ ക്രമത്തിൽ പദ്ധതി നിർവ്വഹണത്തിന് പരിഗണിക്കും.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ, അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകൾ തുടങ്ങിയവയുടെ സഹായം, സ്കൂളുകളിലെ പി.ഡി.അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെയുള്ള തുക തുടങ്ങിയവ ക്ലാസ് മുറികൾ സജ്ജീകരിക്കുന്നതിനായി ഉപയോഗപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

3. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായുള്ള മൂന്നാമത്തെ പദ്ധതിയിൻ കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്.

## പൊതുവിദ്യാലയങ്ങളിലെ പി.റ്റി.എ. കമ്മിറ്റികളുടെ ചുമതലകൾ

201 (2772) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ പി. റ്റി. എ. കമ്മിറ്റികളുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സ്കൂളുകൾ മെച്ചപ്പെടുത്താൻ പി. റ്റി. എ. കമ്മിറ്റികൾ നടത്തേണ്ട പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) പൊതുവിദ്യാലയങ്ങളിൽ പി. റ്റി. എ. കമ്മിറ്റിക്കുള്ള അധികാരങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) സ്കൂളിന്റെ സർവതോന്മുഖമായ വികസനത്തിനാവശ്യമായ ജനകീയാടിത്തറ സൃഷ്ടിക്കുക എന്നതാണ് അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ പരമപ്രധാന ചുമതല. സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ പുരോഗതി മുൻനിർത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും സ്കൂൾ അധികൃതരുടെ സഹായത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നത് ഈ സമിതികളാണ്.

(ബി) സ്കൂളിന്റെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതാണ് അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ എന്നതിനാൽ സമിതി ജനറൽ ബോഡിയിലോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ പ്രസ്തുത ലക്ഷ്യം മുൻനിർത്തി തീരുമാനിക്കുന്ന പ്രവർത്തനങ്ങളെല്ലാം പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള ഉത്തരവാദിത്തം സമിതിക്കുണ്ട്. കുട്ടികളുടെ മാനസികവും, ബൗദ്ധികവും ശാരീരികവുമായ വളർച്ചയ്ക്കുവേണ്ടി ഫലപ്രദമായ അദ്ധ്യാപക-രക്ഷാകർതൃ സഹകരണം ഉറപ്പാക്കുക, സ്കൂളിന്റെ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് അധികൃതരുടെ സഹായത്തോടെ നടപ്പാക്കുക തുടങ്ങി സ്കൂളിന്റെ അക്കാദമികവും ഭൗതികവുമായ പുരോഗതിക്കാവശ്യമായ ഏത് പ്രവർത്തനങ്ങളും പി.റ്റി.എ. കമ്മിറ്റികളുടെ നേതൃത്വത്തിൽ നടപ്പാക്കാവുന്നതാണ്.

(സി) സ്കൂളിന്റെ സർവതോന്മുഖമായ പുരോഗതിക്കാവശ്യമായ കാര്യങ്ങൾ പി.റ്റി.എ ജനറൽ ബോഡിയിലോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ ചർച്ച ചെയ്ത് തീരുമാനിച്ച് അവ നടപ്പാക്കുന്നതിനുള്ള അധികാരാവകാശങ്ങൾ പി.റ്റി.എ. കമ്മിറ്റികൾക്കുണ്ട്.

## പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ

202 (2773) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പൊതു വിദ്യാലയങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്ലാവൂർ എച്ച്.എസ്., കുളത്തുമ്മൽ എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ ഇതിനായി സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ആയതിന്റെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പരിഗണിച്ചിട്ടുള്ള പ്ലാവൂർ ഗവ. ഹൈസ്കൂളിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. മേൽ പദ്ധതി പ്രകാരം ഭൗതിക സാഹചര്യ വികസനത്തിനായുള്ള ആദ്യഘട്ട ലിസ്റ്റിൽ കുളത്തുമ്മൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് ഉൾപ്പെട്ടിട്ടില്ല. ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായത്തിനായുള്ള കിഫ്ബിയുടെ അനുമതി ലഭ്യമാക്കിയശേഷം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കായി നടത്തിയ ക്ലസ്റ്റർതല പരിശീലനം

203 (2774) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ പഠന മികവ് ഉയർത്തുന്നതിനും സാങ്കേതിക വിദ്യയുടെ സഹായത്തോടെ പാഠ്യപദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി അദ്ധ്യാപകർക്കായി നടത്തിയ ക്ലസ്റ്റർതല പരിശീലനത്തിൽ എത്ര അദ്ധ്യാപകരാണ് പങ്കെടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കാത്ത എത്ര അദ്ധ്യാപകർ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പുതിയ പാഠ്യപദ്ധതി പ്രകാരമുള്ള പരിശീലനങ്ങളിൽ പങ്കെടുക്കാതെ കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാറുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇത്തരം പരിശീലനങ്ങളിൽ (ക്ലസ്റ്റർ) സ്ഥിരമായി പങ്കെടുക്കാത്തവരുണ്ടോ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ഓഫീസുകളിൽനിന്നും ശേഖരിച്ച കണക്കുപ്രകാരം ക്ലസ്റ്റർതല പരിശീലനത്തിൽ 73132 അദ്ധ്യാപകർ പങ്കെടുത്തിട്ടുണ്ട്.

(ബി) പരിശീലനത്തിൽ 24077 അദ്ധ്യാപകർ പങ്കെടുക്കാനുള്ളതായി കാണുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(സി) ഇതുവരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ പ്രൊബേഷൻ

204 (2775) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിലെ ജീവനക്കാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ പെണ്ണുക്കര ഗവൺമെന്റ് യു,പി.എസ്സിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി റസ്സീന. എഫ്.-ന്റെ പ്രൊബേഷൻ പ്രഖ്യാപനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പി.എസ്.സി. വെരിഫിക്കേഷനും, പോലീസ് ക്ലിയറൻസും അതാത് കാര്യാലയങ്ങളിൽനിന്നും അയച്ചിട്ടും ശ്രീമതി റസ്സീന. എഫ്.-ന്റെ പ്രൊബേഷൻ പ്രഖ്യാപനം വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) ഇവരുടെ പ്രൊബേഷൻ എന്നു പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെങ്ങന്നൂർ പെണ്ണുക്കര ഗവൺമെന്റ് യു.പി.എസ്സിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി റസ്സീന. എഫ്.-ന്റെ പി.എസ്.സി. വെരിഫിക്കേഷൻ റിപ്പോർട്ട് നഷ്ടപ്പെട്ടതിനാലാണ് പ്രൊബേഷൻ പ്രഖ്യാപനം വൈകുന്നത്.

(സി&ഡി) ശ്രീമതി റസ്സീന. എഫ്.-ന്റെ പി.എസ്.സി. വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ പകർപ്പ് പി.എസ്.സി. ജില്ലാ ഓഫീസറിൽനിന്നും ലഭിച്ചാലുടൻ തന്നെ പ്രൊബേഷൻ പൂർത്തിയാക്കലിന്റെ പ്രഖ്യാപനം നടത്തുന്നതാണ്.

**പൊതുവിദ്യാഭ്യാസ സംരക്ഷണം**

205 (2776) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായിട്ടുള്ള മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത സ്കൂളുകളുടെ പ്രവർത്തനത്തിനുള്ള ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഈ വർഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന 141 സ്കൂളുകളിൽ 113 സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിന് ഭരണാനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ആദ്യഘട്ടത്തിൽ പരിഗണിക്കുന്ന 37 സ്കൂളുകളുടെ പദ്ധതി നിർവ്വഹണത്തിനായുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള അനുമതി കിഫ്ബി മുഖേന ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ഈ വർഷം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുക.

2. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

3. ലൈബ്രറി, ലബോറട്ടറി നവീകരണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കുക.

4. അക്കാദമിക മികവ് കൈവരിക്കുന്നതിന് അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക

5. ഐറ്റി@സ്കൂളുമായി ചേർന്ന് സമഗ്ര പോർട്ടലിൽ ആസൂത്രണ മാതൃകകളും ഡിജിറ്റൽ വിഭവങ്ങളും ലഭ്യമാക്കുക.

## പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

206 (2777) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; 1-6-2011 മുതൽ 30-6-2017 വരെയുള്ള ഓരോ വിദ്യാഭ്യാസ വർഷങ്ങളിലും പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശം സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് വിദ്യാഭ്യാസ ജില്ലാഅടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിലേയ്ക്കായി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ മാർഗ്ഗരേഖ' തയ്യാറാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

- സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്കരിക്കൽ
- അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് അനുയോജ്യമായ പഠന-ബോധന തന്ത്രങ്ങൾ ആവിഷ്കരിക്കൽ
- പ്രീ-സ്കൂൾ വിദ്യാഭ്യാസം കാലോചിതമായി മെച്ചപ്പെടുത്തി ഔപചാരിക വിദ്യാഭ്യാസത്തിനായി കുട്ടികളെ തയ്യാറാക്കൽ
- സ്കൂൾ ലൈബ്രറികൾ, ലബോറട്ടറികൾ, കമ്പ്യൂട്ടർ ലാബുകൾ എന്നിവ ആധുനികവത്കരിക്കൽ

• ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ജൈവവൈവിധ്യ ഉദ്യാനം സജ്ജമാക്കൽ

• പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിപാടികൾ

• ജനാധിപത്യപരവും അർത്ഥപൂർണ്ണവുമായ വിദ്യാഭ്യാസ രീതി പരിപാടി നടപ്പാക്കൽ.

• പ്ലാസ്റ്റിക് മുക്ത, ലഹരിമുക്ത, ക്ലീൻ ക്യാമ്പസ് പരിപാടി നടപ്പാക്കൽ.

• ഐ.സി.റ്റി. സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി പഠന ബോധന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജമാക്കൽ.

• ഓരോ സ്കൂളിന്റെയും ഉന്നമനത്തിനായി 'വിദ്യാഭ്യാസ വികസനരേഖ' തയ്യാറാക്കൽ.

• നിലവാരമുള്ള അദ്ധ്യാപക പരിശീലന പരിപാടികൾ ആവിഷ്കരിച്ച നടപ്പാക്കൽ.

• സമഗ്ര വെബ്പോർട്ടലിനായി സമഗ്രാസൂത്രണരേഖ, സൂക്ഷ്മതലാസൂത്രണം, ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കൽ എന്നിവയാണ് അവയിൽ ചിലത്.

മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ ജൂൺ മാസം മുതൽ തന്നെ നടപ്പിലാക്കുകയും വിവിധ ഏജൻസികളുടെ ഏകോപനത്തോടുകൂടി കർമ്മപരിപാടികൾ ആവിഷ്കരിച്ച വരികയും ചെയ്യുന്നു.

പഠന നിലവാരം ഉയർത്തുന്നതിനുള്ള പഠന രീതികളിൽ നൂതനത്വം കൈവരുത്തുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം പരിശോധിക്കുന്നതിന് 'ബെയ്സ് ലൈൻ സ്റ്റഡി' നടത്തി വരുന്നു. ഇതിനനുസൃതമായി പഠന ബോധന രീതികൾ പുനരാവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. ലൈബ്രറി, ലബോറട്ടറികൾ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവ ശക്തിപ്പെടുത്തി പഠന ബോധന പ്രക്രിയ നവീകരിച്ചിട്ടുണ്ട്. ഐ.സി.റ്റി. അധിഷ്ഠിത പഠനം ഫലപ്രദമായി നടപ്പാക്കുന്നതിന് ഐ.സി.റ്റി. അധിഷ്ഠിത കണ്ടന്റുകൾ, പ്രോഗ്രാമുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സർഗ്ഗപരമായ ശേഷികൾ വികസിപ്പിക്കുന്നതിനും ആരോഗ്യ-കായിക-വിദ്യാഭ്യാസം ശക്തി പ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ക്ലാസ്റൂം വിനിമയം ശക്തമാക്കുന്നതിന് അദ്ധ്യാപക പരിശീലന പരിപാടികളിൽ കാലോചിത മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള സർക്കാർ/എയ്ഡഡ് മേഖലയിലെ ആകെ വിദ്യാർത്ഥികളുടെ എണ്ണം റവന്യൂ ജില്ലാടിസ്ഥാനത്തിൽ അനുബന്ധമായി *ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്ലസ് ടു, ഡിഗ്രി അഡ്മിഷനുകൾ

207 (2778) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികൾ (സ്റ്റേറ്റ്/CBSE/ICSE) എത്രയെന്നും എത്ര വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് പ്ലസ് 2 വിനും ഐ.ടി.ഐ. പോലുള്ള അനുബന്ധ കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചുവെന്നും പ്ലസ് 2 വിന്റെ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്ലസ് 2 പരീക്ഷയെഴുതി പാസ്സായ വിദ്യാർത്ഥികൾ (സ്റ്റേറ്റ്/CBSC/ISE ഉൾപ്പെടെ ഇനം തിരിച്ച്) എത്ര;ഇവരിൽ വിവിധ കോഴ്സുകൾക്കായി ഉപരിപഠനത്തിന് അഡ്മിഷൻ ലഭിച്ചവരെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്ലസ് 2 കഴിഞ്ഞവർക്ക് ഡിഗ്രി അഡ്മിഷന് സംസ്ഥാനത്തെ വിവിധ കോളേജുകളിലായി എത്ര സീറ്റുകൾ ഉണ്ടെന്നും (ഐച്ഛിക വിഷയം തരം തിരിച്ച്) ഇതിൽ എത്ര പേർക്ക് നാളിതുവരെ അഡ്മിഷൻ ലഭിച്ചു എന്നും എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 മാർച്ചിൽ 4,49,648 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി.-യും, 72,166 പേർ സി.ബി.എസ്.ഇ.-യും, 7,264 പേർ ഐ.സി.എസ്.ഇ. പരീക്ഷയും പാസ്സായിട്ടുണ്ട്.

ഹയർ സെക്കണ്ടറി പ്രവേശനം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. 27,715 പേർക്ക് വി.എച്ച്.എസ്.ഇ-ൽ ഒന്നാം വർഷ പ്രവേശനം ലഭിച്ചിട്ടുണ്ട്. 5,285 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

2017 വർഷത്തിൽ ഐ.ടി.ഐ.-കളിലെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.റ്റി.) അഫിലിയേറ്റഡ് ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി.) നിശ്ചയിച്ചിട്ടുള്ളത് 15-8-2017 ആണ്. ടി ട്രേഡുകളിലെ അഡ്മിഷൻ നടപടികൾ (MIS Portal-ലെ entry തുടങ്ങിയവ) അവസാനിക്കുന്നത് 31-8-2017-നാണ്. കൂടാതെ ഗവൺമെന്റ് ഐ.ടി.ഐ.-കളിൽ നിലവിലുള്ള സ്റ്റേറ്റ്

കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) ട്രേഡുകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതിയായി നിലവിൽ നിശ്ചയിച്ചിരിക്കുന്നത് 31-8-2017-നാണ്. ആയതിനാൽ മേൽ പരാമർശിച്ച നടപടികൾ പൂർത്തിയായ ശേഷം മാത്രമേ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളിൽ എത്ര പേർക്ക് ഐ.ടി.ഐ.-കളിൽ അഡ്മിഷൻ ലഭിച്ചു എന്ന വിവരം ലഭ്യമാവുകയുള്ളൂ.

വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ്, പ്രൈവറ്റ്, എസ്.സി.ഡി.ഡി., എസ്.ടി.ഡി.ഡി., ഐ.ടി.ഐ.-കളിൽ 2016 വർഷം ആകെ 24,259 കുട്ടികൾക്ക് പ്രവേശനം നൽകിയിരുന്നു.

12,438 പേർ വിവിധ കോഴ്സുകളിലായി 2017-18 അധ്യയന വർഷം പോളിടെക്നിക് കോളേജുകളിൽ 11-8-2017 വരെ പ്രവേശനം നേടിയിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി പാസ്സായവരുടെ വിവരം ശേഖരിച്ചുവരുന്നു. 23,983 വിദ്യാർത്ഥികൾ വി.എച്ച്.എസ്.ഇ. പരീക്ഷ പാസ്സായിട്ടുണ്ട്. സി.ബി.എസ്.ഇ.-യിൽ 33,334 പേരും, ഐ.എസ്.സി.-യിൽ 2,167 പേരും പരീക്ഷയെഴുതി പാസ്സായിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുന്നു.

## 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഡിജിറ്റൽ ക്ലാസ് റൂമുകളാക്കുന്ന പദ്ധതി

208 (2779) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസുകൾ ഡിജിറ്റൽ ക്ലാസ് റൂമുകൾ ആക്കുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിൽ ഏതൊക്കെ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് അനുവദിച്ചിട്ടുണ്ടെന്നും മറ്റുള്ള സ്കൂളുകളിൽ എന്നത്തേക്ക് സ്ഥാപിക്കാനാകുമെന്നും അറിയിക്കാമോ;

(സി) കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഏതാനും സ്കൂളുകൾ മോഡൽ സ്കൂളുകളായി ഉയർത്താൻ നിശ്ചയിച്ചതിന്റെ ഭാഗമായി നെയ്യാർ ഡാം സ്കൂളിനെ മോഡൽ സ്കൂളായി ഉയർത്തുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നാല്പത്തയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി.ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി 493.5 കോടി രൂപയുടെ പ്രൊപ്പോസലിന് 'കിഫ്ബി'-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളാ ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) എന്ന പേരിൽ ഐടി@സ്കൂളിനെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾ സജ്ജമാക്കിയ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനും ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളിലേക്ക് ഐ.ടി. ഉപകരണ വിതരണം നടത്തുന്നതിന് മുൻപ് ക്ലാസ് മുറികൾ സജ്ജമാക്കിയത് സംബന്ധിച്ച പരിശോധന നടത്തുന്നതിന് ഐടി@സ്കൂൾ പ്രോജക്ടിന്റെ മാസ്റ്റർ ട്രെയിനർമാർ നേരിട്ട് സ്കൂൾ സന്ദർശനം നടത്തുന്നുണ്ട്. പൈലറ്റ് പദ്ധതി പൂർത്തിയാക്കിയ മണ്ഡലങ്ങൾക്കുപരിയായുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ്സുകളിലേക്ക് ഉപകരണ വിതരണവും മറ്റ് പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ സ്കൂളിന്റെയും പങ്കാളിത്തത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂളുകളിൽ ഒരുക്കിയ സൗകര്യങ്ങളുടെ വിശദാംശം ഉൾപ്പെടുത്തുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾതല സർവ്വെയും ഐ.ടി. ഓഡിറ്റും നടത്തിയാണ് തുടർപ്രവർത്തനങ്ങൾ നടത്തുന്നത്. ക്ലാസ് മുറികൾ സജ്ജമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(സി) നെയ്യാർ ഡാം സ്കൂളിനെ മോഡൽ സ്കൂളായി ഉയർത്തുന്നതിനായി നിലവിൽ നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

## എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾ

209 (2780) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ.സി. പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിനുള്ള യോഗ്യത നേടുകയുണ്ടായി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(ബി) പ്ലസ് വൺ പ്രവേശനത്തിനുള്ള അവസാനഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിയ്ക്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(സി) ഉപരിപഠനത്തിന് യോഗ്യരായവരും എന്നാൽ പ്ലസ് വണ്ണിന് പ്രവേശനം ലഭിക്കാത്തവരുമായി നിരവധി വിദ്യാർത്ഥികൾ ഉള്ളപ്പോൾ സംസ്ഥാനത്ത് പ്ലസ് വണ്ണിന് വിവിധ കോമ്പിനേഷനുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2017 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ.സി. പരീക്ഷയിൽ 4,49,648 പേർ ഉപരിപഠനത്തിന് യോഗ്യത നേടുകയുണ്ടായി.

| | |
|---|---|
| തിരുവനന്തപുരം | 38470 |
| കൊല്ലം | 33268 |
| പത്തനംതിട്ട | 11927 |
| ആലപ്പുഴ | 25009 |
| കോട്ടയം | 21714 |
| ഇടുക്കി | 12920 |
| എറണാകുളം | 35661 |
| തൃശ്ശൂർ | 37808 |
| പാലക്കാട് | 41359 |
| മലപ്പുറം | 79196 |

| | |
|---|---|
| കോഴിക്കോട് | 45862 |
| വയനാട് | 11769 |
| കണ്ണൂർ | 35270 |
| കാസർഗോഡ് | 19415 |

(ബി) പ്ലസ് വൺ പ്രവേശനത്തിന് ഹയർ സെക്കണ്ടറിയിൽ 16-8-2017 വരെയുള്ള അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോൾ 3,78,282 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. അവസാനഘട്ട അഡ്മിഷൻ നടപടികൾ പുരോഗമിക്കുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 27,715 പേർക്ക് ഒന്നാം വർഷ പ്രവേശനം ലഭിച്ചു.

(സി) 2017-18 വർഷത്തെ പ്ലസ് വൺ പ്രവേശന നടപടിയുടെ തുടക്കത്തിൽ തന്നെ 20% മാർജിനൽ വർദ്ധനവ് സർക്കാർ/എയ്ഡഡ് മേഖലയിൽ അനുവദിച്ചിരുന്നു. ഇതിനുപുറമേ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകൾ ആവശ്യപ്പെടുന്നപക്ഷം 10% മാർജിനൽ വർദ്ധനവും അനുവദിച്ചിട്ടുണ്ട്. 10% മാർജിനൽ വർദ്ധനവിന്റെ ഫലമായി 2940 അധിക സീറ്റുകൾ വിവിധ കോമ്പിനേഷനുകളിലായി ലഭിച്ചിട്ടുണ്ട്.

**കാന്തല്ലൂർ ഐ.എച്ച്.ആർ.ഡി. കോളേജ്**

210 (2781) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ കാന്തല്ലൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് സർക്കാർ ആകെ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക എന്തിനെല്ലാം വേണ്ടിയാണെന്നുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ കാന്തല്ലൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് സർക്കാർ 65,88,522 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) തുക വിനിയോഗം സംബന്ധിച്ച വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടായ ദുരവസ്ഥ പരിഹരിക്കൽ

211 (2782) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന പ്രതിഫലമുള്ള തൊഴിൽ നേടുക എന്നതു മാത്രമാണ് ഉന്നത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന വിലയിരുത്തൽ ഈ മേഖലയിലുണ്ടാക്കിയ ദുരവസ്ഥ പരിഹരിക്കാനായി ഏതു വിധത്തിലുള്ള ഇടപെടലാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് യോഗ്യതയ്ക്ക് അനുസൃതമായ തൊഴിലോ പ്രതിഫലമോ ലഭിക്കാത്തതിന്റെ പരിണതഫലമായി സംസ്ഥാനത്ത് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പകുതിയോളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയും അതേ സമയം ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികൾക്കുപോലും ശാസ്ത്ര മാനവിക ബിരുദ വിഷയങ്ങളിൽ സീറ്റു ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം തിരുത്തുന്നതിന് എങ്ങനെ സാധ്യമാകും;

(സി) ഈ സാഹചര്യത്തിൽ ഇരുപതോളം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്ഥിര അഫിലിയേഷൻ നൽകാൻ സാങ്കേതികശാസ്ത്ര സർവ്വകലാശാല അധികൃതർ നീക്കം നടത്തുന്നുവെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിക്കുമോ?

### ഉത്തരം

(എ) ഉയർന്ന പ്രതിഫലം എന്നതിലുപരി സാമൂഹിക പ്രതിബദ്ധതയും തൊഴിൽ നൈപുണ്യവുമുള്ള എഞ്ചിനീയർമാരെ സൃഷ്ടിക്കാൻ ഉതകുംവിധമുള്ള പഠനക്രമങ്ങൾക്കും പ്രവർത്തനങ്ങൾക്കുമാണ് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രാധാന്യം നൽകിവരുന്നത്. അക്കാഡമിക് മികവിനോടൊപ്പം പ്രായോഗികതയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള ഇത്തരം പഠന സമ്പ്രദായം കഴിവുറ്റ യുവസമൂഹത്തെ സൃഷ്ടിക്കാൻ ഉപകരിക്കും. കൂടാതെ സംസ്ഥാനത്തെ സർവ്വകലാശാലകളേയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) അനാകർഷകമായ ചില കോഴ്സുകൾക്ക് പൊതുവെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പ്രവണത നിലവിലുണ്ട്. അത്തരം കോഴ്സുകൾ നിർത്തലാക്കി വിദ്യാർത്ഥികൾക്ക് താൽപ്പര്യമുള്ള മറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സൗകര്യം സർക്കാർ നൽകിയിട്ടുണ്ട്. ചില സ്ഥാപനങ്ങൾ ഈ സൗകര്യം ഉപയുക്തമാക്കി പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) സ്ഥിരം അഫിലിയേഷൻ അല്ലെങ്കിൽ സ്വയംഭരണശേഷിയുള്ള കോളേജുകളെ മാത്രമേ കേന്ദ്ര സർക്കാർ ഏജൻസികൾ ധനസഹായത്തിന് പരിഗണിക്കുകയുള്ളൂ. സംസ്ഥാനത്തെ സർക്കാർ കോളേജുകളടക്കമുള്ളവയ്ക്ക് സ്ഥിരം അഫിലിയേഷൻ ഉണ്ടായാൽ മാത്രമേ യു.ജി.സി. മുതലായ വകുപ്പുകളുടെ വിവിധ പദ്ധതികൾക്ക് അപേക്ഷിക്കുവാൻ കഴിയുകയുള്ളൂ. അതിനാൽത്തന്നെ NBA Accreditation ഉള്ള കോളേജുകൾക്ക് 5 വർഷത്തേയ്ക്കുള്ള സ്ഥിരം അഫിലിയേഷൻ നൽകുന്നതിനുള്ള നടപടി എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്വീകരിച്ചുവരുന്നു.

## ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാരുടെ വേതനം

212 (2783) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ ദിവസ വേതന /കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് നിശ്ചയിച്ചിരിക്കുന്ന ദിവസ വേതനവും പരമാവധി മാസ വേതനവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന വേതനം ലഭ്യമാകുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യകതമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ നിയമിതരായി ദിവസ വേതനമോ മാസ വേതനമോ ലഭിക്കുന്ന അസിസ്റ്റന്റ് പ്രൊഫസർമാർ ആരും തന്നെ സേവനമനുഷ്ഠിക്കുന്നില്ല. മണിക്കൂർ നിരക്കിൽ വേതനം നൽകുന്ന ഗസ്റ്റ് അദ്ധ്യാപകരെയാണ് ടി കോളേജുകളിൽ നിയമിക്കുന്നത്.

(ബി) ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്നവരുടെ പരിഷ്കരിച്ച ശമ്പളം മണിക്കൂർ നിരക്കിൽ വേതനം ലഭിക്കുന്നവർക്ക് നൽകാൻ സാധിക്കില്ല. 8-3-2017 തീയതിയിലെ ജി.ഒ. (പി) 32/17/ധന നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ദിവസവേതന നിരക്ക് ഫുൾടൈം ജോലി ചെയ്യുന്നവർക്കാണ് ബാധകമായിട്ടുള്ളതെന്നതിനാൽ ഫുൾടൈം ജോലി ചെയ്യുന്നവരുടെ ജോലി ഭാരവുമായി താരതമ്യം ചെയ്ത് ജോലി സമയം കുറവുള്ള ഗസ്റ്റ് അദ്ധ്യാപകർക്ക് അതിന് ആനുപാതികമായി വേതനം നല്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്.

**പുതിയ സ്വാശ്രയ കോളേജുകളും കോഴ്സുകളും**

213 (2784) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സ്വാശ്രയ കോളേജുകളും സ്വാശ്രയ കോഴ്സുകളും അനുവദിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിരുന്നോ;

(ബി) ഈ തീരുമാനത്തിന് വിരുദ്ധമായി 25-5-2016-ന് ശേഷം എത്ര പുതിയ സ്വാശ്രയ കോളേജുകൾക്കും സ്വാശ്രയ കോഴ്സുകൾക്കും അനുമതി നൽകി; വിശദാംശം നൽകുമോ;

(സി) 13 പുതിയ സ്വാശ്രയ കോളേജുകൾക്ക് കോഴിക്കോട് സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ സർവ്വകലാശാലയുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 22-8-2016-ലെ സ.ഉ. (കൈ) നമ്പർ 178/2016/ഉ.വി.വ. പ്രകാരം സംസ്ഥാനത്ത് പുതിയ സ്വാശ്രയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം പുതിയ സ്വാശ്രയ കോളേജുകളും എയ്ഡഡ് കോളേജുകളിൽ പുതിയ സ്വാശ്രയ കോഴ്സുകളും അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ എൻ.ഒ.സി. ബാധകമാക്കേണ്ടതില്ലെന്ന കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 26 കോഴ്സുകളും 7 കോളേജുകളും അനുവദിച്ചിട്ടുണ്ട്.

(സി) 7 പുതിയ സ്വാശ്രയ കോളേജുകൾക്ക് കോഴിക്കോട് സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഉത്തരവുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വേങ്ങര മണ്ഡലത്തിൽ സർക്കാർ കോളേജ്

214 (2785) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വേങ്ങര മണ്ഡലത്തിൽ അനുവദിച്ച സർക്കാർ മേഖലയിലുള്ള കോളേജ് ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ കോളേജ് അനുവദിച്ച ഏതെല്ലാം സ്ഥലങ്ങളിലാണ് അവ സ്ഥാപിക്കാനുള്ള സ്ഥലം സർക്കാരിന് ലഭ്യമാക്കാത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വേങ്ങര മണ്ഡലത്തിൽ അനുവദിച്ച സർക്കാർ എയ്ഡഡ് കോളേജ് 2013-14 വർഷം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച കോളേജുകളിൽ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിനായി ഇനിയും ഭൂമി ലഭിക്കാത്തവ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

## സർക്കാർ കോളേജ് ലൈബ്രറികളിൽ ഇ-വായന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി

215 (2786) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ കോളേജുകളിൽ ഇ-വായന സൗകര്യമുള്ള ലൈബ്രറികൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) എല്ലാ സർക്കാർ കോളേജ് ലൈബ്രറികളിലും ഇ-വായന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇ-വായന സൗകര്യമുള്ള ലൈബ്രറികൾ പ്രവർത്തിച്ചുവരുന്നു. എന്നാൽ സർക്കാർ പോളിടെക്നിക് കോളേജുകളിലെ നിലവിലെ ലൈബ്രറികൾ ഡിജിറ്റൈസ് ചെയ്യുന്ന പ്രക്രിയ നടന്നുവരുന്നു. 54 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും വികസനത്തിനായി 4-4-2017-ലെ സ.ഉ.(സാധാ) നമ്പർ 670/2017/ഉ.വി.വ. പ്രകാരം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ബ്രണ്ണൻ കോളേജ് മാഗസിനിലെ പരാമർശങ്ങൾ

216 (2787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി സർക്കാർ ബ്രണ്ണൻ കോളേജിന്റെ മാഗസിനിൽ ദേശീയ ഗാനത്തെയും ദേശീയ പതാകയെയും അവഹേളിക്കുന്ന പരാമർശങ്ങൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയോയെന്നും കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തലശ്ശേരി ബ്രണ്ണൻ കോളേജിന്റെ 2015-16 വർഷത്തെ കോളേജ് മാഗസിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് ക്യാമ്പസിലെ ഒരു വിദ്യാർത്ഥി സംഘടന നൽകിയ പരാതിയിൻമേൽ 14-6-2017-ന് ചേർന്ന കോളേജ് കൗൺസിൽ യോഗം പ്രസ്തുത വിഷയം പരിശോധിക്കുകയും, മാഗസിനിൽ ദേശീയ പതാകയെ നിന്ദിക്കുകയും ദേശവിരുദ്ധമായ ചിത്രീകരണങ്ങൾ ഉണ്ടെന്നുമുള്ള പരാതിയിൽ പ്രഥമ ദൃഷ്ട്യാ കഴമ്പില്ലെന്ന് വിലയിരുത്തുകയും ചെയ്തു. തുടർന്ന് പരാതിക്കാർ പ്രത്യേക ആക്ഷേപം ഉന്നയിച്ച രണ്ട് പേജുകൾ വീണ്ടും പരിശോധിക്കുകയും പേജുകൾ തെറ്റിദ്ധാരണയുണ്ടാക്കിയതിനാലും വിവാദങ്ങൾക്ക് കാരണമായതിനാലും അവ പിൻവലിക്കുവാൻ 14-6-2017-ലെ കൗൺസിൽ യോഗം തീരുമാനിക്കുകയും ചെയ്തു. 16-6-2017-ന് ചേർന്ന കോളേജ് കൗൺസിൽ യോഗം മാഗസിൻ പൂർണ്ണമായും പിൻവലിക്കണമെന്ന ഒരു വിദ്യാർത്ഥി സംഘടനയുടെ ആവശ്യം പരിഗണിക്കുകയും തുടർന്ന് മാഗസിൻ വിതരണം നിർത്തിവയ്ക്കാനും മാഗസിൻ തിരിച്ചെടുക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## ഓട്ടോണമസ് കോളേജുകൾ

217 (2788) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു മുൻ സർക്കാരിന്റെ കാലത്ത് ഓട്ടോണമസ് കോളേജുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയാണെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ പുതുതായി സ്വയംഭരണ കോളേജുകൾ അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ കോളേജ് - 1

എയ്ഡഡ് കോളേജ് -18

പ്രസ്തുത കോളേജുകളുടെ പേരുകൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കൂടുതൽ സ്വയംഭരണ കോളേജുകൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കുളത്തൂർ ഗവൺമെന്റ് കോളേജിന് സ്ഥലം ഏറ്റെടുക്കൽ**

218 (2789) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് കോളേജിന് കുളത്തൂർ സ്കൂളിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കിറ്റ്കോയെ ചുമതലപ്പെടുത്തിയ ഡി. പി. ആർ. ലഭിച്ചിട്ടുണ്ടോ;

(ബി) ഡി. പി. ആർ. ലഭിച്ചാൽ കോളേജിനു ആവശ്യമായ സ്ഥലം നൽകാൻ കഴിയുമോ; ഇതിനു എത്ര മാസം വേണ്ടി വരും;

(സി) ഡി. പി. ആർ. ലഭിക്കുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിന് ഫണ്ട് അനുവദിക്കാൻ കഴിയുമോ ?

<u>ഉത്തരം</u>

(എ-സി) കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുള്ള 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ ലിസ്റ്റിൽ നെയ്യാറ്റിൻകര കുളത്തൂർ ഗവ. കോളേജ് ഉൾപ്പെട്ടിട്ടില്ല. എന്നാൽ കുളത്തൂർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ മാസ്റ്റർ പ്ലാനും ഡി.പി.ആറും തയ്യാറാക്കുന്നതിനുള്ള നടപടി കിറ്റ്കോ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോളേജുകളിൽ കൂടുതൽ കോഴ്സുകൾ

219 (2790) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ കഴിഞ്ഞ സർക്കാർ കോളേജുകൾ അനുവദിച്ചിരുന്നുവോ; ഇത് എവിടെയെല്ലാമായിരുന്നു;

(ബി) ഇതിൽ സർക്കാർ കോളേജ് തുടങ്ങാത്ത മണ്ഡലങ്ങൾ ഏതെല്ലാമാണ്; തുടങ്ങാതിരിക്കാനുള്ള കാരണമെന്താണ്;

(സി) എവിടെയെല്ലാം ഇതിനായി സ്ഥലം വിട്ടുകിട്ടിയിട്ടുണ്ട്;

(ഡി) സ്ഥലം വിട്ടുകിട്ടുകയും ജനപ്രതിനിധികളുടെ ആസ്തി വികസന പദ്ധതിയിൽ കെട്ടിടം പ്രവൃത്തി ആരംഭിക്കുകയും ചെയ്ത കോളേജുകൾക്ക് കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിനും അതിനാവശ്യമായ കെട്ടിടം പണിയുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) അനുവദിച്ചിരുന്നു. കോളേജുകൾ അനുവദിച്ച സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

1. നെയ്യാറ്റിൻകര
2. മലയിൻകീഴ്
3. ഇലന്തൂർ
4. ചേലക്കര
5. ഒല്ലൂർ
6. തൃത്താല
7. അട്ടപ്പാടി
8. പത്തിരിപ്പാല
9. താനൂർ
10. മങ്കട
11. കൊണ്ടോട്ടി
12. തവനൂർ

13. ബാലുശ്ശേരി
14. കൊട്ടവള്ളി
15. നാദാപുരം
16. കുന്ദമംഗലം
17. ചൊക്ലി
18. പെരിങ്ങോം
19. ഉദുമ
20. കരുനാഗപ്പള്ളി
21. മലപ്പുറം (വുമൺസ്)
22. തൃശ്ശൂർ (SRV മ്യൂസിക്)

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, തൃശ്ശൂർ SRV കോളേജ് ഓഫ് മ്യൂസിക് & പെർഫോർമിംഗ് ആർട്സ് എന്നിവ ഭരണപരമായ കാരണങ്ങളാൽ ആരംഭിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

220 (2791) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കെട്ടിടങ്ങളും ലാബുകളും നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര സർക്കാർ കോളേജുകൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നുണ്ട്; വിശദവിവരം നൽകുമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരാണ് വീഴ്ചവരുത്തിയിട്ടുള്ളതെങ്കിൽ അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വന്തമായി കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കെട്ടിടങ്ങളും ലാബുകളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ 'കിഫ്ബി' മുഖേന 48 സർക്കാർ കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ വിഭാവന ചെയ്തുവരുന്നു.

(ബി) വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളില്ലാത്ത 22 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഗവൺമെന്റ് കോളേജുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വകയിരുത്തിയ തുക

221 (2792) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗവൺമെന്റ് കോളേജുകളുടെ ക്ലാസ്മുറികൾ ഹൈടെക് ആക്കുന്നതിനും ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി 2016-17 വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത കോളേജുകൾക്ക്, കെട്ടിടം നിർമ്മിക്കാനായി ഈ തുക വിനിയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ അത്തരം കോളേജുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഈ പണം അനുവദിക്കാനുള്ള നടപടി സ്വീകരിക്കാമോ;

(സി) ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) അനുവദിച്ചിരുന്നു. കേരളത്തിലെ 52 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്കും, സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്കും ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 500 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വകയിരുത്തിയിരുന്നു. ഇതോടൊപ്പം ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത കോളേജുകൾക്ക് കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ട്.

(സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു.

## തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സ്

222 (2793) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ അറ്റൻഡർ, സാനിട്ടേഷൻ വർക്കർ, നൈറ്റ് വാച്ച്മാൻ തസ്തികകളിൽ നിലവിൽ എത്ര പേരാണ് ജോലി ചെയ്തുവരുന്നതെന്ന് അറിയിക്കുമോ;

(ബി) അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം പ്രകാരം മേൽപ്പറഞ്ഞ തസ്തികകളിൽ എത്രപേരാണ് അകെ ആവശ്യമുള്ളതെന്ന് അറിയിക്കുമോ;

(സി) കുറവുള്ള ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | അറ്റൻഡർ | - | 3 |
| | നൈറ്റ് വാച്ച്മാൻ | - | 2(പാർട്ട് ടൈം) |
| | പാർട്ട് ടൈം സ്വീപ്പർ | - | 2 |
| | പാർട്ട് ടൈം സാനിട്ടേഷൻ വർക്കർ | - | 0 |

| | | |
|---|---|---|
| (ബി) | അറ്റൻഡർ | - 3 |
| | നൈറ്റ് വാച്ച്മാൻ | - 2 (പാർട്ട് ടൈം) |
| | പാർട്ട് ടൈം സ്വീപ്പർ | - 2 |
| | പാർട്ട് ടൈം സാനിട്ടേഷൻ വർക്കർ | - 1 |

(സി) ഒഴിവുള്ള ഒരു പാർട്ട് ടൈം സാനിട്ടേഷൻ വർക്കർ തസ്തികയിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ ക്ലറിക്കൽ സ്റ്റാഫ് തസ്തിക

223 (2794) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എത്ര ക്ലറിക്കൽ സ്റ്റാഫാണ് ആവശ്യമുള്ളതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ അവിടെ എത്ര ക്ലാർക്കുമാരാണ് ജോലി ചെയ്തുവരുന്നത് തെന്നറിയിക്കുമോ;

(സി) ക്ലറിക്കൽ ജീവനക്കാരുടെ കുറവുമൂലം പ്രസ്തുത കോളേജിലെ ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നിയമാനുസൃതമുള്ള എണ്ണം ക്ലർക്കുമാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 3 ക്ലറിക്കൽ സ്റ്റാഫാണ് അനുവദനീയം.

(ബി) നിലവിൽ 2 ക്ലാർക്കുമാരാണ് ജോലി ചെയ്തുവരുന്നത്.

(സി&ഡി) കോളേജിന്റെ ആവശ്യാനുസരണം കുറവുള്ള ക്ലാർക്ക് തസ്തികയിലേക്ക് സേവന ക്രമീകരണ വ്യവസ്ഥയിൽ ക്ലാർക്കുമാരെ നിയോഗിച്ച് നൽകാറുണ്ട്. സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഒരു ക്ലാർക്കിനെക്കൂടി നിയമിക്കുന്നതിന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിലെ അദ്ധ്യാപകർ

224 (2795) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നിലവിൽ എത്ര അദ്ധ്യാപകരാണ് ജോലി ചെയ്തുവരുന്നതെന്ന് അറിയിക്കുമോ;

(ബി) ഇവരുടെ എണ്ണം സ്ഥിരം, അതിഥി, എംപ്ലോയ്മെന്റ് എന്നിങ്ങനെ തരംതിരിച്ച് നൽകാമോ;

(സി) താത്കാലിക അദ്ധ്യാപകരുടെ തസ്തികകൾ സ്ഥിരം തസ്തികകൾ ആക്കുന്നത് പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

| | | | |
|---|---|---|---|
| (എ) | 60 | - | അദ്ധ്യാപകർ |
| (ബി) | സ്ഥിരം | - | 22 |
| | അതിഥി | - | 23 |
| | എംപ്ലോയ്മെന്റ് | - | 15 |

(സി) ഇല്ല.

(ഡി) സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**സർവ്വകലാശാലകൾ ഉൽകൃഷ്ട സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് പദ്ധതി**

225 (2796) ശ്രീ. എം. സ്വരാജ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾ ഉൽകൃഷ്ട സ്ഥാപനങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) ആക്കി മാറ്റുമെന്ന പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം അക്കാഡമിക രംഗത്ത് മികവ് കൈവരിക്കുന്നതിനും മാനവശേഷി വികസിപ്പിക്കുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഇതിന്റെ ഭാഗമായി നൽകിയിട്ടുണ്ടോ;

(സി) പരീക്ഷ കുറ്റമറ്റ രീതിയിൽ നടത്തി യഥാസമയം പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനും അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളുടെ പ്രവർത്തനം വിഭാവനം ചെയ്ത രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ശാസ്ത്രസാങ്കേതിക സർവ്വകലാശാല, കേരള സർവ്വകലാശാല തുടങ്ങിയവയ്ക്ക് സാധ്യമായിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള വിവിധ പദ്ധതികൾ പുരോഗമിച്ചുവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ 'ഇന്റർനാഷണൽ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രമാക്കുന്നതിന് 29-4-2017-ലെ സ.ഉ.(സാധാ) 807/2017/ഉ.വി.വ. പ്രകാരം 240.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

മറ്റ് സർവ്വകലാശാലകളെ 'ഇന്റർനാഷണൽ സെന്റർ ഓഫ് എക്സലൻസ് ഇൻ അക്കാഡമിക് ആന്റ് റിസർച്ച്' എന്ന മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി രൂപരേഖകൾ തയ്യാറാക്കിവരുന്നു.

(സി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ, മൂല്യനിർണ്ണയം, ഫലം പ്രഖ്യാപിക്കൽ എന്നിവ കുറ്റമറ്റതാക്കുവാൻ എല്ലാ സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല ഉൾപ്പെടെയുള്ള എല്ലാ സർവ്വകലാശാലകളും ഏകീകൃത അക്കാദമിക് കലണ്ടർ തയ്യാറാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

**സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം**

226 (2797) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വയംഭരണകോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിദ്യാഭ്യാസം വിദ്യാർത്ഥി കേന്ദ്രീകൃതമായിരിക്കണമെന്ന പുരോഗമന കാഴ്ചപ്പാടിന് വിരുദ്ധമായി വിദ്യാഭ്യാസത്തെ മാനേജ്മെന്റ് കേന്ദ്രീകൃതമാക്കുന്ന ഈ സമ്പ്രദായത്തോടുള്ള നിലപാട് അറിയിക്കാമോ;

(ബി) വിദ്യാർത്ഥി പ്രവേശനം, അദ്ധ്യാപക നിയമനം, ഫീസ് നിർണ്ണയം, പരീക്ഷാ നടത്തിപ്പ്, സിലബസ് നിശ്ചയിക്കുന്നത് തുടങ്ങി എല്ലാ മേഖലയിലും സമ്പൂർണ്ണ അധികാരം കയ്യാളിയിരിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റ് വിതരണ ഏജൻസി മാത്രമായി സർവ്വകലാശാലയെ കണക്കാക്കുന്ന നിലവിലെ സ്ഥിതിക്ക് അറുതി വരുത്താൻ നടപടിയെടുക്കുമോ;

(സി) ഓട്ടോണമസ് കോളേജുകൾ സ്വന്തം നിലയിൽ സിലബസ് നിശ്ചയിക്കുന്നത് അവിടെ പഠിക്കുന്ന വിദ്യാർത്ഥികളെ തുടർ വിദ്യാഭ്യാസത്തിനായി ആ സ്ഥാപനങ്ങളെ തന്നെ ആശ്രയിക്കാൻ നിർബന്ധിതരാക്കാനിടയുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) 18-12-2014-ലെ സ്വയംഭരണ കോളേജുകൾ സംബന്ധിച്ച ആക്ട് നമ്പർ 32-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് കേരളത്തിലെ സ്വയംഭരണ കോളേജുകൾ പ്രവർത്തിച്ചുവരുന്നത്. ടി ആക്ടിലെ വിവിധ വ്യവസ്ഥകൾ പ്രകാരം സർവ്വകലാശാലകൾക്കും സർക്കാരിനും നിയമപരമായ നിയന്ത്രണാധികാരങ്ങളുണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എഴുകോൺ പോളിടെക്നിക്കിന് നാഷണൽ ബ്യൂറോ അക്രഡിറ്റേഷൻ**

227 (2798) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ എഴുകോൺ പോളിടെക്നിക്കിന് നാഷണൽ ബ്യൂറോ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ബി) അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ എഴുകോൺ പോളിടെക്നിക് കോളേജിന് ദേശീയ തലത്തിലുള്ള അക്രഡിറ്റേഷനുവേണ്ടി 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പദ്ധതി വിഹിതമായി തുക വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശില്പശാലകളും പരിശീലന പരിപാടികളും നടത്തിയിട്ടുണ്ട്. പാഠ്യ-പാഠ്യേതര മേഖലയിലുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. അക്രഡിറ്റേഷനുവേണ്ടിയുള്ള സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് എഴുകോൺ പോളിടെക്നിക് അധികൃതർക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എ.ഐ.സി.ടി.ഇ. അനുമതി ആവശ്യമാണ്. ആയതിനാൽ എ.ഐ.സി.ടി.ഇ. അനുമതി ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക ബാധ്യതയും പ്രായോഗിക സാധ്യതയും വിലയിരുത്തിയശേഷം മാത്രമേ കോഴ്സ് ആരംഭിക്കുന്ന വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

## വൊക്കേഷണൽ ഹയർസെക്കണ്ടറി മാർക്ക് ലിസ്റ്റുകളിലെ വ്യാപകമായ തെറ്റുകൾ

228 (2799) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതരണത്തിനായി സ്കൂളുകളിൽ എത്തിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി മാർക്ക് ലിസ്റ്റുകളിലെ വ്യാപകമായ തെറ്റുകൾ കാരണം അവയുടെ വിതരണം നിർത്തിവയ്ക്കുന്നതിനായി ബന്ധപ്പെട്ട ഡയറക്ടർ ഉത്തരവ് / സർക്കുലർ ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) മാർക്കു ലിസ്റ്റുകളിൽ/സർട്ടിഫിക്കറ്റുകളിൽ വ്യാപകമായ തെറ്റുകൾ സംഭവിച്ചതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അപാകത സംഭവിച്ച മാർക്ക് ലിസ്റ്റുകൾ മാത്രം സോർട്ട് ചെയ്ത് മാറ്റി അവ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യരുതെന്ന് ഇ-മെയിൽ സന്ദേശത്തിലൂടെ സ്കൂൾ അധികൃതരെ അറിയിച്ചിരുന്നു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഉണ്ട്. മാർച്ച് 2017-ൽ നടത്തിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ, കണ്ടിന്യൂവസ് ഇവാല്യുവേഷൻ & ഗ്രേഡിംഗ് സ്കീമിൽ, വൊക്കേഷണൽ വിഷയങ്ങളുടെ പുതുക്കിയ പാഠ്യ പദ്ധതി അനുസരിച്ച് ആദ്യ പരീക്ഷയാണ് നടത്തിയത്. സ്കിൽ ഇവാല്യുവേഷൻ സ്കോറുകൾ, മോഡ്യൂൾ പേരുകൾ ഇവ ഉൾപ്പെടെ നിരവധി കാര്യങ്ങൾ പുതിയ സ്കോർ ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാഠ്യ പദ്ധതിയുടെ അടിസ്ഥാനത്തിൽ ആദ്യമായി എൻ.ഐ.സി. (NIC) തയ്യാറാക്കിയ Vmod EMS എന്ന സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാനത്തിലാണ് സ്കോർഷീറ്റുകൾ തയ്യാറാക്കിയത്. ടി സോഫ്റ്റ്‌വെയറിൽ സംഭവിച്ച അപാകത എൻ.ഐ.സി.-യുടെ സഹായത്തോടെ ഉടൻതന്നെ കണ്ടെത്തുകയും സ്കോർ ഷീറ്റുകൾ കുട്ടികളുടെ കൈവശം എത്താതെ തടയുകയും ചെയ്തു. അപാകത സംഭവിച്ച സ്കോർഷീറ്റുകൾ എൻ.ഐ.സി.-യുടെ സഹായത്തോടെ അപാകത പരിഹരിച്ച് ഒരു ദിവസത്തിനുള്ളിൽ തന്നെ കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം ഒരു കുട്ടിയുടെ പോലും ഉന്നത പഠനത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇല്ല. എൻ.ഐ.സി. തയ്യാറാക്കിയ സോഫ്റ്റ്‌വെയറിൽ സംഭവിച്ച അപാകത എന്ന നിലയിലും അത് ഏതാണ്ട് പൂർണ്ണമായും ഓട്ടോമേറ്റ് ചെയ്തിട്ടുള്ള പരീക്ഷാ വിഭാഗത്തിനുവേണ്ടി ആദ്യമായി തയ്യാറാക്കിയ, പുതുക്കിയ പാഠ്യ പദ്ധതിക്കായുള്ള സോഫ്റ്റ്‌വെയറിൽ സംഭവിച്ച അപാകതയെന്നത് കൂടി പരിഗണിച്ച് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

## പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്ന കുറവ്

229 (2800) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇത്തവണ പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി കുറഞ്ഞ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം പരിശോധിക്കുകയുണ്ടായോ; മൂന്നാം ഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് വിവിധ പോളിടെക്നിക്കുകളിലായി മൊത്തം എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, സാശ്രയ മേഖലകളിലായി എത്ര പോളിടെക്നിക്ക് സീറ്റുകളുണ്ട്; അതിൽ ഓരോന്നിലും ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളെത്ര വീതമാണ്;

(ഡി) സ്പോട്ട് അഡ്മിഷൻവഴി ഒഴിവുകൾ നികത്താനാകും എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മൂന്നാംഘട്ട അലോട്ട്മെന്റിനുശേഷം വിവിധ പോളിടെക്നിക്കുകളിലായി ഒഴിവുള്ള സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 258 |
| കൊല്ലം | 80 |
| പത്തനംതിട്ട | 137 |
| ആലപ്പുഴ | 114 |

| | |
|---|---|
| കോട്ടയം | 188 |
| ഇടുക്കി | 180 |
| എറണാകുളം | 116 |
| തൃശ്ശൂർ | 276 |
| പാലക്കാട് | 52 |
| മലപ്പുറം | 168 |
| കോഴിക്കോട് | 52 |
| വയനാട് | 99 |
| കണ്ണൂർ | 201 |
| കാസർഗോഡ് | 175 |

(സി) സർക്കാർ മേഖലയിൽ 11020 -ഉം, എയ്ഡഡ് മേഖലയിൽ 1514-ഉം, സ്വാശ്രയ മേഖലയിൽ 3055-ഉം പോളിടെക്നിക് സീറ്റുകൾ സംസ്ഥാനത്തുണ്ട്. അവയിൽ സർക്കാർ മേഖലയിൽ 1971-ഉം എയ്ഡഡ് മേഖലയിൽ 125-ഉം, സ്വാശ്രയ മേഖലയിൽ 1055-ഉം സീറ്റുകൾ 2017 ആഗസ്റ്റ് 11-ലെ കണക്കനുസരിച്ച് ഒഴിഞ്ഞുകിടക്കുന്നു.

(ഡി) ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ മുഖേന അതത് സ്ഥാപനങ്ങളിൽ വച്ച് പ്രവേശന പ്രക്രിയ പൂർത്തിയാക്കാൻ കഴിയും. ആഗസ്റ്റ് 16,17,18 തീയതികളിലായി ഇത് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

### എം.ജി. യൂണിവേഴ്സിറ്റി സ്റ്റാസ് സെന്റർ കൈമാറ്റം

230 (2801) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. യുണിവേഴ്സിറ്റി-യുടെ ഇടപ്പള്ളിയിലുള്ള സ്കൂൾ ഓഫ് ടെക്നോളജി ആൻഡ് അപ്ളൈഡ് സയൻസസ് (സ്റ്റാസ്)-ന്റെ സെന്റർ, സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (സി.പി.എ.എസ്.)-ന് കൈമാറുന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ;

(ബി) സ്റ്റാസ് സെന്റർ സി.പി.എ.എസ്.-ന് കൈമാറുമ്പോൾ അതിൽ ഗവേഷണ കേന്ദ്രം കൂടി ഉൾപ്പെടുത്തുന്നത് ഗവേഷണ വിദ്യാർഥികൾക്കും അദ്ധ്യാപകർക്കും സ്ഥാപനത്തിനും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജീവനക്കാരുടെയും വിദ്യാർഥികളുടെയും ആശങ്കകൾ പൂർണ്ണമായും പരിഹരിച്ചതിനുശേഷം മാത്രം ഇതു നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) എം.ജി. സർവ്വകലാശാലയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന എല്ലാ സ്വയംഭരണ സ്ഥാപനങ്ങളും 'സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിന് (സി-പാസ്) കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട് .

## പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് അഡ്മിഷൻ ലഭിക്കാത്ത അവസ്ഥ

231 (2802) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികളുടെ തുടർപഠനങ്ങൾക്ക് നടത്തുന്ന നീറ്റ് പരീക്ഷ/എഞ്ചിനീയറിംഗ് എൻട്രൻസ്/എൽ.എൽ.ബി. എൻട്രൻസ് /ഡിഗ്രി അഡ്മിഷൻ എന്നിവ വിവിധ സമയങ്ങളിൽ വിവിധ വകുപ്പുകളും മന്ത്രാലയങ്ങളും നടത്തുന്നതായതിനാൽ കൃത്യസമയത്ത് വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് അഡ്മിഷൻ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാരണങ്ങളാൽ സംസ്ഥാനത്ത് മെഡിക്കൽ/എഞ്ചിനീയറിംഗ്/ ഡിഗ്രി കോഴ്സുകളുടെ അഡ്മിഷൻ അവസാന ഘട്ടത്തിലെത്തി നില്ക്കുമ്പോഴും നിയമ വിദ്യാർത്ഥികളുടെ അഡ്മിഷൻ തുടങ്ങിയിട്ടില്ലെന്നത് പരിശോധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് ഒഴിവാക്കാനായി വിവിധ മന്ത്രാലയങ്ങളുമായും വകുപ്പുകളുമായും വിദ്യാഭ്യാസ വകുപ്പ് കൂടിയാലോചിച്ച് ഓരോ വർഷത്തേയും ഇത്തരം പരീക്ഷകൾക്കും അഡ്മിഷനുമായി ഒരു കലണ്ടർ (നീറ്റ് പരീക്ഷാ തീയതി പ്രഖ്യാപിക്കുമ്പോൾ തന്നെ) സംസ്ഥാനത്തും പ്രഖ്യാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) KEAM മുഖേന കേരള സർക്കാരും NEET വഴി കേന്ദ്രസർക്കാരും വ്യത്യസ്ത തീയതികളിൽ അഡ്മിഷൻ നടത്തുന്നതിനാൽ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. കേരള സർക്കാർ നടത്തുന്ന KEAM-ന്റെ

അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോഴ്സിലേക്കുള്ള അഡ്മിഷൻ പുരോഗമിച്ചു വരുമ്പോൾ തന്നെ NEET ഫലം പ്രസിദ്ധീകരിക്കപ്പെടുകയും KEAM പ്രകാരം അഡ്മിഷൻ നേടിയ പല വിദ്യാർത്ഥികളും മെഡിക്കൽ പ്രവേശനം നേടുകയും ചെയ്യുന്നു.

(ബി) 2017-ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള ആദ്യഘട്ട അലോട്ട്മെന്റ് 12-8-2017-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് 14-8-2017 മുതൽ 18-8-2017 വരെ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാവുന്നതാണ്. 2017 അധ്യയന വർഷത്തെ ത്രിവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള പ്രവേശനപ്പരീക്ഷ 6-8-2017-ന് നടന്നുകഴിഞ്ഞു. പ്രസ്തുത കോഴ്സിലേയ്ക്കുള്ള പ്രവേശനം 2017 സെപ്റ്റംബർ 30-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഒരു ഏകീകൃത കലണ്ടർ ഉണ്ടാക്കുകവഴി ഉപരിപഠന രംഗത്ത് വിദ്യാർത്ഥികൾ നേരിടുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## കേരള സംസ്ഥാന സാക്ഷരതാ മിഷൻ

232 (2803) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആരംഭിച്ച ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിൽ ആദ്യ ബാച്ചിൽ എത്രപേർ രജിസ്റ്റർ ചെയ്തിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രപേർ പരീക്ഷയെഴുതിയെന്നും അതിൽ എത്രപേർ വിജയിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) രണ്ടാമത്തെ ബാച്ചിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോഴ്സ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഒന്നാം ബാച്ചിൽ (2015-2017) 19,708 പേർ രജിസ്റ്റർ ചെയ്തിരുന്നു.

(ബി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഒന്നാം ബാച്ചിൽ (2015-17) ഒന്നാം വർഷത്തിൽ 16,602 പേർ പരീക്ഷ എഴുതി. ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് രണ്ട് വർഷത്തെ കോഴ്സായതിനാൽ 2017 ഒക്ടോബറിൽ നടത്താൻ ഉദ്ദേശിക്കുന്ന പരീക്ഷ കഴിഞ്ഞ് ഫലപ്രഖ്യാപനം നടത്തിയാൽ മാത്രമേ എത്ര പേർ വിജയിച്ചുവെന്ന കാര്യം തിട്ടപ്പെടുത്താനാകൂ.

(സി) ഉണ്ട്. ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ രണ്ടാം ബാച്ചിൽ (2016-18) 14,934 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) നിർദ്ദേശം ഉണ്ടായിട്ടില്ല.

## സുനാമി പദ്ധതിപ്രകാരം വാങ്ങിയ ഭൂമി

233 (2804) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂർ പ്രദേശത്തുള്ള എത്ര ഏക്കർ ഭൂമിയാണ് 2011-ൽ സുനാമി പദ്ധതി പ്രകാരം വാങ്ങിയത്; എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വിതരണം നടത്തി;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എത്ര സെന്റ് ഭൂമി വീതമാണ് വീടുവയ്ക്കുന്നതിന് നൽകിയത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് ഓരോ ഗുണഭോക്താവിനും എത്ര രൂപ അനുവദിച്ചു; ആകെ എത്ര തുക നൽകി;

(ഡി) അപ്രകാരം ഭൂമി നൽകിയപ്പോൾ എല്ലാ ഗുണഭോക്താക്കൾക്കും ഒരേപോലെയാണോ ഭൂമി നൽകിയത്;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ രൂപീകരിച്ച ബെനിഫിഷറി കമ്മിറ്റിയിൽ പൊഴിയൂർ തീരദേശപ്രദേശത്തെ താമസക്കാർ അല്ലാതെ ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത പദ്ധതി പ്രകാരം വൈദ്യുതി, കുടിവെള്ളം, റോഡ് എന്നിവയ്ക്കുള്ള ഫണ്ട് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആയതിന് എത്ര തുകചെലവായി; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിൽ 2011 വർഷത്തിൽ സുനാമി പുനരധിവാസത്തിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല. സുനാമി പുനരധിവാസത്തിനായി 2009-ൽ സർക്കാർ ഉത്തരവ് പ്രകാരം കുളത്തൂർ വില്ലേജിൽ 756.3 സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്.

(ബി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 2.13 സെന്റ് (86 sq.m) സ്ഥലം വീതമാണ് വീട് വയ്ക്കുന്നതിന് നൽകിയിട്ടുള്ളത്.

(സി) ആകെ 255 ഗുണഭോക്താക്കളെയാണ് ബെനിഫിഷ്യറി കമ്മിറ്റി തെരഞ്ഞെടുത്തിട്ടുള്ളത്. വീട് വയ്ക്കുന്നതിന് ഓരോ ഗുണഭോക്താവിനും 2,70,000 രൂപ വീതമാണ് നൽകുന്നത്. ഈ തുക 5 ഗഡുക്കളായാണ് ഗുണഭോക്താവിന് നൽകുന്നത്. ആകെ 6,74,50,000 രൂപ നൽകിയിട്ടുണ്ട്. 51 കുടുംബങ്ങൾ ഇപ്പോഴും വീട് പൂർത്തിയാക്കാനുണ്ട്.

(ഡി) എല്ലാ ഗുണഭോക്താക്കൾക്കും ഒരുപോലെയാണ് ഭൂമി നൽകിയിട്ടുള്ളത്.

(ഇ) പൊഴിയൂർ തീരപ്രദേശത്തുള്ളവരെ മാത്രമേ ബെനിഫിഷ്യറി കമ്മിറ്റിയിൽ ഗുണഭോക്താക്കളായി അംഗീകരിച്ച് ഉൾപ്പെടുത്തിയിട്ടുള്ളൂ.

(എഫ്) സുനാമി പുനരധിവാസ പദ്ധതിയിൽ വൈദ്യുതി, കുടിവെള്ളം, റോഡ് എന്നിവയ്ക്ക് ഫണ്ട് ഉൾപ്പെടുത്തിയിട്ടില്ല. സുനാമി ബാധിതരെ പുനരധിവസിപ്പിച്ചശേഷമുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ചെയ്യുന്നത്.

**ഓപ്പറേഷൻ അനന്ത**

234 (T 2805) <u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ജലനിർഗ്ഗമനം സുഗമമാക്കുന്നതിനും മുൻ സർക്കാർ നടപ്പിലാക്കിയ 'ഓപ്പറേഷൻ അനന്ത' ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പണി പൂർത്തിയാക്കിയ ഒന്നാം ഘട്ടത്തിന്റെ നിലവാര റിപ്പോർട്ടും രണ്ടാം ഘട്ടത്തിന്റെ എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ടോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) രണ്ടാം ഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) രണ്ടാം ഘട്ടത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 'ഓപ്പറേഷൻ അനന്ത' ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്.

(ബി) പണി പൂർത്തിയാക്കിയ ഒന്നാം ഘട്ടത്തിന്റെ നിലവാര റിപ്പോർട്ടും രണ്ടാം ഘട്ടത്തിന്റെ എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി* ചേർക്കുന്നു.

(ഡി) സർക്കാരിന്റെ പരിഗണനയിലാണ്.

## നികുതി അടയ്ക്കാനായി കൈവശ അധികാരമോ പട്ടയമോ ലഭിക്കാതെയുള്ളവർ

235 (2806) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തു/വീട് ഉടമകളായവരിൽ നികുതി അടയ്ക്കാനായി കൈവശ അധികാരമോ പട്ടയമോ ലഭിക്കാതെയുള്ളവർ എത്രയുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ കാണം/പെറുമ്പാട്ട തീറാധാരം എന്നീ കാരണങ്ങളാൽ വസ്തു ഉടമകൾക്ക് പട്ടയമോ കൈവശ അധികാരമോ ലഭിക്കാനുള്ളതും ഭൂനികുതി ഒടുക്കുന്നതിനുമായി എത്ര അപേക്ഷകൾ വിവിധ താലൂക്ക്/വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടപ്പുണ്ട്; ആയതിന്മേൽ തീരുമാനമെടുക്കാൻ വൈകുന്നതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ;

(സി) വസ്തു ഉടമകൾക്ക് അപേക്ഷ നൽകിയാൽ വേഗത്തിൽ അവ നൽകുവാനും, അതിന് കഴിയാത്തവർക്ക് രേഖാമൂലം നിശ്ചിത സമയപരിധി നിർണ്ണയിച്ച് മറുപടി നൽകുവാനും, കോടതി വ്യവഹാരമുൾപ്പെടെയുള്ള മേൽനടപടികൾക്ക് സാഹചര്യം നൽകുവാനും എന്ത് നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) ക്രയ സർട്ടിഫിക്കറ്റിനും ജന്മം കൈവശാധികാരത്തിനുമായി ലാൻഡ് ട്രിബ്യൂണലുകളിൽ സമർപ്പിക്കപ്പെട്ടതിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 474 |
| കൊല്ലം | 448 |
| പത്തനംതിട്ട | 129 |
| ആലപ്പുഴ | 935 |
| ഇടുക്കി | 410 |
| കോട്ടയം | 427 |
| എറണാകുളം | 2589 |
| തൃശ്ശൂർ | 39307 |
| പാലക്കാട് | 34478 |
| മലപ്പുറം | 25674 |
| കോഴിക്കോട് | 10712 |
| വയനാട് | 1083 |
| കണ്ണൂർ | 21085 |
| കാസർഗോഡ് | 1505 |
| ആകെ | 139256 |

പുറമ്പോക്കിലും മറ്റും ഉൾപ്പെട്ടതോ, വ്യക്തമായ അവകാശ രേഖകളില്ലാതെയോ ഭൂമി കൈവശം വച്ചിട്ടുള്ളവരിൽനിന്നും നികുതി അടയ്ക്കാനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ കണക്ക് ജില്ലകളിൽനിന്നും ലഭ്യമാക്കി സമർപ്പിക്കുന്നതാണ്.

(ബി) പാലക്കാട് ജില്ലയിൽ കാണം, വെറുമ്പാട്ടം തുടങ്ങി വിവിധ തരം കുടിയായ്മ പ്രകാരം വസ്തു ഉടമകളായിട്ടുള്ളവർ ക്രയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും നികുതി ഒടുക്കുന്നതിന്റെ ഭാഗമായി ജന്മാവകാശം ലഭിക്കുന്നതിനുമായി ലാൻഡ് ട്രൈബ്യൂണലുകളിലാണ് അപേക്ഷ സമർപ്പിക്കുന്നത്. പാലക്കാട് ജില്ലയിൽ 2

ലാൻഡ് ട്രൈബ്യൂണലുകളും 7 അധിക ചുമതല നൽകിയ ലാൻഡ് ട്രൈബ്യൂണലുകളും ഒരു ദേവസ്വം ട്രൈബ്യൂണലുമാണ് ഉള്ളത്. അവിടെ 1-8-2017-ൽ പെൻഡിംഗിലുള്ള അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു. ആയതിൽ നിയമാനുസൃതമായ നടപടി സ്വീകരിച്ച് തീർപ്പാക്കിവരുന്നു. കേസ് തീർപ്പാക്കുന്നത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ഒറ്റപ്പാലം ലാൻഡ് ട്രൈബ്യൂണൽ | : | 10555 |
| പാലക്കാട് ലാൻഡ് ട്രൈബ്യൂണൽ | : | 3814 |
| സ്പെഷ്യൽ തഹസിൽദാർ | | |
| എൽ. എ. ജനറൽ - I | : | 2610 |
| എൽ. എ. ജനറൽ - II | : | 2665 |
| കിൻഫ്ര പാലക്കാട് | : | 2688 |
| പി.എ.ആർ. ഇറിഗേഷൻ | : | 2743 |
| ആർ.ആർ. പാലക്കാട് | : | 496 |
| ആർ.ആർ. ചിറ്റൂർ | : | 225 |
| ദേവസ്വം ട്രൈബ്യൂണൽ | : | 8682 |
| ആകെ | : | 34478 |

(സി) കേരള ഭൂപരിഷ്കരണ നിയമം പ്രകാരം 1-4-1964 മുതലുള്ള നടപ്പു കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ക്രയ സർട്ടിഫിക്കറ്റിനായി ലാൻഡ് ട്രൈബ്യൂണലുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. 1-4-1964-ൽ കുടിയായ്മ തെളിയിക്കുന്ന രേഖകളുടെ വെളിച്ചത്തിലാണ് അപേക്ഷകൾ തീർപ്പാക്കുന്നത്. രേഖകളുടെ അഭാവത്തിലാണ് കേസ് തീർപ്പാക്കൽ വൈകുന്നത്. അപേക്ഷകർക്ക് കേസ് പോസ്റ്റ് ചെയ്തിരിക്കുന്ന തീയതി സംബന്ധിച്ചും ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ചും അറിയിപ്പ് നൽകുന്നുണ്ട്. കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഓരോ ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് ലാൻഡ് ബോർഡിൽ നിന്ന് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പരാതിയുള്ള അപേക്ഷകർക്ക് അപ്പീൽ നൽകാനും കോടതിയിൽ പോകാനും നിയമപ്രകാരം അധികാരമുണ്ട്. വ്യക്തമായ രേഖകളില്ലാതെ വസ്തു കൈവശം വച്ചിരിക്കുന്നവർക്ക് മുൻ സർവ്വേ റിക്കാർഡുകളും, വില്ലേജ് രേഖകളും പരിശോധിച്ചശേഷം സർക്കാർ ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കേസുകളിൽ നടപടി സ്വീകരിച്ചുവരുന്നു.

## വ്യവസായ-വിദ്യാഭ്യാസ സംരംഭകർക്ക് ഭൂപരിധിയിൽ ഇളവ്

236 (2807) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്ക്കരണ നിയമ പ്രകാരം വ്യവസായ, വിദ്യാഭ്യാസ സംരംഭകർക്ക് ഭൂപരിധിയിൽ ഇളവു നൽകിയ മുൻ സർക്കാർ തീരുമാനം പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഏക്കറിന് കുറഞ്ഞത് 10 കോടി നിക്ഷേപവും, 20 തൊഴിൽ അവസരങ്ങളും നൽകുന്ന സംരംഭകർക്ക് നൽകിയിരുന്ന ഭൂപരിധിയിളവ് തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഏക്കറിന് കുറഞ്ഞത് 10 കോടി നിക്ഷേപവും, 20 തൊഴിൽ അവസരങ്ങളും നൽകുന്ന സംരംഭകർക്ക് ഭൂപരിധിയിളവ് നൽകുന്നതിനായുള്ള 22-8-2015-ലെ സ.ഉ. (കൈ.) നമ്പർ 408/2015/റവന്യൂ ഏത് സാഹചര്യത്തിലാണ് പുറപ്പെടുവിച്ചതെന്നും, 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമാണോ എന്നതും സംബന്ധിച്ച് പരിശോധിച്ചു വരുന്നു.

## അപകടകരമായ നിലയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുവാൻ നടപടി

237 (2808) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ -റോഡ് പുറമ്പോക്കുകളിൽ സ്കൂളുകളോടും ഇതര സ്ഥാപനങ്ങളോടും ചേർന്ന് നിൽക്കുന്നതായ അപകടകരമായ നിലയിലുള്ള മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കോട്ടയം ജില്ലയിൽ മണിമല വില്ലേജിൽ ആലപ്ര ഗവൺമെന്റ് സ്കൂളിനു സമീപം അപകടകരമായ രീതിയിൽ നില്ക്കുന്ന മരങ്ങൾ വെട്ടിമാറ്റുവാൻ സമീപവാസികളും, സ്കൂൾ അധികൃതരും കോട്ടയം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുള്ള പരാതികളിൽ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വെട്ടിമാറ്റുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) ആലപ്ര ഗവൺമെന്റ് സ്കൂളിനു സമീപം അപകടകരമായ രീതിയിൽ നിൽക്കുന്ന വാകമരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് കോട്ടയം ജില്ലാകളക്ടർക്ക് ലഭിച്ച അപേക്ഷയിന്മേൽ കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസർ ടി വൃക്ഷത്തിന്റെ അപകടകരമായ ശിഖരങ്ങൾ മുറിച്ച് മാറ്റി അപകടാവസ്ഥ ഒഴിവാക്കുന്നതിന് കാഞ്ഞിരപ്പള്ളി പി.ഡബ്ല്യു.ഡി (റോഡ്സ്) വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഒറ്റത്തവണ കെട്ടിട നികുതി**

238 (2809) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാറ്റുകളിൽ താമസിക്കുന്നവരിൽനിന്നും ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതി, തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകിയാൽ മതി എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 1-6-2017-ലെ 78994/എസ്.സി1/2015/റവ നമ്പർ സർക്കുലർ, 23-6-2017-ലെ എസ്.സി1/158/17 റവ നമ്പർ സർക്കുലർ എന്നിവ പ്രകാരം ഒരു കെട്ടിടത്തിൽത്തന്നെ വിവിധ അപ്പാർട്ടുമെന്റുകൾ/ഫ്ലാറ്റുകൾ ഉണ്ടെങ്കിൽ ഓരോന്നിന്റെയും ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അപ്പാർട്ടുമെന്റും/ഫ്ലാറ്റും പ്രത്യേക കെട്ടിടമായി കണക്കാക്കി വ്യവസ്ഥകൾക്ക് വിധേയമായി തറവിസ്തീർണ്ണം കണക്കാക്കി നികുതി നിർണ്ണയിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം

239 (2810) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ എയർപോർട്ട് നിർമ്മിക്കുന്നതിന് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന ചെറുവള്ളി എസ്റ്റേറ്റ് തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഭൂമി 'ബിലീവേഴ്സ് ചർച്ച്ഏറ്റെടുക്കുന്നതിന് മുമ്പ് ഉടമസ്ഥാവകാശം ആർക്കാണുണ്ടായിരുന്നത്;

(സി) ചെറുവള്ളി എസ്റ്റേറ്റ് മുമ്പ് സർക്കാർ പാട്ടത്തിനു നൽകിയ ഭൂമി ആയിരുന്നോ; എങ്കിൽ ആയതിന്റെ ഉടമസ്ഥാവകാശം ആർക്കാണ്;

(ഡി) സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി മറിച്ച് വിൽക്കുന്നതിന് കഴിയുമോ; എങ്കിൽ ആയതിന്റെ നിയമസാധുത എന്താണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷന് ആകെ 2263.18 ഏക്കർ വിസ്തീർണ്ണമുള്ളതിനാലും മറ്റ് വികസനത്തിന് തടസ്സമില്ലാത്തതിനാലും ഭൂപ്രകൃതിയനുസരിച്ച് ഭൂരിഭാഗവും സമതല പ്രദേശവും ബാക്കി ചെറിയ കുന്നിൻ പ്രദേശവുമായതിനാലും അഞ്ച് പി.ഡബ്ല്യു.ഡി റോഡുകളുടെയും രണ്ട് ദേശീയപാതകളുടെയും സമീപത്തായതിനാലും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉദ്യോഗസ്ഥ സംഘം ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തുകയും ടി എസ്റ്റേറ്റിനെ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കാനുദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായി തെരഞ്ഞെടുത്തുകൊണ്ട് ഗതാഗത വകുപ്പിൽ നിന്നും 21-07-2017-ൽ G.O(MS)No.60/17/ഗതാഗതം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) സ്വാതന്ത്ര്യത്തിന് മുമ്പ് പ്രസ്തുത തോട്ടം മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന്റെ കൈവശമായിരുന്നു. 2005-ൽ ടി ഭൂമി ബിലീവേഴ്സ് ചർച്ചിന് വിൽപ്പന നടത്തിയത് 1984-ൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത ഹാരിസൺസ് മലയാളം ലിമിറ്റഡാണ്.

(സി) അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥത രേഖപ്പെടുത്തിയിരിക്കുന്നത് 'സർക്കാർ' പണ്ടാരകാര്യം ചെയ് വാർകൾ എന്ന ഇനത്തിലാണ്. എന്നാൽ 1923-ലെ 1600-ാം നമ്പർ കരാർ ഉടമ്പടി പ്രകാരം വിദേശികളായ മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി ടി ഭൂമി മറ്റൊരു വിദേശ കമ്പനിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാകുന്നു. എന്നാൽ 2005-ലെ ആധാരത്തിൽ 1600/1923-ലെ ഭൂമിയാണ് വിലയ്ക്ക് വാങ്ങുന്നതെന്ന് പരാമർശിച്ചെങ്കിലും, ടി മുന്നാധാരത്തിലെ സർവ്വെ നമ്പറുകൾ വിലയാധാരത്തിൽ ഉപയോഗിച്ചിട്ടില്ല. പ്രസ്തുത ഭൂമി സ്വാതന്ത്ര്യാനന്തരം ഭരണഘടനയുടെ 296-ാം വകുപ്പ് പ്രകാരവും, ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 72(1) പ്രകാരവും (1-1-1970) സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയാണെന്ന് കണക്കാക്കാവുന്ന ഭൂമിയാണ്. ടി ഭൂമിയാണ് 1984 -ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് 2005-ൽ ബിലീവേഴ്സ് ചർച്ചിന് വിൽപ്പന നടത്തിയിട്ടുള്ളത്. സ്വാതന്ത്ര്യാനന്തരം നിലവിൽ വന്ന സർക്കാർ, ചെറുവള്ളി എസ്റ്റേറ്റ് ആർക്കും പാട്ടത്തിന് നൽകിയിട്ടില്ല.

(ഡി) സർക്കാർ പാട്ടത്തിന് നൽകുന്ന ഭൂമി പാട്ട വ്യവസ്ഥകൾ പ്രകാരം മാത്രമേ കൈവശം വയ്ക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനും കഴിയുകയുള്ളൂ. മറിച്ച് വിൽക്കുന്നതിനു കഴിയുകയില്ല.

**നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്ക്**

240 (2811) ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു കഴിഞ്ഞുവെന്നും എത്ര പഞ്ചായത്തുകളിൽ പൂർത്തിയായിവരുന്നുവെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ;

(സി) 2008-ന് മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി നൽകുന്നതിന് മുൻകാല ഉത്തരവുകളിലുണ്ടായിരുന്ന അവ്യക്തത ഒഴിവാക്കിയും നടപടിക്രമങ്ങൾ ലഘൂകരിച്ചും പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അനധികൃതമായ നിലം നികത്തൽ സാധൂകരിക്കാൻ സഹായകമാകുമായിരുന്ന, നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 3 എ. ഒഴിവാക്കിയതിന്റെ ഫലമായി എത്ര എക്കർ നിലം സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും പൂർത്തിയായിട്ടില്ലാത്ത പഞ്ചായത്തുകളിൽ അടിയന്തരമായി അവ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എത്ര പഞ്ചായത്തുകളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന കണക്ക് റവന്യൂ വകുപ്പിൽ നിലവിൽ ലഭ്യമല്ല.

(സി) ഉണ്ട്. 2008-ന് മുമ്പ് നികത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് 22-12-2016-ൽ 46848/പി1/2016/റവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ 22-12-2016-ൽ തന്നെ തദ്ദേശസ്വയംഭരണ വകുപ്പ് 994733/ആർ.എ 1/16/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി സർക്കുലറിന് വ്യക്തത വരുത്തിക്കൊണ്ട് റവന്യൂ (പി) വകുപ്പ് 1-3-2017-ൽ 13105/പി1/2017/റവ നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും 12-8-2008-ന് മുമ്പ് നികത്തപ്പെട്ടതുമായ നിലങ്ങൾ ക്രമവത്കരിക്കുന്നതിന് മാത്രമുള്ള വ്യവസ്ഥകളാണ് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ "3 എ" വകുപ്പിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിനാൽ ചോദ്യത്തിൽ ഉന്നയിച്ച രീതിയിലുള്ള കണക്കെടുപ്പ് നടത്തിയിട്ടില്ല.

## ഭൂരഹിതരുടെ പുനരധിവാസത്തിന് പദ്ധതി

241 (2812) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബാബു :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഭൂരഹിതർക്ക് മിച്ച ഭൂമി വിതരണം ചെയ്യുന്നതിനായി പ്രത്യേക സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ലാന്റ് ട്രിബ്യൂണലുകളിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാനായി സ്പെഷ്യൽ ട്രിബ്യൂണലുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭൂമി സംബന്ധമായ നിയമങ്ങളെയും നടപടികളെയും കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ സംസ്ഥാനത്ത് ഭൂസാക്ഷരതാ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

### ഉത്തരം

(എ) അടുത്ത അഞ്ചുവർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത-ഭവന രഹിതർക്കും ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ഭവന രഹിതർക്ക് മാന്യവും സുരക്ഷിതത്വവുമുള്ള ഭവനത്തോടൊപ്പം ജീവിതോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനം ഒരുക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പുവഴി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(ബി) ഇല്ല.

(സി) കേരളത്തിൽ 17 ലാന്റ് ട്രിബ്യൂണലുകളാണുള്ളത്. ഇവിടങ്ങളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർത്ത് ക്രയസർട്ടിഫിക്കറ്റ് നൽകുന്നതിനായി സ.ഉ.(പി) നമ്പർ 08/2017/റവന്യൂ തീയതി 17-1-2017 ഉത്തരവ് പ്രകാരം 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ദേവസ്വം കേസ്സുകൾ പരിഗണിക്കുന്നതിനായി 14 ജില്ലകളിലും ദേവസ്വം ട്രിബ്യൂണലുകളും പ്രവർത്തിച്ചുവരുന്നു.

(ഡി) ഇല്ല.

**ഓപ്പറേഷൻ അനന്തയുടെ രണ്ടാം ഘട്ടം**

242 (2813) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും ജല നിർഗ്ഗമനം സുഗമമാക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ 'ഓപ്പറേഷൻ അനന്ത' ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) പണി പൂർത്തിയാക്കിയ ഒന്നാംഘട്ടത്തിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) 'ഓപ്പറേഷൻ അനന്ത' യുടെ രണ്ടാം ഘട്ടം എന്ന് തുടങ്ങുമെന്നും എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 'ഓപ്പറേഷൻ അനന്ത' ഈ സർക്കാർ നിർത്തലാക്കിയിട്ടില്ല.

(ബി) റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) വിഷയം സർക്കാർ പരിഗണനയിലാണ്

**റീസർവ്വേ നടപടികൾക്ക് സ്വകാര്യ ഏജൻസികളുടെ സഹായം**

243 (2814) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ എപ്പോഴാണ് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) റീസർവ്വേ നടപടികൾ എത്രമാത്രം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതുവരെ പൂർത്തിയായിട്ടില്ലെങ്കിൽ മറ്റ് പദ്ധതികൾ ആലോചനയിലുണ്ടോ;

(ഡി) കേരളത്തിൽ ആകെ എത്ര വില്ലേജുകളാണുള്ളത്; ഇതിൽ റീ സർവ്വേ നടന്നതും നടന്നുകൊണ്ടിരിക്കുന്നതും തുടങ്ങാത്തതുമായ വില്ലേജുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ) റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ സ്വകാര്യ ഏജൻസികളുടെ സഹായം തേടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് എത്ര ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 6-10-1965-ലെ ജി.ഒ.(എം.എസ്സ്.) നമ്പർ781/65/ആർ.ഡി. പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി&സി) സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജുകളിൽ 885 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ 55 വില്ലേജുകളിൽ സർവ്വെ അതിരടയാള ആക്ട് 9(2) പ്രകാരമുള്ള വിജ്ഞാപനവും 14 വില്ലേജുകളിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനവും പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്.

(ഡി) കേരളത്തിൽ ആകെ 1664 വില്ലേജുകളാണുള്ളത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) സംസ്ഥാനത്തെ റീസർവ്വേ ജോലികൾ സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ഠാണ-ചന്തക്കുന്ന് റോഡിന്റെ വികസന പ്രവർത്തനം**

244 (2815) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ഠാണ-ചന്തക്കുന്ന് റോഡിൻെറ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ടോ; ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ഠാണ-ചന്തക്കുന്ന് റോഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്ന് (എൽ.എ.ആർ.ആർ. ആക്ട് മുഖേനയോ നോഗോഷ്യബിൾ/ ഡയറക്ട് പർച്ചേസ് മുഖേനയോ എന്ന് തീരുമാനമെടുത്ത്) ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. പ്രസ്തുത ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി

245 (2816) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 ലെ ചട്ടം 4 ൽ പ്രതിപാദിച്ചിരിക്കുന്ന പതിവ് ഉദ്ദേശങ്ങൾക്കുപുറമെ, പതിച്ചുകൊടുക്കുന്ന ഭൂമി വാണിജ്യ ആവശ്യങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്കവിധത്തിൽ ചട്ടം 4 ൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 ലെ ചട്ടം(4) പ്രകാരം കൃഷി, ഭവന നിർമ്മാണം, അയൽ വസ്തുവിന്റെ ഗുണകരമായ അനുഭവം എന്നീ ആവശ്യങ്ങൾക്കാണ് ഭൂമി പതിച്ചു നൽകുന്നത്. മേൽ പതിവ് ഉദ്ദേശ്യങ്ങൾക്കു പുറമേ പതിച്ചു കൊടുക്കുന്ന ഭൂമി വാണിജ്യ ആവശ്യങ്ങൾക്ക് കൂടി ഉപയോഗിക്കത്തക്കവിധത്തിൽ ചട്ടം(4)-ൽ ഭേദഗതി കൊണ്ടുവരുന്നത് സംബന്ധിച്ച് തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) ബാധകമല്ല

## ലുലുമാളിന് കൈമാറിയ സർക്കാർ ഭൂമി

246 (2817) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലുലു മാളിന് സർക്കാർ ഭൂമി കൈമാറിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) എത്ര വർഷമായി ഈ സ്ഥാപനത്തിന്റെ കൈവശം ഇരിക്കുന്ന ഭൂമിയാണ് കൈമാറിയതെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര ഭൂമിയാണ് കൈമാറിയതെന്നും ഏതെല്ലാം വില്ലേജുകളിലുള്ള താണെന്നും വ്യക്തമാക്കുമോ; ഈ ഭൂമിയുടെ കമ്പോള വില എത്രയാണ്;

(ഡി) ഏത് നിയമപ്രകാരമാണ് ഭൂമി കൈമാറിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിലേക്ക് ആവശ്യമായ ശിപാർശ ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവർ നൽകിയിരുന്നോ; ബന്ധപ്പെട്ട ഫയലിന്റെ നോട്ട് ഫയൽ സഹിതമുള്ള പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലുലുമാളിന് സർക്കാർ ഭൂമി കൈമാറിയിട്ടില്ല.

(ബി-ഇ) ബാധകമല്ല.

## കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻവഴി നടപ്പിലാക്കിയ പദ്ധതികൾ

247 (2818) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻവഴി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ; എവിടെയെല്ലാമാണ് ഇത് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിരിക്കുന്നതെന്നും അവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കെ.എൽ.ഡി.സി മുഖേന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡിന്റെ ആർ.ഐ.ഡി.എഫ്. -23 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ തുമ്പോട് ക്ഷേത്രക്കുളം, പൂവത്തൂർ, കരകുളം പഞ്ചായത്തിലെ ചിറതലക്കുളം, വെമ്പായം പഞ്ചായത്തിലെ മുടിപ്പുര, ഏലകുളം കൊഞ്ചിറ എന്നീ പ്രവൃത്തികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

## കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണനിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം

248 (2819) ശ്രീ. വി. ടി. ബൽറാം :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്യുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) വ്യവസായ, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നത് അനുവദിക്കുന്നതിനായി പ്രസ്തുത നിയമം ഭേദഗതി ചെയ്യണമെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ റവന്യൂവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) സമീപപ്രദേശത്തെ ഭൂമിയുടെ വിലയുടെ അടിസ്ഥാനത്തിൽ വയലിന് വില ഈടാക്കിയശേഷം നികത്താൻ അനുമതി നൽകണമെന്ന ഈ നിർദ്ദേശം പ്രസ്തുത നിയമത്തിന്റെ അന്തഃസത്തയെ ബാധിക്കുന്നതും സംസ്ഥാനത്തെ പരിസ്ഥിതിക്ക് വളരെ ദോഷം ചെയ്യുന്നതുമാകയാൽ ഈ നിർദ്ദേശം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

## ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് പോലീസിന്റെ സഹായം

249 (2820) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ;

(ബി) ഭൂമി കയ്യേറ്റമൊഴിപ്പിക്കാൻ നടപടി സ്വീകരിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് ഭീഷണിയും മർദ്ദനവും നേരിടേണ്ടിവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) ഇത്തരത്തിൽ കയ്യേറ്റമൊഴിപ്പിക്കുന്നതിന് റവന്യൂ സംഘം പോലീസിന്റെ സഹായം തേടാറുണ്ടോ; എങ്കിൽ പോലീസിന്റെ എല്ലാവിധ സഹായങ്ങളും റവന്യൂ സംഘത്തിന് ലഭ്യമായിട്ടുണ്ടോ;

(ഡി) ഈ സർക്കാരിന്റെ നേതൃത്വത്തിൽ ഭൂമി കയ്യേറ്റമൊഴിപ്പിക്കുന്നതിന് ഏതെങ്കിലും ജില്ലയിൽ ഏതെങ്കിലും സ്ഥലത്ത് പോലീസിന്റെ സഹായമഭ്യർത്ഥിച്ചിട്ടും ലഭിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ഈ സ്ഥിതി ഉണ്ടായത്; ഇതിനെതിരെ റവന്യൂ വകുപ്പ് എന്തുനടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഇല്ല.

(സി&ഡി) ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥർ പോലീസിന്റെ സഹായം തേടാറുണ്ട്. ഒഴിപ്പിക്കൽ നടപടിക്ക് പോലീസിന്റെ സഹായവും സാന്നിദ്ധ്യവും ആവശ്യപ്പെട്ട സന്ദർഭങ്ങളിലെല്ലാം ലഭ്യമായിട്ടുണ്ട്.

**ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ**

250 (T2821) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റവന്യൂ അധികാരികങ്ങളിൽ നിന്നും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് പിതാവിന്റെ സ്കൂൾ സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന് നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ;

(സി) ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അപേക്ഷയോടൊപ്പം ജാതി തെളിയിക്കുന്നതിനാവശ്യമായ വ്യക്തമായ രേഖകൾ സമർപ്പിക്കുന്ന പക്ഷം ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകാറില്ല.

(ബി) ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് പിതാവിന്റെ സ്കൂൾ സർട്ടിഫിക്കറ്റ് സമർപ്പിക്കണമെന്ന നിബന്ധനയില്ല. എന്നാൽ അപേക്ഷകന്റെ ജാതി ഉറപ്പാക്കുന്നതിനായി മാതാപിതാക്കൾക്ക് ലഭിച്ച ജാതി സർട്ടിഫിക്കറ്റുകളുടെ പകർപ്പോ സ്കൂൾ സർട്ടിഫിക്കറ്റോ ആവശ്യപ്പെടാറുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെയും വില്ലേജാഫീസറുടെ സ്വതന്ത്രമായ പ്രാദേശികാന്വേഷണത്തിൽ വെളിപ്പെടുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്. എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടെയും സാധുതാ കാലയളവ് മൂന്നുവർഷമായി ഉയർത്തി സർക്കാർ 4-8-17-ൽ ഉത്തരവായിട്ടുണ്ട്.

## ശ്രീ. റ്റിജോ മാത്യുവിന്റെ സ്ഥലം പോക്കുവരവ് ചെയ്യാൻ നടപടി

251 (2822) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ബ്ലോക്കിൽ കഞ്ഞിക്കുഴി വില്ലേജിൽ കഞ്ഞിക്കുഴി കരയിൽ ബ്ലോക്ക് നമ്പർ 47 (റ്റി.പി.നമ്പർ എഫ് 21) സർവ്വെ നമ്പർ 21/01-ൽ വേഴമ്പശ്ശേരിൽ, ശ്രീ.റ്റിജോ മാത്യു വിലയ്ക്ക് വാങ്ങിയ 25 സെന്റ് സ്ഥലം പോക്കുവരവ് ചെയ്ത് നൽകുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്;

(ബി) ഇതു സംബന്ധിച്ച് ഇടുക്കി ആർ.ഡി.ഒ. ഓഫീസിലെ ബി1 സെക്ഷനിൽ നിലവിലുള്ള ഫയൽ നമ്പർ 2895/2017-ൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കഞ്ഞിക്കുഴി വില്ലേജിലെ ബ്ലോക്ക് നമ്പർ 47 എഫ് 21-ാം നമ്പർ തണ്ടപ്പേരിൽ സർവ്വെ നമ്പർ 21/01-ൽപ്പെട്ട 0.6165 ഹെക്ടർ സ്ഥലത്തിന് ന്യായവില നിശ്ചയിച്ച് നൽകുന്നതിന് ശ്രീ. ജോൺമത്തായി വേഴാമ്പശ്ശേരിൽ എന്നയാളുടെ പേരിൽ അപേക്ഷ ഇടുക്കി ആർ.ഡി. ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ഇടുക്കി ആർ.ഡി. ഓഫീസിൽ ഇത് സംബന്ധിച്ച് ബി1-2895/2017 എന്ന ഫയലും നിലവിലുണ്ട്. മേൽ വിവരിച്ച തണ്ടപ്പേരിൽ ഉൾപ്പെട്ട സ്ഥലവുമായി ബന്ധപ്പെട്ട് ശ്രീ. റ്റിജോ മാത്യു പോക്കുവരവിനായി അപേക്ഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി സ്ഥലത്തിന് ന്യായവില നിശ്ചയിച്ചിട്ടില്ല. അതിലേക്കായി ഇടുക്കി ആർ.ഡി.ഒ. ശിപാർശ സഹിതം സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ഇടുക്കി ജില്ലാ കളക്ടറുടെ സജീവ പരിഗണനയിലാണ്.

## പട്ടയവിതരണം

252 (2823) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര പട്ടയമേളകൾ നടത്തിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ; ഇതിൽ ഓരോ ഇനത്തിലുമുള്ള പട്ടയങ്ങൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) ഉപാധിരഹിത പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അസൈൻമെന്റ് ഓർഡർ നൽകിയിരുന്ന എത്ര പേർക്ക് പട്ടയം വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) പുഴ, കായൽ, റോഡ് മുതലായവയുടെ പുറമ്പോക്ക് ഭൂമികളിൽ വർഷങ്ങളായി താമസിക്കുന്ന ഭൂരഹിതർക്ക് പട്ടയം നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വിശദീകരിക്കുമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂമി പതിവ് ചട്ടങ്ങളിൽ എന്തെല്ലാം ഭേദഗതികൾ വരുത്തിയെന്ന് വ്യക്തമാക്കുമോ; അവയുടെ പകർപ്പ് മേശപ്പുറത്ത് വെയ്ക്കുമോ?

<u>ഉത്തരം</u>

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

### പുതിയ താലൂക്കുകൾ രൂപീകരിക്കാൻ നടപടി

253 (2824) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി താലൂക്കുകൾ രൂപീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) സംസ്ഥാനത്ത് നിലവിലുള്ള താലൂക്കുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കിവരുന്നത്.

## കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം

254 (2825) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കൊട്ടാരവും അനുബന്ധഭൂമിയും ഐ.ടി.ഡി.സി.-ക്ക് കൈമാറിയത് എന്നായിരുന്നു; അതോടൊപ്പം ഉടമസ്ഥാവകാശം കൈമാറിയിരുന്നോ;

(ബി) അതിനു ശേഷം എപ്പോഴെങ്കിലും സർക്കാരിന്റെ ഉടമസ്ഥാവകാശം കൈമാറിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ സർക്കാരിന്റെ അത്തരമൊരു ഉത്തരവിന്റെ അഭാവത്തിൽ ഈ ഭൂമി പോക്കുവരവു ചെയ്തു കൊടുത്തിരുന്നോ; എങ്കിൽ അതിനുള്ള നടപടിക്രമം ആരംഭിച്ചത് എവിടെ നിന്നായിരുന്നു; ഏത് ഉദ്യോഗസ്ഥനാണ് അതിനുള്ള നിർദ്ദേശം നൽകിയത്;

(ഡി) ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 18-7-1970-ലെ G.O. (MS)242/1970/PD പ്രകാരം കോവളം കൊട്ടാരവും അനുബന്ധ ഭൂമിയും അതിന്റെ കൈമാറ്റ വ്യവസ്ഥകൾ പിന്നീട് നിശ്ചയിക്കുന്നതാണെന്ന നിബന്ധനയിൽ കൈവശാവകാശം കേന്ദ്ര സർക്കാരിന്റെ വിനോദസഞ്ചാര വകുപ്പിന് കൈമാറി നൽകിയിരുന്നു.

(സി) വിഴിഞ്ഞം വില്ലേജിലെ റീസർവ്വെ പൂർത്തിയാക്കിയതിനോട് അനുബന്ധിച്ച് ഐ.റ്റി.ഡി.സി.-യുടെ അപേക്ഷ പരിഗണിച്ച് വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിനും Land Acquisition Award -കൾ പ്രകാരം ഭൂമി കൈമാറ്റം ചെയ്ത തീയതി മുതൽ കരം സ്വീകരിക്കുന്നതിന് നിർദ്ദേശം തിരുവനന്തപുരം ജില്ലാ കളക്ടർ 23-5-2000-ലെ കെ 4-30636/2000 നമ്പർ നടപടിക്രമം പ്രകാരം നൽകുകയും നെയ്യാറ്റിൻകര അഡീഷണൽ തഹസിൽദാർ ഐ.റ്റി.ഡി.സി. പേരിൽ പോക്കുവരവ് നടപടികൾ ചെയ്തിട്ടുള്ളതുമാണ്.

(ഡി) ജില്ലാ കളക്ടറുടെ 23-5-2000-ലെ കെ4-30636/2000 നമ്പർ നടപടിക്രമത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചാലിയം - കടലുണ്ടി റോഡിലെ കയ്യേറ്റം

255 (2826) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയം - കടലുണ്ടി റോഡിലെ കയ്യേറ്റങ്ങൾ സർവ്വെ നടത്തി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലിയം-കടലുണ്ടി റോഡിലെ കയ്യേറ്റം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കുകയും സർവ്വെ ടീം പ്രവൃത്തി പൂർത്തിയാക്കി സ്കെച്ച് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ചാലിയം കടലുണ്ടി റോഡ് പി.ഡബ്ല്യു.ഡി. റോഡ് ആയതിനാൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. വകുപ്പിന് കയ്യേറ്റത്തിന്റെ സ്കെച്ച് സഹിതം റിപ്പോർട്ട് നൽകിയിട്ടുണ്ട്.

## ചൊക്ലി വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണം

256 (2828) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊക്ലി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; ആയത് വൈകുന്നതിന്റെ കാരണം എന്താണ്;

(ബി) പ്രസ്തുത നിർമ്മാണം സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചൊക്ലി വില്ലേജ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് 2017-18 പ്ലാൻ സ്കീമിലെ സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി പ്രകാരം, 40 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള എസ്റ്റിമേറ്റ് ജില്ലാ നിർമ്മിതി കേന്ദ്രയെകൊണ്ട് തയ്യാറാക്കി നിർമ്മിതി കേന്ദ്രയുമായി എഗ്രിമെന്റ് വച്ച് പണികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡാറ്റാ ബാങ്കിലെ അപാകതകളുമായി ബന്ധപ്പെട്ട പരാതികൾ

257 (2829) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി സംബന്ധിച്ച ഡാറ്റാ ബാങ്കിലെ അപാകതകളുമായി ബന്ധപ്പെട്ട പരാതികൾ നൽകുവാൻ ഭൂവുടമകൾക്ക് അധികാരം നൽകി നെൽവയൽ - തണ്ണീർത്തട സംരക്ഷണനിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എത്ര ദിവസത്തിനുള്ളിൽ പരാതി നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇതുപ്രകാരം പ്രാദേശിക നിരീക്ഷണ സമിതികൾക്ക് എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ എത്ര പരാതികൾ പരിശോധിച്ച് അപാകത പരിഹരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂമി സംബന്ധിച്ച ഡാറ്റാ ബാങ്കിലെ അപാകതകളുമായി ബന്ധപ്പെട്ട പരാതികൾ നൽകുവാൻ ഭൂവുടമകൾക്ക് അധികാരം നൽകി നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. എന്നാൽ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ ഇതു സംബന്ധിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം ഭേദഗതി ഉത്തരവ് പ്രസിദ്ധപ്പെടുത്തിയ 30-5-2017 മുതൽ 90 ദിവസത്തിനുള്ളിൽ പരാതി സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

## റവന്യൂ വകുപ്പിലെ ഗ്രൂപ്പ് വില്ലേജുകൾ

258 (2830) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ടെന്ന വിവരം നൽകാമോ; ഈ ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് പ്രത്യേകം ഓഫീസാക്കി മാറ്റുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 2006-2011-സർക്കാരിന്റെ സമയത്ത് പ്രത്യേകം കെട്ടിടം ഉണ്ടായിരുന്ന ഗ്രൂപ്പ് വില്ലേജാഫീസുകളെ വിഭജിച്ച് പുതിയ വില്ലേജാഫീസ് പ്രവർത്തനം ആരംഭിച്ചിരുന്നതുപോലെയുള്ള മാതൃക സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഒരു വില്ലേജ് അസിസ്റ്റന്റിനെ നിയമിക്കണമെന്ന 9-ാം ശമ്പള കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കുമോ ;

(ഡി) പുതിയ അധികാര കേന്ദ്രമായി മാറുന്ന അക്ഷയ കേന്ദ്രങ്ങളെ ഒഴിവാക്കി പകരം വില്ലേജാഫീസുകളിൽ തന്നെ ഫ്രണ്ട് ഓഫീസായി പ്രവർത്തിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഇ) ഇ-ഡിസ്ട്രിക്ടിൽ-ൽ നിരന്തരമായി ഉണ്ടാകുന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ഭൂനികുതി ഉൾപ്പെടെ റവന്യൂ വകുപ്പിൽ ഈടാക്കുന്ന നികുതികൾ അടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) ഭൂരേഖകളുടെ ഡിജിറ്റലൈസേഷൻ പദ്ധതി ഏതുവരെ എത്തി, എന്ന് പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ; സംയോജിത സമഗ്ര റവന്യൂ പോർട്ടൽ പരിഗണയിലുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനം ഏത് ഘട്ടത്തിൽ എത്തി ; എന്ന് ഉപയോഗയോഗ്യമാകും എന്ന് വ്യക്തമാക്കാമോ ?

## ഉത്തരം

(എ&ബി) റവന്യൂ വകുപ്പിൽ 100 ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്. ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു.

(സി) പ്രസ്തുത വിഷയം പരിശോധിച്ച് വരുന്നു.

(ഡി) റവന്യൂ വകുപ്പിന്റെ അടിസ്ഥാന ഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

(ഇ) ഇന്റർനെറ്റ് കണക്ടിവിറ്റി തകരാറുകൾമൂലവും അപേക്ഷകരുടെ ബാഹുല്യംമൂലവും ചില അവസരങ്ങളിൽ ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ലഭ്യമാകുന്നതിനും കാലതാമസം നേരിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഐ.റ്റി. മിഷനുമായും എൻ.ഐ.സി.-യുമായും ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതിവഴി നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ

പൂർണ്ണമായും ഓൺലൈനായി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിലും 5-9-2013-ലെ സർക്കാർ സർക്കുലർ നമ്പർ 29086/T3/13/Rev പ്രകാരം സാങ്കേതിക തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിൽ നേരിട്ട് അപേക്ഷിക്കുന്നവരുടെ സർട്ടിഫിക്കറ്റ് നേരിട്ട് നൽകുന്നത് പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

(എഫ്) റവന്യൂ വകുപ്പ് സ്വീകരിക്കുന്ന എല്ലാവിധ നികുതികളും ഫീസുകളും ഓൺലൈനായി വില്ലേജ് ഓഫീസ് മുഖേനയോ നേരിട്ടോ ഇ-പേമെന്റ് സംവിധാനം മുഖേന ഓൺലൈൻ ആയി സ്വീകരിക്കാനുള്ള സൗകര്യം ഘട്ടം ഘട്ടമായി മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. ആദ്യഘട്ടമായി വില്ലേജ് റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ് ആരംഭിച്ച വില്ലേജുകളിൽ ഭൂനികുതി ഈ സംവിധാനംവഴി അടയ്ക്കുവാൻ സജ്ജമാക്കിയിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (BTR), തണ്ടപ്പേർ രജിസ്റ്ററുകൾ (TPR) എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ ഇതിനകം 1243 എണ്ണത്തിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. കൂടാതെ, പ്രസ്തുത വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ്, ഇ-പേമെന്റ് എന്നിവ നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വില്ലേജ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ബി.റ്റി.ആർ. ഡിജിറ്റൈസേഷൻ, റ്റി.പി.ആർ. ഡിജിറ്റൈസേഷൻ എന്നിങ്ങനെ ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ബി.റ്റി.ആർ. ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ 1243 വില്ലേജുകളിൽ 450 എണ്ണത്തിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഇതിനോടകം ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മറ്റ് പ്രതികൂല സാഹചര്യങ്ങളില്ലായെങ്കിൽ നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂനികുതി രജിസ്റ്ററുകൾ, തണ്ടപ്പേർ രജിസ്റ്ററുകൾ എന്നീ അടിസ്ഥാന ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽ പറഞ്ഞ ഡിജിറ്റൈസേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കോ ഏതെങ്കിലും ഘട്ടത്തിൽ ആവശ്യകത ബോധ്യമാകുന്നപക്ഷമോ മാത്രമേ റവന്യൂ പോർട്ടൽ സംബന്ധിച്ച മേൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## റവന്യൂ വകുപ്പിൽ പുതിയ തസ്തികകൾ

259 (2831) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ പുതിയ തസ്തികകളൊന്നും അനുവദിച്ചിട്ടില്ല.

## കൊല്ലം പായിക്കട റോഡിലെ കടകൾക്ക് തീപിടിത്തം

260 (2832) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പായിക്കട റോഡിൽ 11 കടകൾക്ക് തീപിടിച്ച സംഭവത്തിൽ എത്ര രൂപയുടെ നാശനഷ്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തീപിടിത്തത്തിൽ നാശനഷ്ടമുണ്ടായ കടയുടമകൾക്ക് വകുപ്പിൽ നിന്നോ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നോ ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ധനസഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കൊല്ലം ചിന്നക്കട പായിക്കട റോഡിൽ 25-3-2017-ന് രാവിലെ 4.30-ന് വ്യാപാര സ്ഥാപനങ്ങൾക്ക് തീപിടിച്ച് പതിനൊന്നോളം കടമുറികളും അതിലുണ്ടായിരുന്ന സാധനങ്ങളും കത്തിനശിച്ചിട്ടുള്ളതാണ്. കെട്ടിടം കത്തി നശിച്ചതിന് 41,86,024 രൂപയുടെയും സ്റ്റോക്ക് കത്തി നശിച്ചതിന് 2,45,00,000 രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ശിപാർശ ചെയ്തു കൊണ്ടുള്ള കൊല്ലം ജില്ലാ കളക്ടറുടെ 19-6-2017-ലെ കത്ത് P-1635660/DRF-C2/17/റവ. നമ്പർ ഫയലായി സർക്കാരിന്റെ പരിഗണനയിലാണ്.

## ഇടുക്കി ജില്ലയിലെ പട്ടയവിതരണം

261 (2833) ശ്രീ. അട്ടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഇടുക്കി ജില്ലയിൽ എത്ര പട്ടയങ്ങൾ ഈ സർക്കാർ നൽകിയിട്ടുണ്ട്; താലൂക്ക്, വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ പട്ടയങ്ങൾ നൽകുന്നതിന് റൂൾ-6 പ്രകാരം കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ;

(സി) ഇതിനായി അപേക്ഷകൾ സ്വീകരിച്ചത് ഏതെല്ലാം വർഷമാണ്;

(ഡി) ഇടുക്കി ജില്ലയിൽ High Range Colonisation-ൽ എത്ര പേർക്ക് ഇനി പട്ടയം നൽകാനുണ്ടെന്ന് താലൂക്ക്, വില്ലേജ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇവർക്ക് പട്ടയം നൽകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ;

(എഫ്) 1993-ലെ സ്പെഷ്യൽ റൂൾസ് പ്രകാരം പതിച്ചുനൽകുന്നതിന് ഇടുക്കി ജില്ലയിൽ എത്ര ഭൂമി ലഭ്യമാണ് എന്ന് താലൂക്ക്, വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ജി) 1-1-1977-ന് മുൻപ് ഭൂമി കൈവശമിരുന്നു എന്ന് തെളിയിക്കുന്ന ജോയിന്റ് വെരിഫിക്കേഷൻ അല്ലെങ്കിൽ റീസർവ്വേ രേഖകൾ ഇടുക്കി ജില്ലയിൽ ലഭ്യമാണോ; എങ്കിൽ എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1993 ചട്ട പ്രകാരം 3511 പട്ടയങ്ങളും, 1964-ലെ ചട്ടങ്ങൾ പ്രകാരം 2010 പട്ടയങ്ങളും ഉൾപ്പെടെ 5521 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 7 ഭൂമിപതിവ് ആഫീസുകൾ മുഖേന 1993 -ലെ ചട്ടങ്ങൾ പ്രകാരം വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1. മുരിക്കാശ്ശേരി - 293
2. കട്ടപ്പന - 904
3. നെടുങ്കണ്ടം - 1189
4. കരിമണ്ണൂർ - 145
5. രാജകുമാരി - 158
6. ഇടുക്കി - 660
7. പീരുമേട് - 162

(ബി) റൂൾ 6 പ്രകാരം പട്ടയത്തിനുള്ള അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതും, ലഭിച്ച അപേക്ഷകൾ ആക്ഷേപം ഉണ്ടെങ്കിൽ രേഖപ്പെടുത്തുന്നതിനായി പരസ്യപ്പെടുത്തുന്നതുമാണ്. ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റ് പ്രാബല്യത്തിലുള്ള സ്ഥലങ്ങളിൽ ടി ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും ഉടുമ്പൻചോല താലൂക്കിൽ ഫെയർലാൻഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും (ഏലം കൃഷി ഒഴികെ) പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2004, 2010 വർഷങ്ങളിൽ അപേക്ഷ സ്വീകരിച്ചിരുന്നതും ടി അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. 2017 ജൂലൈ മാസം ഒന്നാം തീയതി മുതൽ പുതിയ അപേക്ഷകൾ സ്വീകരിച്ചുവരുന്നതും പട്ടയ നടപടി പൂർത്തീകരിച്ചുവരുന്നതുമാണ്.

(ഡി) ഹൈറേഞ്ച് കോളനൈസേഷൻ സ്കീം പ്രകാരം പട്ടയത്തിനായി ലഭിച്ച 25 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്.

1. <u>ദേവികുളം താലൂക്ക്</u>

മറയൂർ വില്ലേജ് - 03

2. <u>ഉടുമ്പൻചോല താലൂക്ക്</u>

പാറത്തോട് വില്ലേജ് - 05

കരുണാപുരം വില്ലേജ് - 06

പാമ്പാടുംപാറ വില്ലേജ് - 09

കൽക്കുന്തൽ വില്ലേജ് - 2

(ഇ) ഈ കേസുകളിലെല്ലാം വസ്തുവിന്റെയും റിക്കാർഡുകളുടെയും പരിശോധന ഉൾപ്പെടെയുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) 1993 ചട്ടപ്രകാരം പതിച്ചുനൽകുന്നതിന് ഇടുക്കി ജില്ലയിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റ് പ്രകാരം ഇടുക്കി, തൊടുപുഴ, ദേവികുളം, പീരുമേട് താലൂക്കുകളിലായി 5000 ഹെക്ടർ ഭൂമിയും ഇടുക്കി, ഉടുമ്പൻചോല താലൂക്കുകളിലായി സി.എച്ച്.ആർ. മേഖലയിൽ 20363 ഹെക്ടർ ഉൾപ്പെടെ ആകെ 25363 ഹെക്ടർ ഭൂമിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. അനുമതി ലഭിച്ച ഭൂമി വില്ലേജ് തിരിച്ച് പ്രത്യേകം സർവ്വേ ചെയ്തിട്ടില്ലാത്തതിനാൽ വില്ലേജ് തിരിച്ച് കണക്ക് ലഭ്യമല്ല.

(ജി) 1-1-1977-ന് മുൻപ് ഭൂമി കൈവശമിരുന്നു എന്ന് തെളിയിക്കുന്ന ജോയിന്റ് വെരിഫിക്കേഷൻ, റീസർവ്വേ രേഖകൾ ജില്ലയിലെ ഭൂമിപതിവ് ആഫീസുകളിൽ ലഭ്യമാണ്. ലഭ്യമായ തീയതി വ്യക്തമല്ല.

## എളംകുളം വില്ലേജിൽ പട്ടയം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ

262 (2834) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം മണ്ഡലത്തിലെ എളംകുളം വില്ലേജിൽ പട്ടയം ലഭിക്കുന്നതിന് സമർപ്പിച്ചിരുന്ന അപേക്ഷകൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

എളംകുളം മേയ്ദിന കോളനി നിവാസികൾ 58 പേർ പതിവ് അപേക്ഷ സമർപ്പിച്ചിരുന്നു. 52 പേർക്ക് പട്ടയം നൽകി.

42 എളംകുളം മാനവ നഗർ കോളനി നിവാസികൾ അപേക്ഷ സമർപ്പിച്ചു. പതിച്ചുനൽകുന്നതിന് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി പുഴ പുറമ്പോക്കായതിനാൽ പതിവിനു വിധേയമല്ലാത്തതിനാലും ഈ വിഷയം സർക്കാർ പരിഗണനയിലാണ്.

പണ്ടാരച്ചിറ കോളനി - പൂണിത്തുറ എളംകുളം അതിരിലുള്ള തൈക്കൂടം ബണ്ട് കടവന്ത്ര റോഡിൽ എളംകുളം വില്ലേജ് പരിധിയിൽപ്പെട്ട 30 പേർ അപേക്ഷ നൽകി. പതിവിനുള്ള അനുമതിക്കായി കൊച്ചിൻ കോർപ്പറേഷന് കണയന്നൂർ തഹസിൽദാർ കത്ത് നൽകിയിട്ടുണ്ട്.

## സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വാർഷിക റിപ്പോർട്ടുകൾ

263 (2835) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ദുരന്തനിവാരണ പരിപാടികളുടെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുക എന്ന നിയമപരമായ ചുമതല നിറവേറ്റാതിരുന്നതിനാൽ സംസ്ഥാനത്തെ ദുരന്ത നിവാരണപ്രവർത്തനങ്ങളുടെ നിജഃസ്ഥിതി നിയമസഭയ്ക്ക് ലഭ്യമായില്ലെന്ന സി.& എ.ജി.-യുടെ വിലയിരുത്തൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അതോറിറ്റിയുടെ വാർഷിക റിപ്പോർട്ടുകൾ യഥാസമയങ്ങളിൽ തന്നെ സമർപ്പിക്കാത്തത് സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് തിരിച്ചടിയാവുമെന്നതിനാൽ സമയബന്ധിതമായി അവ സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70(2) പ്രകാരം എല്ലാ വർഷവും ഒരു പ്രവർത്തന റിപ്പോർട്ട് സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും, സർക്കാർ ഈ റിപ്പോർട്ട് പരിശോധിച്ച് നിയമസഭ മുൻപാകെ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. 2007-ൽ രൂപീകൃതമായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക്, 2012 മുതലാണ് സാങ്കേതിക പ്രവർത്തകരെ ലഭിച്ചതും പ്രവർത്തനം ശക്തിപ്പെട്ടതും. 2011-12 മുതൽ 2015-16 വരെയുള്ള വാർഷിക പ്രകൃതിക്ഷോഭവും എസ്.ഡി.എം.എ.-യുടെ പ്രവർത്തനവും ഉൾക്കൊള്ളിച്ച റിപ്പോർട്ട് പ്രസ്തുത കാലയളവിൽ എസ്.ഡി.എം.എ. സെക്രട്ടറി എന്ന പദവി വഹിച്ചിരുന്ന ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് നൽകുന്ന മുറയ്ക്കാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധി ലഭ്യമാകുന്നത്. മുടക്കം കൂടാതെ ഈ നിധി ലഭ്യമാകുന്നുണ്ട്.

18-2-2016-ൽ ചേർന്ന, ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, ഒരു പ്രത്യേക ഫോർമാറ്റിൽ, 2015-16 മുതൽ ഉള്ള റിപ്പോർട്ട് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയത്തിന് നിർദ്ദേശം നൽകി. ഇത് പ്രകാരം 20-10-2016-ന് ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ ഒരു വിശദമായ വാർഷിക റിപ്പോർട്ട് ഇംഗ്ലീഷിൽ സമർപ്പിച്ചു. ഇതു പരിഗണിച്ച സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2015-16-ലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി, മലയാളത്തിൽ തർജ്ജമ ചെയ്ത് സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

2015-16-ലെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ അവസാന വരവ്-ചെലവ് കണക്കുകളും ഉൾപ്പെടുത്തി 6-2-2017-ന് സമർപ്പിച്ച റിപ്പോർട്ട് G.O. (Rt) No. 2787/2017/Rev dated 22-6-2017 പ്രകാരം സർക്കാർ അംഗീകരിച്ചു. നിലവിൽ 200 കോപ്പി നിയമസഭയിൽ സമർപ്പിക്കുന്നതിനായി പ്രിന്റ് ചെയ്യുവാനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ 2016-17-ലെ വാർഷിക റിപ്പോർട്ടിനാവശ്യമായ വിവരങ്ങൾ 14 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) 18-2-2016-ൽ ചേർന്ന, ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കാര്യാലയത്തിന് വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രകൃതി ക്ഷോഭത്താൽ നാശനഷ്ടം സംഭവിച്ച വീടുകൾ

264 (2836) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂൺ മാസം പ്രകൃതിക്ഷോഭത്താൽ തലപ്പിള്ളി താലൂക്കിലെ കണ്ടാണശ്ശേരി വില്ലേജിൽ ആകെ എത്ര വീടുകൾക്ക് നാശനഷ്ടം സംഭവിച്ചുവെന്ന് അറിയിക്കാമോ; ഇതിൽ എത്ര വീടുകൾ പൂർണ്ണമായും നശിക്കുകയുണ്ടായി;

(ബി) നാശനഷ്ടത്തിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പൂർണ്ണമായും ഭാഗീകമായും വീടുകൾ നഷ്ടപ്പെട്ടവരുടെ വിവരവും നാശനഷ്ടത്തിന്റെ കണക്കും ലഭ്യമാക്കാമോ;

(സി) ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) 2017 ജൂൺ മാസം ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ 23 വീടുകൾക്ക് ഭാഗികമായും 2 വീടുകൾക്ക് പൂർണ്ണമായ നാശനഷ്ടവും സംഭവിച്ചിട്ടുണ്ട്.

(ബി) ഏകദേശം 4,22,630 (നാല് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി അറുന്നൂറ്റി മുപ്പത് രൂപ മാത്രം) രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ടവരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) ധനസഹായം വിതരണം ചെയ്യുന്നതിനായി ഫണ്ട് ആവശ്യപ്പെട്ടു കൊണ്ട് സർക്കാരിലേയ്ക്ക് കത്ത് എഴുതിയിട്ടുണ്ടെന്ന് തൃശ്ശൂർ ജില്ലാകളക്ടർ അറിയിച്ചുവെങ്കിലും കത്ത് ഇതുവരെ ലഭ്യമായിട്ടില്ല.

## ലാന്റ് ട്രിബ്യൂണലുകൾ

265 (2837) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ലാൻറ് ട്രൈബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട് എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവയുടെ പ്രവർത്തനം ആരംഭിച്ചത് മുതൽ നാളിതുവരെ എത്ര കേസ്സുകൾ തീർപ്പാകാത്തതായുണ്ട് എന്നറിയിക്കാമോ;

(സി) ലാൻറ് ട്രബ്യൂണലിലെ അപേക്ഷകൾ തിർപ്പാക്കുന്നതിന് ചട്ടങ്ങളിലെ സങ്കീർണ്ണത തടസ്സമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ചട്ടങ്ങൾ ഭേദഗതി ചെയ്ത് ലാന്റ് ട്രബ്യൂണലിന് മുമ്പാകെയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 17 ലാന്റ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ ജില്ലകളിലെ 29 തഹസിൽദാർമാരെ സ്പെഷ്യൽ ട്രിബ്യൂണലുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. അപ്രകാരം 29 സ്പെഷ്യൽ ട്രിബ്യൂണലുകളും പ്രവർത്തിക്കുന്നു.

(ബി) സംസ്ഥാനത്ത് വിവിധ ലാന്റ് ട്രിബ്യൂണലുകളിലായി 107126 കേസ്സുകൾ തീർപ്പാകാത്തതായുണ്ട്.

(സി) ഉണ്ട്. ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## രവിപുരം മാന്നുള്ളിപ്പാടം കോളനി നിവാസികളുടെ പട്ടയത്തിനുള്ള അപേക്ഷ

266 (2838) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിൽ രവിപുരം മാന്നുള്ളിപ്പാടം കോളനി നിവാസികളുടെ പട്ടയത്തിനുള്ള അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ പ്രത്യേക അനുമതി തേടി സർക്കാർ മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർ നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം മാന്നുള്ളിപ്പാടം കോളനി നിവാസികൾക്ക് പട്ടയം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**എറണാകുളം - കോട്ടയം റെയിൽവേ പാത ഇരട്ടിപ്പിക്കൽ**

267 (2839) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം - കോട്ടയം റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിന് ആവശ്യമായ മുഴുവൻ സ്ഥലവും സർക്കാർ ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം - കോട്ടയം റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ ഏറ്റെടുക്കാനുള്ള 35.1354 ഹെക്ടർ സ്ഥലത്തിൽ 27.0778 ഹെക്ടർ സ്ഥലം ഇതുവരെ ഏറ്റെടുത്തിട്ടുണ്ട്.

എറണാകുളം ജില്ലയിൽ റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് മുഴുവൻ സ്ഥലവും ഏറ്റെടുത്തിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

**ഭൂമിയുടെ തരം മാറ്റത്തിന് ഇളവ് അനുവദിക്കുന്നതിന് നടപടി**

268 (2840) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമിയിൽ കാലങ്ങളായി താമസിച്ചുവരുന്ന ചെറുകിട കർഷകർക്ക്, ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് വരുത്തി ഉടമസ്ഥാവകാശം നൽകുന്നതിനും കൈമാറ്റം ചെയ്യുന്നതിനും ഭൂപരിഷ്കരണ നിയമത്തിൽ ഇളവുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിലേക്കായി ഭൂപരിഷ്കരണ നിയമത്തിൽ ഇളവുവരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഭൂ പരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഒല്ലൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനർനിർമ്മാണം

269 (2841) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പുനർനിർമ്മാണത്തിനാണ് 2016-17 വർഷത്തിൽ ഫ്ലഡ് വർക്ക് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾ അനുവദിക്കുന്നതിനോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

## കോതമംഗലം താലൂക്കിൽ കൈവശക്കാർക്ക് പട്ടയം നല്കുന്നതിന് നടപടി

270 (2842) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ കീരംപാറ, കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിലും താലൂക്കിലെ മറ്റിടങ്ങളിലും റവന്യൂ ഭൂമി കൈവശം വച്ച് താമസിച്ചുവരുന്നവർക്ക് പട്ടയം നല്കുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) ഇതിലേക്കായി 2003 വരെ നിലവിലുണ്ടായിരുന്ന സ്പെഷ്യൽ തഹസിൽദാർ ഓഫീസ് പുനസ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം താലൂക്കിലെ കീരംപാറ, കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകളിലെ റവന്യൂ ഭൂമി കൈവശം വച്ച് വരുന്നവർക്ക് പട്ടയം നൽകുന്നതിന് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി രൂപീകരണം സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പതിവു കമ്മിറ്റി കൂടുന്ന മുറയ്ക്ക് 77 പട്ടയങ്ങൾ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലഭിച്ച അപേക്ഷകളിലെല്ലാം സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ലാന്റ് അസൈൻമെന്റ് സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളുടെ തുടർച്ചാനുമതി സംബന്ധിച്ച് ഫയലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) എൽ. എ. കമ്മിറ്റി ശിപാർശ ചെയ്താൽ 3 മാസത്തിനകം പട്ടയ നടപടി സ്വീകരിക്കുന്നതാണ്.

## വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനം

271 (2843) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഭൂമിയുടെ കരം അടക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾക്ക് പകരം ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സംവിധാനത്തിലൂടെ കരം അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക്പരിഹാരം കണ്ടെത്തുന്നതിനായി ഒരു പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി അറ്റകുറ്റപ്പണി, ടോയ്‌ലറ്റ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, റീവയറിംഗ്, അഡീഷണൽ റൂം നിർമ്മാണം, കുടിവെള്ള സൗകര്യം ലഭ്യമാക്കൽ ഇവയ്ക്കുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലെയും ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഓൺലൈൻ പോക്കുവരവും റവന്യൂ ഇ-പേമെന്റും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള 1243 എണ്ണത്തിൽ ഓൺലൈൻവഴി നികുതി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 421 വില്ലേജുകളിലും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ഓൺലൈനായി കരം സ്വീകരിക്കുവാനുള്ള ഇ-പേമെന്റ് സിസ്റ്റം നടപ്പിലാക്കാനാകും.

(സി) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായി വിവിധ മാർഗ്ഗങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ റവന്യൂ വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി പ്രത്യേകം പഠനം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## വില്ലേജ് ഓഫീസുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് നടപടി

272 (2844) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വില്ലേജ് ആഫീസുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ വില്ലേജുകളിൽ ഒരു സ്പെഷ്യൽ വില്ലേജ് ഓഫീസർ/വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. തുടർന്ന് സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് സർക്കാർ പി.ആന്റ് എ.ആർ.ഡി. വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ട് ജോലി ഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ദേവികുളം താലൂക്കിലെ പട്ടയപ്രശ്നം

273 (T2845) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ നായനാർ സർക്കാർ 1999-ൽ നൽകിയ പട്ടയങ്ങൾക്ക് റവന്യൂവകുപ്പ് കരം സ്വീകരിക്കാതിരിക്കുകയും പട്ടയം സാധൂകരണം നടത്തിയതുമായ സാഹചര്യത്തിൽ നിരവധി കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയ്ക്ക് പരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അവ പരിശോധിച്ച് പരിഹാരം കാണുന്നതിന് ഉടൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ&ബി) ദേവികുളം താലൂക്കിൽ നായനാർ സർക്കാർ 1999-ൽ നൽകിയ പട്ടയങ്ങൾ സംബന്ധിച്ച് വി.സി.2/13/IDK നമ്പരായി വിജിലൻസ് കേസ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ഇടുക്കി യൂണിറ്റിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണെന്നും, പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള വിവരം അറിയിക്കുന്നു.

## കോതമംഗലം മണ്ഡലത്തിലെ ഫ്ലഡ് ഫണ്ട് പ്രവൃത്തികൾ

274 (2846) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ ഫ്ലഡ് പ്രവർത്തനങ്ങൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പ്രവർത്തികൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഫണ്ട് അനുവദിച്ച പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

## ചെറുവള്ളി എസ്റ്റേറ്റ് കൈമാറ്റം

275 (2847) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ പ്ലാന്റേഷന്റെ അധീനതയിലുള്ള ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെയുള്ള 3800 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഏറ്റെടുക്കൽ നടപടി കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് അംഗീകരിച്ചിട്ടുണ്ടോ;

(സി) ഹാരിസൺ കമ്പനി ബിലീവേഴ്സ് ചർച്ചിന് ചെറുവള്ളി എസ്റ്റേറ്റ് കൈമാറ്റം നടത്തിയത് സംബന്ധിച്ച പോക്കുവരവ്, ബന്ധപ്പെട്ട ആർ.ഡി.ഒ. റദ്ദാക്കിയിട്ടുണ്ടോ; അതിനുശേഷം ചെറുവള്ളി എസ്റ്റേറ്റിന്റെ ഭൂനികുതി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ചെറുവള്ളി എസ്റ്റേറ്റിലെ ഏറ്റെടുത്ത 2264 ഏക്കർ സ്ഥലത്താണോ വിമാനത്താവളം നിർമ്മിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്;

(ഇ) സർക്കാരിന് അവകാശപ്പെട്ട സ്ഥലം വില കൊടുത്ത് വാങ്ങി വിമാനത്താവളം സ്ഥാപിക്കുന്നതിലെ അനൗചിത്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് 1947-ന് മുമ്പ് കൈവശം വച്ചിരുന്ന ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെ 38,170.92 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ 1958-ലെ കേരള ഭൂസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി നിലവിൽ കൈവശം വയ്ക്കുന്നത് ഹാരിസൺസ് മലയാളം ലിമിറ്റഡ് അവരിൽനിന്നും ഭൂമി വാങ്ങിയവർ, മറ്റുകയ്യേറ്റക്കാർ എന്നിവരാണ്.

(ബി) പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾക്കെതിരെ ടി കമ്പനികളും കക്ഷികളും വിവിധ റിട്ട് ഹർജികൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജികൾ കൂടുതൽ കേൾക്കുന്നതിനായി 25-11-2015-ലെ റഫറൻസ് ഉത്തരവ് പ്രകാരം ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന് കൈമാറിയിട്ടുണ്ട്. 25-11-2015-ലെ റഫറൻസ് ഓർഡറിൽ, സ്പെഷ്യൽ ഓഫീസർ പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച കെ.എൽ.സി. ചട്ടം 11 പ്രകാരമുള്ള കാര്യകാരണങ്ങൾ ഗൗരവമായും സർക്കാരിന്റെ നടപടി സാധൂകരിക്കുന്ന രീതിയിലും നിരീക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡറിൽ മലയാളം പ്ലാന്റേഷൻ (യു.കെ.) ലിമിറ്റഡ് വിദേശത്ത് രജിസ്റ്റർ ചെയ്ത കമ്പനിയാണെന്നും ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിരുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. 1947-ന് ശേഷം ഇന്ത്യയിൽ തുടരാനുള്ള അനുമതി 1947, 1952, 1973 എന്നീ വർഷങ്ങളിലെ ഫെറ (FERA) നിയമപ്രകാരം നേടിയിരുന്നില്ല എന്ന് പ്രഥമദൃഷ്ട്യാ നിരീക്ഷിച്ചിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ കർഷക കുടിയാനായിരുന്ന തങ്ങളുടെ മുൻഗാമിയായ മലയാളം പ്ലാന്റേഷൻ (യു.കെ.) ലിമിറ്റഡ് എന്ന ഹർജ്ജിക്കാരുടെ വാദം നിലനിൽക്കുന്നതല്ല എന്നും ഹൈക്കോടതി വളരെ ഗൗരവമായി

നിരീക്ഷിച്ചിട്ടുണ്ട്. വിദേശ കമ്പനികളും പൗരന്മാരും കേരള ഭൂപരിഷ്കരണ നിയമത്തിലെ പേഴ്സൺ എന്ന ഗണത്തിൽപ്പെടില്ല എന്ന കാര്യവും ഹൈകോടതി നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ, കോടതികൾ എന്നിവ നിലവിലെ ഹർജിക്കാർക്കും അവരുടെ മുൻഗാമികൾക്കും അനുകൂലമായ വിധിന്യായങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അവയിൽ ഒരു തീരുമാനമെടുക്കുന്നതിനാണ് ടി റിട്ടുകൾ രണ്ടംഗങ്ങൾ ഉൾക്കൊള്ളുന്ന ഡിവിഷൻ ബഞ്ച് കേൾക്കുന്നതിനായി 25-11-2015-ൽ റഫർ ചെയ്തിട്ടുള്ളത്. പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച ഉത്തരവുകളുടെ തൽസ്ഥിതി തുടരാനും ഹർജിക്കാർ ടി ഭൂമി കൈമാറാനോ കടപ്പെടുത്താനോ പാടില്ല എന്ന കർശന നിർദ്ദേശവും ഹൈക്കോടതി നൽകിയിട്ടുണ്ട്.

(സി) റദ്ദാക്കിയിട്ടുണ്ട്. കോട്ടയം ആർ.ഡി.ഒ.-യുടെ 19-6-2009-ലെ എം.5679/2008-ാം നമ്പർ ഉത്തരവുപ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി തെക്ക്, മണിമല വില്ലേജ് ഓഫീസുകൾ മുഖേന നടന്ന പോക്കുവരവ് നടപടി റദ്ദു ചെയ്തിട്ടുണ്ട്. ആയതിനുശേഷം ഭൂനികുതി സർക്കാർ സ്വീകരിക്കുന്നില്ല.

(ഡി) കേരള ഭൂസംരക്ഷണ നിയമത്തിലെ ചട്ടം 11 പ്രകാരം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28-5-2015-ൽ ജി.എൽ.ആർ.(എൽ.ആർ) 90/2014-ാം നമ്പർ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ഉൾപ്പെടുന്ന 2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിക്കുകയും ഏറ്റെടുക്കാൻ ഉത്തരവ് നൽകുകയും ചെയ്തു. ടി സ്ഥലമാണ് വിമാനത്താവളം നിർമ്മിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിരിക്കുന്നത്.

(ഇ) ഈ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കയ്യൂർ - ചീമേനി പഞ്ചായത്തിലെ പട്ടയപ്രശ്നങ്ങൾ

276 (2848) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ-ചീമേനി പഞ്ചായത്തിൽപ്പെട്ട വിവിധ വില്ലേജുകളിലെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികളുണ്ടാകുമോ;

(ബി) തിമിരി, ചീമേനി വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയം നൽകുവാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇവിടങ്ങളിൽ അവശേഷിക്കുന്നവർക്ക് കൂടി എന്ന് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ നടപടി ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) തിമിരി വില്ലേജിൽ റീ സർവ്വെ 59/1-ൽപ്പെട്ട മിച്ചഭൂമിയുടെ അകാല കൈമാറ്റം സാധൂകരിക്കുന്നത് സംബന്ധിച്ച് മുമ്പ് ലഭിച്ച 75 അപേക്ഷകൾ ഉൾപ്പെടെ ആകെ 132 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓരോ കേസ്സിനും പ്രത്യേക പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തിമിരി വില്ലേജ് ഓഫീസർ തയ്യാറാക്കി വരുന്നുണ്ട്.

17-5-2010-ലെ സ.ഉ. 175/2010 റവന്യൂ പ്രകാരം ചീമേനി വില്ലേജിലെ മിച്ചഭൂമി കൈവശക്കാരിൽ നേരത്തെ ലാൻഡ് ട്രിബ്യൂണൽ പട്ടയമുള്ള 92 പേരിൽ നിന്നും നികുതി സ്വീകരിക്കുന്നതിന് ഉത്തരവായതുപ്രകാരം ഭൂനികുതി സ്വീകരിച്ചുവരുന്നുണ്ട്. മേൽ ഉത്തരവ് പ്രകാരം 11 പേർക്ക് പട്ടയം (പതിവുപ്രമാണം) നൽകിയിട്ടുണ്ട്. കൂടാതെ 59 പേർക്ക് ലാൻഡ് ട്രിബ്യൂണൽ പട്ടയവും നൽകിയിട്ടുണ്ട്. ടി ഉത്തരവുപ്രകാരം 119 പേർക്കുകൂടി കൈവശഭൂമിക്ക് പട്ടയം അനുവദിക്കാനുണ്ട്. ഇവയിൽ അധികവും മാർക്കറ്റ് വിലയ്ക്ക് ഭൂമി പതിച്ച് നൽകുവാനുള്ളതാണ്.

28-1-2016-ലെ സർക്കാർ ഉത്തരവ് 62/2016/റവന്യൂ നമ്പർ പ്രകാരം ചീമേനി വില്ലേജിൽ മിച്ചഭൂമി കൈവശം വച്ചുവരുന്ന 116 പേരിൽ നിന്നുകൂടി ഭൂനികുതി സ്വീകരിക്കുന്നതിനും/പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിന് ഉത്തരവായിരുന്നു. അതിൽ നേരത്തെതന്നെ ലാൻഡ് ട്രിബ്യൂണൽ പട്ടയമുള്ള 25 പേരിൽ നിന്നും വില്ലേജാഫീസർ നികുതി സ്വീകരിച്ചിട്ടുണ്ട്. ബാക്കി 91 പേരിൽ, 'സി' കാറ്റഗറിയിൽപ്പെടുന്ന 38 പേർക്ക് 13-5-2017-ലെ പട്ടയമേളയിൽ പട്ടയം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 53 കേസ്സുകളിൽ ലാൻഡ് ട്രിബ്യൂണൽ മുഖാന്തിരം പട്ടയം അനുവദിക്കേണ്ട 18 കേസ്സിൽ 14 എണ്ണത്തിന് എസ്.എം. പ്രൊപ്പോസലുകൾ വില്ലേജാഫീസർ തയ്യാറാക്കി സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ.) കാസർഗോഡിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 'ഡി' വിഭാഗത്തിൽപ്പെടുന്നവരുടെ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് സ്ഥലത്തിന്റെ കമ്പോള വില, സർവ്വെ ചെയ്ത കൈവശങ്ങളുടെ സ്കെച്ച് തുടങ്ങിയവ അടങ്ങിയ വിശദമായ പ്രൊപ്പോസൽ ഹോസ്ദുർഗ്ഗ് തഹസിൽദാർ തയ്യാറാക്കി വരുന്നു.

## ദേശീയപാത-റെയിൽവേ വികസനത്തിനായി സ്ഥലമേറ്റെടുപ്പ്

277 (2849) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത-റെയിൽവേ വികസന പദ്ധതികൾക്കായി സ്ഥലമേറ്റെടുപ്പ് വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) ജില്ലകളിൽ ഇത്തരം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

### ഉത്തരം

(എ) ദേശീയപാതയ്ക്കുവേണ്ടി സ്ഥലമെടുപ്പ് നടപടി വേഗത്തിലാക്കുന്നതിന് സംസ്ഥാനത്ത് 12 സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് ജില്ലകളൊഴികെയുള്ള ജില്ലകളിലായി 37 എൽ.എ. യൂണിറ്റുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. അതുപോലെ റെയിൽവേക്കുവേണ്ടി പൊന്നുംവില നടപടികൾ സ്വീകരിക്കുന്നതിനായി കായംകുളം, കൊല്ലം, പാലാ, കോട്ടയം എന്നിവിടങ്ങളിലായി 4 എൽ.എ. യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ശബരി റയിൽപ്പാതയ്ക്കുവേണ്ടി സ്ഥലമെടുക്കുന്നതിന് പുതിയ 2 യൂണിറ്റുകൾ കൂടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. നാഷണൽ ഹൈവേ 45 മീറ്റർ വീതിയിൽ പൊന്നുംവില നടപടികൾ തുടരുന്നതിന് 25-10-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 94/2014/പി.ഡബ്ല്യു.ഡി പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റയിൽവേപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട ഭൂമി കൈമാറുന്നതിന്റെ പുരോഗതി ജില്ലാകളക്ടർമാർ നിരന്തരം വിലയിരുത്തുകയും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിൽ ദേശീയ പാതയുടെയും റയിൽവെയുടെയും വികസനത്തിനായി നാളിതുവരെ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ല.

## ഫറോക്കിലെ റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

278 (2850) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് പുതിയ പാലം മുതൽ പഴയ പാലം വരെയുള്ള റോഡ് കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനു സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) സമയ ബന്ധിതമായി ഈ പ്രവൃത്തി പൂർത്തിയാക്കി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫറോക്ക് പുതിയപാലം മുതൽ പഴയപാലം വരെയുള്ള റോഡ് കയ്യേറ്റം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഫറോക്ക് വില്ലേജ് ഓഫീസർക്കും ഫറോക്ക് മുനിസിപ്പൽ സെക്രട്ടറിക്കും ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൽ സർവ്വേയറുടെ സഹായം വേണമെന്ന് വില്ലേജ് ഓഫീസർ ആവശ്യപ്പെട്ടതിനെ തുടർന്ന് താലൂക്ക് സർവ്വെയർ 1 -ന് സർവ്വെ നടത്തി കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സർവ്വെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാനപാത വികസനം

279 (2851) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) തൃശ്ശൂർ - വാടാനപ്പള്ളി സംസ്ഥാനപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന്റെ

ഭാഗമായി 11-5-2017-ൽ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ എൽ.എ.ആർ.ആർ. ആക്ട്, 2013 പ്രകാരം സ്ഥലമേറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിൽനിന്ന് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ലാകളക്ടർ (ഏറ്റെടുക്കേണ്ട സ്ഥലം 200 ആർസിൽ കുറവായതിനാൽ) സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള ഏജൻസിയെ കണ്ടെത്തി 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതും തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

## ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ

280 (2852) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ഏതെല്ലാം വകുപ്പുകളുടെ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സിവിൽ സ്റ്റേഷനിലേക്ക് മാറാൻ തീരുമാനിച്ചിട്ടും പഴയ ഓഫീസിൽ തന്നെ പ്രവർത്തനം തുടരുന്ന ഓഫീസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പഴയ ഓഫീസിൽ തന്നെ പ്രവർത്തനം തുടരുന്ന എന്നതിന് വിശദീകരണം നൽകാമോ?

### ഉത്തരം

(എ) ആലത്തൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. (1) ലീഗൽ മെട്രോളജി വകുപ്പ് - പുതിയങ്കം (2) അസിസ്റ്റന്റ് എഞ്ചിനീയർ (കനാൽ) ചേരാമംഗലം (3) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ) ആലത്തൂർ (4) താലൂക്ക് ഓഫീസ്, ആലത്തൂർ എന്നീ ഓഫീസുകളാണ് സ്ഥലം അനുവദിച്ചിട്ടും ആലത്തൂർ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറാതിരിക്കുന്നത്.

(സി) ലീഗൽ മെട്രോളജി വകുപ്പിന് മിനി സിവിൽ സ്റ്റേഷനിൽ അഞ്ചാമത്തെ നിലയിലാണ് ഓഫീസ് കെട്ടിടം അനുവദിച്ചിട്ടുള്ളത്. ഭാരമുള്ള അളവു തൂക്ക സാമഗ്രികൾ കൈകാര്യം ചെയ്യുന്നതിന് താഴത്തെ നിലയിൽ ഒരു ഓഫീസ് കെട്ടിടം കൂടി അനുവദിച്ചാൽ മാത്രമേ ഓഫീസിന്റെ പ്രവർത്തനം നടത്തുവാൻ കഴിയുകയുള്ളൂ എന്നറിയിച്ചതിനാൽ ആവശ്യമായ സ്ഥലം കണ്ടെത്തിയെങ്കിലും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

താൽക്കാലിക കെട്ടിടത്തിന്റെ പണികൾ ആരംഭിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ (കനാൽ) ചേരാമംഗലം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ) ആലത്തൂർ എന്നീ കാര്യാലയങ്ങൾക്ക് അനുവദിക്കപ്പെട്ട സ്ഥലങ്ങളിൽ ക്യാബിനുകളുടെ നിർമ്മാണവും, ഇലക്ട്രിഫിക്കേഷൻ പണികളും പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് ടി ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറുന്നതാണ്. നിലവിൽ ആലത്തൂർ താലൂക്ക് പ്രവർത്തിച്ചുവരുന്നത് പാർക്കിംഗ് ഏരിയ ഉൾപ്പെടെ 1976 ച. മീറ്റർ സ്ഥലത്താണ്. എന്നാൽ മിനി സിവിൽ സ്റ്റേഷനിൽ താലൂക്ക് ഓഫീസിന് അനുവദിക്കപ്പെട്ടിട്ടുള്ളത് കേവലം 260 ച.മീ. സ്ഥലം മാത്രമാണ്. സ്ഥല പരിമിതിയാണ് താലൂക്ക് ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറാതിരിക്കാനുള്ള കാരണം.

**കയ്യേറിയ തോട്ട ഭൂമികൾ വീണ്ടെടുക്കുന്നതിന് നിയമനിർമ്മാണം**

281 (2853) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത കൈയ്യേറ്റങ്ങളിലൂടെ സ്വന്തമാക്കിയ തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഭൂമി വീണ്ടെടുക്കുന്നതിന് നിലവിലെ നിയമതടസ്സം വ്യക്തമാക്കുമോ;

(സി) പ്രസ്തുത രീതിയിൽ അന്യാധീനപ്പെട്ട എത്ര ഏക്കർ ഭൂമി നാളിതുവരെ വീണ്ടെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കമ്പനികളും സ്ഥാപനങ്ങളും വ്യക്തികളും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്നതിന് നിയമ വകുപ്പിൽനിന്നും സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. പത്മാകരൻ സി. കെ.-യെ ചുമതലപ്പെടുത്തി 22-5-2017-ലെ G.O.(Rt)2332/2017/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) M/s. മലയാളം പ്ലാന്റേഷൻ (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനിയും ഇവരിൽനിന്ന് ഭൂമി വാങ്ങിയ കമ്പനികളും കൈവശം വയ്ക്കുന്ന 38170.92 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് സ്പെഷ്യൽ ഓഫീസർ

& കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള 18 നടപടിക്രമങ്ങൾക്കെതിരെ എച്ച്.എം.എൽ കമ്പനിയും മറ്റ് കക്ഷികളും ഫയൽ ചെയ്ത WP(C)7711/2013, 33122/2014, 5510/2015, 10320/15 തുടങ്ങിയ വിവിധ റിട്ട് ഹർജികളിൽ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് 25-11-2015-ൽ റഫറൻസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി കേസ്സുകൾ ഡിവിഷൻ ബഞ്ചിലേക്ക് റഫർ ചെയ്തിട്ടുണ്ട്. M/s. മലയാളം ലിമിറ്റഡും മറ്റ് കമ്പനികളും ഹൈക്കോടതി, സുപ്രീംകോടതി, വിവിധ സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളായ ലാന്റ് ട്രിബ്യൂണൽ, താലൂക്ക് ലാന്റ് ബോർഡ് തുടങ്ങിയ അധികാര സ്ഥാപനങ്ങളിൽനിന്നും അനുകൂല വിധിന്യായങ്ങളും നേടിയിട്ടുള്ളത് പരിഗണിച്ചാണ് ടി റിട്ടുകളിൽ അന്തിമ തീരുമാനമെടുക്കുന്നതിന് ഡിവിഷൻ ബഞ്ചിലേക്ക് റഫർ ചെയ്തിട്ടുള്ളത്. ടി കേസ്സുകളിൽ തൽസ്ഥിതി തുടരുവാൻ ഉത്തരവുള്ളതിനാൽ ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) M/s. മലയാളം പ്ലാന്റേഷൻ (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) 72827.67 ഏക്കറോളം സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനിയും മറ്റു കക്ഷികളും കൈവശം വച്ചിരുന്ന 38170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് ആകെ 18 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെതിരെ കോടതിയിൽ ഫയൽ ചെയ്ത കേസ്സുകൾ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

## അപകടകരമായ വീട്ടി മരങ്ങൾ

282 (2854) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു സ്ഥലങ്ങളിലും സ്വകാര്യഭൂമിയിലും അപകടകരമായ നിലയിൽ നിൽക്കുന്ന വീട്ടി മരങ്ങൾ മുറിക്കുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സം ഉണ്ടോ;

(ബി) വീട്ടി മരങ്ങൾ മുറിച്ചുമാറ്റുന്നതിലെ നിയമതടസ്സം മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ചുമതലയിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ ജീവനും സ്വത്തിനും അപകടമുണ്ടാക്കാൻ സാധ്യതയുണ്ടെങ്കിൽ അതാത് വകുപ്പ് അധികൃതർ അതാത് ജില്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകുകയും 10-2-2010-ലെ സർക്കാർ ഉത്തരവ് നമ്പർ 68/2010/വനം, തുടർന്നുള്ള 21-4-2010-ലെ സ.ഉ.172/2010/വനം എന്നിവ പ്രകാരം രൂപീകൃതമായിട്ടുള്ള ജില്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷണൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായിട്ടുള്ള വൃക്ഷകമ്മിറ്റി കാലതാമസം വരുത്താതെ പരിശോധിച്ച്, അനിവാര്യമായ സാഹചര്യത്തിൽ മുറിച്ച് മാറ്റാനും അല്ലാത്തപക്ഷം ശിഖരങ്ങൾ കോതാനുമുള്ള അനുമതി വിലനിർണ്ണയ പത്രിക സഹിതം നൽകുന്നുണ്ട്. സ്വകാര്യ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന വീട്ടിമരങ്ങൾ മുറിക്കുന്നത് 2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെയും 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായാണ്.

(ബി) വീട്ടി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിയമ തടസ്സമില്ല. എന്നാൽ പട്ടയ ഭൂമിയിൽ നിൽക്കുന്ന, സർക്കാരിലേയ്ക്ക് റിസർവ് ചെയ്തിട്ടുള്ള വീട്ടി മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണമുണ്ട്. കൂടാതെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമ പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലങ്ങളിലും, കേരള വൃക്ഷ സംരക്ഷണ നിയമ പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലങ്ങളിലും നിൽക്കുന്ന വീട്ടി മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ട നിയമം അനുശാസിക്കും പ്രകാരമുള്ള നിയന്ത്രണമുണ്ട്.

## ചാലക്കുടി നഗരസഭാ പ്രദേശത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

283 (2855) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ വിവിധ വകുപ്പുകൾക്കുകീഴിൽ നിരവധി സ്ഥലങ്ങൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന മുനിസിപ്പൽ ജംഗ്ഷനോട് ചേർന്ന സ്ഥലം, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മെക്കാനിക്കൽ വർക്ക്ഷോപ്പ് വക സ്ഥലം, പോട്ട താണിപ്പാറ എന്നീ സ്ഥലങ്ങൾ വിവിധ വികസനാവശ്യങ്ങൾക്കായി അളന്ന് നിശ്ചയിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ദേശീയപാതയോട് ചേർന്ന് കിടക്കുന്ന പോലീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന സ്ഥലം അനധികൃതമായി കയ്യേറിയത് തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന മുൻസിപ്പൽ ജംഗ്ഷനോട് ചേർന്ന സ്ഥലം, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മെക്കാനിക്കൽ വർക്ക്ഷോപ്പ് വക സ്ഥലം, പോട്ട താണിപ്പാറ എന്നീ സ്ഥലങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ശിപാർശ ചെയ്യുന്ന മുറയ്ക്ക് ടി വകുപ്പുകളുടെ അനുമതിയോടെ അളന്ന് നിശ്ചയിച്ച് സംരക്ഷിക്കുന്നതാണ്.

(സി) പോലീസ് ക്വാർട്ടേഴ്സ് ആയിരുന്ന സ്ഥലം ചിലർ അനധികൃതമായി കയ്യേറ്റം നടത്തുകയും കിഴക്കേ ചാലക്കുടി സർവ്വെ 293/2-ൽപ്പെട്ട ടി സ്ഥലത്തിന് എൽ.എ 13185/67, എൽ.എ 55/64 എന്നീ പട്ടയപ്രകാരം കാലടി പറമ്പിൽ കെ. അനന്തൻ നായർ ഉടമസ്ഥാവകാശവാദം ഉന്നയിക്കുകയും അനധികൃത കയ്യേറ്റം പിന്നീട് ഒഴിപ്പിക്കുകയും തുടർന്ന് അവകാശവാദം ഉന്നയിച്ച പട്ടയങ്ങൾ റദ്ദ് ചെയ്യുകയും ചെയ്തിട്ടുള്ളതും ടി നടപടിക്കെതിരെ എതിർ കക്ഷികൾ കേരള ഹൈക്കോടതി മുമ്പാകെ WP(C)23903/07 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും അന്തിമവിധി വന്നിട്ടില്ലാത്തതുമാണ്.

**ചാലിയാർ പുഴയിൽനിന്നും മണൽ വാരാൻ അനുമതി**

284 (2856) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയിൽനിന്നും മണൽ വാരാൻ അനുമതിയുണ്ടോ;

(ബി) പുതിയ പഠനം നടത്താൻ സി.ഡബ്ല്യൂ.ആർ.ഡി.എം.-നെ ഏൽപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിരവധി തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമാണെന്ന കാര്യവും നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും കണക്കിലെടുത്ത് മണൽ വാരുന്നതിനുള്ള അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലിയാർ പുഴയിൽ മണൽ ലഭ്യതയുള്ള കടവുകളിൽനിന്നും മണൽ വാരാൻ അനുമതി നൽകുന്നതിന് മുന്നോടിയായി ടി പുഴയുടെ സാന്റ് ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പാരിസ്ഥിതികാനുമതി ഇതുവരെയും ലഭിച്ചിട്ടില്ലാത്തതിനാൽ മണൽ വാരൽ ആരംഭിച്ചിട്ടില്ല.

(ബി) നടപടി സ്വീകരിച്ചിട്ടില്ല.

(സി) പാരിസ്ഥിതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് മണൽ വാരുന്നതിനുള്ള അനുമതി നൽകാൻ കഴിയും.

**പൂഞ്ഞാർ താലൂക്ക് രൂപീകരണം**

285 (2857) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ താലൂക്ക് രൂപീകരണ നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) താലൂക്ക് രൂപീകരണം എത്രയും വേഗം നടത്തുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) താലൂക്ക് രൂപീകരണം സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിലവിലുള്ള താലൂക്കുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, വികസന സാധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കിവരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എല്ലാ ജില്ലാ കളക്ടർമാരോടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ഫയലിലെ തീരുമാനമനുസരിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നതാണ്. 2017- ൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം എന്നിവിടങ്ങളിൽ മാത്രമേ പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്നുള്ളൂ.

## ചെറുവള്ളി എസ്റ്റേറ്റ്

286 (2858) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. പി. യോഹന്നാന്റെ പക്കൽ നിന്നും ഏറ്റെടുക്കാൻ ഉത്തരവായ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്ന രാജമാണിക്യം റിപ്പോർട്ട് നിലവിലുണ്ടോ;

(ബി) പ്രസ്തുത ഭൂമി ശബരിമല വിമാനത്താവളത്തിന് അനുയോജ്യമാണോ;

(സി) ഇത് സർക്കാർ ഭൂമിയാണെന്ന് കോടതി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഭൂസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം 28-5-2015-ൽ ജി.എൽ.ആർ. (എൽ.ആർ.) 90/2014 നമ്പർ അന്തിമ ഉത്തരവ് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച ടി ഉത്തരവിനോടൊപ്പം, ടി ഭൂമിയിൽനിന്നും നിലവിലെ കൈവശക്കാരെ ഒഴിപ്പിക്കുന്നതിനുള്ള ഫോറം-സി നോട്ടീസും നൽകിയിട്ടുണ്ട്.

(ബി) ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷന് ആകെ 2263.18 ഏക്കർ വിസ്തീർണ്ണമുള്ളതിനാലും മറ്റ് വികസനത്തിന് തടസ്സമില്ലാത്തതിനാലും ഭൂപ്രകൃതിയനുസരിച്ച് ഭൂരിഭാഗവും സമതല പ്രദേശവും ബാക്കി ചെറിയ കുന്നിൻപ്രദേശവുമായതിനാലും കൂടാതെ അഞ്ച് പി.ഡബ്ല്യൂ.ഡി. റോഡുകളുടെയും രണ്ട് ദേശീയപാതകളുടെയും സമീപത്തായതിനാലും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉദ്യോഗസ്ഥ സംഘം ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തുകയും ടി എസ്റ്റേറ്റിനെ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കാനുദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായി തെരഞ്ഞെടുത്തുകൊണ്ട് ഗതാഗത വകുപ്പിൽനിന്നും 21-7-2017-ൽ G.O.(MS)No.60/2017/ഗതാഗതം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് 1947-ന് മുമ്പ് കൈവശം വച്ചിരുന്ന ചെറുവള്ളി എസ്റ്റേറ്റ് ഉൾപ്പെടെ 38,170.92 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ 1958-ലെ കേരള ഭൂസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം അന്തിമ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി നിലവിൽ കൈവശം

വയ്ക്കുന്നത് ഹാരിസൺ മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി വാങ്ങിയവർ, മറ്റ് കയ്യേറ്റക്കാർ എന്നിവരാണ്. പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾക്കെതിരെ ടി കമ്പനികളും കക്ഷികളും വിവിധ റിട്ട് ഹർജികൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത റിട്ട് ഹർജികൾ കൂടുതൽ കേൾക്കുന്നതിനായി 25-11-2015-ലെ 'റഫറൻസ് ഉത്തരവ് പ്രകാരം ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന് കൈമാറിയിട്ടുണ്ട്. 25-11-2015-ലെ റഫറൻസ് ഓർഡറിൽ, സ്പെഷ്യൽ ഓഫീസർ പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച കെ.എൽ.സി. ചട്ടം 11 പ്രകാരമുള്ള കാര്യകാരണങ്ങൾ ഗൗരവമായും സർക്കാരിന്റെ നടപടി സാധൂകരിക്കുന്ന രീതിയിലും നിരീക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡറിൽ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് വിദേശത്ത് രജിസ്റ്റർ ചെയ്ത കമ്പനിയാണെന്നും ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിരുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. 1947-നുശേഷം ഇന്ത്യയിൽ തുടരാനുള്ള അനുമതി 1947, 1952, 1973 എന്നീ വർഷങ്ങളിലെ ഫെറ (FERA) നിയമപ്രകാരം നേടിയിരുന്നില്ല എന്ന് പ്രഥമദൃഷ്ട്യാ നിരീക്ഷിച്ചിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ കർഷക കുടിയാനായിരുന്ന തങ്ങളുടെ മുൻഗാമിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന ഹർജിക്കാരുടെ വാദം നിലനിൽക്കുന്നതല്ലെന്ന് ഹൈക്കോടതി വളരെ ഗൗരവമായി നിരീക്ഷിച്ചിട്ടുണ്ട്. വിദേശ കമ്പനികളും പൗരന്മാരും കേരള ഭൂപരിഷ്കരണ നിയമത്തിലെ പേഴ്സൺ എന്ന ഗണത്തിൽപ്പെടില്ല എന്ന കാര്യവും ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ ലാൻഡ് ബോർഡുകൾ, ലാൻഡ് ട്രൈബ്യൂണലുകൾ, കോടതികൾ എന്നിവ നിലവിലെ ഹർജിക്കാർക്കും അവരുടെ മുൻഗാമികൾക്കും അനുകൂലമായ വിധിന്യായങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അവയിൽ ഒരു തീരുമാനമെടുക്കുന്നതിനാണ് ടി റിട്ടുകൾ രണ്ടംഗങ്ങൾ ഉൾക്കൊള്ളുന്ന ഡിവിഷൻ ബഞ്ച് കേൾക്കുന്നതിനായി 25-11-2015 -ൽ റഫർ ചെയ്തിട്ടുള്ളത്. അതായത്, സ്പെഷ്യൽ ഓഫീസർ റൂൾ 11 പ്രകാരം പുറപ്പെടുവിച്ച അന്തിമ ഉത്തരവിലെ കാര്യകാരണങ്ങൾ ഹൈക്കോടതി വളരെ ഗൗരവത്തോടെയാണ് നിരീക്ഷിച്ചിട്ടുള്ളത്.

## കൊച്ചിൻ ക്ലബ്ബിന്റെ പാട്ടക്കാലാവധി

287 (2859) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട്കൊച്ചിയിൽ സെന്റ് ഫ്രാൻസിസ് ചർച്ച് റോഡിൽ മൂന്നര ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന കൊച്ചിൻ ക്ലബ്ബിന്റെ പാട്ടക്കാലാവധി എന്നാണ് അവസാനിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഈ ഭൂമി ഒഴിപ്പിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 31-3-2006 -ൽ പാട്ടക്കാലാവധി അവസാനിച്ചു.

(ബി&സി) എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ ഫോർട്ട് കൊച്ചി വില്ലേജിൽ സർവ്വെ നമ്പർ 143/2, 145/2 എന്നിവയിൽപ്പെട്ട 4.4 ഏക്കർ ഭൂമി 5-5-88-ലെ G.O.(MS)No.376/86/RD പ്രകാരം കൊച്ചിൻ ക്ലബ്ബിന് പാട്ടത്തിന് നൽകിയിരുന്നതാണ്. തുടർന്ന് 1995 -ൽ 2007 വരെയുള്ള Rs.1,91,93,460 രൂപ പാട്ടക്കുടിശ്ശിക ഈടാക്കുന്നതിന് പുറപ്പെടുവിച്ച 28-2-2007-ലെ G.O.(MS) No.67/07/RD നമ്പർ ഉത്തരവിനെതിരെ ടി ക്ലബ്ബ് ഫയൽ ചെയ്ത W.P(C) 36969/07-ൽ 7-11-2012-ലെ വിധിന്യായ പ്രകാരം ഈ വിഷയം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് നിവേദനം നൽകുവാനും ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും ടി വിഷയത്തിൽ തീരുമാനമാകുന്നതുവരെ 2007-ലെ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്യുന്നതിനും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. കൊച്ചിൻ ക്ലബ്ബിന്റെ പാട്ടഭൂമി തിരികെയെടുക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ള കേസ്സുകൾ ഓരോന്നും പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും സ്വീകരിക്കേണ്ട നിലപാട് സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, നിയമ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ജോയിന്റ് കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി സ.ഉ. (എം.എസ്.) നമ്പർ 55/2017/റവ തീയതി 18-2-2017 പ്രകാരം രൂപീകരിച്ച സമിതിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടും തേടിയിട്ടുണ്ട്.

**ഉപഭോക്തൃ സമിതികൾക്ക് ചെയ്യാവുന്ന പ്രവൃത്തികൾ**

288 (2860) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികൾമൂലം റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും പുനരുദ്ധാരണത്തിനായി നൽകുന്ന തുക ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ, എത്ര ലക്ഷം രൂപ വരെയുള്ള പ്രവൃത്തികളാണ് ഉപഭോക്തൃ സമിതികൾക്ക് ഏറ്റെടുത്ത് ചെയ്യാൻ സാധിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഉപഭോക്തൃ സമിതികൾക്ക് ഏറ്റെടുത്ത് ചെയ്യാവുന്ന പ്രവൃത്തികളുടെ തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) എം.എൽ.എ. ഫണ്ടിലെ പതിനഞ്ച് ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഉപഭോക്തൃ സമിതികൾക്ക് ചെയ്യാമെന്ന ഉത്തരവ് മേൽ പ്രവൃത്തികൾക്കും ബാധകമാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 10-10-2012-ലെ സ.ഉ. (കൈ) നമ്പർ 384/2012/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരമാണ് കാലവർഷക്കെടുതികൾമൂലം തകർന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും പുനരുദ്ധാരണത്തിനായി തുക അനുവദിക്കുന്നത്. കാലവർഷക്കെടുതി-പ്രകൃതിക്ഷോഭത്തിൽ തകരുന്ന റോഡുകളുടെയും മറ്റും പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുന്ന പ്രവൃത്തികളിൽ 10,00,000 (പത്ത് ലക്ഷം രൂപ മാത്രം) രൂപ വരെയുള്ള പ്രവൃത്തികളാണ് ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഏറ്റെടുക്കാൻ സാധിക്കുന്നത്. എന്നാൽ 17-11-2015-ലെ സ.ഉ.(പി) നമ്പർ 524/2015/ധന നമ്പർ ഉത്തരവ് പ്രകാരം 5,00,000 (അഞ്ച് ലക്ഷം രൂപ മാത്രം) മുതലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ നടപടി ബാധകമാക്കിയിട്ടുണ്ട്.

(ബി&സി) നിലവിൽ പരിഗണനയിലില്ല.

**സീറോലാന്റ് ലെസ് പദ്ധതി**

289 (2861) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോലാന്റ് ലെസ് പദ്ധതി പ്രകാരം ഹോസ്ദുർഗ്ഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിൽപ്പെട്ട തൃക്കരിപ്പൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതുപ്രകാരം എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നൽകിയ ഭൂമി ഏതുതരത്തിലാണെന്നും ഏതൊക്കെ വില്ലേജുകളിലാണെന്നും വ്യക്തമാക്കാമോ;

(സി) സീറോലാന്റ് ലെസ് പദ്ധതിയിൽ ലഭിച്ച അപേക്ഷകളിൽ ഇതുവരെ തീർപ്പ് കല്പിക്കാത്ത എത്ര അപേക്ഷകളുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 1408 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അർഹരായ 846 ഗുണഭോക്താക്കൾക്ക് നാളിതുവരെ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കൾക്ക് കാസർഗോഡ് ജില്ലയിൽ സർക്കാർ തരിശു ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്. തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പേരോൽ, കയ്യൂർ, ചീമേനി, ചെറുവത്തൂർ, പരപ്പ, ഭീമനടി, ചിത്താരിക്കൽ, പീലിക്കോട്, കൊടക്കാട് വില്ലേജുകളിലെ ഭൂമിയാണ് അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ളത്.

(സി) ഭൂരഹിതരല്ലാത്ത കേരളം പദ്ധതി പ്രകാരം ഇതുവരെ 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. വ്യക്തമായ അന്വേഷണത്തിലൂടെ 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ 54,398 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. ശേഷിച്ച 1,89,530 പേരുടെ അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഒറ്റപ്പാലം താലൂക്കിലെ ഭൂമി കയ്യേറ്റം

290 (2862) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സർക്കാർ ഭൂമി കയ്യേറിയത് ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്കിൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര പരാതികൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഭൂമിയിലെ സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഒഴിപ്പിക്കുന്നതിനുമായി ഓരോ ജില്ലകളിലും ഡെപ്യൂട്ടി കളക്ടർ എൽ.ആർ.-ന്റെ നേതൃത്വത്തിൽ ജില്ലാതല ടീമും ഓരോ താലൂക്കിലും തഹസിൽദാർ (എൽ.ആർ.)-ന്റെ നേതൃത്വത്തിൽ താലൂക്കുതല ടീമും രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു. ആയത് പ്രകാരം കണ്ടെത്തിയ കയ്യേറ്റങ്ങൾ, 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരം ഒഴിപ്പിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കയ്യേറ്റങ്ങൾക്കെതിരെ വില്ലേജ് തലത്തിലുള്ള ജനകീയ സമിതികളുടെ പ്രവർത്തനവും കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) ഒറ്റപ്പാലം താലൂക്കിൽ ഭൂമി കയ്യേറ്റം സംബന്ധിച്ച് 189 കേസ്സുകൾ നിലവിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ഒറ്റപ്പാലം 1 | 2 |
| 2 | ഒറ്റപ്പാലം 2 | 25 |
| 3 | തൃക്കടീരി | 8 |
| 4 | വെള്ളിനേഴി | 6 |
| 5 | അനങ്ങനടി | 71 |
| 6 | ലക്കിടി പേരൂർ 1 | 9 |
| 7 | അമ്പലപ്പാറ 2 | 1 |
| 8 | കടമ്പഴിപ്പുറം 1 | 4 |
| 9 | തൃക്കടീരി 1 | 13 |
| 10 | ലക്കിടിപേരൂർ 2 | 23 |
| 11 | വാണിയംകുളം 1 | 4 |
| 12 | വാണിയംകുളം 2 | 1 |
| 13 | കരിമ്പുഴ 1 | 1 |
| 14 | പൂക്കോട്ട്കാവ് | 5 |
| 15 | ചളവറ | 3 |
| 16 | ശ്രീകൃഷ്ണപുരം 2 | 4 |
| 17 | കരിമ്പുഴ 2 | 4 |
| 18 | നെല്ലായ | 5 |
| | ആകെ | 189 |

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957, ഭൂസംരക്ഷണ ചട്ടങ്ങൾ 1958 എന്നിവ പ്രകാരം സത്വര നടപടി സ്വീകരിച്ചുവരുന്നു.

## കാട്ടാക്കട കേന്ദ്രമായി റവന്യൂ ഡിവിഷൻ

291 (T 2863) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി റവന്യൂഡിവിഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ആയതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

റവന്യൂ ഡിവിഷണൽ ആസ്ഥാനം സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

## ഷണ്മുഖപുരം നിവാസികൾക്ക് പട്ടയം

292 (2864) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം വില്ലേജിലെ ഷണ്മുഖപുരം നിവാസികൾ പട്ടയത്തിനായി സമർപ്പിച്ച അപേക്ഷയിൽ കൈക്കൊണ്ട നിലപാടുകൾ അറിയിക്കാമോ?

ഉത്തരം

എറണാകുളം വില്ലേജിലെ ഷണ്മുഖപുരം നിവാസികളായ 18 കുടുംബങ്ങൾ സർവ്വെ നമ്പർ 843-ൽപ്പെട്ട പുഴ പുറമ്പോക്ക് ഭൂമിക്ക് പതിവ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിൽനിന്നുള്ള എൻ.ഒ.സി. ലഭിച്ചാൽ മാത്രമേ ഭൂമി പതിച്ചു നൽകാൻ കഴിയുകയുള്ളൂ. NOC ലഭ്യമാക്കുന്നതിന് കൊച്ചി കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. എൻ.ഒ.സി. ലഭ്യമായിട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ്

293 (2865) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സമുദായ സംഘടനകളുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ടോയെന്നും അത് നിർബന്ധമാണോ യെന്നും വ്യക്തമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത് എന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സമുദായ സംഘടനകളുടെ സാക്ഷ്യപത്രം ആവശ്യപ്പെടാറില്ല. സമുദായ സംഘടനകളിൽനിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽനിന്നോ ഉള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ വില്ലേജാഫീസർമാരുടെ സ്വതന്ത്രമായ പ്രാദേശിക അന്വേഷണത്തിന്റെയും അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളുടെയും മാത്രം അടിസ്ഥാനത്തിലാകണം ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതെന്ന് 1-9-2008-ലെ 47261/റ്റി2/08/ആർ.ഡി. നമ്പർ കത്ത് പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മിശ്രവിവാഹിത ദമ്പതികളിലൊരാൾ എസ്.സി./എസ്.റ്റി. സമുദായാംഗമാണെങ്കിൽ അവരുടെ കുട്ടികൾക്ക് എസ്.സി./എസ്.റ്റി ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന്, 20-11-2008-ലെ ജി.ഒ. (എം.എസ്.) 109/2008/എസ്.സി.എസ്.റ്റി.ഡി.ഡി. നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഒന്നിൽ അപേക്ഷകൻ ഉൾക്കൊള്ളുന്ന എന്നവകാശപ്പെടുന്ന സമുദായം, ടിയാനെ അവരിലൊരാളായി അംഗീകരിക്കുകയും ടി സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങൾക്കനുസരിച്ച് ടിയാൻ ജീവിച്ചുവരികയും ചെയ്യുണമെന്നാണ്. ആയത് ഉറപ്പുവരുത്തുന്നതിന് മറ്റ് മാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ സമുദായ സംഘടനകളിൽനിന്നുള്ള സാക്ഷ്യപത്രം ആവശ്യപ്പെടാറുണ്ട്. കൂടാതെ പട്ടികജാതിയിൽനിന്ന് ക്രിസ്തുമതത്തിലേയ്ക്ക് മതപരിവർത്തനം നടത്തിയശേഷം വീണ്ടും ഹിന്ദു/ബുദ്ധ/സിഖ് മതങ്ങളിലേതിലേയ്ക്കെങ്കിലും പുനഃപരിവർത്തനം നടത്തുന്ന കേസ്സുകളിലും ഇതേ നിബന്ധന പാലിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ അങ്ങനെയുള്ള കേസ്സുകളിലും സമുദായ സംഘടനകളിൽനിന്നുള്ള സാക്ഷ്യപത്രം ആവശ്യപ്പെടാറുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം അപേക്ഷകനും മാതാപിതാക്കളും എസ്.സി./എസ്.റ്റി. സമുദായാംഗങ്ങളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. കൂടാതെ അപേക്ഷകൻ പട്ടികജാതി സമുദായാംഗമാകണമെങ്കിൽ ടിയാൻ ഹിന്ദു/ബുദ്ധ/സിഖ് മതങ്ങളിലേതെങ്കിലും പിന്തുടരുന്നയാൾ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. [The Constitution (Scheduled Castes) Order 1950/1(C.O.19)]

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

294 (2866) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ, ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി സ്മാർട്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഇതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(ബി) തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവോ, തനത് ഫണ്ടോ, മറ്റ് ഫണ്ടോ ഉപയോഗിച്ച് വില്ലേജ് ആഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം, ആധുനികവൽക്കരണം എന്നിവ ചെയ്യാൻ വ്യവസ്ഥയുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സർക്കാർ നേരിട്ട് ചെയ്യുകയാണെങ്കിൽ ഇതിന് വേണ്ടി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

ഇതിനായി 2013-14 വർഷം മുതൽ പ്ലാൻ സ്കീമിൽ ഫണ്ട് വകയിരുത്തുകയും I, II, III, IV, V ഘട്ടങ്ങളിലായി 55 വില്ലേജാഫീസുകളെ ടി സ്കീമിൽ ഉൾപ്പെടുത്തുകയും ഇതിൽ 24 വില്ലേജാഫീസുകളുടെ പണികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം (2017-18) പൊതുമരാമത്ത് വകുപ്പിന്റെ 2059-01-051-81-17, 4059-01-051-61-18 ബഡ്ജറ്റ് ശീർഷകങ്ങളിൽ യഥാക്രമം 7 കോടി രൂപയും 8 കോടി രൂപയുമായി ആകെ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായി റവന്യൂ വകുപ്പിന്റെ 2029-00-001-98 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 15 കോടി രൂപയും പൊതുമരാമത്ത് വകുപ്പിന്റെ 4059-01-051-60 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

295 (2867) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന "കന്നുകാലി മേച്ചിൽപ്പുറം " ഇനത്തിൽപ്പെട്ട പുറമ്പോക്ക ഭൂമിയിൽ കാലങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായി, ഈ ഭൂമി റവന്യൂവിലേയ്ക്ക് പുനർ നിക്ഷേപം നടത്തി സർക്കാർ ഉത്തരവുണ്ടാകുന്നതിനായി, തൃശ്ശൂർ ജില്ലാകളക്ടർ മുഖേന ലാന്റ് റവന്യൂ കമ്മീഷണർക്ക് 29-10-2014-ൽ സമർപ്പിച്ച നമ്പർ B5-29030/12 അപേക്ഷ പ്രകാരം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ ഉൾപ്പെട്ടിട്ടുള്ള കൊരട്ടി പഞ്ചായത്തിലെ ഇരുപത്തിയൊന്ന് കൈവശക്കാർക്കടക്കം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം, ചാലക്കുടി താലൂക്കുകളിൽപ്പെട്ട കന്നുകാലി മേച്ചിൽ സ്ഥലം റവന്യൂ വകുപ്പിലേയ്ക്ക് പുനഃനിക്ഷിപ്തം ചെയ്യുന്നതിന് ടി സ്ഥലത്തിന്റെ ബി.ടി.ആർ. പകർപ്പ്, മഹസ്സർ, സ്കെച്ച്, അടങ്കൽ പകർപ്പ് എന്നീ അനുബന്ധ രേഖകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറുടെ 17-1-2017 തീയതിയിലെ എൽ.ആർ.ജെ. 7-45510/14 നമ്പർ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പിലേയ്ക്ക് പുനഃനിക്ഷിപ്തമാക്കി ലഭിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സസ്പെൻഷന് ശേഷം സർവ്വീസിൽ തിരികെ പ്രവേശിച്ചവരുടെ ശമ്പളം

296 (2868) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സസ്പെൻഷൻ നടപടിയ്ക്കുശേഷം സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച ജീവനക്കാർക്ക് ശമ്പളം നൽകുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സസ്പെൻഷൻ നടപടിയ്ക്കുശേഷം 18-4-2017-ലെ G.O.(Rt) No.1801/2017/RD ഉത്തരവ് പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിച്ച

മാവേലിക്കര താലൂക്ക് ഓഫീസ് പരിധിയിലുള്ള പെരിങ്ങാല വില്ലേജ് ആഫീസർ ശ്രീമതി സിന്ധുകുമാരിക്ക് നാളിതുവരെയായി ശമ്പളം നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരിക്ക് എന്ന് ശമ്പളം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രീമതി സിന്ധുകുമാരിയെ മാവേലിക്കര താലൂക്കിലെ പെരിങ്ങാല വില്ലേജ് ഓഫീസറായി സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചതിനെത്തുടർന്ന് 23-5-2017 പൂർവ്വാഹ്നമാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. ടിയാൾ ചെങ്ങന്നൂർ താലൂക്കിൽ വില്ലേജ് ഓഫീസറായി ജോലി ചെയ്യവെയാണ് സസ്പെൻഷനിലായിട്ടുള്ളത്. ടി ഓഫീസിൽ ടിയാൾക്ക് 17-5-2017 വരെ മാത്രം ഉപജീവന ബത്ത മാറി നൽകിയിരുന്നതും തുടർന്ന് മാവേലിക്കര താലൂക്ക് ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതുമാണ്. മാവേലിക്കര താലൂക്കിൽ നിന്നും ടിയാൾക്ക് 23-5-2017 മുതൽ മാത്രമേ ശമ്പളം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 18-5-2017 മുതൽ 22-5-2017 വരെയുള്ള ഉപജീവന ബത്ത കൂടി മാറി നൽകുന്നതിനായി ടിയാളുടെ സർവ്വീസ് ബുക്ക്, എൽ.പി.സി. എന്നിവ ചെങ്ങന്നൂർ തഹസിൽദാർക്ക് മാവേലിക്കര തഹസിൽദാർ തിരിച്ചയച്ചിരുന്നു. എന്നാൽ ആയത് മാറുന്നതിന് നിലവിൽ സ്പാർക്കിൽ ഓപ്ഷൻ ഇല്ലാത്തതിനാൽ ഉപജീവനബത്ത മാറി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തുടർന്ന് മാവേലിക്കര താലൂക്കാഫീസിൽനിന്നും ചെങ്ങന്നൂർ ജില്ലാ ട്രഷറിയുമായി ബന്ധപ്പെട്ടിട്ടും സ്പാർക്കിലെ അനിശ്ചിതത്വം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ 23-5-2017 മുതൽ 31-5-2017 വരെയുള്ള ശമ്പളം മാറി നൽകിയിട്ടില്ലാത്തതും എന്നാൽ ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളം മാറി നൽകുന്നതിന് തടസ്സമില്ലാത്തതിനാൽ ഈ രണ്ട് മാസങ്ങളിലെ ശമ്പളം 8-8-17-ൽ ടിയാളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളതുമാണ്.

(സി) 23-5-2017 മുതൽ 31-5-2017 വരെയുള്ള ശമ്പളം സ്പാർക്കിലെ സാങ്കേതിക പ്രശ്നം പരിഹരിച്ചതിനുശേഷമേ നൽകുവാൻ സാധിക്കുകയുള്ളൂ. ആയത് പരിഹരിച്ച് ശ്രീമതി സിന്ധുകുമാരിക്ക് ടി കാലയളവിലെ ശമ്പളം മാറി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടിയാളുടെ ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളം 8-8-2017 -ൽ മാറി നൽകിയിട്ടുണ്ട്.

**ചാത്തന്നൂർ താലൂക്ക് രൂപീകരണം**

297 (2869) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താലൂക്ക് രൂപീകരണം സർക്കാരിന്റെ നയപരമായ തീരുമാനമാണ്. നിലവിലുള്ള താലൂക്കുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, വികസന സാധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കിവരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എല്ലാ ജില്ലാ കളക്ടർമാരോടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ഫയലിലെ തീരുമാനമനുസരിച്ച് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടി സ്വീകരിക്കുന്നതാണ്. 2017-ൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം എന്നിവിടങ്ങളിൽ മാത്രമേ പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതായി പ്രഖ്യാപിച്ചിരുന്നുള്ളൂ.

**കുന്നത്തൂർ താലൂക്ക് ആശുപത്രിയുടെ പേരിലുള്ള സ്ഥലത്തിന്റെ കയ്യേറ്റം**

298 (2870) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്ക് ആശുപത്രിയുടെ പേരിലുള്ള സ്ഥലം അതിർത്തിനിർണ്ണയം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയുടെ പേരിലുള്ള സ്ഥലം കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയുടെ പേരിലുള്ള സ്ഥലത്ത് കയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായവരുടെ പേര് വിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. കുന്നത്തൂർ താലൂക്ക് ആശുപത്രിയുടെ പേരിലുള്ള സ്ഥലത്തിന്റെ അതിർത്തി നിർണ്ണയം നടത്തുന്നതിന് ആശുപത്രി അധികൃതരിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നോ അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി&ഡി) ബാധകമല്ല.

**ദുരന്തനിവാരണ രൂപരേഖകൾ**

299 (2871) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2005-ൽ നിലവിൽ വന്ന ദുരന്തനിവാരണ ആക്റ്റ് (DM-Act)-ന്റെ അടിസ്ഥാനത്തിലുള്ള ദുരന്തനിവാരണ രൂപരേഖകൾ സംസ്ഥാന തലത്തിലും തദ്ദേശതലത്തിലും തയ്യാറാക്കാത്തത് സംബന്ധിച്ച് 2016-ലെ സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ദുരന്തനിവാരണ രൂപരേഖകൾ തയ്യാറാക്കുന്നതിനും അവസരോചിതമായി അവ നടപ്പാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനതലം മുതൽ പഞ്ചായത്തുതലം വരെ ദുരന്തനിവാരണ ശൃംഖല രൂപപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന/ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, വില്ലേജുതല പദ്ധതികളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതി പ്രകാരം 14 ജില്ലകളിലായി ഏറ്റവും ദുരന്ത സാധ്യതയുള്ള 197 വില്ലേജുകളിൽ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ മൺറോതുരുത്ത്

(കൊല്ലം ജില്ല), പെരിങ്ങര (പത്തനംതിട്ട ജില്ല) എന്നിവിടങ്ങളിൽ പ്രത്യേകം ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. UNDP-യുടെ നഗര കേന്ദ്രീകൃത ദുരന്ത നിവാരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ദുരന്ത സാധ്യതയുടെ അടിസ്ഥാനത്തിൽ തീവ്ര ദുരന്ത സാധ്യതാ വാർഡുകളിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ അപൂർവ്വം നഗരങ്ങളിൽ മാത്രം തയ്യാറാക്കിയിട്ടുള്ള, നഗര ദുരന്ത ലഘൂകരണ പദ്ധതി തിരുവനന്തപുരം നഗരത്തിനുവേണ്ടി 2015-ൽ തയ്യാറാക്കുകയും ജില്ല അതോറിറ്റി അംഗീകരിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പ്, വാട്ടർ അതോറിറ്റി, ഹോമിയോപ്പതി, അഗ്നിശമന സേന എന്നിവർ വകുപ്പുതല പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 പ്രകാരം വകുപ്പുതല പ്ലാൻ തയ്യാറാക്കേണ്ടത് അതാത് വകുപ്പുകളുടെയും ജില്ലാ പ്ലാൻ തയ്യാറാക്കേണ്ടത് അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും തദ്ദേശ പ്ലാൻ തയ്യാറാക്കേണ്ടത് അതാത് തദ്ദേശ സർക്കാരുകളുടെയും സംസ്ഥാന പ്ലാൻ തയ്യാറാക്കേണ്ടത് സംസ്ഥാന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും കർത്തവ്യമാണ്. സർക്കാർ വകുപ്പുതല പ്ലാൻ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തികവർഷം എല്ലാ നഗരസഭകളിലും അവരവരുടേതായ ദുരന്ത ലഘൂകരണ പദ്ധതികൾ ഉണ്ടാക്കുകയും തനത് ഫണ്ടിൽ ദുരന്ത ലഘൂകരണത്തിനായി പണം വകയിരുത്തണമെന്ന് ഉദ്ദേശിച്ച് നഗരസഭകൾക്ക് മാത്രമായി 57,99,000 രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് അനുവദിക്കുകയും ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള NGO കളുടെ ലിസ്റ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, ജില്ലാ അതോറിറ്റികൾവഴി, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ ദുരന്ത ലഘൂകരണ പദ്ധതികൾ തയ്യാറാക്കുന്നതിനാവശ്യമായ ആലോചനാ യോഗങ്ങൾക്കും, പഞ്ചായത്തുതല Disaster Management Committee-കൾ രൂപീകരിക്കുന്നതിനും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ദുരന്ത ലഘൂകരണ പദ്ധതികളും അവയുടെ ഏഷ്യൻ മേഖലയിലെ നിലവിലെ സ്ഥിതിയും സംസ്ഥാനത്തെ വിവിധ നഗര സഭകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ബോധ്യപ്പെടുത്തുവാൻ വേണ്ടി നഗരസഭാ അദ്ധ്യക്ഷൻമാരെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയും ഡൽഹിയിൽ 2016-ൽ നടന്ന ഏഷ്യൻ മന്ത്രിതല ദുരന്ത ലഘൂകരണ കോൺഫറൻസിൽ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാന-ജില്ലാതല ദുരന്ത പ്രതികരണ-പ്രതിരോധ ശൃംഖല സുശക്തമായി പ്രവർത്തിക്കുന്നു. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണമാണ് ദുരന്ത പ്രതികരണത്തിൽ ഊന്നിയുള്ള പ്രവർത്തനത്തേക്കാൾ ഈ കാലഘട്ടത്തിന്റെ ആവശ്യം എന്നതിനാൽ ഇന്ത്യ ഉൾപ്പെടെ ലോക രാജ്യങ്ങൾ ജപ്പാനിലെ സെൻഡായി എന്ന നഗരത്തിൽ 2015-2030 കാലഘട്ടത്തിലേയ്ക്കായി അംഗീകരിച്ച രൂപരേഖയിൽനിന്നും പാഠം ഉൾക്കൊണ്ട് സംസ്ഥാന സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ കേന്ദ്രം തൃശ്ശൂരിൽ പ്രവർത്തനക്ഷമമാക്കുവാനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ അഗ്നിശമന സേനയോട് നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ 'അപ്താ മിത്ര' എന്ന പ്രോജക്ട് കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് കോട്ടയം ജില്ലയിൽ ഒരു സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ സേന രൂപീകരിക്കുവാനായി 22 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ കൂടാതെ വില്ലേജുതല പദ്ധതികളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. നഗര കേന്ദ്രീകൃത ദുരന്ത പ്രതികരണശേഷി വർദ്ധിപ്പിക്കുവാൻ, നഗരസഭകളുടെ ശാക്തീകരണത്തിനായി 57,99,000 രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ധനസഹായം അനുവദിച്ചു. 2011-17 കാലഘട്ടത്തിൽ ഏകദേശം 7.05 കോടി രൂപ ദുരന്ത തയ്യാറെടുപ്പ് പ്രവൃത്തികൾക്കായി മാത്രം സംസ്ഥാന അതോറിറ്റി, ജില്ലാ അതോറിറ്റികൾക്ക് നൽകിയിട്ടുണ്ട്.

## ചേരാനല്ലൂർ വില്ലേജിലെ വടുതല ജനകീയ റോഡ് വീട്ടുകാർക്ക് പട്ടയം

300 (2872) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം മണ്ഡലത്തിലെ ചേരാനല്ലൂർ വില്ലേജിൽ വടുതല ജനകീയ റോഡിലെ 280 വീട്ടുകാർ പട്ടയം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

<u>ഉത്തരം</u>

എറണാകുളം മണ്ഡലത്തിലെ ചേരാനല്ലൂർ വില്ലേജിൽ ജനകീയ നഗർ കോളനിവാസികൾക്ക് പട്ടയം നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## വലിയഴീക്കൽ പാലത്തിനായി ഭൂമി ഏറ്റെടുക്കൽ

301 (2873) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയീക്കൽ പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശം നൽകുമോ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിലെ വലിയീക്കൽ പാലത്തിന്റെ നിർമ്മാണത്തിനായി കാർത്തികപ്പള്ളി താലൂക്കിലെ ആറാട്ടുപുഴ വില്ലേജിലെ സർവ്വെ നമ്പർ 195/4, 195/4-8, 195/4-9, 195/5, 195/8, 195/13, 195/15, 195/16, 195/23, 195/24, 201/18, 201/20, 201/25, 201/53, 201/19 എന്നിവയിൽ ഉൾപ്പെട്ട 77.13 ആർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. പ്രസ്തുത സ്ഥലം ഡയറക്റ്റ്/നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് 5-4-2017-ലെ സ.ഉ. (ആർ.ടി.) 1639/2017/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു.

## ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം

302 (2874) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ;

(ബി) പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം ആധുനികവത്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദുരന്ത സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം മുഖേന വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൃത്യതയാർന്ന തീരുമാനങ്ങളിലൂടെ ആവശ്യമായ പ്രവർത്തനങ്ങൾ കൈക്കൊള്ളുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാകാറുണ്ട്. കാലവർഷം തുടങ്ങുന്നതിന് മുന്നോടിയായി ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ചേരാറുണ്ട്. ആയതിനുശേഷം നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്. ദുരന്ത നിവാരണ അതോറിറ്റികൾ മുൻകൂട്ടി തീരുമാനങ്ങളെടുത്ത് സുസജ്ജമായിരിക്കുന്നത് ദുരന്തങ്ങൾ യഥാവിധി നേരിടുന്നതിന് സഹായകമാകുന്നതാണ്. ദുരന്തങ്ങളിൽ പ്രതികരിക്കുവാനായി ഭരണപരവും പ്രവർത്തനപരവുമായ സംവിധാനങ്ങൾ ഒരുക്കി അതീവ സൂക്ഷ്മതയോടെ ദുരന്ത പ്രതിരോധത്തിലും തയ്യാറെടുപ്പിലും ഊന്നിയുള്ള പ്രവർത്തനമാണ് സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ നടപ്പിലാക്കുന്നത്. പൊതുജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും ബോധവത്കരണത്തിനും ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി ദേശീയ ദുരന്ത നിവാരണ സേനയുടെ ആഭിമുഖ്യത്തിൽ താലൂക്കടിസ്ഥാനത്തിൽ മോക് ഡ്രില്ലുകളും സെമിനാറുകളും അഭ്യാസ പ്രകടനങ്ങളും നടത്തിവരുന്നു. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ താലൂക്ക് ആസ്ഥാനങ്ങളിലും ജില്ലാ കളക്ടേറ്റുകളിലും പ്രവർത്തിക്കുന്നു. റവന്യൂ ഉദ്യോഗസ്ഥരെ കൂടാതെ പോലീസ്, അഗ്നിശമനസേന ഉദ്യോഗസ്ഥരും പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട മേൽനോട്ട കമ്മിറ്റി, മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട മേൽനോട്ട കമ്മിറ്റി, ക്വാറികളിൽ ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കുന്നതിന് അടിയന്തരഘട്ട മേൽനോട്ട കമ്മിറ്റി, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ, വരൾച്ചാ നിരീക്ഷണ സെൽ, ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടി ഉൾക്കൊള്ളിച്ച Emergency Supports Functions Plan-ഉം Standard Operating Procedures-ഉം, ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക പ്രതികരണ കേന്ദ്രം എന്നിവ പ്രകൃതിക്ഷോഭങ്ങളെ നേരിടുന്നതിന് പ്രവർത്തിച്ചുവരുന്നു.

(സി) ദുരന്ത ലഘൂകരണ പദ്ധതികളുടെ തയ്യാറെടുപ്പുകളുമായി ബന്ധപ്പെട്ട് ദുരന്ത പ്രതികരണത്തിനായി Search and Rescue, Early Warning, Evacuation, First Aid എന്നീ Emergency Response Team-കൾ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. അതിനൂതന മുന്നറിവ് സാങ്കേതികവിദ്യ സംയോജിപ്പിച്ച് കേന്ദ്രീകൃതമായി ദുരന്ത സാധ്യത അപഗ്രഥനം സാധ്യമാക്കുന്ന വിവര സാങ്കേതികവിദ്യ കെൽട്രോൺ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിനുവേണ്ടി നടപ്പാക്കി വരുന്നു. ഇതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരം നിർമ്മാണം പൂർത്തിയാക്കിവരുന്നു. ഈ മന്ദിരത്തിൽ മേൽസൂചിപ്പിച്ച സംവിധാനം സ്ഥാപിച്ച് സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കുവാനുള്ള നടപടികളെടുത്തിട്ടുണ്ട്. വിവര സംവേദന സാങ്കേതികവിദ്യയിലും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ മുന്നേറിയിട്ടുണ്ട്. നിലവിൽ വയനാട്, ഇടുക്കി, എറണാകുളം എന്നീ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും, ദേശീയ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവുമായി സാറ്റലൈറ്റ് ഫോൺ, സാറ്റലൈറ്റ് ഇന്റർനെറ്റ്, കമ്പ്യൂട്ടറുകൾ എന്നിവ ഫാക്സ് വഴി ബന്ധിപ്പിച്ചിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലേയ്ക്കും താലൂക്കുകളിലേയ്ക്കും ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക വിശകലനത്തിനുശേഷം ദുരന്ത സാധ്യതാ മുന്നറിയിപ്പ് ആവശ്യമെന്നുകണ്ടാൽ പത്ര-മാധ്യമങ്ങൾവഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുമുണ്ട്.

## ട്രിവാൻഡ്രം ടെന്നിസ് ക്ലബ്ബ്

303 (2875) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രിവാൻഡ്രം ടെന്നീസ് ക്ലബ് പാട്ടകുടിശ്ശിക അടച്ചുതീർക്കാത്തത് കാരണം സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ഏക്കർ ഭൂമിയാണ് ഇപ്പോൾ ക്ലബ്ബിന്റെ കൈവശമുള്ളത്;

(സി) എത്ര രൂപയാണ് പാട്ടകുടിശ്ശികയായി ഇപ്പോൾ സർക്കാരിലേക്ക് അടയ്ക്കാനുള്ളത്; ഇത് അടച്ചുതീർക്കുന്നതിന് സർക്കാർ സമയം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ശാസ്തമംഗലം വില്ലേജിൽ തിരുവനന്തപുരം ടെന്നിസ് ക്ലബ്ബിന്റെ കൈവശമുള്ളതായ 4 ഏക്കർ 27 സെന്റ് ഭൂമിക്ക്, പാട്ടം പുതുക്കി നൽകുന്നതിന് അനുമതി നൽകിയ 3-3-2016-ലെ സ.ഉ.(എം.എസ്.) നമ്പർ 229/2016/റവന്യൂ റദ്ദ് ചെയ്ത്, സ്ഥാപനത്തിൽ നിന്നും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാനും പിരിച്ചെടുക്കാൻ കഴിയാതെ വരികയാണെങ്കിൽ ഭൂമി തിരിച്ചെടുക്കാനും അനുമതി നൽകിയിരുന്ന സ.ഉ.(എം.എസ്.) നമ്പർ 380/2012/റവന്യൂ. തീയതി 9-10-2012 പ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. തിരുവനന്തപുരം താലൂക്കിലെ ശാസ്തമംഗലം വില്ലേജിൽ 4 ഏക്കർ 27 സെന്റ് ഭൂമിയാണ് ടി സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിട്ടുള്ളത്. 3-3-2016 വരെ ടി സ്ഥാപനത്തിന് 11,09,10,955 രൂപ (പതിനൊന്ന് കോടി ഒൻപത് ലക്ഷത്തി പതിനായിരത്തി തൊള്ളായിരത്തി അൻപത്തിയഞ്ച് രൂപ മാത്രം) പാട്ട കുടിശ്ശിക ഉണ്ടായിരുന്നു. 3-3-2016-ലെ ജി.ഒ. (എം.എസ്.) 229/2016/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാട്ടക്കുടിശ്ശികയുടെ 0.2% ആയ 2,21,822 രൂപ (രണ്ട് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം ) ടി സ്ഥാപനം 31-5-2016-ന് ഒടുക്കിയിട്ടുണ്ട്.

## വിളപ്പിൽശാല വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

304 (2876) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽശാല വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി സമർപ്പിക്കപ്പെട്ട പ്ലാനിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; തുടർ നടപടികൾ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 9-5-2017-ലെ സ.ഉ. (ആർ.ടി.) 2168/17/RD പ്രകാരം സ്മാർട്ട് വില്ലേജ് പദ്ധതിക്ക് 2017-18-ൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്കുള്ള കെട്ടിട നിർമ്മാണത്തിന് മുൻഗണന കൊടുത്ത് ഓരോ ജില്ലയിലും ഓരോ സ്മാർട്ട് വില്ലേജ് ഓഫീസ് പണിയുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിളപ്പിൽശാല വില്ലേജാഫീസിനെ 2017-18 സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച ആർ.ഡി.ഒ. ഓഫീസ്

305 (2877) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റിൽ തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച ആർ.ഡി. ഒ. ഓഫീസ് ഏതു നിയോജക മണ്ഡലത്തിൽ സ്ഥാപിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉത്തരവ് ഇറക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി അനുവദിക്കുന്ന ആർ.ഡി. ഓഫീസിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(ഡി) ഇതിനായി എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടിവരും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം ജില്ലയിൽ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള റവന്യൂ ഡിവിഷന്റെ ആസ്ഥാനം, സ്റ്റാഫ് പാറ്റേൺ, തസ്തിക സൃഷ്ടിക്കുന്നത് എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

## ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖല

306 (2878) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉരുൾപൊട്ടൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട വിശദമായ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തൽ വിശദമാക്കുമോ;

(സി) ഈ മേഖലകളിൽ താമസിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിനുള്ള നിർദ്ദേശം ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളത്തിലെ ഉരുൾപൊട്ടൽ സാധ്യതാ അപഗ്രഥനം അനുഭവ സമ്പത്തിനെ അടിസ്ഥാനമാക്കിയും തെറ്റതിരുത്തലുകൾവഴിയും പ്രശ്നപരിഹാരം കണ്ടെത്തുന്ന ഒരു പഠനരീതി (heuristic) വഴി semi-quantitative ആയി നടത്തിയതിൽനിന്നും ലഭ്യമായ അപഗ്രഥന വിവരം National Centre for Earth Science Studies ഭൂപടമായി തയ്യാറാക്കിയിട്ടുണ്ട്. ഇത്തരം ദുരന്തങ്ങളുടെ സാധ്യതാപ്രദേശങ്ങളെ വിവിധ സൂചികകളുടെ അടിസ്ഥാനത്തിൽ അടയാളപ്പെടുത്തുകയാണ് ഈ പഠന രീതിയിൽ സാധിക്കുന്നത്. ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ സൂചന (Spatial Susceptibility) മാത്രമാണ് ഈ പഠനം വെളിവാക്കുന്നത്. ഇതിൽനിന്നും ഭൂവിവര സാങ്കേതികവിദ്യ (Geographic Information System) ഉപയോഗിച്ച് വില്ലേജ് ഭൂപടം Overlay Analysis നടത്തി ടേബിൾ ആയി തയ്യാറാക്കി Handbook on Emergency Operations - Volume 1 - Hazard Susceptible Areas of Kerala എന്ന പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇത്തരം പ്രതിഭാസങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ സൂചന മാത്രമാണ് പ്രസ്തുത പഠനം വെളിവാക്കുന്നത്. എവിടെ എപ്പോൾ ഉണ്ടാകും എന്നതിന്റെ സമഗ്ര സാധ്യത (Spatial and Temporal Probability) ഈ ഭൂപടങ്ങൾ വെളിവാക്കുന്നില്ല എന്നതിനാൽ അടിയന്തരഘട്ടങ്ങളിൽ Emergency Supports Functions Plan-ഉം Standard Operating Procedures -ഉം പ്രകാരം ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ നിർദ്ദേശമായി ജില്ലകൾക്കും വിവിധ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് വിവിധ ദുരന്തങ്ങളെ നേരിടുന്നത്. ഏത് സാഹചര്യത്തിൽ ഏത് അളവിലുള്ള പ്രതികരണം ഏതൊക്കെ വകുപ്പ് നടത്തണമെന്ന് വ്യക്തമായി ഈ plan-ലും, SOP-കളിലും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (State Emergency Operations Centre) നൽകുന്ന മുന്നറിയിപ്പുകൾക്കനുസരിച്ച് Emergency Supports Functions Plan-ഉം Standard Operating Procedures-ഉം പ്രകാരം ഓരോ ദുരന്ത സാഹചര്യത്തിലും ദുരന്ത തീവ്രതയെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ നിർദ്ദേശമായി അതതു സമയങ്ങളിൽ നൽകിവരാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് കേരളത്തിലെ ആദ്യ ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ചത്. പ്രസ്തുത പദ്ധതിയുടെ അംഗീകാരത്തോടെയാണ് കേരളത്തിലെ ഉരുൾപൊട്ടൽ സാധ്യതാ അപഗ്രഥനത്തിനും Emergency Supports Functions Plan-ഉം Standard Operating Procedures-നും നിയമപരമായ പ്രാബല്യം ലഭിച്ചത്.

## ജലസ്രോതസ്സുകളിലെ അനധികൃത കയ്യേറ്റങ്ങൾ

307 (T2879) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായലുകൾ, പുഴകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയിൽ പലതിലും അനധികൃത കയ്യേറ്റങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകൾ ലഭ്യമാണോ; എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തരം കയ്യേറ്റങ്ങൾ തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; അനധികൃത കയ്യേറ്റങ്ങൾ നടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കയ്യേറ്റം ചെയ്തയിടങ്ങൾ തിരിച്ചുപിടിച്ച്, കയ്യേറ്റക്കാരുടെ ചെലവിൽ ജലസ്രോതസ്സുകളെ പൂർവ്വ സ്ഥിതിയിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കായലുകൾ, പുഴകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയിൽ അനധികൃത കയ്യേറ്റം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ ആളൂർ, അന്നമട, എടത്തിരുത്തി, മേലൂർ, നെന്മണിക്കര, വരന്തരപ്പിള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ അനധികൃത ജലസ്രോതസ്സ് കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ മണിമലയാർ ആറ്റുപുറമ്പോക്ക് കയ്യേറ്റം, തിരുവല്ല താലൂക്കിൽ ഏഴ് തോട് കയ്യേറ്റങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ 18 കേസ്സുകളുള്ളതും 01.48.58 ഹെക്ടർ ഭൂമിയിൽ ജലസ്രോതസ്സുകളുടെ കയ്യേറ്റം നിലവിലുള്ളതുമാണ്. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ, തവനൂർ, ഈഴവത്തുരുത്തി എന്നീ വില്ലേജുകളിലും കൊണ്ടോട്ടി താലൂക്കിൽ ചാലിയാർപുഴ പുറമ്പോക്ക്, നിലമ്പൂർ താലൂക്കിൽ അമരമ്പലം വില്ലേജിൽ ബ്ലോക്ക് 123, റീസർവ്വെ 351/1, 2-ൽ ഉൾപ്പെട്ട പുഴ പുറമ്പോക്ക് എന്നിവ കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിന്തൽമണ്ണ താലൂക്കിൽ പഞ്ചായത്ത് നഗരസഭാ അധീനതയിലുള്ള തോടുകളിൽ വ്യാപകമായ കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കായലുകളും കുളങ്ങളും ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ ആയത് നിക്ഷിപ്തമായിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഭൂസംരക്ഷണ നിയമപ്രകാരവും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ച് കയ്യേറ്റം ഒഴിവാക്കി പൂർവ്വസ്ഥിതിയിൽ സംരക്ഷിക്കുന്നതിന് ഉത്തരവുകൾ നൽകുകയും ആയതിന് വിസമ്മതിക്കുന്നവരുടെ പേരിൽ ക്രിമിനൽ നടപടി സ്വീകരിച്ചു വരുന്നു.

കൊല്ലം ജില്ലയിൽ കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് രേഖകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ലാൻഡ് റിസംഷൻ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചും കയ്യേറ്റം അളന്ന് നിർണ്ണയിക്കുന്നതിന് സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിച്ചും നടപടി സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലയിൽ കായലുകളിലേയും തണ്ണീർത്തടങ്ങളിലെയും കയ്യേറ്റം നിലവിലെ സർവ്വെ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ആയത് ഒഴിവാക്കി പൂർവ്വസ്ഥിതിയിൽ സംരക്ഷിക്കുന്നതിന് എറണാകുളം സർവ്വെ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജില്ലയിൽ കയ്യേറ്റക്കാർക്കെതിരെ 43 കേസ്സുകളെടുത്തിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശാനുസരണം ജില്ലാ താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും 1957-ലെ കേരള ഭൂസംരക്ഷണ നിയമവും, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ കയ്യേറ്റം നടത്തിയ 15 പേർക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കയ്യേറ്റങ്ങൾ നടത്തിയതിന്റെ പേരിൽ 56 പേർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

(സി) കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കയ്യേറ്റം ചെയ്ത ഭൂമി തിരിച്ചുപിടിച്ച്, കയ്യേറ്റക്കാരുടെ ചെലവിൽ ജലസ്രോതസ്സുകളെ പൂർവ്വ സ്ഥിതിയിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള ഭൂസംരക്ഷണ ചട്ട പ്രകാരം ബി ഫാറം, സി ഫാറം നോട്ടീസുകൾ, നടപടിക്രമം നൽകി ഒഴിപ്പിക്കൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

## വില്ലേജാഫീസുകൾ നവീകരിക്കുന്നതിന് പദ്ധതി

308 (2880) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജാഫീസുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഭൂമി സംബന്ധമായ വിലപ്പെട്ട രേഖകൾ സൂക്ഷിക്കുന്ന വില്ലേജാഫീസുകൾക്ക് സുരക്ഷിതമായി രേഖകൾ സൂക്ഷിക്കുവാൻ ആവശ്യമായ സംവിധാനം അടിയന്തരമായി നൽകുമോ എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ആഫീസുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും എവിടെവച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) വില്ലേജാഫീസുകൾക്ക് സുരക്ഷിതമായി രേഖകൾ സൂക്ഷിക്കുന്നതിനായി, സംസ്ഥാനത്ത് ചോർന്നൊലിക്കുന്നതും ജീർണ്ണാവസ്ഥയിലുള്ളതുമായ വില്ലേജാഫീസ് കെട്ടിടങ്ങൾ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൈവശ ഭൂമിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

309 (2881) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കൈവശഭൂമിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ പട്ടയം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്ര പേർക്ക് പട്ടയം വിതരണം ചെയ്യാവുന്നതായിട്ടുണ്ടെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിലെ കൈവശ ഭൂമിക്കാർക്ക് കേരള ഭൂമി പതിവ് നിയമ പ്രകാരവും, കേരള ഭൂപരിഷ്കരണ നിയമപ്രകാരവും പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ താഴെപ്പറയുന്ന നടപടി പ്രകാരം പട്ടയം വിതരണം ചെയ്തിട്ടുള്ളതും അപ്രകാരം ആകെ 353 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുള്ളതാണ്.

| | | |
|---|---|---|
| 1. ലാൻഡ് അസൈൻമെന്റ് ആക്ട് | - | 94 |
| 2. കെ.എൽ.ആർ. ആക്ട് മിച്ചഭൂമി | - | 6 |
| 3. ലാൻഡ് ട്രിബ്യൂണൽ പട്ടയം | - | 179 |
| 4. ലക്ഷംവീട് പട്ടയം | - | 40 |
| 5. ഭൂരഹിതരില്ലാത്ത കേരള പട്ടയം | - | 11 |
| 6. കൈവശ രേഖ | - | 23 |
| ആകെ | - | 353 |

(സി) നിലവിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി പട്ടയം വിതരണം ചെയ്യാവുന്നതായിട്ടുള്ളവ ഇല്ലാത്തതാണ്.

**ജീർണ്ണാവസ്ഥയിലുള്ള വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ**

310 (2882) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി, പീച്ചി എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ പീച്ചി, പാണഞ്ചേരി വില്ലേജാഫീസുകൾക്ക് ഒരു കെട്ടിടത്തിന്റെ ഇരുനിലകളിലായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## സർവ്വേ വകുപ്പിലെ ജീവനക്കാർ

311 (2883) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്നറിയിക്കുമോ;

(ബി) ഇതിൽ എത്രപേർ റീ-സർവ്വേ അക്കൗണ്ടിൽനിന്നും ശമ്പളം കൈപ്പറ്റുന്നുണ്ട്;

(സി) അപ്രകാരം ശമ്പളം കൈപ്പറ്റുന്ന എല്ലാ ജീവനക്കാരേയും റീ-സർവേ ജോലികൾക്കായി നിയോഗിക്കാറുണ്ടോ;

(ഡി) റീ -സർവ്വേ ഇതര പ്രവർത്തനങ്ങൾക്ക് എത്ര പേരെ നിയോഗിച്ചിട്ടുണ്ട്; മൊത്തം എത്ര ശതമാനം സർവ്വേ ജീവനക്കാരെയാണ് റീസർവ്വേ ജോലികൾക്കായി നിയോഗിക്കുന്നതെന്നറിയിക്കുമോ?

ഉത്തരം

(എ) 3804 ജീവനക്കാർ.

(ബി) 2999 പേർ.

(സി) ഇല്ല. ചില ജീവനക്കാരുടെ സേവനം റീസർവ്വേ ഇതര ജോലികൾക്കായും വിനിയോഗിക്കുന്നുണ്ട്.

(ഡി) സർവ്വെ വകുപ്പിൽ ആകെയുള്ള 3804 ജീവനക്കാരിൽ മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികകൾ ഒഴികെ 2925 ടെക്നിക്കൽ തസ്തികകൾ ഉണ്ട്. അതിൽ 606 ടെക്നിക്കൽ ജീവനക്കാരെ നിലവിൽ റീസർവ്വെ ഇതര പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിട്ടുണ്ട്. 79% സർവ്വെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെയാണ് നിലവിൽ റീസർവ്വെ ജോലികൾക്കായി നിയോഗിച്ചിട്ടുള്ളത്.

## ചെങ്ങന്നൂർ ആഫീസിലെ റീസർവ്വെ സംബന്ധിച്ച പരാതികൾ

312 (2884) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പുകല്പിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ റീസർവ്വേ ആഫീസിലെ 24-10-2013-ലെ 9827/13 നമ്പർ ശ്രീമതി രാധമ്മ ഗോപാലകൃഷ്ണൻ വെള്ളാങ്ങൂർ (ഹൗസ്) ഇടനാട്, ചെങ്ങന്നൂർ - ന്റെ അപേക്ഷ തീർപ്പാക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ എന്ന് തീർപ്പുണ്ടാക്കി നൽകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്, റീസർവ്വേയ്ക്ക് മുമ്പുള്ള റെക്കോർഡുകൾ കണ്ടെത്തിയുള്ള പരിശോധന എന്നിവയും എൽ.ആർ.എം. അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ആധിക്യവുമാണ് റീസർവ്വേ പരാതികളിൽ തീർപ്പുകൽപ്പിക്കുവാൻ വൈകുന്നതിന്റെ കാരണം.

(ബി&സി) ശ്രീമതി രാധമ്മ ഗോപാലകൃഷ്ണന്റെ അപേക്ഷയിന്മേൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലം വരട്ടാറിന്റെ പുറമ്പോക്കിൽ പ്പെട്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടയ രേഖ ഇല്ലാത്തതിനാലും റീസർവ്വേ രേഖകളിൽ വരട്ടാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാലും വിശദമായ അന്വേഷണവും മുൻ റിക്കാർഡുകളുടെ പരിശോധനയും നടത്തിമാത്രമേ പരാതിയിൽ നടപടി സ്വീകരിക്കുവാനാവുകയുള്ളൂ. റിക്കോർഡുകളുടെ പരിശോധന പൂർത്തിയാക്കി ഉടൻതന്നെ കക്ഷിക്ക് മറുപടി നൽകുന്നതാണ്.

**റീസർവ്വേയുമായി ബന്ധപ്പെട്ട ജോലികൾ**

313 (2885) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേയുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കിയ ജില്ലകൾ ഏതെല്ലാം; പൂർത്തിയാകാത്ത ജില്ലകൾ ഏതെല്ലാം ;

(ബി) പ്രസ്തുത ജോലികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) റീസർവ്വേയുമായി ബന്ധപ്പെട്ട ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഉദ്യോഗസ്ഥന്മാർക്ക് ആധുനിക രീതിയിലുള്ള സർവ്വേ പരിശീലനം നൽകി അവരുടെ സേവനം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ 1664 വില്ലേജുകളിൽ 885 വില്ലേജുകളിൽ റീസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഒരു ജില്ലയിലും പൂർണ്ണമാക്കിയിട്ടില്ല.

(ബി) റീസർവ്വെ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടില്ല.

(സി) സർവ്വെയും ഭൂരേഖയും വകുപ്പിലെ ജീവനക്കാർക്ക് ആധുനിക രീതിയിലുള്ള സർവ്വേ പരിശീലനം നൽകി അവരുടെ സേവനം വിനിയോഗിച്ചുവരുന്നു. സ്റ്റേറ്റ് ട്രെയിനിംഗ് പോളിസി പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് 30 ദിവസത്തെ മോഡേൺ സർവ്വെ പരിശീലനം Institute of Management in Government മായി ബന്ധപ്പെട്ട് നൽകിവരുന്നു.

## കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം

314 (T 2886) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കൊട്ടാരം ഇപ്പോൾ ആരുടെ കൈവശമാണെന്നും എന്നാണ് അവരുടെ കൈവശത്തിലെത്തിയതെന്നും വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും കേസ് നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) G.O.(Ms) No. 242/70/PD dt. 18-7-1970 പ്രകാരം ഇന്ത്യാ ഗവൺമെന്റിന്റെ വിനോദ സഞ്ചാര വകുപ്പിന് കൈമാറിയിരുന്നതും 2005-ലെ കോവളം കൊട്ടാരം വീണ്ടെടുക്കൽ വഴി ഏറ്റെടുക്കൽ ഓർഡിനൻസ് പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നതുമായ കോവളം കൊട്ടാരത്തിന്റെയും അനുൾപ്പെടുന്ന 4.13.30 ഹെക്ടർ ഭൂമിയുടെയും കൈവശാവകാശം 1-8-2017-ലെ സ.ഉ. (കൈ) നമ്പർ 17/2017/ടൂറിസം പ്രകാരം ആർ.പി. ഗ്രൂപ്പിന് കൈമാറുന്നതിന് ഉത്തരവായിരുന്നു.

(ബി) ഇതുസംബന്ധിച്ച് കോടതി കേസ്സുകൾ നിലവിലുണ്ടോ എന്നുള്ള വിവരം ലഭിച്ചിട്ടില്ലാത്തതാണ്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ബോട്ട്-ഇൻ-ലാൻഡായ ഭൂമി ഉപയോഗപ്രദമാക്കാൻ നടപടി

315 (2887) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റെടുത്ത് അഞ്ചുവർഷം കഴിഞ്ഞാൽ സർക്കാർ ആവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്ന് നിയമപ്രകാരം വ്യവസ്ഥയുണ്ടായിട്ടും, എറണാകുളം ജില്ലയിലെ ഇടക്കൊച്ചി, തോപ്പുംപടി വില്ലേജുകളിൽ 11-4-1973-ൽ ഏറ്റെടുത്ത ബോട്ട്-ഇൻ-ലാന്റായിട്ടുള്ള ഏക്കർ കണക്കിന് ഭൂമി ഉപയോഗപ്രദമാക്കാത്തതിന് കാരണം വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഏറണാകുളം ജില്ലാ കളക്ടർക്ക് 15-6-2017-ൽ നൽകിയ കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി താലൂക്കിൽ തോപ്പുംപടി വില്ലേജിൽ സർവ്വെ നമ്പർ 2421/1-ൽ പ്പെട്ട 01.50.529 ഏക്കർ ഭൂമിയും ഇടക്കൊച്ചി വില്ലേജിൽ സർവ്വെ നമ്പർ 349/1,2, 350/1,2,4,5 എന്നിവയിൽപ്പെട്ട 1 ഏക്കർ 23 സെന്റ് ഭൂമിയും സർവ്വെ നമ്പർ 287/2, 289/1,2,3,4,8-ൽപ്പെട്ട 1.69.420 ഏക്കർ ഭൂമിയും ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്തിരുന്നു. ബഹു. സുപ്രീം കോടതി മുമ്പാകെ M/s. വി. ഒ. വക്കൻ & സൺസ് ഫയൽ ചെയ്ത SLP 32524/10 നമ്പർ കേസിൽ ചീഫ് സെക്രട്ടറി, ജില്ലാ കളക്ടർ, MD, KSCC, FOAM MATTINGS INDIA LTD എന്നിവരെ എതിർകക്ഷികളായി ചേർക്കുകയും പ്രസ്തുത കേസ് നിലനിൽക്കുന്നതിനാലുമാണ് ഭൂമി ഉപയോഗപ്രദമാക്കാൻ കഴിയാതിരുന്നത്. മാത്രമല്ല കോടതി വിധികളുടെയും മറ്റും അടിസ്ഥാനത്തിൽ ചില കേസ്സുകളിൽ ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി അഞ്ചുവർഷം കഴിഞ്ഞതിനുശേഷവും തിരികെ നൽകേണ്ടിവരുന്നുണ്ട്.

(ബി) എം.എൽ.എ. ശ്രീ. ജോൺ ഫെർണാണ്ടസിന്റെ ഓഫീസിൽനിന്നും ജില്ലാ കളക്ടർക്ക് നേരിട്ട് നൽകിയ കത്ത് തുടർ നടപടികൾക്കായി കൊച്ചി (ആർ.ആർ.) സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയിരിക്കുകയാണ്.

## സംസ്ഥാന റീസർവ്വേ നടപടികൾ

316 (2888) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1961-ലെ സർവ്വേ & ബൗണ്ടറീസ് ആക്ട്, 1964-ലെ റീസർവ്വേ ചട്ടങ്ങൾ എന്നിവ പ്രകാരം സംസ്ഥാന റീ സർവ്വേ ആരംഭിച്ചത് എന്നാണെന്നും അതു മുതൽ നാളിതുവരെയുള്ള ഓരോ സർക്കാർ കാലയളവിലും റവന്യൂ വകുപ്പ് ചെയ്തു തീർത്ത പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും പൂർത്തിയാക്കിയവ സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകൾ/താലൂക്കുകൾ ഉണ്ട് എന്നും ഇവയിൽ റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകൾ/താലൂക്കുകൾ എത്ര എന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി ഉപഗ്രഹ സർവ്വേ, ഡിജിറ്റൈസേഷൻ ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിനായി സർവ്വേ/റവന്യൂ വകുപ്പ് ഓരോ വർഷത്തേയും ടാർജറ്റ് (തുടങ്ങിയതു മുതൽ) നിശ്ചയിച്ചുവോ എങ്കിൽ ടാർജറ്റ് പ്രക്രിയ എപ്പോൾ തുടങ്ങി ; എന്തു നടപടി നാളിതുവരെ സ്വീകരിച്ചു; അതിൻപ്രകാരം ഇത് പൂർത്തിയാക്കിയ വില്ലേജ്/ താലൂക്കുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് റീസർവ്വേ പൂർണ്ണമായും നടപ്പാക്കി റവന്യൂ വകുപ്പിനുകീഴിൽ സർട്ടിഫിക്കറ്റുകൾ നല്കാൻ കഴിയുന്നവർക്ക് സർട്ടിഫിക്കറ്റ് നല്കാനും ശേഷിക്കുന്ന ഭൂമി കണ്ടെത്തി സർക്കാർ ഭൂമിയാക്കാനും പരാതിയുള്ളവർക്ക് പരാതി പരിഹരിക്കാൻ സമയപരിധി നിശ്ചയിച്ച് നൽകാനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 6-10-1965-ലെ ജി.ഒ.(എം.എസ്.) 781/65/ ആർ.ഡി. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. റീസർവ്വേ ആരംഭിച്ചതുമുതൽ ഓരോ സർക്കാർ കാലയളവിലും സർവ്വെയും ഭൂരേഖയും വകുപ്പ് ചെയ്തുതീർത്ത റീസർവ്വെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്ത് 1664 വില്ലേജുകളും 75 താലൂക്കുകളും ഉണ്ട്. ഇതിൽ 885 വില്ലേജുകളിലും 24 താലൂക്കുകളിലും റീസർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് 14 ജില്ലകളിലും ജി.പി.എസ്. പ്രൈമറി/സെക്കണ്ടറി ഗ്രൗണ്ട് കൺട്രോൾ പോയിന്റുകളുടെ മോണ്യുമെന്റേഷൻ ജോലികൾ പൂർത്തിയാക്കി രണ്ട് ജില്ലകളിൽ ജി.പി.എസ്. ഒബ്സർവ്വേഷൻ നടത്തിയിട്ടുണ്ട്. റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകളുടെ റെക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു. നിശ്ചിത നിരക്കിൽ ഫീസ് ഒടുക്കിയാൽ 635 വില്ലേജുകളുടെ എഫ്.എം.ബി.-കൾ erekha.kerala.gov.in എന്ന വെബ് പോർട്ടലിൽനിന്നും ഓൺലൈനായി ഭൂവുടമകൾക്ക് ലഭിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) സംസ്ഥാനത്ത് സർക്കാർ ഭൂമിയിൽ മാത്രമായും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലും നിജപ്പെടുത്തിയിരുന്ന റീസർവ്വേ പ്രവർത്തനങ്ങൾ ഇപ്പോൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. വ്യക്തമായ കർമ്മ പദ്ധതി തയ്യാറാക്കി പൊതുജന പങ്കാളിത്തത്തോടെ കുറ്റമറ്റ രീതിയിൽ ആധുനിക സർവ്വേ ഉപകരണങ്ങളുടെ സഹായത്താൽ റീസർവ്വേ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ വില്ലേജിലും റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് റവന്യു വകുപ്പിൽനിന്നും സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. സർവ്വേ അതിരടയാള നിയമം അനുശാസിക്കുന്ന വിധം റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് സർക്കാർ ഭൂമി കണക്കിൽ ഉൾപ്പെടുത്തി റെക്കോർഡുകൾ തയ്യാറാക്കുന്നതാണ്. റീസർവ്വേ പൂർണ്ണമാകുന്നതിന് മുമ്പുള്ള പരാതികൾ ബന്ധപ്പെട്ട റീസർവ്വേ അധികാരികൾ മുഖേനയും റീസർവ്വേ പൂർത്തിയാക്കി റവന്യു ഭരണത്തിന് കൈമാറിയതിനു ശേഷമുള്ള പരാതികൾ ബന്ധപ്പെട്ട തഹസീൽദാർ (എൽ.ആർ.) മുഖേനയും മുൻഗണനാ ക്രമത്തിൽ പരിഹരിക്കുന്നതാണ്. നിയമാനുസൃതമുള്ള നോട്ടീസ് കാലാവധി, അപ്പീൽ കാലാവധി എന്നിവ അനുസരിച്ചുള്ള സമയ പരിധികൂടി കണക്കിലെടുത്ത് പരാതി തീർപ്പാക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ റീസർവ്വെ നടപടി

317 (2889) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ റീസർവ്വെ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) ജില്ലയിലെ സർവ്വെ ജീവനക്കാരെ ഇതര ജില്ലകളിൽ നിയമിച്ചതും, സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിച്ചതുംമൂലം റീസർവ്വെ നടപടികൾ സ്തംഭിച്ചിരിക്കുന്ന സാഹചര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയിലെ ഓരോ താലൂക്കിലും എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) മറ്റ് ജില്ലകളിൽ നിയമിച്ച ജീവനക്കാരെ തിരിച്ചു വിളിക്കുവാനും ജില്ലയിലെ റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ ആകെയുള്ള 138 വില്ലേജുകളിൽ 56 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായി. 82 വില്ലേജുകളിൽ റീസർവ്വേ ശേഷിക്കുന്നു.

(ബി) മലപ്പുറം ജില്ലയിൽ റീസർവ്വെ നടപടികൾ സ്തംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | | |
|---|---|---|
| (സി) | തിരൂരങ്ങാടി | - 7 |
| | തിരൂർ | - 4 |
| | ഏറനാട് | - 19 |
| | പെരിന്തൽമണ്ണ | - 0 |
| | പൊന്നാനി | - 0 |
| | നിലമ്പൂർ | - 14 |
| | കൊണ്ടോട്ടി | - 12 |

(ഡി) മറ്റ് ജില്ലകളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാർക്ക് നൽകിയിട്ടുള്ള വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് തിരികെ നിയമിക്കുന്നതും ജില്ലയിലെ റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതുമാണ്.

## വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജിൽ സ്ഥലം ഇനംമാറ്റി നൽകിയത് സംബന്ധിച്ച അന്വേഷണം

318 (2890) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജിലെ റീസർവ്വെ നമ്പർ 1/85, 1/84 എന്നിവയിൽ ഉൾപ്പെട്ടസ്ഥലം ഇനം മാറ്റി നൽകിയിട്ടുള്ളത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഭൂമി ഇനം മാറ്റി നൽകിയതിൽ ഏതെങ്കിലും തരത്തിലുള്ള അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്ര ആർ സ്ഥലമാണ് ഇനം മാറ്റി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(ഡി) ഈ ഭൂമി ഇനം മാറ്റി നൽകിയത് ക്രമരഹിതമാണെന്ന് കാണിച്ച് പരാതി എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജിലെ റീസർവ്വേ നമ്പർ 1/85, 1/84 എന്നിവയിൽ ഉൾപ്പെട്ട സ്ഥലം തോട് പുറമ്പോക്കിൽനിന്നും ഇനം മാറ്റം നൽകിയെന്ന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ വിഭാഗം സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. നിലവിൽ റവന്യൂ വിജിലൻസ് (ദക്ഷിണ മേഖല) അന്വേഷിച്ചുവരുന്നു.

(ബി)അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ചെമ്മരുതി വില്ലേജിൽ കോവൂർ ഇടശ്ശേരി മഠത്തിൽ പരമേശ്വരര് ഉണ്ണികൃഷ്ണര് പേരിൽ, തണ്ടപ്പേർ നമ്പർ 21968-ൽ 85/1 ൽനിന്നും റീസർവ്വേ 85/17 ആയി 1.50 ആർ പുരയിടവും പരമേശ്വരര് രാധാകൃഷ്ണര് പേരിൽ 21969 നമ്പർ തണ്ടപ്പേരിൽ 85/1 ൽനിന്നും റീസർവ്വേ 85/18 ആയി 3.60 ആർ പുരയിടവും 84/1 ൽ നിന്നും റീസർവ്വേ 84/29 ആയി 2.60 ആർ പുരയിടവും ഇനം മാറ്റി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. പ്രസ്തുത പരാതി ഇപ്പോൾ റവന്യ വിജിലൻസ് (ദക്ഷിണ മേഖല) അന്വേഷിച്ചുവരുന്നു.

**സർവ്വേ ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്താൻ നടപടി**

319 (2891) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിൽ സർവ്വേ ഉദ്യോഗസ്ഥരുടെ കുറവുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത താലൂക്കിൽ സർവ്വേയർമാരുടെ എത്ര തസ്തികകളുണ്ടെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തെങ്കിലും തടസ്സമുണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(ഡി) ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) നെയ്യാറ്റിൻകര റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലാണ് നെടുമങ്ങാട് താലൂക്കിലെ സർവ്വേ ഓഫീസുകൾ പ്രവർത്തിക്കുന്നത്. നിലവിൽ ടി ഓഫീസിനു കീഴിൽ വിരമിക്കൽ മുഖേനയുണ്ടായ ഒരു തസ്തിക ഒഴികെ എല്ലാ തസ്തികകളിലും ജീവനക്കാരുണ്ട്. 94 സർവ്വേയർ തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ ഒരു ഒഴിവ് മാത്രമാണുള്ളത്. പ്രസ്തുത ഒഴിവ് ഉടനടി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സർവ്വേ റീസർവ്വേ പ്രവർത്തനങ്ങൾ

320 (2892) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയിൽ എത്രഭാഗം ഇനിയും സർവ്വേ നടത്താനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ പുത്തൻ സാങ്കേതിക വിദ്യയും സ്വകാര്യ പങ്കാളിത്തവുംവഴി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർവ്വേ, റീസർവ്വേ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 21,14,247 ഹെക്ടർ (779 വില്ലേജുകൾ) ഭൂപ്രദേശം റീസർവ്വേ നടത്താനുണ്ട്.

(ബി) നിലവിൽ ആധുനിക സർവ്വേ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് WGS 84 എന്ന സിസ്റ്റത്തിൽ സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർവ്വേ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം നടപ്പിലാക്കുന്ന വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) സർവ്വേ റീസർവ്വേ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല.

## റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ

321 (2893) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാലമായി മുടങ്ങിക്കിടന്ന റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്പെഷ്യൽ ടീമുകളെ നിയോഗിച്ചിട്ടുണ്ടോ;

(ബി) അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റീസർവ്വേ പൂർത്തിയായ വില്ലേജുകളിൽ ജനങ്ങൾക്ക് തങ്ങളുടെ വസ്തുവിന്റെ സ്കെച്ച് സൗജന്യമായി വെബ് പോർട്ടലിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ& ബി) ഉണ്ട്.

(സി) ഇല്ല. റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകളിൽ ജനങ്ങൾക്ക് തങ്ങളുടെ വസ്തുവിന്റെ സ്കെച്ച്, നിശ്ചിത നിരക്കിൽ ഫീസ് ഒടുക്കിയാൽ erekha.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ഓൺലൈനായി ലഭിക്കുന്നതാണ്.

## റീസർവ്വേ നടപടി പൂർത്തിയാക്കിയ വില്ലേജുകൾ

322 (2894) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ ഏതൊക്കെയെന്നും റീസർവ്വേ നടന്നുകൊണ്ടിരിക്കുന്ന വില്ലേജുകൾ ഏതൊക്കെയെന്നും ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## സർവ്വേയും ഭൂരേഖയും വകുപ്പിലെ നിയമനം

323 (2895) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ ബി.ടെക്., പോളിടെക്നിക് ഡിപ്ലോമ എന്നീ വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് ഡ്രാഫ്റ്റ്സ്മാൻ, സർവ്വേയർ തസ്തികകളിൽ നിയമനം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ; വിശദാമാക്കാമോ ;

(ബി) പ്രസ്തുത വകുപ്പിലെ ഡ്രാഫ്റ്റ്സ്മാൻമാരുടെ ചുമതലകൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്, രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻമാരുടെ 2-11-1978 മുതൽ 30-6-2012 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ബി.ടെക്, പോളീടെക്നിക് ഡിപ്ലോമ എന്നിവ നേടിയിട്ടുള്ള 175 പേർക്ക് ഡ്രാഫ്റ്റ്സ്മാൻമാൻ തസ്തികകളിലും 1-11-1956 മുതൽ 31-12-2007 വരെയുള്ള സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ബി.ടെക്, പോളീടെക്നിക് ഡിപ്ലോമ എന്നിവ നേടിയിട്ടുള്ള 15 പേർക്ക് സർവ്വേയർ തസ്തികയിലും നിയമനം നൽകിയിട്ടുള്ളതായി കാണുന്നു.

(ബി)

1. ഓഫീസിലെ എല്ലാ ടെക്നിക്കൽ പ്രവൃത്തികളിലും ഏർപ്പെടാൻ തക്ക യോഗ്യതയുള്ളയാളാവണം ഡ്രാഫ്റ്റ്സ്മാൻ.

2. എല്ലാ ഡ്രാഫ്റ്റ്സ്മാൻമാരും നിശ്ചിത മാതൃകയിൽ ഒരു ഡയറി സൂക്ഷിക്കേണ്ടതും രേഖപ്പെടുത്തലുകൾക്ക് ശേഷം ആയത് ദിവസവും ഹെഡ് ഡ്രാഫ്റ്റ്സ്മാന് പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

3. ഓരോ ദിവസവും നിശ്ചയിച്ചിട്ടുള്ള ഔട്ടേണിൽ കുറയാത്ത ലക്ഷ്യം ഓരോ ഡ്രാഫ്റ്റ്സ്മാനും കൈവരിച്ചിരിക്കേണ്ടതാണ്.

4. സർവ്വേ റിക്കാർഡുകൾ പരിശോധിക്കുമ്പോൾ കാണപ്പെടുന്ന അപാകതകൾ ലിസ്റ്റാക്കി ഉടനടി പരിഹരിക്കാനുള്ള നടപടികൾക്കായി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കണം.

5. ഓരോ ഡ്രാഫ്റ്റ്സ്മാനും അവർ ചെയ്യുന്ന ജോലിയുടെ ഗുണത്തിനും വ്യാപ്തിക്കും പൂർണ്ണ ഉത്തരവാദികളായിരിക്കും.

6. ഡ്രാഫ്റ്റ്സ്മാൻ പലവക ജോലി, കടലാസിന്റെ ദുരുപയോഗം എന്നിവ ഒഴിവാക്കേണ്ടതും സർവ്വേ രേഖകൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുമാണ്.

7. മേലധികാരികൾ നിർദ്ദേശിക്കുന്ന ടെക്നിക്കലും ക്ലറിക്കലുമായ എല്ലാ ജോലികളും ഡ്രാഫ്റ്റ്സ്മാൻ ചെയ്യേണ്ടതാണ്.

8. സർവ്വേ റിക്കാർഡുകൾ സൂക്ഷ്മ പരിശോധന നടത്തി ആവശ്യമുള്ള ഘട്ടത്തിൽ അപാകത ലിസ്റ്റ് തയ്യാറാക്കി പരിശോധനയ്ക്കായി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കേണ്ടതാണ്.

9. സൂക്ഷ്മ പരിശോധന നടത്തുന്ന സർവ്വേ റിക്കാർഡുകളിലും തുടർന്ന് തയ്യാറാക്കുന്ന അപാകത ലിസ്റ്റിലും ഡ്രാഫ്റ്റ്സ്മാൻ കൃത്യമായി ഒപ്പും തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

10. സർവ്വേ റിക്കാർഡുകളുടെ താരതമ്യ ജോലി ചെയ്യുന്ന ഡ്രാഫ്റ്റ്സ്മാൻ പോരായ്മകൾ കണ്ടാൽ ആയത് അപാകത ലിസ്റ്റിൽ രേഖപ്പെടുത്തി ഹെഡ് ഡ്രാഫ്റ്റ്സ്മാന് സമർപ്പിക്കേണ്ടതാണ്.

11. മേലധികാരികളുടെ മേൽനോട്ടത്തിനോടൊപ്പം ഹെഡ് ഡ്രാഫ്റ്റ്സ്മാന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കണം ഒരു ഡ്രാഫ്റ്റ്സ്മാൻ ജോലി നിർവ്വഹിക്കേണ്ടത്.

## കുത്തിയതോട് മാർക്കറ്റിന്റെ സ്ഥലം

324 (2896) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോടംതുരുത്ത് വില്ലേജിലെ കുത്തിയതോട് മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം ആരുടെ കൈവശത്തിലാണെന്ന് വ്യക്തമാക്കാമോ; ഈ വസ്തു എങ്ങനെ കൈവശം വന്നു എന്ന് വിശദമാക്കാമോ; ഈ വസ്തുവിന്റെ ബി.റ്റി.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കോടംതുരുത്ത് വില്ലേജിൽ സ്ഥിതി ചെയ്യുന്ന കുത്തിയതോട് മാർക്കറ്റ് വില്ലേജ് റെക്കോർഡുകൾ പ്രകാരം സർവ്വേ 219/18-ൽ ഉൾപ്പെട്ടുവരുന്നു. ആയത് പഞ്ചായത്ത് പുറമ്പോക്കിൽ ഉൾപ്പെടുന്നതും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും പഞ്ചായത്തിന്റെ അധീനതയിലുമാണ്. ടി വസ്തുവിന്റെ BTR സെറ്റിൽമെന്റ് റെക്കോർഡുകൾ കാലപ്പഴക്കത്താൽ നശിച്ചു പോയിട്ടുള്ളതുമാണ്.

## റീസർവ്വേയിലെ അപാകതകൾ പരിഹരിക്കാൻ നടപടി

325 (2897) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി റീസർവ്വേയിൽ വന്ന അപാകതകൾ പരിഹരിക്കാൻ നിലവിലുള്ള സംവിധാനം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പരിഹാര നടപടികൾ കുറ്റമറ്റരീതിയിൽ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളില ഭൂമി സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരുടെ നിയന്ത്രണത്തിൽ താലൂക്ക് എൽ.ആർ.എം. മുഖേന പരിഹരിച്ചുവരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**സർവ്വേയർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി**

326 (2898) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവേ ലാൻഡ് റിക്കാർഡ്സ് വകുപ്പിൽ സർവ്വേയർ ഗ്രേഡ് 2 പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് റവന്യൂവകുപ്പ് റീസർവ്വേ നടപടികൾ ആരംഭിക്കുന്നതിന്റെയും സർവ്വേയർമാരുടെ അഭാവവും കണക്കിലെടുത്ത് സർവ്വേയർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) രണ്ടാംതരം സർവ്വേയർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**നദികളിൽ നിന്നുള്ള അനധികൃത മണൽവാരൽ തടയുവാൻ നടപടി**

327 (2899) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളിൽ നിന്നുള്ള അനധികൃതമണൽ വാരൽ തടയുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃത മണൽവാരൽ തടയുവാനും അതുവഴി നദികളെയും പാലങ്ങളെയും ജനങ്ങളെയും പരിസ്ഥിതിയേയും സംരക്ഷിക്കുവാനും എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) നദികളിലെ കൈയ്യേറ്റം, മണൽവാരൽ എന്നിവ തടഞ്ഞ് അവയെ സംരക്ഷിക്കാൻ ഈ സർക്കാർ കാലയളവിൽ റവന്യൂവകുപ്പ് മറ്റ് വകുപ്പുകളുമായി സഹകരിച്ച് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ നദികളിൽ നിന്നുള്ള അനധികൃത മണൽവാരൽ തടയുന്നതിന് സബ് കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡും തഹസീൽദാരുടെ നേതൃത്വത്തിൽ താലൂക്ക് തല സ്ക്വാഡും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ റവന്യൂ, പോലീസ് വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) അനധികൃത മണൽവാരൽ തടയുന്നതിനും അതുവഴി നദികളേയും പാലങ്ങളേയും പരിസ്ഥിതിയേയും സംരക്ഷിക്കുന്നതിനും നിയമപരമായി എല്ലാ നടപടികളും സ്വീകരിക്കുന്നതും റവന്യൂ, പോലീസ് വകുപ്പുകൾ ഒറ്റയ്ക്കും സംയുക്തമായും സ്ക്വാഡുകൾ രൂപീകരിച്ച് അനധികൃത ഖനനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. കൂടാതെ 2013 -ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിരോധനവും നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) നദികളിലെ കയ്യേറ്റം, മണൽവാരൽ എന്നിവ തടഞ്ഞ് അവയെ സംരക്ഷിക്കാനായി റവന്യൂവകുപ്പിനൊപ്പം പോലീസ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഉൾനാടൻ ജലഗതാഗത വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സേവനംകൂടി പ്രയോജനപ്പെടുത്തിയിട്ടുള്ളതാണ്.

**ഭൂപരിഷ്കരണ നിയമപ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമി**

328 (2900) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമം ലംഘിച്ച് 15 ഏക്കറിൽക്കൂടുതൽ ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പട്ടിക തയ്യാറാക്കൽ പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) ഒരു കുടുംബത്തിൽ അച്ഛൻ, അമ്മ, കല്ല്യാണം കഴിക്കാത്ത മക്കൾ എന്നിവരടങ്ങിയ കുടുംബത്തിന് ഭൂപരിഷ്കരണ നിയമപ്രകാരം എത്ര ഏക്കർ ഭൂമി കൈവശം വയ്ക്കാം; വിശദമാക്കുമോ?

ഉത്തരം

(എ) പരിധിയിലധികം ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പട്ടിക പൂർത്തിയായിട്ടില്ല.

(ബി) കേരള ഭൂപരിഷ്കരണ നിയമത്തിലെ 82(1)(ബി) പ്രകാരം രണ്ടോ അതിൽ കൂടുതലോ എന്നാൽ അഞ്ചിൽ കൂടാതെയും അംഗങ്ങളുള്ള ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമി പത്ത് സ്റ്റാൻഡേർഡ് ഏക്കറാണ്. എന്നാൽ ഏതു വിധത്തിലായാലും പരമാവധി വിസ്തീർണ്ണം പന്ത്രണ്ട് സാധാരണ ഏക്കറിൽ കുറയാനോ പതിനഞ്ച് സാധാരണ ഏക്കറിൽ കൂടാനോ പാടില്ല.

ടി നിയമത്തിലെ സെക്ഷൻ 82(1)(സി) പ്രകാരം അഞ്ച് അംഗങ്ങളിൽ കൂടുതലുള്ള ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമി പത്ത് സ്റ്റാൻഡേർഡ് ഏക്കറാണ്. എന്നാൽ അഞ്ചിലധികമുള്ള ഓരോ അംഗത്തിനും ഒരു സ്റ്റാൻഡേർഡ് ഏക്കർ കൂടി അധികമായി കൈവശം വയ്ക്കാം. എന്നാൽ ഏതുവിധത്തിലായാലും പരമാവധി വിസ്തൃതി പന്ത്രണ്ട് സാധാരണ ഏക്കറിൽ കുറയാനോ ഇരുപത് സാധാരണ ഏക്കറിൽ കൂടുവാനോ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

## തോട്ടഭൂമികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച റിപ്പോർട്ട്

329 (2901) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറി എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; പ്രധാന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നിയമവകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നയമെന്താണ്?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

330 (2902) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന എത്ര ആളുകൾക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ല, താലൂക്ക്, വില്ലേജ് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്നവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി) കേരളത്തിലെ ഭൂരഹിത-ഭവനരഹിതർക്ക് ഭൂമിയും വീടും നൽകുന്ന ലൈഫ് പദ്ധതിയുടെ പ്രവർത്തനം തദ്ദേശസ്വയംഭരണ വകുപ്പിൽ നടന്നുവരുന്നുണ്ട്.

**ഭവനനിർമ്മാണ പദ്ധതി**

331 (2903) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സ്വന്തമായി രണ്ടോ മൂന്നോ സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം, താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/എൻ.ജി.ഒ., കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ സർക്കാർ സബ്സിഡിയോടുകൂടി വീട് നിർമ്മിച്ച് നൽകുന്ന 'ഗൃഹശ്രീ പദ്ധതി' സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 2013-14 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ഗൃഹശ്രീ പദ്ധതി**

332 (2904) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുർബല ജനവിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിച്ചു നൽകുന്ന ഭവന നിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ പദ്ധതി പ്രകാരം, കഴിഞ്ഞ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിരവധി അനർഹരെ ഉൾപ്പെടുത്തുകയും സബ്സിഡി തുക ഇടനിലക്കാർ തട്ടിയെടുക്കുകയും ചെയ്തു എന്ന ആക്ഷേപം ശരിയാണോയെന്ന് വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഗൃഹശ്രീ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് തുക അനുവദിക്കപ്പെട്ടിട്ടുള്ളവരുടെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഭവന നിർമ്മാണ ബോർഡ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 30-4 -2016 വരെയുള്ള കാലയളവിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 525 പേർക്കും 2014-15 വർഷത്തിൽ 472 പേർക്കും 2015-16 വർഷത്തിൽ 221 പേർക്കും സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) ഗൃഹശ്രീ പദ്ധതിയുടെ സർക്കാർ അംഗീകൃത നിബന്ധനകൾ കൃത്യമായും പാലിച്ചുകൊണ്ടുമാത്രമാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം അനുവദിച്ചുവരുന്നത്. കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലു തവണകളായി ഗഡുക്കൾ ലഭിക്കുന്നതിനും ഭവന നിർമ്മാണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കേണ്ടതുണ്ട്. ടി നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിച്ചു വരുന്നതിനാൽ അനർഹരെ ഉൾപ്പെടുത്തി ഇടത്തട്ടുകാർ സബ്സിഡിത്തുക തട്ടിയെടുക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗൃഹശ്രീ പദ്ധതി പ്രകാരം നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലു ഘട്ടങ്ങളിലായാണ് ഗഡുക്കൾ അനുവദിക്കുന്നത്. നാലാം ഗഡു അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള വിസ്തീർണ്ണത്തിൽ ഭവനത്തിന്റെ കൂര വാർത്ത് ഫിനിഷിംഗ് ജോലികൾ ആരംഭിക്കുന്നതോടൊപ്പം, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള തീപിടുത്തത്തിനും പ്രകൃതിക്ഷോഭത്തിനും എതിരെ പരിരക്ഷ നൽകുന്ന ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. എന്നാൽ വീടുകളുടെ നിർമ്മാണം പൂർത്തിയായിരിക്കണ മെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ നാലാം ഗഡു അനുവദിച്ചതിനുശേഷം ബോർഡിൽനിന്നും തുടർനടപടി സ്വീകരിക്കേണ്ടതില്ലാത്തതിനാൽ ഈ വിഷയത്തിൽ അന്വേഷണമൊന്നും നടത്തിയിട്ടില്ല.

## ദേവികുളത്തെ പ്രവർത്തനസജ്ജമല്ലാത്ത ഫ്ലാറ്റ് സമുച്ചയം

333 (2905) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളത്ത് ഭവനനിർമ്മാണവകുപ്പിന്റെ ഫ്ലാറ്റ് സമുച്ചയം പണി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയം പ്രവർത്തനസജ്ജമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. സർക്കാർ ജീവനക്കാർക്കുവേണ്ടി ദേവികുളത്ത് ഘട്ടം II ആയി 6 ഫ്ലാറ്റുകളും ഘട്ടം III ആയി 6 ഫ്ലാറ്റുകളും ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച് 12-8-2015-ന് ദേവികുളം സബ് കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ടി ഫ്ലാറ്റുകളിൽ വൈദ്യുതി ലഭ്യമാക്കുന്നതിനും ആയത് ലഭ്യമാകുന്ന മുറയ്ക്ക് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള നടപടികൾ

334 (2906) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ ജീവനക്കാർക്കുള്ള വാടക വീട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആശ്വാസ വീട് എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ എല്ലാ ഓഫീസുകളും പൂർണ്ണതോതിൽ കമ്പ്യൂട്ടർവൽക്കരിക്കുകയും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയുമാണ്.

ഭവനനിർമ്മാണ ബോർഡ് ഓഫീസുകളിൽ വായ്പാ വിതരണ ജോലികൾ സജീവമായിരുന്ന മുൻകാലങ്ങളിൽ വിവിധ ജില്ലകളിലായി ബ്രാഞ്ച് ഓഫീസുകൾ ഉൾപ്പെടെ നാല്പത്തിമൂന്നോളം ഓഫീസുകൾ ഉണ്ടായിരുന്നു. ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലാഭകരമല്ലാത്ത ബ്രാഞ്ച് ഓഫീസുകൾ പലതും നിർത്തലാക്കിയത് മുഖേന പ്രവർത്തന ചെലവ് ചുരുക്കാൻ സാധിച്ചിട്ടുണ്ട്.

ഭവനനിർമ്മാണ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് മുൻകാലങ്ങളിൽ സർക്കാർ അനുമതിയോടുകൂടി തസ്തികകൾ മരവിപ്പിച്ചിരുന്നതുപോലെ, വിവിധ കാറ്റഗറികളിലായി 205 തസ്തികകൾ മരവിപ്പിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമുപയോഗിച്ച് സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി, റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. 2011-12 മുതൽ നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ മൂന്ന് ഘട്ടങ്ങളിലായി 36 ഫ്ലാറ്റുകളും ഇടുക്കി ജില്ലയിൽ ദേവികുളത്ത് രണ്ടു ഘട്ടങ്ങളിലായി 12 ഫ്ലാറ്റുകളും തൃശ്ശൂർ ജില്ലയിൽ കുട്ടനെല്ലൂരിൽ 6 ഫ്ലാറ്റുകളും നിർമ്മിച്ച് (ആകെ 54 ഫ്ലാറ്റുകൾ) റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നാലാം ഘട്ടമായി 24 ഫ്ലാറ്റുകൾ (കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് 12 ഫ്ലാറ്റുകളും ഹോസ്ദുർഗ് താലൂക്കാസ്ഥാനത്ത് 12 ഫ്ലാറ്റുകളും) കൂടി നിർമ്മിക്കുന്നതിന് 2017-18 വർഷത്തെ ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തുകയും 6-6-2017-ലെ സ.ഉ.(സാധാ) 34/2017/ഭവനം നമ്പർ ഉത്തരവിലൂടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 2017-18 വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും ആശ്വാസ് വാടക വീട് എന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതാണെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും താമസസൗകര്യം ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള റവന്യൂ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് വാടകയ്ക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കാനനുയോജ്യമായ റവന്യൂ ഭൂമി ലഭ്യമാക്കാൻ ജില്ലാ കളക്ടർമാരോടും മെഡിക്കൽ കോളേജുകളുടെ കൈവശമുള്ള ഭൂമി ലഭ്യമാക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരോടും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്നതാണ്.

## വീടില്ലാത്തവർക്ക് വീട് വച്ച നൽകുന്ന പദ്ധതികൾ

335 (2907) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര രൂപ വരെ ധനസഹായം നൽകുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) പഴക്കമുള്ള വീടുകൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും, ഭൂമിയുള്ള ഭവന രഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗമാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ലഭ്യമാകുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) ഭൂമിയുള്ള ഭവനരഹിതർക്ക് വ്യക്തിഗത ഭവന നിർമ്മാണത്തിനായി ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും പട്ടികജാതി, മത്സ്യതൊഴിലാളി, തോട്ടം തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്ക് 4 ലക്ഷം രൂപ വീതവും പട്ടികവർഗ്ഗത്തിന് ജില്ലാമിഷൻ തീരുമാനിക്കുന്ന യഥാർത്ഥ തുകയും നൽകുവാൻ 6-2-2017-ലെ 328/17/ത.സ്വ.ഭ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി&ഡി) പലതരം സർക്കാർ സ്കീമുകളിൽ നൽകപ്പെട്ട അപൂർണ്ണവും വാസയോഗ്യമല്ലാത്തതുമായ വീടുകൾ വാസയോഗ്യമാക്കുന്നത് ലൈഫ് മിഷന്റെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവർത്തനമാണ്. വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിനായി വീടുകളുടെ പുനരുദ്ധാരണത്തിന് അഥവാ പൂർണ്ണ നിർമ്മാണത്തിനുള്ള സാങ്കേതിക രൂപകൽപ്പനയും എസ്റ്റിമേറ്റും ടെക്നിക്കൽ ഏജൻസികളുടെ സഹകരണത്തോടെ തയ്യാറാക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

336 (2908) ശ്രീ. വി. കെ. സി. മമ്മത് കോയ :
,, ജോൺ ഫെർണാണ്ടസ് :
,, സി. കൃഷ്ണൻ :
,, കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകാനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം നൽകാമോ;

(സി) മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജിന് അംഗീകാരമായിട്ടുണ്ടോ; എങ്കിൽ ഇതുപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന തുടർപദ്ധതികൾക്കു പുറമേ മത്സ്യതൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:

1. ഭൂരഹിത ഭവനരഹിത മത്സ്യതൊഴിലാളികൾക്ക് ഭൂമിയും വീടിനുമുള്ള പദ്ധതി.

2. കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിക്കുന്ന പദ്ധതി.

3. മെഡിക്കൽ ക്യാമ്പ്.

4. അക്ഷരസാഗരം പദ്ധതി.

5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി., മെഡിക്കൽ എൻട്രൻസ്, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.

6. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

7. വിദ്യാലയത്തിൽ നിന്നുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.

8. തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി.

9. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി.

10. മത്സ്യതൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി.

11. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി.

12. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.

13. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.

14. മത്സ്യത്തൊഴിലാളി കോളനി നവീകരണം.

15. ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റുകൾ.

16. ആധുനിക മത്സ്യ വിപണന യൂണിറ്റുകൾ.

17. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യ വിതരണം.

18. ഭവന നിർമ്മാണ/ഭവന പുനരുദ്ധാരണ പദ്ധതി.

19. ആരോഗ്യപരമായ ശൗചാലയ നിർമ്മാണ പദ്ധതി.

20. തീരദേശത്തെ ആരോഗ്യകേന്ദ്രങ്ങളുടെയും സ്കൂളുകളുടേയും നവീകരണം.

(ബി) ഭൂരഹിതരും ഭവന രഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന "ഭൂരഹിത മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി" കൂടാതെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന മാനവശേഷി സൗകര്യ വികസന പദ്ധതിയുമാണ് നിലവിലുള്ളത്.

(സി) ആവിഷ്കരിച്ചിട്ടുണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത പാർപ്പിടം (ഫ്ലാറ്റ്) നിർമ്മിച്ച നൽകുന്നതിനുള്ള നടപടി ഫിഷറീസ് വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്. ഫ്ലാറ്റുകളെല്ലാം തന്നെ സൗജന്യമായാണ് ഗുണഭോക്താക്കൾക്ക് പണിത് കൈമാറ്റം ചെയ്യുന്നത്. ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 275 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ച നൽകുന്ന "ഭൂരഹിത മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി"യുടെ അടങ്കൽ തുക 48.75 കോടി രൂപയാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വലിയതുറ മത്സ്യഗ്രാമത്തിൽ 8 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറ്റം ചെയ്തുകഴിഞ്ഞു. ഇതോടൊപ്പം തന്നെ മുട്ടത്തറ വില്ലേജിൽ 192 ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 4.70 കോടി രൂപ അടങ്കൽ തുകയിൽ അടിമലത്തുറ മത്സ്യഗ്രാമത്തിൽ 100 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ച നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

(ഡി) സംസ്ഥാനത്ത് കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിക്കുന്നതിനായി 25 കോടി രൂപയുടെ പ്രത്യേക പാക്കേജിന് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ചിരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങി വീടുവയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു.

**അക്ഷരസാഗരം പദ്ധതി**

337 (2909) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശമേഖലയിലെ സാക്ഷരതാ നിരക്ക് ഉയർത്തുന്നതിനായി അക്ഷര സാഗരം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് പ്രയോജനം ലഭിക്കുന്നതിനായി കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) തീരപ്രദേശങ്ങളിലെ സാക്ഷരത ലക്ഷ്യമിട്ട് അക്ഷരസാഗരം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തീരപ്രദേശങ്ങളിലെ സാക്ഷരതാ നിലവാരം ഉയർത്തുന്നതിനു വേണ്ടി ഫിഷറീസ് വകുപ്പ് സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് 'അക്ഷരസാഗരം'.

തീരദേശ സാക്ഷരതാ നിലവാരം ഉയർത്തുക, നാല്, ഏഴ്, പത്ത് തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക. തീരദേശത്ത് തുടർ വിദ്യാഭ്യാസത്തിനനുകൂലമായ സാഹചര്യമുണ്ടാക്കുക, മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുക, മത്സ്യസമ്പത്ത്/തീരപ്രദേശ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സ്ത്രീ ശാക്തീകരണം സാധ്യമാക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ശുചിത്വം/ആരോഗ്യം/പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധം ഉണ്ടാക്കുക, തീരദേശത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുക, കേരള ഗവൺമെന്റ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ/സേവനങ്ങൾ സാധാരണ ജനങ്ങളിലെത്തുന്നതിന് അനുകൂലമായ സാഹചര്യം ഒരുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(ബി) 2016-17 വർഷത്തിൽ 'അക്ഷരസാഗരം' ഒന്നാംഘട്ടം എന്ന നിലയിൽ സംസ്ഥാനത്ത് തീരദേശ സാക്ഷരതാ നിരക്കിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കി. 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിക്കുകയും സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 2017-18 വർഷം 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പ്രയോജനം ലഭിക്കുന്നതിനായി കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ 40 കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം 12,00,000 രൂപ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

## പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ

338 (2910) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യബന്ധനതുറമുഖങ്ങളെ സംബന്ധിച്ച പഠനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ തുറമുഖങ്ങളുടെ നിർമ്മാണത്തിന് കേന്ദ്രസഹായം പ്രതീക്ഷിക്കുന്നുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രനിലപാട് അറിയിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്രസഹായം ലഭിച്ചില്ലെങ്കിൽ ഇതിനാവശ്യമായ പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, കാസർഗോഡ് ജില്ലയിലെ അജാനൂർ എന്നിവയാണ് പുതുതായി ഉടൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ. ഇതിൽ പൊഴിയൂരിനെ സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ നടപടി ആരംഭിച്ചിട്ടുണ്ട്. പരപ്പനങ്ങാടി ഹാർബറിന്റെ ലൊക്കേഷൻ സംബന്ധിച്ച് തർക്കമുള്ളതിനാൽ മൂന്നംഗ വിദഗ്ദ്ധ സമിതിയെ ഇതുപരിശോധിച്ച് കൃത്യമായ സ്ഥല നിർണ്ണയം നടത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കും. കാസർഗോഡ് ജില്ലയിലെ അജാനൂർ ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ നടപടിയും CWPRS മാതൃകാ പഠനവും നടന്നുവരുന്നു. കൂടാതെ താഴെപ്പറയുന്ന പ്രദേശങ്ങളിൽ ഫിഷിംഗ് ഹാർബറുകളുടെ സാധ്യതാ പഠനങ്ങൾ നടന്നുവരുന്നു:

| | ജില്ല | നിർദ്ദിഷ്ട ഹാർബർ |
|---|---|---|
| 1 | തിരുവനന്തപുരം | വലിയതുറ, പൂന്തുറ, വർക്കല, ചിലക്കൂർ |
| 2 | കൊല്ലം | സൗത്ത് പരവൂർ |

| | | |
|---|---|---|
| 3 | ആലപ്പുഴ | തൃക്കുന്നപ്പുഴ |
| 4 | തൃശ്ശൂർ | കൈപ്പമംഗലം |
| 5 | കോഴിക്കോട് | കുര്യാടി, കൊടിക്കൽ കടപ്പുറം |
| 6 | കണ്ണൂർ | പുതിയങ്ങാടി |

കൊല്ലം ജില്ലയിലെ മരുത്തടി, ആലപ്പുഴ ജില്ലയിലെ പുന്നപ്ര എന്നിവിടങ്ങളിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റേതുൾപ്പെടെ അത്യാവശ്യമായ ലാന്റിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടയിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രതീക്ഷിക്കുന്നുണ്ട്.

(സി) അറിയിച്ചിട്ടുണ്ട്, കേന്ദ്ര ഗവൺമെന്റിലെ കൃഷി മന്ത്രാലയത്തിന്റെ ഫിഷറീസ് & അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (FIDF) June 2017-ലെ concept paper പ്രകാരം 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ കേരളത്തിൽ രണ്ട് പുതിയ ഫിഷിംഗ് ഹാർബറുകളും രണ്ട് പുതിയ ഫിഷ് ലാന്റിംഗ് സെന്ററും വിഭാവന ചെയ്യുന്നുണ്ട്.

(ഡി) ഇപ്പോൾ നിർമ്മാണം പുരോഗമിച്ചുവരുന്ന മത്സ്യബന്ധന തുറമുഖങ്ങൾ പൂർത്തീകരിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

## ചരക്ക് സേവനനികുതി മത്സ്യമേഖലയിലുണ്ടാക്കിയ പ്രതിസന്ധി

339 (2911) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി സംസ്ഥാനത്തെ മത്സ്യമേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ;

(ബി) വലയ്ക്കും, ചൂണ്ടയ്ക്കും, മത്സ്യബന്ധന റോപ്പിനും 12 ശതമാനവും ഉണക്ക മത്സ്യത്തിന് 5 ശതമാനവും ജി.എസ്.റ്റി. ഏർപ്പെടുത്തിയതിനാൽ മത്സ്യബന്ധന മേഖല പ്രതിസന്ധിയിലായ സാഹചര്യം പരിഗണിച്ച് ഈ നികുതികൾ ഉപേക്ഷിക്കുവാൻ ആവശ്യപ്പെടുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചു വരുന്നു.

(ബി) പരിശോധനയ്ക്കുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

## മത്സ്യ അദാലത്ത്

340 (2912) ശ്രീ. കെ. ദാസൻ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പ് സംഘടിപ്പിച്ച മത്സ്യ അദാലത്ത്, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പരാതികൾ പരിഹരിക്കാൻ എത്രമാത്രം പ്രയോജനപ്രദമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് മത്സ്യ അദാലത്ത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) ആധാർ ലിങ്ക് ചെയ്തിട്ടില്ലെന്ന കാരണത്താലും മറ്റും നിരവധി മത്സ്യതൊഴിലാളികൾക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി എന്തുനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ വിവിധങ്ങളായ പരാതികൾ സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരുന്നതിനും ആയതിന് സത്വര പരിഹാരം കാണുന്നതിനും ഏറെ പ്രയോജനകരമായ പരിപാടിയായാണ് മത്സ്യഅദാലത്തിനെ വിലയിരുത്തുന്നത്. വർഷങ്ങളായി വിവിധ കാരണങ്ങളാൽ അർഹമായ ആനുകൂല്യം ലഭിക്കാതിരുന്ന നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അർഹമായ ആനുകൂല്യം വളരെ വേഗം ലഭ്യമാക്കുന്നതിന് ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, എറണാകുളം, ആലപ്പുഴ എന്നിവിടങ്ങളിലായി ഇതിനകം നടത്തപ്പെട്ട മത്സ്യ അദാലത്തിൽ 20000 ത്തിലധികം പരാതികൾ ലഭിക്കുകയും അവയ്ക്ക് മുന്തിയ പരിഗണന നല്കി പരിഹരിക്കുന്നതിന് നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടേയും മത്സ്യകർഷകരുടേയും വിവിധങ്ങളായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുന്നതിനായി മലപ്പുറം, തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ മത്സ്യഅദാലത്ത് സംഘടിപ്പിക്കുന്നതിന് 17-7-2017-ലെ സ.ഉ.(സാധാ) 564/2017/മതുവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) ആധാർ ലിങ്ക് ചെയ്യാത്ത മത്സ്യത്തൊഴിലാളികളിൽ നിന്നും ആധാർ ലിങ്ക് ചെയ്യുന്നതിനായി വേണ്ടുന്ന സത്വര നടപടി സ്വീകരിച്ചതിനു പുറമേ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ആധാർ ലിങ്ക് ചെയ്യുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് മുഴുവൻ പേരുടേയും ആധാർ ലിങ്ക് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആധാർ ലിങ്ക് ചെയ്യുന്നതിൽനിന്നും ഇപ്പോൾ ധനവകുപ്പ് ഇളവ് നൽകിയ വിഭാഗത്തിൽ പ്പെട്ടവർക്കും പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യ അദാലത്ത്

341 (2913) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. മുകേഷ് :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി മത്സ്യ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മത്സ്യത്തൊഴിലാളി സംഘങ്ങൾക്കുള്ള വായ്പാ ധനസഹായവും മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായവും വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള കടൽ സുരക്ഷാ ഉപകരണങ്ങൾ പ്രസ്തുത വേളയിൽ വിതരണം ചെയ്തിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ വിവിധ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഇപ്രകാരമുള്ള അദാലത്തുകൾ വീണ്ടും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സർക്കാരിന്റേയും മത്സ്യവകുപ്പിന്റേയും പ്രവർത്തനങ്ങൾ ജനപക്ഷം എത്തിക്കുന്നതിനായി മത്സ്യോത്സവം സംഘടിപ്പിക്കുന്നതിന്റെ കൂടെ മത്സ്യത്തൊഴിലാളികളുടേയും മത്സ്യകർഷകരുടേയും പരാതികൾക്ക് സത്വര പരിഹാരം കാണുന്നതിനായി മത്സ്യഅദാലത്തും സംഘടിപ്പിച്ചു. ആറ് കേന്ദ്രങ്ങളിലായാണ് മത്സ്യഅദാലത്ത് സംഘടിപ്പിക്കാൻ

തീരുമാനിച്ചത്. കൊല്ലം ജില്ലയിൽ മെയ് 27, മലപ്പുറം ജില്ലയിൽ ജൂലൈ 7, തിരുവനന്തപുരത്ത് ജൂലൈ 11, എറണാകുളത്ത് ജൂലൈ 25, ആലപ്പുഴ ജില്ലയിൽ ആഗസ്റ്റ് 13 എന്നീ തീയതികളിലാണ് മത്സ്യഅദാലത്ത് സംഘടിപ്പിച്ചത്. കോഴിക്കോട് ജില്ലയിൽ തീയതി നിശ്ചയിച്ചിട്ടില്ല.

(ബി) ഉണ്ട്. മത്സ്യത്തൊഴിലാളി സംഘങ്ങൾക്കുള്ള വായ്പാ ധനസഹായവും മരണമടഞ്ഞ തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായവും മത്സ്യഅദാലത്തിനോടനുബന്ധിച്ച് വിവിധ ജില്ലകളിൽ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | മത്സ്യതൊഴിലാളി സംഘങ്ങൾക്കുള്ള വായ്പാ ധനസഹായം തുക (ലക്ഷത്തിൽ) | മരണമടഞ്ഞ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ധനസഹായം (ലക്ഷത്തിൽ) |
|---|---|---|
| തിരുവനന്തപുരം | 398.90 | 57.06 |
| കൊല്ലം | 114.10 | 20.09 |
| എറണാകുളം | 330.20 | 7 |
| മലപ്പുറം | 42.17 | 10 |
| ആലപ്പുഴ | 406 | 25 |
| ആകെ | 1291.37 | 119.15 |

(സി) ഉണ്ട്. യന്ത്രവൽകൃത ബോട്ടുകൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ നടന്ന മത്സ്യോത്സവത്തിൽവച്ച് 3 പേർക്കും, മലപ്പുറം ജില്ലയിൽ നടന്ന മത്സ്യോത്സവത്തിൽ മലപ്പുറം ജില്ലയിലെ 7 പേർക്കും, കോഴിക്കോട് ജില്ലയിൽ 3 പേർക്കും, കണ്ണൂർ ജില്ലയിലെ 10 പേർക്കും കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) മത്സ്യഅദാലത്ത് മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണാൻ കഴിയുന്ന പരിപാടി ആകയാൽ മത്സ്യ അദാലത്ത് വീണ്ടും സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## താനൂരിലെ മത്സ്യബന്ധന തുറമുഖ നിർമ്മാണം

342 (2914) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിൽ നിർമ്മിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ നിലച്ച അവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണ പ്രവൃത്തി ഈ അവസ്ഥയിലെത്താനുള്ള കാരണങ്ങൾ എന്തല്ലാം; വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ തുടരാതിരിക്കത്തക്ക വിധം നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ;

(ഡി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) താനൂർ ഹാർബറിന്റെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ പൂർത്തീകരണത്തിന് പുലിമുട്ടുകളുടെ രൂപരേഖയിൽ ചില മാറ്റങ്ങൾ മാതൃകാപഠന ഏജൻസിയായ സി.ഡബ്ല്യു.പി.ആർ.എസ്. പൂനെ ശിപാർശ ചെയ്തിട്ടുണ്ട്. ഇത് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ അംഗീകാരം ലഭിക്കുകയുണ്ടായിട്ടില്ല. നാളിതുവരെയുള്ള നിർമ്മാണ ചെലവ് ഭരണാനുമതി തുക അധികരിച്ചിട്ടുള്ളതിനാൽ ശേഷിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനായി റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടതുണ്ട്. റിക്ലമേഷൻ പ്രവൃത്തി പ്രാദേശിക എതിർപ്പുമൂലം പലപ്പോഴായി തടസ്സപ്പെടുകയുണ്ടായി. ഇത് ഹാർബറിന്റെ നിർമ്മാണ പുരോഗതിയെ ബാധിക്കുകയുണ്ടായി.

(സി) പുതുക്കിയ ഭരണാനുമതി ലഭ്യമായാൽ മാത്രമേ ഇനിയും ഈ പദ്ധതി തുടരാൻ സാധിക്കുകയുള്ളൂ. ഭരണാനുമതി തുകയ്ക്കുള്ളിൽ ഇപ്പോൾത്തന്നെ പേമെന്റ് നൽകിക്കഴിഞ്ഞു. പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിൽനിന്ന് അനുമതി ലഭ്യമായാൽ മാത്രമേ ശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുവാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ അധികരിച്ച തുകയുടെ

റിവൈസ്ഡ് എസ്റ്റിമേറ്റ് സംസ്ഥാന സർക്കാർ അംഗീകരിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ ശേഷിക്കുന്ന പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് KIIFB-യിൽ ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(ഡി) പുതുക്കിയ എസ്റ്റിമേറ്റിന് ഇപ്പോൾ അംഗീകാരം ലഭിച്ചാൽ പദ്ധതി 2018 ഡിസംബറിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

(ഇ) പുതുക്കിയ എസ്റ്റിമേറ്റിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഹാർബറിന്റെ നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികൾ

343 (2915) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾ ആണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ; ഇവയുടെ നിലവിലുള്ള അവസ്ഥ എന്താണ്; ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഏതൊക്കെ പ്രവൃത്തികൾ ആണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് എന്തൊക്കെ നടപടികൾ ആണ് എടുത്തിട്ടുള്ളത്; ഇതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ)

1. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ തലശ്ശേരി നഗരസഭയിലെ മുഞ്ഞോടിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന 250 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പ്രസ്തുത മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത പ്രദേശത്തെ സ്ഥലവാസികൾ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തതിനാൽ മാർക്കറ്റ് ബിൽഡിംഗിനുള്ള അവസാനവട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മാർക്കറ്റ് ബിൽഡിംഗ് നഗരസഭയ്ക്ക് കൈമാറ്റം ചെയ്യാൻ തീരദേശ വികസന കോർപ്പറേഷന് കഴിഞ്ഞിട്ടില്ല.

2. 2016-17 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി Tranche 22-ൽ ഉൾപ്പെടുത്തി തലശ്ശേരി മുനിസിപ്പാലിറ്റിയിലെ എരഞ്ഞോളി ഫിഷ് ഫാം വികസിപ്പിക്കുന്നതിനായി 163 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിരുന്നു. പദ്ധതി ടെണ്ടർ ചെയ്യുന്നതിനായുള്ള നടപടി പൂർത്തീകരിച്ചു വരുന്നു.

3. തലശ്ശേരി നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന മേഖലയിൽ തലായി ഫിഷിംഗ് ഹാർബറിൽ മത്സ്യഫെഡിന് ഒരു ഡീസൽ ബങ്ക് സ്ഥാപിക്കുന്നതിനുള്ള ഗവൺമെന്റ് ഉത്തരവ് നൽകുകയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഡീസൽ ബങ്കിനുള്ള സ്ഥലം അതിര് തിരിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം ഡീസൽ ബങ്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമല്ലാത്തതിനാൽ മറ്റൊരു സ്ഥലം അനുവദിച്ചു തരാനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയറുടെ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി തലശ്ശേരി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| പദ്ധതി | അടങ്കൽ തുക |
|---|---|
| ഗവൺമെന്റ് എച്ച്.എസ്.എസ്. ചിറക്കര പുതിയ കെട്ടിട നിർമ്മാണം | 530.96 ലക്ഷം രൂപ |
| ന്യൂമാഹി മത്സ്യമാർക്കറ്റ് നിർമ്മാണം | 178.38 ലക്ഷം രൂപ |

## ബേക്കൽ, കുട്ടിക്കുളം ഹാർബറുകൾ

344 (2916) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബേക്കൽ, കുട്ടിക്കുളം ഹാർബറുകളുടെ സാധ്യതാപഠനം ഏത് ഘട്ടത്തിലാണെന്നും ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ്-കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന്റെ സാധ്യതാ പഠനത്തിനായുള്ള 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി നൽകിയത് പരിശോധിച്ചു വരുന്നു.

## തോട്ടുകളിലെ എക്കൽ നീക്കം ചെയ്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടി

345 (2917) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ ആശ്രയമായ ഭൂരിഭാഗം തോടുകളിലും ഏക്കൽ അടിഞ്ഞതുമൂലം മത്സ്യസമ്പത്തിൽ ഗണ്യമായ കുറവ് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഏക്കൽ നീക്കംചെയ്ത് തോട്ടിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്കൽ നീക്കം ചെയ്ത് തോട്ടിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്.

## പൊഴിയൂർ തീരപ്രദേശത്തെ ഓഡിറ്റോറിയം

346 (2918) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, പൊഴിയൂർ തീരദേശത്തു നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന്റെ പണി പൂർത്തീകരിച്ചോ;

(ബി) പ്രസ്തുത ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനും അനുബന്ധമായി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിനും കൂടി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത്; ഏതു വർഷം നിർമ്മാണം ആരംഭിച്ചു;

(ഡി) പൊഴിയൂർ തീരദേശത്ത് നിർമ്മിക്കുന്ന ഓഡിറ്റോറിയം, സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റ് ഇവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൊഴിയൂർ തീരദേശത്ത് ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നില്ല. എന്നാൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ പരുത്തിയൂർ മത്സ്യഗ്രാമത്തിൽ 61.45 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു കമ്മ്യൂണിറ്റി ഫെസിലിറ്റി സെന്റർ സ്ഥാപിച്ചിട്ടുണ്ട്. 15-9-2015-ൽ നിർമ്മാണമാരംഭിച്ച പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു. ടി പദ്ധതിയോടനുബന്ധിച്ച് ഹൈമാസ്റ്റ് ലൈറ്റുകളൊന്നും സ്ഥാപിച്ചിട്ടില്ല.

## ചാലക്കുടി മുനിസിപ്പാലിറ്റി വക സ്ഥലത്ത് ആധുനിക മത്സ്യമാർക്കറ്റ്

347 (2919) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റി വക സ്ഥലത്ത് ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി)ചാലക്കുടി മുനിസിപ്പാലിറ്റി വക സ്ഥലത്ത് ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 261.17 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കി KIIFB യിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചു വരുന്നു.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾ

348 (2920) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ മത്സ്യമാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഈ പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നായരമ്പലം മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 400.68 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കി KIIFB യിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചു വരുന്നു.

**ഇടക്കൊച്ചി ഫിഷ് ഫാം**

349 (2921) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി ഫിഷ് ഫാമിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി എന്നാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കരാർ പ്രകാരം ഈ പ്രവൃത്തി എന്നാണ് പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ഇ) ഈ ഫിഷ് ഫാം പദ്ധതിയുടെ വിശദാംശങ്ങളും പ്രവർത്തനലക്ഷ്യവും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 26-3-2015-ലെ സ.ഉ.(സാധാ) നമ്പർ 216/2015/മഉവ പ്രകാരം ഇടക്കൊച്ചി ഫിഷ് ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഇടക്കൊച്ചി ഫിഷ് ഫാം നിർമ്മാണം രണ്ടു ഘട്ടമായാണ് ടെണ്ടർ ചെയ്ത് നടപ്പിലാക്കി വരുന്നത്. കരാർപ്രകാരം ഒന്നാംഘട്ട നിർമ്മാണം 25-9-2016-ലും, രണ്ടാംഘട്ട നിർമ്മാണം 14-3-2017-ലുമാണ് പൂർത്തിയാക്കേണ്ടിയിരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഒന്നാംഘട്ട നിർമ്മാണം 30-6-2017-ൽ പൂർത്തീകരിച്ചു. രണ്ടാംഘട്ട നിർമ്മാണം 31-12-2017-ലും പൂർത്തീകരിക്കുന്നതാണ്.

(ഇ) കേരളത്തിലെ ഓരു ജലാശയങ്ങളിൽ നൂതന മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇടക്കൊച്ചി ഫാം ഒരു ഡെമോൺസ്ട്രേഷൻ ഫാമാക്കി വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഫാമിലെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്ന മുറയ്ക്ക് ഓരുജല/സമുദ്രജല മത്സ്യങ്ങളുടെ കൃഷി, കൂടുകൃഷി, കരിമീൻ മത്സ്യങ്ങളുടെ ഉൽപ്പാദനം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും അഡാക് ലക്ഷ്യമിടുന്നു. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 20-ൽ ഉൾപ്പെടുത്തി ഇടക്കൊച്ചി ഫിഷ് ഫാം നിർമ്മാണത്തിന് 12.00 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. അതുവഴി 11 ഹെക്ടർ ജലാശയത്തിലെ നിലവിലുള്ള ബണ്ട് നവീകരിച്ചും പുതുതായി ആവശ്യമുള്ള ബണ്ടുകൾ നിർമ്മിച്ചും മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്നതാണ് ഈ പദ്ധതി. ഇതിൽ 1-ാം ഘട്ടത്തിൽ 3 കുളങ്ങളും, 2-ാം ഘട്ടത്തിൽ 5 കുളങ്ങളും നിർമ്മിക്കുന്നു. കൂടുതൽ ജലാശയങ്ങൾ മത്സ്യകൃഷിക്ക് ഉപയുക്തമാക്കി അതുവഴി മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാനലക്ഷ്യം.

## കല്ലഞ്ചേരി കായലിൽ ഡ്രഡ്ജിംഗ്

350 (T2922) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പശ്ചിമ കൊച്ചിയിലെ കാട്ടിപ്പറമ്പ്, കണ്ണമാലി, ചാൽപ്പുറം, കുമ്പളങ്ങി, പെരുമ്പടപ്പ്, കോണം, കതിരൂർകരി എന്നിവിടങ്ങളിലായി വ്യാപിച്ചു കിടക്കുന്ന കല്ലഞ്ചേരി കായലിൽ എക്കൽ അടിഞ്ഞതിനാൽ മത്സ്യബന്ധനത്തിന് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഡ്രഡ്ജ് ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പശ്ചിമ കൊച്ചിയിലെ കാട്ടിപറമ്പ്, കണ്ണമാലി, ചാൽപ്പുറം, കുമ്പളങ്ങി, പെരുമ്പടപ്പ്, കോണം, കതിരൂർകരി എന്നിവിടങ്ങളിലായി വ്യാപിച്ചു കിടക്കുന്ന കല്ലഞ്ചേരി കായലിൽ എക്കൽ അടിഞ്ഞതിനാൽ മത്സ്യബന്ധനത്തിന് നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. കായൽ ഡ്രഡ്ജ് ചെയ്യുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതാണ്.

---

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കാസർഗോഡ് മത്സ്യബന്ധന തുറമുഖം

351 (2923) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് മത്സ്യബന്ധന തുറമുഖത്തിന് തറക്കല്ലിട്ടത് എപ്പോഴായിരുന്നുവെന്ന് വ്യകതമാക്കാമോ;

(ബി) തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എന്നായിരുന്നു വെന്ന് അറിയിക്കുമോ;

(സി) കരാറുകാരൻ ആരാണെന്നും നിർമ്മാണ കാലാവധി എത്രയായിരുന്നു വെന്നും വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ കാലാവധിക്കുള്ളിൽ പ്രവർത്തനം പൂർത്തീകരിച്ചിരുന്നുവോ എന്ന് അറിയിക്കാമോ;

(ഇ) പൂർത്തീകരിച്ചുവെങ്കിൽ തുറമുഖത്തിന്റെ ഉദ്ഘാടനം ഇതുവരെയും നിർവ്വഹിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ള തെന്നും എത്ര രൂപയ്ക്കാണ് ഈ പ്രവൃത്തിയുടെ കരാർ നൽകിയതെന്നും കരാറുകാരന് ഇതുവരെ എത്ര തുക നൽകിയെന്നും വ്യക്തമാക്കാമോ;

(ജി) ഇനി എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ ബാക്കിയുണ്ടെങ്കിൽ അതിനുള്ള തുക എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ; തുറമുഖം എപ്പോൾ നാടിന് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന് തറക്കല്ലിട്ടത് 8-1-2010-ൽ ആയിരുന്നു.

(ബി) തുറമുഖത്തിന്റെ പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചത് 13-1-2010 -ൽ ആണ്.

(സി) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ വിവിധ പ്രവൃത്തികളുടെ കരാറുകാരും കാലാവധിയും താഴെപ്പറയുന്ന പ്രകാരമാണ്:

| ക്രമ നമ്പർ | പ്രവൃത്തി | കാലാവധി | കരാറുകാരൻ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ബ്രേക്ക് വാട്ടർ (വടക്ക്, തെക്ക്) ഷോർ പ്രൊട്ടക്ഷൻവാൾ എന്നിവയുടെ നിർമ്മാണം | ഉടമ്പടി കാലാവധി 24 മാസം (30/10/2009-25/10/2011) | മെ. ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനി, തെക്കിൽ പി.ഒ., കാസർഗോഡ് |
| 2 | വാർഫ്, ഓക്ഷൻ ഹാൾ, റിക്ലമേഷൻ &പ്രൊട്ടക്ഷൻ ബണ്ട് | ഉടമ്പടി കാലാവധി 12 മാസം(20/04/2013-19/04/2014) | മെ. പി.കെ.കെ കൺസ്ട്രക്ഷൻസ് കീഴൂർ, പറമ്പ, അരീക്കോട്, മലപ്പുറം |
| 3 | ഇന്റേണൽ റോഡ് & പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, ഡ്രെയിൻ | ഉടമ്പടി കാലാവധി 6 മാസം(03/06/2014-02/12/2014) | വി.പി. അബ്ദുൾഖാദർ പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ പി.പി. ഹൗസ്, മൊഗ്രാൻ പി.ഒ. കാസർഗോഡ് |
| 4 | ജലവിതരണ സംവിധാനം | ഉടമ്പടി കാലാവധി 6 മാസം(13/06/2014-12/12/2014) | വി.പി. അബ്ദുൾഖാദർ, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ പി.പി. ഹൗസ്, മൊഗ്രാൻ പി.ഒ. കാസർഗോഡ് |
| 5 | ടോയ് ലറ്റ് ബ്ലോക്ക് | ഉടമ്പടി കാലാവധി 6 മാസം (04/10/2013-03/04/2014) | വി.പി. അബൂബക്കർ റഹ്മത്ത് മൻസിൽ മൊഗ്രാൻ പി.ഒ. കാസർഗോഡ് |
| 6 | ട്രീറ്റ്മെന്റ് പ്ലാന്റ് | ഉടമ്പടി കാലാവധി 4 മാസം (08/01/2014-07/05/2014) | അബ്ബാസ് ബാങ്കോട്, s/o അന്തുഞ്ഞി, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ, തളങ്കര, കാസർഗോഡ് |
| 7 | അപ്രോച്ച് റോഡ് (I,II) – തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചു. | ഉടമ്പടി കാലാവധി 4 മാസം (10/02/2015-09/06/2015) | എം.എസ്. അബ്ദുൾ ഹക്കീം, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ, കദ്രിയ മൻസിൽ, മാരാ, ചെങ്കള, കാസർഗോഡ് |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | നെറ്റ് മെന്റിംഗ് ഷെഡ് | ഉടമ്പടി കാലാവധി 6 മാസം (20/11/2013-19/05/2014) | എം.എം. അഹമ്മദ്, അഷറഫ് മൻസിൽ, ചെങ്കള, കാസർഗോഡ് |
| 9 | ഗേറ്റ് & ഗേറ്റ് ഹൗസ് | ഉടമ്പടി കാലാവധി 6 മാസം (04/10/2013-03/04/2014) | വി.പി. അബ്ദുൾ ഖാദർ, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ പി.പി. ഹൗസ്, മൊഗ്രാൻ പി.ഒ. കാസർഗോഡ് |

(ഡി) നിർമ്മാണ കാലാവധിക്കുള്ളിൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല.

(ഇ) ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുറമുഖ ഉദ്ഘാടനം നടത്തിയില്ല.

(എഫ്) ഹാർബറിന്റെ അനുബന്ധ ഘടകങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗിയർ ഷെഡ്, വർക്ക്ഷോപ്പ്, ഷോപ്പ് ബിൽഡിംഗ്, റെസ്റ്റ് ഷെഡ്, കാന്റീൻ, ഗ്രീൻ ബെൽറ്റ്, നാവിഗേഷൻ എയിഡ്സ് എന്നീ പ്രവൃത്തികൾ ഇനി ഏർപ്പാടാക്കേണ്ടതുണ്ട്. RKVY യിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ഭരണാനുമതി തുക അധികരിച്ചതിനാൽ മേൽ പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടില്ല. RKVY യിൽ ഭരണാനുമതി ലഭിച്ച 29.75 കോടി രൂപയിൽ 28.85 കോടി രൂപ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഏർപ്പെടുത്തിയ പ്രവൃത്തിയിൽ 1.01 കോടി രൂപ കരാറുകാർക്ക് ഇനി നൽകാനുണ്ട്.

(ജി) ഇനി പൂർത്തീകരിക്കാനുള്ള ഘടകങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗിയർ ഷെഡ്, വർക്ക്ഷോപ്പ്, ഷോപ്പ് ബിൽഡിംഗ്, റെസ്റ്റ് ഷെഡ്, കാന്റീൻ, ഗ്രീൻ ബെൽറ്റ്, നാവിഗേഷൻ എയിഡ്സ്, മാതൃകാപഠന ഏജൻസിയായ CWPRS, Pune ശിപാർശ ചെയ്ത രീതിയിൽ ബ്രേക്ക് വാട്ടറുകളുടെ നീളം വർദ്ധിപ്പിക്കൽ, ഷോർ പ്രൊട്ടക്ഷൻ എന്നിവയുൾപ്പെടുത്തി KIIFB -യിൽ സമർപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. സംസ്ഥാന സർക്കാർ പുതുതായി അനുവദിച്ച "ക്യാപിറ്റൽ റിപ്പയർ ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ" എന്ന ശീർഷകത്തിൽ കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ അപ്രോച്ച് ചാനൽ, മൗത്ത്, എന്നിവിടങ്ങളിൽ ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തിക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പണി പൂർത്തിയാക്കുന്ന മുറയ്ക്ക് തുറമുഖം നാടിന് സമർപ്പിക്കുന്നതാണ്.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

352 (2924) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്തു തീരദേശ റോഡുകളുടെ നവീകരണത്തിനായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തീരദേശ വികസന കോർപ്പറേഷൻ ഭരണാനുമതി ലഭ്യമാക്കാൻ സമർപ്പിച്ച കൊയിലാണ്ടി ഗവ. വൊക്കേഷണൽ എച്ച്.എസ്.എസ്., കൊയിലാണ്ടി ജി.ജി.എച്ച്.എസ്.എസ്, വന്മുഖം ജി.എച്ച്.എസ്, പയ്യോളി ജി.വി.എച്ച്.എസ്.എസ്. എന്നീ വിദ്യാലയങ്ങളുടെ പ്രോജക്ട് പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് തീരദേശ റോഡുകളുടെ നവീകരണത്തിനായി കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ചുവടെ പറയുന്ന ഏഴ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2 | 3 |
| 1 | പൂക്കോട്-ഉുവപ്പാറ-പൊയിൽക്കാവ് റോഡ് | 87 |
| 2 | ചേമഞ്ചേരി പഞ്ചായത്ത് കൊളക്കാട്-പൂക്കാട്-ഉുവപ്പാടി-പൊയിൽക്കാവ് റോഡ് | 21.60 |
| 3 | കൊളാവിപ്പാലം ആമ വളർത്തൽ കേന്ദ്രം-ശ്മശാനം കോട്ടക്കടപ്പുറം റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി | 52.00 |
| 4 | മൂടാടി ഗ്രാമപഞ്ചായത്ത് ഉണ്ണിക്കണ്ടം വളപ്പിൽ കണ്ണഞ്ചേരിമുക്ക് റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി | 15.00 |

| 1 | 2 | 3 |
|---|---|---|
| 5 | കണ്ണൻകടവ് അഴീക്കൽ റോഡ് | 27 |
| 6 | തിക്കോടി പഞ്ചായത്തിലെ മുതിരക്കൽ മുക്ക്-കോടിക്കൽ ബീച്ച് റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തി | 31 |
| 7 | കസ്റ്റംസ് റോഡ് മുതൽ കൊയിലാണ്ടി ഫിഷിംഗ് ഹാർബർവരെ ഓടയുടെ നീളം കൂട്ടൽ പ്രവൃത്തി | 91 |

മേൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധങ്ങളായി(I-VII) *ചേർക്കുന്നു.

(ബി) വന്മുഖം ഗവൺമെന്റ് ഹൈസ്കൂളിന് 166.58 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 23-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൊയിലാണ്ടി ജി.ജി.എച്ച്.എസ്.എസ്, കൊയിലാണ്ടി ഗവ. വൊക്കേഷണൽ എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ ആവശ്യങ്ങൾ സംബന്ധിച്ച് പ്രാഥമിക പഠനം തീരദേശ വികസന കോർപ്പറേഷൻ നടത്തിയിട്ടുണ്ട്.

എന്നാൽ പയ്യോളി ജി.വി.എച്ച്.എസ്.എസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

**ഉൾനാടൻ മത്സ്യകൃഷിക്കായുള്ള പദ്ധതികൾ**

353 (2925) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിൽ, ഉൾനാടൻ മത്സ്യകൃഷിക്കായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഉൾനാടൻ മത്സ്യകൃഷിക്കായി എന്തെല്ലാം നടപടികളാണ് വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നത്;

(സി) കൂടുതൽ പ്രദേശത്ത് ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത്; ഇക്കാര്യത്തിൽ നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ കോങ്ങാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി മത്സ്യ കർഷക വികസന ഏജൻസിവഴി കർഷകർക്കുള്ള പരിശീലനം, മത്സ്യ കുളങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള സബ്സിഡി വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ജനകീയ മത്സ്യകൃഷി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷിക്കായി കർഷകർക്ക് സൗജന്യ മത്സ്യക്കുഞ്ഞു വിതരണം, പരിശീലനം എന്നിവ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഉൾനാടൻ മത്സ്യക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) കൂടുതൽ പ്രദേശത്ത് ഉൾനാടൻ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ ജനകീയ മത്സ്യക്കൃഷി രണ്ടാംഘട്ട പദ്ധതി വഴി ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി 2338 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഘടക പദ്ധതികളിൽ നൽകിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ 650 ഹെക്ടർ സ്ഥലത്ത് സ്ഥാപിക്കുന്നതിന് 975 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനം (ഒന്നര ലക്ഷം രൂപ ഒരു ഹെക്ടറിന്) ധനസഹായമായി കർഷകന് നൽകുന്നതാണ്.

6000 ഹെക്ടർ സ്ഥലത്ത് ശാസ്ത്രീയ മത്സ്യക്കൃഷി നടത്തുന്നതിന് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ കർഷകർക്ക് സൗജന്യമായി നൽകുന്നതിനായി 315 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 7500 എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ സബ്സിഡിയായി കർഷകന് നൽകുന്നു.

3000 ഹെക്ടർ വിസ്തീർണ്ണമുള്ള പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി കർഷകർക്ക് നൽകുന്നതിന് 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 3000 മത്സ്യവിത്ത് സബ്സിഡിയായി കർഷകന് നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2000 ഹെക്ടർ ഏരിയയിൽ ചെമ്മീൻകൃഷി ചെയ്യുന്നതിനാവശ്യമായ ചെമ്മീൻ വിത്തുകൾ സൗജന്യമായി കർഷകർക്ക് നൽകുന്നതിനായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് 40000 എണ്ണം ചെമ്മീൻ വിത്ത് കർഷകന് സബ്സിഡിയായി നൽകുന്നു.

മത്സ്യകൃഷി ഫാമുകൾ ഇൻഷ്വർ ചെയ്യുന്നതിന് 82 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൂടാതെ കൂടുതൽ പ്രദേശത്ത് ഉൾനാടൻ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 2240.9 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഓരു ജലാശയങ്ങളിലെ കൂടുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്.), ചെമ്മീൻ കൃഷിക്കുള്ള കുളങ്ങളുടെ നവീകരണം, നവീകരിച്ച കുളങ്ങളിലെ ചെമ്മീൻ കൃഷിക്കുള്ള Input cost മസ്സൽ ഫാമിംഗ്, വെള്ളക്കെട്ട് പ്രദേശങ്ങളിലെ മത്സ്യകൃഷി വികസനം, വെള്ളക്കെട്ട് പ്രദേശങ്ങളിലെ മത്സ്യകൃഷിക്കുള്ള Input സബ്സിഡി എന്നീ ഘടകങ്ങൾ അടങ്ങിയ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിനു പുറമേ 2017-2020 വർഷങ്ങളിൽ സംസ്ഥാനത്ത് കൈപ്പാട്-പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻ/മത്സ്യ/നെൽകൃഷി നടപ്പിലാക്കുന്നതിനായി 305.70 കോടി അടങ്കൽ തുക വരുന്ന പ്രൊപ്പോസലും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

**മത്സ്യബന്ധന ഉപകരണങ്ങളുടെ നികുതി**

354 (2926) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.-യുടെ വരവോടെ മത്സ്യബന്ധന ഉപകരണങ്ങളുടെ നികുതി ഗണ്യമായി കൂടിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വല, ചൂണ്ട, റോപ്പ് തുടങ്ങി നികുതി ഇല്ലാതിരുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇപ്പോൾ 12 ശതമാനം നികുതി ഏർപ്പെടുത്തുകയുണ്ടായോ;

(സി) വള്ളങ്ങളിൽ ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകൾ, ആഴക്കടൽ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന നൈലോൺ വലകൾ, വലുതും ചെറുതും കണ്ണികളുള്ള സാധാരണ വലകൾ എന്നിവയുടെ നികുതിയിലുണ്ടായ വർദ്ധനവ് പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇത് മത്സ്യബന്ധനത്തിനുള്ള ചെലവ് വർദ്ധിപ്പിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് മീൻ വില ഉയരുന്നതിന് കാരണമാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വല, ചൂണ്ട, റോപ്പ് എന്നിവയ്ക്ക് 12% നികുതി ഏർപ്പെടുത്തുകയുണ്ടായി.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ഡി) പരിശോധിച്ചു വരുന്നു.

## പയ്യന്നൂർ മണ്ഡലത്തിൽനിന്നും കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ച പ്രവൃത്തികൾ

355 (2927) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും കോസ്റ്റൽ ഡെവലപ്പ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ച രാമന്തളി പി.എച്ച്.സി. ബിൽഡിംഗ്, കൗവ്വായി സ്കൂൾ കെട്ടിടം, പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ എന്നീ പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ നിയോജകമണ്ഡലത്തിൽനിന്നും തീരദേശ വികസന കോർപ്പറേഷന് സമർപ്പിച്ച രാമന്തളി പി.എച്ച്.സി.-ക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പദ്ധതി 2017-18 -ലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 61.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കിഫ്ബിയുടെ ധനസഹായത്തോടെ കൗവ്വായി ഗവ.യു.പി. സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ച 249.56 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 82 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി KIIFB യിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആദ്യഘട്ടത്തിൽ ഫിഷ് ഫാമുകളുടെ പുനരുദ്ധാരണം, വിദ്യാഭ്യാസ, ആരോഗ്യ അടിസ്ഥാന സൗകര്യവികസനം, മത്സ്യമാർക്കറ്റ് ആധുനിക വൽക്കരണം എന്നീ ഘടകങ്ങൾ മാത്രം ഏറ്റെടുത്തിരിക്കുന്നതിനാൽ പ്രസ്തുത പദ്ധതി KIIFB -യിൽ ഉൾപ്പെട്ടിട്ടില്ല.

## വൃത്തിഹീനമായ മത്സ്യ മാർക്കറ്റുകൾ

356 (2928) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃത്തിഹീനവും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ മത്സ്യ മാർക്കറ്റുകളിൽ പോയി സാധനങ്ങൾ വാങ്ങാൻ ജനങ്ങൾ നിർബന്ധിതരാകുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മത്സ്യമാർക്കറ്റുകളെ ശുചിത്വപൂർണ്ണമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തിന്റെ റീട്ടെയിൽ വിപണനത്തിനുവേണ്ടി അത്യാധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പിലാവും; ഏതൊക്കെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) എത്ര രൂപയാണ് ഒരു മാർക്കറ്റിന് വേണ്ടി ചെലവു വരുന്നത്; സർക്കാർ എത്ര രൂപ വീതമാണ് ഓരോ മാർക്കറ്റിനും അനുവദിക്കുന്നത്; ഇതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതും ശുചിത്വ പൂർണ്ണമാക്കുന്നതും ലക്ഷ്യമിട്ട് മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് 34 മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 4 എണ്ണം പുരോഗമിക്കുന്നു.

ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, വെള്ളം ഒട്ടും തന്നെ കെട്ടിനിൽക്കാത്ത രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, ലേലഹാൾ, എന്നീ സൗകര്യങ്ങൾ ഓരോ മാർക്കറ്റിലും ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ച

വയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളും വനിതാ സൗഹൃദമാക്കുന്നതിനായി ടോയ്‌ലറ്റ് സംവിധാനവും ഉറപ്പാക്കുന്നതാണ്.

(സി&ഡി) മത്സ്യത്തിന്റെ റീട്ടെയിൽ വിപണനത്തിനുവേണ്ടി ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ 34 ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകൾ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. 4 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 53 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലാണ്. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം ഒരു സ്റ്റാളിന് 10 ലക്ഷം രൂപ ക്രമത്തിൽ പരമാവധി 50 സ്റ്റാളുകൾ വരെയുള്ള മാർക്കറ്റുകൾക്ക് 500 ലക്ഷം രൂപയുടെ അംഗീകാരവും അതിന്റെ 50% ആയ 250 ലക്ഷം രൂപവരെ കേന്ദ്ര സർക്കാർ ധനസഹായമായും ലഭ്യമാക്കും. ബാക്കി 50% തുക സംസ്ഥാന സർക്കാർ വിഹിതമായി കണ്ടെത്തേണ്ടതുണ്ട്. ഓരോ മാർക്കറ്റിനും വേണ്ടി വരുന്ന ചെലവ് മാർക്കറ്റ് സ്ഥാപിക്കുന്ന സ്ഥലം, മാർക്കറ്റിൽ ലഭ്യമാകുന്ന സ്റ്റാളുകളുടെ എണ്ണം, മറ്റു സൗകര്യങ്ങൾ എന്നിവ അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. മാർക്കറ്റ് അനുവദിക്കുന്നതിന് ദേശീയ മത്സ്യ വികസന ബോർഡ് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഭൂമി സംബന്ധമായ യാതൊരു ബാധ്യതയുമില്ലെന്ന് തെളിയിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശ രേഖകൾ.

2. അംഗീകാരത്തിനായി സമർപ്പിക്കുന്ന രേഖയിൽ പദ്ധതി സംബന്ധിച്ചുള്ള പ്ലാനിംഗ്, ഡിസൈനിംഗ്, എസ്റ്റിമേറ്റ് മുതലായവ കൃത്യമായും സമർപ്പിച്ചിരിക്കണം.

3. എസ്റ്റിമേറ്റ് നിലവിലെ എസ്.ഒ.ആർ. അനുസരിച്ച് കൃത്യമായി മാർക്കറ്റ് റേറ്റിൽ തയ്യാറാക്കിയതാകണം.

4. പദ്ധതിയുടെ ഭാവി നടത്തിപ്പും പരിപാലനവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ചുള്ള കൃത്യമായ രേഖകൾ ഉണ്ടാകണം.

5. ആവശ്യമായ എല്ലാവിധ രേഖകളും പദ്ധതി റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കണം.

6. പദ്ധതി റിപ്പോർട്ട് ഗവൺമെന്റ് മുഖേനയായിരിക്കണം സമർപ്പിക്കേണ്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യവിത്ത് ഉല്പാദനം

357 (2929) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഉല്പാദനത്തിനായി നിലവിലുള്ള ഹാച്ചറികളുടെ നവീകരണത്തിനും പുതിയവയുടെ നിർമ്മാണത്തിനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കാമോ;

(ബി) ഈ വർഷം എത്ര കോടി മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; പദ്ധതിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം, ഉൾനാടൻ മത്സ്യവികസനത്തിൽ ഉൾപ്പെടുത്തി നിലവിലുള്ള മത്സ്യവിത്ത് ഫാമുകളുടേയും ഹാച്ചറികളുടേയും നവീകരണ പ്രവർത്തനങ്ങൾക്കായി 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വർക്കലയിലെ ഓടയത്ത് ഓരുജല മത്സ്യവിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 900 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഈ വർഷം 514 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളും 170 ലക്ഷം ചെമ്മീൻ/കൊഞ്ച് വിത്തുകളും ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനുവേണ്ടി നിലവിലുള്ള ഫിഷ്സീഡ് ഫാമുകളുടേയും ഹാർച്ചറികളുടേയും പ്രവർത്തനങ്ങൾക്കായി 440 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഉപയോഗശൂന്യമായ മത്സ്യം വിൽപ്പന നടത്തുന്നവർക്കെതിരെ നടപടി

358 (2930) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലപ്പഴക്കം ചെന്നതും രാസവസ്തുക്കൾ ഉപയോഗിച്ചതുമായ ഉപയോഗശൂന്യമായ മത്സ്യം വിൽപ്പന നടത്തുന്നവർക്കെതിരെ ഫിഷറീസ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

മത്സ്യങ്ങൾ കേടുകൂടാതെയിരിക്കുന്നതിനായി മാരകമായ രാസ പദാർത്ഥങ്ങൾ ചേർത്ത് വിപണനം നടത്തുന്ന പ്രവൃത്തികൾ തടയുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പും, ഫുഡ്സേഫ്റ്റി വിഭാഗവും സംയുക്തമായി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിക്കുകയും ഫിഷറീസ് വകുപ്പിലെയും ഭക്ഷ്യസുരക്ഷാ വിഭാഗത്തിലേയും ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനയിൽ കുറ്റക്കാരെന്ന് കണ്ടാൽ ഫുഡ്സേഫ്റ്റി ആക്ട് 2006 പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്. മത്സ്യങ്ങളിൽ ഇത്തരത്തിലുള്ള രാസവസ്തുക്കളുടെ പ്രയോഗം തിരിച്ചറിയുന്നതിനായി സ്പോട്ട് ടെസ്റ്റ് നടത്തുന്നതിനായി CIFT വികസിപ്പിച്ചെടുക്കുന്ന പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ വാണിജ്യാടിസ്ഥാനത്തിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടി ഫിഷറീസ് വകുപ്പ് കൈക്കൊള്ളുന്നതാണ്. ശുചിത്വമുള്ള മത്സ്യം ലഭിക്കുന്നതിനും ഇത്തരത്തിലുള്ള അനാരോഗ്യകരമായ പ്രവൃത്തികൾ തടയുന്നതിന്റേയും ഭാഗമായി കേരള ഫിഷ് ഓക്ഷനിംഗ് മാർക്കെറ്റിംഗ് & ക്വാളിറ്റി മാനേജ്മെന്റ് കരട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്. അത് സഭയിൽ അവതരിപ്പിച്ച് നിയമമാക്കുന്നതാണ്.

## വെഞ്ഞാറമൂട്ടിലെ മത്സ്യമാർക്കറ്റിന്റെ നിർമ്മാണം

359 (2931) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമ പഞ്ചായത്തിൽപ്പെട്ട വെഞ്ഞാറമൂട്ടിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ആധുനിക മത്സ്യമാർക്കറ്റിന്റെ നിർമ്മാണം പൂർത്തിയായോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് അതിന്റെ പ്രവർത്തനം ആരംഭിക്കാത്തത്;

(സി) പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് ഗ്രാമ പഞ്ചായത്തിൽപ്പെട്ട വെഞ്ഞാറമൂട്ടിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന 237.04 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ച് 6-6-2016-ൽ നെല്ലനാട് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

(ബി) നെല്ലനാട് ഗ്രാമപഞ്ചായത്തിന് ടി മാർക്കറ്റ് കൈമാറ്റം ചെയ്യുവെങ്കിലും നാളിതുവരെ പ്രസ്തുത കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതനുള്ള നടപടി കൈക്കൊണ്ടിട്ടില്ല.

(സി) പദ്ധതി രൂപരേഖയ്ക്കനുസരിച്ചുള്ള എല്ലാവിധ പ്രവർത്തനങ്ങളും പൂർത്തീകരിച്ചാണ് മാർക്കറ്റ് കെട്ടിടം ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുള്ളത്. മാർക്കറ്റ് പ്രവർത്തനം ആരംഭിക്കാതിരിക്കാനുള്ള മറ്റ് വിവരങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറി

360 (2932) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയിൽ എത്രമാത്രം മത്സ്യോത്പാദനവും വിതരണവും നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറി കെട്ടിടം, ടാങ്കുകൾ, റെയിംഗ്, ബ്രൂഡ് സ്റ്റോക്ക് പോണ്ടുകൾ എന്നിവ പൂർത്തീകരിച്ച് മത്സ്യവിത്തുല്പാദനവും വിപണനവും നടത്തിവരുന്നു. 8-6-2016 മുതൽ ഇതുവരെ 881310 എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

## പുതിയങ്ങാടിയിൽ ആധുനിക ഐസ് പ്ലാന്റ്

361 (2933) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ പഴയ ഐസ് പ്ലാന്റ് മാറ്റി ആധുനിക രീതിയിലുള്ള പ്ലാന്റ് നിർമ്മിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ 23-5-2017-ലെ ബഹു. ഫിഷറീസ് വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ നിർദ്ദേശിച്ചതു പ്രകാരം തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ പുതിയങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന പഴയ ഐസ് പ്ലാന്റ് കെട്ടിടം പൊളിച്ചു നീക്കി ആധുനിക രീതിയിലുള്ള ഐസ് പ്ലാന്റ് നിർമ്മിക്കുന്നതിലേക്ക് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പാക്കേജ്

362 (2934) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പ്രത്യേക പാക്കേജിന് അംഗീകാരം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതനുസരിച്ച് ഇവർക്ക് ഭൂമി വാങ്ങുന്നതിനും ഭവനം നിർമ്മിക്കുന്നതിനും എന്തു സഹായം നൽകിയിട്ടുണ്ടെന്ന് വിവരിക്കുമോ;

(സി) വീട് നഷ്ടപ്പെട്ടവർക്ക് എന്തെല്ലാം സഹായമാണ് പാക്കേജനുസരിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 248 മത്സ്യത്താഴിലാളി കുടുംബങ്ങളെ പുനരധിവസിക്കുന്നന്നതിനായി 25 കോടി രൂപയുടെ പ്രത്യേക പാക്കേജിന് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപവീതം ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങി വീടു വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 4405-00-103-9 (പ്ലാൻ) എന്ന ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച 2 കോടി രൂപ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകൾക്ക് പദ്ധതി പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ കണ്ടെത്തുന്ന സ്ഥലം വാസയോഗ്യമാണെന്ന് ഉറപ്പു വരുത്തുന്നതിനും റവന്യൂ വകുപ്പ് സ്ഥലത്തിന്റെ ഫെയർ വാല്യൂ നിശ്ചയിച്ചു നൽകുന്ന മുറയ്ക്കും മാത്രമേ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ

കഴിയുകയുള്ളൂ. ജില്ലകളിൽ ഇതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. പദ്ധതിക്കാവശ്യമായ ബാക്കി തുകയായ 23 കോടി രൂപ 2017-18 വർഷത്തെ 2-ാം ബാച്ച് സപ്ലിമെന്ററി ഡിമാന്റ് ഗ്രാന്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ മാത്രമാണ് പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ജില്ലകളിൽ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം

363 (2935) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ കടാശ്വാസം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുത്ത് നടപടികൾ നേരിടുന്ന എല്ലാ മത്സ്യത്തൊഴിലാളികളുടെയും ബാദ്ധ്യത ഏറ്റെടുക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; വിശദീകരിക്കാമോ;

(ഡി) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത മത്സ്യ തൊഴിലാളികളുടെ വായ്പ സംബന്ധിച്ച വിഷയങ്ങളിൽ കമ്മീഷൻ ഇടപെടുമോ; വിശദീകരിക്കാമോ?

### ഉത്തരം

(എ) കടബാധ്യതമൂലം ദുരിതത്തിലാണ്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി മധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായ നിർണ്ണയം നടത്തുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും ഉചിതമായ നടപടികൾ ശിപാർശ ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡ് വഴി 31,71, 028 രൂപ, ഷെഡ്യൂൾഡ്, നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും കടമെടുത്തിട്ടുള്ളവർക്ക് 7,43,67,949 രൂപ മറ്റ് ധനകാര്യ സ്ഥാപനങ്ങളായ ഭവന

നിർമ്മാണ ബോർഡ്, വികലാംഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്തവർക്ക് യഥാക്രമം 21,13,923 രൂപ, 4,59,707 രൂപ എന്നിങ്ങനെ ആകെ 8,01,12,607 രൂപ 2016-17 സാമ്പത്തിക വർഷം കടാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾ വാണിജ്യ ആവശ്യത്തിനോ ആർഭാടത്തിനോ അല്ലാതെ ഭവനനിർമ്മാണം, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, പെൺമക്കളുടെ വിവാഹം, ചികിത്സാ ആവശ്യം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്ക് 31-12-2007 ന് മുൻപ് എടുത്ത വായ്പകൾക്കാണ് നിലവിൽ കടാശ്വാസം അനുവദിക്കുന്നത്. ഇതിനുള്ള അപേക്ഷകൾ 30-6-2013 വരെ സ്വീകരിച്ചിരുന്നു. 31-12-2007 എന്നുള്ള കാലയളവ് ഒരു വർഷം കൂടി ദീർഘിപ്പിച്ച് 31-12-2008 വരെയാക്കി ടി പദ്ധതിയുടെ പ്രയോജനം വ്യാപിപ്പിക്കാനുള്ള നടപടി പരിശോധിച്ചു വരുന്നു.

(ഡി) സഹകരണ സംഘങ്ങൾ/ബാങ്കുകൾ, എന്നിവിടങ്ങളിൽനിന്നും 31-12-2007-ന് മുൻപ് വാണിജ്യ ആവശ്യങ്ങൾക്കോ, ആർഭാടത്തിനോ അല്ലാതെ ഭവനനിർമ്മാണം, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, പെൺമക്കളുടെ വിവാഹം, ചികിത്സാ ആവശ്യം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് കമ്മീഷൻ ശിപാർശ ചെയ്യുന്നുണ്ട്. കമ്മീഷന്റെ ശിപാർശപ്രകാരമുള്ള ലിസ്റ്റ്, സഹകരണ വകുപ്പ് ഓഡിറ്റിംഗ് നടത്തി സമർപ്പിക്കുന്ന പ്രൊപ്പോസൽ എന്നിവ പ്രകാരം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് കടാശ്വാസ തുക അനുവദിക്കുന്നു. കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സഹകരണ വകുപ്പുമായി ബന്ധപ്പെട്ട കടങ്ങളിൽ കടാശ്വാസം ലഭിക്കാത്തതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വിഷയത്തിൽ പരിഹാരം കാണുന്നതിനായി സഹകരണ വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 14-6-2017-ൽ നടന്ന യോഗത്തിൽ ഇങ്ങനെയുള്ള പരാതികൾ സഹകരണ വകുപ്പ് ഉദ്യോഗസ്ഥരും കടാശ്വാസ കമ്മീഷനും സംയുക്തമായി ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് പരമാവധി കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള നടപടി കടാശ്വാസ കമ്മീഷനും സഹകരണ വകുപ്പും സ്വീകരിച്ചു വരുന്നു.

## അഷ്ടമുടിക്കായലിലെ ഫിഷിംഗ് ബോട്ടുകളുടെ സുഗമസഞ്ചാരം

364 (2936) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ നീണ്ടകര അഴിമുഖം മുതൽ തെക്കുംഭാഗം വരെ അഷ്ടമുടിക്കായലിൽ ഫിഷിംഗ് ബോട്ടുകൾക്ക് സുഗമമായി സഞ്ചരിക്കാനാകാത്ത വിധം മണ്ണ് കുടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശത്ത് ഡ്രെഡ്ജിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നീണ്ടകര അഴിമുഖം മുതൽ നീണ്ടകര പാലം വരെയുള്ള ഭാഗത്ത് ബോട്ടുകളുടെ സഞ്ചാരത്തിന് ആവശ്യമായ ആഴം നിലവിൽ ഉണ്ട്. എന്നാൽ നീണ്ടകരപാലം മുതൽ തെക്കുംഭാഗം പാലം വരെയുള്ള ഭാഗത്ത് ബോട്ട് ചാലിന്റെ ആഴക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീണ്ടകരപാലം മുതൽ തെക്കുംഭാഗം പാലം വരെയുള്ള 1.90 കിലോമീറ്റർ നീളത്തിൽ 40 മീറ്റർ വീതിയിൽ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തിക്ക് 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളെ റേഷൻ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി

365 (2937) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിനുള്ള മുൻഗണനാ ലിസ്റ്റിൽ പല മത്സ്യ ത്തൊഴിലാളി കുടുംബങ്ങളും ഉൾപ്പെട്ടിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ ലിസ്റ്റിൽ എല്ലാ മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിഷറീസ് വകുപ്പ് വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച അദാലത്തുകളിൽ റേഷൻ വിതരണത്തിനുള്ള മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി മത്സ്യത്തൊഴിലാളികളിൽനിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളേയും ബി.പി.എൽ. പട്ടികയിൽപ്പെടുത്തുന്ന കാര്യം പരിഗണിച്ചു വരുന്നു.

**മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന നിർദ്ദേശങ്ങൾ**

366 (2938) ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ള കരട് ഭേദഗതികൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാരോ, തീരദേശ പരിപാലന അതോറിറ്റിയോ ഇതു സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന നിർദ്ദേശങ്ങളുണ്ടെങ്കിൽ അതിന്മേൽ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുമോഎന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരദേശ പരിപാലന നിയമത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും പുതിയ ഭേദഗതികൾ കൊണ്ടുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന ഏതെങ്കിലും ഭേദഗതി നിർദ്ദേശങ്ങൾ കൊണ്ടുവന്നാൽ അതിൽ ശക്തമായ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

**മണൽ ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യൽ**

367 (2939) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മണൽ ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത അഴിമുഖത്ത് അവസാനം ഡ്രഡ്ജിംഗ് നടന്നത് എന്നാണെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാന ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സ്വന്തമായി ഡ്രഡ്ജിംഗിനുള്ള ഉപകരണങ്ങൾ ഉണ്ടോയെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ അഴിമുഖം ഡ്രഡ്ജ് ചെയ്ത് സുരക്ഷിതമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

## ഉത്തരം

(എ) ഫിഷിംഗ് ഹാർബറിന്റെ അഴിമുഖത്ത് അടിഞ്ഞു കൂടുന്ന മണ്ണ് കാലാകാലങ്ങളിൽ ഡ്രഡ്ജ് ചെയ്ത് നീക്കംചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കാറുണ്ട്.

കേരളത്തിലെ 7 ഫിഷിംഗ് ഹാർബറുകളുടെ മെയിന്റനൻസ് ഡ്രഡ്ജിംഗ് പ്രവൃത്തിക്ക് 16-6-2012 -ൽ 50% കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 10.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ കായംകുളം ഫിഷറീസ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തിക്ക് 130 ലക്ഷം രൂപ ഉൾപ്പെട്ടിരുന്നു. അതനുസരിച്ച് ഡ്രഡ്ജിംഗ് പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനി കരാർ പ്രകാരം പ്രവൃത്തി ചെയ്യുന്നതിൽ വീഴ്ചവരുത്തിയതിനാൽ ശേഷിക്കുന്ന പ്രവൃത്തി ടി കമ്പനിയുടെ നഷ്ടോത്തരവാദിത്വത്തിൽ ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനെതിരെ ഇവർ ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരുന്നു. സ്റ്റേ ഓർഡർ വെക്കേറ്റ് ചെയ്ത് ഡ്രെഡ്ജിംഗ് പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള തുടർ നടപടി വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളുടെ ബേസിനിലും ചാനലിലും കാലാകാലങ്ങളിൽ അടിഞ്ഞു കൂടുന്ന മണ്ണ് ഡ്രെഡ്ജ് ചെയ്ത് നീക്കംചെയ്യുന്നതിന് സംസ്ഥാന സർക്കാർ എല്ലാ ഫിഷിംഗ് ഹാർബറുകളുടേയും മെയിന്റനൻസ് ഡ്രെഡ്ജിംഗിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 4405-00-104-37 എന്നൊരു പ്രത്യേക ശീർഷകം ഇദംപ്രഥമമായി അനുവദിക്കുകയും ആയതിലേക്കായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) 1-12-2012 മുതൽ 8-8-2013 വരെയായിരുന്നു ഏറ്റവും അവസാനം കായംകുളം ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗ് നടത്തിയത്.

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സ്വന്തമായി ജപ്പാൻ നിർമ്മിതമായ 150 DP, 75 DP ഇനങ്ങളിലുള്ള സാന്റ് പമ്പുണ്ട്. നീണ്ടകര ഹാർബറിൽ വർഷം മുഴവൻ ടി സാന്റ് പമ്പ് ഉപയോഗിച്ചാണ് ഡ്രഡ്ജിംഗ് നടത്തുന്നത്. മറ്റ് ഹാർബറുകളിലെ ഡ്രഡ്ജിംഗ് നടത്താൻ സ്വന്തമായി ഡ്രഡ്ജറില്ല.

(ഡി) കരാർ കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പുനരാരംഭിക്കുന്നതോടുകൂടി ഹാർബർ മൗത്തിലെ മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കി അഴിമുഖം സുരക്ഷിതമാക്കുന്നതാണ്. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പുതുതായി അനുവദിച്ച ക്യാപിറ്റൽ റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി സമയാസമയങ്ങളിൽ ഹാർബർ ഡ്രഡ്ജ് ചെയ്ത് ആഴം നിലനിർത്തി അഴിമുഖം സുരക്ഷിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം ഫിഷിംഗ് ഹാർബറിൽ അപകടങ്ങൾ

368 (T2940) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിൽ തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹാർബറിൽ ഡ്രെഡ്ജിംഗ് നടക്കാത്തതും തകർന്ന പുലിമുട്ടിന്റെ നിർമ്മാണത്തിനുപയോഗിച്ച കല്ലുകൾ ചിതറിക്കിടക്കുന്നതും അപകടം വർദ്ധിപ്പിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഹാർബറിലെ ലൈറ്റുകൾ പ്രവർത്തിക്കാത്തത് കൂടുതൽ അപകടത്തിനു കാരണമാകുന്നതിനാൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കായംകുളം പൊഴിയുടെ അഴിമുഖത്ത് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്നില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ 18-7-2015, 3-7-2017 തീയതികളിൽ അപകടം നടന്നിട്ടുണ്ട്. ഇത് മണൽ തിട്ടയിൽ തട്ടിയുള്ള അപകടങ്ങൾ അല്ലെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) പുലിമുട്ടിന്റെ നിർമ്മാണത്തിനുപയോഗിച്ച കല്ലുകൾമൂലം അപകടങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വടക്കേ പുലിമുട്ടിൽ ഗൈഡ് ലൈറ്റ് പുനഃസ്ഥാപിച്ചത് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തെക്കേ പുലിമുട്ടിന്റെ ടിപ്പിന്റെ പുനരുദ്ധാരണത്തിനുശേഷം ഗൈഡ് ലൈറ്റ് സ്ഥാപിക്കുന്നതാണ്.

## കോട്ടിക്കുളം-ബേക്കൽ തീരദേശ മത്സ്യബന്ധന തുറമുഖം

369 (2941) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതിന്റെ അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത മത്സ്യബന്ധന തുറമുഖനിർമ്മാണത്തിന് ഇതുവരെ അനുമതി നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രയും വേഗം അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലുണ്ട്.

(ബി-ഡി) കാസർഗോഡ് കോട്ടിക്കുളം-ബേക്കൽ തീരദേശ മേഖലയിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന്റെ സാധ്യതാ പഠനത്തിനുള്ള 67 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

## കാഷ്യൂ കോൺക്ലേവ്

370 (2942) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തിയ കാഷ്യൂ കോൺക്ലേവിന്റെ ഭാഗമായി കൈവരിക്കാനായ നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) കാഷ്യൂ കോൺക്ലേവിൽ ഏതെല്ലാം രാജ്യങ്ങളിൽ നിന്നും കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ധാരണ ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നടത്തിയ 'കാഷ്യൂ കോൺക്ലേവ്' തോട്ടണ്ടി ഉല്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇടനിലക്കാരില്ലാതെ തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന്റെ സാധ്യത ചർച്ച ചെയ്യുകയും തുടർ നടപടി സ്വീകരിച്ചു വരികയുമാണ്.

(ബി) കാഷ്യൂ കോൺക്ലേവിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നെങ്കിലും അന്തിമ തീരുമാനമായിട്ടില്ല.

## കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി

371 (2943) <u>ശ്രീ. സി. എഫ്. തോമസ്</u> :

<u>ശ്രീ. പി. ജെ. ജോസഫ്</u> :

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കശുമാങ്ങ, കശുവണ്ടി എന്നിവയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പഠനം നടത്തുന്നതിനും കർഷകർക്കുള്ള പരിശീലനം നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ) 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തുവരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ.)-യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കൃഷി ഏജൻസിയുമായി ചേർന്ന് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്.

(ബി) തൃശ്ശൂർ മണ്ണുത്തിയിലെ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാഷ്യൂ റിസർച്ച് സ്റ്റേഷനിൽ കശുമാങ്ങയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളായ ജാം, അച്ചാർ, സിറപ്പ്, ചോക്ലേറ്റ് തുടങ്ങിയവ ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിൽ താൽപ്പര്യമുള്ളവർക്ക് ഇവ ഉല്പാദിപ്പിക്കുന്നതിനുള്ള പരിശീലനവും കാഷ്യൂ റിസർച്ച് സ്റ്റേഷനിൽനിന്നും ലഭിക്കുന്നുണ്ട്. ഇതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി സ്പോൺസർ ചെയ്യുന്നവരുടെ ചെലവ് കശുമാവ് കൃഷി വികസന ഏജൻസി തന്നെയാണ് വഹിക്കുന്നത്. കൂടാതെ കശുമാങ്ങയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള സംയുക്ത സംരംഭം കശുമാവ് കൃഷി വികസന ഏജൻസിയുടേയും കശുവണ്ടി വികസന കോർപ്പറേഷന്റേയും പരിഗണനയിലുണ്ട്.

### കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിന് നടപടി

372 (2944) ശ്രീ. കെ. മുരളീധരൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിവരിക്കാമോ;

(ബി) കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ സ്ഥലത്ത് പുതുതായി കശുമാവ് കൃഷി ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ) 'മുറ്റത്തൊരു കശുമാവ് കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവവഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തു വരുന്നു.

കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകംതന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ) യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസിയുമായി ചേർന്ന് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17-ൽ പുതുകൃഷിക്കായി 1942.285 ഹെക്ടർ സ്ഥലത്തും 'മുറ്റത്തൊരു കശുമാവ്' പദ്ധതിക്കായി 457 ഹെക്ടർ സ്ഥലത്തും ഇൻസ്റ്റിറ്റ്യൂഷൻ പ്ലാന്റിംഗിനായി 914 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്യുന്നതിനുള്ള കശുമാവിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. മൊത്തം 3313.235 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. 2017-18 ൽ 1000 ഹെക്ടർ സ്ഥലത്ത് പുതുകൃഷി നടത്തുന്നതിനും 1500 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടത്തിനായും 1000 ഹെക്ടർ സ്ഥലത്ത് 'മുറ്റത്തൊരു കൃഷി' പദ്ധതിക്കായും തൈകൾ വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ട്. ആകെ 3500 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമുള്ള തൈകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. മത്സ്യബന്ധന ഹാർബർ എഞ്ചിനീയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെയും, വനം വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ 24-5-2017 തീയതിയിൽ നടന്ന മീറ്റിംഗിൽ വച്ച് 300-ലധികം ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യാൻ സമ്മതിച്ച്, കൃഷി ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷം 5000 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

**കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി**

373 (2945) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ തോട്ടണ്ടി കേരളത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിവരിക്കുമോ;

(സി) വരും കാലങ്ങളിലേക്കാവശ്യമായ കശുവണ്ടി സംഭരിക്കുന്നതിൽ സ്വയംപര്യാപ്തത നേടുന്നതിലേയ്ക്കായി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനു പുറമേ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി)കശുവണ്ടി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ) 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ.) യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കൃഷി ഏജൻസിയുമായി ചേർന്ന് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു.

കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദന ശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തു വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്.

## പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾ

374 (2946) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് ആവശ്യമുള്ള തോട്ടണ്ടി എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് തദ്ദേശീയമായി തോട്ടണ്ടി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്; വിവരിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളും തയ്യാറെടുപ്പുകളും നടത്തിയിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ&ബി) പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യത കുറവുംമൂലം അടഞ്ഞുകിടന്നിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ നിരന്തര ഇടപെടലുകളെ തുടർന്ന് 17-8-2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൂട്ടിക്കിടന്ന സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഫാക്ടറി ഉടമകളുടെ പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ച് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും, മുഖ്യമന്ത്രിയും സംയുക്തമായി യോഗങ്ങൾ വിളിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള

നടപടിയും സ്വീകരിച്ച വരുന്നു. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തദ്ദേശീയ തോട്ടണ്ടി സംഭരിക്കുന്നതിന് കോർപ്പറേഷനും കാപ്പെക്സും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെറുകിട കർഷകരിൽനിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തിച്ച വരുന്നു. തൊഴിലാളികൾക്ക് പ്രതിവർഷം 200 തൊഴിൽ ദിനങ്ങളെങ്കിലും ഉറപ്പു വരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(സി&ഡി)കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ) 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ) യുമായി ചർച്ച നടത്തിയിട്ടുണ്ട്. സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു.

കൃഷി, വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്. തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിൽ ഉൾപ്പെടെയുള്ള ഭൂമിയിൽ കശുമാവി കൃഷി ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 2743, 2753, 2827 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 Am]

## II ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ: ആദ്യത്തെ ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയ ശ്രീമതി വീണാ ജോർജിന് എത്തിച്ചേരാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ : സർ, ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കാനായി ശ്രീമതി വീണാ ജോർജ്ജ് എന്നെ ആതറൈസ് ചെയ്തിരുന്നു.

മി. സ്പീക്കർ: ചെയർ അത് പരിശോധിച്ചിരുന്നു. ശ്രദ്ധ ക്ഷണിക്കൽ ആതറൈസ് ചെയ്യുന്ന കീഴ്വഴക്കമില്ല.

### പ്രധാന റോഡുകൾ ഏറ്റെടുക്കൽ

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് മന്ത്രിയുടേയും സർക്കാരിന്റെയും ശ്രദ്ധയിൽകൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുള്ളതുകൊണ്ട് അദ്ദേഹം ഇതിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒ.ഡി.ആർ.-ലും എം.ഡി.ആർ.-ലുമെല്ലാം ഉൾപ്പെടാൻ യോഗ്യതയുള്ള ധാരാളം ഗ്രാമീണ റോഡുകളുണ്ട്. ആ റോഡുകൾ പി.ഡബ്ല്യൂഡി. ഏറ്റെടുത്താൽ അത് ഗതാഗത രംഗത്ത് മാത്രമല്ല അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകവഴി സംസ്ഥാനത്തിന്റെ സമഗ്രമായ പുരോഗതിക്കുതന്നെ സഹായകമാകും. ഈ റോഡുകൾ ഏറ്റെടുക്കുന്നതിന് എന്താണ് തടസ്സമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. നമ്മുടെ ഗ്രാമീണ റോഡുകൾ ആദ്യം ഒ.ഡി.ആർ.-ഉം പിന്നീട് എം.ഡി.ആർ.-ഉം ആകും. അതുപോലെ സ്റ്റേറ്റ് ഹൈവേയുമാകും. ഇങ്ങനെ നിരന്തരമായി ഈ റോഡുകൾ മെച്ചപ്പെടുന്നതിന് സഹായകമായ ഒരു സാഹചര്യമാണുണ്ടാകേണ്ടത്. നിർഭാഗ്യവശാൽ നമ്മുടെ ബഡ്ജറ്റിലെ നോൺ പ്ലാൻ ഫണ്ടിലും പ്ലാൻ ഫണ്ടിലും യാതൊരു വർദ്ധനവും വരാറില്ല. അതുകൊണ്ടുതന്നെ ഈ അഭ്യർത്ഥനകൾ നിരന്തരമായി നിരസിക്കപ്പെടുകയാണ്.

പി.ഡബ്ല്യൂ.ഡി. റോഡുകൾക്ക് ചില നിബന്ധനകൾ കൊണ്ടുവന്നിട്ടുണ്ട്. ആ നിബന്ധനകളിൽ എട്ട് മീറ്റർ വീതി വേണമെന്നത് നിർബന്ധമാണ്. നേരത്തെ തിരുവിതാംകൂർ രാജാവിന്റെ കാലത്തുണ്ടായിരുന്ന റോഡുകൾ ഏറ്റെടുത്തിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. നേരിട്ടാണ് ആ റോഡുകളെല്ലാം പരിപാലിച്ചുകൊണ്ടിരിക്കുന്നത്. അതിൽ പലതിനും ഈ പറയുന്ന യോഗ്യതകളില്ല. എന്നാൽ ഞാനിവിടെ അവതരിപ്പിക്കുന്ന വിഷയം അതല്ല. എല്ലാ യോഗ്യതകളുമുള്ള നിരവധി റോഡുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയെങ്കിലും ജില്ലാ പഞ്ചായത്തിന്റെ ഫണ്ടു

പയോഗിച്ച് പ്രവൃത്തികൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. കൂടാതെ മറ്റ് മൂന്ന് കാര്യങ്ങൾ കൂടിയുണ്ട്. ഒന്ന്, പുതിയ ഭവനങ്ങൾ വരുന്നതിന്റെ ദേശീയ ശരാശരി പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനത്താണ് അധികവും. രണ്ട്, സ്കൂളുകളും കോളേജുകളുമടക്കം നമ്മുടെ സംസ്ഥാനത്ത് ധാരാളം സ്ഥാപനങ്ങളുണ്ട്. മൂന്ന്, വാഹനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിലുള്ള വർദ്ധനവ്. ഇവ കണക്കിലെടുത്താൽ റോഡിന് നൽകുന്ന ഫണ്ടിന്റെ കാര്യത്തിൽ ഒരു പുനഃപരിശോധന അടിയന്തരമായി നടത്തേണ്ടതുണ്ടെന്ന് മനസ്സിലാകും. ഏത് രംഗത്താണ് ആ തടസ്സമെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് പി.ഡബ്ല്യൂ.ഡി.-ക്ക് ബഡ്ജറ്റിൽ നോൺ പ്ലാൻ ഫണ്ടിലും പ്ലാൻ ഫണ്ടിലും ആനുപാതികമായ വർദ്ധനവുണ്ടാക്കി സർവ്വഥാ യോഗ്യമായ സംസ്ഥാനത്തെ നിരവധി റോഡുകൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരണം. സി. എച്ച്. മുഹമ്മദ് കോയ സാഹിബ് മന്ത്രിയായിരുന്ന കാലത്താണ് ഈ രംഗത്ത് ജനകീയമായ ആവിഷ്കാരം കൊണ്ടുവന്നത്. ഒരു എം.എൽ.എ.-ക്ക് രണ്ട് റോഡ്. അത് നമ്മുടെ സംസ്ഥാനത്തുണ്ടാക്കിയമാറ്റം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എബ്രഹാം ലിങ്കന്റെ പ്രസിദ്ധമായ ഒരു ക്വട്ടേഷനുണ്ട്. "അമേരിക്കയ്ക്ക് ഒരുപാട് കരുത്തുള്ളതുകൊണ്ടും സാമ്പത്തികശേഷിയുള്ളതുകൊണ്ടുമല്ല ഈ റോഡുകൾ വികസിപ്പിക്കുന്നത്, മറിച്ച് റോഡുകൾ വികസിക്കുകവഴി അടിസ്ഥാന സൗകര്യം വികസിക്കും. ഇങ്ങനെ അമേരിക്കയ്ക്കുണ്ടായ നേട്ടങ്ങളെക്കുറിച്ച് അദ്ദേഹം ധാരാളം ഉപന്യസിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് നിരന്തരമായ ആവശ്യം ഉയരുന്ന ഈ കാര്യത്തിനുവേണ്ടി പി.ഡബ്ല്യൂ.ഡി.-യുടെ ഫണ്ട് വർദ്ധിപ്പിക്കാനും അതുവഴി ഒ.ഡി.ആർ.-ഉം എം.ഡി.ആർ.-ഉം പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് വികസിപ്പിക്കാനുമുള്ള (ഘട്ടംഘട്ടമായി ഇത്ര റോഡുകൾ എന്ന രീതിയിൽ) പദ്ധതിക്ക് രൂപംനൽകാനും മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അടിയന്തരമായി ഈ വകുപ്പിൽ ഒരു മാറ്റമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രാഷ്ട്രീയ വ്യത്യാസമോ ജില്ലാ-മണ്ഡല വ്യത്യാസമോ ഇല്ലാതെ നിരവധി എം.എൽ.എ.-മാർ നിരന്തരമായി ആവശ്യപ്പെടുന്ന ഇക്കാര്യത്തിൽ ഇനിയും അലംഭാവം ഉണ്ടാകുന്നത് ശരിയല്ല. ഈ സഭയിൽ അങ്ങ് നൽകുന്ന മറുപടി പരിശോധിക്കുന്നവർക്ക് ഇക്കാര്യം ബോധ്യമാകുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നത്.

മി. സ്പീക്കർ: സഭാനടപടികൾ നടക്കുമ്പോൾ സഭാംഗങ്ങൾ ദയവായി ഈ നിലപാട് സ്വീകരിക്കരുത്. ഒന്നുകിൽ സീറ്റിൽ ഇരിക്കുക. അല്ലെങ്കിൽ പുറത്തുപോകുക.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരളത്തിലെ റോഡുകളിൽ പി.ഡബ്ല്യു.ഡി.-യുടെ കീഴിലുള്ളത് ജില്ലാ റോഡുകളും സ്റ്റേറ്റ് ഹൈവേകളുമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ദേശീയപാതകളുടെ പരിപാലനവും പി.ഡബ്ല്യു.ഡി.-യെ ഏല്പിച്ചിരിക്കുകയാണ്. റോഡുകളിൽ മഹാഭൂരിപക്ഷത്തിന്റെയും ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) കൈകളിലാണ്. ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ കുറച്ച് റോഡുകളുണ്ട്. അതിന്റെ ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനാണ്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കും കുറച്ച് റോഡുകളുണ്ട്. ഇങ്ങനെ റോഡുകൾ പലതരത്തിലാണ്. കിലോമീറ്റർ വച്ചുനോക്കിയാൽ ഏറ്റവും കൂടുതൽ റോഡുകൾ ലോക്കൽ ബോഡീസിന്റെ കീഴിലാണ് വരുന്നത്. അവരുടെ ബഡ്ജറ്റിൽ പണമില്ലെന്ന് എം.എൽ.എ.മാരായതുകൊണ്ട് നമുക്കെല്ലാവർക്കുമറിയാം. എം.എൽ.എ. ഫണ്ടും ആസ്തിവികസന ഫണ്ടും ഉപയോഗിച്ചാണ് പഞ്ചായത്തുകളുടെ കാര്യങ്ങളൊക്കെ നടന്നുവരുന്നത്. പിന്നെ വെള്ളപ്പൊക്ക ദുരിതാശ്വാസ റോഡുകളെന്ന് പറഞ്ഞ് റവന്യൂ വകുപ്പ് അനുവദിക്കുന്ന റോഡുകളുമുണ്ട്. അങ്ങ് പറഞ്ഞതുപോലെ കക്ഷി വ്യത്യാസമോ ഭരണ-പ്രതിപക്ഷ വ്യത്യാസമോ ഇല്ലാതെ ഇപ്പോൾ കുറേയധികം നിർദ്ദേശങ്ങൾ മരാമത്ത് വകുപ്പിന്റെ കീഴിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽനിന്നുവരെ നിർദ്ദേശങ്ങൾ കിട്ടിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇത് പരിശോധിച്ച് ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. അവർ ഇത് പരിശോധിച്ചുവരികയാണ്. ഇക്കാര്യം ക്യാബിനറ്റിലും ചർച്ച ചെയ്തിരുന്നു. മാനദണ്ഡങ്ങളുണ്ടാക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. പൊതുതാല്പര്യപ്രകാരം എല്ലാവരും കൂടിച്ചേർന്ന് ഒരു തീരുമാനമെടുക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങ് പറഞ്ഞ മറ്റ് കാര്യങ്ങളെക്കുറിച്ച് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഇന്നിവിടെ മുഖ്യമന്ത്രി ഉണ്ടായിരുന്നു. അദ്ദേഹം അറിയേണ്ട ഒരു വിഷയമാണിത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യവർഷം നോൺ പ്ലാൻ ഫണ്ടും പ്ലാൻ ഫണ്ടും കൂടാതെ ഒരു സ്പെഷ്യൽ ഫണ്ടായി 1000 കോടി രൂപ ഈ വകുപ്പിന് അനുവദിച്ചു. സംസ്ഥാനത്തുണ്ടായമാറ്റം ഇരുഭാഗത്തുള്ളവർക്ക് ബോദ്ധ്യമുള്ളതാണ്. അതുകൊണ്ട് ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ക്യാബിനറ്റിൽ എന്ത് തടസ്സമുണ്ടെങ്കിലും അത് പുനഃപരിശോധിച്ച് നടപടി സ്വീകരിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സംസ്ഥാന ഹൈവേയുടെ യോഗ്യതയുള്ള റോഡുകൾപോലുമുണ്ട്. ആ റോഡുകൾ വികസിപ്പിക്കാതെ ഇനി മുന്നോട്ടുപോകുന്നതിൽ അർത്ഥമില്ല. അതുകൊണ്ട് ഒരു ഫ്ലാഗ്ഷിപ് പ്രോഗ്രാം പോലെ സംസ്ഥാന ഗവൺമെന്റ് ഈ സാമ്പത്തികവർഷംതന്നെ ഇത് അനൗൺസ് ചെയ്യണം. അതിന് മന്ത്രി ക്യാബിനറ്റിൽ എല്ലാ സമ്മർദ്ദവും ചെലുത്തണം. ഈ സഭ അങ്ങയുടെ കൂടെയുണ്ടാകും.

ശ്രീ. ജി. സുധാകരൻ: സർ, ക്യാബിനറ്റിൽ സമ്മർദ്ദം ചെലുത്തേണ്ട കാര്യമില്ല. ആവശ്യമായ മർദ്ദം അവിടെയുണ്ട്. ഇക്കാര്യത്തിൽ ആർക്കും എതിർപ്പില്ല. കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ചത് ശരിയാണ്. പക്ഷേ അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഇതിലും വലിയ തുകയാണ് അനുവദിച്ചത്. ആ ഭരണത്തിന്റെ അവസാനകാലത്ത് 2010-ലാണ് അനുവദിച്ചത്. അതിൽ കൂടുതലും ചെലവഴിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അതിനുപുറമേ യു.ഡി.എഫ്. ഗവൺമെന്റും അനുവദിച്ചു. അന്ന് ധനകാര്യ വകുപ്പാണ് തുക പ്രഖ്യാപിക്കുന്നത്, മരാമത്ത് വകുപ്പല്ല. അതായത് ഒറ്റത്തവണ നിർമ്മാണമാണിത്. ഇക്കാര്യം എല്ലാവരും ആവശ്യപ്പെടുന്നുണ്ട്. നടക്കാൻ സാധ്യതയുണ്ട്. അങ്ങയുടെ ശ്രദ്ധ ക്ഷണിക്കൽകൂടി വന്നതുകൊണ്ട് ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും സംസാരിച്ച് തീർച്ചയായും ഒരു നിലപാടിലേയ്ക്ക് നീങ്ങാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഒഫ് ചെയർമാൻ ശ്രീ. എ. പി. അനിൽ കുമാർ)

## III സബ്മിഷൻ

### (1) കുടിവെള്ള ക്ഷാമം

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന മഴയുടെ അളവിനെ സംബന്ധിച്ചും വരൾച്ചയുടെ രൂക്ഷതയെക്കുറിച്ചുമൊക്കെ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതെല്ലാം സൂചിപ്പിക്കുന്നത്, പരമ പ്രാധാന്യത്തോടു കൂടി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ കാണണമെന്നും അത് നടപ്പാക്കണമെന്നുമാണ്. എന്നാൽ വളരെ നിർഭാഗ്യകരമായ അനാസ്ഥയും കെടുകാര്യസ്ഥതയും പലപ്പോഴും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടാകുന്നുവെന്നും അത് സമയബന്ധിതമായി പൂർത്തിയാക്കേണ്ട പല പദ്ധതികളെയും ഗുരുതരമായി ബാധിക്കുന്നുവെന്നുമുള്ള ഒരു യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. കേരളത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾക്കാണ് ജലവിഭവ വകുപ്പും മന്ത്രിയും നേതൃത്വം നൽകുന്നത്. പലപ്പോഴും പല കാര്യങ്ങളിലും മന്ത്രി വളരെ താല്പര്യത്തോടുകൂടി പ്രശ്ന പരിഹാരത്തിനായി ഇടപെടാറുണ്ട്. ഞാൻ അതെല്ലാം നന്ദിയോടെ ഓർമ്മിക്കുകയാണ്. രണ്ട് കാര്യങ്ങൾ ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒന്ന്, തൃപ്പൂണിത്തുറയിലെയും പരിസര പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്ന പ്രവൃത്തിയെക്കുറിച്ചുള്ളതാണ്. 'ചൂണ്ടി പദ്ധതി'യിൽനിന്നും

തൃപ്പൂണിത്തുറയിലേയ്ക്കുള്ള ജലവിതരണത്തെ ആശ്രയിച്ചാണ് അവിടത്തെ കുടിവെള്ളക്ഷാമവും അതിന്റെ പരിഹാരമാർഗ്ഗങ്ങളുമൊക്കെ നിലകൊള്ളുന്നത്. വർഷങ്ങൾക്കുമുമ്പ് തൃപ്പൂണിത്തുറയിലും പരിസര പ്രദേശങ്ങളിലും പെരിയാറിലെ ജലം കിട്ടിക്കൊണ്ടിരുന്നതാണ്. 'ചൂണ്ടി പദ്ധതി' വന്നപ്പോൾ ആവശ്യാനുസരണം ജലം ലഭിക്കുമെന്നുപറഞ്ഞാണ് അത് ഒഴിവാക്കിയത്. 'ചൂണ്ടി പദ്ധതി'യിലെ ജലനിരപ്പ് കുറയാൻ തുടങ്ങിയതോടെ താല്ക്കാലിക തടയണ നിർമ്മിച്ച് പമ്പിംഗ് നടത്തി. അവിടത്തെ പാലത്തിന് ബലക്ഷയം വരുമെന്ന കാരണത്താൽ ജനങ്ങൾ താല്ക്കാലിക തടയണ സ്ഥാപിക്കാൻ ഇപ്പോൾ സമ്മതിക്കുന്നില്ല. വിവിധ ജനപ്രതിനിധികളുടെയും ജില്ലാ ഭരണകൂടത്തിന്റെയുമൊക്കെ സഹായത്തോടെ കഴിഞ്ഞവർഷം അവസാനത്തെ തടയണ നിർമ്മിച്ചു. സ്ഥിരം തടയണ നിർമ്മിക്കുന്നതിനുവേണ്ടി 8 കോടി രൂപ നീക്കിവച്ചുകൊണ്ടുള്ള പദ്ധതി വരികയാണ്. സ്ഥിരം തടയണ വരുമെന്നുള്ളതുകൊണ്ട് താല്ക്കാലിക തടയണയുടെ ആവശ്യമില്ലെന്നാണ് ജനങ്ങളുടെ എതിർപ്പ് മറികടക്കാൻ അന്ന് പറഞ്ഞിരുന്നത്. ആദ്യഘട്ടത്തിൽ സ്ഥിരം തടയണ നിർമ്മിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയും ഇറിഗേഷൻ വകുപ്പും തമ്മിലുള്ള തർക്കത്തെത്തുടർന്ന് കുറേ കാലതാമസമുണ്ടായി. ആദ്യം ഒരു കൂട്ടരും പിന്നീട് മറ്റൊരു കൂട്ടരും ഡിസൈൻ തയ്യാറാക്കി. ഇതിൽ ഏത് ഡിസൈൻ വേണമെന്നത് സംബന്ധിച്ച് ആശയക്കുഴപ്പമായിരുന്നു. അവസാനം മന്ത്രി ഇടപെട്ടുകൊണ്ട് ഇറിഗേഷൻ വകുപ്പ് പണി നടത്തുമെന്നും വാട്ടർ അതോറിറ്റി പണം നൽകുമെന്നുമുള്ള തീരുമാനത്തിലെത്തി. കഴിഞ്ഞ ഏപ്രിൽ മാസം 19-ാം തീയതിയാണ് ടെൻഡർ ക്ഷണിച്ചത്. ടെൻഡർ അവാർഡ് ചെയ്ത ശേഷമാണ് മുൻപരിചയമില്ലാത്തതു കൊണ്ട് ആ കരാറുകാരനെ ഏല്പിക്കാനാവില്ലെന്ന് പറയുന്നത്. എന്നാൽ ടെൻഡർ നോട്ടീസ് നൽകിയ സമയത്ത് അതിൽ മുൻപരിചയം വേണമെന്ന ഒരു ക്ലോസ് വച്ചിരുന്നില്ല. എവിടെനിന്നാണ് ഈ മുൻപരിചയം വന്നതെന്നറിയില്ല. അങ്ങനെയാണെങ്കിൽ അടുത്ത പണിക്ക് റീ-ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതല്ലേ? ഇപ്പോൾ റീ-ടെൻഡർ നടപടികളിലേയ്ക്ക് കടന്നുവെന്നാണ് അറിയുന്നത്; ഇന്നേയ്ക്ക് നാലുമാസം തികയുകയാണ്. ചിലരൊക്കെ എന്നോട് പറയുന്നത് ഇത് റെക്കോർഡ് വേഗമാണെന്നാണ്. എനിക്ക് അത് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ളമാണ് വിഷയം; ജനങ്ങളുടെ കുടിവെള്ളം വച്ച് കളിക്കരുതെന്ന് ബന്ധപ്പെട്ട വകുപ്പിലെ മേധാവികളോട് കർശനമായി പറയാനുള്ള ആർജ്ജവം നമ്മുടെ ഗവൺമെന്റ് കാണിക്കേണ്ടതായിട്ടുണ്ട്. അല്ലെങ്കിൽ ഇത്തരത്തിലുള്ള നടപടികളിലെല്ലാം ദയാരഹിതമായ പ്രതികരണം ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകും. ജനപ്രതിനിധി എന്ന നിലയിൽ അതിന് നേതൃത്വം കൊടുക്കാൻ ഞാൻ നിർബന്ധിതനാകുകയും ചെയ്യും. ഞാൻ ഇക്കാര്യത്തിലേയ്ക്ക്

കൂടുതൽ കടക്കുന്നില്ല. 'ചൂണ്ടി പദ്ധതി'യിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ടെൻഡർ നടപടികളും മറ്റുകാര്യങ്ങളും വേഗത്തിലാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. ഒരു ജനതയുടെ കുടിവെള്ളം മുട്ടിയിരിക്കുകയാണ്. അവരുടെ വികാരം ഇതിൽക്കുറഞ്ഞ ഭാഷയിൽ ഈ സഭയിൽ അവതരിപ്പിക്കാൻ എനിക്ക് സാധിക്കില്ല.

രണ്ടാമത്തെ വിഷയം, തൃപ്പൂണിത്തുറയിലെ കുടിവെള്ളക്ഷാമത്തിന് ഒരു അളവുവരെ പരിഹാരം കാണാൻ നിലവിലുള്ള കാലപ്പഴക്കം ചെന്ന പൈപ്പ് ലൈൻ മാറ്റി 'ചൂണ്ടി പദ്ധതി'യിൽ നിന്നും രാമമംഗലം 5300 മീറ്റർ വരെ 900mm പൈപ്പ് സ്ഥാപിക്കുന്നതിന് എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് റോഡ് മുറിക്കുന്നതിനുള്ള തീരുമാനമായപ്പോൾ ജനങ്ങൾ എതിർക്കുന്ന അവസ്ഥയുണ്ടായി. ബഹുമാന്യനായ കുന്നത്തുനാട് എം.എൽ.എ.യും ഞാനും പിറവം എം.എൽ.എ.-യും നേരിട്ടുപോയി അവിടെ ഒരു യോഗം വിളിച്ച് ആളുകളെ സമാധാനിപ്പിച്ച് എല്ലാ പാർട്ടികളും ചേർന്ന് ജനങ്ങളുടെ സമ്മതം വാങ്ങി പൈപ്പിടുന്ന പണി തുടങ്ങി. മൂന്ന് റീച്ചായിട്ടാണ് പൈപ്പിടാൻ തീരുമാനിച്ചത്. പി.ഡബ്ല്യൂ.ഡി. ഒരു നിശ്ചിത തുക, ഏതാണ്ട് നാലേകാൽക്കോടി രൂപ കെട്ടിവയ്ക്കണമെന്നു പറഞ്ഞു. ആ പണം കെട്ടിവച്ച് നിയമാനുസൃതം പൈപ്പിടുന്ന ജോലി ആരംഭിച്ചു. ഇപ്പോൾ മൂന്ന് റീച്ചിൽ രണ്ട് റീച്ച് പൂർത്തീകരിച്ചു. ഇനി ഒരു റീച്ചാണ് പൂർത്തീകരിക്കാനുള്ളത്. എന്നുവച്ചാൽ 3500 മീറ്റർ പൈപ്പിട്ടു കഴിഞ്ഞു. ബാക്കിയുള്ള 1800 മീറ്റർ മാത്രമേ ഇനി പൈപ്പിടാനുള്ളൂ. ഈ പണി സുഗമമായി നീങ്ങുന്നതിനിടയിൽ അടിയന്തരമായി പണി നിർത്തിവയ്ക്കണമെന്നുപറഞ്ഞ് പി.ഡബ്ല്യൂ.ഡി. നോട്ടീസ് നൽകിയിരിക്കുകയാണ്. അതിൽ 1,08,00,000 രൂപ കൂടുതലായി അടയ്ക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു നിർദ്ദേശം വന്നതെന്ന് ജനപ്രതിനിധികളായ ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. ബന്ധപ്പെട്ട വകുപ്പിനും വാട്ടർ അതോറിറ്റിക്കും മനസ്സിലായിട്ടില്ല. റോഡ് 1.5 മീറ്റർ വീതിയിൽ മുറിക്കുന്നതിനുള്ള പണമാണ് ആദ്യം അടച്ചത്. കൂടുതൽ തുക ആവശ്യപ്പെടാനായി എന്ത് ശാസ്ത്രീയ പരിശോധനയാണ് നടത്തിയത്? ജോയിന്റ് ഇൻസ്പെക്ഷൻ നടത്താമായിരുന്നു. അതൊന്നും ചെയ്തിട്ടില്ല.

മി. ചെയർമാൻ: ശ്രീ. എം. സ്വരാജ്... 6 മിനിറ്റായി.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ അവസാനിപ്പിക്കാം. കുടിവെള്ള പ്രശ്നമായതുകൊണ്ടാണ്. ചുരുക്കിപ്പറഞ്ഞാൽ അഞ്ചേകാൽ കി.മീ. ദൂരം പൈപ്പിടേണ്ട സ്ഥാനത്ത് മൂന്നര കി.മീ. പൈപ്പിട്ടശേഷം ബാക്കി പണി നിർത്തി വച്ചിരിക്കുകയാണ്. ഒരു കോടിയിലധികം രൂപ കെട്ടിവയ്ക്കണമെന്ന് പി.ഡബ്ല്യൂ.ഡി.

പറയുന്നു. ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർ ചേർന്ന് ഇതിനൊരു തീരുമാന മെടുക്കണം. അനിശ്ചിതമായി പണി പെന്റിംഗ് ഇടാൻ പാടുണ്ടോ; എന്തു കൊണ്ടാണ് തുടക്കത്തിൽ പറഞ്ഞ തുക ഒരു ഘട്ടം കഴിഞ്ഞ് കൂട്ടിപ്പറയുന്നത്; എന്താണ് ഇതിന്റെ അടിസ്ഥാനം? ഞാൻ വീണ്ടും എന്റെ എല്ലാ വികാരവും ഈ സഭയിൽ പ്രകടിപ്പിക്കുന്നു. കുടിവെള്ളംകൊണ്ട് കളിക്കരുത്. ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്തി യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷന്റെ ഭാഗമായി എനിക്ക് പറയാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നത്തെ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. അതാത് ഘട്ടങ്ങളിൽ ബഹുമാനപ്പെട്ട അംഗം മന്ത്രി എന്ന നിലയിൽ എന്നെ ബന്ധപ്പെട്ടപ്പോഴൊക്കെ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി ഓരോ പ്രശ്നവും അതിജീവിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാലും ചില പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ടെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സ് മൂവാറ്റുപുഴ ആറാണ്. അവിടെ 'ചൂണ്ടി പദ്ധതി'ക്കുവേണ്ടി രാമമംഗലത്ത് സ്ഥിരമായ തടയണ നിർമ്മിക്കുന്നതിനായി എൻ.ആർ.ഡി.ഡബ്ല്യൂ.പി.-ൽ ഉൾപ്പെടുത്തി 11 കോടി രൂപയുടെ ഭരണാനുമതി വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി തടയണ നിർമ്മിക്കുന്നതിനേക്കാൾ മെച്ചപ്പെട്ടതായിരിക്കും ജലസേചന വകുപ്പ് ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.യും ഞാനും കൂടി ആലോചിച്ച് ജലസേചന വകുപ്പിനെ ആ നിർമ്മാണം ഏല്പിച്ചു. ജലസേചന വകുപ്പ് ടെൻഡർ ചെയ്ത സമയത്ത് പ്രീ-ക്വാളിഫൈ ചെയ്തില്ല എന്നതാണ് പ്രശ്നം. നോട്ടീസ് ഇൻവൈറ്റിംഗ് ടെൻഡറിൽ പറഞ്ഞിരുന്ന നിബന്ധനകൾ പാലിക്കുന്ന രൂപത്തിൽ പ്രീ-ക്വാളിഫൈ ചെയ്യാത്തതുകാരണം എൽ-1-ന് കരാർ ഉറപ്പിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. അതുകൊണ്ടാണ് അത് റീ-ടെൻഡർ ചെയ്തത്. റീ-ടെൻഡർ വിജയകരമായാൽ അവരെ ഏല്പിച്ച് പണി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കും. അതിനിടയിൽ വന്നിരിക്കുന്ന പ്രശ്നം, എൻ.ആർ.ഡി.ഡബ്ല്യൂ.പി. ഏറ്റെടുത്തിട്ടില്ലാത്ത ഒരു പ്രവൃത്തിയും ഇനി ഏറ്റെടുക്കരുതെന്നും 25 ശതമാനമെങ്കിലും പൂർത്തീകരിക്കാത്തത് മുന്നോട്ടുകൊണ്ടുപോകരുതെന്നുമുള്ള കർശന നിർദ്ദേശം കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ നിരവധി പദ്ധതികളെ ദോഷകരമായി

ബാധിച്ചിരിക്കുകയാണ്. നടന്നുകൊണ്ടിരിക്കുന്ന 144 പദ്ധതികൾ തടസ്സപ്പെടുകയാണ്. ആ പദ്ധതികൾ പൂർത്തീകരിക്കാൻ ഏതാണ്ട് 1500 കോടി രൂപയോളം ആവശ്യമാണ്. അതെല്ലാം നിർത്തിവയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. ഞാൻ കേന്ദ്ര മന്ത്രിയെ നേരിൽക്കണ്ടു. പ്രധാനമന്ത്രി കേരളം സന്ദർശിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്ത നിവേദനത്തിൽ പ്രധാനമായി പറഞ്ഞിട്ടുള്ളത്, എൻ.ആർ.ഡി.ഡബ്ല്യൂ.പി.യിലുള്ള പദ്ധതികളുമായി മുന്നോട്ടുപോകാൻ ഒരു പ്രത്യേക പാക്കേജായി കേന്ദ്രസഹായം വേണമെന്നതാണ്. 'ചൂണ്ടി പദ്ധതി'യിലെ തടയണയും അതിൽ വരുന്നതാണ്. കേന്ദ്രത്തിൽനിന്ന് പണം ലഭിക്കാൻ തടസ്സമുണ്ടെന്നതിന്റെ പേരിൽ 'ചൂണ്ടി'യിലെ തടയണ നിർത്തിവയ്ക്കില്ല. ഉപധനാഭ്യർത്ഥനവഴി പണം കണ്ടെത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ വിളിച്ചിരിക്കുന്ന റീ-ടെൻഡർ വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

5300 മീറ്ററിൽ 600mm പഴയ എ.സി. പൈപ്പ് മാറ്റി 900 mm പൈപ്പിടുന്നത് സംബന്ധിച്ച് അദ്ദേഹം പറഞ്ഞ വസ്തുതകളൊന്നും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. 26-7-2017-ൽ മൂവാറ്റുപുഴ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പണികൾ നിർത്തിവയ്ക്കണമെന്ന് പറഞ്ഞ് കത്ത് നൽകിയിരുന്നു. നേരത്തെ പറഞ്ഞ അധികത്തുക മുഴുവൻ അടച്ചതാണ്. പി.ഡബ്ല്യൂ.ഡി. തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അധികരിച്ചുപോകുന്നുവെന്ന പരാതി വാട്ടർ അതോറിറ്റിക്കുണ്ട്. പി.ഡബ്ല്യൂ.ഡി. യിൽനിന്ന് തുക ലഭിക്കാൻവേണ്ടി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അധികരിക്കുന്നുവെന്ന പരാതി പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർക്കുമുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഞാനും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും രണ്ടുമൂന്നു പ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ട്. നിശ്ചയിച്ചിരുന്നതിനേക്കാൾ കൂടുതൽ വീതിയിൽ കുഴിയെടുത്തതുമൂലം പി.ഡബ്ല്യൂ.ഡി.-ക്ക് അധിക നഷ്ടമുണ്ടായി എന്നാണ് അവർ കണ്ടെത്തിയിട്ടുള്ളത്. അതിന്റെ പശ്ചാത്തലത്തിൽ എന്റെകൂടി നിർദ്ദേശമനുസരിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അംഗീകരിക്കുന്ന പൊതു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും 1:5 മുതൽ 1:7 വരെയുള്ള വീതിയിൽ പരിമിതപ്പെടുത്തിയാണ് റോഡ് കുഴിച്ചിട്ടുള്ളതെന്നും പി.ഡബ്ല്യൂ.ഡി. അങ്ങനെയാണ് പുനർനിർമ്മിച്ചിട്ടുള്ളതെന്നും 1-8-2017-ൽ നടത്തിയ ജോയിന്റ് ഇൻസ്പെക്ഷനിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് പണം അടയ്ക്കേണ്ടതില്ലെന്നുള്ളതിൽ ഞങ്ങളും ഉദ്യോഗസ്ഥരും തമ്മിൽ തർക്കിക്കേണ്ട കാര്യമില്ല. അതിലിടപെട്ട് ആ പ്രശ്നം പരിഹരിച്ച് പൈപ്പ് പൂർണ്ണമായി മാറ്റിയിടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) റോഡ് പുനർനിർമ്മാണവും ടോൾ പിരിവ് നിർത്തലാക്കലും

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട സംസ്ഥാന പാതയാണ് ഷൊർണ്ണൂർ-പെരിന്തൽമണ്ണ സംസ്ഥാന പാത. ഈ പാതയിൽ 2013-ൽ 9.6 കോടി രൂപ ചെലവഴിച്ചുകൊണ്ട് റോഡ് പണി പൂർത്തിയാക്കിയതാണ്. പക്ഷെ കഴിഞ്ഞ ഒന്നുരണ്ടു വർഷമായി റോഡ് പൂർണ്ണമായും തകർന്ന അവസ്ഥയിലാണ്. ഇപ്പോൾ റോഡിൽ വലിയ ഗർത്തങ്ങൾ രൂപപ്പെട്ടിരിക്കുകയാണ്. ഓരോ ദിവസവും അപകടങ്ങൾ നടക്കുകയാണ്. മൂന്നുനാല് അപകടമരണങ്ങൾ സംഭവിച്ചിട്ടുണ്ട്. ഈ റോഡ് അറ്റകുറ്റപ്പണി നടത്തണമെന്ന് പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരോട് പറയുമ്പോൾ വിജിലൻസ് കേസ്സുള്ളതുകൊണ്ട് പാച്ച് വർക്ക് ചെയ്യാനും വേറെ ഫണ്ട് ചെലവഴിക്കാനും സാധിക്കില്ലെന്നാണ് പറയുന്നത്. അതിനുശേഷം ബന്ധപ്പെട്ട കോൺട്രാക്ടർവഴി അറ്റകുറ്റപ്പണി നടത്താൻ നിർദ്ദേശിക്കുകയും പാച്ച് വർക്ക് ചെയ്യുകയും ചെയ്തു. എന്നാൽ മഴ പെയ്തപ്പോൾ രണ്ടു ദിവസംകൊണ്ട് ഇരട്ടി കുഴിയായി. ബസ് ഓണേഴ്സും ഓട്ടോ തൊഴിലാളികളും മറ്റും സമരം ചെയ്തു. 13 കിലോമീറ്ററുള്ള ഈ ഭാഗം, 20 മിനിറ്റുകൊണ്ട് സഞ്ചരിക്കാൻ പറ്റുന്ന സ്ഥാനത്ത് ഇപ്പോൾ ഒന്നര മണിക്കൂർ എടുക്കുന്ന അവസ്ഥയാണുള്ളത്. വിജിലൻസ് കേസിന് ആധാരമായ അഴിമതി നടത്തിയവരെ കണ്ടെത്തി ശിക്ഷ നടപ്പാക്കുന്നതോടൊപ്പം ഈ റോഡ് ഗതാഗത യോഗ്യമാക്കുന്ന രൂപത്തിലേയ്ക്ക് മാറ്റുന്നതിനും അടിയന്തര നടപടി സ്വീകരിക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒന്നര മണിക്കൂർ യാത്രചെയ്യുന്നവർക്ക് ഒരു ടോൾ പിരിവും കൂടിയുണ്ട്. പുലാമന്തോൾ പാലത്തിലെ ടോൾ പിരിവ് 2005 മുതൽ തുടങ്ങിയതാണ്, അതൊരു കൊള്ളയാണ്. പാലത്തിന്റെ പാച്ച് വർക്കൊന്നും നടക്കുന്നില്ല. സ്പാനിന് കംപ്ലെയിന്റ് ഉണ്ടെന്നാണ് പറയുന്നത്. അത് ചെയ്യുന്നുമില്ല ആളുകളിൽനിന്നും ടോൾ പിരിവ് നടത്തുകയും ചെയ്യുന്നു. ടോൾ പിരിവ് അവസാനിപ്പിച്ച് റോഡ് പൂർണ്ണമായും ഗാതാഗതയോഗ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2011-12-ൽ പെരിന്തൽമണ്ണ റോഡിന് 8.50 കോടി രൂപയുടെ ഭരണാനുമതിയും 9 കോടി 70 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭിക്കുകയും Kudrol Construction Company, ഗോവ എന്ന സ്ഥാപനം അത് രണ്ടുശതമാനം കുറവിൽ എടുക്കുകയും ചെയ്തു. 15 മാസമായിരുന്നു കാലാവധി. ഇപ്പോൾ ബി.എം.&ബി.സി. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാർശ്വഭിത്തി നിർമ്മാണം, കലുങ്കുകളുടെ വീതി കൂട്ടുന്ന പ്രവൃത്തി, റോഡ് സുരക്ഷാ ക്രമീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഡ്രെയ്നേജ് പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. കരാറുകാരന് ഇതുവരെ

8,60,93,261 രൂപ നൽകിയിട്ടുണ്ട്. ഏതാണ്ട് ഒരു കോടിയിലധികം രൂപ ഇനി കരാറുകാരന് കൊടുക്കാനുണ്ട്. അതിനിടയ്ക്കാണ് 2015 ജനുവരി 7-ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സർപ്രൈസ് ചെക്കിംഗ് നടത്തി ഫയലുകൾ കൊണ്ടുപോയത്. 2017 ഏപ്രിലിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. മുഹമ്മദ് മുഹസിൻ മുൻകയ്യെടുത്ത് റോഡുഗതാഗതം യോഗ്യമാക്കുന്നതിന് കരാറുകാരനെക്കൊണ്ട് അറ്റകുറ്റപ്പണികൾ നടത്തിയെങ്കിലും വീണ്ടും റോഡ് പ്രശ്നമാവുകയാണുണ്ടായത്. കരാറുകാരൻ പിന്നീട് കുഴികളൊക്കെ അടച്ചിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്താൻ വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭിച്ചതുകൊണ്ടാണ് അവ നടത്തിയത്. എന്നാൽ റോഡിന്റെ മറ്റ് പ്രവൃത്തികൾ നടത്തുന്നതിന് വിജിലൻസ് എൻക്വയറി തടസ്സമാണ്. വിജിലൻസുമായി ചർച്ച ചെയ്ത് അവരുടെ റിപ്പോർട്ട് ഫൈനലൈസ് ചെയ്യുകയോ റോഡ് നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യണമെന്ന നിർദ്ദേശം വയ്ക്കാം. അല്ലെങ്കിൽ വിജിലൻസ് എൻക്വയറി പൂർത്തീകരിച്ച് വേഗം റിപ്പോർട്ട് നൽകണമെന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ആർ.ബി.ഡി.സി.കെ. 3,44,53,000 രൂപ വായ്പയെടുത്തിട്ടാണ് പുലാമന്തോൾ പാലം നിർമ്മിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ടോൾ വരുന്നത്. 2005-ൽ തുടങ്ങിയ ടോൾ പിരിവ് 2019-ലേ തീരുകയുള്ളൂ. ടോൾ നിയമം അനുസരിച്ച് അതിനുമുൻപ് ഈ പണം മുഴുവൻ കിട്ടിയാലും ഇല്ലെങ്കിലും 15 വർഷം ടോൾ പിരിക്കണമെന്നാണ്. ഈ ഗവൺമെന്റ് വന്നശേഷം കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് 100 കോടിയിൽതാഴെയുള്ള 2 ടോളുകളും സ്റ്റേറ്റ് ഗവൺമെന്റിന്റെ 6 ടോളുകളും ഉൾപ്പെടെ 8 ടോൾ പിരിവുകൾ ഞാൻ നിർത്തലാക്കി. ആ വകയിൽ സംസ്ഥാന ഗവൺമെന്റിന് സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ട്. ഇനി ഒന്നിനും പുതിയതായി ടോൾ വേണ്ടെന്നാണ് തീരുമാനം. ബാക്കിയുള്ള ടോളുകൾ നിർത്തലാക്കാൻ ആലോചിച്ചപ്പോൾ ഈ പണം ഗവൺമെന്റ് കൊടുക്കേണ്ടിവരും. അതൊരു നയപ്രശ്നമായതിനാൽ, നയപരമായ തീരുമാനമെടുത്തതിനുശേഷം ഇനി നിർത്തലാക്കുന്നതായിരിക്കും ഉചിതം. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അപ്രൂവൽ വേണം. അതിനാൽ നിർത്തിവച്ചിരിക്കുകയാണ്. അതാണ് ടോളിനെപ്പറ്റി പറയാനുള്ളത്.

## (3) റെയിൽപാത

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പലവട്ടം സഭയിൽ വന്ന വിഷയമാണ് ഞാൻ സബ്മിഷനായി അവതരിപ്പിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നിലമ്പൂർ-നഞ്ചൻകോട് പുതിയ റെയിൽപാത നിർമ്മിക്കുന്നതിന് ഡി.പി.ആർ.

തയ്യാറാക്കാൻ 8 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഈ സർക്കാർ വന്നശേഷം 24-6-2017-ന് 8 കോടി രൂപ ഡി.എം.ആർ.സി.-ക്ക് നൽകുന്നതിനു വേണ്ടി ജി.ഒ. പുറപ്പെടുവിച്ചു. അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരനും ശ്രീ. ഇ. ശ്രീധരനും വയനാട്ടിൽ വരികയുണ്ടായി. വയനാട്ടിലെ എം.എൽ.എ. മാരായ ശ്രീ. പി. കെ. ശശി, ശ്രീ. ഒ. ആർ. കേളു തുടങ്ങിയവർ പങ്കെടുത്ത യോഗത്തിൽ നിലമ്പൂർ-നഞ്ചൻകോട് റെയിൽപാതയുടെ നിർമ്മാണം വളരെ പെട്ടെന്നുതന്നെ മുന്നോട്ടുപോകുമെന്ന് ഗവൺമെന്റ് അറിയിച്ചിരുന്നു. 8 കോടി രൂപയിൽ ആദ്യ ഗഡുവായ 2 കോടി രൂപ ഡി.എം.ആർ.സി.-യുടെ എറണാകുളം സൗത്ത് ബ്രാഞ്ചിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ഉത്തരവിറങ്ങുകയും ചെയ്തു. അതിനുശേഷം യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇത് വയനാട്ടുകാരുടെ മാത്രം വിഷയമല്ല, കേരളത്തിന്റെ പൊതു വികസനമാണ്. ഏറ്റവും ലാഭകരമായ ഒരു പാതയാണിത്. ഗവൺമെന്റ് കുറച്ചുകൂടി ഗൗരവത്തിലിടപെട്ട് ഈ വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇക്കാര്യത്തിൽ ഗവൺമെന്റ് കാര്യമായി ഇടപെടുന്നില്ല എന്ന പ്രചരണം നടത്തുന്നത് അവിടത്തെ ക്യാമ്പയിനാണ്. ഞാൻ മുൻപ് നടന്ന ചർച്ചകളിലൊക്കെ ഇത് പറഞ്ഞിട്ടുണ്ട്. ആ ക്യാമ്പയിനാണ് ഇതിന്റെ ഏറ്റവും വലിയ ശത്രു. ഇതിൽക്കൂടുതൽ ഗൗരവത്തിൽ എങ്ങനെ ഇടപെടാനാണ്; ഞാനതൊന്നും ഇപ്പോൾ പറയുന്നില്ല. ഇത് ഏഴാമത്തെ തവണയാണ് സഭയിൽ പറയുന്നത്. ഇതിന് കർണ്ണാടക ഗവൺമെന്റ് എതിരാണ്. അവർ ശത്രുവല്ല, അവിടെ കടുവാ സങ്കേതമുണ്ട്. ഇതെല്ലാം ഒഴിവാക്കി ഒരു അലൈൻമെന്റ് ഉണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിനാണ് കർണ്ണാടക ഗവൺമെന്റുമായി ചർച്ച നടത്തേണ്ടത്. വയനാട്ടിൽ കുറച്ചുപേർ ബഹളം വച്ചിട്ട് കാര്യമില്ല. അവർ അത് മനസ്സിലാക്കണം. ഇതിന് നമ്മളാരും എതിരല്ല. അങ്ങ് ഉന്നയിച്ച വിഷയം ഗൗരവമുള്ളതാണ്. നമ്മൾ ഒരുമിച്ചല്ലേ ഇതുസംബന്ധിച്ച് ടൗൺ ഹാളിൽ മീറ്റിംഗ് നടത്തിയത്; ഇതിന് കേരളത്തിൽ ആരും ശത്രുക്കളില്ല. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര റെയിൽവേ വകുപ്പിന് കൊടുത്ത എം.ഒ.യു.-ലെ ഒരു പ്രധാന ഐറ്റമാണിത്. സർക്കാർ അതിൽ ഉറച്ചുനിൽക്കുകയാണ്. 8 കോടി രൂപ അനുവദിച്ചതിൽനിന്നും 2 കോടി രൂപ നൽകിയത് ഇപ്പോഴാണ്. അതിന് ശ്രീ. ഇ. ശ്രീധരന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ആ പണത്തിന് യാതൊരു പ്രശ്നവുമില്ല, അക്കൗണ്ടിൽ കിടക്കും. സംസ്ഥാന ഗവൺമെന്റ് കർണ്ണാടക ഗവൺമെന്റുമായി ബന്ധപ്പെട്ട് ഒരു ബദൽ അലൈൻമെന്റുണ്ടാക്കി അത് നടപ്പിലാക്കുന്നതിന് ഉറച്ചുനിൽക്കുകയാണ് വേണ്ടത്. അത് നാട്ടുകാരോട് പറയുക.

10.00 a.m]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ )

## (4) റെയിൽവേ മേൽപ്പാലം

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചിയിലെ വില്ലിംഗ്ടൺ ഐലന്റിൽ വാത്തുരുത്തിയോട് ചേർന്ന് റെയിൽവേ മേൽപ്പാലം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 1943-ഓടുകൂടിയാണ് വില്ലിംഗ്ടൺ ഐലന്റിലേയ്ക്ക് റെയിൽ മാർഗ്ഗത്തിലൂടെ ചരക്ക് നീക്കവും ദീർഘദൂര യാത്രാ ട്രെയിനുകളുടെ ആരംഭവും കുറിച്ചത്. ആ കാലഘട്ടത്തിൽ ഇത്രയധികം വാഹനപ്പെരുപ്പമുണ്ടായിരുന്നില്ല. ഒരു ദിവസം നാലും അഞ്ചും തവണ റെയിൽവേ ഗേറ്റ് അടച്ചിടുമായിരുന്നു. 2004-ൽ ഒരു ഡ്രഡ്ജിംഗ് വെസ്സൽ വെണ്ടുരുത്തി പാലത്തിൽ മുട്ടിയതിന്റെ ഫലമായി തുറമുഖത്തേയ്ക്കുള്ള റെയിൽ മാർഗ്ഗങ്ങളെല്ലാം നിർത്തലാക്കിയിരുന്നു. എന്നാൽ ഇപ്പോൾ റെയിൽവേ ആ പാലത്തിന്റെ പണി പൂർത്തീകരിച്ച് തുറമുഖത്തേയ്ക്ക് ചരക്ക് ട്രെയിനുകളുടെ യാത്ര ആരംഭിച്ചിരിക്കുകയാണ്. അവിടെ കഴിഞ്ഞ ദിവസം 15 മിനിട്ട് ഗേറ്റ് അടച്ചിട്ട് തുറന്നതിനുശേഷം നാല് മണിക്കൂറാണ് ഗതാഗതക്കുരുക്കുണ്ടായത്. ഇതിലൂടെയാണ് കൊച്ചിയിലെ 80 ശതമാനം പേരും എറണാകുളം ഭാഗത്തേയ്ക്ക് നിത്യവും യാത്ര ചെയ്യുന്നത്. ഈ സ്ഥിതിയാണ് അവിടെയുള്ളത്. അടുത്തവർഷം ആദ്യത്തോടെ അവിടെനിന്ന് യാത്രാ ട്രെയിനുകൾ ആരംഭിക്കാൻ പോകുകയാണെന്നാണ് സതേൺ റെയിൽവേ പറയുന്നത്. ഒരു ദിവസം 6-7 തവണ ഗേറ്റ് അടച്ചിട്ടാൽ കൊച്ചിയിലെ ജനങ്ങളുടെ യാത്ര ദുരിതമാകും. കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപ കഴിഞ്ഞ ബഡ്ജറ്റിൽ ഇതിനായി മാറ്റിവച്ചിട്ടുണ്ട്. കൊച്ചി തുറമുഖത്തിന്റെ കുറച്ച് സ്ഥലം ആവശ്യമായി വന്നിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം വേണം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇടപെട്ട് അടിയന്തരമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി ഇതിന്റെ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ ഈ പ്രശ്നം കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പള്ളുരുത്തി ROB ആണ്. അതിന്റെ ഉത്തരവുകളിറങ്ങിയിട്ടുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ആർ.ബി.ഡി.സി.കെ.-യെ തീരുമാനിച്ചിട്ടുണ്ട്. വേണ്ട നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇടപ്പള്ളി-അരൂർ നാഷണൽ ഹൈവേ വാത്തുരുത്തി ഗേറ്റിന് പകരമായിട്ടാണ് ROB നിർമ്മിക്കേണ്ടത്. സ്ഥലത്തിന്റെ ഏറിയ പങ്കും കേന്ദ്ര ഗവൺമെന്റിന്റെ തുറമുഖ ശാലയുടെ കയ്യിലാണ്. അവരുടെ അനുവാദം ലഭിക്കണം, നിസ്സാര കാര്യമല്ലത്. കരട് അലൈൻമെന്റ് പ്ലാൻ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന് കഴിഞ്ഞ വർഷം അയച്ചിട്ടുണ്ട്. അവർ അനുമതി നൽകിയിട്ടില്ല. അതാണ് പ്രശ്നം. അന്നത്തെ റെയിൽവേയുടെ ചുമതലയുണ്ടായിരുന്ന സംസ്ഥാന ഊർജ്ജ വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചിരുന്നു. പോർട്ട് ട്രസ്റ്റ് ചെയർമാൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇവരെല്ലാം ചേർന്ന് ട്രൈ പാർട്ടി എഗ്രിമെന്റ് പ്രകാരം നൽകേണ്ട 13.91 ഏക്കർ സ്ഥലത്തിന്റെ കാര്യത്തിൽ തീരുമാനമായാൽ മാത്രമേ NOC നൽകാൻ സാധിക്കുകയുള്ളൂവെന്നാണ് കേന്ദ്ര തുറമുഖ വകുപ്പ് പറയുന്നത്. ഈ വിഷയം റവന്യൂ വകുപ്പ് മുഖേന കൊച്ചി തുറമുഖ ട്രസ്റ്റിന്റെ അനുമതിക്കായി സർക്കാർ ശ്രമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി വിഷയം അവതരിപ്പിച്ച ബഹുമാനപ്പെട്ട എം.എൽ.എ. അടക്കം മറ്റ് എം.എൽ.എ.-മാരും ഞാനും പങ്കെടുത്ത് 14-7-2017-ൽ ഒരു യോഗം ചേരുകയുണ്ടായി. അവിടെ വച്ച് കേന്ദ്ര തുറമുഖ വകുപ്പിൽനിന്നും അനുമതി വാങ്ങാൻ കളക്ടറെ സ്പെസിഫിക്കായി ചുമതലപ്പെടുത്തിയിരിക്കുകയാണ്. അവർ അതിന്റെ റിപ്പോർട്ട് നൽകിയിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. അവരുമായി ബന്ധപ്പെട്ട് കേന്ദ്ര തുറമുഖ വകുപ്പിന്റെ അനുവാദം വാങ്ങാനുള്ള പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണം. നാവിക വിമാനത്താവളത്തിന്റെ അനുമതി ആവശ്യമാണ്. കാരണം ഇത് നാവിക വിമാനത്താവളത്തിന്റെ അടുത്താണ്. പഴയ എയർപോർട്ട് അടുത്താണ് സ്ഥിതി ചെയ്യുന്നത്. നേവിയുടെയും തുറമുഖ ട്രസ്റ്റിന്റെയും അനുമതി ലഭിച്ചാൽ കിഫ്ബിയിൽ അനുമതിക്കായി സമർപ്പിക്കാൻ കഴിയും. അതുവരെ നമുക്ക് ഡി.പി.ആർ. തയ്യാറാക്കാൻ സാധിക്കില്ല. കാരണം സ്ഥലം നമുക്ക് ലഭ്യമല്ല. ഇത് കേന്ദ്ര-സംസ്ഥാന ബന്ധം മാത്രമല്ല, സുരക്ഷിത മേഖലയിലാണ്. ഇക്കാര്യങ്ങളെല്ലാം ബോധ്യപ്പെടുത്തി ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ധൃതി കാണിച്ചിട്ട് കാര്യമില്ല. കിഫ്ബിയിൽ പ്രഖ്യാപിക്കുന്നതിന് വിഷമമില്ല. പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. സാധാരണ പാലം പോലെയല്ല. അക്കാര്യത്തിൽ കൂട്ടായി നമ്മൾ പ്രവർത്തിക്കുകയാണ്. കളക്ടറുമായി ബന്ധപ്പെട്ട് റിപ്പോർട്ട് നൽകിയതിനുശേഷം തുടർനടപടി സ്വീകരിക്കാം.

## (5) എക്സൈസ് റേഞ്ച് ഓഫീസ്

ശ്രീ. ഡി. കെ. മുരളി: സർ, പാലോട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം വർഷങ്ങളായി നിലനിൽക്കുകയാണ്. ഈ പ്രദേശം ഒരു ആദിവാസി മേഖല കൂടിയാണ്. നന്ദിയോട്, പാങ്ങോട്, പെരിങ്ങമ്മല എന്നീ മൂന്ന് പഞ്ചായത്തുകളിലായി ഏകദേശം 2371 കുടുംബങ്ങളുണ്ട്. ആദിവാസികളുടെ മാത്രം ജനസംഖ്യ ആറായിരത്തിലധികമാണ്. തൊട്ടടുത്തുള്ള അരുവിക്കര നിയോജകമണ്ഡലത്തിലെ വിതുര പഞ്ചായത്ത് ഇതിനോട് ചേർന്ന പ്രദേശമാണ്. അതും ആദിവാസി മേഖലയാണ്. ആദിവാസി ജനസംഖ്യ തന്നെ പതിനായിരത്തിലധികമുണ്ട്. പട്ടികജാതി ജനസംഖ്യ അതിൽക്കൂടുതലാണ്. വാമനപുരം റേഞ്ച് ഓഫീസിന്റെ കീഴിലാണ് ഇപ്പോൾ ഇത് പ്രവർത്തിക്കുന്നത്. വാമനപുരം എക്സൈസ് ആഫീസിൽ നിന്ന് ഈ പ്രദേശത്തിന്റെ ഉള്ളിലേയ്ക്കെത്താൻ 40 കിലോമീറ്ററിലധികം ദൂരമുണ്ട്. ഈ പ്രദേശം മയക്കുമരുന്നിന്റെയും ലഹരി വ്യാപാരത്തിന്റെയും ആധിക്യമുള്ള സ്ഥലമാണ്. അത് ഈ സഭയുടെ ശ്രദ്ധയിൽ വന്നിട്ടുള്ള വിഷയമാണ്. അടുത്ത കാലത്ത് ഈ സഭയിൽ ചർച്ചാ വിഷയമായ ഞാറനീലി ഈ പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. അവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും നിയമസഭാ സമിതിയും സന്ദർശനം നടത്തി. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ ഇന്നലെ അവിടെ എത്തുകയും ആ പ്രദേശത്തെ ഊരുകൂട്ടങ്ങളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തതാണ്. അതിൽ പ്രധാനമായും ഉയർന്നുവന്ന ഒരു നിർദ്ദേശം അവിടെ ഒരു എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കണമെന്നുള്ളതാണ്. ഈ വിഷയം എക്സൈസ് വകുപ്പിന്റെ സജീവ പരിഗണനയിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വർദ്ധിച്ചുവരുന്ന ലഹരിമരുന്ന് കച്ചവടത്തിന്റെയും ഉപയോഗത്തിന്റെയും ഇന്നത്തെ സ്ഥിതി പരിശോധിച്ചുകൊണ്ടും സമകാലികമായി ഉയർന്നുവന്ന ചർച്ചയുടെ അടിസ്ഥാനത്തിലും അടിയന്തരമായി പാലോട് കേന്ദ്രമാക്കി ഒരു എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, പാലോട് കേന്ദ്രമാക്കി ഒരു പുതിയ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. ഈ പ്രദേശത്തെ മങ്കയം, ബ്രൈമൂർ, കട്ടിലക്കുഴി, ഇലഞ്ചിയം, അടിപ്പറമ്പ്, ശാസ്താനട, വെങ്കോല, മണലയം, കുറുവനാട്, അഞ്ചാണിക്കുഴിക്കര എന്നിവിടങ്ങൾ അബ്കാരി കുറ്റകൃത്യങ്ങൾ വർദ്ധിച്ച മേഖലയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലോട്, മാടത്തറ

എന്നീ സ്ഥലങ്ങളിൽ കഞ്ചാവിന്റെ വിൽപ്പനയും ഉപഭോഗവും വ്യാപകമായി കണ്ടുവരുന്നുണ്ട്. ആദിവാസി ഊരുകളും പട്ടികജാതി പട്ടികവർഗ്ഗ കോളനികളും ഉൾപ്പെടുന്ന മേഖലയാണിത്. മദ്യവും മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനും പുതിയ റേഞ്ച് ഓഫീസ് ആരംഭിക്കണമെന്ന നിർദ്ദേശം എക്സൈസ് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. പാലോട് കേന്ദ്രമാക്കി പുതിയ എക്സൈസ് റേഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ തസ്തികകളെ സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

## (6) സർക്കാർ കോളേജ്

ശ്രീ. ആന്റണി ജോൺ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുട്ടമ്പുഴ പഞ്ചായത്തിൽ സർക്കാർ കോളേജ് അനുവദിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്ത് 545 ചതുരശ്ര കിലോ മീറ്ററിലാണ് സ്ഥിതിചെയ്യുന്നത്. ഏതാണ്ട് ആലപ്പുഴ ജില്ലയോളം വിസ്തൃതി വരുമെന്നാണ് കണക്കാക്കുന്നത്. 10-18 ആദിവാസി കുടികൾ ഈ പഞ്ചായത്തിലുണ്ട്. 1996 വരെ ഈ പഞ്ചായത്ത് ഇടുക്കി ജില്ലയുടെ ദേവികുളം മണ്ഡലത്തിലായിരുന്നു. 1997 ജനുവരി 1 മുതലാണ് ഈ പഞ്ചായത്ത് എറണാകുളം ജില്ലയുടെ ഭാഗമായി കൂട്ടിച്ചേർത്തത്. അയ്യായിരത്തിൽപ്പരം വരുന്ന ആദിവാസി സമൂഹവും ഏതാണ്ട് ഇതേ എണ്ണം വരുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ടവരും ഈ പഞ്ചായത്തിൽ അധിവസിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ ഒരു ഗവൺമെന്റ് കോളേജ് വേണമെന്നുള്ള ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഊരുകൂട്ടങ്ങളും ഈ ആവശ്യം നിരവധി ഘട്ടങ്ങളിൽ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഏതാണ്ട് 60-70 കിലോമീറ്റർ കാനന പാതയിലൂടെ സഞ്ചരിച്ച് കോതമംഗലത്തോ എറണാകുളം ജില്ലയുടെ മറ്റിതര പ്രദേശങ്ങളിലോ എത്തിയാൽ മാത്രമേ ഉന്നതവിദ്യാഭ്യാസത്തിന് അവസരം ലഭിക്കൂ. ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകളും ഒരു ഹയർ സെക്കണ്ടറി സ്കൂളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. അവിടെനിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയ ആദിവാസി സമൂഹത്തിൽപ്പെട്ട കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കുന്നില്ല. മുതുവാൻ, വണ്ണാൻ, ഉള്ളാടൻ ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ് ഈ പഞ്ചായത്തിൽ കൂടുതലായി അധിവസിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോളേജ് വിദ്യാഭ്യാസ ഡയറക്ടറും മറ്റും അവിടം സന്ദർശിച്ച് ചില ആലോചനകൾ നടത്തുകയുണ്ടായി. ഇത്രയും കാലമായിട്ടും ഒരു ശാശ്വത പരിഹാരം കണ്ടെത്താൻ സാധിച്ചിട്ടില്ല.

ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസ-സാമൂഹിക ഉന്നമനത്തിനുവേണ്ടി അടുത്ത അദ്ധ്യയന വർഷത്തോടുകൂടിയെങ്കിലും ഈ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ ഒരു ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥല ലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ, മറ്റ് സഹായങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ ഒരു സാധ്യതാ പഠന റിപ്പോർട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയം പരിശോധിച്ചുവരികയാണ്.

## (7) സ്പെഷ്യൽ സ്കൂൾ

ശ്രീ. വി. ടി. ബൽറാം: സർ, സ്വാതന്ത്ര്യത്തിന്റെ എഴുപതാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ഭരണഘടന വിഭാവന ചെയ്യുന്ന അവകാശങ്ങൾ ഓരോരുത്തർക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ബാധ്യത നമുക്കുണ്ട്. വികലാംഗ അവകാശ നിയമം 2016 ദേശീയതലത്തിൽ പാസ്സാക്കപ്പെട്ടിരിക്കുന്നു. എല്ലാ കാര്യത്തിലും കേരളം നമ്പർ വൺ എന്ന് അവകാശപ്പെടുമ്പോൾ, ഈ മേഖലയിൽ നമ്മുടെ പ്രവർത്തനം അത്രത്തോളം മുന്നോട്ടുപോയിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്തണം. നമ്മുടെ സ്കൂളുകളിൽ ഏതാണ്ട് ആറ് മുതൽ എട്ട് ലക്ഷംവരെയുള്ള കുട്ടികൾ ഭിന്നശേഷിക്കാരായി കണക്കാക്കപ്പെടുന്നു. ഇപ്പോൾ ഇവർക്കുവേണ്ടി വിവിധ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും പല രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഇവർ അനുഭവിക്കുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇനിയും കുറേ കാര്യങ്ങൾ ഇവർക്കായി ചെയ്യേണ്ടതുണ്ട്. സർക്കാരിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തെ പാങ്ങപ്പാറയിൽ ഒരു സ്പെഷ്യൽ സ്കൂൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ബാക്കി ഏതാണ്ട് മുന്നൂറോളം സ്പെഷ്യൽ സ്കൂളുകൾ സർക്കാർ ഇതര സംഘടനകളുടെയും എൻ.ജി.ഒ.കളുടെയും നേതൃത്വത്തിലാണ് നടന്നുവരുന്നത്. ഇതിൽ ഗുണനിലവാരമുള്ള സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള തീരുമാനം 2015-ൽ യു.ഡി.എഫ്. ഗവൺമെന്റ് എടുത്തിരുന്നു. പിന്നീട് അൻപത് കുട്ടികളാണെങ്കിലും പരിഗണിക്കാമെന്ന് രണ്ടാമതൊരു തീരുമാനവുമെടുത്തു. അത് യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാനകാലത്ത് എടുത്ത തീരുമാനമായതുകൊണ്ട് ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിലുള്ള ക്യാബിനറ്റ് സബ്കമ്മിറ്റി പുനഃപരിശോധിക്കുകയാണെന്നാണ് പറയുന്നത്.

ഇക്കാര്യത്തിൽ വളരെയധികം കാലതാമസമുണ്ടാകുന്നുണ്ട്. നിസാരമായ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് എയ്ഡഡ് പദവി നൽകുന്ന തീരുമാനം അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇതിന് സ്പെഷ്യൽ റൂൾസ് വേണമെന്നാണ് വിദ്യാഭ്യാസ വകുപ്പ് പറയുന്നത്. ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള സ്പെഷ്യൽ സ്കൂളുകളുടെ കാര്യത്തിൽ സ്പെഷ്യൽ റൂൾസിന്റെ ആവശ്യം വന്നിട്ടില്ല. ഈ കാരണം പറഞ്ഞ് നീട്ടിക്കൊണ്ടുപോകുന്ന ഒരു സാഹചര്യമുണ്ട്. ഇത് വളരെ ബുദ്ധിമുട്ടാണ്. ഇവിടത്തെ അദ്ധ്യാപകരടക്കമുള്ള ജീവനക്കാരുടെ കാര്യം വളരെ പരിതാപകരമാണ്. സാധാരണ പാചകത്തൊഴിലാളികൾക്ക് ലഭിക്കുന്ന ശമ്പളംപോലും ഇവിടത്തെ അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല. ഇരുപത്തിയഞ്ചും മുപ്പതും വർഷമായി ജോലി ചെയ്തുകൊണ്ടിരിക്കുന്നവർക്ക് പതിനായിരം രൂപ പോലും തികച്ചുകിട്ടാത്ത അവസ്ഥയാണുള്ളത്. 3500-ഓളം സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർ കഴിഞ്ഞദിവസം തിരുവനന്തപുരത്ത് സമരം നടത്തുകയുണ്ടായി. അവരുടെ പ്രശ്നം തീർച്ചയായും പരിഹരിക്കപ്പെടേണ്ടതാണ്.

മി. സ്പീക്കർ: യെസ്..

ശ്രീ. വി. ടി. ബൽറാം: ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഇന്ന് വെള്ളിയാഴ്ചയായതിനാൽ ഈ വിഷയം നമുക്ക് സമയമെടുത്ത് ചർച്ച ചെയ്യാം.

മി. സ്പീക്കർ: പുറകിലിരിക്കുന്ന അംഗം പ്രമേയം അവതരിപ്പിച്ച് ചർച്ച ചെയ്യാനിരിക്കുകയാണ്.

ശ്രീ. വി. ടി. ബൽറാം: ഞാൻ അവസാനിപ്പിക്കാം. ഇക്കാര്യത്തിൽ സമഗ്രമായ നയമുണ്ടാകണം. ആർ.എം.എസ്.എ. അദ്ധ്യാപകരെ ട്രാൻസ്ഫർ ചെയ്തു. ഓണം എത്തിയപ്പോഴാണ് പലർക്കും സ്കൂളുകളിൽ ജോയിൻ ചെയ്യാൻ സാധിച്ചത്. 5:1 എന്ന അനുപാതമുണ്ടെങ്കിലും പലപ്പോഴും അത് പാലിക്കപ്പെടുന്നില്ല. ഇക്കാര്യത്തിൽ സമഗ്രമായ ഇടപെടലുണ്ടാകണം. കുട്ടികളുടെ അവകാശം വളരെ പ്രധാനമാണ്. പലപ്പോഴും അത് നിഷേധിക്കപ്പെടുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 28,500 രൂപ ഈ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകണമെന്ന് പറയുന്നുണ്ടെങ്കിലും പലപ്പോഴും 2,500-ഉം 3,000-ഉം രൂപയാണ് നൽകുന്നത്. ഈ വിഷയം പഞ്ചായത്ത് വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ എല്ലാ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളും അവരുടെ ഉത്തരവാദിത്തം നിർവ്വഹിക്കുന്നുണ്ടോ എന്ന്

ഉറപ്പുവരുത്തണം. ഇവർക്ക് സൗജന്യ വിദ്യാഭ്യാസം നൽകുക എന്നത് വളരെ പ്രധാനമാണ്. നാല്പത്തിമൂന്നുലക്ഷംവരുന്ന മറ്റ് കുട്ടികൾ സൗജന്യ സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. എന്നാൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കൂളിന്റെ കാര്യത്തിൽ മാത്രം അഗണനയാണുള്ളത്. പതിനെട്ട് വയസ് കഴിയുന്ന കുട്ടികൾക്ക് ഒരു തൊഴിൽ ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള സ്കിൽ ഡെവലപ്മെന്റിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഇല്ലെങ്കിൽ ഒരു പ്രായം കഴിയുമ്പോൾ ഈ കുട്ടികൾ അവരുടെ മാതാപിതാക്കൾക്ക് ബാധ്യതയായിമാറും. അതുകൊണ്ട് അവരുടെ സ്കിൽ ഡെവലപ്മെന്റിനുവേണ്ടിയുള്ള പ്രത്യേക ഇടപെടലുണ്ടാകണം. അത് വിജയകരമായി പൂർത്തീകരിക്കുന്നതുവരെ ഏതെങ്കിലും തരത്തിൽ അബ്സോർബ് ചെയ്യാൻ നമ്മുടെ സർക്കാർ സംവിധാനങ്ങൾക്കും പൊതുമേഖലാ സംവിധാനങ്ങൾക്കും സാധിക്കണം. പ്രായമായ ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനുള്ള നടപടികൾ കേരളത്തിൽ നടക്കുന്നില്ല. ബുദ്ധിപരമായ വൈകല്യമുള്ളവർക്ക് അവരുടെ പ്രായമായ മാതാപിതാക്കളെ നോക്കേണ്ട സാഹചര്യം വന്നാൽ അതിന് കഴിയില്ല. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ളവർക്ക് സ്ഥിരമായ പുനരധിവാസ കേന്ദ്രം വിവിധ തലങ്ങളിൽ, താലൂക്കിൽ ഒന്ന് എന്ന രീതിയിലെങ്കിലും നടപ്പാക്കണം. പഞ്ചായത്തുകളുടെ കീഴിൽ 67 ബഡ്സ് സ്കൂളുകളുണ്ട്. കുറച്ച് affordable ആയിട്ടുള്ള ആളുകൾക്ക് മറ്റ് സ്വകാര്യ സ്ഥാപനങ്ങളിൽ പോകാൻ സാധിക്കും, എന്നാൽ ഒരു നിവൃത്തിയുമില്ലാത്തവർ പോകുന്ന സ്ഥലമാണ് നമ്മുടെ പഞ്ചായത്തുകളിലെ ബഡ്സ് സ്കൂളുകൾ.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..........

ശ്രീ. വി. ടി. ബൽറാം: ഇത്തരം കാര്യങ്ങളെക്കുറിച്ച് സമഗ്രമായി ഇടപെടാനും ഈ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് വകുപ്പ്, സാമൂഹ്യനീതി വകുപ്പ് അടക്കമുള്ള ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് സമഗ്രമായ ഇടപെടൽ എത്രയുംവേഗം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ പഠിക്കുന്നതും രജിസ്ട്രേഷനുള്ളതുമായ നാനൂറോളം വിദ്യാലയങ്ങൾ സംസ്ഥാനത്തുണ്ട്. ഇതിൽ ഒരു സർക്കാർ സ്കൂളും 65 ബഡ്സ് സ്കൂളുകളും ഉൾപ്പെടുന്നു. രജിസ്ട്രേഷനുള്ള ഈ സ്കൂളുകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗ്രാന്റ് നൽകിവരുന്നു. സംസ്ഥാന സർക്കാർ ഗ്രാന്റ് കൃത്യമായി നൽകുന്നുണ്ട്. എന്നാൽ കഴിഞ്ഞ രണ്ടുവർഷത്തിലധികമായി കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാജ്യത്തിനാകെ മാതൃകയായി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ ഒരു കോടി രൂപ ചെലവിൽ കുട്ടികൾക്ക് 20,000 പാഠപുസ്തകങ്ങളും വർക്ക്ബുക്കുകളും അദ്ധ്യാപകർക്കുള്ള 1500-ലധികം ഹാന്റ്ബുക്കുകളും അച്ചടിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ ഫലപ്രദമായ ഉപയോഗത്തിനായി എല്ലാ ജില്ലകളിൽ നിന്നുമുള്ള 2118 അദ്ധ്യാപകർക്ക് നാല് ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം ജില്ലാ കേന്ദ്രങ്ങളിൽ നൽകിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്ന സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ഈ കുട്ടികൾക്കും നൽകിവരുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന നൂറ് കുട്ടികളിൽക്കൂടുതൽ പഠിക്കുന്ന മുപ്പത്തിമൂന്ന് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിക്കൊണ്ട് 9-2-2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് മന്ത്രിസഭാ ഉപസമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ സ്പെഷ്യൽ റൂൾസ്, സാമ്പത്തിക ബാധ്യത തുടങ്ങിയ വിഷയങ്ങൾ അടിയന്തരമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വളരെ അനുകൂലമായ നടപടികളുണ്ടാകും.

## (8) അരുവിക്കരയിൽ സർക്കാർ കോളേജ്

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ആദിവാസി-മലയോര-തോട്ടം തൊഴിലാളി മേഖലകളാൽ സമ്പന്നമാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര മണ്ഡലം. തിരുവനന്തപുരം ജില്ലയിൽ സിറ്റിയോട് ചേർന്നുകിടക്കുന്ന അരുവിക്കര, വെള്ളനാട് പഞ്ചായത്തുകൾ മുതൽ ഹൈറേഞ്ച് ഉൾപ്പെടുന്ന വിതുര പഞ്ചായത്തുവരെയുള്ള വലിയ പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. നിലവിൽ അവിടെ നല്ല സർക്കാർ സ്കൂളുകളും പ്രൈവറ്റ് സ്കൂളുകളും IISER (Indian Institute of Scientific Education & Research )-ഉം ഉണ്ട്. ഇന്ത്യയിലെ ആറ് IISER-കളിൽ

കേരളത്തിലുള്ള ഒരെണ്ണം എന്റെ മണ്ഡലത്തിലെ വിതുരയിൽ ജേഴ്സി ഫാമിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. പക്ഷേ ഇതുവരെയും അരുവിക്കര മണ്ഡലത്തിൽ ഒരു സർക്കാർ കോളേജില്ല. ഇന്ന് അരുവിക്കര മണ്ഡലത്തിലെ മിടുക്കരായ, സാധാരണക്കാരായ കുട്ടികൾക്ക് സർക്കാർ കോളേജിൽ പോകണമെങ്കിൽ നെടുമങ്ങാടോ അല്ലെങ്കിൽ മറ്റ് അൺ എയ്ഡഡ് കോളേജുകളിലോ പോകണം. സർക്കാർ കോളേജില്ലാത്തതുകൊണ്ട് പണമില്ലാത്ത പല കുട്ടികളും പഠനം ഉപേക്ഷിക്കേണ്ട അവസ്ഥപോലും മണ്ഡലത്തിലും പരിസര പ്രദേശങ്ങളിലും ഉണ്ടായിട്ടുണ്ട്. റവന്യൂ വകുപ്പിന്റേതടക്കമുള്ള സ്ഥലം അരുവിക്കര മണ്ഡലത്തിലെ പല പഞ്ചായത്തുകളിലുമുള്ളതിനാൽ സ്ഥലലഭ്യതയ്ക്ക് പ്രശ്നമില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു സർക്കാർ കോളേജ് എന്ന ആശയത്തിൽ ചില പഠനങ്ങൾ തുടങ്ങിയതാണ്. തിരുവനന്തപുരത്തോട് ചേർന്നുകിടക്കുന്ന പ്രദേശമായ അരുവിക്കരയിൽ സർക്കാർ കോളേജില്ല എന്നത് ഒരു ന്യൂനത തന്നെയാണ്. എല്ലാ പഞ്ചായത്തുകളുമായി സംസാരിച്ച് ഞാൻ മുൻകയ്യെടുത്ത് സ്ഥലം നൽകാമെന്ന് വാഗ്ദാനം നൽകുകയാണ്. അരുവിക്കരയിലെ സാധാരണക്കാരായ കുട്ടികൾക്കുവേണ്ടി മണ്ഡലത്തിൽ ഒരു സർക്കാർ കോളേജ് വേണമെന്ന, തികച്ചും ന്യായമായ ആവശ്യമാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജകണ്ഡലത്തിൽ ഒരു ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. അരുവിക്കര നിയോജകമണ്ഡലത്തിൽ ഒരു ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിന്റെ ആവശ്യകത, സ്ഥലലഭ്യത, അടിസ്ഥാനസൗകര്യ ലഭ്യത, മറ്റ് സഹായങ്ങൾ എന്നിവ സംബന്ധിച്ച് സ്ഥലം സന്ദർശിച്ച് വിശദമായ ഒരു സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാക്കുവാൻ കൊല്ലം ഡെപ്യൂട്ടി വിദ്യാഭ്യാസ ഡയറക്ടറോട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ സാധ്യതാ പഠന റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

### 1. 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

### 2. 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ടും കമ്മിറ്റിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ടും കമ്മിറ്റിയുടെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമിതി ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### 1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## 2. സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

### 1. ഐ.ടി. മേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ 2017 മേയ് 19-ാം തീയതി പ്രമേയം അവതരിപ്പിച്ച് സംസാരിച്ചുവെങ്കിലും സഭ പിരിഞ്ഞതിനാൽ ചർച്ച പൂർത്തിയാക്കാനായില്ല. ശ്രീ. കെ. എസ്. ശബരീനാഥന് ചർച്ച തുടരാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് കഴിഞ്ഞ മേയ് 19-ാം തീയതി അനൗദ്യോഗിക പ്രമേയമായി ഞാൻ അവതരിപ്പിച്ചത്. ഐ.ടി. അധിഷ്ഠിത തൊഴിൽ മേഖലകളിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും തൊഴിൽ അസ്ഥിരതയും തൊഴിൽ സാധ്യതാക്കുറവും കാരണം നമ്മുടെ നാട്ടിലെ സാധാരണക്കാരായ ചെറുപ്പക്കാർക്കുണ്ടാകുന്ന ആശങ്കകൾ പരിഹരിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇടപെടണമെന്ന ഒരു ആവശ്യമാണ് അന്ന് ഞാൻ ഉന്നയിച്ചത്. സമയക്കുറവുമൂലം അന്ന് പൂർണ്ണമാക്കുവാൻ കഴിഞ്ഞില്ല. ഈ പ്രശ്നം ഞാൻ അവതരിപ്പിച്ചശേഷം എല്ലാ ദിവസത്തെയും പത്രം വായിക്കുമ്പോൾ നമുക്ക് മനസ്സിലാകും ഇത് കൂടുതൽ സങ്കീർണ്ണമാകുകയാണ് എന്ന്. ഇന്ന് മലയാളികളുൾപ്പെടെ ഐ.ടി. മേഖലയിൽ വർക്ക് ചെയ്യുന്ന ഏകദേശം പതിനായിരത്തോളം ജീവനക്കാരെ നിഷ്ഠൂരമായി പിരിച്ചുവിടുന്ന ഒരവസ്ഥയാണ് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്ന് തീർച്ചയായും കേരളം പഠനവിധേയമാക്കേണ്ടതുണ്ട്. 1990-നുശേഷമാണ് ഐ.ടി. മേഖലയിൽ ഇത്രയധികം തൊഴിലവസരങ്ങൾ ഇന്ത്യയിൽ വന്നത്. 2007-ൽ 1500 എഞ്ചിനീയറിംഗ് കോളേജുകൾ മാത്രമാണുണ്ടായിരുന്നതെങ്കിൽ ഇന്ന് ഏകദേശം 3300 എഞ്ചിനീയറിംഗ് കോളേജുകൾ ഇന്ത്യയിലൊട്ടാകെയുണ്ട് കേരളത്തിൽ എണ്ണത്തിൽ വർദ്ധന വുണ്ടായിട്ടുള്ളതും എഞ്ചിനീയറിംഗ് കോളേജുകൾതന്നെയാണ്. ഏകദേശം 150 മില്ല്യൺ ഡോളറിന്റെ ഐ.ടി. എക്സ്പോർട്ട് ഇന്ത്യയിൽ നടന്നു കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ 39 ലക്ഷം ജീവനക്കാരാണ് ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നത്. 15 ലക്ഷംപേർ ബാംഗ്ലൂരിൽ ജോലി ചെയ്യുന്നുണ്ട്. കണക്കുകൾ പരിശോധിച്ചാൽ അതിൽ 30 ശതമാനത്തോളം മലയാളികളാണെന്ന് ഗ്രഹിക്കാവുന്നതാണ്. ഏകദേശം 10 ലക്ഷത്തോളം മലയാളികൾ ഐ.ടി. മേഖലയിൽ വിദേശത്തും ബാംഗ്ലൂരിലും ഹൈദ്രാബാദിലും ചെന്നൈയിലും ബോംബെയിലും പൂനെയിലും കേരളത്തിലുമായി ജോലി ചെയ്യുന്നുണ്ട് എന്നാണ് എന്റെ ഊഹം. അമ്പതിനായിരത്തോളം ആളുകൾ തിരുവനന്തപുരം ടെക്നോപാർക്കിലെ 400 കമ്പനികളിലായി ജോലി ചെയ്യുന്നുണ്ടെന്നാണ്

കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിൽനിന്നും ഏകദേശം 25 ലക്ഷം ആളുകൾ ഇന്ന് മിഡിൽ ഈസ്റ്റിലും അറബ് രാജ്യങ്ങളിലും ജോലി ചെയ്യുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള പുതിയ തീരുമാനങ്ങൾ കാരണം ഐ.ടി. രംഗം തകർന്നുകൊണ്ടിരിക്കുകയാണ്. പഴയതുപോലെ മെയിന്റനൻസ് ടെസ്റ്റിംഗ് വിഭാഗത്തിൽ ആളുകളെ ആവശ്യമില്ല. ഐ.ടി. ഓട്ടോമേഷനും ഇന്റർനെറ്റ് ഓഫ് തിങ്സും വന്നതിനുശേഷം ഇത്രയുമധികം ജീവനക്കാരുടെ ആവശ്യം കമ്പനികൾക്കില്ല. പണ്ട് 100 പ്രോഗ്രാമർമാരോ ടെസ്റ്റിംഗ് എഞ്ചിനീയേഴ്സോ വേണ്ടിയിരുന്ന ഒരു പ്രോജക്ടിന് ഇന്ന് 20 ആളുകളെ മാത്രമേ ആവശ്യമുള്ളൂ. ബാക്കിവരുന്ന 80 ഐ.ടി. എഞ്ചിനീയേഴ്സ് റിഡന്റന്റ് ആകുന്ന ഒരവസ്ഥയാണ് ഇന്ത്യയിൽ വന്നുകൊണ്ടിരിക്കുന്നത്. ലോകമെമ്പാടും ഇപ്പോൾ കാണുന്ന ഒരു പ്രതിഭാസമാണ് ജോബ് ലെസ് ഗ്രോത്ത്. 6 ശതമാനവും 7 ശതമാനവും വളർച്ചയുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ലേബർ ഗ്രോത്തിന്റെ വളർച്ച കേവലം 3 ശതമാനത്തിൽ താഴെയാകുന്ന ഒരവസ്ഥയാണ് കാണുന്നത്. അതിനേക്കാളുപരി അമേരിക്കയിലെ പുതിയ പ്രസിഡന്റ്, ഡൊണാൾഡ് ട്രംപ് വന്നതിനുശേഷം ഇന്ത്യക്ക് H-1B വിസ കൊടുക്കുന്നതിൽ റെസ്ട്രിക്ഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ H-1B വിസ എടുക്കുന്നത് ഇന്ത്യാക്കാരാണ്. H-1B വിസയുടെ ഫീസ് 60,000 ഡോളറിൽനിന്നും 1,30,000 ഡോളറായി ഉയർത്തിയിരിക്കുകയാണ്. അതോടൊപ്പം ഇന്ത്യയിലുള്ള H-1B വിസയുടെ എണ്ണം കുറയ്ക്കുവാനുള്ള തീരുമാനവും ഡൊണാൾഡ് ട്രംപ് എടുത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട നമ്മുടെ പ്രധാനമന്ത്രി അമേരിക്കയിൽപോയിട്ട് ഇതിനെക്കുറിച്ച് ഒരു വാക്കുപോലും പറഞ്ഞില്ല. അദ്ദേഹം ഇന്ത്യയിലെ ഐ.ടി. ജീവനക്കാരുടെ സുരക്ഷിതത്വത്തെ ക്കുറിച്ച് സംസാരിക്കാതിരുന്നത് വളരെ പരിതാപകരമായിപ്പോയി. യു.എസ്.-ലും യൂറോപ്പിലും ഒക്കെ സ്വദേശിവത്കരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി എല്ലായിടത്തും ആളുകളെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ഒരു മാസംമുമ്പ് പത്രത്തിൽ വന്നൊരു വാർത്തയാണ്, ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്ന ടെക് മഹീന്ദ്ര എന്ന കമ്പനിയിലെ ഒരു ജീവനക്കാരന് പ്രൊമോഷൻ ലഭിച്ചതായി കത്ത് ലഭിച്ചു. പ്രൊമോഷൻ ലഭിച്ച് മൂന്നുനാല് ദിവസങ്ങൾക്കുശേഷം ആ കമ്പനിയിലെ എച്ച്.ആർ. മാനേജർ ഫോണിലൂടെ ഈ ഐ.ടി. ജീവനക്കാരനെ വിളിച്ച് പിരിച്ചുവിടുകയാണെന്ന് പറഞ്ഞു. പക്ഷെ ബുദ്ധിമാനായ ആ ഐ.ടി. ജീവനക്കാരൻ ഫോൺ സംഭാഷണം റെക്കോർഡ് ചെയ്യുകയും സൗണ്ട് ക്ലൗഡിലൂടെ അത് യൂട്യൂബിലും നവമാധ്യമങ്ങളിലുമൊക്കെ പ്രചരിപ്പിച്ചു. പഴയ എസ്റ്റേറ്റുകളിലോ ബ്രിട്ടീഷ് ഭരണകാലത്തോ നമ്മൾ കാണാത്ത ഇത്തരം രീതിയിലുള്ള പ്രവണതകൾ ഐ.ടി. മേഖലയിൽ കടന്നുവന്നകാര്യം നാട്ടുകാർ അറിഞ്ഞത് ഈ ഫോൺ സന്ദേശം ടി.വി.-യിൽ വന്നപ്പോഴാണ്. അത് അറിഞ്ഞയുടനെ മഹീന്ദ്ര ഗ്രൂപ്പിന്റെ ചെയർമാനായ ശ്രീ. ആനന്ദ് മഹീന്ദ്രയടക്കമുള്ള

ആളുകൾ മാപ്പ് പറഞ്ഞു. ഏകദേശം അമ്പതിനായിരത്തോളം ആളുകൾ ഇതുപോലെ പിരിച്ചുവിടപ്പെടുന്ന അവസ്ഥയിലെത്തിയിരിക്കുകയാണ്. എന്ത് മാനദണ്ഡം നോക്കിയാണ് ആളുകളെ പിരിച്ചുവിടുന്നതെന്ന ഒരു ചോദ്യമുണ്ട്. പുവർ പെർഫോർമൻസ് അല്ലെങ്കിൽ പ്രവർത്തന മികവില്ല എന്നാണ് പലപ്പോഴും പറയുന്നത്. നമ്മൾ മനസ്സിലാക്കേണ്ടത്, ഈ കമ്പനികളെ വളർത്തിയ ഏറ്റവും മിടുക്കരായ യുവാക്കളെ ലാഭം കുറയുന്നതിന്റെ പേരിൽ പിരിച്ചുവിടുകയാണ്. പിരിച്ചുവിടൽ പലപ്പോഴും അപഹാസ്യമാണ്. ആളുകളെ കമ്പനിയിലേയ്ക്ക് വിളിച്ചുവരുത്തി താങ്കളുടെ പ്രവർത്തനം മോശമാണെന്ന് പറയും. ഒന്നുകിൽ പിരിഞ്ഞുപോകണം അല്ലെങ്കിൽ ഞങ്ങൾ നിങ്ങളെ പുറത്താക്കുമെന്നാണ് പറയുന്നത്. ലോണും കുടുംബവുമൊക്കെയുള്ള യുവാക്കൾ പേടിച്ച് പറയും, പിരിച്ചുവിടരുത്, നല്ല കോൺഡക്ട് സർട്ടിഫിക്കറ്റ് തന്നാൽ ഒരു മാസത്തിനകമോ രണ്ട് മാസത്തിനകമോ സിവിയറൻസ് പാക്കേജ് വാങ്ങി പൊയ്ക്കൊള്ളാമെന്ന്. അരാഷ്ട്രീയതയുടെ ഏറ്റവും വലിയ കാര്യമായാണ് ഇതിനെ കാണുന്നത്. ഞാൻ ഈ പ്രമേയത്തിലൂടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്, ഇതിന്റെ പ്രവർത്തനമാനദണ്ഡം എന്താണെന്ന് അറിയാനുള്ള അവകാശം ഓരോ ജീവനക്കാരനുമുണ്ട്. ഞാൻ ഒരു ചെരുപ്പ് നിർമ്മാണ ഫാക്ടറിയിൽ ജോലി ചെയ്യുകയാണെങ്കിൽ, ഒരു ദിവസം 50 ചെരുപ്പ് നിർമ്മിക്കണമെന്നുള്ളതാണ് എന്റെ പ്രവർത്തനമാനദണ്ഡം. ഞാൻ 50 ചെരുപ്പ് നിർമ്മിക്കാതെ മുപ്പതോ ഇരുപതോ ചെരുപ്പാണ് നിർമ്മിക്കുന്നതെങ്കിൽ അത് കുഴപ്പമാണെന്ന് എനിക്ക് മനസ്സിലാക്കാം. പക്ഷെ, ഐ.ടി. മേഖലയിലെ പെർഫോമൻസ് റേറ്റിംഗ് വരുന്ന സമയത്ത് മാത്രമാണ് തീരുമാനിക്കുന്നത്. അപ്പോൾ മാനദണ്ഡങ്ങൾ എന്താണെന്ന് മുൻകൂർ അറിയാനുള്ള അവകാശം ഓരോ ജീവനക്കാരനുമുണ്ട്. അത് കമ്പനികൾ വ്യക്തമാക്കണം. മാനദണ്ഡങ്ങൾ അവസാന നിമിഷം മാറ്റുമ്പോഴാണ് പ്രശ്നമാകുന്നത്. ആദ്യം പറയും വരുമാനമാണ് മാനദണ്ഡമെന്ന്. അവസാനം പറയും വരുമാനത്തിന് പകരം ലാഭമാണ് മാനദണ്ഡമെന്ന്. അപ്പോൾ വരുമാനത്തിന്റെ മാനദണ്ഡത്തിൽ പെർഫോമൻസിന് കുഴപ്പം കാണില്ല. പക്ഷെ, പ്രോഫിറ്റിന്റെ മാനദണ്ഡത്തിൽ പ്രശ്നം കാണും. എന്താണ് മാനദണ്ഡമെന്ന് കൃത്യമായി അറിയാനുള്ള അവകാശം ജീവനക്കാർക്കുണ്ട്. നമ്മൾ ഐ.ടി. മേഖലയിലെ നിയമങ്ങളെക്കുറിച്ചൊന്നും സാരമായി പഠിച്ചിട്ടില്ല. ഇന്ത്യയിലെ ജി.ഡി.പി.-യുടെ ഏകദേശം 60 ശതമാനത്തിൽക്കൂടുതൽ വരുന്നത് സർവ്വീസ് മേഖലയിൽ നിന്നാണ്. സർവ്വീസ് മേഖലയിലെ തൊഴിൽ നിയമങ്ങളാണ് നമ്മൾ എപ്പോഴും ചർച്ച ചെയ്യുന്നത്. ഐ.ടി. മേഖലയിൽ വർക്ക് ചെയ്യുന്നവരുടെ തൊഴിൽ നിയമങ്ങൾ എന്താണെന്നുള്ളത് വ്യക്തമാക്കണം.

<u>മി. സ്പീക്കർ:</u> തൊഴിൽ നിയമങ്ങൾ എന്തെങ്കിലുമുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: തൊഴിൽ നിയമങ്ങളുണ്ടോ എന്നുള്ളത് ഒരു ചോദ്യമാണ്. പല സംസ്ഥാനങ്ങളും പല തരത്തിലുള്ള മറുപടികളാണ് നൽകുന്നത്. പൂനയിലെ ലേബർ കമ്മീഷന്റെ മുന്നിൽ 100 കേസുകളുണ്ട്. ഹൈദ്രാബാദിലും കർണ്ണാടകത്തിലും കേസുകളുണ്ട്. അതുപോലെ എത്രമാത്രം കേസുകൾ കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് എനിക്കറിയില്ല. ഒരു ഐ.ടി. നിയമത്തിലും ഇന്ത്യയിലെ ഒരു നിയമത്തിലും പെർഫോമൻസ് എന്ന വാക്ക് പറയുന്നില്ല. പെർഫോമൻസ് എന്ന വാക്ക് പറഞ്ഞ് അമ്പതിനായിരത്തോളം ആളുകളെ പിരിച്ചുവിടുമ്പോൾ ആ പെർഫോമൻസ് എന്താണെന്ന് അറിയുവാനുള്ള നിയമം ഉണ്ടായിരിക്കണം. തീർച്ചയായും മാനദണ്ഡങ്ങൾ ഉണ്ടാകണം. പെർഫോമൻസിന്റെ പേരിൽ ഇത്തരത്തിലുള്ള മാസ്സ് ലേ ഓഫ് നടത്തുന്ന പ്രവണത ശരിയല്ല. ഇതിനെക്കുറിച്ച് സംസാരിക്കുമ്പോൾ പലരും പറയും, ഐ.ടി. മേഖലയ്ക്കെതിരെ സംസാരിക്കുകയാണെങ്കിൽ വ്യാവസായിക നിക്ഷേപം താഴേയ്ക്കുപോകുമെന്ന്. അങ്ങനെയൊന്നുമില്ല. 1990 മുതൽ 2017 വരെയുള്ള കാലഘട്ടം കഴിഞ്ഞു. 10-20 വർഷം ചാകരയായിരുന്നു. എനിക്ക് ഓർമ്മയുണ്ട്, ഞാൻ ട്രിവാൻഡ്രം എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുമ്പോൾ ഒരു കമ്പനി 150 പേരെയാണ് പ്ലേസ് ചെയ്തത്. ഓരോ കമ്പനിയും 150 പേരെയും 200 പേരെയുമൊക്കെയാണ് പ്ലേസ്മെന്റ് ചെയ്യുന്നത്. എനിക്കും പ്ലേസ്മെന്റ് കിട്ടിയതാണ്. ഞാൻ പറഞ്ഞുവരുന്നത്, ആ ഹെഡ്‌വിന്റ് കിട്ടിയ സമയം കഴിഞ്ഞു. ഇനി സ്റ്റെബിലൈസ് ചെയ്യുകയാണ്. കേരളത്തിലെ മദ്ധ്യവർത്തി സമൂഹം വളരാനുള്ള കാരണം ഐ.ടി. മേഖലയാണ്. ഇങ്ങനെയുള്ള മേഖലയിൽ നമ്മുടെ കുട്ടികളെ, ജീവനക്കാരെ നിഷ്ഠൂരമായി മാനദണ്ഡത്തിന്റെ, പെർഫോമൻസിന്റെ പേരിൽ മുൾമുനയിൽ നിർത്തുന്ന അവസ്ഥ അവസാനിപ്പിക്കുവാൻ ഇത് പരിഗണനയ്ക്കെടുത്ത് സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത്. ഞാൻ അധികം പ്രസംഗിക്കുന്നില്ല. നന്ദി.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാന്യനായ അംഗം, ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു. സമയക്കുറവുകൊണ്ട് ദീർഘമായി സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. ബഹുമാന്യനായ തൊഴിൽ മന്ത്രിയുടെ സാന്നിദ്ധ്യം ഈ ചർച്ച നടക്കുന്ന വേളയിൽ കാണുന്നില്ലെന്ന കാര്യം ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇത്രയും ഗൗരവമായി ഈ വിഷയം സഭ ചർച്ച ചെയ്യുമ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആ നിലയ്ക്കുള്ള ശ്രദ്ധ കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കണം. ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞതു പോലെ, ഐ.റ്റി. മേഖലയിൽ അനഭിലഷണീയമായ ധാരാളം പ്രവണതകൾ

തൊഴിലാളികൾക്കെതിരായി വളർന്നുവരുന്നു എന്നത് എത്രയോ ഉദാഹരണങ്ങളിലൂടെ നമുക്ക് കാണാൻ സാധിക്കും. ഇത് യഥാർത്ഥത്തിൽ ഐ.ടി. മേഖലയുടെ മാത്രം പ്രശ്നമാണെന്ന് പറയാൻ സാധിക്കില്ല. സമീപകാലത്ത് കോർപ്പറേറ്റ് മേഖലകളിലടക്കം എല്ലാ മേഖലകളിലും ഈ രീതിയിലുള്ള തൊഴിൽ പീഡനങ്ങളെക്കുറിച്ചുള്ള വാർത്തകൾ വരികയാണ്. കേരളത്തിലെ മാധ്യമങ്ങൾ വളരെയധികം ചർച്ച ചെയ്യുന്ന ഒരു വിഷയമാണ് അംബാനിയുടെ ചാനലായ ന്യൂസ് 18-മായി ബന്ധപ്പെട്ട് ഒരു ദളിത് സ്ത്രീയെ ജോലിയിൽനിന്നും പിരിച്ചുവിട്ടതിനെത്തുടർന്ന് അവർ ആത്മഹത്യ ചെയ്ത സംഭവം. ശ്രീ. കെ. എസ്. ശബരീനാഥൻ ഐ.ടി. മേഖലയെക്കുറിച്ച് പറഞ്ഞതുപോലെ പെർഫോർമൻസ് അപ്രൈസലുമായി ബന്ധപ്പെട്ടാണ് പലപ്പോഴും വിവാദങ്ങൾ ഉണ്ടാകുന്നത്. എന്താണ് തന്നിൽനിന്നും പ്രതീക്ഷിക്കുന്നതെന്ന് അറിയാനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്. അത് ഏത് നിലവരെ മീറ്റ് ചെയ്യപ്പെടണം, പെർഫോർമൻസിന്റെ ക്രൈറ്റീരിയ എന്താണ്; എന്നതിനെക്കുറിച്ചെല്ലാം കൃത്യമായി കമ്മ്യൂണിക്കേഷൻ നടക്കുന്നില്ല എന്നുള്ളതാണ് പലപ്പോഴും കാണാൻ സാധിക്കുന്നത്. അതുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള തൊഴിൽ പീഡനങ്ങളും അതിനുള്ള സാഹചര്യങ്ങളും ഐ.ടി. മേഖലകളിൽ നിലനിൽക്കുന്നു. ഫോണിലൂടെ ജീവനക്കാരെ പിരിച്ചുവിടുന്നതടക്കമുള്ള വളരെ ഗുരുതരമായ കാര്യങ്ങൾ, ടെക് മഹേന്ദ്രയുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ പറഞ്ഞു. അത്തരത്തിലുള്ള സാഹചര്യങ്ങൾ കേരളത്തിലുണ്ടാകാത്ത തരത്തിൽ നമുക്ക് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. പല മേഖലകളിൽ നിന്നാണ് മനുഷ്യർ വളർന്നുവരുന്നതും തൊഴിൽ മേഖലകളിലേയ്ക്ക് പ്രവേശിക്കുന്നതും. പിന്നോക്ക വിഭാഗങ്ങളിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും വരുന്ന ആളുകൾ, വനിതകൾ, മറ്റ് പിന്നോക്ക സാഹചര്യങ്ങളിൽനിന്നും ഗ്രാമീണ മേഖലകളിൽനിന്നും വരുന്ന ആളുകൾ തുടങ്ങിയവർ കോർപ്പറേറ്റ് മേഖലയിലെ കഴുത്തറുപ്പൻ മത്സരരംഗത്ത് എത്തിപ്പെടുമ്പോൾ അവർ പല രീതിയിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുന്നു. അവർ ഒന്നിനും കൊള്ളാത്തവരാണെന്നും ഇന്നത്തെ പണിക്ക് അവർ യോഗ്യരല്ലെന്നും ആറ് മാസത്തിനകം നിങ്ങൾ നേരെ ആയിക്കൊള്ളണം അല്ലെങ്കിൽ ഇവിടെ തുടരാൻ കഴിയില്ല എന്നൊക്കെയുള്ള പലതരത്തിലുള്ള സമ്മർദ്ദങ്ങൾ നിലനിൽക്കുന്നു എന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ട് തൊഴിൽ വകുപ്പ് നമ്മുടെ നാട്ടിലെ എൻ.ജി.ഒ.-കൾ അടക്കമുള്ള ആളുകളെയും ഈ മേഖലയിലെ വിദഗ്ദ്ധൻമാരേയും സഹകരിപ്പിച്ചുകൊണ്ട് ഇത്തരത്തിലുള്ള സാഹചര്യങ്ങളെപ്പറ്റി സമഗ്രമായി പഠിക്കാൻ തയ്യാറാകണം. ഏതെല്ലാം തരത്തിലുള്ള പീഡനങ്ങളാണ് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന

ആളുകൾ, വനിതകൾ, ഗ്രാമീണ മേഖലകളിൽനിന്നും വരുന്ന ആളുകൾ തുടങ്ങിയവർക്ക് കോർപ്പറേറ്റ് മേഖലകളിൽ ചൂഷണങ്ങളുടെ രൂപത്തിൽ അനുഭവിക്കേണ്ടിവരുന്നതെന്ന് സമഗ്രമായി പഠിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു നയമുണ്ടാക്കാനും സമഗ്രമായ നിയമനിർമ്മാണത്തിലേയ്ക്ക് നയിക്കാനും ഈ ചർച്ച ഉപകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ പല നിയമങ്ങളും ഉണ്ടോ എന്നുപോലും സംശയിക്കുകയാണ്. ഗവൺമെന്റ് ആ കാര്യത്തിൽ ഗൗരവതരമായ സമീപനം സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. എം. സ്വരാജ്: സർ, വളരെ കാലിക പ്രാധാന്യമുള്ള ഒരു വിഷയത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. ആ പ്രമേയം മുന്നോട്ടുവയ്ക്കുന്ന ആശങ്കകളേയും വിശകലനങ്ങളേയും ഏതാണ്ട് പൂർണ്ണമായി അനുകൂലിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിർത്തുന്ന ഘടകങ്ങൾക്ക് മാറ്റംവന്നുകൊണ്ടിരിക്കുകയാണ്. ആഗോള സമ്പദ്‌വ്യവസ്ഥയിൽ ക്രൂഡ്ഓയിലിനുള്ള സംഭാവന ഗണ്യമായി കുറയുന്നതിന്റെ ഭാഗമായി മലയാളികൾക്കുണ്ടായിരുന്ന ജോലി സാധ്യതയിൽ വൻ കുറവാണ് ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ കാർഷിക വ്യാവസായിക മേഖലകളാകട്ടെ പ്രതീക്ഷയ്ക്കൊത്ത് വികസിക്കുന്നുമില്ല. അതുകൊണ്ട് വർത്തമാനകാലത്ത് നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ സംബന്ധിച്ച എല്ലാ നിരീക്ഷണങ്ങളും ചൂണ്ടിക്കാണിക്കുന്നത് ഐ.ടി.-യേയും ടൂറിസം മേഖലകളേയുമൊക്കെയാണ്. രാജ്യത്തെ ഐ.ടി. വ്യവസായത്തിന്റെ ആദ്യ പതികരാണ് നമ്മളെന്ന് പറയാം. ആ പറയുന്നത് കേവലം ആലങ്കാരികമല്ല, യാഥാർത്ഥ്യം തന്നെയാണ്. നമ്മുടെ രാജ്യത്തെ ആദ്യത്തെ ടെക്നോപാർക്ക് തിരുവനന്തപുരം ടെക്നോപാർക്കാണ്. ഐ.ടി. മേഖലയുടെ വികസനത്തിന്റെയും വളർച്ചയുടെയും അനന്തമായ സാധ്യതകളെ പ്രവചന ദൃഷ്ടിയോടെ മുൻകൂട്ടി കാണാനും മികച്ച തുടക്കംകുറിക്കാനും കഴിഞ്ഞ ഒരു ജനതയും നാടുമാണ് നമ്മുടേത്. പക്ഷെ നിർഭാഗ്യകരമെന്ന് പറയട്ടെ അവിടെ നിന്നും അതേ വേഗതയോടെ കാലാനുസൃതമായി മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. നമുക്ക് പുറകേവന്നവർ മുന്നിലെത്തുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. കേരളത്തിന്റെ വാർഷിക ഐ.ടി. കയറ്റുമതി ഇപ്പോൾ ഏകദേശം പതിനയ്യായിരം കോടി രൂപ മാത്രമാണ്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടകം ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ

നമ്മുടേതിനേക്കാൾ എത്രയോ ഇരട്ടിയാണ് ഈ മേഖലയിൽനിന്നുള്ള ആ സംസ്ഥാനങ്ങളുടെ വരുമാനമെന്ന് കണ്ടെത്താൻ സാധിക്കും. ഏതായാലും ഇപ്പോൾ ഈ രംഗം നവീകരിക്കാൻ/കാലാനുസൃതമാക്കാൻ പുതിയ കാഴ്ചപ്പാടോടെ മുന്നോട്ടുപോകാനുള്ള ശ്രമം നാം നടത്തിക്കൊണ്ടിരിക്കുകയാണ്. അഞ്ച് വർഷത്തിനുള്ളിൽ കൊച്ചി ഇൻഫോ പാർക്കിൽ ഒരു ലക്ഷം തൊഴിലവസരം സൃഷ്ടിക്കാൻ കഴിയുമെന്നാണ് ഇപ്പോൾ കണക്കാക്കുന്നത്. വിവരസാങ്കേതിക മേഖലയിലെ വളർച്ചയ്ക്കനുസൃതമായി സാങ്കേതിക പരിചയവും മികവുമുള്ള ഉദ്യോഗാർത്ഥികളുടെ അഭാവവും ഈ രംഗത്തുണ്ടെന്നാണ് വിദഗ്ദ്ധർ പറയുന്നത്. വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ ഐ.ടി. അധിഷ്ഠിത കോഴ്സുകളുടെ നിലവിലെ സിലബസുകൾ കാലാനുസൃതമായി പരിഷ്കരിച്ചാൽ മാത്രമേ ആ രംഗത്തെ തൊഴിലവസരങ്ങൾക്ക് യോഗ്യതയുള്ളവരായി നമ്മുടെ ഉദ്യോഗാർത്ഥികൾക്ക് മാറാൻ കഴിയൂ. ഏതായാലും ഈ രംഗത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രതിസന്ധിയെപ്പറ്റിയാണ് പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പിന്താങ്ങിക്കൊണ്ട് സംസാരിച്ച അംഗവും അത്തരം ചില കാര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ ഗൗരവകരമായ കാര്യങ്ങളാണ്. 2015-ൽ ഇന്ത്യയിലെ ഐ.ടി. രംഗത്തുള്ള തൊഴിലവസരങ്ങൾ കണക്കാക്കിയിട്ടുള്ളത് ഏകദേശം മൂന്ന് ലക്ഷമാണ്. എന്നാൽ കഴിഞ്ഞ വർഷം അത് 1.75 ലക്ഷമായി കുറഞ്ഞു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇൻഫോസിസ്, വിപ്രോ, ടെക്ക് മഹേന്ദ്ര, എച്ച്.സി.എൽ. ടെക്നോളജീസ്, അമേരിക്ക കേന്ദ്രമായി പ്രവർത്തിക്കുന്ന കോഗ്നിസെന്റ് ടെക്നോളജി സൊലൂഷൻസ്, ഡി.എച്ച്.സി. ടെക്നോളജി, ഫ്രഞ്ച് കമ്പനിയായ ക്യാപ്ജമിനി എസ്.എ. തുടങ്ങിയ പ്രധാനപ്പെട്ട കമ്പനികൾ ഈ വർഷം 4.5 ശതമാനം ജീവനക്കാരെ പരിച്ചുവിടുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ഏഴ് കമ്പനികളിൽനിന്നുമാത്രം 56,000 പേർക്ക് ഈ വർഷം തൊഴിൽ നഷ്ടപ്പെട്ടുമെന്നാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ഐ.ടി. രംഗത്തെ വരുമാനത്തിന്റെ ഏതാണ്ട് 49 ശതമാനവും ആശ്രയിക്കുന്നത് അമേരിക്കയെയാണ്. അമേരിക്കയിൽ ഡൊണാൾഡ് ട്രംപ് അധികാരത്തിൽ വന്നതിനുശേഷമുള്ള മാറ്റങ്ങളെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. 'എച്ച് -1 ബി' വിസയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം, അവിടത്തെ സ്വദേശിവൽക്കരണം, അതുപോലെ ഐ.ടി. രംഗത്ത് സാർവ്വദേശീയമായി നടപ്പാക്കിയിട്ടുള്ള ചെലവ് ചുരുക്കൽ പദ്ധതികൾ, ഓട്ടോമേഷൻ ഇതിന്റെയെല്ലാം ഭാഗമായി നമ്മുടെ അവസരങ്ങൾ കുറയുകയാണ്. കേരളത്തിൽ ഇപ്പോൾ അത് വളരെ പ്രകടമായി കണ്ടുതുടങ്ങി. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയിൽനിന്നും 2015-ൽ മറ്റ് രാജ്യങ്ങളിലെ പ്രധാനപ്പെട്ട ഐ.ടി. കമ്പനികളിലേയ്ക്ക് കാമ്പസ് സെലക്ഷൻ കിട്ടിയത് 372 കുട്ടികൾക്കായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം അത് 220 ആയി

കുറഞ്ഞു. 2015-ൽ തൃക്കാക്കരയിലെ ഗവൺമെന്റ് മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ 65 പ്രധാനപ്പെട്ട കമ്പനികളാണ് ക്യാമ്പസ് സെലക്ഷനുവേണ്ടി വന്നിരുന്നത്. കഴിഞ്ഞ വർഷം അത് 44 ആയി കുറഞ്ഞു. ഈ രംഗത്ത് വളരെ പ്രകടമായ കുറവ് അനുഭവപ്പെട്ടുകയാണ്. ഈ രംഗം വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക മണ്ഡലങ്ങളിൽ ഉണ്ടാകുന്ന വലിയ വിസ്ഫോടനങ്ങൾക്കനുസൃതമായി ആ രംഗത്തെ കോഴ്സുകൾ, സിലബസ്, ഗവേഷണം എന്നിവയെല്ലാം മാറ്റി ലോകത്തിലെ ഏത് സർവ്വകലാശാലകളിൽനിന്നും പുറത്തിറങ്ങുന്ന ഉദ്യോഗാർത്ഥികളുമായി മത്സരിക്കാൻ കഴിവുള്ളവരായി നമ്മുടെ കുട്ടികളെ മാറ്റുന്നതിനും അതോടൊപ്പം ആഭ്യന്തരമായിത്തന്നെ ഐ.ടി. വിപണിയെയും വ്യവസായത്തെയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടു മാത്രമേ ഒരു പരിധിവരെയെങ്കിലും ഈ പ്രതിസന്ധിയെ മറികടക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ആ ദിശയിലുള്ള ചില ചുവടുവയ്പുകളാണ് ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതെല്ലാം ലക്ഷ്യത്തിലെത്തുന്നതിന് അവിശ്രമമുള്ള ഇടപെടലുകൾ അത്യാവശ്യമാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഈ പ്രതിസന്ധിയുടെ ഭാഗമായുള്ള പിരിച്ചുവിടലുകളെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. അങ്ങേയറ്റം മനുഷ്യത്വ രഹിതമായിട്ടുള്ളതും ഒരു തൊഴിൽ നിയമങ്ങളെയും കൂസാത്ത ഏകപക്ഷീയ നടപടികളാണ് ഐ.ടി. രംഗത്തു നിന്നും ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. വർഷങ്ങളായി ജോലി ചെയ്തു കൊണ്ടിരിക്കുന്നവർക്ക് ഒരു സുപ്രഭാതത്തിൽ തൊഴിൽ നഷ്ടപ്പെടുകയാണ്. നാളെ മുതൽ ജോലിക്ക് വരേണ്ടതില്ലെന്ന് പറയുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇത് അംഗീകരിക്കാനാവുന്നതല്ല. ഒരുപക്ഷേ പതിറ്റാണ്ടുകൾക്ക് മുമ്പ്, 1886-ലെ ചിക്കാഗോയിലെ പ്രക്ഷോഭത്തിനും മുമ്പ് ഏറ്റവും അപരിഷ്കൃതമായിരുന്ന പല തൊഴിലിടങ്ങളിലും അടിമവേല നിലനിന്ന സ്ഥലങ്ങളിൽ ഉണ്ടായിരുന്ന പരിതാപകരമായ തൊഴിൽ സാഹചര്യത്തിന് സമാനമെന്ന് വേണമെങ്കിൽ പറയാവുന്ന ഒരു അന്തരീക്ഷം നമ്മുടെ ഐ.ടി. രംഗത്ത് ഇപ്പോഴുണ്ടായിരിക്കുന്നു. ഒരു സുപ്രഭാതത്തിൽ തൊഴിൽ നഷ്ടപ്പെടുന്നവർ, അപമാന ഭാരത്തോടെ പടിയിറങ്ങേണ്ടിവരുന്നവർ, ഒരു മെയിൽ അയയ്ക്കുകപോലും ചെയ്യാതെ ഫോണിലൂടെ പിരിച്ചുവിടലിന് വിധേയരാകുന്നവർ ഇങ്ങനെ നീളുകയാണ്. ഇതിന്റെ അനുബന്ധമായിത്തന്നെ അങ്ങേയറ്റം മനുഷ്യാവകാശ ലംഘനങ്ങളും സ്ത്രീകൾക്കെതിരായുള്ള സമീപനങ്ങളും ഉണ്ടാകുന്നു. ഇത്തരത്തിൽ പുറത്തുവരുന്ന വാർത്തകളെ ഗൗരവത്തോടെ കാണേണ്ടതുണ്ട്. ഇത്രയും കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഐ.ടി. രംഗവുമായി ബന്ധപ്പെട്ട് ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഐ.ടി. രംഗത്ത് 1990-കളിൽ കേരളം വലിയ പ്രതീക്ഷകൾ നൽകിയതാണ്. നമ്മുടെ കുട്ടികൾക്ക് പ്രോത്സാഹനമായ ടെക്നോ പാർക്കും ഇൻഫോ പാർക്കും കിൻഫ്രാ പാർക്കും സൈബർ പാർക്കുമെല്ലാം സ്ഥാപിച്ച് നമുക്ക് വളരെയേറെ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ഇന്ന് ഈ രംഗത്ത് വലിയ പ്രതിസന്ധി നേരിടുകയാണ്. ഹയർ സെക്ടറുകളിൽ ആഗോളതലത്തിൽ തന്നെ സാമ്പത്തിക മാന്ദ്യമുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഓട്ടോമേഷൻ, റോബോട്ടിക്സ് തുടങ്ങിയ സംവിധാനങ്ങളിലൂടെ തൊഴിൽ സാധ്യതകൾ കുറയുന്നു. 2021-ഓടുകൂടി 6.5 ലക്ഷം ആളുകളുടെ ജോലികൂടി നഷ്ടമാകുമെന്ന കണക്ക് നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. ഐ.ടി. എംപ്ലോയീസിനെതിരെയുള്ള മനുഷ്യത്വ രഹിതമായ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഈ പ്രമേയത്തിന്റെ അന്തഃസത്ത. ഒരു ക്ഷേമ രാജ്യത്തേയ്ക്ക് കടക്കുന്നതിന്റെ ഭാഗമായിട്ടുള്ള നിരവധി വെൽഫെയർ ലെജിസ്ലേഷനുകൾ ഇവിടെയുണ്ട്. അതിൽ ജീവനക്കാർക്കുള്ള സുരക്ഷയും ക്ഷേമ പദ്ധതികളുമൊക്കെയുണ്ടെങ്കിലും വൈറ്റ് കോളറായി ജോലി ചെയ്യുന്ന ഈ വിഭാഗത്തിന് ഒരു സുരക്ഷയുമില്ല. മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ചെറുപ്പക്കാരുടെ മുഴുവൻ കർമ്മശേഷിയും മുതലെടുത്ത് അവരെ ഉപയോഗശൂന്യമാക്കിമാറ്റുകയാണ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ/കോർപ്പറേറ്റുകൾ ചെയ്യുന്നത്. ഊർജ്ജസ്വലതയുള്ള സമയത്ത് മാത്രമാണ് ഈ ചെറുപ്പക്കാരെ അവർക്ക് ആവശ്യമുള്ളത്. അതുകഴിഞ്ഞാൽ അവർ പുറത്താണ്. ഇങ്ങനെ ഒരു വിഭാഗത്തോട് പെരുമാറുന്നത് ക്രൂരതയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു തൊഴിൽ നിയമങ്ങളും ഇത് കവർ ചെയ്യുന്നില്ല. അതുകൊണ്ടാണ് തൊഴിൽ രംഗത്ത് ഇവർക്ക് സംരക്ഷണം ലഭിക്കാതെ പോകുന്നത്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്, സാധാരണ ഷോപ്പുകളിൽ ജോലി ചെയ്യുന്നവർക്കുപോലും സംരക്ഷണമുള്ള എസ്റ്റാബ്ലിഷ്മെന്റ് ആക്ട് എന്നിവയൊക്കെയുണ്ടെങ്കിലും ഈ രംഗത്ത് ഒരു ആക്ടും നിലവിലില്ല. ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇതിന്റെ ഭീകരത നമ്മെ ബോധ്യപ്പെടുത്തുന്ന പല സിനിമകളും ഈ രാജ്യത്ത് പുറത്തിറങ്ങിയിട്ടുണ്ട്. ജോലി നഷ്ടപ്പെടുന്ന ചെറുപ്പക്കാരന്റെ വ്യഥകൾ, ആ കുടുംബം അനുഭവിക്കുന്ന പ്രയാസങ്ങൾ, ധാരാളം പണമുണ്ടാക്കുന്നുണ്ടെങ്കിലും മാസങ്ങളോളം ഭാര്യയ്ക്ക് ഒരു സമയത്തും ഭർത്താവിന് വേറൊരു സമയത്തുമുള്ള ഡ്യൂട്ടി അങ്ങനെ ദാമ്പത്യ ജീവിതംപോലും ഇല്ലാത്ത അവസ്ഥയാണുള്ളത്. ഇതൊക്കെ ഈ മേഖലയുടെ പ്രശ്നങ്ങളാണ്. അതു കൊണ്ടുതന്നെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ എനിക്ക് നിർദ്ദേശിക്കാനുള്ളത്, ഇതുസംബന്ധിച്ച് കൃത്യമായ പഠനം ആവശ്യമാണ്. എല്ലാം പഠനത്തിന്

വിധേയമാക്കുക എന്നുപറഞ്ഞാൽ അത് വൈകിപ്പിക്കുക എന്നുള്ളതാണ്. അങ്ങനെ വൈകിപ്പിക്കാതെ സമയബന്ധിതമായി ഒരു റിപ്പോർട്ട് ലഭ്യമാക്കുവാനും ഇതിനാവശ്യമായ നിയമനിർമ്മാണങ്ങൾ നടത്താനും ഈ പ്രമേയത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സഭ മുന്നോട്ടുപോകണം. അങ്ങനെ ചെയ്താൽ ഈ പ്രമേയംകൊണ്ട് വലിയൊരു സമൂഹത്തിനും വളർന്നുവരുന്ന ചെറുപ്പക്കാർക്കും ഏറെ ആശ്വാസകരമായിത്തീരുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഐ.ടി. രംഗത്തെ ഇന്ത്യയുടെ പ്രയാണം ശരിയായ ദിശയിലായിരുന്നോ എന്നും നമ്മുടെ ഐ.ടി. സംസ്കാരത്തിൽ കാതലായ മാറ്റങ്ങൾ അനിവാര്യമാണോ എന്നും ഗൗരവമായി ചിന്തിക്കേണ്ട സമയമാണിത്. ഐ.ടി. രംഗത്തെ തൊഴിൽ നഷ്ടം സംബന്ധിച്ചാണ് ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞത്. നമ്മൾ പിന്തുടരുന്ന ഐ.ടി. വികസന രീതികളുടെ പോരായ്മകൾ തന്നെയാണ് പ്രതിസന്ധിക്ക് പ്രധാനപ്പെട്ട കാരണമെന്നാണ് പൊതുവേ വിലയിരുത്തപ്പെടുന്നത്. ഈ പിഴവുകൾക്ക് തൊഴിലാളികളെ ബലിയാടാക്കുന്ന പ്രവണതയാണ് ഇപ്പോൾ കണ്ടുവരുന്നത്. നാലാം വ്യാവസായിക വിപ്ലവമെന്നാണ് വരാനിരിക്കുന്ന സാങ്കേതിക രംഗത്തെ വൻ മാറ്റങ്ങളെ ഈ അടുത്തിടെ നടന്ന ലോക സാമ്പത്തിക സമൂഹ വാർഷിക സമ്മേളനം വിശേഷിപ്പിച്ചത്. ഒരു വ്യക്തിയുടെ വസന്തകാലം മുഴുവൻ ഐ.ടി. മേഖലയിൽ ചെലവഴിക്കുന്നു. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ അവരുടെ യുവത്വം ചൂഷണം ചെയ്യപ്പെടുന്നു. പലപ്പോഴും ഈ മേഖലയിലെ ഉദ്യോഗസ്ഥരിൽ വിശ്രമരഹിതമായ ജോലി സൃഷ്ടിക്കുന്ന മാനസിക പിരിമുറുക്കം, കുടുംബ ബന്ധത്തിലുണ്ടാകുന്ന താളംതെറ്റുന്ന അവസ്ഥ, വിവാഹമോചനത്തിലും മരണത്തിലുമുൾപ്പെടെ അവസാനിക്കുന്ന സ്ഥിതി എന്നിവയൊക്കെ വളരെ വേദനയുളവാക്കുന്ന സംഭവങ്ങളാണ്. കടുത്ത മനുഷ്യാവകാശ ലംഘനമാണ് ഈ മേഖലയിൽ നടക്കുന്നത്. ജോലി സ്ഥിരതയില്ലാത്ത വിഭാഗമായി, ആശങ്കയുടെ മുൾമുനയിലാണ് പലപ്പോഴും ഇവർ ജോലി ചെയ്യാൻ വിധിക്കപ്പെടുന്നത്. ഇവർ രാവിലെ ജോലിക്ക് ഹാജരാകുമ്പോൾ ഇന്ന് ജോലിയിൽനിന്ന് പിരിച്ചുവിടുകയാണെന്ന് പറയുന്ന സ്ഥിതി മിക്കവാറും എല്ലാ കമ്പനികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കടുത്ത അവസര നിഷേധം ഐ.ടി. പ്രൊഫഷണലുകളെ ജീവിത പ്രയാസത്തിലേയ്ക്കും പ്രതിസന്ധിയിലേയ്ക്കും തള്ളിവിടുന്നു. ഒരു ജീവനക്കാരനെ ഒതുക്കാൻ കമ്പനികളുടെ കയ്യിലുള്ള ഏറ്റവും വലിയ ആയുധമായി ഇപ്പോൾ ബ്ലാക്ക് ലിസ്റ്റ് പോലെയുള്ള പുതിയ സംവിധാനങ്ങൾ മാറുകയാണ്. ഏതെങ്കിലും തരത്തിൽ കമ്പനിക്കെതിരെ

പ്രതികരിക്കുകയോ കമ്പനിയുടെ അപ്രീതിക്ക് പാത്രമാവുകയോ ചെയ്താൽ ജീവനക്കാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തും. അതുപോലെ മറ്റ് കമ്പനികളിൽ ജോലി ലഭിക്കാൻ കഴിയാത്ത വിധത്തിലുള്ള ഒരു രീതി കമ്പനികൾ തമ്മിൽ സ്വീകരിക്കുകയാണ്. യാതൊരു തരത്തിലുമുള്ള ട്രേഡ് യൂണിയൻ സംവിധാനമോ മറ്റ് പരിരക്ഷയോ ഇവർക്കില്ല. കമ്പനികൾ അവരുടെ ഇഷ്ടത്തിന് ഇവരെ കരിമ്പട്ടികയിൽപ്പെടുത്തുകയോ പുറത്താക്കുകയോ മറ്റ് നടപടി സ്വീകരിക്കുകയോ ചെയ്യുകയാണ്. അതുകൊണ്ട് വളരെ കാലിക പ്രാധാന്യമുള്ള വിഷയമെന്ന നിലയിൽ ഗൗരവമായി ഈ പ്രമേയത്തെ കാണണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ എം.എൽ.എ. ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ കൊണ്ടുവന്ന ഈ പ്രമേയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സർക്കാർ ഇതിനകംതന്നെ പരിഗണിക്കുകയും അതിനനുസൃതമായ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യമാണുള്ളത്. അതുകൊണ്ട് അത് പ്രമേയമായി അംഗീകരിക്കേണ്ടതില്ല എന്നതാണ് സർക്കാരിന്റെ നിലപാട്.

ഐ.ടി. അധിഷ്ഠിത തൊഴിൽ മേഖലയിൽ പുതുതായി ഉണ്ടായിട്ടുള്ള ആഗോള മാറ്റങ്ങളും സേവന-വേതന നിയമങ്ങളും സൃഷ്ടിച്ചിരിക്കുന്ന പ്രതിസന്ധി ഒരു പരിധി വരെയെങ്കിലും തടയാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടലുകളാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവര-സാങ്കേതിക നയം ലക്ഷ്യമിടുന്നത്. ഇതുവഴി നമ്മുടെ നാടിനെ ഏറ്റവും നല്ല ഐ.ടി. സൗഹൃദ കേന്ദ്രമാക്കുന്നതിനും അതോടൊപ്പം, സേവന മേഖലയിൽ ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തി എല്ലാവിധ സർക്കാർ സേവനങ്ങളും സുഗമവും സുതാര്യവുമാക്കി ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. വിദ്യാഭ്യാസം, ശാസ്ത്ര-സാങ്കേതികം, മാനവശേഷി വികസനം, ടെലികോമധിഷ്ഠിത വ്യാപാര-വ്യവസായ മേഖല, ജനസേവന മേഖലകൾ എന്നിവയ്ക്കാണ് പ്രമുഖ സ്ഥാനം. പുതിയ സാങ്കേതികവിദ്യകളുടെ ഉല്പാദനം, ഉപയോഗം എന്നിവയ്ക്ക് അനുയോജ്യമായ മാനവശേഷി വർദ്ധിപ്പിച്ച് വിദേശ-തദ്ദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്ന ഒരു മാർക്കറ്റിംഗ് രീതിയാണ് നയത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

ഐ.ടി അധിഷ്ഠിത സൗകര്യങ്ങൾവഴി ഡിജിറ്റൽ പണമിടപാടുകൾ, അഡ്വാൻസ് ഐ.ടി. ഓട്ടോമേഷൻ, അനലിസ്റ്റിക്സ് സോഷ്യൽ മൊബിലിറ്റി, ക്ലൗഡ് സർവ്വീസ്, എ.ടി.എം., കോർ എഞ്ചിനീയറിംഗ്, മൈക്രോ എ.ടി.എം., ഇ-വാലറ്റ്, മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയവ നയം വിഭാവനം ചെയ്യുന്ന തൊഴിൽ സാധ്യതകളാണ്.

ഐ.ടി. മേഖലയിലെ തൊഴിൽ സംവിധാനത്തെ സാരമായി ബാധിക്കുന്ന അമേരിക്കയുടെ എച്ച്-1ബി വിസാ നിയന്ത്രണ നടപടികൾ പൂർവ്വ സ്ഥിതിയിലാക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ നിയന്ത്രണത്തിനെതിരെ WTO-ൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിൽ ഐ.ടി. കമ്പനികൾ ഇതര രാജ്യങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന ബദൽ സംവിധാനങ്ങളിലേയ്ക്ക് മാറുന്ന നടപടിയായിരിക്കും സമയബന്ധിതമായി സ്വീകരിക്കുക. ഇതിനാവശ്യമായ അനുമതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സമയബന്ധിതമായിത്തന്നെ നൽകേണ്ടതുണ്ട്. നിലവിലുള്ള ബിസിനസ് മാതൃകകൾ ഈ മാറ്റങ്ങൾ ക്കനുസൃതമായി പരിഷ്കരിക്കുകയും, ബിസിനസ് സ്ട്രാറ്റജി മെച്ചപ്പെടുത്തുകയും മാറ്റംവരുത്തുകയും വേണം. ആഭ്യന്തര വിപണിയുടെ സാധ്യതകൾ പരിഗണിച്ച് അവയ്ക്ക് അനുയോജ്യമായ ഐ.ടി. സംവിധാനങ്ങളൊരുക്കാൻ ഈ മേഖലയിലെ കമ്പനികൾ മുന്നോട്ടുവരേണ്ടതുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ സുതാര്യവും സമഗ്രവുമായ ചർച്ചകളും സംയുക്ത സംരംഭങ്ങളും ആവശ്യമായിവരുന്നു. നാല് കാര്യങ്ങളാണ് പ്രധാനമായും സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇതുവരെ ശ്രദ്ധിക്കാതെ പോയ ഐ.ടി. ഹാർഡ് വെയറിന് ഊന്നൽ നൽകുക. ഇതിനായി ഹാർഡ് വെയർ മിഷൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 12 ഹാർഡ് വെയർ പാർക്കുകൾ, മൊബൈൽ ഫോൺ നിർമ്മാണമുൾപ്പെടെ ലക്ഷ്യമിടുന്നുണ്ട്. കെഫോൺ പോലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഇന്റർനെറ്റ് ഉപയോഗവും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വ്യാപനവും സാധ്യമാക്കുക. ഇതുതന്നെ വലിയ വികേന്ദ്രീകൃത തൊഴിൽ സാധ്യതകൾ തുറന്നുതരും. 2000 വൈ-ഫൈ ഹോട്ട്സ്പോട്ട് എന്നത് ഇതിന്റെ ഭാഗമാണ്. സ്റ്റാർട്ട്അപ് സംരംഭങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകി, അവയുടെ വികസനത്തിനും വളർച്ചയ്ക്കുമുള്ള ഇടപെടലുകൾ ഏകോപിപ്പിച്ച്, പുതിയ മേഖലകളിലേയ്ക്ക് കടന്നുചെല്ലാൻ കഴിയും. കേരളത്തിലെ അഭ്യസ്തവിദ്യരുടെ മനുഷ്യ വിഭവശേഷി വികസിപ്പിച്ച് സൈബർ സെക്യൂരിറ്റി, റോബോട്ടിക്സ് തുടങ്ങിയ പുതിയ മേഖലകളിൽ പരിശീലനം നൽകി മനുഷ്യവിഭവശേഷി ഉറപ്പാക്കുകയും സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (എസ്.ഡി.പി.കെ.) എന്ന ശൃംഖലവഴി എല്ലാ എഞ്ചിനീയറിംഗ് കോളേജുകളേയും ബന്ധിപ്പിച്ച് ഈ മേഖലയിലുള്ള പരിശീലനം കുട്ടികൾക്ക് നൽകുകയും ചെയ്യാം. പ്രമേയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സർക്കാർ ഇതിനകംതന്നെ പരിഗണിക്കുകയും, അതിനനുസൃതമായ നടപടികൾ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ഈ പ്രമേയാവതരണത്തെ അനുകൂലിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.എസ്. ശബരീനാഥൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## (2) റെയിൽവേയുടെ സ്വകാര്യവൽക്കരണം

ശ്രീ. മുരളി പെരുനെല്ലി: സർ, "രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് അനിവാര്യമായതിനാൽ പ്രാരംഭഘട്ടം മുതൽതന്നെ പൊതുമേഖലയിൽ നില നിർത്തിയ ഇൻഡ്യൻ റെയിൽവേ കേന്ദ്രസർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി സ്വകാര്യവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ കാര്യമെടുത്താൽ 2008-ൽ പ്രഖ്യാപിച്ച പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി അതോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലിയിലെ കോച്ച് ഫാക്ടറി പ്രവർത്തനം ആരംഭിച്ചിട്ടും തറക്കല്ലിൽ ഒതുങ്ങിനിൽക്കുന്നു. പാതയിരട്ടിപ്പിക്കലും വൈദ്യുതീകരണവും നിശ്ചലമെന്നു പറയാവുന്ന രീതിയിൽ ഇഴഞ്ഞുനീങ്ങുന്നു. പാലക്കാട് ഡിവിഷനെ വെട്ടിമുറിച്ചത് കൂടാതെ തിരുവനന്തപുരം ഡിവിഷനെയും വെട്ടിമുറിക്കാൻ നീക്കംനടത്തുന്നു. സർക്കാർ മുതൽമുടക്കിൽനിന്ന് പിന്മാറിയ ശേഷം പൊതുമുതൽ സ്വകാര്യ മുതലാളിമാർക്ക് ലഭ്യമാക്കാനായി വികസനത്തി നെന്ന വ്യാജേന റെയിൽവേ സ്റ്റേഷനുകളെ സ്വകാര്യവൽക്കരിക്കാൻ തീരുമാനം എടുത്തിരിക്കുന്നത് രാജ്യതാല്പര്യത്തിന് ഗുണകരമല്ല. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോട് റെയിൽവേ സ്റ്റേഷനും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനും സ്വകാര്യ വൽക്കരിക്കാൻ എടുത്ത തീരുമാനത്തിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണ മെന്നും സംസ്ഥാനത്തിന്റെ പൊതു വികസനം സാധ്യമാക്കുന്നതിനായി എറണാകുളം ആസ്ഥാനമായി റെയിൽവേ സോൺ ആരംഭിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഈ നാടിന്റെ സാമ്പത്തികാഭിവൃദ്ധിക്ക് റെയിൽവേ ഒഴിച്ചുകൂടാനാവാത്ത ഘടകമാണെന്ന് നമുക്കറിയാം. അത് മനസ്സിലാക്കിയാണ് 1947-ൽ ഭരണം ലഭിച്ച ഇന്ത്യൻ ഭരണാധികാരികൾ റെയിൽവേയെ പൊതുമേഖലയിൽ നിലനിർത്തി മുന്നോട്ടുപോകാൻ തീരുമാനിച്ചത്. ഇന്ത്യൻ ബൂർഷ്വാസികൾക്ക് അന്നത്തെ സാഹചര്യത്തിൽ വൻ മുതൽമുടക്ക് ആവശ്യമുള്ളതും ദീർഘകാലം കഴിഞ്ഞേ ലാഭം തിരിച്ചുകിട്ടുകയുള്ളൂ എന്നതുകൊണ്ടും റെയിൽവേയെ സ്വന്തമാക്കാൻ താല്പര്യമില്ലായിരുന്നു. ഇന്ന് അവർ ഇന്ത്യയെത്തന്നെ വിലയ്ക്ക് വാങ്ങാൻ കഴിവുള്ള ശക്തികളായിമാറിക്കഴിഞ്ഞു. 1990-കളിൽ സാർവ്വദേശീയ രംഗത്ത്

സോഷ്യലിസത്തിനേറ്റ തിരിച്ചടിയും അതിന്റെ ഭാഗമായി ഇന്ത്യയിൽ തുടക്കംകുറിച്ച ഉദാരവൽക്കരണ നയങ്ങളുമാണ് ഇന്ത്യയിലെ ജനങ്ങളുടെ സമ്പത്തായ പൊതുമേഖലയുടെ തകർച്ചയ്ക്ക് കാരണമായതെന്ന് നമ്മൾ കാണേണ്ടതുണ്ട്. വ്യവസായം, ബാങ്കിംഗ്, ഇൻഷ്വറൻസ് തുടങ്ങിയ മേഖലകളിലെല്ലാം ഘട്ടംഘട്ടമായി സ്വകാര്യവൽക്കരണത്തിന് തുടക്കംകുറിച്ച ആഗോളവൽക്കരണ നയമാണ് ഇന്ന് ഇന്ത്യൻ റെയിൽവേയുടെ അന്തകനായി നിലകൊള്ളുന്നതെന്ന് നമുക്ക് കാണാൻ കഴിയും. കേന്ദ്ര കോൺഗ്രസ് സർക്കാർ തുടങ്ങിവച്ച സ്വകാര്യവൽക്കരണ നയം, ഇന്ന് കേന്ദ്ര ബി.ജെ.പി. സർക്കാർ അതിശക്തമായി നടപ്പാക്കുന്നതിന്റെ തിക്തഫലങ്ങളാണ് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അന്നും ഇന്നും ഈ നയത്തെ ചെറുക്കുന്നത് ഇടതുപക്ഷമാണെന്ന കാര്യവും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ മാറിമാറി ഭരിച്ച കേന്ദ്രസർക്കാരുകൾ അവഗണിക്കുകയായിരുന്നു എന്ന കാര്യം നമ്മൾ മറന്നുപോകരുത്. ബഹുമാനപ്പെട്ട കെ. വി. വിജയദാസിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ 1952-ൽ ആദ്യ പാർലമെന്റ് നിലവിൽ വന്നപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന സഖാവ് എ.കെ.ജി.-യുടെ പ്രസംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിന്റെ ആ ശബ്ദം ഇന്നും പാർലമെന്റിൽ മുഴങ്ങുന്നുണ്ട്, പക്ഷെ കേന്ദ്ര സർക്കാരിന്റെ ബധിര കർണ്ണങ്ങളിൽ പതിച്ച ശബ്ദമായി അവ നിലകൊള്ളുകയാണ്. എല്ലാം വിറ്റുതുലയ്ക്കുന്ന കോർപ്പറേറ്റ് ഭീമന്മാരുടെ ദാസന്മാരായി മാറിയ നരേന്ദ്ര മോഡി സർക്കാരിന്റെ കയ്യിൽ ഇന്ത്യൻ റെയിൽവേയുടെ ഭാവി ശോഭനമല്ല. പാലക്കാട് റെയിൽവേ ഡിവിഷൻ വെട്ടിമുറിച്ച് സേലം ഡിവിഷൻ രൂപീകരിച്ചപ്പോൾ കേരളത്തിന് നൽകിയ വാഗ്ദാനമായിരുന്നു പാലക്കാട്- കഞ്ചിക്കോട് കോച്ച് ഫാക്ടറി. 2008-09-ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം നൽകാൻ അന്ന് സംസ്ഥാന സർക്കാർ തയ്യാറായി. എന്നാൽ കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണന ഇപ്പോഴും തുടരുന്ന ചിത്രമാണ് നമ്മുടെ മുന്നിലുള്ളത്. കഞ്ചിക്കോട്ടെ നിർദ്ദിഷ്ട കോച്ച് ഫാക്ടറി, ഹരിയാനയിലെ സോണിപ്പത്തിലേയ്ക്ക് മാറ്റാൻ ഇപ്പോൾ നീക്കംനടക്കുകയാണ്. ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ വ്യവസായ വികസനം പാടില്ലെന്ന സങ്കുചിത രാഷ്ട്രീയ താല്പര്യമാണ് കഞ്ചിക്കോടിനെ അവഗണിച്ച്, ബി.ജെ.പി. ഭരിക്കുന്ന ഹരിയാനയിലേയ്ക്ക് കോച്ച് ഫാക്ടറി കടത്താനുള്ള ഈ ഗൂഢ പദ്ധതിക്ക് പിന്നിൽ. ഇതിനെ ശക്തമായി നമുക്ക് ചെറുക്കാൻ കഴിയേണ്ടതുണ്ട്. കേരളത്തിന്റെ റെയിൽവേ വികസനത്തിന് കനത്ത ആഘാതമേല്പിക്കുന്ന തിരുവനന്തപുരം

റെയിൽവേ ഡിവിഷന്റെ പ്രസക്തി നഷ്ടപ്പെടുത്തുന്ന നേമം മുതൽ തിരുനെൽവേലി വരെയുള്ള പാത മധുര ഡിവിഷനിലേയ്ക്ക് മാറ്റാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം മലയാളികളുടെ സ്വപ്നങ്ങളെ തല്ലിക്കെടുത്തുന്നതാണ്. കേരളം കേന്ദ്രീകരിച്ച് ഒരു റെയിൽവേ സോൺ രൂപീകരിക്കുക എന്നത് ഇപ്പോൾ മലർപ്പൊടിക്കാരന്റെ സ്വപ്നംപോലെയാണ്. പ്രതിമാസം 50 കോടി രൂപയുടെ നഷ്ടമാണ് ഇതുമൂലം ഉണ്ടാകാൻ പോകുന്നത്. കേരളത്തിന്റെ റെയിൽവേ വികസനത്തെ തകർക്കുക യെന്ന ഗൂഢ പദ്ധതിയുടെ ഭാഗമാണിത്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യ മാകുന്നതോടെ തിരുവനന്തപുരം ഡിവിഷനു കീഴിലുള്ള ചരക്കുനീക്കം അവതാളത്തിലാകുമെന്നുള്ള ആശങ്ക നമ്മുടെ മുമ്പിലുണ്ട്. 'വികസനം' എന്ന കപട മുദ്രാവാക്യത്തിന്റെ മറവിൽ സർക്കാർ മുതൽമുടക്കിൽനിന്ന് കേന്ദ്രം പിൻമാറുകയും പൊതുമുതൽ സ്വകാര്യ മുതലാളിമാർക്ക് തീറെഴുതിക്കൊടുക്കുകയുമാണ് ചെയ്യുന്നത്. റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യവൽക്കരിക്കുന്നതിന് മുന്നോടിയായി, റെയിൽവേ അധീനതയിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകുകയാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ചതുരശ്ര മീറ്ററിന് ഒരു രൂപ നിരക്കിലാണ് പാട്ടത്തിന് കൊടുക്കുന്നത്. നരേന്ദ്ര മോഡി സർക്കാർ ദക്ഷിണ റെയിൽവേയുടെ കോഴിക്കോട്, എറണാകുളം സൗത്ത് എന്നീ സ്റ്റേഷനുകളുടെ ഭൂമി സ്വകാര്യ സംരംഭകർക്ക് കൈമാറുകയാണ്. സ്റ്റേഷനുകളുടെ വികസനം എന്ന മറവിലാണ് കേന്ദ്രസർക്കാരിന്റെ സ്വകാര്യ വൽക്കരണനീക്കം നടന്നുകൊണ്ടിരിക്കുന്നത്. കോഴിക്കോട് 4.39 ഏക്കർ കണ്ണായ ഭൂമിയാണ് പാട്ടത്തിന് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. വിവേക് ഒബ്റോയി കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് സ്വകാര്യവൽക്കരണം നടപ്പിലാക്കുന്നതെന്ന് നമുക്കറിയാം. സ്റ്റേഷനുകളുടെ പ്ലാറ്റ്ഫോമിന് സമീപവും ട്രാക്കിന് ഇരുവശവുമുള്ള ഭൂമി വികസനത്തിനെന്ന പേരിൽ 45 മുതൽ 90 വർഷത്തേയ്ക്ക് കൈമാറുന്നത് ബി.ജെ.പി. സർക്കാരിന്റെ തീവെട്ടിക്കൊള്ളകളിൽ ഒന്നാണ്. തിരിച്ചുപിടിക്കാൻ വ്യവസ്ഥയില്ലാതെയാണ് ഈ കൈമാറ്റം നടത്തുന്നത് എന്നത് വളരെ വിചിത്രമാണ്. ഈ സ്വകാര്യവൽക്കരണ കൊള്ള ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് യാത്രക്കാരെയാണ്. സൗജന്യമായും കുറഞ്ഞ നിരക്കിലും യാത്രക്കാർക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും ഇല്ലാതാകുകയോ, അവയുടെ നിരക്ക് കുത്തനെ ഉയരുകയോ ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇതിന്റെ ഭാഗമായിട്ട് ഉണ്ടാകുന്നത്. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുപോലും കനത്ത ഫീസ് നൽകേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറും. നാമമാത്രമായ ലൈസൻസ് ഫീസും, വാടകയും മാത്രമാണ് റെയിൽവേയ്ക്ക് ഇതുവഴി ലഭിക്കുക. ഭൂമി സ്വകാര്യ സംരംഭകരുടെ കയ്യിലെത്തുന്നതോടെ ഭാവിയിൽ റെയിൽവേ വിപുലീകരണംതന്നെ അസാധ്യമാകുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ

നീങ്ങിക്കൊണ്ടിരിക്കുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന റെയിൽവേയ്ക്ക് ബാങ്കുകളിൽ നിന്നോ, എൽ.ഐ.സി.യിൽ നിന്നോ വായ്പയെടുത്ത് വികസനം സാധ്യമാക്കാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. ഈ ഭൂമികൾ സ്വകാര്യ മുതലാളിമാരെ ഏൽപ്പിക്കാനുള്ള നീക്കം തീർത്തും അപലപനീയമാണ്, നരേന്ദ്ര മോഡി സർക്കാർ സർവ്വ മേഖലകളിലും നടത്തുന്ന അഴിമതിഭരണത്തിൽ ഒന്നാണ് റെയിൽവേ സ്വകാര്യവൽക്കരണം. "വണ്ടീ വണ്ടീ നിന്നെപ്പോലെ വയറിൽ നമുക്കും തീയാണ്" എന്നത് 'വയറിൽ എനിക്കും തീയാണ് ' എന്ന് മാറ്റി പാടുകയാണ്. അങ്ങനെ മലയാളികളുടെ വയറിൽ തീ കോരിയിട്ട് ചൂകിപ്പായുന്ന മോഡി സർക്കാർ, യാത്രക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒരു നടപടിയും സ്വീകരിക്കുന്നില്ല. വൻകിട കോർപ്പറേറ്റുകൾക്ക് കൊള്ള ചെയ്യാൻ ആവശ്യമായ അവസരം ഒരുക്കുമ്പോൾ, സാധാരണക്കാരായ യാത്രക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നില്ല. കേരളത്തിന് ആവശ്യമുള്ള കോച്ചുകൾ ലഭിക്കുന്നില്ലെന്ന പരാതിക്ക് പഴക്കമേറെയുണ്ട്. റെയിൽവേയുടെ വൈകി ഓടൽ ഒരു സാധാരണ സംഭവമായി മാറിയിട്ടുണ്ട്. പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം എന്നിവയെല്ലാം നിശ്ചലമെന്ന് പറയാവുന്ന വിധത്തിലേയ്ക്ക് ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുന്ന പൊതുസ്ഥിതിവിശേഷമാണുള്ളത്. കേരളത്തിന് പുറത്ത് ചില പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ കേരളത്തിൽ നിന്നുള്ള ട്രെയിനുകൾക്ക് പ്ലാറ്റ്ഫോം നൽകാതെ ഒഴിവാക്കുന്ന സംഭവങ്ങൾ പതിവാണെന്ന കാര്യം യാത്രക്കാരുടെ സംഘടനകൾ പലപ്പോഴും റിപ്പോർട്ട് ചെയ്തിട്ടുള്ളത് നമ്മൾ വായിച്ചിട്ടുള്ളതാണ്. റെയിൽവേയിലെ വിവിധ വിഭാഗങ്ങളുടെ ഒത്തൊരുമയില്ലായ്മമൂലം എറണാകുളം, കൊച്ചുവേളി എന്നിവിടങ്ങളിലെ ട്രെയിനുകളുടെ അടിഭാഗം പരിശോധിക്കാനുള്ള സംവിധാനമായ പിറ്റ് ലൈൻ പദ്ധതി അനിശ്ചിതമായി നീളുകയാണെന്ന പരാതിയും ഉയർന്നുവന്നിട്ടുണ്ട്. തിരക്കുള്ള റൂട്ടിൽ സമയം ക്രമീകരിക്കാൻ കഴിയാത്തതിനാൽ അവധിക്കാല ട്രെയിനുകൾ പലതും കേരളത്തിൽ നഷ്ടത്തിലാകുന്ന സാഹചര്യവുമുണ്ട്. തിരക്കുള്ള റൂട്ടുകളിൽ ട്രെയിനോടിക്കാതെ തോന്നിയ റൂട്ടുകളിൽ ട്രെയിനോടിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിലവിലുണ്ട്. പ്രമുഖ തീർത്ഥാടന കേന്ദ്രമായ ഗുരുവായൂർ സ്റ്റേഷന്റെ വികസനവുമായി ബന്ധപ്പെട്ട് ഗുരുവായൂർ-താനൂർ പാത, ഗുരുവായൂർ-ഇടപ്പള്ളി തീരദേശപാത എന്നിവയെല്ലാം കടലാസ്സിൽ മാത്രമായി ഒതുങ്ങുന്ന അവസ്ഥയാണുള്ളത്. ഗുരുവായൂരിനടുത്ത് ചിറ്റാറ്റുകര ഹാൾട്ട് സ്റ്റേഷന്റെ ആവശ്യവും കുറെക്കാലമായി ഉയർന്നുവരുന്ന പൊതു സ്ഥിതിവിശേഷമാണ്. വൻകിട കോർപ്പറേറ്റുകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ ആവശ്യമായ വിധത്തിൽ കണ്ണായ ഭൂമിയെല്ലാം ഇത്തരക്കാർക്ക് തുച്ഛവിലയ്ക്ക് പാട്ടത്തിന് കൊടുത്തുകൊണ്ട് റെയിൽവേ വികസനമെന്ന പേരിൽ നടക്കുന്ന തീവെട്ടിക്കൊള്ള,

നമ്മുടെ സമ്പത്ത് കൊള്ള ചെയ്യുന്നതിന് തുല്യമായ നടപടിയാണ്. ഈ അടുത്ത കാലഘട്ടത്തിലാണ് പാളങ്ങളിലെ വിള്ളലുമായി ബന്ധപ്പെട്ട ഭയാനകമായ വാർത്തകൾ നമ്മൾ വായിച്ചത്. കേരളത്തിൽ ഇരുന്നൂറിലധികം കേന്ദ്രങ്ങളിലുള്ള പാതകൾ അപകടകരമായ അവസ്ഥയിലാണ്. അതൊക്കെ നന്നാക്കാനാവശ്യമായ സംവിധാനങ്ങൾ റെയിൽവേയുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കുന്ന സാഹചര്യത്തിലാണ് ഇത്തരം നീക്കങ്ങൾ ശക്തിപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനുകളിൽ ഒന്നാണ് കോഴിക്കോടും എറണാകുളം സൗത്തും. നിരവധി ഘട്ടങ്ങളിലായി റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യവർക്കരിക്കുന്നതിന്റെ ഭാഗമായി 4.39 ഏക്കർ ഭൂമി കോഴിക്കോടെ സ്വകാര്യ മുതലാളിമാർക്ക് പാട്ടത്തിനുകൊടുക്കുന്ന നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ഏറ്റവും വലിയ റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോടും, എറണാകുളം സൗത്തും സ്വകാര്യവൽക്കരിക്കാൻ സ്വീകരിക്കുന്ന നടപടികളിൽനിന്ന് കേന്ദ്രസർക്കാർ പിന്തിരിയണമെന്നും, സംസ്ഥാനത്തിന്റെ പൊതു വികസനം സാധ്യമാക്കുന്നതിനായി എറണാകുളം ആസ്ഥാനമായി ഒരു റെയിൽവേ സോൺ ആരംഭിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന ആവശ്യപ്പെടണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

11.00 a.m.]

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ബഹുമാന്യനായ അംഗം ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച പ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തോടുള്ള റെയിൽവേയുടെ അവഗണന ഇന്നും ഇന്നലെയും ആരംഭിച്ചതല്ല. പതിറ്റാണ്ടുകളായി ഈ വിഷയം ഉയർത്തിക്കൊണ്ട് കേരളീയർ കേന്ദ്ര സർക്കാരിനെതിരെ വലിയ സമരങ്ങൾ നടത്തിയിട്ടുണ്ട്. ഇപ്പോഴത്തെ കേന്ദ്ര സർക്കാരാണെങ്കിൽ എല്ലാ മേഖലയും സ്വകാര്യവത്കരിക്കുക എന്ന നയത്തിന്റെ ഭാഗമായി റെയിൽവേയും ഘട്ടംഘട്ടമായി സ്വകാര്യവത്കരിക്കുന്ന നടപടികളിലേയ്ക്ക് നീങ്ങുകയാണ്. അതിന്റെ ആദ്യപടിയായി റെയിൽവേ ബഡ്ജറ്റ് കേന്ദ്ര സർക്കാർ വേണ്ടെന്നുവച്ചു. സാധാരണഗതിയിൽ പൊതു ബഡ്ജറ്റിന് മുമ്പായി റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കും. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ റെയിൽവേയ്ക്ക് നല്കിയിരുന്ന പ്രാധാന്യം ഇല്ലാതാക്കിക്കൊണ്ട് ക്രമേണ ഈ മേഖല പൂർണ്ണമായും സ്വകാര്യവത്കരിക്കുക എന്ന നീക്കത്തിലേയ്ക്കാണ് റെയിൽവേ ബഡ്ജറ്റ് പ്രത്യേകമായി അവതരിപ്പിക്കേണ്ടതില്ലെന്ന തീരുമാനം ചെന്നെത്തുന്നത്. ഇപ്പോൾ നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ നല്കുന്ന

കേന്ദ്രസർക്കാരിന് കീഴിലുള്ള ഒരു സ്ഥാപനം റെയിൽവേയാണ്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി റെയിൽവേ ജീവനക്കാരുടെ എണ്ണത്തിൽ ആറ് ലക്ഷത്തോളം കുറവ് വന്നിട്ടുണ്ട്. മാത്രമല്ല നിലവിലുള്ള ജീവനക്കാരിൽ ഏതാണ്ട് ആറര ലക്ഷം ജീവനക്കാർ താൽക്കാലിക ജീവനക്കാരായി മാറ്റപ്പെട്ടു എന്നതും റെയിൽവേ എങ്ങോട്ടാണ് പോകുന്നതെന്ന് സൂചിപ്പിക്കുകയാണ്. പലപ്പോഴും കേന്ദ്രത്തിൽ അധികാരത്തിൽ വരുന്ന റെയിൽവേ മന്ത്രിമാർ കേരളത്തോട് കാണിക്കുന്ന ചിറ്റമ്മനയം കുറേക്കൂടി രൂക്ഷമായി ഇന്ന് കേരളത്തോട് ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രധാന റെയിൽവേസ്റ്റേഷനുകളായ എറണാകുളം ജംഗ്ഷനും കോഴിക്കോടും സ്വകാര്യ വത്കരിക്കുന്നതിന് മുന്നോടിയായി റെയിൽവേഭൂമി പാട്ടത്തിന് കൊടുക്കാനുള്ള തീരുമാനത്തെക്കുറിച്ച് ഇവിടെ ശ്രീ. മുരളി പെരുനെല്ലി സൂചിപ്പിച്ചു. എറണാകുളം നഗരത്തിലെ കണ്ണായ സ്ഥലത്താണ് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. സൗത്ത് റെയിൽവേ സ്റ്റേഷന്റെ ഭൂമി കൂടുതൽ വിസ്തൃതിയുള്ളതാണ്. യഥാർത്ഥത്തിൽ ഇളങ്കുളത്തുള്ള മാർഷലിംഗ് യാർഡ് മുതൽ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ വരെയുള്ള ഭാഗം പൂർണ്ണമായും റെയിൽവേയുടെ കീഴിലാണ്, ഒന്നും രണ്ടുമല്ല, നൂറുകണക്കിന് ഏക്കർ ഭൂമിയാണുള്ളത്. ഈ ഭൂമി സ്വകാര്യ മേഖലയ്ക്ക് പാട്ടത്തിന് കൊടുക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. റെയിൽവേ ക്വാർട്ടേഴ്സുകളടക്കം ഇതിനകത്തുണ്ട്. ഭാവിയിൽ റെയിൽവേ ക്വാർട്ടേഴ്സുകളടക്കം സ്വകാര്യ മേഖലയ്ക്ക് കൊടുത്ത് അവിടെ വലിയ കച്ചവട സ്ഥാപനങ്ങളുണ്ടാക്കി വലിയ ലാഭം ഉണ്ടാക്കുക എന്ന നിലപാടാണ് ഇപ്പോൾ റെയിൽവേ സ്വീകരിച്ചിരിക്കുന്നത്. സ്വാഭാവികമായും റെയിൽവേ ജീവനക്കാർ താമസിക്കുന്ന ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞുകൊടുക്കേണ്ടിവരും, റെയിൽവേ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് എന്നുള്ള സംവിധാനംതന്നെ ക്രമത്തിൽ ഇല്ലാതാകാൻ പോകുന്നു എന്നുള്ളതാണ് പ്രധാന കാര്യം. അതിനെതിരായി ഇപ്പോൾ വലിയ സമരങ്ങൾ വരികയാണ്. ദക്ഷിണ റെയിൽവേ എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 28-ാം തീയതി ജനകീയ പ്രക്ഷോഭവും അതിന്റെ ഭാഗമായുള്ള കൺവെൻഷനും ഒക്കെ എറണാകുളത്ത് ഉണ്ടാകാൻ പോവുകയാണ്. എറണാകുളത്തേയ്ക്ക് റെയിൽവേ ലൈൻ കൊണ്ടുവന്നതിന് ഒരു ചരിത്രമുണ്ട്. സ്വാതന്ത്ര്യം ലഭിച്ചതിനുമുമ്പ് ഷൊർണ്ണൂർവരെ റെയിൽവേ വന്ന സന്ദർഭത്തിൽ കൊച്ചിയിലേയ്ക്കുംകൂടി അത് നീട്ടണമെന്ന് ആഗ്രഹിച്ച് അന്നത്തെ കൊച്ചിരാജാവ് നടത്തിയ വലിയൊരു ശ്രമം ഇതിന് പിന്നിലുണ്ട്. രാജ്യത്തിന്റെ പണം മുടക്കിയാണ് അന്ന് റെയിൽവേ സ്ഥാപിച്ചത്. അത് തികയാതെ വന്നപ്പോൾ കൊച്ചി രാജ്യത്തിന്റെ ആസ്ഥാന ക്ഷേത്രമായ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിൽ ഉത്സവത്തിനുവേണ്ടി ആനകളെ

എഴുന്നള്ളിക്കുമ്പോൾ കെട്ടുന്ന നെറ്റിപ്പട്ടങ്ങളിൽ, ഒരാനയുടെ നെറ്റിപ്പട്ടമൊഴികെ മറ്റുള്ളവയിലെ സ്വർണ്ണ ഗോളികകൾ വിറ്റ് ആ പണവുംകൂടി ഉപയോഗിച്ചാണ് റെയിൽവേ ലൈൻ വലിച്ചത്, അങ്ങനെയൊരു ചരിത്രം എറണാകുളം റെയിൽവ സ്റ്റേഷനുണ്ട്. എറണാകുളത്തെ ആദ്യത്തെ റെയിൽവേ സ്റ്റേഷൻ ഓൾഡ് റെയിൽവേ സ്റ്റേഷനാണ്. ആ റെയിൽവേ സ്റ്റേഷനിലാണ് മഹാത്മാഗാന്ധി വന്നിറങ്ങിയത്. നാല്പത്തിയാറ് ഹെക്ടറോളം ഭൂമിയാണ് അവിടെയുള്ളത്, അതുപയോഗിച്ചുകൊണ്ട് സബർബൻ സ്റ്റേഷൻ നിർമ്മിക്കണമെന്ന ആവശ്യം ദീർഘകാലമായുള്ളതാണ്. ആ ആവശ്യം പോലും ഇതുവരെ പരിഗണിച്ചിട്ടില്ല. കേരളത്തിലെ എറ്റവും പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിലൊന്നായിരുന്നു വില്ലിംഗ്ടൺ ഐലന്റിലുള്ള കൊച്ചിൻ ഹാർബർ ടെർമിനസ് സ്റ്റേഷൻ. ചരക്കുനീക്കത്തിന്റെയും യാത്രക്കാരുടെയുമൊക്കെ സൗകര്യാർത്ഥം വലിയ സൗകര്യങ്ങളുള്ള റെയിൽവേ സ്റ്റേഷനാണിത്. അവിടെയുള്ള നാവിക സേനയ്ക്ക് വളരെ ഉപയോഗപ്രദമായ, ടെർമിനസ് എന്നുപറയുന്ന ഈ റെയിൽവേ സ്റ്റേഷൻ കഴിഞ്ഞ ഇരുപത് കൊല്ലമായി പ്രവർത്തിക്കുന്നില്ല. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ, ടെർമിനസ് സ്റ്റേഷൻ എന്നിവയോടുള്ള അവഗണന, ഓൾഡ് റെയിൽവേ സ്റ്റേഷൻ നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിൽ കാണിക്കുന്ന അലംഭാവം, സമീപ ദിവസങ്ങളിൽ വന്ന പ്രത്യേകത, നെട്ടൂർ റെയിൽ സ്റ്റേഷൻ നഷ്ടമാണെന്ന് പറഞ്ഞുകൊണ്ട് ഒരു തീവണ്ടിയും ആ സ്റ്റേഷനിൽ നിർത്തേണ്ടതില്ലെന്ന റെയിൽവേയുടെ കഴിഞ്ഞ മാസത്തെ തീരുമാനം തുടങ്ങിയവയെല്ലാം ഇത്തരത്തിൽ റെയിൽവേയോടനുബന്ധിച്ച് എറണാകുളത്തുള്ള പ്രശ്നങ്ങളാണ്. കേരളത്തിൽ ഏറ്റവും വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന മുനിസിപ്പാലിറ്റിയാണ് മരട്. ആ മുനിസിപ്പാലിറ്റിയുടെ ഭാഗമാണ് നെട്ടൂർ റെയിൽവേ സ്റ്റേഷൻ. അവിടെ ധാരാളം ട്രെയിൻ യാത്രക്കാരുണ്ട്. ഇതുവഴി തൃപ്പൂണിത്തുറയിലേയ്ക്കൊക്കെ വളരെ വേഗത്തിൽ പോകാൻ കഴിയും. നെട്ടൂർ സ്റ്റേഷൻ ഫലത്തിൽ നിർത്തലാക്കിക്കൊണ്ടുള്ള ഉത്തരവും വന്നുകഴിഞ്ഞു. റെയിൽവേ ഭരിക്കുന്നവരുടെ ധാരണ ഇപ്പോഴും അവർ യൂറോപ്യന്മാരും സായിപ്പന്മാരുമാണെന്നാണ്. അവർ ബ്രിട്ടീഷുകാരും ബാക്കിയുള്ളവർ അടിമ ജനതയുമാണ്. അതുകൊണ്ട് കേരളീയർ ഞങ്ങൾ പറയുന്നതനുസരിച്ച് നിൽക്കുന്ന അടിമകളായിത്തന്നെ ജീവിക്കണമെന്ന നിലപാടാണ് ഇന്ന് സ്വീകരിച്ചിരിക്കുന്നത്. ഇതിന്റെയെല്ലാം ഫലമായി റെയിൽവേയുടെ വികസനം ഇല്ലാതാവുകയാണ്. എത്രയോ വികസന പദ്ധതികൾ നമ്മൾ മുന്നോട്ടുവച്ചു. കേരള ഗവൺമെന്റ് റെയിൽവേയുമായി ഒരു സംയുക്ത സംരംഭം രൂപീകരിച്ചു, ശബരി പാത അതിന്റെ ഭാഗമാണ്. മറ്റൊരു സംസ്ഥാന സർക്കാരും ഇത്തരമൊരു നിലപാട്

സ്വീകരിച്ചിട്ടില്ല. സംസ്ഥാന സർക്കാർ ശബരി പാത പൂർത്തീകരിക്കാനാവശ്യമായ നീക്കം നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിന് തുരങ്കംവച്ച് എങ്ങനെയെങ്കിലും അത് തടസ്സപ്പെടുത്താനുള്ള നീക്കമാണ് ഒരു ഭാഗത്ത് നടക്കുന്നത്. ഗുരുവായൂരിൽനിന്നും തിരുനാവായ വരെയുള്ള റെയിൽവേ ലൈൻ കോഴിക്കോട്-കണ്ണൂർ ഭാഗത്തേയ്ക്കുള്ള യാത്രയിൽ വലിയ തോതിലുള്ള സമയലാഭം ഉണ്ടാക്കാൻ സാധിക്കുന്നതാണ്, അതും ഇപ്പോൾ നടക്കുന്നില്ല. ഈ നിലയ്ക്കെല്ലാം കേരളത്തിന്റെ റെയിൽവേ മേഖലയോടുള്ള അവഗണന തുടരുന്നു എന്നുമാത്രമല്ല, കേരളത്തിന്റെ മുഖ്യ റെയിൽവേ സ്റ്റേഷനുകളായ കോഴിക്കോട്, എറണാകുളം റെയിൽവേ സ്റ്റേഷനുകളുടെ ഭൂമി പാട്ടത്തിന് കൊടുക്കാനും തീരുമാനിച്ചു. പത്തോ നാല്പതോ വർഷത്തേയ്ക്ക് റെയിൽവേ ഭൂമി പാട്ടത്തിന് കൊടുത്തതിൽ നമുക്ക് മുൻപുള്ള അനുഭവം ഓർക്കണം. പാലക്കാടുപോലുള്ള റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ പാട്ടത്തിന് കൊടുത്തിട്ടുണ്ട്, പാട്ടത്തിന് കൊടുത്തത് തിരിച്ചു പിടിക്കാനുള്ള നടപടികൾ അന്ന് സ്വീകരിക്കാതിരുന്നതുകൊണ്ട് പാലക്കാട് ജില്ലയിൽ മാത്രം നൂറുകണക്കിന് ഏക്കർ ഭൂമി സ്വകാര്യ മുതലാളിമാർ കൊണ്ടുപോയിട്ടുണ്ട്, ഇതും ആ ലക്ഷ്യത്തോടുകൂടിയുള്ളതാണ്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ ഭൂമിയും കോഴിക്കോട് റെയിൽവേ സ്റ്റേഷൻ ഭൂമിയും ആദ്യമായാണ് പാട്ടത്തിന് കൊടുക്കാൻ തീരുമാനിക്കുന്നത്. എറണാകുളത്തിന് ഒരു വാഗ്ദാനമുണ്ടായിരുന്നു, നാലുവർഷം മുൻപ് കേന്ദ്ര സർക്കാരിന്റെ റെയിൽവേ ബഡ്ജറ്റിൽ എറണാകുളം റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള റെയിൽവേ സ്റ്റേഷനാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇപ്പോഴും തീവണ്ടി കയറാൻ ചെന്നാൽ ഞങ്ങൾ മഴയത്താണ് നിൽക്കുന്നത്. ആ റെയിൽവേ സ്റ്റേഷൻ ചോർന്നൊലിക്കുകയാണ്, മൊത്തം അഴുക്കാണ്. ആ നിലയ്ക്ക് നവീകരണവുമായി ബന്ധപ്പെട്ട് ഒന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല, നിലവിലുള്ള റെയിൽവേ തൊഴിലാളികളെ കുടിയിറക്കിക്കൊണ്ട്, റെയിൽവേ ക്വാർട്ടേഴ്സുകൾ പോലും ഇടിച്ചുനിരത്തി ആ ഭൂമിയടക്കം കേന്ദ്ര സർക്കാർ അവർക്ക് താല്പര്യമുള്ള സ്വകാര്യ മുതലാളിമാർക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിനെതിരായി വലിയ ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവരണം. കേരളത്തിലെ ജനങ്ങൾ അടിമകളല്ലെന്ന് കേന്ദ്ര ഭരണാധികാരികളെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയണം. റെയിൽവേ തൊഴിലാളികളെയോ റെയിൽവേ യൂസേഴ്സിനേയോ മാത്രമല്ല കേരളീയ സമൂഹത്തെ ആകെയാണ് വെല്ലുവിളിക്കുന്നത്. അതുകൊണ്ടു തന്നെ അതിനെതിരെയുള്ള ശക്തമായ പ്രക്ഷോഭം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഉയർത്തിക്കൊണ്ടു വരേണ്ടതിന്റെ ആവശ്യകതയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രമേയത്തിലൂടെ അവതരിപ്പിച്ചത്. ആ പ്രമേയത്തെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഇവിടെ പ്രമേയാവതാരകൻ അവതരിപ്പിച്ച പ്രമേയം തീർച്ചയായും ഈ സഭ ചർച്ച ചെയ്യേണ്ടതാണ്. ഇന്ന് കേരളം ഏറ്റവും കൂടുതൽ അവഗണന നേരിടുന്ന സാഹചര്യമാണ് റെയിൽവേയുടെ ഭാഗത്തു നിന്നുള്ളത് എന്നത് വളരെ വിശദമായി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. റെയിൽവേയ്ക്ക് കേരളത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ ലാഭമുണ്ടാകുന്നത്. കാരണം കള്ളവണ്ടി കയറാതെ ടിക്കറ്റെടുത്തും പ്ലാറ്റ്ഫോം ടിക്കറ്റെടുത്തും കേരളീയരാണ് മാന്യത കാണിച്ചുകൊണ്ട് റെയിൽവേയ്ക്ക് വരുമാനമുണ്ടാക്കിക്കൊടുക്കുന്നത്. എന്നാൽ ഒരു കാര്യത്തിലും പരിഗണിക്കാതെ, ബഡ്ജറ്റിൽപോലും കേരളത്തെ അവഗണിക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നരേന്ദ്ര മോദി ഗവൺമെന്റ് കാണിക്കുന്നത്. കേന്ദ്രം കേരളത്തെ വളരെയധികം അവഗണിക്കുന്നു. റെയിൽവേ ഡിവിഷൻ വിഭജനം നേമം ടെർമിനലിനെപ്പോലും ബാധിച്ചിട്ടുണ്ട്. ട്രെയിനുകളിൽ യാതൊരു വൃത്തിയുമില്ലെന്നത് സ്ഥിരമായി യാത്ര ചെയ്യുന്നവർക്കറിയാവുന്ന കാര്യമാണ്. ടോയ്‌ലെറ്റ് അടക്കമുള്ള സൗകര്യങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുളവാക്കുന്ന സാഹചര്യമാണ് ഇന്ന് റെയിൽവേയിലുള്ളത്. എറണാകുളത്ത് ഒരു സോൺ അത്യാവശ്യമാണ്. എറണാകുളം ഹൈക്കോർട്ടിന് സമീപം ഈ സോണിന്റെ ആസ്ഥാനമായി നിർദ്ദേശിച്ചിട്ടുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എറണാകുളം ആസ്ഥാനമാക്കി റെയിൽവേ സോൺ വന്നാൽ യാത്രക്കാർക്ക് വളരെയധികം ഉപകാരപ്രദമായിരിക്കും. ആലുവയിൽ ഇന്ന് പല ട്രെയിനുകളും നിർത്തുന്നില്ല. മൂന്നാറിന്റെയും ഇടുക്കി ഭാഗത്തിന്റെയും ബോർഡിംഗ് ആലുവയിലാണ്. നിവേദനം കൊടുത്തിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാന ഗവൺമെന്റ് നേരിട്ട് റിക്വസ്റ്റ് കൊടുത്തിട്ടുപോലും ആലുവ പോലുള്ള പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ പല പ്രധാനപ്പെട്ട ട്രെയിനുകളും നിർത്തുന്നില്ല. ഇതൊക്കെ കേരളത്തോടും സമൂഹത്തോടും കാണിക്കുന്ന വലിയ അവഗണനയാണ്. ധാരാളം മാറ്റങ്ങൾ റെയിൽവേ രംഗത്ത് വരുത്തേണ്ടതുണ്ട്. റെയിൽവേ സ്വകാര്യവത്കരിച്ചുകൊണ്ട് കോർപ്പറേറ്റുകൾക്കുവേണ്ടി മാത്രം ഭരണം നടത്തുന്നവരായി കേന്ദ്ര ഗവൺമെന്റ് മാറുകയാണ്. 'അച്ചാ ദിൻ ആയേഗാ' എന്നാണ് ശ്രീ. നരേന്ദ്ര മോദി ഇലക്ഷൻ പ്രചരണ സമയത്ത് പറഞ്ഞിട്ടുള്ളത്. ഇന്ന് അത് കോർപ്പറേറ്റുകൾക്കാണ്. അവർക്കുവേണ്ടി ഭരിക്കുന്ന ഒരു ഗവൺമെന്റായി മാറിയതിന്റെ ഭാഗമായി റെയിൽവേ അടക്കമുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് എഴുതിവയ്ക്കുന്ന ഒരു സാഹചര്യം വന്നിട്ടുണ്ട്. അതിനെ ശക്തമായി എതിർത്തു കൊണ്ട് ഈ പ്രമേയത്തിൽ പറഞ്ഞ കാര്യങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u> : സർ, കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേയ്ക്കാണ് ശ്രീ. മുരളി പെരുനെല്ലി സഭയുടെ ശ്രദ്ധ കൊണ്ടുവന്നിട്ടുള്ളത്. എല്ലാം വിറ്റുതുലയ്ക്കാനുള്ള മനോഭാവവുമായി ഭരണം മുന്നോട്ടു കൊണ്ടുപോകുന്ന മോദി സർക്കാരിന് റെയിൽവേയുടെ കാര്യത്തിലും വ്യത്യസ്ത സമീപനമല്ല ഉള്ളതെന്ന് ഇതിനകംതന്നെ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. റെയിൽവേ ബഡ്ജറ്റ് കേന്ദ്ര ഗവൺമെന്റ് മൊഴിചൊല്ലിക്കഴിഞ്ഞു. ഇനി അതിന്റെ ആവശ്യമില്ലെന്ന അവസ്ഥയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം റെയിൽവേയുടെ കാര്യത്തിൽ എത്രയോ വർഷങ്ങളായി കടുത്ത അവഗണന നേരിട്ടുകൊണ്ടിരിക്കുകയാണ്. 'ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കുമ്പിളിൽ കഞ്ഞി' എന്നുപറയുന്നതുപോലെ കേന്ദ്രത്തിൽ യു.പി.എ. ഭരിച്ചാലും എൻ.ഡി.എ. ഭരിച്ചാലും കേരളത്തിന് അവഗണനയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ റെയിൽവേ സംവിധാനത്തെ തമിഴ്നാടിന്റെ വാലായി മാത്രമേ കേന്ദ്രം കണ്ടിട്ടുള്ളൂ. കേരള റെയിൽവേയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉത്തരവാദപ്പെട്ട ഉന്നത ഓഫീസുകൾ മറ്റ് സംസ്ഥാനങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ചരിത്രം പരിശോധിച്ചാൽ റെയിൽവേയുടെ കാര്യത്തിൽ കേരളം വൻതോതിൽ തഴയപ്പെട്ടതായി കാണാൻ കഴിയും. കേരളത്തിലെ റെയിൽവേ ലൈനുകൾ ഏറ്റവും അപകടകരമായ അവസ്ഥയിലാണെന്നുള്ളത് ഇതിനകംതന്നെ ബോദ്ധ്യപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. നിരവധി സ്ഥലങ്ങളിൽ റെയിൽവേ ലൈനുകളിൽ വിള്ളലുകളുണ്ടെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഒന്നിലധികം തവണ ബോഗികൾ പാളംതെറ്റിയ അനുഭവം നമ്മുടെ മുന്നിലുണ്ട്. എന്റെ മണ്ഡലത്തിലെ കല്ലുകടവ് എന്ന സ്ഥലത്ത് കഴിഞ്ഞ ഏതാനും മാസങ്ങൾക്കുമുമ്പ് ബോഗി പാളംതെറ്റി, വൻദുരന്തം ഒഴിവാകുകയായിരുന്നു. അവഗണനയുടെ കാര്യം പറയുമ്പോൾ, എന്റെ മണ്ഡലത്തിലെ കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷൻ യാതൊരു മാറ്റവുമില്ലാതെ പ്രാരംഭകാലത്തുണ്ടായിരുന്ന സൗകര്യങ്ങളോടുകൂടിയാണ് ഇപ്പോഴും തുടരുന്നത്. ഒരു പരിഷ്കരണവും വികസനവും വന്നിട്ടില്ല. ഈ സ്ഥിതി കേരളത്തിൽ മുഴുവൻ അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണ്. കേരളത്തിൽ സഞ്ചരിക്കുന്ന ട്രെയിനിലെ ബോഗികൾ പഴകി ദ്രവിച്ചവയാണ്. യാത്രക്കാർക്ക് രാത്രികാലങ്ങളിൽ ചെവിയിൽ പഞ്ഞിവച്ചുകൊണ്ട് മാത്രമേ കിടന്നുറങ്ങാൻ കഴിയൂ. കാരണം പാറ്റശല്യം ഗുരുതരമാണ്. ഈ നിലയിലെല്ലാം കേരളത്തെ പരമാവധി ഉപദ്രവിക്കുന്ന ഘട്ടത്തിലാണ് റെയിൽവേ വിറ്റുതുലയ്ക്കാനുള്ള നടപടികൾ കേന്ദ്രം കൈക്കൊണ്ടിട്ടുള്ളത്. തീർച്ചയായും ഇത് ഗൗരവപൂർവ്വം ഈ സഭ ചർച്ച ചെയ്യേണ്ടതും ഏകകണ്ഠമായി ഇതിനെതിരായി നിലപാട് കൈക്കൊള്ളേണ്ടതുമാണെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി : സർ, ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച ഈ പ്രമേയത്തിൽ നമ്മുടെ നാടിന്റെ ഏറ്റവും പ്രസക്തമായ ആവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്. റെയിൽവേയുടെ കാര്യത്തിൽ എല്ലാവരും സൂചിപ്പിച്ചതു പോലെ കോച്ച് ഫാക്ടറി മുതൽ ഏത് മേഖല പരിശോധിച്ചാലും അവഗണന തന്നെയാണ്. മലബാർ ഭാഗം രക്ഷപ്പെട്ടത് കൊങ്കൺ റെയിൽവേ അപ്പുറത്ത് വന്നതുകൊണ്ടാണ്. കൊങ്കൺ റെയിൽവേ കൂടി ഇല്ലായിരുന്നെങ്കിൽ മലബാറിലേയ്ക്ക് ട്രെയിനേ ഉണ്ടാകുമായിരുന്നില്ല. ഇൻഡ്യയിലെ ആദ്യത്തെ നല്ല റെയിൽവേ സ്റ്റേഷനായ തിരൂരിൽ ഒൻപത് ട്രെയിനുകൾക്ക് സ്റ്റോപ്പില്ല. എലിയടക്കമുള്ള ക്ഷുദ്രജീവികൾ അന്തിയുറങ്ങുന്ന ഒരിടമായി റെയിൽവേ കോച്ചുകൾ മാറിയിരിക്കുകയാണ്. കോച്ചുകളിലുള്ള കർട്ടനൊന്നുതൊട്ടാൽ തുമ്മലിനും അലർജിക്കും കാരണമാകുംവിധം മോശമായ റെയിൽവേ കോച്ചുകളുള്ള ട്രെയിനുകളാണ് നാട്ടിലൂടെ ഓടിക്കൊണ്ടിരിക്കുന്നത്. ഏത് മേഖലയെടുത്താലും ഇതാണ് അവസ്ഥ. എറണാകുളം കേന്ദ്രമാക്കി ഒരു ഡിവിഷൻ വേണമെന്നുള്ളത് ന്യായമായ ആവശ്യമാണ്. കോച്ചുകളെങ്കിലും വൃത്തിയുള്ളതായി സജ്ജമാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രത്തിന് പ്രത്യേക നിർദ്ദേശം നൽകണം. ഹാർട്ട് അറ്റാക്ക് വന്നിട്ടുള്ളവർ റെയിൽവേ സ്റ്റേഷനിൽപോയി ട്രയിനിൽ കയറിയാൽ വീണ്ടും അറ്റാക്ക് വരികയോ മരിച്ചുപോകുകയോ ചെയ്യുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇപ്പോൾ ഭാഗ്യത്തിന് ചില സ്റ്റേഷനുകളിൽ ലിഫ്റ്റും മറ്റ് സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. എല്ലാ സ്റ്റേഷനുകളിലും അനിവാര്യമായ ഒരു കാര്യമാണത്. കേരളത്തിലെ റെയിൽവേയോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ ശക്തമായി ഒറ്റക്കെട്ടായി രാഷ്ട്രീയത്തിനതീതമായി പ്രതികരിക്കേണ്ടതുണ്ട്. പണ്ട് ഒരു തറക്കല്ലിട്ടതൊഴിച്ചാൽ യാതൊരു പ്രവർത്തനവും നടത്താത്തത് കേരളത്തോടുള്ള അവഗണനനയാണ്. യാത്രക്കാരിൽനിന്ന് കിട്ടുന്ന വലിയ വരുമാനംകൊണ്ട് ധന്യമാകുന്ന റെയിൽവേ അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്ന കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്നും ഇവിടെ പുതിയ ഡിവിഷൻ അനുവദിക്കണമെന്നും കോച്ച് ഫാക്ടറിയുടെ കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കണമെന്നും ഉന്നയിച്ചുകൊണ്ടുള്ള ഈ പ്രമേയം ഈ നാടിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ഒന്നാണെന്നുള്ളതുകൊണ്ട് അത് പാസ്സാക്കേണ്ടതാണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കേരളത്തിലെ റെയിൽവേ പൊതുവായി നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചാണ് ശ്രീ. മുരളി

പെരുനെല്ലി അവതരിപ്പിച്ച ഔദ്യോഗിക പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കേന്ദ്രസർക്കാർ എക്കാലത്തും സ്വീകരിച്ചുപോന്നിരുന്ന സമീപനത്തിന്റെകൂടി ഭാഗമായി വേണം ഇതിനെ കാണാൻ. പ്രത്യേകിച്ച്, സ്വകാര്യവത്കരണ നടപടികളുടെ ഗതിവേഗം വർദ്ധിപ്പിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ, ഈ വിഷയങ്ങളിലുള്ള പ്രാധാന്യം അദ്ദേഹം എടുത്തുകാണിക്കുകയുണ്ടായി. റെയിൽവേ സോൺ, റെയിൽവേ സ്റ്റേഷനുകളുടെ പരിമിതികൾ, റെയിൽവേ ലൈൻ സംബന്ധിച്ച കാര്യങ്ങൾ തുടങ്ങിയവ കേരള നിയമസഭ മൂന്ന് മണിക്കൂർ ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത വിഷയത്തെ അടിസ്ഥാനമാക്കി റെയിൽവേയുടെ ചുമതല വഹിക്കുന്ന പൊതുമരാമത്ത് വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കത്ത് അയയ്ക്കുകയുണ്ടായി. അതിൽ നിയമസഭയുടെ പൊതുവികാരം പ്രകടിപ്പിച്ച സാഹചര്യത്തിൽ, ഈ അനൗദ്യോഗിക പ്രമേയം അംഗീകരിക്കേണ്ടതില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുരളി പെരുനെല്ലി, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

## (3) ദളിത് പീഡനം

ശ്രീ. അൻവർ സാദത്ത്: സർ, "സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള, പ്രത്യേകിച്ച് ആ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും, പീഡനങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. പോലീസ് സ്റ്റേഷനുകളിൽ പോലും ഈ വിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾക്കെതിരെ അതിക്രമങ്ങളുണ്ടാവുകയും ദേശീയ പട്ടികജാതി കമ്മീഷൻ ഇതിൽ ഗൗരവമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. അതിക്രമങ്ങൾ തടയുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഗൗരവമായ നടപടികൾ ഒന്നും ഉണ്ടാകുന്നില്ല എന്നതിൽ ഈ സഭ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുകയും അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ മുഖം നോക്കാതെ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കേരളത്തിൽ കഴിഞ്ഞ ഒരു വർഷമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ നിരന്തരമായി അക്രമങ്ങൾ നടക്കുകയാണ്. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇടതുപക്ഷ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12 ദളിതരാണ് കൊല്ലപ്പെട്ടത്. 155 ദളിത് സ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെട്ടു. 851 ദളിത് പീഡനക്കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. കണ്ണൂരിലെ കുട്ടിമാക്കൂലിൽ രണ്ട് ദളിത് സഹോദരിമാർക്ക് സി.പി.ഐ.(എം) നേതാക്കളുടെ നേതൃത്വത്തിൽ പീഡനം നേരിടേണ്ടിവന്നു. രണ്ട് കൈക്കുഞ്ഞുങ്ങളെയും കൊണ്ടുവന്ന അവരെ അറസ്റ്റ് ചെയ്ത് ജയിലടച്ച സംഭവം കേരളത്തിൽ വലിയ ചർച്ചാവിഷയമായതാണ്. സി.പി.ഐ.(എം) ഓഫീസ് ആക്രമിച്ചു എന്ന കള്ളക്കേസ്സെടുത്ത് ഈ രണ്ട് ദളിത് പെൺകുട്ടികളെ ക്രൂരമായി മർദ്ദിച്ച സംഭവത്തിന്റെ കേസ് തേച്ചുമായ്ച്ച് കളയാനുള്ള ശ്രമമാണ് നടക്കുന്നത്. വാളയാറിൽ രണ്ട് പെൺകുട്ടികൾ പീഡനത്തിനിരയായി ആത്മഹത്യ ചെയ്യേണ്ടിവന്നു. പോലീസ് ആ കേസ് ആത്മഹത്യയാക്കിമാറ്റി. മൂവാറ്റുപുഴയിൽ മോഷണക്കുറ്റം ആരോപിച്ച് ദളിത് യുവാവിനെ ഭീകരമായി പോലീസ് മർദ്ദിച്ചു. പോലീസ് സദാചാര പോലീസായി മാറിയപ്പോൾ കുറ്റ്യാടിയിൽ ആതിര എന്ന ദളിത് പെൺകുട്ടിക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നു. തൃശ്ശൂരിലെ ഏങ്ങണ്ടിയൂരിൽ വിനായകൻ എന്ന ചെറുപ്പക്കാരൻ തലമുടി നീട്ടിവളർത്തി എന്ന കാരണത്താൽ ക്രൂരമായി മർദ്ദനമേൽക്കുന്ന സാഹചര്യമുണ്ടായി. ഈ വിഷയം ചർച്ച ആയതാണ്. പിന്നീട് ആ യുവാവ് അപമാനം സഹിക്കവയ്യാതെ ആത്മഹത്യചെയ്ത സാഹചര്യമുണ്ടായി. അന്ന് പോലീസ് ഇതിനെ വളരെ ലാഘവത്തോടെയാണ് കണ്ടത്. പത്രമാധ്യമങ്ങളടക്കം സോഷ്യൽ മീഡിയ വളരെയധികം ഈ വിഷയം ശ്രദ്ധിക്കപ്പെടുന്നൊരു സാഹചര്യമുണ്ടായി. ഇതുപോലെ ധാരാളം കാര്യങ്ങൾ കേരളത്തിൽ നടന്നുക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ക്രൈം ബ്രാഞ്ച് അന്വേഷണത്തിൽ വിനായകന്റെ അച്ഛൻ മർദ്ദിച്ചതുകൊണ്ടുണ്ടായ പാടുകൾ എന്നാണ് പറയുന്നത്. ദളിത് യുവാവിനെ മർദ്ദിച്ച പോലീസിനെ സംരക്ഷിക്കുന്ന രീതിയിലാണ് ഇന്ന് ക്രൈം ബ്രാഞ്ച് അന്വേഷണംപോലും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ ഇടതുമുന്നണി ഭരണകാലത്ത് ക്രൂരമായ ദളിത് പീഡനങ്ങൾ നടക്കുകയാണ്. ഇതാണോ ദളിത് വിഭാഗങ്ങളോടുള്ള ഇവരുടെ സമീപനം? ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പഠിക്കാൻ അവസരം ലഭിച്ച ആദിവാസി യുവാവിന്റെ സ്കോളർഷിപ്പ് തടഞ്ഞുവച്ചു. വലിയ പോരാട്ടത്തിനു ശേഷമാണ് അത് ലഭിച്ചത്. ഈ വിദ്യാർത്ഥിയെ എസ്.എഫ്.ഐ.-ക്കാർ ക്രൂരമായി മർദ്ദിച്ചു. നെടുമങ്ങാട് നിരവധിപേർ ചേർന്നാണ്

ദളിത് യുവതിയെ പീഡിപ്പിച്ചത്. കേരളത്തിന്റെ അങ്ങോളമിങ്ങോളം ദളിത് പീഡനങ്ങൾ വ്യാപകമാകുന്ന വേളയിൽ ********* അത് കേരളം വളരെയധികം ചർച്ച ചെയ്ത ഒരു വിഷയമാണ്. നെടുമങ്ങാട് വാമനപുരം നിയോജകമണ്ഡലത്തിൽ ഞാറനീലി എന്ന ആദിവാസി കോളനിയിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം 45 ആദിവാസി പെൺകുട്ടികൾ ആത്മഹത്യ ചെയ്തു. ഇതുസംബന്ധിച്ച് പാലോട് പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചപ്പോൾ കഴിഞ്ഞ നാലുവർഷം എല്ലാ വിഭാഗത്തിൽപ്പെട്ടവരുമായി 183 ആത്മഹത്യകൾ നടന്നിട്ടുണ്ട് എന്നാണ് അറിഞ്ഞത്. കേരളത്തിലും ഇന്ത്യയിലും ബഡ്ജറ്റുകളിൽ ദളിത്-പട്ടിക വിഭാഗങ്ങൾക്കായി നീക്കിവയ്ക്കുന്ന പണം ചെലവഴിച്ചിട്ടും ഇതാണ് സ്ഥിതിയെന്ന് നമ്മൾ മനസ്സിലാക്കണം. സ്വാതന്ത്ര്യത്തിന്റെ 70-ാം വാർഷികത്തിൽ ഈ മണ്ണിന്റെ ഗന്ധവും ഭാവവും അറിഞ്ഞ് നമ്മെപ്പോലെ ജീവിക്കാൻ അർഹതപ്പെട്ട ആദിവാസികൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. ദളിത് പീഡനങ്ങൾ ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. ഇങ്ങനെ ഒട്ടനവധി പ്രശ്നങ്ങളാണ് ദളിത് പീഡനവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ, പാവപ്പെട്ട ദളിത് യുവാവായ ഒരു ചെറുപ്പക്കാരനെ കള്ളക്കേസ്സുമായി ബന്ധപ്പെട്ട് ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ വളരെയധികം പീഡിപ്പിച്ച ഒരു സാഹചര്യമുണ്ടായി. ഒരു പോലീസ് അതിനെ വേറെ രീതിയിൽ ചിത്രീകരിച്ച് മുന്നോട്ടുപോകുന്ന സാഹചര്യമാണുണ്ടായത്. നമ്മുടെ നാട്ടിൽ ധാരാളം ദളിത് പീഡനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ മുഖംതിരിച്ച് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. ഒരു സംശയവുമില്ല, ഇതേ സമീപനം തന്നെയാണ് കേന്ദ്രസർക്കാരും സ്വീകരിക്കുന്നത്. ദളിത് വിഭാഗത്തിൽപ്പെട്ടവർ ഏറ്റവും കൂടുതൽ അക്രമത്തിനിരയായ സംസ്ഥാനമാണ് ഗുജറാത്ത്. മഹാത്മാഗാന്ധിക്ക് ജന്മം കൊടുത്ത, ഇന്ത്യയിലെ ദളിത് മർദ്ദനങ്ങൾക്കും ഭീകരതയ്ക്കും ഇരയായ, ഏറ്റവും വലിയ പ്രക്ഷോഭം ഉയർന്നുവന്ന സ്ഥലമാണ് ഗുജറാത്ത്. പൂനെയിൽ പശുവിന്റെ തോലുരിച്ചു എന്ന കാരണം പറഞ്ഞ് ദളിത് യുവാക്കളെ തല്ലിക്കൊന്നു. ഇതോടെ അവിടെ തോലുരിക്കൽ സർക്കാർ നിർത്തലാക്കി. ഇങ്ങനെയൊക്കെയുള്ള ധാരാളം ദളിത് പീഡനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്നുണ്ട്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തും ഇത് നടക്കുമ്പോഴാണ് ഈ പ്രമേയത്തിന് പ്രസക്തിയേറുന്നത്. ഇപ്പോൾ കേന്ദ്രത്തിൽ നരേന്ദ്രമോദി ഗവൺമെന്റും ദളിത് വർഗ്ഗത്തിൽപ്പെട്ടവരെ വളരെയധികം പീഡിപ്പിക്കുന്ന രീതിയിലേയ്ക്ക്

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നമ്പർ 4002/ഇ.ബി/2017/നി.സെ. തീയതി 18-8-2017) നീക്കം ചെയ്തു.

പോകുന്നുവെന്നാണ് കണക്കുകളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. ഓരോ 18 മിനിട്ടിലും ദളിതർ ആക്രമിക്കപ്പെടുന്നു. ഒരു ദിവസം രണ്ട് ദളിതർ കൊല്ലപ്പെടുന്നു; മൂന്ന് ദളിത് സ്ത്രീകൾ ബലാത്സംഗത്തിനിരയാകുന്നു. ഇതാണ് നരേന്ദ്രമോദി ഭരണത്തിന്റെ യഥാർത്ഥ മുഖം. ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 38,564 ദളിത് പീഡനങ്ങളാണ് കഴിഞ്ഞ വർഷം ഇന്ത്യയിലുണ്ടായത്. ഏറ്റവും കൂടുതൽ ദളിത് പീഡനമുണ്ടായത് ബി.ജെ.പി. ഭരിക്കുന്ന ഉത്തർപ്രദേശ്, ബീഹാർ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലാണ്. ബി.ജെ.പി. അധികാരത്തിൽ വന്ന് നാലുവർഷത്തിനകം ദളിത് പീഡനം 33 ശതമാനമായി വർദ്ധിച്ചു. കഴിഞ്ഞ വർഷം മാത്രം 707 ദളിതർ കൊല്ലപ്പെടുകയുണ്ടായി. പശുവിന്റെ പേരിൽ ദളിത്-ന്യൂനപക്ഷ പീഡനങ്ങൾ നമ്മുടെ രാജ്യത്ത് വ്യാപകമായിരിക്കുകയാണ്. പശുവിന്റെ പേരിൽ മാത്രം 28 ദളിത്-ന്യൂനപക്ഷ സമൂഹത്തിൽപ്പെട്ടവർ കൊല്ലപ്പെടുകയുണ്ടായി. ഇതിൽ 7 പേർ ദളിത് വിഭാഗത്തിൽപ്പെട്ടവരാണെന്നത് ശ്രദ്ധേയമാണ്. ഇങ്ങനെ ദേശീയതലത്തിൽ ദളിത് പീഡനങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ ചുവടുപിടിച്ച് ഇവിടെയും പീഡനങ്ങൾ അരങ്ങേറുന്നു. നമ്മുടെ സർക്കാരിന്റെയും പോലീസിന്റെയും ഇടപെടൽ വേണ്ട രീതിയിൽ ഇല്ലാത്തതുകൊണ്ട് മാത്രമാണ് ഇങ്ങനെയുള്ള ദളിത് പീഡനങ്ങൾ കേരളത്തിൽ നടക്കുന്നത്. അതിനെതിരെയാണ് ഈ പ്രമേയം ഞാൻ ശക്തമായി ഉന്നയിക്കുന്നത്. ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ദളിത് പീഡനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

<u>ശ്രീ. എം. സ്വരാജ്:</u> സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: എന്താണ് പോയിന്റ്?

<u>ശ്രീ. എം. സ്വരാജ്</u>: സർ, ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ പല സംഭവങ്ങളും ഇവിടെ പരാമർശിക്കുകയുണ്ടായി. അതിൽ പലതും അടിസ്ഥാന രഹിതമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, ******* ആ വാർത്തയെ തുടർന്ന് തെറ്റായ വാർത്ത പ്രസിദ്ധീകരിച്ച മാധ്യമങ്ങൾക്കെതിരെ പരാമർശിക്കപ്പെട്ട സ്ത്രീ തന്നെ പരാതി കൊടുത്തിരിക്കുകയാണ്. ഇത്തരത്തിൽ അടിസ്ഥാനരഹിതമായ കാര്യങ്ങൾ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ പറയുന്നത് ശരിയല്ല. ചട്ടം 307 പ്രകാരം അടിസ്ഥാനരഹിതമായ ആ പരാമർശം സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണം. കണ്ണൂരിലെ ഒരു സംഭവത്തെക്കുറിച്ച് പറഞ്ഞത്, പട്ടികവർഗ്ഗ കമ്മീഷൻ തെളിവെടുപ്പ് നടത്തി തള്ളിക്കളഞ്ഞതാണ്. ഈ അടിസ്ഥാനരഹിതമായ കാര്യങ്ങളെല്ലാം സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണം.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നമ്പർ 4002/ഇ.ബി/2017/നി.സെ. തീയതി 18-8-2017) നീക്കം ചെയ്തു.

മി. സ്പീക്കർ: രേഖകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, വാർത്ത വന്നു എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ, അത് ചെയ്തുവെന്ന് പറഞ്ഞിട്ടില്ല.

മി. സ്പീക്കർ : പ്രമേയത്തിന് ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകിയിട്ടുള്ള ശ്രീ. എസ്. ശർമ്മയ്ക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന് താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുന്നു:

1. മൂന്നാമത്തെ പ്രമേയത്തിന്റെ ആരംഭത്തിൽ "1990 കളിൽ രാജ്യത്ത് തുടക്കം കുറിച്ച ഉദാരവൽക്കരണ നയങ്ങൾ മൂലം" എന്ന് ചേർക്കുക.

2. "സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്" എന്നതിനുപകരം "മുൻ സർക്കാരിന്റെ കാലത്ത് വ്യാപകമായിരുന്നു" എന്ന് ചേർക്കുക.

3. "നീതി ലഭിക്കുന്നില്ല" എന്നതിനുപകരം "നീതി ലഭിച്ചിരുന്നില്ല" എന്നുചേർക്കുക.

4. "ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം" എന്നതിനുപകരം "അക്കാലത്ത്" എന്നുചേർക്കുക.

5. "അതിക്രമങ്ങൾ തടയുന്നതിന് ഗൗരവമായ നടപടികൾ ഒന്നും ഉണ്ടാകുന്നില്ല എന്നതിൽ ഈ സഭ അതിയായ ഉത്കണ്ഠ രേഖപ്പെടുത്തുകയും" എന്നതുവരെയുള്ള വാക്കുകൾക്ക് പകരമായി "ഈ വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ നടക്കുന്നതായി പറയപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക.

## VI ക്രമപ്രശ്നം

### ഭേദഗതികൾ നിരാകരിക്കണമെന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: Sir, I object the admissibility of this amendment. ഈ പ്രമേയത്തിന്റെ അന്തഃസത്തയ്ക്ക് ചേരാത്തതും അതിന്റെ സ്കോപ്പിനപ്പുറത്തുള്ളതും നെഗറ്റീവ് ക്യാരക്ടറിലുള്ളതുമായ ഒരു അമെന്റ്മെന്റാണ് ഇവിടെ നൽകിയിരിക്കുന്നത്. ശക്ധർ ആന്റ് കൗളിൽ വളരെ കൃത്യമായി പറയുന്നുണ്ട്, Admissibility of amendments – An amendment to be admissible must not be vague or indefinite nor should it be negative in character. An amendment should not seek to widen the scope of the resolution. ഈ റെസല്യൂഷന്റെ സ്കോപ്പിൽ ഒതുങ്ങിനിൽക്കുന്ന അമെന്റ്മെന്റല്ല ഇവിടെ തന്നിരിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് നടത്തിയ ദളിത് പീഡനങ്ങളെക്കുറിച്ചുള്ള ഒരു പ്രമേയമാണ് ചർച്ചയ്ക്ക് വന്നിരിക്കുന്നത്, എന്നാൽ അതിന്റെ സ്കോപ്പിനപ്പുറത്തേയ്ക്കാണ് പോയിരിക്കുന്നത്. മാത്രമല്ല, ഇവിടെ നൽകിയിരിക്കുന്ന എല്ലാ അമെന്റ്മെന്റും negative in character ആണ്. അതുകൊണ്ട് ഈ ഭേദഗതികൾ സ്വീകരിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് നോട്ടീസ് നൽകിയിരുന്ന പ്രമേയത്തിന്മേൽ ശ്രീ. എസ്. ശർമ്മ നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതി ക്രമാനുസൃതമല്ല എന്നതാണ് ചട്ടം 303 പ്രകാരം ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നം. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സഭയിൽ അവതരിപ്പിക്കുന്ന ഒരു പ്രമേയത്തിന്റെ അന്തഃസത്തയെ അഥവാ സ്പിരിറ്റിനെ പൂർണ്ണമായും നിരാകരിക്കുന്നതോ ഡിഫീറ്റ് ചെയ്യുന്നതോ അല്ലെങ്കിൽ നെഗറ്റിവൈസ് ചെയ്യുന്നതോ ആയ ഭേദഗതികൾക്കു മാത്രമേ ചട്ടപ്രകാരം അവതരണാനുമതി നിഷേധിക്കാൻ കഴിയുകയുള്ളൂ. അതാണ് നമ്മുടെ കീഴ്വഴക്കവും. ഇവിടെ ശ്രീ. എസ്. ശർമ്മ നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതി, ശ്രീ. അൻവർ സാദത്ത് നോട്ടീസ് നൽകി അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും നിരാകരിക്കുന്നതല്ല, അതിന്റെ സ്പിരിറ്റിനെ ചോദ്യം ചെയ്യുന്നതാണെന്ന് വിലയിരുത്താനാകില്ല. പകരം പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ സാരമായ ചില മാറ്റങ്ങൾ നിർദ്ദേശിക്കുന്നു എന്നുമാത്രമേ കാണാൻ കഴിയുന്നുള്ളൂ. അതിൽ ചട്ടവിരുദ്ധമായി എന്തെങ്കിലുമുള്ളതായി ചെയർ കരുതുന്നില്ല. ശ്രീ. എസ്. ശർമ്മ ഇവിടെ അവതരിപ്പിച്ച ഭേദഗതിക്കെതിരെയുള്ള ക്രമപ്രശ്നം നിലനിൽക്കുന്നതല്ല എന്ന് റൂൾ ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. അടുത്ത കാലത്തായി പട്ടികജാതി-പട്ടികവർഗ്ഗ പീഡനങ്ങൾ വളരെ വ്യാപകമായിക്കൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. പലപ്പോഴും പീഡിപ്പിക്കപ്പെട്ട പട്ടികജാതിക്കാർക്ക് അനുകൂലമായി പോലീസ് നിൽക്കുന്നില്ല എന്നതാണ് ഏറ്റവും വേദനാജനകമായ കാര്യം. നമ്മുടെ രാജ്യത്ത് നടന്ന ഒട്ടനവധി സംഭവങ്ങൾ ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിച്ചു. ബി.ജെ.പി. ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും പട്ടികജാതിക്കാർ നിരന്തരമായി വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ അടുത്തകാലത്തായി ഒട്ടനവധി സംഭവങ്ങൾ നമ്മുടെ മുന്നിൽ വന്നു. ഏറ്റവും ഒടുവിലായി ഏങ്ങണ്ടിയൂരിൽ പാവറട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ വിനായകൻ എന്ന ചെറുപ്പക്കാരൻ റോഡിൽ മറ്റൊരാളുമായി സംസാരിച്ചു കൊണ്ടുനിന്നപ്പോൾ രണ്ട് പോലീസുകാർ വന്ന് അയാളെ സ്റ്റേഷനിലേയ്ക്ക്

കൂട്ടിക്കൊണ്ടുപോയി. ന്യൂ ജനറേഷൻ കുട്ടികൾ ചെയ്യുന്നതുപോലെ മുടി നീട്ടി വളർത്തിയിരുന്നു എന്ന കുറ്റം മാത്രമേ വിനായകൻ ചെയ്തിരുന്നുള്ളൂ. വിനായകനെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുകയും ഒരാഴ്ച മുമ്പ് ഏതോ ഒരു മാല നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് കുറ്റം ഏറ്റെടുക്കണമെന്ന് പോലീസ് ആവശ്യപ്പെടുകയും ചെയ്തു. ചെയ്യാത്ത കുറ്റം ഏറ്റെടുക്കാൻ തയ്യാറാകാതെ വന്നപ്പോൾ അതിക്രൂരമായി മർദ്ദിക്കുകയാണ് ചെയ്തത്. വിനായകന്റെ പിതാവ് വൈകിട്ട് പോലീസ് സ്റ്റേഷനിൽനിന്ന് വിനായകനെ ജാമ്യത്തിൽ കൊണ്ടുവരുമ്പോൾ ശരീരം മുഴുവൻ ചതഞ്ഞ പാടുകളും കാലിൽ ബൂട്ടിട്ട് ചവിട്ടിയതിന്റെ പാടുകളുമുണ്ടായിരുന്നു. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, തന്നെ മോഷണക്കേസിൽ വീണ്ടും പ്രതിയാക്കുമോ എന്ന ഭയത്താൽ വീട്ടിൽ ആരുമില്ലാതിരുന്ന സമയത്ത് വിനായകൻ ആത്മഹത്യ ചെയ്യുകയാണുണ്ടായത്. കുറ്റക്കാരായ പോലീസുകാരിൽ രണ്ടുപേരെ സസ്പെന്റ് ചെയ്തുകൊണ്ട് ആ കേസ് അവസാനിപ്പിക്കുകയാണ്. വിനായകന്റെ കുടുംബത്തിന് യാതൊരു നഷ്ടപരിഹാരവും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുസംബന്ധിച്ച് സ്ഥലം എം.എൽ.എ. ഇവിടെ സബ്മിഷൻ കൊണ്ടുവന്നിരുന്നു. പക്ഷേ കേസ് അന്വേഷിക്കുന്നു എന്നുള്ളതല്ലാതെ പാവപ്പെട്ട കുടുംബത്തിന് എന്തെങ്കിലും ധനസഹായം നൽകാം എന്ന ഉറപ്പ് മുഖ്യമന്ത്രി കൊടുത്തിട്ടില്ല. ഇതൊരു ഉദാഹരണം മാത്രമാണ്. നമ്മുടെ രാജ്യത്ത് ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാൻ നമ്മൾ എന്താണ് ചെയ്യേണ്ടത്? ഇത് രാഷ്ട്രീയമായി കാണേണ്ട കാര്യമല്ല. സ്വാതന്ത്ര്യം ലഭിച്ച് 70 വർഷം കഴിഞ്ഞിട്ടും നമ്മുടെ രാജ്യത്തെയും സംസ്ഥാനത്തെയും പട്ടികജാതിക്കാരുടെ സ്ഥിതി വളരെ ദയനീയമാണ്. അട്രോസിറ്റീസ് ആക്ട് ഉൾപ്പെടെ ധാരാളം നിയമങ്ങൾ നിലവിലുണ്ടായിട്ടും ഈ പാവങ്ങളെ സംരക്ഷിക്കാൻ കഴിയുന്നില്ല. ഒരു കുറ്റം ചെയ്താൽ അത് അന്വേഷിച്ച് കണ്ടെത്തേണ്ട പോലീസ് പലപ്പോഴും പട്ടികജാതിക്കാരോടൊപ്പം നിൽക്കുന്നില്ല എന്നതാണ് പല കേസുകളിലും നമുക്ക് കാണാൻ കഴിയുന്നത്. ഇത് വളരെ ഗൗരവമായ വിഷയമാണ്. സ്വാതന്ത്ര്യം ലഭിച്ചതിന്റെ 70-ാം വർഷത്തിലൂടെ നാം കടന്നുപോകുമ്പോൾ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പട്ടികജാതി ജനസമൂഹത്തിന്റെ നന്മയാണ് ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ട് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും പട്ടികജാതി ജനസമൂഹത്തിനെതിരെയുള്ള പീഡനം അവസാനിപ്പിക്കാൻവേണ്ടി യോജിച്ച് മുന്നേറണമെന്നുള്ളതാണ് ശ്രീ. അൻവർ സാദത്തിന്റെ പ്രമേയത്തെ പിന്തുണച്ചു കൊണ്ട് പറയാനാഗ്രഹിക്കുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായി അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച ഈ പ്രമേയത്തിന് ഏറെ പ്രാധാന്യവും പ്രസക്തിയുമുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ധാരാളം പദ്ധതികൾ മാറിമാറിവരുന്ന ഗവൺമെന്റുകൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും അതൊന്നും വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ ഈ വിഭാഗത്തിന് സാധിക്കുന്നില്ല. അതിന് പ്രധാന കാരണം അവർക്കാവശ്യമായ സുരക്ഷ ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർ തയ്യാറാകാത്തതാണ്. കേരളംപോലെ വളരെയേറെ പുരോഗമന ചിന്താഗതി വച്ചുപുലർത്തുന്ന സംസ്ഥാനത്തുപോലും ദളിത് വിഭാഗത്തിൽപ്പെട്ടവർ ഇന്നും അടിമകളായി കഴിയേണ്ടിവരികയും പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയമാകേണ്ടിവരികയും ചെയ്യുന്നത് ഏറെ ഖേദകരമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്നത് പ്രമേയത്തിൽ പറയുന്ന കാര്യങ്ങളല്ല, പോലീസിന്റെ ഔദ്യോഗിക റിപ്പോർട്ടുകൾ പരിശോധിച്ചാൽ ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവരുടെ ജീവിതസുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി എസ്.സി./എസ്.റ്റി. ആക്ട് നിലവിലുണ്ട്. ആ ആക്ടിന്റെ സുരക്ഷ അവർക്ക് ലഭ്യമാകുന്നില്ലെന്ന് മാത്രമല്ല, അത് പലപ്പോഴും ദുരുപയോഗപ്പെടുത്തുകയുമാണ് ചെയ്യുന്നത്. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടാത്ത രാഷ്ട്രീയ സംഘട്ടനങ്ങളിൽപ്പോലും അവരെ പ്രതിചേർത്ത് എസ്.എസി./എസ്.റ്റി. ആക്ട് രാഷ്ട്രീയമായി ദുരുപയോഗ പ്പെടുത്താനുള്ള ശ്രമംവരെ സംസ്ഥാനത്ത് നടക്കുകയാണ്. അറിഞ്ഞുകൊണ്ടുതന്നെ പല പോലീസ് ഉദ്യോഗസ്ഥരും അതിന് കൂട്ടുനിൽക്കുന്നുവെന്നുള്ളത് ഖേദകരമാണ്. ഇങ്ങനെയുള്ള ചൂഷണത്തിന് ഈ വിഭാഗക്കാർ വിധേയരായിക്കൊണ്ടിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ അടിയന്തരശ്രദ്ധ പതിയേണ്ടതുണ്ട്. എസ്.സി./എസ്.റ്റി. വിഭാഗത്തിനെതിരെയുള്ള അതിക്രമങ്ങളുടെ പത്രവാർത്തകൾ, "ദളിതർക്കെതിരെയുള്ള അതിക്രമം വർദ്ധിക്കുന്നു; നോക്കുകുത്തിയായി സംസ്ഥാന സർക്കാർ", "ദളിത് യുവാവിനെ പോലീസ് മർദ്ദിച്ച് അവശനാക്കിയതായി പരാതി, ജാതിപ്പേര് വിളിച്ചുവെന്ന് ആക്ഷേപം" എന്നിങ്ങനെ ദിവസേന വരികയാണ്. ജാതിപ്പേര് വിളിച്ചാൽ നടപടി സ്വീകരിക്കേണ്ട പോലീസാണ് ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചത്. ചില പോലീസ് ഉദ്യോഗസ്ഥർക്ക് ദളിതർ എന്നുകേട്ടാൽ വിറളിയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ.കെ. ബാലന്റെ പ്രസ്താവന 1-8-2017-ലെ ദേശാഭിമാനി പത്രത്തിൽ വന്നതാണ്. ശ്രീ. എ. കെ. ബാലനെ പോലുള്ള ആളുകൾക്ക് അങ്ങനെ പറയേണ്ടിവന്നു. ഈ പ്രസ്താവന നടത്തിയ മന്ത്രി

ഇത്തരം നിലപാട് സ്വീകരിക്കുന്ന പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ മുന്നോട്ടുവന്നിട്ടുണ്ടോ; ദളിതർക്കെതിരെയുള്ള പീഡനം വർദ്ധിച്ചുവെന്നും പോലീസ് അതിന് കൂട്ടുനിൽക്കുന്നുവെന്നും ഒരു മന്ത്രിക്കുതന്നെ പറയേണ്ടിവന്ന സാഹചര്യത്തിൽ ഈ പ്രമേയത്തിന് പ്രാധാന്യവും പ്രസക്തിയുമുണ്ട്. അതുകൊണ്ട് പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ബി. സത്യൻ: സർ, പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം അവസാനിക്കാൻ നാല് ദിവസങ്ങൾ മാത്രമാണുള്ളത്. ഇപ്പോഴെങ്കിലും കോൺഗ്രസ് നേതൃത്വത്തിലുള്ളവർക്ക് ഇത്തരത്തിലൊരു വിഷയമുണ്ടെന്ന് പറയാൻ തോന്നിയതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. എന്റെ സുഹൃത്ത് ശ്രീ. വി. പി. സജീന്ദ്രനും അതിനെ എൻഡോഴ്സ് ചെയ്ത് സംസാരിച്ചു. കർണ്ണാടകയിൽ ഭരണം നടത്തുന്നത് കോൺഗ്രസ് പാർട്ടിയാണ്. അവിടെ നിലനിൽക്കുന്ന ആചാരങ്ങൾ വളരെ ഗതികെട്ടതാണ്. സവർണ്ണൻ ഭക്ഷണം കഴിച്ച് ഉപേക്ഷിക്കുന്ന ഇലയിൽ അവർണ്ണൻ ഉണ്ണണമെന്ന ആചാരമാണ് അവിടെയുള്ളത്. ശ്രീ. സിദ്ധാരാമയ്യയാണ് അവിടത്തെ മുഖ്യമന്ത്രിയെന്ന കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ? നിയമംവഴി നിലനിൽക്കുന്നതാണിത്. തമിഴ്നാട്ടിൽ സവർണ്ണരെയും അവർണ്ണരെയും തമ്മിൽ വേർതിരിക്കുന്ന മതിൽതന്നെയുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്, കർണ്ണാടക മുഖ്യമന്ത്രിയായ ശ്രീ. സിദ്ധാരാമയ്യ അവിടെ സവർണ്ണർ കഴിച്ച ഇലയിൽ ദളിതർക്ക് ഭക്ഷണം കഴിക്കാമെന്ന നിയമം കൊണ്ടുവന്നുവെന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: നിയമം കൊണ്ടുവന്നുവെന്ന് പറഞ്ഞിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: അങ്ങനെ പറഞ്ഞു. ബഹുമാനപ്പെട്ട ചെയർ രേഖ പരിശോധിച്ചതിനുശേഷം പറഞ്ഞിട്ടുണ്ടെങ്കിൽ മാത്രം നടപടി സ്വീകരിച്ചാൽ മതി. നിയമം കൊണ്ടുവന്നുവെന്ന് പറഞ്ഞത് രേഖയിൽ കാണാൻ പാടില്ല.

ശ്രീ. ബി. സത്യൻ: അങ്ങനെയുള്ള ആചാരങ്ങളൊക്കെ നിലനിൽക്കുന്ന രാജ്യമാണ് ഇന്ത്യ. സ്വാതന്ത്ര്യം ലഭിച്ച് 70 വർഷമായെന്ന് ശ്രീ. വി.പി. സജീന്ദ്രൻ പറയുകയുണ്ടായി. ഇക്കാലമത്രയും ആരാണ് ഇവിടെ ഭരിച്ചിരുന്നത്; ഇടതുപക്ഷമല്ല ഭരിച്ചിരുന്നത്. ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. നിങ്ങളുടെ ആദർശധീരനായ നേതാവ് ശ്രീ. എ. കെ. ആന്റണി ഭരിക്കുമ്പോൾ ചരിത്രത്തിൽ ആദ്യമായി ജോഗി എന്ന പേരുള്ള ആദിവാസി യുവാവ് വെടിയേറ്റ് മരിച്ചു. അക്കാര്യം ആരെങ്കിലും നിഷേധിക്കുമെങ്കിൽ ഞാൻ ഇരിക്കാം. രജനി എസ്. ആനന്ദിന്റേതുൾപ്പെടെ നിരവധി കാര്യങ്ങൾ പറയാനുണ്ട്. ശ്രീ. പി. ഉബൈദുള്ള

കണക്കുകൾ ഉദ്ധരിച്ചപ്പോൾ ഇതുകൂടി പറയണമായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായ സംഭവവികാസങ്ങൾ സംബന്ധിച്ച് വളരെ വ്യക്തമായ കണക്കുകൾ എന്റെ കയ്യിലുണ്ട്. അതനുസരിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട മുതിർന്നവർക്കെതിരെ നടന്ന അതിക്രമങ്ങൾ 4366-ഉം കുട്ടികൾക്ക് എതിരെയുണ്ടായ അതിക്രമങ്ങൾ 644-ഉം ആണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ശ്രീ. എ.കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രി ആയിരുന്ന അവസരത്തിലാണ് കേരളത്തിൽ ആദ്യമായി 7 വയസ്സുള്ള കുട്ടിയെ ഒരുമാസം ജയിലിലടച്ചത്. ഭൂസമരത്തിൽ പങ്കെടുത്ത ശാന്ത എന്ന സ്ത്രീയെ ജയിലിലടയ്ക്കുകയും ജയിലിൽ വച്ച് അവർ പ്രസവിക്കുകയും നവജാത ശിശു മരണപ്പെടുകയും ചെയ്തു. അന്ന് ആ സ്ത്രീയോടൊപ്പം ജയിലിൽ കൊണ്ടുപോയ ശാലിനി എന്ന കുട്ടിക്ക് 7 വയസ്സായിരുന്നു. ആ കുട്ടിയെ ജയിലിൽനിന്നും തുറന്നുവിടാനുള്ള എന്തെങ്കിലും സംവിധാനമുണ്ടാക്കിയോ? വെടിയേറ്റ് മരിച്ച ആദിവാസി ജോഗിയുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ ഗോത്രമഹാ സഭാനേതാവിനെ അടിച്ച് മുഖം വീർപ്പിച്ചാണ് ജയിലിലേയ്ക്ക് കൊണ്ടുപോയത്. ഇതെല്ലാം കേരളത്തിൽ ആരാണ് ചെയ്തതെന്ന് നിങ്ങൾക്കെല്ലാം അറിയാവുന്നതാണ്.

ശ്രീ. ബി. സത്യൻ: അടിസ്ഥാന വിഷയങ്ങളിൽനിന്ന് മാറിപ്പോകരുത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള കണക്കുകൾ ഞാൻ ആവർത്തിക്കുന്നില്ല. ശ്രീ. സി.കെ. ശശീന്ദ്രൻ സൂചിപ്പിച്ചതുപോലെ, ആ സ്ത്രീ എത്ര ദിവസം ജയിലിൽ കിടന്നു? 2012 മേയ് മാസത്തിൽ ആരംഭിച്ച ഭൂസമരത്തിൽ 2822 കുടുംബങ്ങളിലെ ഏഴായിരത്തോളം ആദിവാസികൾ പങ്കെടുത്തത് കണ്ടില്ലെന്ന് പറയാൻ നിങ്ങൾക്ക് കഴിയുമോ? 52 ദിവസം നീണ്ടുനിന്ന സമരത്തെത്തുടർന്ന് 271 കുട്ടികളേയും 1476 ആദിവാസി സഹോദരങ്ങളേയും ജയിലിലടച്ച സാഹചര്യത്തിലാണ് ശാന്ത എന്ന സഹോദരി കണ്ണൂർ സെൻട്രൽ ജയിലിൽ പ്രസവിക്കുകയും കുട്ടി മരണപ്പെടുകയും മരിച്ച കുഞ്ഞിനെ അവിടെത്തന്നെ മറവ് ചെയ്യുകയും ചെയ്തത്. ഇതൊക്കെയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നത്. 52 ദിവസം സമരം ചെയ്തവർ രാജ്യദ്രോഹകുറ്റമൊന്നും ചെയ്തിട്ടില്ല, അന്നത്തെ സർക്കാർ ഉണ്ടാക്കിയ പാക്കേജ് നടപ്പാക്കണമെന്നാണ് അവർ ആവശ്യപ്പെട്ടത്. ശ്രീ. എ. കെ. ആന്റണിയും ശ്രീമതി സി. കെ. ജാനുവും ചേർന്നുണ്ടാക്കിയ കരാറിനെക്കുറിച്ച് നമുക്കറിയാം. ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. ആ കരാർ പാലിക്കാൻ സാധിച്ചോ? ജയിലിലടച്ചവരിൽ ലൈലാമ്മ എന്ന സഹോദരി മൂന്ന് ദിവസം കഴിഞ്ഞ് ചികിത്സ കിട്ടാതെ മരിച്ചുവെന്നാണ് പറയുന്നത്. മരിച്ചോ ഇല്ലയോ എന്നറിയില്ല. കുട്ടികളെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത്രയും പറഞ്ഞത്.

മനുഷ്യാവകാശ കമ്മീഷൻ, പട്ടികജാതി-പട്ടിവർഗ്ഗക്കാർക്കെതിരെയുള്ള പീഡനം തടയുന്നതിനുള്ള നിയമം, ബാലാവകാശ കമ്മീഷൻ തുടങ്ങിയവയൊക്കെ ഉണ്ടായിരുന്നിട്ടും കുഞ്ഞ് മരിച്ച അമ്മ ഒരു ജയിലിലും അവരുടെതന്നെ 7 വയസ്സുള്ള കുട്ടി മറ്റൊരു ജയിലിലും കഴിഞ്ഞ സംഭവം നടന്നത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അന്നത്തെ ആ സംഭവവും ഇപ്പോഴത്തെ സംഭവവും കൂട്ടി വായിക്കുമ്പോഴാണ് രാഷ്ട്രീയമായ കാര്യങ്ങൾ പുറത്തുവരുന്നത്. അത്തരത്തിലുള്ള അതിക്രമങ്ങൾ യു.ഡി.എഫ് ഭരണകാലത്ത് നടന്നു എന്നത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ആദിവാസികളുടെ പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനം ഭൂമി, വീട്, വിദ്യാഭ്യാസം എന്നിവ നിഷേധിക്കപ്പെട്ടു എന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടന്ന സംഭവങ്ങൾ വായിക്കുകയാണെങ്കിൽ ഏകദേശം എട്ട് പേജോളമുണ്ട്. സമയക്കുറവുമൂലം ഞാനത് വായിക്കുന്നില്ല. വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ചികിത്സ നിഷേധിക്കപ്പെട്ട ആദിവാസി യുവതി അനിത, യാത്രാമധ്യേ മൂന്ന് ഘട്ടങ്ങളിലായി മൂന്ന് കുഞ്ഞുങ്ങളെ പ്രസവിച്ചു, മൂന്ന് കുട്ടികളും മരണപ്പെട്ടു. ഇവിടെ ചികിത്സയെക്കുറിച്ചും അതിക്രമങ്ങളെക്കുറിച്ചും പറഞ്ഞുകൊണ്ട് ഞാൻ പറഞ്ഞതാണ്. അന്ന് പട്ടികവർഗ്ഗക്ഷേമംകൂടി കൈകാര്യം ചെയ്തിരുന്ന വകുപ്പുമന്ത്രിയുടെ അയൽവാസിയും ആ പ്രദേശത്ത് അവർക്കൊക്കെ അറിയാവുന്ന ഒരു കുടുംബത്തിൽപ്പെട്ട ആളുമായിരുന്നു ആ സ്ത്രീ. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാം ശരിയായി എന്ന് ഞാൻ പറയുന്നില്ല. പക്ഷെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നീതിനിഷേധിക്കപ്പെട്ട എത്രപേർ ഇപ്പോൾ ജയിലിൽ കിടക്കുന്നു, കാര്യക്ഷമമായ ഒരു സർക്കാരും അന്വേഷണവും മറ്റ് സംവിധാനവും ഇല്ലായിരുന്നുവെങ്കിൽ എന്തായിരുന്നു കഥ? യഥാർത്ഥത്തിൽ ഒരു ഗവൺമെന്റ് ഇവിടെയുണ്ട്. വരുന്ന കേസുകളുടെ മെറിറ്റ് നോക്കി സഖാവ് പിണറായി വിജയൻ ആഭ്യന്തര വകുപ്പ് നല്ല രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. അതിന്റെ ഭാഗമായി ഇത്തരം അതിക്രമങ്ങൾ തടയാൻ സാധിച്ചിട്ടുണ്ട്. അവർക്ക് ന്യായമായിട്ടുള്ള നീതി ലഭ്യമാക്കാൻ എടുത്ത നടപടികളെ നിഷേധിക്കാനാകുമോ? ഇവിടെ കുറേ കാര്യങ്ങൾ സൂചിപ്പിച്ചു. അത് വെറും പ്രചരണത്തിന് വേണമെങ്കിൽ ഉപയോഗിക്കാം. നമുക്കറിയാവുന്ന വസ്തുനിഷ്ഠമായ കാര്യങ്ങൾ, സത്യസന്ധമായി ഒരു പരാതി പോലീസ് സ്റ്റേഷനിൽ കൊടുത്താൽ അത് അന്വേഷിക്കും. ഞാറനീലിയിലെ സംഭവം ഇവിടെ പറഞ്ഞു. നമ്മളെല്ലാം ഒരുമിച്ച് പോയി കണ്ടതല്ലേ; അവിടെയുണ്ടായ സംഭവമെന്താണ്? എന്തെങ്കിലും രാഷ്ട്രീയ പ്രേരിതമായിട്ടോ മറ്റെന്തെങ്കിലും കൊണ്ടുള്ള സംഭവമാണോ; അങ്ങനെയുള്ള ഒരു സംഭവമേ അല്ലായിരുന്നു. അവിടെ കണക്കുകൾ പെരുപ്പിച്ച് പറഞ്ഞു. രണ്ട് പ്രദേശത്താകെ ആത്മഹത്യചെയ്തവരുടെ കണക്കാണ്. സർവ്വകക്ഷിയിൽപ്പെട്ട

ആളുകൾപോയി ഇങ്ങനെ ആത്മഹത്യകളുണ്ടാകുന്നത് നിരുത്സാഹപ്പെടുത്തേണ്ട താണെന്ന് പറഞ്ഞു. അങ്ങനെ നിരുത്സാഹപ്പെടുത്താനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമകരമായ കാര്യങ്ങൾ കൈകാര്യം ചെയ്യാനും സാധിക്കുന്ന തരത്തിൽ കാര്യങ്ങളിൽ ഇടപെടാൻ ഈ ഗവൺമെന്റും അതിന്റെ വകുപ്പുമന്ത്രിയും ശ്രമിക്കുന്നു. എല്ലാ മേഖലകളിലും, വിദ്യാഭ്യാസരംഗത്ത് 25 ശതമാനം സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബി. സത്യൻ... ഇനി ഒരു പ്രമേയംകൂടി ഉണ്ട്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. സത്യൻ: വിദ്യാഭ്യാസരംഗം, ആരോഗ്യരംഗം എന്നിങ്ങനെ എല്ലാ രംഗങ്ങളിലും അവർക്കുവേണ്ടി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ വളരെ ഫലപ്രദമായി ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ ആഗോളതലത്തിലും ദേശീയതലത്തിലും വന്നു കൊണ്ടിരിക്കുന്ന സംഭവഗതികൾ പലതും കേരളത്തിലടക്കമുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ ബാധിക്കുന്ന വിഷയമായി നിൽക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. അക്കാര്യം ഗൗരവത്തോടുകൂടി കാണേണ്ടതാണ്. പാർശ്വവൽക്കരിക്കപ്പെട്ടുവെന്ന് ഇവിടെ പറഞ്ഞു. പാർശ്വവൽക്കരിക്കപ്പെടാനിടയായ സാഹചര്യങ്ങൾ രൂപപ്പെട്ടുവന്നു. അതിനെതിരായ ചെറുത്തുനില്പാണ് വേണ്ടത്. അങ്ങനെയാണ് അവരെ സംരക്ഷിക്കേണ്ടത്. അതിന് കഴിയുന്നവിധത്തിൽ ദേശീയാടിസ്ഥാനത്തിൽ വരണം. ആർ.എസ്.എസ്.-ഉം സംഘ്പരിവാറും തയ്യാറാക്കികൊടുക്കുന്ന അജണ്ട നടപ്പിലാക്കപ്പെടുമ്പോൾ ഏറ്റവും ഭീകരമായ പ്രയാസം അനുഭവിക്കുന്നവർ ഈ വിഭാഗത്തിൽപ്പെട്ടവരാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് മിനിറ്റ് കൂടുതൽ എടുത്തു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. സത്യൻ: അതിന് ദേശീയാടിസ്ഥാനത്തിൽ കോൺഗ്രസ് യോജിച്ച് ഒരു പ്രക്ഷോഭത്തിന് തയ്യാറെടുക്കേണ്ടതാണ്. ശക്തമായിത്തന്നെ ഈ പ്രമേയത്തെ എതിർക്കുന്നു. ദേശീയാടിസ്ഥാനത്തിൽ ഉയർന്നുവന്ന വിഷയങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് യോജിച്ചൊരു പ്രക്ഷോഭത്തിന് തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി സി. കെ. ആശ: സർ, ഈ പ്രമേയത്തിലൂടെ രാഷ്ട്രീയം പറയുന്നതിനും ജനകീയ സർക്കാരിന്റെ മുഖച്ഛായ കുറയ്ക്കുന്നതിനുമാണ് പ്രമേയാവതാരകൻ ശ്രമിച്ചിരിക്കുന്നത്. അതിനാൽത്തന്നെ ഈ പ്രമേയത്തെ പൂർണ്ണമായും നിരാകരിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ മാത്രമല്ല, എവിടെയെല്ലാം അക്രമങ്ങളും പീഡനങ്ങളും നടന്നിട്ടുണ്ടോ അവിടെയെല്ലാം മാതൃകാപരവും നിയമപരവുമായ നടപടി സ്വീകരിക്കാൻ പിണറായി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ചരിത്രം മറക്കാനുള്ളതല്ല.

'ഓർമ്മകൾ ഉണ്ടാവണം' എന്ന് വെറുതെയല്ല മുമ്പുള്ളവർ പറഞ്ഞുപോയിട്ടുള്ളത്. ഇവിടെ ശ്രീ. ബി. സത്യൻ സൂചിപ്പിച്ചതുപോലെതന്നെ മുത്തങ്ങയിലെ വെടിവയ്പ്പ് നമ്മളാരും മറന്നിട്ടില്ല. അവിടെ ജോഗി മരിച്ചപ്പോൾ ആന്റണി സർക്കാരാണ് കേരളം ഭരിച്ചിരുന്നത്. എന്നാൽ ജോഗിയുടെ മകൾക്ക് ജോലി നൽകുന്നതിന് ഇവിടെ ഒരു ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരേണ്ടിവന്നു. അതു പോലെതന്നെ ദളിതരെക്കൊണ്ട് 'മലം തീറ്റിച്ച' ചരിത്രമൊന്നും ഞങ്ങൾ ഇടതുപക്ഷക്കാർ മറന്നിട്ടില്ല. ദളിത് സ്ത്രീയായ മേലുദ്യോഗസ്ഥ മറ്റൊരു സ്ഥലത്തേയ്ക്ക് ട്രാൻസ്ഫർ ആയപ്പോൾ ആ ഓഫീസ് ചാണകം തളിച്ച് ശുചീകരിച്ച ചരിത്രവും ഞങ്ങളാരും മറന്നിട്ടില്ല. അതുപോലെതന്നെ ദളിത് പീഡനങ്ങൾ നടക്കുന്ന ഗുജറാത്തിൽ പീഡനങ്ങൾക്കെതിരെ പ്രതികരിക്കേണ്ട കോൺഗ്രസിന്റെ പ്രതിപക്ഷ നേതാവ് ബി.ജെ.പി.-യിലേയ്ക്ക് പോയതും ഞങ്ങളാരും മറന്നിട്ടില്ല. സാൽവാ ജുദൂം എന്ന ഒരു ആർമിക്ക് ഈ രാജ്യത്ത് രൂപംനൽകിയത് ആരാണ്; ആദിവാസികൾ അവിടെ ഭക്ഷണത്തിനും വെള്ളത്തിനും താമസ സൗകര്യങ്ങൾക്കും ഉടുവസ്ത്രത്തിനുമായി സമരം ചെയ്യുമ്പോൾ അവർക്കെതിരെ സമരം ചെയ്യുന്നതിന് അവരിൽ നിന്നുതന്നെ ഒരു ആർമിയെ ഉണ്ടാക്കിക്കൊണ്ട് പ്രവർത്തിപ്പിച്ചത് കോൺഗ്രസ് എന്ന ഭരണ സംവിധാനത്തിലൂടെയാണ് എന്നുള്ളതും ഞങ്ങളാരും മറന്നിട്ടില്ല. ഇതെല്ലാം യാഥാർത്ഥ്യങ്ങളാണെന്ന് മനസ്സിലാക്കി ഈ പ്രമേയം കൊണ്ടുവന്ന എന്റെ സഹസാമാജികൻ അത് പിൻവലിക്കേണ്ടതാണ്. കേരളത്തിലെയും ഉത്തരേന്ത്യയിലെയും ഓരോ വിഷയങ്ങളും വിശകലനം ചെയ്താൽ ഇതൊക്കെ ബോധ്യപ്പെടുന്നതാണ്. നമ്മെ വേദനിപ്പിച്ച ദാരുണ മരണമാണ് മുരുകന്റേത്. അദ്ദേഹം ഏത് മതസ്ഥനെന്നോ ഏത് സംസ്ഥാനത്തുനിന്നുള്ള ആളെന്നോപോലും നോക്കാതെ ലോകരാഷ്ട്രങ്ങളിലെ ജനപ്രതിനിധികൾക്കെല്ലാം മാതൃകയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ജനാധിപത്യത്തിന്റെ ശ്രീകോവിലിനുള്ളിൽ മാപ്പ് പറഞ്ഞത് നമ്മളെല്ലാവരും കണ്ടതാണ്. മുരുകന്റെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കാൻ ഈ സർക്കാർ മുന്നോട്ടുവന്നു. എന്നാൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്നത് നമ്മളെല്ലാവരും കാണുന്നുണ്ട്. ജീവശ്വാസം ലഭിക്കാതെ പിഞ്ചിളംപൈതങ്ങൾ മരണത്തോട് മല്ലടിച്ച് അവരുടെ ശരീരത്തിൽനിന്ന് ജീവൻ വേർപെട്ടപ്പോൾ ആ മാതാപിതാക്കളെ ആശ്വസിപ്പിക്കുന്നതിനോ ആ കുഞ്ഞുങ്ങളുടെ മൃതശരീരം അവരുടെ വീടുകളിലേയ്ക്കെത്തിക്കുന്നതിനോ പശുവിന് ആധാറും ആംബുലൻസുമുള്ള ആ നാട്ടിൽ വാഹനസൗകര്യംപോലും ഏർപ്പെടുത്തുന്നതിനോ അവിടത്തെ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഡൽഹിയിൽനിന്ന് പുറ്റിങ്ങലിലേയ്ക്കുള്ള അകലം ഒരിക്കലും ഗൊരഖ്പൂറിലേയ്ക്കില്ല എന്നുള്ള കാര്യം നമ്മൾ മറന്നുകൂടാ. രോഹിത് വെമുലയുടെ ആത്മഹത്യ നമ്മൾ മറന്നിട്ടില്ല. ദളിത് വിദ്യാർത്ഥിയായിരുന്ന അദ്ദേഹം എന്തുകൊണ്ടാണ് ആത്മഹത്യ ചെയ്തതെന്ന്

അദ്ദേഹത്തിന്റെ ആത്മഹത്യാക്കുറിപ്പിൽത്തന്നെ എഴുതിയിട്ടുണ്ട്. ഈ കഴിഞ്ഞ ദിവസം വാട്സ് ആപിലൂടെയും സോഷ്യൽ മീഡിയയിലൂടെയും പ്രചരിച്ച ഒരു വീഡിയോ ഇവിടെ പരാമർശിക്കാതെ പോകുന്നത് ശരിയല്ല. നഗ്നരായ ദമ്പതികൾ, ഭർത്താവിന്റെ ചുമലിൽ ഭാര്യയെ പൂർണ്ണ നഗ്നയാക്കികൊണ്ട് അവരെ നാടുകടത്തുന്ന ഒരു ദൃശ്യം സോഷ്യൽ മീഡിയയിൽ കഴിഞ്ഞ ദിവസം പ്രചരിപ്പിച്ചു. ഇതെല്ലാം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാണ് നടക്കുന്നത്. പക്ഷെ കേരളത്തിലെ അവസ്ഥ ഇതൊന്നുമല്ല. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ദളിതർക്കും അർഹമായ പ്രാതിനിധ്യവും സാമൂഹികവും സാമ്പത്തികവുമായ കൂടുതൽ ആനുകൂല്യങ്ങളും നേടിത്തന്നത് ഇവിടെ കാലാകാലങ്ങളിൽവന്ന ഇടതുപക്ഷ സർക്കാരുകളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും ആണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കമ്മ്യൂണിസ്റ്റ് സാന്നിദ്ധ്യമില്ലാത്ത സംസ്ഥാനങ്ങളിൽ ദളിതർക്കെതിരെയുള്ള പീഡനങ്ങളും അതിക്രമങ്ങളും വർണ്ണവർഗ്ഗത്തിന്റെ ഒത്താശയോടെ വർദ്ധിച്ചുവരുമ്പോൾ പ്രതിഷേധിക്കാൻപോലും പ്രാപ്തിയില്ലാതെ ഒരു പ്രധാന പ്രതിപക്ഷം പോലുമാകാൻ കഴിയാതെ ലോകസഭയുടെ ഒരു മൂലയിലൊതുങ്ങിയിരുന്നത് താങ്കളുടെ പാർട്ടിയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് മിനിട്ട് അധികമായി. പ്ലീസ് കൺക്ലൂഡ്.

ശ്രീമതി സി. കെ. ആശ: ഈ രാജ്യത്ത് നടക്കുന്ന അരാചകത്വത്തിന് ഉത്തരവാദി ആരെന്ന് താങ്കൾ മറന്നുകൂടാ എന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ പ്രമേയത്തെ പൂർണ്ണമായും എതിർക്കുന്നു.

12.00 noon]

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചുവരികയാണ്, എന്നുപറയുന്ന അനൗദ്യോഗിക പ്രമേയത്തിന്മേലുള്ള പരാമർശംതന്നെ അടിസ്ഥാന രഹിതമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതൊക്കെ വർദ്ധിച്ചുവെന്ന് പറയുന്നതിന് യാതൊരു ന്യായീകരണവുമില്ല. കണക്കുകൾ പരിശോധിക്കുമ്പോൾ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കെതിരായ അക്രമങ്ങൾക്കെതിരെയുള്ള കേസ്സുകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കാര്യമായ ഒരു വർദ്ധനവും ഇവിടെയുണ്ടെന്ന് ആർക്കും പറയാൻ കഴിയില്ല. സാധാരണ റിപ്പോർട്ട് ചെയ്യുന്ന നിലയ്ക്കുള്ള ക്രൈം തോതാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കെതിരെ, പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്

ശക്തമായ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. 1959-ലെ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തിയത്. അന്തിമ റിപ്പോർട്ട് സമയബന്ധിതമായി കോടതിയിൽ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഫലപ്രദമായ അവലോകനവും സംവിധാനവും നിലവിലുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ നാല് ജില്ലകളിലാണ് എസ്.സി./എസ്.ടി. അതിക്രമങ്ങൾ തടയാൻ നിയമപ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികൾ നിലവിലുള്ളത്. കൂടുതൽ ജില്ലകളിലേയ്ക്ക് ഈ സംവിധാനം വ്യാപിപ്പിക്കാൻ സത്വര നടപടികൾ കൈക്കൊണ്ടുവരികയാണ്. ഇത്തരം കേസ്സുകളിൽ സമയബന്ധിതമായി കേസ് വിചാരണ പൂർത്തിയാക്കി കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്നത് മേലിൽ ഇത്തരം കുറ്റകൃത്യങ്ങൾ സമൂഹത്തിൽ ഉണ്ടാകുന്നത് തടയാൻ സഹായകരമാകുമെന്നാണ് ഈ സർക്കാർ കാണുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗം നടന്നുവരുന്നുണ്ട്. മൂന്നുമാസം കൂടുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റി യോഗവും നടക്കുന്നുണ്ട്. പ്രസ്തുത യോഗത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള പ്രതിനിധികളും എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുക്കുന്നുണ്ട്. ഇവിടെ ഉയർന്നുവരുന്ന പരാതികളും നിർദ്ദേശങ്ങളും സമഗ്രമായി പരിശോധിച്ച് ആവശ്യമായ നടപടികൾ തക്കസമയത്ത് സ്വീകരിച്ചുവരികയാണ്. എല്ലാ ജില്ലകളിലേയും പോലീസ് സംവിധാനം ഉപയോഗപ്പെടുത്തി ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സന്ദർശിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ്, ജില്ലാ താലൂക്ക് തലങ്ങളിലെ ലീഗൽ സർവ്വീസസ് അതോറിറ്റികൾ എന്നിവയും നിയമ ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇതുവഴി പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തെപ്പറ്റിയും, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗംകൊണ്ടുള്ള ദോഷവശങ്ങളെ സംബന്ധിച്ചുമുള്ള അവബോധം വേണ്ടതുപോലെ നടന്നുവരികയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അവരുടെ അവകാശങ്ങളെ സംബന്ധിച്ച് പൂർണ്ണമായ അവബോധം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി വിദ്യാഭ്യാസപരമായും സാമ്പത്തികമായും ശാക്തീകരണം ആവശ്യമാണ്. കോളനികളിലെ സ്ത്രീകൾക്കിടയിൽ കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ സംഘടിപ്പിച്ച് അവരെ ശാക്തീകരിക്കുന്നതിനുള്ള നടപടിയും തുടർന്നുവരികയാണ്. ഇവിടെ നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി

സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുന്നതിനും വകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രവർഗ്ഗ കമ്മീഷൻ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. കണ്ണൂരിലെ കുട്ടിമാക്കൂൽ സംഭവവും വാളയാറിലെ ദളിത് വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അന്വേഷിച്ച് പോലീസ് ഇതിനോടകം കുറ്റപത്രം സമർപ്പിച്ചുകഴിഞ്ഞു. കുറ്റമറ്റ രീതിയിൽ അന്വേഷണവും ഇക്കാര്യത്തിൽ നടന്നിട്ടുണ്ട്. വിനായകന്റെ ദൗർഭാഗ്യകരമായ മരണത്തെത്തുടർന്ന് ആരോപണ വിധേയരായ പോലീസുകാർക്കെതിരെ നടപടിയും സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽനിന്നും ഇതിനകം 4.12 ലക്ഷം രൂപ വിനായകന്റെ ആശ്രിതർക്ക് നിയമ സഹായമായി എത്തിച്ചിട്ടുണ്ട്. കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ പൂർണ്ണമായും സംരക്ഷിക്കുകയും അവരുടെ അവകാശങ്ങളെ ഉയർത്തിപ്പിടിക്കുകയും അവരുടെ സമഗ്ര വികസനത്തിനുള്ള പരിപാടികൾ നടപ്പാക്കുകയും ചെയ്യുന്ന കാര്യത്തിൽ എൽ.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരായ നിലപാടുകൾ കേരളം എക്കാലത്തും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. മറിച്ചുള്ള പ്രചരണങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഈ പ്രമേയം നിരാകരിക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എസ്. ശർമ്മ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. ശർമ്മ: സർ, ഇവിടെ അവതരിപ്പിച്ച പ്രമേയം നിരാകരിക്കുന്നുവെന്ന് ഗവൺമെന്റ് പറഞ്ഞ സാഹചര്യത്തിൽ ഞാൻ എന്റെ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത്, അങ്ങ് അവതരിപ്പിച്ച പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അൻവർ സാദത്ത് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ നോട്ടീസ് നൽകിയിട്ടുള്ള നാലാമത്തെ പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## (4) ജൈവ സമ്പത്ത് സംരക്ഷിക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, "അന്തരീക്ഷ ഊഷ്മാവ് $2^0$ C മുതൽ $6^0$ C വരെ പല സ്ഥലങ്ങളിലും വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽപോലും നമുക്ക് ജീവിക്കുവാൻ കഴിയാത്തവിധം അന്തരീക്ഷ ഊഷ്മാവിൽ വലിയ വ്യതിയാനം ഉണ്ടായിരിക്കുന്നു. ഓരോ വർഷവും പുതിയ കാർഷിക കലണ്ടറിന് രൂപം കൊടുക്കേണ്ട സാഹചര്യവും ഉണ്ടായിരിക്കുന്നു. നമ്മുടെ ജൈവവൈവിധ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇന്നു നാം അനുഭവിക്കുന്നതൊക്കെയും കഴിഞ്ഞ തലമുറ നമുക്കുവേണ്ടി കരുതി വച്ചിരുന്നതാണ്. വരുംതലമുറകൾക്കും പ്രകൃതിയുടെ അമൂല്യശേഖരം കൈമാറേണ്ടതുണ്ട്. ഓരോ വികസനവും ഉണ്ടാകുമ്പോൾ നമുക്ക് നഷ്ടമാകുന്നത് എന്ത് എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. വായു, ജലം, മണ്ണ് ഇതിന്റെ പ്രാധാന്യവും മൂല്യവും പുതുതലമുറയെ പഠിപ്പിക്കേണ്ടതുണ്ട്. പാഠ്യതലങ്ങൾക്കപ്പുറം പ്രായോഗിക തലങ്ങളിൽ പുതുതലമുറയെ അത് ബോധ്യപ്പെടുത്താൻ ഉതകുന്ന പ്രായോഗിക നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

അന്തരീക്ഷ ഊഷ്മാവ് $2^0$ C മുതൽ ഏതാണ്ട് $6^0$ C വരെ പല സ്ഥലങ്ങളിലും വ്യതിയാനം സംഭവിച്ചിട്ടുണ്ട്. കേരളത്തിന്റെ ഏത് കാലാവസ്ഥയിലും മലനാടാണെങ്കിലും ഇടനാടാണെങ്കിലും തീരദേശമാണെങ്കിലും അതത് പ്രദേശത്തെ ആളുകൾക്ക് ജീവിക്കാൻ കഴിയുന്ന മെച്ചപ്പെട്ട സാഹചര്യമാണ് ഈ പ്രദേശങ്ങളിലൊക്കെ ഉണ്ടായിരുന്നത്. അതുകൊണ്ടാണ് "ദൈവത്തിന്റെ സ്വന്തം നാട്" എന്ന് ഇവിടെ എത്തിയ സഞ്ചാരികൾ കേരളത്തെ വിശേഷിപ്പിച്ചത്. എന്നാൽ കേരളത്തിലെ ഇന്നത്തെ അവസ്ഥ പാടെ മാറിയിട്ടുണ്ട്. അന്തരീക്ഷ ഊഷ്മാവിൽ കടുത്ത വ്യതിയാനമുണ്ടായിരിക്കുന്നു. ആളുകൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നു. നമ്മുടെ ജൈവസമ്പത്തിൽ വലിയ കുറവുണ്ടാകുന്നു. ജൈവസമ്പത്തിലുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് നമുക്ക് ഊഹിക്കാൻ കഴിയുന്നതിനുമപ്പുറമാണ്. നമ്മുടെ ജൈവസമ്പത്ത് എന്നുപറയുന്നത് കോടിക്കണക്കിന് സസ്യങ്ങളും മറ്റ് സൂക്ഷ്മജീവികളുംകൊണ്ട് സമ്പന്നമാണ്. വെള്ളത്തിലായാലും കരയിലായാലും ഏത് അവസ്ഥയിലും ജീവിക്കാൻ കഴിയുന്ന മെച്ചപ്പെട്ട കാലാവസ്ഥയാണുള്ളത്. ദൈവത്തിന്റെ വരദാനമെന്ന് എല്ലാ കവികളും ആവർത്തിച്ച് കേരളത്തെ പരാമർശിക്കാറുണ്ട്. ഓരോ വർഷവും കാർഷിക കലണ്ടർ മാറ്റി പുതിയ കലണ്ടർ സ്ഥാപിക്കേണ്ട സാഹചര്യമുണ്ടാകുന്നു. ദശാബ്ദങ്ങൾ കൂടുമ്പോൾ മാത്രമാണ് കാർഷിക കലണ്ടർ മാറ്റേണ്ടത്. എന്നാൽ ഇപ്പോൾ സംഭവിക്കുന്നത് അങ്ങനെയല്ല. ഇന്ന് കാലാവസ്ഥാ നിരീക്ഷകരുടെ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയാണ് കലണ്ടർ ഇറക്കുന്നതെങ്കിലും കാലാവസ്ഥാ നിരീക്ഷണകേന്ദ്രം നമുക്ക് തരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ

പലതും നിർണ്ണയിക്കാൻ കഴിയുന്നില്ല. നമ്മുടെ ഊഹങ്ങളെയും നിഗമനങ്ങളെയും തെറ്റിച്ചുകൊണ്ടാണ് പലപ്പോഴും വ്യത്യസ്തങ്ങളായ, അപ്രതീക്ഷിതങ്ങളായ കാലാവസ്ഥ നമ്മളെ തേടിയെത്തുന്നത്. കർക്കിടക മാസത്തെ സംബന്ധിച്ച് നമ്മൾ സാധാരണ പറയാറുള്ളത് പത്ത് ഉണക്ക് ബാക്കി ഇരുപത് മഴ എന്ന നിലയിലാണെങ്കിൽ ഇപ്പോൾ പത്ത് മഴയും ഏതാണ്ട് ഇരുപത് ഉണക്കും എന്നുപറയുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മാറിമറിയുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞ തലമുറ നമുക്കുവേണ്ടി കരുതിവച്ച ജൈവസമ്പത്ത് കാത്തുസൂക്ഷിച്ച് പരിപാലിക്കുന്നതിൽ ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്ക് എവിടെയോ താളപ്പിഴ ഉണ്ടായിട്ടുണ്ടെന്നുള്ളതാണ് ഇതിൽനിന്നും അനുമാനിക്കേണ്ടത്. ലോക സാഹചര്യങ്ങൾകൂടി നമ്മൾ പരിഗണിക്കണം. ഒരുപക്ഷേ ലോകരാജ്യങ്ങളുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളുടെ ഭാഗമായും വികസനത്തിന്റെ പേരിലും നടത്തുന്ന പല പ്രവർത്തനങ്ങളും നമ്മുടെ കാലാവസ്ഥാ വ്യതിയാനത്തിന് ഒരു കാരണമാകാം. അതിനപ്പുറത്ത് കഴിഞ്ഞ തലമുറ നമുക്കുവേണ്ടി കരുതിവച്ച വായുവും വെള്ളവും മണ്ണും നശിപ്പിക്കുന്നതിൽ നമ്മൾ അറിഞ്ഞോ അറിയാതെയോ പങ്കാളികളാകുന്നുണ്ട്. പുതിയ തലമുറയെ ഇക്കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക എന്നുള്ളത് എത്രമാത്രം പ്രായോഗികതലത്തിൽ നടപ്പാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് സംശയമുണ്ട്. അതുകൊണ്ട് പുതിയ തലമുറയുടെ പാഠ്യപദ്ധതിയിൽ ഇത് ഉൾപ്പെടുത്തുകയും അവരുടെ ദിനചര്യയുടെ ഭാഗമാക്കി ഇതിനെ മാറ്റുകയും അവരിൽ മികച്ച അവബോധം ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ പ്രമേയത്തിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ഇത് വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമാക്കണം. അക്കാഡമിക് കലണ്ടറുമായി ബന്ധപ്പെട്ട് ഒട്ടനവധി നിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റേതായി എത്തുന്നുണ്ട്. സ്വാഭാവികമായി സ്കൂളുകളിൽ പരിസ്ഥിതി ക്ലബ്ബുകളുണ്ട്. പരിസ്ഥിതി ക്ലബ്ബുകളുമായി ബന്ധപ്പെട്ട മികച്ച പരിപാടികൾ, സെമിനാറുകൾ, ഡിബേറ്റുകൾ, ക്വിസ് പ്രോഗ്രാമുകൾ ഒക്കെ സ്കൂളുകളിൽത്തന്നെ നടത്തുന്നുണ്ട്. എന്നാൽപോലും പാഠ്യപദ്ധതിയുടെ ഭാഗമായി ഇതിനെ മാറ്റുന്നതിനും കുറച്ചുകൂടി ഗൗരവതരമായ അവബോധം കുഞ്ഞുങ്ങളിൽ സൃഷ്ടിക്കുന്നതിനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മികച്ച ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

നമ്മുടെ വാട്ടർ ലെവലിൽ വന്നിട്ടുള്ള വ്യതിയാനം, കഴിഞ്ഞ വേനൽക്കാലത്ത് 150 അടി താഴ്ചയിലേയ്ക്ക് പോകുന്ന ബോർവെല്ലുകൾ നിർമ്മിക്കാൻ പാടില്ലെന്ന് റവന്യൂ വകുപ്പ് ഒരു ഉത്തരവ് ഇറക്കേണ്ടിവന്ന സാഹചര്യമെന്ന് പറയുന്നത് ഗ്രൗണ്ട് വാട്ടർ ലെവലിൽ ഉണ്ടായിട്ടുള്ള വലിയ അന്തരമാണ്. വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ നാല് മീറ്റർ വരെ ഗ്രൗണ്ട് വാട്ടർ ലെവലിന് താഴെപ്പോകുന്ന സാഹചര്യം ഉണ്ടായി എന്നു പറയുന്നത് നമുക്കൊരിക്കലും ഹിതകരമായിട്ടുള്ള ഒരു സൂചികയെന്ന് പറയാൻ കഴിയില്ല. നമ്മൾ വളരെയധികം ജാഗ്രത കാണിക്കേണ്ടതുണ്ട്.

വെള്ളത്തിന്റെ കാര്യത്തിൽ ധാരാളിത്തം കാണിക്കുന്നവരാണ് മലയാളികൾ. നാല് നേരം കുളിക്കണമെന്ന് വാശിപിടിക്കുന്നത് വെള്ളത്തിന്റെ ലഭ്യത കൂടിയതുകൊണ്ടാണ്. വാട്ടർ ലെവലിനെ സംബന്ധിച്ച് പുതിയ തലമുറയെ ബോധവത്കരിക്കേണ്ടതുണ്ട്. വാട്ടർലെവൽ എന്താണെന്ന് അവരെ പഠിപ്പിക്കുകയും ബോധവത്കരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഇക്കാര്യങ്ങളെ സംബന്ധിച്ച മികച്ച അവബോധം കുട്ടികൾക്ക് അവരുടെ ചെറിയ ക്ലാസ്സുകളിൽത്തന്നെ ലഭിക്കേണ്ടതുണ്ട്. കഴിഞ്ഞ തലമുറ കരുതിവച്ചത് നമ്മൾ ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ നഷ്ടം പരിഹരിച്ച് പുതിയ തലമുറയെ ഏല്പിക്കുന്നതിനുള്ള ശ്രമമെന്ന നിലയിൽ വേണം ഈ ഇടപെടലിനെ കാണേണ്ടത്. വായുവും മണ്ണും ജലവുമില്ലാതെ ഒരു ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ നിലനിൽക്കാൻ കഴിയില്ല. നമ്മൾ എപ്പോഴും അന്വേഷണം നടത്തുന്നവരാണ്. ചൊവ്വയിലും ശനിയിലുമൊക്കെ. 2020-ൽ സൂര്യനിലേക്ക് സാറ്റലൈറ്റ് അയയ്ക്കാൻ നമ്മുടെ ശാസ്ത്രജ്ഞൻമാർ തയ്യാറെടുക്കുന്നത് അവിടെ ജലത്തിന്റെ സാന്നിധ്യമുണ്ടോ, ആ ഗ്രഹത്തിൽ ജീവജാലങ്ങളുണ്ടായിരുന്നോ എന്ന് പരീക്ഷിക്കാനാണ്. ഏത് സാറ്റലൈറ്റ് പരീക്ഷണത്തിലും പ്രധാനമായും ശാസ്ത്രസമൂഹം പരിശോധിക്കുന്നത് ഈ ഗ്രഹങ്ങളിലൊക്കെ വെള്ളവും വായുവും ജീവജാലങ്ങളുമുണ്ടോ, മനുഷ്യന് ജീവിക്കാൻ കഴിയുന്ന സാഹചര്യങ്ങളുണ്ടോ എന്നാണ്. കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഗ്രഹങ്ങളിൽവച്ച് ഭൂമിയിൽ മാത്രമാണ് മനുഷ്യനും ജീവജാലങ്ങൾക്കും ജീവിക്കാൻ കഴിയുന്ന അന്തരീക്ഷമുള്ളതെന്നതു കൊണ്ട് ഭൂമിയിൽ നിലനിൽക്കുന്ന വ്യവസ്ഥ വായുവിനും മണ്ണിനും ജലത്തിനും കോട്ടംവരാത്തവിധം സംരക്ഷിക്കുന്ന ഉത്തരവാദിത്വം ഒരു മെസേജായി അടുത്ത തലമുറയ്ക്ക് കൈമാറണം. സംസ്കാരം ഒരു ദിവസംകൊണ്ട് ഉണ്ടാക്കിയെടുക്കാൻ കഴിയുന്നതല്ല. എന്റെ സംസ്കാരം എന്റെ മാതാപിതാക്കളിൽനിന്ന്, എനിക്ക് മുമ്പ് ജീവിച്ച തലമുറയിൽ നിന്ന് പകർന്നു കിട്ടുന്നതാണെങ്കിൽ എന്റെ മക്കൾക്ക് അല്ലെങ്കിൽ എന്റെ തലമുറയ്ക്ക് കിട്ടേണ്ട സംസ്കാരം ഞാൻ പകർന്നു കൊടുക്കുന്നതാണ്. എനിക്ക് കിട്ടിയ സംസ്കാരത്തിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകളുണ്ടെങ്കിൽ, ജാഗ്രത കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന നമുക്കാണെന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് വായുവും മണ്ണും ജലവും ഭൂമിയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് അടുത്ത തലമുറയെ പഠിപ്പിക്കുന്നതിനുവേണ്ടി പാഠ്യ പദ്ധതിയുടെ ഭാഗമായിത്തന്നെ ഒരു മികച്ച സംസ്കാരം കൈമാറുന്നതിനുവേണ്ടിയുള്ള ജാഗ്രത നമുക്കുണ്ടാകേണ്ടതുണ്ട്. നമ്മൾ ഈ തലമുറയെ ജാഗ്രതയുള്ളവരായി മാറ്റിയെടുക്കുകയും ഒരു മികച്ച സംസ്കാരം

അവർക്ക് പകർന്നുകൊടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതോടൊപ്പം നമ്മൾ എടുക്കേണ്ട ചില ശക്തമായ നടപടികളും നിലപാടുകളുമുണ്ട്. സംസ്ഥാന ഗവൺമെന്റ് യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ വളർത്തുന്നത് നിരോധിക്കുന്ന അടിയന്തര നടപടിയിലേക്ക് പോയിട്ടുണ്ട്. പേപ്പറിന്റെ നിർമ്മാണത്തിനുവേണ്ടി നട്ടുപിടിപ്പിച്ച മരങ്ങൾ പിന്നീട് പ്രകൃതിക്കും മണ്ണിനും ജലത്തിനും ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കുന്നുവെന്ന് മനസ്സിലാക്കി ക്കൊണ്ട് അത് വെട്ടിമാറ്റുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. എന്നാൽ ലക്ഷക്കണക്കിന് ഇത്തരത്തിലുള്ള മരങ്ങൾ ഇപ്പോഴും വനവത്കരണത്തിന്റെ ഭാഗമായി വെട്ടിമാറ്റപ്പെടാതെ വനങ്ങളിൽ നിൽക്കുന്നതിനാലുള്ള പാരിസ്ഥിതിക അസന്തുലിതാവസ്ഥ ഗുരുതരമാണ്. അത് സംബന്ധിച്ച് അടിയന്തര പഠനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഈ കാലഘട്ടത്തിൽ ജീവിച്ചിരിക്കുന്ന നമ്മൾ അടിയന്തരമായി സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ച ശക്തമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. പുതിയ സംസ്കാരം പകർന്ന കൊടുക്കുമ്പോൾ തെറ്റുകൾ തിരുത്തി പോകുന്നതിനുള്ള ഇടപെടൽകൂടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് സ്വീകരിച്ച ഏറ്റവും മികച്ച നടപടികളിലൊന്നാണ് ഒരു കോടി മരം സംസ്ഥാനത്താകമാനം വിതരണം ചെയ്യുന്നതിനുള്ള തീരുമാനം. ബഡ്ജറ്റിന്റെ ഭാഗമായിത്തന്നെ അതിനാവശ്യമായ തുക വകയിരുത്തുകയും റവന്യൂ, വനം, വിദ്യാഭ്യാസം, കൃഷി എന്നീ വകുപ്പുകളുടെ കോ-ഓർഡിനേഷനോടുകൂടി മരങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ സ്വീകരിക്കുകയും ചെയ്തു. വച്ചുപിടിപ്പിച്ച മരങ്ങൾക്ക് എന്തു സംഭവിച്ചുവെന്ന ഫോളോ അപ് പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടാകണം. ലോക പരിസ്ഥിതി ദിനം ഒരു ദിവസം ആഘോഷിച്ചതുകൊണ്ട് മാത്രം ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയില്ല. നമ്മുടെ നാടിന്റെ മേന്മ നമുക്ക് സംരക്ഷിക്കേണ്ടതുണ്ട്. മണ്ണും വായുവും ജലവും സംരക്ഷിക്കുന്ന കാര്യത്തിൽ, ഒരു മികച്ച സംസ്കാരം സൃഷ്ടിക്കുന്ന കാര്യത്തിൽ, പുതിയ തലമുറയ്ക്ക് പകർന്ന കൊടുക്കുന്ന കാര്യത്തിൽ, പാഠ്യപദ്ധതിക്ക് വളരെ പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ഈ പ്രമേയം സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. അനൗദ്യോഗിക പ്രമേയം എന്ന നിലയിൽ കൊണ്ടുവരുമ്പോൾ ഗവൺമെന്റ് പലപ്പോഴും നിരാകരിക്കുന്നതാണ് ഇതുവരെയുള്ള അനുഭവം. ഈ പ്രമേയത്തിന്റെ കാര്യത്തിൽ വ്യത്യസ്തമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു മികച്ച ചർച്ച തുടങ്ങിവച്ചുകൊണ്ട്, പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാന്യയായ മെമ്പർ ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച ഏറെ കാലികവും സാമൂഹ്യജീവിതത്തിൽ നാം ചിന്തിക്കേണ്ടതുമായ ഈ പ്രമേയത്തെ ഞാൻ സന്തോഷപൂർവ്വം പിന്താങ്ങുകയാണ്. രാജഭരണകാലത്ത് പ്രകൃതിയെയും ജനങ്ങളെയും വിശ്വസിച്ചുകൊണ്ടുള്ള ഭരണ സംവിധാനമാണുണ്ടായിരുന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്വം എല്ലാം കവർന്നുകൊണ്ടു പോയപ്പോൾ കറുത്ത സ്വർണ്ണമെന്നറിയപ്പെടുന്ന കുരുമുളകും അതിന്റെ വള്ളിയും കൃഷി ചെയ്യാൻ അവർ കൊണ്ടുപോയി. അന്ന് കോഴിക്കോട് സാമൂതിരി പറഞ്ഞത് നമ്മുടെ തിരുവാതിര ഞാറ്റുവേല അവർക്ക് കൊണ്ടുപോകാൻ കഴിയില്ലല്ലോ എന്നാണ്. അതിനുമുമ്പ് അത്തരം അനുഭവങ്ങൾ സാമൂതിരിക്കില്ലാത്തതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. കാലാവസ്ഥയ്ക്ക് വ്യതിയാനം വരുന്ന സാഹചര്യം നമ്മുടെ നാട്ടിലുണ്ടായിരുന്നില്ല. അത് മാറിയ അവസ്ഥയാണ് പ്രമേയാവതാരക ഇവിടെ സൂചിപ്പിച്ചത്. നമ്മുടെ ജീവൻ നിലനിൽക്കുന്നതിന് പ്രാണവായുവിന്റെയും കാർബൺ ഡൈ ഓക്സൈഡിന്റെയും അനുപാതം വേണം. 23 ശതമാനം പ്രാണവായുവും 03 ശതമാനം കാർബൺ ഡൈ ഓക്സൈഡും സന്തുലിതമായ അവസ്ഥയിൽ വേണ്ടതാണ്. അതിലുള്ള മാറ്റമാണ് ലോകത്ത് കണ്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ മനുഷ്യരായാലും മൃഗങ്ങളായാലും പക്ഷികളായാലും എങ്ങനെ ജീവിക്കണ മെന്നതിന്റെ അടിസ്ഥാനത്തിലാണ് വീടുകളും കാർഷിക സമ്പ്രദായങ്ങളും നടപ്പാക്കേണ്ടത്. അതിൽ മാറ്റം വന്നു. ചെറിയ ഒരു ഉദാഹരണം പറയാം. ആർ.സി. ബിൽഡിംഗ് വന്നതോടുകൂടിയാണ് നാട്ടുമാവ് മുറിച്ചുമാറ്റി അതിന് ആവശ്യമായ പലകയുണ്ടാക്കിയത്. നാട്ടുമാവാണ് പല പുരയിടങ്ങളിലെയും ജൈവസമ്പത്തിനെ സംരക്ഷിച്ചിരുന്നത്. ധാരാളം മാങ്ങയും നമുക്ക് ലഭിച്ചിരുന്നു. ജലസ്രോതസ് സംരക്ഷിച്ചിരുന്നത് കൃഷിക്കാരായിരുന്നു. 2050 ആകുമ്പോൾ നമ്മുടെ ജനസംഖ്യ 900 കോടിയാകും. അവർക്കുവേണ്ട ജലവും മറ്റ് സൗകര്യങ്ങളും എവിടെനിന്ന് ലഭിക്കുമെന്നതാണ് പ്രശ്നം. ജലത്തിനുവേണ്ടി സംസ്ഥാനങ്ങൾ തമ്മിൽ തർക്കമുണ്ട്. ഒരു യുദ്ധം തന്നെ ജലത്തിനുവേണ്ടി ഉണ്ടാകുന്ന സാഹചര്യവരും. ജനകീയ അവബോധവും സംസ്കാരവും നമ്മുടെ തലമുറയെ പഠിപ്പിക്കാൻ ഈ പ്രശ്നമേറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകേണ്ടത് അത്യാവശ്യ മാണെന്ന് കണ്ടുകൊണ്ട് പ്രമേയം സർക്കാർ അംഗീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, വിരസമായ ഈ സഭാ അന്തരീക്ഷത്തിലല്ല, നാടും സഭയും വളരെ ഗൗരവത്തിൽ ചർച്ച ചെയ്യേണ്ട വിഷയമാണ് ബഹുമാന്യയായ മെമ്പർ ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയം. യഥാർത്ഥത്തിൽ നമ്മുടെ നാട്ടിൽ ഋതുക്കൾക്ക് വലിയമാറ്റം വന്നിട്ടുണ്ട്.

നാട്ടിൻപുറങ്ങളിൽ കാലാവസ്ഥയ്ക്കനുസൃതമായി രൂപപ്പെട്ടിട്ടുള്ള പഴമൊഴികളുണ്ട്. പഴമൊഴികൾക്ക് അനുസൃതമായല്ല കാര്യങ്ങൾ സംഭവിക്കുന്നത്. മഴ വരുമെന്ന് വിചാരിക്കുമ്പോൾ വെയിലായിരിക്കും വരിക. വെയിലുണ്ടാകേണ്ട സമയത്ത് മഴയാണ്. ആകെ വ്യത്യാസം വന്നു. ജനീവയിൽ നടന്ന അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനത്തിൽ പറഞ്ഞത്, ലോകത്തിൽ ഋതുക്കളുടെ മാറ്റത്തിൽ പ്രധാനപങ്ക് വഹിക്കുന്നത് കണ്ടൽ വനങ്ങളാണെന്നാണ്. ഞാൻ പലതവണ ഈ സഭയിൽ പറഞ്ഞ കാര്യമാണ്. കണ്ടൽ വനങ്ങൾ ബയോ ഡൈവേഴ്സിറ്റിയുള്ള പ്രദേശമാണ്. ലോകത്തിലെ പാരിസ്ഥിതിക ഭൂപടത്തിൽ കേരളവും ശ്രീലങ്കയുമാണ് കണ്ടൽ വനങ്ങളാൽ സമൃദ്ധമായ പ്രദേശം. കണ്ടൽ വനങ്ങൾ വേണ്ട വിധത്തിൽ പരിരക്ഷിക്കാനാവുന്ന സംവിധാനങ്ങൾ അടിയന്തരമായി കണ്ടെത്തേണ്ടതുണ്ട്. ബയോ ഡൈവേഴ്സിറ്റിയാണ് പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നത്. പ്രകൃത്യാ പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്നതാണ് കേരളത്തിന്റെ ഭൂപ്രകൃതി. മഴ പെയ്താൽ സ്വാഭാവികമായും വെള്ളം കടലിൽപോയി ചേരും. മഴയിലൂടെ നമുക്ക് ലഭിക്കുന്ന ജലത്തെ കൃത്യമായി സംഭരിക്കേണ്ടതുണ്ട്. വളരെ ഗൗരവത്തിൽ ചർച്ച ചെയ്യേണ്ട വിഷയമാണിത്. വിരസമായ സഭയിൽ ചർച്ച ചെയ്യേണ്ടതല്ലെന്ന് പറഞ്ഞുകൊണ്ട് പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച ഈ പ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുകയാണ്. പരിസ്ഥിതി പ്രശ്നങ്ങൾ നമ്മുടെ നാടിനെ വളരെ ഗൗരവമായി ബാധിച്ചിരിക്കുകയാണ്. ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം, അന്തരീക്ഷ മലിനീകരണം തുടങ്ങിയ കാരണങ്ങളാൽ കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കാൻ കഴിയില്ല. മുമ്പുണ്ടായിരുന്ന അവസ്ഥയല്ല ഇന്നുള്ളത്. ഇതിന്റെ ഫലമായി തുടർച്ചയായി മഴ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അന്തരീക്ഷ ഉഷ്മാവ് ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്നു. വനമേഖലയുടെ ശോഷണത്തിനും വന്യമൃഗശല്യം വർദ്ധിക്കുന്നതിനുമെല്ലാം ഇത് കാരണമാകുന്നു. ഇത് വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്.

സംസ്ഥാനത്ത് ഏറ്റവും കുറച്ച് മഴ ലഭിച്ച ജില്ലയാണ് വയനാട്. 40 ശതമാനത്തിൽ കുറവ് മഴ കിട്ടിയാൽ വരൾച്ചയുടെ ലക്ഷണങ്ങൾ ആരംഭിക്കുമെന്നാണ് ഭൗമ ശാസ്ത്രജ്ഞന്മാർ പറയുന്നത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി 59 ശതമാനത്തിൽ കുറവ് മഴയാണ് ഇവിടെ ലഭിക്കുന്നത്. മരുഭൂമിയായി മാറുന്ന ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നുവെന്നാണ് ഇതുമായി ബന്ധപ്പെട്ട് ഭൗമ ശാസ്ത്രജ്ഞന്മാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. മനുഷ്യജീവിതത്തിൽ മാത്രമല്ല, ആവാസവ്യവസ്ഥയിലും വലിയ മാറ്റങ്ങളുണ്ടാകുന്നതുകൊണ്ട് വന്യ മൃഗങ്ങൾ വനത്തിൽനിന്ന് വൻതോതിൽ നാട്ടിലേയ്ക്ക് ഇറങ്ങുകയും വലിയ പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യുകയാണ്.

'ഹരിത കേരളം' പോലുള്ള പദ്ധതികൾ വളരെ ഫലപ്രദമായ രീതിയിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. നാട്ടിലെ എല്ലാ ജന വിഭാഗങ്ങളെയും അണിനിരത്തി ഹരിതകേരളം വിജയിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അതുപോലെ കെട്ടിട നിർമ്മാണം, റോഡ് നിർമ്മാണം, കുന്ന് ഇടിക്കൽ, പാറഖനനം, വയൽ നികത്തൽ തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ നമുക്ക് കഴിയണം. എല്ലാവരെയും അണിനിരത്തിക്കൊണ്ട് ഇത്തരം കാര്യങ്ങളിൽ യോജിച്ച മുന്നേറ്റമുണ്ടാക്കാൻ എങ്ങനെ കഴിയുമെന്ന് ആലോചിക്കണം. നാംതന്നെ വരുത്തിവയ്ക്കുന്ന ഒട്ടേറെ വിനകളുണ്ട്. അത് ഒഴിവാക്കാനുള്ള പരിശ്രമമുണ്ടാകണം. പാഠ്യപദ്ധതിയുടെ ഭാഗമായി ഇത് മാറ്റാൻ നമുക്ക് കഴിയണം. പുതിയ തലമുറയെ പഠിപ്പിക്കണം. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായുള്ള ദിനചര്യയുണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയണം. നാട്ടിലെ മുഴുവൻ ജനവിഭാഗങ്ങളെയും അതിനുപിന്നിൽ അണിനിരത്താൻ നമുക്ക് കഴിയണം. ഗവൺമെന്റ് കുറേ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഈ വർഷത്തെ സ്വാതന്ത്ര്യദിനത്തിൽ മാലിന്യത്തിൽ നിന്നുള്ള മോചനമെന്ന പ്രഖ്യാപനമൊക്കെ നടത്തി; വീടുവീടാന്തരം കയറിയിറങ്ങി വലിയ കാമ്പെയിൻ നടത്തിക്കൊണ്ടിരിക്കുന്നത് നമുക്ക് കാണാൻ കഴിയും. അതുകൊണ്ടുമാത്രം ഈ വിഷയങ്ങൾ അവസാനിക്കില്ല. കാമ്പെയിനോടൊപ്പം പരിസ്ഥിതി സംരക്ഷണവും വരുംതലമുറയ്ക്ക് കൈമാറേണ്ടതാണെന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വരേണ്ടതുണ്ട്. അത് വളരെ പ്രധാനപ്പെട്ടതാണ്.

1854-ൽ റെഡ് ഇൻഡ്യൻസിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട മൂപ്പനെ വിളിച്ചുവരുത്തി ഭൂമിയൊക്കെ ഞങ്ങൾക്ക് വേണമെന്ന് അമേരിക്കൻ പ്രസിഡന്റ് പറഞ്ഞു. സുസ്മോകോഷ് എന്നാണ് ആ മൂപ്പന്റെ പേര്, അദ്ദേഹത്തിന് എഴുത്തും വായനയുമറിയില്ല. ഭൂമിയും വായുവും വെള്ളവുമൊക്കെ എങ്ങനെയാണ് വിൽക്കാൻ കഴിയുക, അത് എല്ലാവരുടേതുമല്ലേ എന്ന് വായ്മൊഴിയിലൂടെ അദ്ദേഹം പറഞ്ഞു. ഭൂമി ഞങ്ങളുടേതും ഞങ്ങൾ ഭൂമിയുടേതുമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ അടുത്ത മൊഴി. പിന്നീട് അദ്ദേഹം പറഞ്ഞത്, പന്നിക്കുട്ടികളും കരടിക്കുട്ടികളും മാൻകുട്ടികളും പുൽമേടുകളും പർവ്വതശിഖരങ്ങളും മനുഷ്യരും ഒരേ കുടുംബാംഗങ്ങളാണെന്നാണ്. ലോകത്തിലെ അവസാനത്തെ മരം മുറിച്ചുമാറ്റുമ്പോഴും ലോകത്തിലെ അവസാനത്തെ പുഴ വറ്റിവരളുമ്പോഴും ലോകത്തിലെ അവസാനത്തെ മത്സ്യം ചത്തുപൊങ്ങുമ്പോഴും അല്ലയോ പ്രസിഡന്റേ, നിങ്ങളുടെ കയ്യിൽ കുന്നുകൂട്ടിയ പണംകൊണ്ട് ഒരു കാര്യവുമുണ്ടാവില്ലെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുമെന്നാണ് അമേരിക്കൻ പ്രസിഡന്റിനോട് അദ്ദേഹം അവസാനം പറഞ്ഞത്. നിരക്ഷരനായ ആദിവാസി മൂപ്പൻ അന്നത്തെ ഏറ്റവും

സാക്ഷരനായ അമേരിക്കൻ പ്രസിഡന്റിനോട് പറഞ്ഞ വാചകങ്ങളാണിത്. അതൊക്കെ ഇപ്പോഴും വളരെ സാർത്ഥകമാണെന്ന് കാണാൻ കഴിയും. ഈ രീതിയിൽ മണ്ണും മനുഷ്യനുമായുള്ള ജൈവബന്ധം കാത്തുസൂക്ഷിക്കാൻ കഴിയുന്ന രീതിയിലേയ്ക്കുള്ള ഒരു പരിസ്ഥിതി അവബോധമാണ് നമുക്കുണ്ടാകേണ്ടത്. ഈ പ്രമേയം ഔദ്യോഗികമായി നമുക്ക് അംഗീകരിക്കേണ്ടതും നാട് നല്ലതുപോലെ ചർച്ച ചെയ്യേണ്ടതുമാണ്. നേരത്തെ ബഹുമാനപ്പെട്ട കെ. എം. ഷാജി പറഞ്ഞതുപോലെ കുറച്ചുകൂടി സമയമെടുത്ത് നല്ല രീതിയിലുള്ള ഒരു അന്തരീക്ഷത്തിൽ ചർച്ച ചെയ്യേണ്ടതായിരുന്നു. ഇതിനെ വൈദഗ്ദ്ധ്യമായി നേരിടുന്നതിനുവേണ്ടി ഒരു പരിസ്ഥിതി കമ്മീഷൻ രൂപീകരിക്കാൻ കഴിയുമോ എന്നുകൂടി ഗവൺമെന്റ് ആലോചിക്കണം. ഈ പ്രമേയത്തെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീമതി ഇ. എസ്. ബിജിമോളും ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ച കേരളം നേരിടുന്ന കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള വിഷയങ്ങളും അതീവ ഗൗരവതരമായ അവസ്ഥയും സംബന്ധിച്ച് പൊതുവിൽ നമുക്ക് ബോദ്ധ്യമുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ചില നടപടികളുമായി മുന്നോട്ടുപോകുകയാണ്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന ആഘാതങ്ങൾ ഏറെ നേരിടേണ്ടിവരുന്ന ഒരു സംസ്ഥാനമാണ് കേരളം. കഴിഞ്ഞ കുറേ വർഷങ്ങളായി അനുഭവപ്പെടുന്ന മഴക്കുറവും ഏറിവരുന്ന താപനവും ആശങ്കയുണർത്തുന്നതാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്തെപ്പറ്റി പഠിക്കുന്നതിനും ഗവേഷണങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടിയാണ് കേരള സർക്കാർ കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം ആരംഭിച്ചത്. Climate Change Knowledge Cell ഇവിടെ നടപ്പാക്കിവരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ആഘാതങ്ങൾ കുറയ്ക്കുന്നതിനുകൂടി ഉപകരിക്കുന്ന ബൃഹത് പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചുനടപ്പാക്കുന്ന 'ഹരിത കേരളം മിഷൻ'. കാലാവസ്ഥാ വ്യതിയാനംമൂലം ജൈവ വൈവിധ്യത്തിൽ മാറ്റംവരുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിനും ജൈവ വൈവിധ്യം നിലനിർത്തേണ്ടതുണ്ട്. ശുദ്ധവായു, ശുദ്ധജലം, വിഷരഹിത ഭക്ഷണം എന്നിവ വരുംതലമുറയ്ക്ക് ഉറപ്പുവരുത്തേണ്ടതുമുണ്ട്. സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പ്രായോഗികമായി നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പാരിസ്ഥിതിക അവബോധം വളർത്തുന്നതിനായി 324 ഭൂമിത്രസേനാ ക്ലബ്ബുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ചിന്നാർ വന്യജീവി സങ്കേതത്തിൽ കാലാവസ്ഥാ

വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തദ്ദേശവാസികളുടെ ജീവനോപാധി മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഒരു പ്രോജക്ട് നടപ്പിലാക്കി വരുന്നു. ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 1336 ജൈവ വൈവിധ്യ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. മനുഷ്യനിർമ്മിത വന ജൈവ വൈവിധ്യ പദ്ധതിയായ ശാന്തിസ്ഥൽ വഴി അപൂർവ്വ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്ന ഒരു ജൈവകേന്ദ്രവും നടപ്പിലാക്കിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ 2017-ലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നടത്തിയ ഒരു കോടി വൃക്ഷത്തൈകൾ നടൽ പദ്ധതി ലോകശ്രദ്ധ ആകർഷിച്ചുകഴിഞ്ഞു. പശ്ചിമഘട്ട നിരകളിലെ പാലക്കാടൻ ഗ്യാപിൽ വരുന്ന 17 പഞ്ചായത്തുകളിലും വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നേരിടാൻ ആവശ്യമായ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കിവരുന്നുവെന്നതാണ് ഈ കാര്യങ്ങളിൽ നിന്നെല്ലാം ചൂണ്ടിക്കാണിക്കാനുള്ളത്. ഈ സാഹചര്യത്തിൽ ഈ പ്രമേയത്തിനുള്ള അവതരണാനുമതിയെ അനുകൂലിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോൾ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോൾ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.27-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.